KOTTAYAM PUBLIC LIBRARY

Call No.............. Acc. No..........

Author..........................

Title..........................

876

കേരളത്തിലെ

# ലത്തീൻ ക്രിസ്ത്യാനികൾ

19572.

ഇൻഡ്യൻ ഹയറാർക്കി

സുവർണ്ണജൂബിലിസ്മാരകം.

KOTTAYAM PUBLIC LIBRARY
KOTTAYAM

ഗ്രന്ഥകർത്താ:

ബ്രദർ ലിയോപ്പോൾഡ് ടി. ഒ. സി. ഡി.

മഞ്ഞുമ്മേൽ

ചെറുപുഷ്പമുദ്രാലയം

1938

(പകർപ്പവകാശം സ്വായത്തം)

# THE LATIN CHRISTIANS OF MALABAR

*A Souvenir of the Golden Jubilee of the establishment of the Indian Hierarchy.*

By

THE REV. BRO. LEOPOLD T. O. C. D.

THE LITTLE FLOWER PRESS,
MANJUMMEL.
1938

(All Rights Reserved)

Nihil Obstat

P. Peter Vadachery
Censor.

M270

Imprimi potest

FR. ALEX. LENTHAPARAMBIL
Vic. Gen.

Ernakulam.
6—8—1937

## Foreword.

Bro. Leopold's most interesting volume on the Latin Christians fills an important gap in the history of indigenous Christian Churches in Malabar. Unfortunate schisms, social differences and sectarian controversies had for long stood in the way of a proper appreciation of the continuity and historical importance of the ancient Christian Church in Malabar. Even today, comparatively speaking, the literature of the subject is by no means exhaustive. So far as my information goes, the first volume to appear in English on this subject was by Michael Geddes whose treatise entitled "The history of the Church in Malabar," published in London in 1694, was based primarily on Portuuuese records. With the growth of British influence on the West Coast, the subject began to attract much attention but it could not be claimed that the history of the Church received impartial or unbiassed treatment at the hands of the sectarian writers of an earlier generation. The Catholic Church especially was the subject of much misrepresentation from these writers who were mainly of different Protestant persuasions, and it was only when the opinion of these writers gained wide currency that Indian Catholic scholars began to devote their attention to the subject. The most notable contribution to the history of the Catholic Church has been Fr. Bernard's 'History of St. Thomas Christians' in Malayalam, a book which showed remarkable historical acumen and much scholarship, though written in a

controversial spirit. Fr. Bernard's book may be said to have rehabilitated the Catholic point of view in Malabar Church history. The same spirit of historical research in social and ecclesiastical history animates Bro. Leopold's 'History of Latin Christians.' Bro. Leopold writes with clarity and commendable moderation. He makes his points well, and though in a subject of this nature it is impossible to exorcise totally the spirit of partisanship, Bro. Leopold has eminently succeeded in keeping himself well within the limits of fair argument.

As a non-Christian it is not for me to say anything about the merits of our author's views on ecclesiastical history. But one point I may be permitted to emphasise. The Latin Church in Malabar is as much indigenous and of the soil as any other form of worship prevalent on the West Coast. It is a Church with a noble and uninterrupted tradition, and has claims for wider recognition from all not only because it has held fast to the rites of the Holy Catholic Church but also because of its close and intimate association with that great and saintly personality, Francis Xavier...

As a non-Christian, especially as a Hindu, I would say one thing more. Christianity in Malabar is no more a foreign religion than Hinduism itself. Before Sankara preached, the Christian Churches had begun to flourish in Malabar, and all of us in Malabar, whatever our religious faith, can legitimately claim to share in the spiritual heritage of this great Church. As one from Malabar I take great

pride in the achievements of the Christian Churches as in the achievements of the Hindu community, and it is our misfortune that we know so little of the spiritual life of each other.

**K. M. PANIKKAR,** *(Major Sardar)*
*M. A. (Oxon.), Bar-at-Law,*
Member of the Privy Council, Patiala State.

Patiala,
29-3-28.

ide as the achievements of the Christian Churches, as in
achievements of the Hindu community, and it is our
fortune that we know so little of the [illegible] life of
h other.

M. M. PANIKKAR, (Mohor Sardar)

M. A. (Oxon.), Barrot-Law,

Member of the [illegible] Council, Patiala State.



H. H. Pope Leo XIII.
(Founder of the Ecclesiastical Hierarchy of India.)

# അവതാരിക

കത്തോലിക്കസഭയിൽ ഇന്നു ലത്തീൻ റീത്തിന് അന്യാദൃശമായ പ്രാധാന്യമുണ്ടെന്നു ആരാണു സമ്മതിക്കാത്തത്? അതിരൂപതകളും രൂപതകളുമായി കേരളത്തിലുള്ള പതിമ്മൂന്ന് വൈദികാധികാരകേന്ദ്രങ്ങളിൽ ഏഴും ലത്തീൻ കത്തോലിക്കരുടെയാണെന്നു ഗ്രഹിക്കുമ്പോൾ അവർക്കു ഈ രാജ്യത്തും വളരെ പ്രാബല്യമുണ്ടെന്നു ബോദ്ധ്യമാകാതിരിക്കയില്ല. പശ്ചിമതീരത്തിലെ മുഖ്യനഗരങ്ങളിലും അവയുടെ പരിസരങ്ങളിലും നിവസിക്കുന്ന കത്തോലിക്കരിൽ ഭൂരിഭാഗവും ലത്തീൻ റീത്തുകാരാകുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, എറണാകുളം, കോഴിക്കോട് തലശ്ശേരി, കണ്ണൂർ മുതലായ പട്ടണങ്ങളിലെ സ്ഥിതിവിവരണം നോക്കിയാൽ ഈ സംഗതി വെളിവാകും.

കേരളത്തിലെ ലത്തീൻ കത്തോലിക്ക് ജനമണ്ഡലത്തിന് പ്രശസ്തമായ ഒരു ഭൂതകാലം ഉണ്ടായിരുന്നതിനാൽ അഭിമാനാവഹമായ ഒരു ചരിത്രവും അഭിനന്ദനീയമായ ഒരു പാരമ്പര്യവും അവർക്കുണ്ട്. എന്നാൽ സത്യവിരുദ്ധമായ പല പ്രസ്താവങ്ങളും വാദപ്രതിവാദങ്ങളും ചിലപ്പോൾ മുഖം കാണിക്കയുണ്ടായെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. ഇതിനുള്ള കാരണങ്ങൾ വിവിധങ്ങളാകുന്നു. കത്തോലിക്കവേദത്തിനു പ്രതികൂലികളായിരുന്ന ആളുകളുടെ കൈയിൽ രാഷ്ട്രീയാധികാരം വിശ്രമിക്കുവാൻ തുടങ്ങിയപ്പോൾ മതസ്ഥാപനങ്ങൾക്കു ഗ്ലാനി സംഭവിച്ചു. വൈദികപ്രധാനന്മാരുടെ പ്രേരണാശക്തി സമുദായത്തിൽ സാർവ്വത്രികമായി വ്യാപിക്കാതായി. അവർക്കു ജനജീവിതത്തെ നയിക്കുവാനും നിയന്ത്രി

ക്കുവാനും സാദ്ധ്യമല്ലാതായിത്തീരുകയും ചെയ്തു. എന്തിനധികം പറയുന്നു, ദീർഘകാലം നീണ്ടുനിന്ന ഒരു "നാഥനില്ലായ്മ"കൊണ്ടും അഭിമുഖീകരിക്കേണ്ടിവന്ന വിഷമതകൾ നിമിത്തവും ലത്തീൻ കത്തോലിക്ക ജനവിഭാഗത്തിന്റെ നിരതിശയമായ പൂർവ്വകാലമഹിമ തിരോഭൂതമായിപ്പോയി എന്നു പ്രസ്താവിച്ചാൽ മതിയല്ലൊ?

ക്രിസ്താബ്ദം പതിമ്മൂന്നും പതിനാലും ശതകങ്ങളിൽ കേരളത്തിൽ ലത്തീൻപള്ളികളും ലത്തീൻ ക്രൂപതയും ഉണ്ടായിരുന്നെന്നു സ്ഥാപിക്കുവാൻ വിശ്വസനീയങ്ങളായ രേഖകൾ ഉണ്ട്. എങ്കിലും പതിനാറാം നൂററാണ്ടിൽ പൊത്തുഗീസുകാരുടെ ആഗമനത്തോടുകൂടിയാണു ലത്തീൻ റീത്തിനു ഇവിടെ പ്രതിഷ്ഠയും പ്രചാരവും സിദ്ധിച്ചതു. അക്കാലത്തു, പെരുമാക്കന്മാരിൽനിന്നു സ്വതന്ത്രാവസ്ഥ പ്രാപിച്ചിരുന്ന പ്രധാനന്മാരായിരുന്ന ക്രൈസ്തവരിൽ ഒരു ഭാഗം, പൊത്തുഗീസുകാരോടു ചേരുകയും ലത്തീൻറീത്തു സ്വീകരിക്കുകയും ചെയ്തു. സൈനികോദ്യോഗവും സ്ഥാനമാനങ്ങളും നൽകി പൊത്തുഗീസുകാർ അവരെ ബഹുമാനിച്ചതിനാലും അവരുടെ പൂർവ്വനില പാലിച്ചതിനാലും, ഹൈന്ദവസമുദായത്തിൽനിന്നു നിലയും വിലയും ഉള്ള പലരും ജ്ഞാനസ്നാനം സ്വീകരിച്ചു അവരിൽ ലയിച്ചതിനാലും, ലത്തീൻസമുദായത്തിനു വളരെ പ്രാബല്യമുണ്ടായതു സംഭാവ്യമായ ഒരു ചരിത്രസത്യം മാത്രമാകുന്നു. ഇന്നത്തെ ലത്തീൻകത്തോലിക്കർ ആ മഹനീയമായ പാരമ്പര്യത്തിന്റെ പ്രാതിനിദ്ധ്യം ആണ് വഹിക്കുന്നതെന്നു അവരും അന്യന്മാരും സ്മരിക്കേണ്ടതാണ്. കാലചക്രത്തിന്റെ സതതഭ്രമണത്താൽ ചരിത്രം എങ്ങനെ തേഞ്ഞുമാഞ്ഞു പോകുന്നു!

ബാഹ്യവും ആന്തരികവുമായ കാരണങ്ങളാൽ ലത്തീൻ ജനതയുടെ ശക്തിക്കു ഇടിവു തട്ടിയപ്പോൾ പല അവാസ്തവ കഥകളും ചരിത്രസത്യത്തെ മറച്ചു പടന്നു

പിടിച്ചുതുടങ്ങി. പ്രതിഷേധങ്ങൾക്കും വാസ്തവ വിവരണങ്ങൾക്കും ആ പടർപ്പുകളുടെ വളർച്ചയെ തടയുവാൻ സാധിച്ചില്ലാ. ഇതാ വീണ്ടും സത്യത്തിൻെറ ശാഖകൾ പ്രത്യക്ഷമായിത്തുടങ്ങിയിരിക്കുന്നു എന്നു മാത്രമാണു 'കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ' എന്ന ഈ ഗ്രന്ഥത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു എനിക്കു ആഹ്ളാദപൂർവ്വം പറയുവാനുള്ളത്. ഈ പുസ്തകത്തെ അവതരിപ്പിക്കുവാൻ എനിക്കുള്ള അർഹത ഞാനും ലത്തീൻ സമുദായത്തിലെ ഒരംഗമാണെന്നുള്ള അഭിമാനവും, സത്യപ്രകാശനത്തിൽ എനിക്കുള്ള അഭിനിവേശവും ആകുന്നു.

ഏതാണ്ട് അറുപത് എഴുപത് വത്സരം മുമ്പുവരെ കേരളത്തിലെ കത്തോലിക്കാസാഹിത്യം ശൈശവദശയിൽ അനാഥ സ്ഥിതിയിൽ, നിസ്സഹായയായി കിടക്കുകയായിരുന്നല്ലൊ. ആ ഘട്ടത്തിൽ അതിനെ കൈകൊടുത്തു ഉയർത്തുവാനും പരിപോഷിപ്പിച്ചു വളർത്തുവാനുമായി ധൈര്യപൂർവ്വം മുന്നിട്ടിറങ്ങുകയും കേരളീയകത്തോലിക്കരിൽ ഇദംപ്രഥമമായി മുറപ്രകാരം പത്രപ്രവർത്തനം ആരംഭിക്കുകയുംചെയ്തതു മഞ്ഞുമ്മേലാശ്രമത്തിലെ വന്ദ്യവൈദികന്മാരാണ്. മതഗ്രന്ഥങ്ങളുടെ ദാരിദ്ര്യത്താൽ വിവശയും ലജ്ജാഭരിതയുമായിരുന്ന കത്തോലിക്ക്കൈരളിക്ക് 'വേദപ്രസംഗസരണി' 'ഞായറാഴ്ചപ്രസംഗം' 'പഴയനിയമചരിത്രം' 'വ്യാകുലപ്രസംഗം' 'ദ്വാദശകുസുമം' 'സുവിശേഷം അപ്പോസ്തല നടപടി മുതലായവയുടെ പരിഭാഷ' എന്നിവ തുടങ്ങിയുള്ള പലേ സൽഗ്രന്ഥങ്ങൾ പ്രദാനംചെയ്തിട്ടുള്ളതും ഇവരാണ്. ഈ വന്ദ്യ സന്ന്യാസികൾതന്നെ ചരിത്രപരമായ ഈ പുസ്തകത്തിന്നും ഹേതുഭൂതരാണെന്നു കാണുന്നതു ചാരിതാർത്ഥ്യജനകംതന്നെ.

ഇവർ ശേഖരിച്ചിരുന്ന രേഖകൾ ചേർത്തും, ഇവരുടെ നിർദ്ദേശമനുസരിച്ചു പര്യന്വേഷണം നടത്തിയും ര

ചിച്ചിട്ടുള്ള ഈ ചരിത്രഗ്രന്ഥത്തിൻെറ കൎത്താവും പ്രസ്തുത ആശ്രമാംഗംതന്നെയാണ്. മാത്രമല്ല, ഇദ്ദേഹം 'അനന്തനിക്ഷേപം' 'അമ്മയുടെ സമ്മാനം' 'മക്കളുടെ ഭാവിജീവിതം' മുതലായ അനേക വിശിഷ്ടകൃതികൾമൂലം കേരളീയകത്തോലിക്കർക്കു സുപരിചിതനായിത്തീർന്നിട്ടുള്ള ഒരാളുമാകുന്നു.

റവ. ബ്രദർ ലെയോപ്പോൾഡിൻെറ ഈ പരിശ്രമത്തിൻെറ ഫലം കേരളത്തിലെ ലത്തീൻകത്തോലിക്കരുടെ മാത്രമല്ലാ, എല്ലാ, ചരിത്രാന്വേഷികളുടെയും സമുദായാഭിമാനികളുടെയും കൃതജ്ഞതയ്ക്കു പാത്രമായിത്തീർന്നിട്ടുണ്ടെന്നാണ് എൻെറ വിനീതമായ അഭിപ്രായം. ഒരു പ്രസിദ്ധ ചരിത്രപണ്ഡിതനും മഹാശയനുമായ സർദാർ കെ. എം. പണിക്കർ പറഞ്ഞിരിക്കുന്നതുപോലെ, ഈ ചരിത്രകാരൻ, തെളിവുകളുടെ അതിർത്തിയിൽനിന്നുകൊണ്ട് ഇതരന്മാർക്കു സമ്മതമാകത്തക്കവിധം, കേരളീയകത്തോലിക്കരുടെ ചരിത്രത്തിൽ ഉണ്ടായിരുന്ന വിടവു നികഴ്ത്തുകയാണ് ചെയ്തിരിക്കുന്നതു്.

കേരളീയകത്തോലിക്കരുടെ ഇടയിൽ നടന്നിരുന്ന വാദപ്രതിവാദങ്ങൾ അവസാനിക്കയും അവരിൽ ഐക്യവും സഹകരണവും ദൃഢപ്പെട്ടുകയും ചെയ്യുക എന്നിതാണല്ലൊ ഈ ഗ്രന്ഥത്തിൻെറ ഒരു പ്രധാനോദ്ദേശ്യം. ഈ സമുദായാഭ്യുദയ കാംക്ഷയേയും അതിനുവേണ്ടി ചെയ്തിട്ടുള്ള പരിശ്രമത്തേയും ഞാൻ അഭിനന്ദിക്കയും, അതു സാധിച്ചുകാണ്മാൻ അനുഗ്രഹിക്കുന്നതിന്നു ഹൃദയപൂർവ്വം ദൈവത്തെ പ്രാൎത്ഥിക്കയും ചെയ്തുകൊണ്ടു് 'കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ' എന്ന ഈ ഗ്രന്ഥത്തെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

മഹാരാജാസ് കോളേജ്
എറണാകുളം,
1938 ജൂലായി 20-ാംനു-

ജി. എഫ്. പാപ്പാളി,
എം. എ., പി. എച്ച്. ഡി. (ലണ്ടൻ.)

# മുഖവുര

കേരളത്തിലെ ലത്തീൻകത്തോലിക്കർക്കുണ്ടായിരുന്ന പ്രാബല്യവും ഉയർന്ന നിലയുംനിമിത്തം അവരുടെ സമുദായത്തിൻെറ ഉത്ഭവത്തേപ്പററി ഒരിക്കലും സംശയത്തിന്നിടവരികയില്ലെന്നാണു വിചാരിച്ചിരുന്നതു. ചരിത്രങ്ങൾ സൂക്ഷിക്കുക എന്ന പതിവു കേരളീയരിൽ ഉണ്ടായിരുന്നില്ലല്ലൊ. ലത്തീൻകത്തോലിക്കരെപ്പററി തെററുധരിക്കാനും അവരുടെ യഥാർത്ഥസ്ഥിതി മറയപ്പെട്ടുവാനുംതക്ക സാഹചര്യങ്ങളും സംഭവങ്ങളും ഉണ്ടായിട്ടുമുണ്ടു. ഇതിനാൽ പിൽക്കാലങ്ങളിൽ ഇവരേപ്പററി ഓരോ അഭ്യൂഹങ്ങളും അബദ്ധധാരണകളും ആവിർഭവിക്കാൻ തുടങ്ങി.

ഇങ്ങനെയുള്ളവ അറിവായപ്പോൾ ഈ ക്രൈസ്തവർ ഒന്നുചേർന്നു തങ്ങളുടെ യഥാൎത്ഥസ്ഥിതി വെളിവാക്കാതിരുന്നില്ല. എങ്കിലും കുറേക്കഴിഞ്ഞു അതേതരത്തിലുള്ളവതന്നെ വീണ്ടും വീണ്ടും പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നപ്പോൾ ചിലരെല്ലാം പ്രതിഷേധം നടത്തിയെങ്കിലും പൊതുവിൽ അത്ര വകവെച്ചിരുന്നില്ല. ചരിത്രകുതുകികൾ യഥാൎത്ഥചരിത്രം വെളിയിലാക്കുമ്പോൾ സംശയം തീർന്നുകൊള്ളട്ടെ എന്നു വച്ചു പലരും മൗനം ദീക്ഷിച്ചു. അഭ്യൂഹങ്ങൾക്കും അവാസ്തവ പ്രസ്താവനകൾക്കും പ്രാബല്യം കൂടിവരുക എന്നതാണു ഇതുകൊണ്ടുണ്ടായഫലം. അത്രയുമല്ലാ കേരളത്തിലെ കത്തോലിക്കർതമ്മിലുള്ള ഐക്യം അല്പാല്പമായി ശിഥിലീഭവിച്ചുംവന്നു. സ്ഥിതിഗതികൾ ഇങ്ങനെയായെന്നു കണ്ടപ്പോൾ ലത്തീൻകത്തോലിക്കരിൽ വൈദികരും അയ്മേനികളുമായ ചിലർ ചരിത്രാന്വേഷണത്തിന്നൊരുമ്പെട്ടു. ഇങ്ങനെ ശ്രമിച്ചവരിൽ, കൊച്ചീരൂപതയിൽ എടക്കൊച്ചി ഡിസ്റ്റ്റിക്റ്റിൻെറ വികാരിഫൊറോനായിരുന്ന വെറി റവ. ഫാദർ അൻറണി പാദു

വാ (ചെട്ടിവേലിക്കകത്തു അന്തോനി പ്പാദ്രി,) കേരളീയകത്തോലിക്കരിൽ ഒന്നാമത്തെ പത്രപ്രവൎത്തകനും ഇന്നത്തെ 'സത്യനാദം' 'തിരുഹൃദയദൂതൻ' എന്നീ പത്രമാസികകളുടെ ജനയിതാവും അക്കാലങ്ങളിലെ കത്തോലിക്കസാഹിത്യകാരന്മാരിൽ അഗ്രഗണ്യനുമായിരുന്ന (പരേതനായ) റവ. ഫാദർ ലൂയീസ്, അദ്ദേഹത്തിൻെറ സഹപ്രവൎത്തകനായിരുന്ന റവ. ഫാദർ മൈക്കൾ എന്നീ വൈദികരുടേയും, അയ്മേനികളിൽവച്ചു ഇന്നു് ജീവിച്ചിരിക്കുന്നവരിൽ, കഴിഞ്ഞ ഡിസമ്പറിൽ പ്രസിദ്ധീകരിച്ച "കേരളത്തിലെ ലത്തീൻ സിറിയൻ ഹയറാക്കിയുടെ ചരിത്രം," എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിൻെറ കൎത്താവു (കൊച്ചി. റിട്ടയെർഡ് ഡി. എസ്. പി.) മി. വി. എ. പന്മ്പാൾ, പലേ ഗ്രന്ഥങ്ങളുടെയും കൎത്താവായ മി. എൽ. എം. പൈലി എം. എ., ബി. എൽ., സെൻറാൽബർട്ടു ഹൈസ്കൂളിലെ ഒരു ടീച്ചറായിരുന്ന മി. വി. വി. ജോസെഫ് എന്നിവരുടെയും പേരുകൾ പ്രസ്താവാർഹങ്ങളാണ്.

അന്തോനിപ്പാദ്രി, റവ: ഫാദർ ലൂയീസ് അവർകളുടെ സഹായത്തോടുകൂടെ, ഏതാണ്ടു മുപ്പത്തേഴ വത്സരങ്ങൾക്കുമുമ്പു ഒരു ചരിത്രഗ്രന്ഥം രചിക്കയും ഏതാനും വത്സരങ്ങൾക്കശേഷം അതു മുദ്രണംചെയ്യുന്നതിന്നായി ചിലരെ ഏല്പിക്കയും ചെയ്തതായി അറിവുണ്ടു്. പൂൎവ്വേന്ത്യ പാത്രിയാർക്കീസ്സ്ഥാനത്തേക്കുയൎത്തപ്പെട്ട ഡോക്ടർ മത്തേവൂസ് ദെ ഒലിവീയെരൊ സേവ്യർ അവർകൾ കൊച്ചീ രൂപതമെത്രാനായിരുന്ന കാലത്തു് ലിസ്ബനിലെ ലൈബ്രറിയിൽനിന്നു കൊണ്ടുവന്ന ഒരു പുരാതന കയ്യെഴുത്തുഗ്രന്ഥത്തിൽ, ലത്തീൻറീത്തിലേക്കുചേർന്ന തോമാക്രിസ്ത്യാനികളെ സംബന്ധിച്ച് പലതും വിവരിച്ചിരുന്നതു ടി. അന്തോനിപാദ്രി പകൎത്തി എടുത്തിട്ടുള്ളതായി അദ്ദേഹം റവ. ഫാദർ ലൂയീസവർകളെ അറിയിച്ചിരുന്നു. എന്നാൽ ഇപ്പറഞ്ഞവയുടെ എല്ലാം അനന്തര പരിണാമം അറിയാൻ സാധിച്ചിട്ടില്ല.

അനിതരസാധാരണമായ ബുദ്ധിസാമൎത്ഥ്യം, അക്കാലങ്ങളിൽ സുലഭമല്ലാതിരുന്ന വിവിധ ഭാഷാപരിജ്ഞാനം, ശാസ്ത്രനിപുണത മുതലായവനിമിത്തം പാശ്ചാത്യരായ പലേ മഹാന്മാരെ

ക്കുടെയും അത്ഭുതപരതന്ത്രരാക്കുകയും അവരുടെ അനുമോദനത്തിന്ന പാത്രീഭവിക്കയും ചെയ്തിരുന്ന ഒരുവൻ ആയിരുന്നല്ലോ ഫാദർ ലൂയീസ് അവർകൾ. ലത്തീൻകത്തോലിക്കരും സുറിയാനി കത്തോലിക്കരും മുൻകാലങ്ങളിൽ ഏകമേലദ്ധ്യക്ഷൻെറ കീഴായിരുന്നു. ഈ മേലദ്ധ്യക്ഷൻെറ അധിവാസം അന്നു മഞ്ഞുമ്മേല്യമായിരുന്നു. അത്രയുമല്ലാ മദ്ധ്യകേരളമൊട്ടുക്കുമുള്ള ജനങ്ങളെ ആകർഷിച്ചിരുന്ന ഒരു ഹോസ്പിററലും മഞ്ഞുമ്മേലുണ്ടായിരുന്നു. ഈ സാഹചര്യംകൊണ്ടും അന്നു റവ. ഫാദർ ലൂയീസ് നടത്തിയിരുന്ന പത്രാധിപത്യജോലി നിമിത്തവും ലത്തീൻറീത്തിലും സുറിയാനി റീത്തിലും പ്രമുഖന്മാരായിരുന്ന പലേ വന്ദ്യവൈദികരും പൗരപ്രമാണികളുമായി ഇടപെടുവാനും പരിചയപ്പെടുവാനും അദ്ദേഹത്തിന്നു സാധിച്ചിരുന്നു. മാത്രമല്ലാ രണ്ടു റീത്തുകളിലേയും പ്രമാണികളായ പല വൈദികരും പൗരപ്രധാനികളും അദ്ദേഹത്തിൻെറ ആപ്തമിത്രങ്ങളുമായിരുന്നു. ഈ സാഹചര്യങ്ങളെല്ലാം ഇദ്ദേഹവും ഫാദർ മൈക്കൾ അവർകളും നടത്തിയിരുന്ന ചരിത്രപര്യവേക്ഷണങ്ങൾക്ക് വളരെ സഹായിച്ചിട്ടുണ്ട്.

അന്തോനിപ്പാദ്രിയുടെ കാലശേഷവും ചിലർ ചരിത്രാന്വേഷണത്തിന് മുതിന്നിരുന്നു. റവ. ഫാദർ ലൂയീസും റവ. ഫാദർ മൈക്കളും തങ്ങൾ ശേഖരിച്ചിരുന്ന ചരിത്രപരമായ ഗ്രന്ഥങ്ങളും രേഖകളും പലതു കൊടുത്തു അവരെ പ്രോത്സാഹിപ്പിക്കയുമുണ്ടായി.ഈ സ്ഥിതിയിൽ പല കൊല്ലം കാത്തിരുന്നിട്ടും ഒന്നും പ്രസിദ്ധീകരിച്ചുകണ്ടില്ല.

മുകളിൽ പറഞ്ഞ രണ്ടു വൈദികരിൽ ഒരാൾ സുഖഹീനതയും പ്രായാധിക്യവുംമൂലം വിവശതയിലും, അപരൻ പലവിധ ജോലിത്തിരക്കുകളിലുംപെട്ടു കുഴങ്ങുമാറായപ്പോൾ അവരുടെപക്കൽ ശേഷിച്ചിരുന്ന രേഖകളും ഗ്രന്ഥങ്ങളും ഏല്പിച്ച് ചരിത്രനിർമ്മാണത്തിന് പരിശ്രമിക്കാൻ ഈയുള്ളവനെ ചുമതലപ്പെടുത്തുകയാണുണ്ടായതു്. ഇങ്ങനെ ഏതാണ്ടു് ഇരുപത്തിമൂന്നു വത്സരങ്ങൾക്കു മുമ്പാണ്, ഈ എഴുത്തുകാരൻ ഈ യത്നത്തിൽ കാര്യമായവിധം ഏർപ്പെടാൻ തുടങ്ങിയതു്.

അപ്പോഴത്തെ ചരിത്രസ്ഥിതി പരിശോധിച്ചതിൽ പതിനാറാം നൂററാണ്ടിൽ ഹിന്തുക്കഠം മാനസാന്തരപ്പെട്ടു, കത്തോലിക്കവേദം സ്വീകരിച്ചാണു ഇവിടങ്ങളിലെ ലത്തീൻ റീത്തുകാർ ഉണ്ടായിട്ടുള്ളതു എന്ന പ്രസ്താവന പ്രബലതയിലിരിക്കുന്നതായിക്കണ്ടെങ്കിലും ആ പ്രസ്താവനയെ ദൃഢീകരിക്കത്തക്ക ലക്ഷ്യങ്ങഠം ഒന്നും കാണാൻ സാധിച്ചില്ല. കൊച്ചീ കൊടുങ്ങല്ലൂർ എന്നീ ഭാഗങ്ങളിലും അവയുടെ പരിസരങ്ങളിലും മററു പ്രദേശങ്ങളിലും വസിക്കുന്ന ലത്തീൻറീത്തുകാരുടെ ഇടയിൽ പരിശോധിച്ചതിൽ തോമാക്രിസ്ത്യാനികളിൽനിന്നു ലത്തീൻറീത്തിലേക്കു ചേർന്നവരാണ് ഇവിടങ്ങളിലെ ലത്തീൻറീത്തുകാരിൽ പ്രമുഖന്മാർ എന്നു പാരമ്പര്യം ഉള്ളതായി അറിയുകയും, അതിനെ ദൃഢീകരിക്കുന്ന ചില ലക്ഷ്യങ്ങഠം മുകളിൽ പറഞ്ഞ രേഖകളുടെ ശേഖരത്തിൽ കണ്ടെത്തുകയുമുണ്ടായി.

സ്വതന്ത്രനില, സൈന്യസേവനം, സ്ഥാനമാനങ്ങഠം, മാന്യാവകാശം എന്നിവയുണ്ടായിരുന്നതായി കാണിക്കുന്നവയായിരുന്നു ആ ലക്ഷ്യങ്ങഠം. ൧൬-ാം നൂററാണ്ടുമുതൽ ഹിന്തുക്കളിൽനിന്നു കത്തോലിക്കവേദം സ്വീകരിച്ചാണു ഈ ജനം ഉൽഭൂതമായിരുന്നതെങ്കിൽ സ്വതന്ത്രനിലയും മററും ഇവരിൽ കാണപ്പെടുവാൻ ഇടയില്ലല്ലോ എന്നുകരുതി ഈ ലക്ഷ്യങ്ങളെ ഒന്നുകൂടി പരിശോധിക്കാൻ നിശ്ചയിക്കയാണ് ചെയ്തതു്. ഇങ്ങനെ പരിശോധിച്ചതിൽ പൊത്തുഗീസുകാരുടെ ആരംഭഘട്ടത്തിൽ—൧൫൬൦—വരെ ഈ ഭാഗങ്ങളിൽ മതസ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല എന്ന വസ്തുത പ്രത്യക്ഷപ്പെട്ടു. ൧൫൬൯-ലാണു (നായന്മാർ ബ്രാഹ്മണർ പ്രഭുക്കഠം എന്നിവരുഠംപ്പെടെ) ൭൦൦ പേർ ജ്ഞാനസ്നാനപ്പെട്ടതു്. (Oriente Conquistado) ൧൫൬൦-നു മുമ്പു — മതസ്വാതന്ത്ര്യവിളംബരത്തിനുമുമ്പു — ൧൫൫൨—൧൫൪൯—൧൫൬൫ എന്നീ കാലഘട്ടങ്ങളിൽ ഗോവമെത്രാന്റെ കീഴായി ഇവിടങ്ങളിൽ തോമാക്രിസ്ത്യാനികഠംക്കു, ദർശനസമൂഹം, പള്ളികഠം, വിദ്യാലയങ്ങഠം, ലത്തീൻപഠനത്തിനുള്ള കോളേജ്, ലത്തീൻ പഠിക്കുന്നവരായ അനേകം യുവാക്കന്മാ

എന്നിങ്ങനെ പലതും ഉണ്ടായിരുന്നു എന്നു കാണുകയുണ്ടായി.

ഇവിടങ്ങളിലെ ലത്തീൻറീത്തുകാരിൽ ഉണ്ടായിരുന്ന പ്രത്യേകതകളുടെ ഉത്ഭവവും മററു സ്ഥിതിഗതികളും പരിശോധിച്ചതിൽ തോമാക്രിസ്ത്യാനികളിൽ ഒരു ഭാഗത്തിന്നു സ്വതന്ത്രനിലയുണ്ടായിരുന്നു; പുരാതന പെരുമാക്കന്മാരിൽനിന്നു സിദ്ധിച്ചിരുന്നതായിരുന്നു അതു; ക്ഷയോൻമുഖമായിരുന്ന ഈ അവകാശം സംരക്ഷിക്കുന്നതിന്നുള്ള ഭാരം അവർ — പ്രസ്തുത ക്രൈസ്തവർ — പൊത്തുഗീസുകാരെ ഏല്പിച്ചു; ഈ ക്രൈസ്തവരിൽ ഒരു ഗണം അവരോടു — പൊത്തുഗീസുകാരോടു — ചേൎന്നു അവരുടെ കീഴും, അനന്തരം വന്ന ഡച്ചുകാരുടെ കീഴും ഈ അവകാശം അനുഭവിച്ചുപോന്നിരുന്നു എന്നും മനസ്സിലായി. തോമാക്രിസ്ത്യാനികൾ യോധവൃത്തി ആചരിച്ചിരുന്നു. പൊത്തുഗീസുകാരോടു ചേൎന്നവർ അവരുടെ കീഴ് സൈന്യസേവനം ചെയ്തിരുന്നു. അവൎക്കു സ്ഥാനമാനങ്ങളും (സൈനികോദ്യോഗങ്ങൾ) പൊത്തുഗീസുകാർ നൽകി. ഡച്ചുകാർ അവയെല്ലാം നിലനിറുത്തിയും പോന്നു. പൊത്തുഗീസുകാരുടെ ആരംഭഘട്ടത്തിൽ അവരോടുചേൎന്നു കൊച്ചീരാജ്യോദ്ധാരണത്തിന്നായി ചെയ്ത യുദ്ധത്തിന്നും അതിൻെറ സംരക്ഷണത്തിന്നായി നടത്തിയിരുന്ന കാവലിന്നും പ്രതിഫലമായി ജന്മവസ്തുക്കൾ സിദ്ധിച്ചിട്ടുള്ളതു പരമ്പരയാ അവർ അനുഭവിച്ചുപോന്നു. കാവലിന്നായി ഈ ക്രൈസ്തവരെ കുടിപാൎപ്പിച്ച ഭാഗങ്ങളിൽ ഈദൃശ വസ്തുക്കൾ ധാരാളമുണ്ടായിരുന്നു; ഇപ്പോഴും കുറെയെല്ലാമുണ്ടു എന്നും തെളിഞ്ഞു.

ഇങ്ങനെ കണ്ടെത്തിയ ലക്ഷ്യങ്ങളിൽ പലതിൻെറയും ഇടയ്ക്കുള്ള ചില സ്ഥിതിഗതികളും ചിലതിൻെറ പരിണാമവും മറ്റുംകൂടെ കണ്ടുകിട്ടേണ്ടതുണ്ടായിരുന്നെങ്കിലും ഇത്രയും ലക്ഷ്യങ്ങളുടെ സ്ഥിതി പുറത്തുവരുമ്പോൾ ബാക്കിയുള്ളവ അന്വേഷിച്ചെടുക്കാൻ ആളുണ്ടാവാതിരിക്കയില്ല, എന്ന വിചാരത്താൽ കിട്ടിയേടത്തോളം ലക്ഷ്യങ്ങളെ ആസ്പദമാക്കി ൧൧൦൫-ൽ ഒരു ഗ്രന്ഥം രചിച്ചു.

ഈ ഗ്രന്ഥം മുദ്രണംചെയ്യാൻ ശ്രമിച്ചപ്പോൾ കൂടുതൽ തെളിവുകൾ ശേഖരിച്ചിട്ടാവാം എന്നു ചിലർ അഭിപ്രായപ്പെട്ടതിനാൽ എട്ടൊമ്പതു വത്സരത്തെ അന്വേഷണംകൂടെ നടത്തുകയുണ്ടായി. ബലമുള്ള പലേ രേഖകളും ഈ അവസരത്തിൽ കണ്ടെത്തുകയുണ്ടായി. മാത്രമല്ലാ, ഫ ഒ ന ഒ – ല്യം മറ്റും കൊച്ചിയിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്ന സന്തോമാ ക്രിസ്ത്യാനികളിൽ പലരേയും അവരുടെ മെത്രാനാണു അങ്ങോട്ടാകർഷിച്ചതു്. ആ ജനങ്ങൾ ലത്തീൻറീത്തു സ്വീകരിക്കുന്നതിന്നു അദ്ദേഹം കഴിയുന്ന പരിശ്രമമൊക്കെ ചെയ്തിരുന്നു. യുവാക്കന്മാർ ലത്തീൻ പഠിക്കാനും ആ രീതിയനുസരിച്ചു വൈദികപദം പ്രാപിക്കാനും അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. അത്രയുമല്ലാ പ്രസ്തുത അവസരത്തിൽ ഒരു ഗണം ക്രൈസ്തവർ ലത്തീൻറീത്തു് സ്വീകരിച്ചതായി സമകാലീനന്മാരിൽ പ്രാമാണ്യമുള്ളവർ രേഖപ്പെടുത്തിയിട്ടുമുണ്ടു് എന്നും മനസ്സിലായി. ആദ്യം കിട്ടിയിരുന്ന ലക്ഷ്യങ്ങളും ഒടുവിൽ കിട്ടിയവയും എല്ലാംകൂടെ ചേർത്തപ്പോൾ യഥാർത്ഥസ്ഥിതി— ഈ ജനത്തിലുള്ള പാരമ്പര്യത്തിന്റെ യഥാർത്ഥത — സ്പഷ്ടമാകുന്നുണ്ടു എന്നു കണ്ടു. ഇതിനാൽ ആദ്യത്തേതു് ഉപേക്ഷിച്ചു രണ്ടാമതൊന്നു എഴുതുകയാണുണ്ടായതു്. ഈ അവസരങ്ങളിൽ എന്റെ ചില മാന്യസുഹൃത്തുക്കൾ എന്നെ ഓരോ വിധത്തിൽ സഹായിച്ചിട്ടുണ്ടു്. ഇങ്ങനെ മുകളിൽ പറഞ്ഞിട്ടുള്ള രണ്ടു വന്ദ്യ വൈദികരുടെ ദീർഘകാലത്തെ പര്യന്വേഷണത്തിന്റെയും പ്രാർത്ഥനയുടേയും, അവരുടെ നിർദ്ദേശമനുസരിച്ചും സഹായത്തോടുകൂടെയും ചെയ്ത എളിയ പരിശ്രമത്തിന്റെയും ഫലമാണു് ഈ ഗ്രന്ഥം.

പൊർത്തുഗീസുഗ്രന്ഥങ്ങളിൽനിന്നുദ്ധരിച്ചിരിക്കുന്നവയിൽ പലതും റവ. ഫാദർ ളൂയീസാവശ്യപ്പെട്ടതനുസരിച്ചു കൊച്ചീരൂപതക്കാരും പൊർത്തുഗീസ് ഭാഷാഭിജ്ഞന്മാരുമായ ചില വന്ദ്യവൈദികന്മാർ ചില പൊർത്തുഗീസു ഗ്രന്ഥങ്ങളിൽനിന്നെടുത്തു കൊടുത്തിരുന്നവയാണു്. ഡച്ചുറിക്കാർഡുകളിൽനിന്നുള്ളവ ഡച്ചുദേശക്കാരനും ഒരു കർമ്മലീത്താമിഷ്യനറിയുമായ റവ. ഫാദർ ഗേറി

യോൻ ഒ. സി. ഡി അവർകളാണു ഭാഷാന്തരംചെയ്തു തന്നതു്.

ഇപ്പൊഴും പൂർത്തിയായ ഒരു ചരിത്രമായി ഇതിനെ കരുതിയിട്ടില്ല. ലത്തീൻകത്തോലിക്കരെ സംബന്ധിക്കുന്ന പലേ കാര്യങ്ങളും ഇനിയും വെളിക്കുവരേണ്ടതുണ്ടു്. കൊച്ചി കൊടുങ്ങല്ലൂർ ഭാഗങ്ങളിലും അവയുടെ പരിസരങ്ങളിലും വസിക്കുന്നവരെ സംബന്ധിച്ച കാര്യങ്ങളിൽ ചിലതുകൾമാത്രമെ കുറെയെങ്കിലും പറയാൻ സാധിച്ചിട്ടുള്ളു. കേരളത്തിന്റെ ഇതരഭാഗങ്ങളിലും സുറിയാനിറീത്തിൽനിന്നു ലത്തീൻ റീത്തിലേയ്ക്കു ചേർന്നവർ ഉണ്ടായിരുന്നല്ലൊ. അവരുടെ അനന്തര സ്ഥിതിഗതികൾ, ഹിന്ദുക്കളിൽനിന്നു മാനസാന്തരപ്പെട്ടു ചേർന്നവർക്കുണ്ടായിരുന്ന പ്രത്യേകതകളുടെ വിവരങ്ങൾ എന്നിങ്ങനെ പലതും വെളിക്കുവരാതെ കിടക്കുകയാണു്.

പൊർത്തുഗൾ ഹോളണ്ടു് മുതലായ രാജ്യങ്ങളിൽനിന്നും, ജർമ്മനിയിലെ ഒരു പുരാതന ഗ്രന്ഥശേഖരത്തിൽനിന്നും പലേ രേഖകൾ കിട്ടുമെന്നു അന്വേഷണത്തിൽ അറിവായിട്ടുണ്ടു്. കുറെ പണച്ചെലവും ബുദ്ധിമുട്ടും അതിന്നായി ചെയ്യണമെന്നേയുള്ളു. ഇങ്ങനെ പരിശ്രമിക്കുന്നതായാൽ കേരളത്തിലെ ലത്തീൻകത്തോലിക്കരെ സംബന്ധിക്കുന്ന മിക്ക വിവരങ്ങളും കണ്ടെടുക്കാവുന്നതാണു്. അങ്ങനെയുള്ളവ കണ്ടെടുത്തു പ്രസിദ്ധീകരിക്കേണ്ടകാര്യം സമുദായസ്നേഹികളും, അഭ്യസ്തവിദ്യരും, ചരിത്രപടുക്കളുമായ മഹാശയന്മാരുടെ പരിശ്രമത്തിന്നായി വിടുന്നു.

ലത്തീൻകത്തോലിക്കരുടെ മൺമറഞ്ഞുപോയ സ്ഥിതികളിൽ പലതും, പ്രത്യേകം പതിനാറാം നൂററാണ്ടിൽ ലത്തീൻറീത്തിലേയ്ക്കു ചേർന്ന തോമാക്രിസ്ത്യാനികളിൽ ഈ ഭാഗത്തു വസിക്കുന്നവരുടെ സ്ഥിതിഗതികൾ, കാണിക്കാനായി ചെയ്തിട്ടുള്ള ശ്രമത്തിൽ ഇതര കത്തോലിക്കരുടെ കാര്യം സ്പർശിച്ചിട്ടുണ്ടെങ്കിൽ, ലത്തീൻകത്തോലിക്കരെപ്പററിയുള്ള ചില പ്രസ്താവനകളിലെ അബദ്ധം വെളിവാക്കുവാൻവേണ്ടി മാത്രം അങ്ങിനെ ചെയ്തിട്ടുള്ളതാണു്.

ഈ ഗ്രന്ഥം ഇൻഡ്യൻ ഹയറാർക്കിയുടെ സുവർണ്ണജൂബി

ലി സ്മാരകമായിരിക്കണം എന്നുകൂടെയും ഉദ്ദേശിച്ചിട്ടുണ്ടല്ലൊ. ഈ കാരണത്താലാണ് പ്രസ്തുത ഹയറാർക്കിയുടെ സ്ഥാപകനായ പരിശുദ്ധ പിതാവു പതിമൂന്നാം ലെയോ, ഏതൽക്കാലത്തു വിശുദ്ധ പത്രോസിൻെറ സിംഹാസനത്തെ അലങ്കരിക്കുന്ന പരിശുദ്ധ പിതാവു പതിനൊന്നാം പീയൂസ് എന്നീ തിരുമേനിമാരുടെയും ആധുനിക മലങ്കര ദല്ഗാദപ്പസ്തോലിക്കാതിരുമനസ്സിലേയും ചിത്രങ്ങൾ ഇതിൽ ചേർത്തിരിക്കുന്നതു്.

പ്രസ്തുത ജൂബിലി ആഘോഷിച്ചിരുന്നവത്സരത്തിൽത്തന്നെ ഇതു പുറത്തുവിടണമെന്നു ആഗ്രഹമുണ്ടായിരുന്നു. എങ്കിലും പലേ കാരണങ്ങളാലും അതു സാധിക്കാതെ വന്നു. ചരിത്രജ്ഞന്മാരായ ചിലരുടെ അഭിപ്രായത്തിന്നു ആറു മാസക്കാലം കാത്തിരിക്കേണ്ടിയുംവന്നു. ഇങ്ങനെയൊക്കെയാണു ഇതിൻെറ പ്രസിദ്ധീകരണത്തിന്നു വിളംബം നേരിട്ടതു്.

ഇതിൽ പറഞ്ഞിരിക്കുന്ന കാൎയ്യങ്ങളിൽ ചിലതെല്ലാം ഒന്നുകൂടി വിശദമാക്കാൻ ചില ചരിത്രജ്ഞന്മാർ ഉപദേശിച്ചതനുസരിച്ചു അങ്ങനേയും ചെയ്തിട്ടുണ്ടു്. ഈ ഗ്രന്ഥത്തിലെ ഒരു പ്രസ്താവന തെററാണ്; പൂൎവ്വരേഖയ്ക്കു വിരോധമാണ് എന്നും ഒന്നുരണ്ടുപേർ അറിയിക്കാതിരുന്നില്ല. പൂൎവ്വരേഖകൾ അവർ വിചാരിക്കുന്ന വിധത്തിലല്ലാ എന്നു കാണിച്ചുകൊടുത്തതിൽപിന്നെ അവർ ഒന്നും പറഞ്ഞിട്ടില്ല. ഏതു കാൎയ്യത്തിലാണ് അവൎക്കു സംശയമുള്ളതു? അതിൻെറ യഥാൎത്ഥസ്ഥിതി എങ്ങനെ? എന്നിവ ഈ ഗ്രന്ഥത്തിൽ അനുബന്ധമായി ചേർത്തിട്ടുമുണ്ടു്. തല്ക്കാലം ഇതിലധികം ചെയ്വാൻ നിവൃത്തിയില്ല.

ഒരു കാൎയ്യംകൂടെ ഇവിടെ പ്രത്യേകം അനുസ്മരിപ്പിക്കേണ്ടതുണ്ടു്. അതായതു്: ഇവിടങ്ങളിലെ ലത്തീൻ കത്തോലിക്കരെപ്പററി ചെയ്തിട്ടുള്ള ചില പ്രസ്താവനകളും അവയിലെ അബദ്ധവും കാണുമ്പോൾ ആരും അസ്വസ്ഥചിത്തരാകേണ്ടതില്ല. ചരിത്രങ്ങൾ മറഞ്ഞുപോകയും അഭ്യൂഹങ്ങൾക്കു തൽസ്ഥാനത്തു പ്രതിഷ്ഠലഭിക്കയുംചെയ്ത സ്ഥിതിക്ക്—അഭ്യൂഹങ്ങൾകണ്ടു് അവ ചരിത്രങ്ങളായി വിശ്വസിക്കയും ആ ദർശനകോണിൽനിന്നു കാ

ഴ്ച്ചങ്ങൾ വീക്ഷിക്കുകയും ചെയ്യുന്നവർക്ക്— ഇങ്ങനെയൊക്കെ തെററിദ്ധാരണകൾ വരാവുന്നതാണ്. എന്നാൽ ഏതുവിധമെങ്കിലും അബദ്ധങ്ങൾ ചരിത്രരൂപത്തിൽ രേഖപ്പെട്ടുപോയ സ്ഥിതിക്ക് അവയെ വിമർശിച്ച് വാസ്തവം തെളിയിക്കാതെ നിവൃത്തിയില്ലല്ലൊ.

എഴുനൂററിക്കാർക്കു പട്ടംകൊടുത്തപ്പോൾ ക്ഷോഭം ഉണ്ടാകയും ആ ക്ഷോഭംതീർക്കയും മററും ചെയ്തതു വിവരിക്കുന്ന ഗ്രന്ഥം ("മാർതോമാ നസ്രാണികളുടെ സത്യവിശ്വാസം" എന്നഗ്രന്ഥം) പുറപ്പെട്ടു, അധികകാലം ചെല്ലുന്നതിന്നുമുമ്പു അതിന്റെ കർത്താവുമായി ഈ കാര്യംകൊണ്ടു റവ. ഫാദർ ലൂയിസ് അവർകൾ സംസാരിക്കുമ്പോൾ ഈ എഴുത്തുകാരൻകൂടെയുണ്ടായിരുന്നു. പ്രസ്തുത രേഖയുടെ ഒരു പകർപ്പു കിട്ടി. അതു ശരിയാണെന്നു കരുതിയാണു ചേർത്തതെന്നു അദ്ദേഹം പറഞ്ഞു. അതു കൊടുത്തയാളിനോടു റവ. ഫാദർ ലൂയിസ് എഴുതിച്ചോദിച്ചിട്ടു സമാധാനം ഒന്നും ലഭിച്ചില്ല. ടി. പ്രസ്താവന പരമാബദ്ധമാണെന്നു പ്രസ്തുത ഗ്രന്ഥകർത്താവിനെ ബോധപ്പെടുത്തിക്കൊടുത്തു. അതു തിരുത്താമെന്ന് അദ്ദേഹം സമ്മതിച്ചിരുന്നതുമാണ്. എന്നാൽ അതു നിവർത്തിക്കാതെ നിര്യാതനാവുകയും ഈ വിവരം ഇതരന്മാർ അറിയാതിരുന്നതിനാൽ കാര്യമായ മററു ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടു അതിന്നു പ്രാബല്യം സിദ്ധിക്കയും ചെയ്തു.

വേറെയും പല പ്രസ്താവനകൾ ഉള്ളതു വിസ്തരിക്കുന്നില്ല. എല്ലാം ആദ്യകാലത്തെ രേഖയ്ക്കു വിരുദ്ധങ്ങളാണ്. പിന്നെ എന്തിന്നു അവയെ വീണ്ടും അനുസ്മരിപ്പിക്കുന്നു? മാത്രമല്ലാ, അവയിലെ അബദ്ധം തെളിയിക്കുന്ന രേഖകളിൽ പലതും ഇതര സമുദായങ്ങളേയും സ്പർശിക്കുന്നവയാണ്. തന്മൂലം അവയെപ്പററി മൗനം ദീക്ഷിക്കുകയാണ് യുക്തം എന്നു കരുതി വിസ്മൃതിയിൽക്കിടക്കുന്ന ആ രേഖകൾ എടുക്കാതിരുന്നിട്ടുള്ളതാണ്.

ഈ ഗ്രന്ഥംകൊണ്ടു ലത്തീൻ കത്തോലിക്കർക്കു വല്ല പ്രത്യേക ഉപകാരവും ഉണ്ടാകുമോ എന്നു വിധിക്കേണ്ടതു് അനുവാചകന്മാരുടെ കാര്യമാണ്. ഉപകാരമുണ്ടാകുമെന്നു കാണു

ന്നെങ്കിൽ അതിന്നു ലത്തീൻ കത്തോലിക്കർ ഒന്നാമതായി കടപ്പെട്ടുന്നതു ദൈവാനുഗ്രഹത്തോടാണ്.

ദൈവാനുഗ്രഹംകഴിഞ്ഞാൽ പിന്നെ അവർ കടപ്പെട്ടുന്നതു ഇതിൻെറ ഹേതുഭൂതരായ റവ. ഫാദർ ലൂയീസ്, റവ. ഫാദർ മൈക്കൾ എന്നീ വന്ദ്യവൈദികരോടുമാണ്. ദൈവാനുഗ്രഹത്തിലാശ്രയിച്ച്, ഇവർ അന്വേഷണം നടത്തുകയും ദൂരദൃഷ്ടിയോടുകൂടെ ഓരോന്നു ശേഖരിച്ചു വയ്ക്കുകയും, പല കാൎയ്യങ്ങളും അവധാനപൂൎവ്വം പഠിച്ചുകൊണ്ടുനിദ്ദേശങ്ങൾ തരികയും, സ്ഥിതിഗതികൾ മനസ്സിലാക്കത്തക്കവിധം മാൎഗ്ഗം തെളിക്കയും പ്രാൎത്ഥന വഴിയായി സഹായിക്കയും ചെയ്യാതിരുന്നെങ്കിൽ ഈയുള്ളവനെക്കൊണ്ടു ഒന്നും സാധിക്കുമായിരുന്നില്ല. നല്ല ഉദ്ദേശ്യത്തോടുകൂടി അവർ ചെയ്ത പ്രയത്നവും പ്രാൎത്ഥനയുംകൊണ്ടു ഇതിന്നു വേണ്ട ദൈവാനുഗ്രഹം ലഭിച്ചു. ഇങ്ങനെ ലഭിച്ച അനുഗ്രഹം പുറത്തു പ്രകാശിപ്പിക്കുന്നതിന്നുള്ള വെറും ഒരുപകരണം മാത്രമായിട്ടാണു ഈ എഴുത്തുകാരൻെറ നില.

ഇങ്ങനെയൊക്കെയായിരിക്കെ ദൈവാനുഗ്രഹത്തിന്നും ഈ അനുഗ്രഹം ലഭിച്ചുതന്ന പരിശുദ്ധ ദൈവജനനിക്കും ഇക്കാൎയ്യം പൂൎത്തിയാക്കുന്നതിൽ നേരിട്ട അജയ്യ വിഷമതകൾ തരണം ചെയ്യാൻ ഇടയാക്കിയ വിശുദ്ധ ചെറുപുഷ്പത്തിന്നും ഏററവും വിനയത്തോടെ നന്ദി പ്രകാശിപ്പിക്കയും ഇതിൻെറ ഹേതുഭൂതന്മാരായ വൈദികരുടെ നാമങ്ങൾ ഇവിടെ പ്രത്യേകാൽ അനുസ്മരിപ്പിക്കയും ചെയ്തുകൊള്ളുന്നു.

വിശേഷിച്ചും ഗൗരവതരങ്ങളായ ഇത്രവളരെ ജോലികൾക്കിടയിൽ ഒരു ഉപോദ്ഘാതംകൊണ്ടു ഇതിനെ അലങ്കരിച്ച സർദാർ കെ. എം. പണിക്കർ, എം. എ. (ഓക്സൺ) ബാർ അററ്ലൊ, സമുചിതമായ ഒരവതാരികയാൽ പ്രോത്സാഹനം നല്കിയ പ്രൊഫസ്സർ ജി. എഫ്. പാപ്പാളി എം. എ., പി. എച്ച്. ഡി. (ലണ്ടൻ) എന്നീ മഹാശയന്മാരോടും, ഇതിൽ എന്നെ സഹായിച്ചിട്ടുള്ള മാന്യ സുഹൃത്തുക്കളോടും ഇതു വായിച്ചുകണ്ടു് ഉപദേശങ്ങൾ തന്ന ചരിത്രജ്ഞന്മാരോടും എനിക്കുള്ള കൃതജ്ഞതയും

ഇവിടെ രേഖപ്പെടുത്തുന്നു.

കടശിയായി കേരള കത്തോലിക്കരുടെയിടയിൽ ഭിന്നതയും അനൈക്യവും ഉളവാക്കിയിരുന്ന തർക്കങ്ങൾ അവസാനിച്ചു, അവർ ഏകമനസ്സായി യോജിച്ച് അവരുടെ ശക്തിയെ ദൃഢപ്പെടുത്തണം എന്നു ഇതിൻെറ ഹേതുഭൂതന്മാർക്കുണ്ടായിരുന്ന അഭിലാഷംതന്നെയാണ് ഈ എഴുത്തുകാരനുമുള്ളതു എന്നു പ്രത്യേകാൽപ്രസ്താവിക്കയും, ക്രീസ്തു തൻെറ അനുയായികളെപ്പററി അവിടുത്തെ അവസാന തിരുവത്താഴത്തിൽചെയ്ത പ്രാർത്ഥന ഈ കത്തോലിക്കരിൽ നിവൃത്തിയായിക്കാണ്മാൻവേണ്ട അനുഗ്രഹം സമാധാനത്തിൻെറ രാജ്ഞി വഴിയായി കേരളത്തിൻെറ പ്രേഷിതന്മാർ ക്രീസ്തുനാഥനിൽനിന്നു ലഭിച്ചുതരട്ടെ എന്നു പ്രാർത്ഥിക്കയും ചെയ്തുകൊണ്ടു ഈ മുഖവുര ഉപസംഹരിച്ചുകൊള്ളുന്നു.

മഞ്ഞുമ്മെൽ സന്യാസാശ്രമം
ദൈവജനനിയുടെ സ്വർഗ്ഗ
പ്രവേശനത്തിരുനാൾ 1938.

ബ്രദർ ലിയോപ്പോൾഡ്
ടി. ഒ. സി. ഡി.



H H. Pope Pius XI.




H. M. King George VI
Emperor of India.

# വിഷയവിവരം


Foreword

അവതാരിക. i

മുഖവുര. v

അദ്ധ്യായം ൧. റീത്തുകളുടെ വൈവിദ്ധ്യവും സഭയുടെ ഏകത്വവും—കേരളത്തിലെ റീത്തുകളെപ്പററിയുള്ള അഭിപ്രായങ്ങൾ. ൧

അദ്ധ്യായം ൨. പൊൎത്തുഗീസുകാരുടെ വരവിനുമുമ്പു കേരളീയ ക്രിസ്ത്യാനികളുടെ സ്ഥിതി—പൊൎത്തുഗീസുകാരുടെ പുറപ്പാട്. പൊൎത്തുഗീസുകാർ കോഴിക്കോട്ടെത്തുന്നു—പൊൎത്തുഗീസുകാരുടെ രണ്ടാമത്തെ വരവും യുദ്ധവും—പൊൎത്തുഗീസുകാർ കൊച്ചിയിൽ വരുന്നു—കൊച്ചീരാജാവിന്റെ അന്നത്തെ സ്ഥിതി. ൭

അദ്ധ്യായം ൩. ക്രിസ്ത്യാനികൾ പൊൎത്തുഗീസുകാരോടു സഹകരിക്കുന്നു—മൂന്നു കൂട്ടൎക്കും അഭിലഷണീയമായിരുന്ന ഒരു സഖ്യം. ക്രിസ്ത്യാനികൾ തങ്ങളുടെ സംരക്ഷാഭാരം പൊൎത്തുഗീസുകാരെ ഏല്പിക്കുന്നു. ക്രിസ്ത്യാനികൾ പൊൎത്തുഗീസുകാരോടു ചേൎന്നു കൊച്ചീരാജ്യത്തിനുവേണ്ടി യുദ്ധം ചെയ്യുന്നു. ൧൭

അദ്ധ്യായം ൪. ലത്തീൻറീത്ത് ആചരിപ്പിക്കാനുണ്ടായ ഹേതുക്കൾ. പൊൎത്തുഗീസു വൈദികന്മാരും, പൂൎവ്വക്രിസ്ത്യാനികളുടെ വൈദികാദ്ധ്യക്ഷനും തമ്മിലുണ്ടായിരുന്ന മൈത്രി. അബൂനാ യാക്കോബുമെത്രാന്റെ സ്ഥിതിയും നിലയും. ആ മെത്രാന്റെ അനുകൂല്യവും ലത്തീൻ റീത്തിന്റെ പ്രചാരവും. ആ അനുകൂല്യം ഉണ്ടായിരുന്നില്ലെങ്കിൽത്തന്നെയും പൂ

വ്വക്രിസ്ത്യാനികൾ ലത്തീൻ രീതി
യിൽ ചേരാൻ പ്രേരിപ്പിക്കുന്നവയാ
യിരുന്ന അന്നത്തെ സാഹചര്യങ്ങൾ. ൩൦

അദ്ധ്യായം ൫. പൂർവ്വക്രൈസ്തവർ ലത്തീൻരീതി സ്വീ
കരിച്ചു എന്നതിന്റെ തെളിവുകൾ.
പുരാതന രേഖകൾ പരിശോധിച്ചിട്ടു
കാണുന്ന തെളിവുകൾ. ഉദയംപേരൂർ
സൂനഹദോസും ലത്തീൻ റീത്തും—അ
നന്തര തെളിവുകൾ. ൫൦

അദ്ധ്യായം ൬. സുറിയാനിരീതിയിൽനിന്നു ലത്തീൻ
രീതിയിലേയ്ക്കു പരിവർത്തനം ചെയ്ത
പൂർവ്വക്രൈസ്തവരുടെ സന്തതിപരമ്പര
കൾ ലത്തീൻറീത്തിൽ നിലനിന്നു
പോന്നതിന്റെ ഇതര ലക്ഷ്യങ്ങൾ.
ലത്തീൻറീത്തും സ്ഥാനമാനങ്ങളും.
പൊർത്തുഗീസുകാരുടെ വിയോഗാവസ
രത്തിലെ അവസ്ഥ—ഡച്ചുകാരുടെ ഭ
രണാരംഭത്തിലെ ചില സംഭവങ്ങൾ. ൬൬

അദ്ധ്യായം ൭. ഡച്ചുകാരും പൂർവ്വക്രിസ്ത്യാനികളും ത
മ്മിൽ വാണിജ്യപരമായുണ്ടായിരുന്ന
ബന്ധം. ഡച്ചുകാരുടെ കീഴിൽ അവർ
സൈന്യസേവനം ചെയ്തിരുന്നതിനു
തെളിവുകൾ. ചില സൈനികോദ്യോ
ഗസ്ഥന്മാരുടെ കുടുംബങ്ങൾ. ൮൫

അദ്ധ്യായം ൮. പൂർവ്വക്രൈസ്തവരുടെ സ്വാതന്ത്ര്യനില.
സുറിയാനി റീത്തിൽത്തന്നെ നിന്നവ
ൎക്കു ഈ സ്വാതന്ത്ര്യനില ഉണ്ടായിരു
ന്നോ? ലത്തീൻ റീത്തിൽ ചേൎന്നവർ
ക്കു ആ സ്വാതന്ത്ര്യനില ഉണ്ടായിരുന്നു.
ക്രൈസ്തവർ ചെയ്ത യുദ്ധത്തിനുള്ള പ്ര
തിഫലം. ൧൦൩

അദ്ധ്യായം ൯. ആചാരവും നടപടികളും— ലത്തീൻ
റീത്തനുസരിച്ചവരുടെ ആചാരാദി
കൾ വ്യതിചലിക്കാൻ ഇടയുണ്ടായി

രുന്നു. പൗരാണിക ആചാരനടപടി
കൾ—ലത്തീൻകാരുടെ ആചാരനട
പടികൾ. ൧൨൩

അദ്ധ്യായം ൧൦. കൊച്ചിയിൽ മാനസാന്തരാനുമതി ല
ഭിക്കുന്നതിനുമുമ്പ ലത്തീൻകാരുടെ
സ്ഥിതി. ഉദയമ്പേരൂർ സൂനഹദോസും
ലത്തീൻകാരും. അനന്തരകാലങ്ങളിൽ
സമുദ്രതീരപ്രദേശങ്ങളിലെ ക്രൈസ്ത
വരുടെ സ്ഥിതി. ൧൩൯

അദ്ധ്യായം ൧൧. കേരളത്തിന്റെ ഇതരഭാഗങ്ങളിലെ
സ്ഥിതി. കൊല്ലത്തെ ഒന്നാമത്തെ ല
ത്തീൻരൂപത. പൊത്തുഗീസുകാരുടെ
ആഗമനാനന്തരം അവിടത്തെസ്ഥിതി. ൧൪൭

അദ്ധ്യായം ൧൨. സുറിയാനി റീത്തിൽനിന്നു ലത്തീൻ
റീത്തനുസരിച്ചവരുടെ സന്തതിപര
മ്പരകൾ മാത്രമല്ല ഇന്നു ലത്തീൻറീ
ത്തിലുള്ളത്. ലത്തീൻരീതിക്കാരുടെ
സംഖ്യ കുറഞ്ഞു കാണുന്നതിനുണ്ടായ
കാരണങ്ങൾ. ൧൫൫

അദ്ധ്യായം ൧൩. ലത്തീൻരീതിയനുസരിച്ചവർക്കു സാ
മുദായികവും മതപരവുമായുണ്ടായിരു
ന്ന നില. ൧൫൯

അദ്ധ്യായം ൧൪. അധഃപതനം. ഇതിനുണ്ടായ കാരണ
ങ്ങൾ. ഡച്ചുകാരുടെ ആഗമനവും ത
ന്നിമിത്തമുണ്ടായ യുദ്ധവും മർദ്ദനവും.
ശക്തൻതമ്പുരാന്റെ മർദ്ദനം. തിരു
വിതാംകൂറിലുണ്ടായ മർദ്ദനം. വെട്ടി
ക്കൊലപ്പട. കടലാക്രമണം. ൧൬൬

അദ്ധ്യായം ൧൫. ചില ചരിത്രകാരന്മാരുടെ തെററിദ്ധാ
രണകളും, തൽഫലങ്ങളായ അബദ്ധ
പ്രസ്താവനകളും അവയുടെ പ്രത്യാഖ്യാ
നങ്ങളും. പലരും വാസ്തവം അറിയാ
തെയാണ് പറയുന്നത്. കൊടുങ്ങല്ലൂർ
സെമ്മിനാരിയിൽ പഠിച്ചവരോടുണ്ടാ

| | | |
|---|---|---|
| | യ വിരോധം നിമിത്തം, എഴുന്നൂറുപേരുടെ ജ്ഞാനസ്നാനം നിമിത്തം, സ്റ്റെയിററുമാനുവൽക്കാരുടെ തെററിദ്ധാരണ. | ൧൦൦ |
| അദ്ധ്യായം ൬. | "മാർത്തോമാ ക്രിസ്ത്യാനികൾ" എന്ന ഗ്രന്ഥത്തിൽ ലത്തീൻ ക്രിസ്ത്യാനികളെപ്പററി പറഞ്ഞിരിക്കുന്ന അബദ്ധം. | ൧൧൮ |
| അദ്ധ്യായം ൭. | പൂർവ്വക്രിസ്ത്യാനികളുടെപള്ളികൾ ലത്തീൻറീത്തിലായതു് എന്നു? "എഴുന്നൂററിക്കാർക്കു" പട്ടംകൊടുത്തപ്പോൾ ക്ഷോഭമുണ്ടായി എന്ന പ്രസ്താവത്തിൻെറ യാഥാർത്ഥ്യ വിചാരണ. | ൧൩൭ |
| അദ്ധ്യായം ൮. | എഴുന്നൂററിക്കാർക്കു പട്ടംകൊടുത്തപ്പോൾ ക്ഷോഭമുണ്ടായി എന്ന പ്രസ്താവം ശരിയാണോ എന്ന പരിശോധന. | ൧൪൩ |
| അദ്ധ്യായം ൯. | കത്തോലിക്കരും രാഷ്ട്രവും. കേരളീയ കത്തോലിക്കരും രാജഭക്തിയും. ലത്തീൻകത്തോലിക്കരും ബ്രിട്ടീഷ്, കൊച്ചി, തിരുവിതാംകൂർ ഗവമ്മേണ്ടുകളും. | ൧൫൭ |
| അദ്ധ്യായം ൧൦. | കേരളവും അതിൻെറ അപ്പോസ്തലന്മാരും. കേരളത്തിലെ രക്തസാക്ഷികൾ. ലത്തീൻ ക്രിസ്ത്യാനികളും വൈദേശിക മിഷ്യനറിമാരും. | ൧൮൭ |
| അദ്ധ്യായം ൧൧. | ലത്തീൻ കത്തോലിക്കരും പാശ്ചാത്യരും. കേരളീയരും അബൂനാ യാക്കോബുമെത്രാനും. കേരളീയരും പാശ്ചാത്യമിഷ്യനറിമാരും. | ൨൦൦ |
| അദ്ധ്യായം ൧൨. | കേരളവും കമ്മലീത്താ മിഷ്യനറിമാരും | ൨൦൪ |
| അദ്ധ്യായം ൧൩. | കൊച്ചീരൂപത, കൊല്ലം രൂപത, മംഗലാപുരവും കോഴിക്കോടും രൂപതകൾ. കോട്ടാർരൂപത, വിജയപുരം രൂപത, തിരുവനന്തപുരം രൂപത. | ൨൧൪ |
| ഉപസംഹാരം. | | ൨൨൩ |
| അനുബന്ധം. | | ൨൨൮ |



H. H. The Maharaja of Cochin.

കേരളത്തിലെ

# ലത്തീൻക്രിസ്ത്യാനികൾ

## അദ്ധ്യായം ൧

### രീത്തുകളുടെ വൈവിദ്ധ്യവും സഭയുടെ ഏകത്വവും—കേരളത്തിലെ റീത്തുകളെപ്പററിയുള്ള അഭിപ്രായങ്ങൾ.

റീത്തുകളുടെ വൈവിദ്ധ്യവും സഭയുടെ ഏകത്വവും

കത്തോലിക്കാസഭയിൽ വിവിധറീത്തുകൾ ഉണ്ടെന്നുള്ള വസ്തുത ആരേയും പറഞ്ഞറിയിക്കേണ്ടതില്ല. ലോകത്തിൽ ഇപ്പോൾ ആകെ 43,14,28,009 കത്തോലിക്കരുണ്ട്. * ഇവർ പലേ റീത്തുകളിലായി ചേർന്നിരിക്കുന്നു. ഇവരിൽ മഹാ ഭൂരിപക്ഷവും ലത്തീൻറീത്ത അനുവർത്തിക്കുന്നവരാണ്. എന്നാൽ റീത്തുകളുടെ ഈ വൈവിധ്യം കത്തോലിക്കസഭയുടെ ഏകത്വത്തെ ഭഞ്ജിക്കുന്നുണ്ടോ? ഇല്ല. ഒരേ വിശ്വാസം, ഒരേ ജ്ഞാനസ്നാനം, ഒരേ കൂദാശകൾ, ഒരേ വൈദിക പരമാദ്ധ്യക്ഷം എന്നിവയാൽ ഈ വിവിധറീത്തുകളുൾപ്പെട്ട കത്തോലിക്കസഭ ഏകമായി, അഭിന്നമായിത്തന്നെ വർത്തിക്കുന്നു.

---

* Catholic World Atlas എന്ന പ്രസിദ്ധീകരണത്തിൽനിന്നെടുത്തു. സത്യനാദം 1936 ജൂൺ 20-ാനു- പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്.

കേരളത്തിലെ റീത്തുകൾ

നമ്മുടെ കേരളത്തിലും സഭാമാതാവിൻെറ മഹത്വത്തിന്നും കേരളീയ കത്തോലിക്കരുടെ അഭിമാനത്തിന്നുമെന്നോണം ഒന്നിലധികം റീത്തുകൾ നാം കാണുന്നുണ്ട്. ഒന്നു പാശ്ചാത്യസമ്പ്രദായത്തിലുള്ള ലത്തീൻറീത്തു; ശേഷമുള്ളവ പൌരസ്ത്യരീതിയെ അനുവത്തിക്കുന്ന സുറിയാനിറീത്തുകൾ. ആദ്യം പറഞ്ഞ റീത്തിൽപ്പെട്ടവരുടെ ദേവാലയങ്ങളിൽ പാശ്ചാത്യരുടെ നോട്ടു് അനുസരിച്ചു ലത്തീൻഭാഷയിൽ ദൈവസ്തുതി പാടുന്നുവെങ്കിൽ, രണ്ടാമതു പറഞ്ഞവരുടെ ദേവാലയങ്ങളിൽ പൌരസ്ത്യരാഗം അനുസരിച്ചു പൌരസ്ത്യഭാഷയിൽ ദൈവസ്തുതി പാടുന്നു. ആരാധനാഭാഷ മുതലായ ചില കാൎയ്യങ്ങളിൽ ഈ റീത്തുകൾ തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ടെന്നേയുള്ളു. എന്നാൽ വിശ്വാസാദി വിഷയങ്ങളിൽ ഒരേ ഞെട്ടിലുണ്ടായ കായ്കളെപ്പോലെ ഏകരൂപമായിരിക്കുന്നു. ലത്തീൻകാരുടേയും സുറിയാനിക്കാരുടേയും റീത്തുകളുടെ ഈ നാനാത്വവും, ആരാധനാഭാഷയുടെ വ്യത്യാസവും സഭാമാതാവിന്നു ഒരു അലങ്കാരമായി മാത്രം പരിഗണിക്കപ്പേടേണ്ടതും പരിശീലിപ്പിക്കപ്പെടേണ്ടതുമാണു്.

കേരളത്തിലെ റീത്തിനെപ്പററിയുള്ള അഭിപ്രായങ്ങൾ

കേരളത്തിൻെറ ഒന്നാമത്തെ അപ്പോസ്തലൻ വിശുദ്ധ തോമസാണല്ലൊ. അദ്ദേഹം ഇവിടെ നടപ്പാക്കിയ റീത്തിനെപ്പററി വിവിധ അഭിപ്രായങ്ങളാണു് ഉള്ളതു്.

ശ്ലീഹന്മാൎക്കു ഭാഷാവരം ഉണ്ടായിരുന്നതായി വേദാഗമത്തിൽനിന്നുതന്നെ നാം അറിയുന്നു. (1) ആ സ്ഥിതിക്കു അവർ ഒരു നാട്ടിൽ ചെല്ലുമ്പോൾ തദ്ദേശഭാഷാജ്ഞാനത്തിൻെറ അഭാവംനിമിത്തം വിദേശഭാഷകളിൽ അവിടെ വേദകൎമ്മങ്ങൾ നടത്തി എന്നു വിചാരിക്കാൻ ന്യാ

(1) Act. Ch. II

യം കാണുന്നില്ല. സഭാചരിത്രകാരന്മാരുടെ അഭിപ്രായവും ഇങ്ങിനെതന്നെയാണ്. ഇതിനെപ്പററി 14-ാം ബെനഡിക്ററ് പാപ്പാ പറഞ്ഞിരിക്കുന്നതു ഇങ്ങിനെയാണു: "Those who are skilled in ecclesiastical history have shown sufficiently that the Apostles and their successors did not only preach but also celebrate the divine offices in the vulgar tongue of the people in whose land they preached the Gospel." (2) അപ്പോസ്തലന്മാരും അവരുടെ അനുയായികളും ഓരോ നാട്ടിൽ ആ നാട്ടുകാരുടെ ഭാഷകളിൽ സുവിശേഷം പ്രസംഗിക്കുക മാത്രമല്ല, ദിവ്യകർമ്മങ്ങൾ നടത്തുകകൂടി ചെയ്തുവെന്നു സഭാചരിത്രത്തിൽ പ്രാവീണ്യമുള്ളവർ വേണ്ടുവോളം തെളിയിച്ചിരിക്കുന്നു എന്നാണല്ലൊ ഇതിൻെറ സാരം.

"ഭൂമണ്ഡലത്തിൻെറ നാനാഭാഗങ്ങളിൽ സത്യവേദം പ്രസംഗിച്ച പ്രേഷിതരും, അവരുടെ പിൻഗാമികളായ വിശുദ്ധ പിതാക്കന്മാരും, ഓരോ ദേശങ്ങളിൽ അപ്പോൾ നടപ്പായിരുന്ന പ്രധാന ഭാഷകളിൽ മതബോധനം നടത്തി. അതേഭാഷയിൽത്തന്നെ പൂജ മുതലായ ദൈവാരാധനക്രമങ്ങൾ സ്ഥാപിക്കുകയും ചെയ്തു....ഈജിപ്തിൽ സുവിശേഷം പ്രസംഗിച്ചപ്പോൾ അവിടത്തെ ഭാഷയിലും, അർമ്മേനിയായിൽ പ്രസംഗിച്ചപ്പോൾ അർമ്മേനിയൻ ഭാഷയിലും പൂജ മുതലായ ദൈവാരാധനക്രമങ്ങൾ സ്ഥാപിക്കപ്പെട്ടു. ഇങ്ങനെ ഓരോ ദേശത്ത് അതതു ദേശത്തിൽ നടപ്പായിരുന്ന പ്രധാന ഭാഷകളിലാണു ആദ്യം ദൈവാരാധനക്രമം ഏർപ്പെടുത്തിയതെന്ന സംഗതി നിഷേധിക്കത്തക്കതല്ല." (3)

കേരളത്തിൽ ആദ്യമായി ക്രിസ്തുവേദം പ്രസംഗി

---

(2) Catholic Dictionary. p. 501.

(3) പ്രസിദ്ധാരാധന 27-ാംപുറം. (ക ദി. മൂ. സ. യൗസേപ്പു ഗീവർഗ്ഗീസ്ഗുരുസ്വാമിയാൽ വിരചിതമായതു്.)

ച്ച തോമ്മാ ശ്ലീഹാ ഇവിടെ ദ്രാവിഡഭാഷയിലാണ് ദൈവാരാധനക്രമങ്ങൾ നടത്തിയതെന്ന ഒരു അനുമാനമുണ്ട്. (4)

നാല്ല ശതാബ്ദങ്ങൾ കഴിഞ്ഞശേഷം ഇവിടെ വൈദികന്മാർക്കു ദൗർല്ലഭ്യം സംഭവിക്കയാൽ, പേർഷ്യ, ബാബിലോൺ എന്നീ രാജ്യങ്ങളിൽനിന്നു സുറിയാനിരീതിയിലുള്ള ദൈവാരാധനക്രമം അഭ്യസിച്ച വൈദികന്മാർ ഇവിടെ വന്നു ഭരണം നടത്താൻ ഇടയായതിനോട്ടുക്കൂടിയാണു ഇവിടെ സുറിയാനിരീതിയിൽ ദൈവാരാധനക്രമം നടപ്പായതെന്നും പക്ഷാന്തരമുണ്ട്. (5)

വി: തോമാശ്ലീഹാതന്നെയാണു ഇവിടെ സുറിയാനിരീതിയിൽ ദൈവാരാധന ക്രമങ്ങൾ നടപ്പാക്കീട്ടുള്ളതു എന്നും അഭിപ്രായമില്ലാതില്ല. (6)

ഈ സംഗതി ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയമല്ലാത്തതിനാൽ ഇതിനെപ്പററി ഇതിലധികമൊന്നും പറവാൻ വിചാരിക്കുന്നില്ല.

**ലത്തീൻറീത്തിന്റെ ആവിർഭാവം**

പതിനാറാം ശതാബ്ദത്തിൽ പൊർത്തുഗീസുകാർ വന്നപ്പോഴാണു ലത്തീൻറീത്തു കേരളത്തിൽ സുസ്ഥിരമായി സ്ഥാപിക്കപ്പെട്ടതെന്നുള്ളതു സുപ്രസിദ്ധമാണു. എന്നാൽ അതിന്നു മുമ്പും ചില അവസരങ്ങളിൽ ലത്തീൻ റീത്ത് കേരളത്തിൽ ആവിർഭവിച്ചിരുന്നതായിക്കാണുന്നുണ്ട്. ജോൺ ഓഫ് മോൺണ്ട് കോവ്വിനൊ (ക്രിസ്താബ്ദം 1291) പ്രയർ ജോർഡാന്തുസ് (ക്രിസ്താബ്ദം 1302) മുതലായ ലത്തീൻ മിഷ്യനറിമാർ കൊല്ലത്തും മററും സുവിശേഷവേല നടത്തുകയും, ലത്തീൻ റീത്ത് ഏർപ്പെടുത്തുകയും ചെയ്തു.

(4) Synopsis of the History of the Syrian Church in Malabar p. 1.

(5) India Orientalis Christiana (6) മാർത്തോമാ ക്രിസ്ത്യാനികൾ. 1: 13. 185.

ചീനത്തുനിന്നു മടങ്ങുംവഴി 1348-ാമാണ്ടിലെ ഹോസാന ഞായറാഴ്ച കൊല്ലത്തു വന്നുചേർന്ന ജോൺ മരീഞ്ഞോളി, (പാപ്പായുടെ ഒരു പ്രതിനിധി) കൊല്ലത്തു ലത്തീൻകാരുടെ വകയായി ജോർജ്ജ് പുണ്യവാന്റെ ഒരു പള്ളിയുണ്ടായിരുന്നു എന്നു രേഖപ്പെടുത്തീട്ടുമുണ്ട്. എന്നാൽ പുരാതന ചരിത്രങ്ങളിൽ അങ്ങിങ്ങായിക്കാണുന്ന ഈ ആദിമ ലത്തീൻകാരുടെ സ്ഥിതി, അനന്തര ശതാബ്ദങ്ങളിൽ എന്തായിത്തീർന്നുവെന്നു ചരിത്രകാരന്മാർ ഒന്നും ശരിയായി പറഞ്ഞുകാണുന്നില്ല. പോർത്തുഗീസുകാരുടെ കാലത്തു് സ്ഥാപിക്കപ്പെട്ട ലത്തീൻറീത്താകട്ടെ കേരള കത്തോലിക്കരുടെ ജനസംഖ്യയിൽ ഏതാണ്ടു പകുതിയോളം ഉള്ളടക്കിക്കൊണ്ടു് ഇന്നും പരിശോഭിക്കുന്നതിനാൽ അതാണു കേരളത്തിലെ ലത്തീൻറീത്തിന്റെ സംസ്ഥാപനമെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഈ ലത്തീൻ റീത്തിന്റെ ഉത്ഭവം ഇവിടത്തെ പുരാതനന്മാരായ തോമാക്രിസ്ത്യാനികളിൽനിന്നു തന്നെയായിരുന്നു.

മാനസാന്തരപ്പെട്ട സുറിയാനി റീത്തിൽ ലയിച്ചിട്ടുള്ളതുപോലെ, ലത്തീൻ റീത്തിലും ലയിച്ചിട്ടുണ്ടെന്നുള്ളതു് നിസ്തർക്കമാണു. സർവ്വജാതികൾക്കും സദാ സ്വാഗതം ആശംസിക്കുന്ന ക്രീസ്തുവിന്റെ സാർവ്വത്രികസഭയുടെ അവയവങ്ങളാകുന്ന മേല്പറഞ്ഞ റീത്തുകൾക്കു ഈ വാസ്തവം അഭിമാനകരമായിരിക്കുന്നുവെന്നല്ലാതെ, അതു ആ റീത്തുകാരായ ജനതയുടെ പൗരാണികത്വത്തേയോ ചരിത്ര മാഹാത്മ്യത്തേയൊ ഹനിക്കുന്നതല്ലല്ലോ.

പൊർത്തുഗീസുകാർ ഇവിടെ വന്ന അവസരത്തിൽ കേരളീയ ക്രിസ്ത്യാനികളുടെ മതാദ്ധ്യക്ഷനായിരുന്ന അബൂന യാക്കോബു മെത്രാന്റെ സഹായത്താൽ ഒരു ഗണം ക്രിസ്ത്യാനികൾ—അന്നുണ്ടായിരുന്നവരിൽ പ്രമുഖന്മാരായിരുന്ന ഒരു ഗണം ക്രിസ്ത്യാനികൾ—ലത്തീൻരീതി സ്വീകരിച്ചു ലത്തീൻകാരായി.

? 

മാർ യാക്കോബ് കൽദായ സുറിയാനി മെത്രാനായിരുന്നു.

ഇതിനെതിരായ അഭിപ്രായവും ആ അഭിപ്രായങ്ങളെ പിന്താങ്ങുന്ന ചില പ്രസ്താവനകളും ഉണ്ട് എന്നിതു ഇവിടെ വിസ്മരിക്കുന്നില്ല. ഈ പ്രസ്താവനകളെ ശ്രദ്ധാപൂർവ്വം... കക്ഷമായി പരിശോധിച്ചതിൽ അവയൊക്കെയും തെററിദ്ധാരണകളിൽനിന്നു ഉണ്ടായിട്ടുള്ളതാണെന്നു സ്പഷ്ടമായിരിക്കുന്നു. എന്നാൽ കേരളത്തിലെ ആദിമ ക്രിസ്ത്യാനികളിൽനിന്നും പിൽക്കാലത്ത് ലത്തീൻ റീത്ത് സ്വീകരിച്ചു പിരിഞ്ഞുപോയവരുടെ സന്താനപരമ്പരയിൽ പെട്ടവരാണ് തങ്ങളെന്ന്, ലത്തീൻ റീത്തുകാരിൽ ഇന്നും പ്രബലമായി നിന്നുപോരുന്ന പാരമ്പര്യ വിശ്വാസത്തിന്നു അടിസ്ഥാനമായി അനിഷേധ്യങ്ങളായ പല രേഖകളും ഉണ്ട്. അതിനാൽ ഈ ഒടുവിൽ പറഞ്ഞ സംഗതി സമർത്ഥിച്ചതിന്മേൽ, ആദ്യം പറഞ്ഞ പ്രസ്താവനകളിലുള്ള ആബദ്ധ്യം എത്രകണ്ടുണ്ടെന്നു തെളിയിക്കാമെന്നു കരുതുന്നു.

# അദ്ധ്യായം ൨

പൊൎത്തുഗീസുകാരുടെ വരവിനുമുമ്പു കേരളീയ ക്രിസ്ത്യാനികളുടെ സ്ഥിതി—പൊൎത്തുഗീസുകാരുടെ പുറപ്പാട്—പൊൎത്തുഗീസുകാർ കോഴിക്കോട്ടു എത്തുന്നു—പൊൎത്തുഗീസുകാരുടെ രണ്ടാമത്തെ വരവും യുദ്ധവും—പൊൎത്തുഗീസുകാർ കൊച്ചിയിൽ വരുന്നു—കൊച്ചീ രാജാവിൻെറ അന്നത്തെ സ്ഥിതി.

പൊൎത്തുഗീസുകാരുടെ വരവിനു മുമ്പു കേരളീയക്രിസ്ത്യാനികളുടെ സ്ഥിതി

പൊർത്തുഗീസുകാർ ഇവിടെ വന്ന അവസരത്തിൽ ക്രിസ്ത്യാനികളുടെ സാമുദായിക സ്ഥിതി വിഷമതരവും മതപരമായ നില പരിതാപകരവുമായിരുന്നു എന്നതിനെ ആരും വിസംവദിക്കുമെന്നു തോന്നുന്നില്ല. അറബികളായ മഹമ്മദീയ കച്ചവടക്കാരുടെ പ്രാബല്യം കേരളമൊട്ടുക്കും അന്ന് ദൃഢമൂലമായിരുന്നു. കൊച്ചീ രാജ്യത്തെക്കൂടി കീഴമർത്തിയിരുന്ന സാമൂതിരി, മഹമ്മദീയരുടെ പക്ഷത്തായിരുന്നുതാനും. പൊർത്തുഗീസുകാർക്കു സാമൂതിരിയുടെ അനുമതി കിട്ടിയിട്ടുകൂടെയും മഹമ്മദീയരുടെ ശല്യംനിമിത്തം കോഴിക്കോട്ടു കഴിച്ചുകൂട്ടുക അവർക്കു വിഷമമായിരുന്നുവെന്നു കേൾക്കുമ്പോൾ, മഹമ്മദീയരുടെ അന്നത്തെ ശക്തി ഏതാണ്ട് മനസ്സിലാക്കാമല്ലൊ. ഇങ്ങനെ പ്രബലന്മാരായിരുന്ന മഹമ്മദീയരും, അവരെ ഒഴിച്ചാൽ പ്രബലരായ ഹിന്ദുക്കളും അക്കാലം ക്രിസ്ത്യാനികളോടു വർത്തിച്ചിരുന്നതു് എങ്ങനെയാണെന്നും, ക്രിസ്ത്യാനികളുടെ മതാ

ത്മകമായ അന്നത്തെ നില എന്തായിരുന്നുവെന്നു, ഡിഗാമ എന്ന പൊത്തുഗീസു കപ്പിത്താന്റെ അടുക്കൽ, അന്നത്തെ ക്രൈസ്തവകേന്ദ്രമായ കൊടുങ്ങല്ലൂർനിന്നു ക്രിസ്ത്യാനികളുടെ ഏതാനും പ്രതിനിധികൾ ചെന്നു ബോധിപ്പിച്ച വാക്കുകൾ വിശദമാക്കുന്നുണ്ട്. തങ്ങൾ ഹിന്ദുക്കളുടേയും മഹമ്മദീയരുടേയും മദ്ധ്യേ പാർക്കുന്നതിനാൽ, അവർ തങ്ങളെ അത്യന്തം പീഡിപ്പിച്ചു വരുന്നുവെന്നും, ക്രിസ്തുമതത്തിന്റെ അവശേഷങ്ങൾ നിശ്ശേഷം നശിച്ചുപോകാതിരിക്കാൻവേണ്ടി ആ അവിശ്വാസികളിൽനിന്നു ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ചു തങ്ങളെ രക്ഷിക്കേണമെന്നുമാണ് അവർ പൊത്തുഗീസു കപ്പിത്താനോടപേക്ഷിച്ചതു്. താഴെ ചേർക്കുന്ന ചരിത്രപ്രസ്താവങ്ങൾകൂടി വായിക്കുമ്പോൾ അന്നത്തെ ക്രിസ്ത്യാനികളുടെ മതാത്മകമായ സ്ഥിതി സ്പഷ്ടമാകുന്നതാണ്.

"മലയാളത്തിലെ ക്രിസ്ത്യാനി സമുദായക്കാരുടെ ഇടയിലേയ്ക്കു് തുലോം പൂർവ്വകാലംമുതൽ അർമ്മേന്യപാത്രിയർക്കു "മനിഷ്പങ്ങ"ളെ അയച്ചുകൊണ്ടിരിക്കുക പതിവായിരുന്നു. എന്നാൽ ഈ (മനിഷ്പങ്ങളായ) മെത്രാന്മാർ വലിയ ദ്രവ്യാഗ്രഹികളായിരുന്നതിനാൽ തങ്ങൾ അയക്കപ്പെട്ടിരിക്കുന്നതു ദൈവമഹത്വത്തിനെന്നതിനേക്കാൾ ധനസമ്പാദനത്തിന്നായിട്ടാണെന്നു വിചാരിക്കുകയാണുണ്ടായതു്. അതിനാൽ അവർ ജ്ഞാനസ്നാനപ്പെടുത്തുന്നതിന്നുകൂടെയും പ്രതിഫലം വാങ്ങിയിരുന്നു. എന്നാൽ ജനങ്ങൾ നിർദ്ധനരായിരുന്നതിനാൽ തുലോം ചുരുക്കം പേർ മാത്രമെ ജ്ഞാനസ്നാനം കൈക്കൊണ്ടിരുന്നുള്ളു. ഇതു കൂടാതെ വലിയ സംഖ്യ കിട്ടിയാൽ മാത്രമല്ലാതെ അവർ യാതൊരാളേയും പട്ടക്കാരനായി അഭിഷേകം ചെയ്തിരുന്നതുമില്ല. അതിലും വിശേഷിച്ചു്, പള്ളികളിൽ ദിവ്യജപോച്ചാരണം ചെയ്യാൻ

പോലും, ഇവരാൽ അഭ്യസിപ്പിക്കപ്പെട്ടിരുന്ന ആളുകൾ വളരെ ദുർല്ലഭമായിരുന്നു. (7) അൽബുക്കെർക്ക് എന്ന പോർത്തുഗീസ് ദേശാധിപൻ 1504-ൽ സീയ്യൻക്രിസ്ത്യാനികളുടെ ഇടയിൽ സത്യവിശ്വാസകർമ്മങ്ങൾ പരിശീലിപ്പിക്കാൻ റൊദ്രീഗോ എന്ന ഒരു സന്യാസ വൈദികനെ ഏർപ്പാടു ചെയ്തുവെന്നും, അദ്ദേഹം മുപ്പതും നാല്പതും വയസ്സുള്ള വളരെപ്പേരെ ജ്ഞാനസ്നാനപ്പെടുത്തിയെന്നും, ജ്ഞാനസ്നാനത്തെക്കുറിച്ചുള്ള സ്മരണപോലും ആ നാളുകളിൽ ഇല്ലാതിരുന്നതാണ് ഇതിന്നു കാരണമെന്നും (8) കാണുന്നുണ്ടു്. പൊർത്തുഗീസു മിഷ്യനറിമാർ ഇവിടെ വന്നപ്പോൾ "നാട്ടുക്രിസ്ത്യാനികളുടെ ഇടയിൽ ചെയ്യേണ്ടിയിരുന്നതു് (വിഗ്രഹാരാധനക്കാർ, മഹമ്മദീയർ ആദിയായ മററുള്ളവരുടെ ഇടയിൽ) ചെയ്യേണ്ടിയിരുന്നതിനെക്കാൾ ഒട്ടും കുറവായിരുന്നില്ല. ഈ ക്രിസ്ത്യാനികൾ സഭയുടെ ആത്മിക ഭവനങ്ങളുടെ ജീർണ്ണാവശിഷ്ടങ്ങളെന്നു പറവാൻ തക്കവരായിരുന്നു. അത്ര അല്പമായിട്ടുമാത്രമാണ് നമ്മുടെ വിശിഷ്ടമതത്തിന്റെ അവശിഷ്ടങ്ങൾ വല്ലതും അവരുടെ ഇടയിൽശേഷിച്ചിരുന്നതു്."(9)

ഇവിടത്തെ സീയ്യൻ ഹയറാർക്കിസ്ഥാപനം സംബന്ധിച്ചു 11-ാം പീയൂസ് മാർപ്പാപ്പാ പുറപ്പെടുവിച്ച തിരുവെഴുത്തിലെ ഒരു ഖണ്ഡം കൂടി ഉദ്ധരിച്ചിട്ടു ഈ ഭാഗം ഉപസംഹരിക്കാം. "16-ാം നൂററാണ്ടിൽ ഇന്ത്യയിൽ വന്ന മിഷ്യനറിമാർ തങ്ങൾ വിതച്ച ദൈവവചനത്തെ കൈക്കൊള്ളുന്നതിന്നു വളരെ പററിയ നല്ല ഭൂമി

---

(7) ജോൺ ദെ ബാറോസ് എന്ന ദേഹം എഴുതിയ "ആസ്യ" എന്ന ഗ്രന്ഥത്തിൽ നിന്നെടുത്തിട്ടുള്ളതു. ("ചില വിശദീകരണങ്ങൾ" P-5)

(8) മഹാനായ അഫ്ലോൻസൊ അൽബുക്കർക്കിന്റെ വ്യാഖ്യാനങ്ങൾ 1774-ലെ മൂന്നാം പതിപ്പു ൧-ാം പുസ്തകം അഞ്ചാം അദ്ധ്യായം 19-20. വാക്യങ്ങൾ. ("ചില വിശദീകരണങ്ങൾ" P-7.)

(9) Padre Francisco Xavier Vol. 1 P. 101—107.

ക്രിസ്തീയവിശ്വാസത്തെ ക്ഷയോന്മുഖമായിട്ടെങ്കിലും, സൂക്ഷിച്ചിരുന്ന മലങ്കരനിവാസികളുടെ ഇടയിൽ കണ്ടെത്തി" എന്നും മററുമാണല്ലൊ ആ തിരുവെഴുത്തിന്റെ പ്രസിദ്ധീകൃതമായ ഭാഷാന്തരത്തിൽത്തന്നെ പറഞ്ഞിരിക്കുന്നതു്. ഇത്രയും പറഞ്ഞതിൽനിന്നു പൊത്തുഗീസുകാർ വന്നപ്പോഴും അതിന്നു മുമ്പും ഇവിടത്തെ ക്രിസ്ത്യാനികളുടെ സ്ഥിതി എന്തായിരുന്നുവെന്നു ഏതാണ്ടു സ്പഷ്ടമായി എന്നു കരുതുന്നു.

പൊത്തുഗീസുകാരുടെ പുറപ്പാടു്

പൊത്തുഗൽ, സ്പെയിൻ എന്നീ യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയിലേക്കുള്ള കടൽ വഴി കണ്ടുപിടിക്കാൻ വീണ്ടും ശ്രമം തുടങ്ങിയ ഒരു കാലഘട്ടമായിരുന്നു അതു്. പ്രസിദ്ധ പൊത്തുഗീസു നാവികനായ വാസ്ക്കോഡിഗാമ 1497-ൽ ഇന്ത്യയിലേയ്ക്കു് പുറപ്പെട്ടുകയായി. ഈ യാത്രയ്ക്കുവേണ്ടി നാലു കപ്പലുകൾ പ്രത്യേകം പണിയിച്ചിരുന്നു. അവയിൽ ഒന്നിന്നു വിശുദ്ധ ഗാബ്രിയേൽ ദൂതന്റെയും, മറെറാന്നിനു വിശുദ്ധ റാഫയേൽ ദൂതന്റെയും നാമങ്ങളാണു കൊടുത്തിരുന്നതു്. വാസ്ക്കോഡിഗാമ മേല്പറഞ്ഞ വത്സരം മാർച്ച് 25-ാംനു- 170 ആളുകളൊന്നിച്ചു ദിവ്യപൂജ കണ്ടു പരിശുദ്ധ കുർബ്ബാനയും സ്വീകരിച്ചു ലിസ്ബണിൽനിന്നു ഇന്ത്യയിലേക്കു കപ്പൽകയറി. ഇവരുടെ സഞ്ചാരത്തിന്റെ പ്രധാന ഉദ്ദേശ്യം വാണിജ്യപരമായിരുന്നുവെങ്കിലും യുക്തമെന്നു തോന്നുന്ന സ്ഥലങ്ങളിൽ രക്ഷയുടെ അടയാളമായ കുരിശു സ്ഥാപിക്കാൻ അമാന്തിക്കരുതെന്ന ഒരു ശാസനം പൊത്തുഗൽ രാജാവു അവർക്കു നൽകിയിരുന്നു. അതനുസരിച്ചു യാത്രാമദ്ധ്യേ ആറു സ്ഥലത്തു കുരിശു സ്ഥാപിച്ചതായി കാണുന്നുണ്ടു്.

ഗാമായും കൂട്ടരും 1498-ൽ കോഴിക്കോട്ടു വന്നു ചേർന്നു. അക്കാലം കോഴിക്കോട്ടു, ഹിന്ദുക്കളും, മഹമ്മദീയരും, യൂദന്മാരും, ക്രിസ്ത്യാനികളും അധിവസിക്കു

പൊൎത്തുഗീസുകാർ കോഴിക്കോട്ടെത്തിയത്

ന്നുണ്ടായിരുന്നു. അറേബിയൻ കച്ചവടക്കാരായ മഹമ്മദീയർക്കു ഇവിടെ വലിയ പ്രാബല്യം സിദ്ധിച്ചിരുന്നുവെന്നും അവർ ക്രിസ്ത്യാനികളുടെ ബദ്ധശത്രുക്കളായിരുന്നുവെന്നും മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ക്രിസ്ത്യാനികളും ധനശക്തിയുള്ള കച്ചവടക്കാരുമായ പൊൎത്തുഗീസുകാരുടെ ഈ ആഗമനം തങ്ങൾക്കു ഒരു ധൂമകേതുവിൻെറ ഉദയം തന്നെയാണെന്നു മഹമ്മദീയർ മനസ്സിലാക്കിയതിൽ അത്ഭുതപ്പെടുവാനില്ല. അവർ പൊൎത്തുഗീസുകാർക്കു പാട്ടുള്ള പ്രതിബന്ധങ്ങൾ എല്ലാം ഉണ്ടാക്കാൻ നോക്കി. എങ്കിലും ഗാമായ്ക്കും കൂട്ടർക്കും സാമൂതിരിപ്പാടുമായി കണ്ടു സംസാരിക്കാൻ സംഗതിയാവുകയും, കോഴിക്കോട്ടു ഒരു പാണ്ടികശാല ഏർപ്പെടുത്തിക്കൊള്ളാൻ അവർ സാമൂതിരിയുടെ അനുമതി നേടുകയും ചെയ്തു. അതുയൊക്കെയായിട്ടും, മഹമ്മദീയർ സാമൂതിരിപ്പാട്ടിലെ കാൎയ്യസ്ഥന്മാർക്കു കൈക്കാണം കൊടുത്തും മററും പൊൎത്തുഗീസുകാർക്കു ശല്യം ഉണ്ടാക്കാതിരുന്നില്ല. കുറേ നാളിന്നകം വേണ്ട ചരക്കുകൾ ശേഖരിച്ചു ഗാമാ സ്വദേശത്തേയ്ക്കു തിരിച്ചു.

പൊൎത്തുഗീസുകാരുടെ രണ്ടാമത്തെ വരവും യുദ്ധവും

വാസ്കോഡിഗാമാ കോഴിക്കോട്ടുനിന്നു കൊണ്ടുചെന്ന ചരക്കുകൾ വിററുകിട്ടിയ ആദായം കണ്ടപ്പോൾ പൊൎത്തുഗൽ രാജാവിന്നു വലിയ സന്തോഷമായി. അതിനാൽ 1500-ാമാണ്ടിൽ 1200ആളുകളോടുകൂടെ പെഡ്രോ ആൽവരേസ് കബ്രാളിൻെറ നേതൃത്വത്തിൽ പതിമൂന്നു കപ്പലുകൾ ഇന്ത്യയിലേയ്ക്കു അയക്കപ്പെട്ടു. ആ കൊല്ലം ആഗസ്ററ് മാസത്തിൽ അവർ കോഴിക്കോട്ടു വന്നുചേർന്നു. കബ്രാൾ സാമൂതിരിപ്പാടിനെക്കണ്ടു വിലയേറിയ പല കാഴ്ചകൾ സമർപ്പിച്ചശേഷം ഒരുടമ്പടി ചെയ്തു. അനന്തരം ഒരു പാണ്ടികശാല പണിയിച്ചു 50

പൊത്തുഗീസുകാരെ അവിടെ പാർപ്പിക്കുകയുമുണ്ടായി. എന്നിട്ടും മഹമ്മദീയരുടെ ശല്യം ശമിച്ചില്ല. മാത്രമല്ലാ, പൊത്തുഗീസുകാർ എത്ര ശ്രമിച്ചിട്ടും അവർക്കു ചരക്കുകൾ കിട്ടാതെയുമായി. വിവരം സാമൂതിരിയെ അറിയിച്ചതിൽ ഫലമൊന്നുമുണ്ടായതുമില്ല. ഒടുവിൽ മഹമ്മദീയരുടെ ചരക്കുകൾ കയററി തുറമുഖത്തിട്ടിരുന്ന ഒരു കപ്പൽ കബ്രാൾ ബലമായി പിടിച്ചെടുത്തു. ഇതു കണ്ടപ്പോൾ മഹമ്മദീയർ കോപാന്ധന്മാരായി, അവരും നായന്മാരും ഒന്നുചേർന്നു പൊത്തുഗീസ് പാണ്ടികശാല വളഞ്ഞു അവിടെയുണ്ടായിരുന്ന യൂറോപ്യന്മാരിൽ നാല്പതുപേരെ വധിച്ചു. കൂടാതെ തെരുവിൽ കണ്ടെത്തിയ പൊത്തുഗീസുകാരെയെല്ലാം കൊല്ലുവാനും കിട്ടുന്നതൊക്കെ കൊള്ളചെയ്യാനും തുടങ്ങി. ഈ പ്രവൃത്തിക്കു ഉടനെ സമാധാനം പറയണമെന്നായി കബ്രാൾ. ഒരു ദിവസം പാത്തിരുന്നിട്ടും സമാധാനമില്ലെന്നു കണ്ടപ്പോൾ, കബ്രാൾ കപ്പലുകളെല്ലാം പട്ടണത്തിന്നു നേരെ കൊണ്ടുവന്നു വലിയ തോക്കൊഴിക്കാൻ തുടങ്ങി. ഒരു പകൽ മുഴവനും ഇങ്ങിനെ വെടിയുണ്ടകൾ വഷിച്ചതിനാൽ, പട്ടണത്തിൽ പലനാശങ്ങളും സംഭവിച്ചതിന്നു പുറമെ 600 പേർക്കു പ്രാണാപായവും നേരിട്ടു. കബ്രാൾ ഇതു കഴിഞ്ഞു സാമൂതിരിയുടെ ചരക്കുകൾ കയററി ഇട്ടിരുന്ന പത്തു കപ്പലുകളും പിടിച്ചെടുത്തുകൊണ്ടു കൊച്ചിയിലേയ്ക്കു പുറപ്പെടുകയായി.

**പൊർത്തുഗീസുകാർ കൊച്ചിയിൽ വന്നതു്**

1500 ഡിസമ്പർ 24-ാംനു- കബ്രാളിൻെറ നാവികസംഘം കൊച്ചിയിൽ വന്നുചേർന്നു. കൊച്ചീരാജാവിനെ വിവരം അറിയിക്കാൻ കബ്രാൾ തൻെറ കൂടെയുണ്ടായിരുന്ന കൊടുങ്ങല്ലൂക്കാരൻ ഒരു ക്രിസ്ത്യാനിയേയും ഒരു യൂറോപ്യനേയും രാജസന്നിധിയിലേയ്ക്കു അയച്ചു. അന്നു കൊച്ചീരാജ്യം വാണിരുന്ന രാജാവിൻെറ പേരു് ഉണ്ണി

രാമൻ കോയിൽ എന്നായിരുന്നു. * കബ്രാളിന്റെ ദൂതന്മാർ രാജസന്നിധിൽ ചെന്നു് പൊൎത്തുഗീസുകാർ വന്നിരിക്കുന്ന വിവരവും, കോഴിക്കോട്ടു നടന്ന സംഭവങ്ങളും രാജാവിനെ ധരിപ്പിച്ചു. പൊൎത്തുഗീസുകാർ കച്ചവടം ഉദ്ദേശിച്ചു വന്നവരാണെന്നും അവർ രാജാവിനെ മനസ്സിലാക്കി. രാജാവു പൊൎത്തുഗീസുകാരോടു വലിയ ആദരം കാണിച്ചു. കുരുമുളകു്, ഏലക്കായു്, കറുവാ മുതലായ സാമാനങ്ങൾ വിലകൊടുത്തോ പകരം ചരക്കു കൊടുത്തോ തന്റെ രാജ്യക്കാരോടു വാങ്ങിക്കൊള്ളാൻ രാജാവു അനുമതി കൊടുക്കയും ചെയ്തു. അനന്തരം കബ്രാൾ കൊച്ചീരാജാവിന്നു ചില കാഴ്ചകൾ സമർപ്പിച്ചു. x

കൊച്ചീരാജാവിന്റെ അന്നത്തെ സ്ഥിതി

അന്നു കൊച്ചീ രാജ്യത്തിനോ കൊച്ചീ രാജാവിനോ ഇന്നു കാണുന്ന പ്രഭാവമൊന്നും ഉണ്ടായിരുന്നില്ല. കൊച്ചീരാജാവിന്റെ അന്നത്തെ സ്ഥിതിയേപ്പററി ഒരു ചരിത്രകാരൻ പറയുന്നതു ഇങ്ങിനെയാണു്:— കൊ

---

* "ഉണ്ണി ഗോദവർമ്മൻ കോയിൽ തിരുമുൽപ്പാടു" എന്നായിരുന്നെന്നും പറഞ്ഞുകാണുന്നുണ്ടു്.

x 1. വെള്ളം എടുത്തു കൈ കഴുകുന്നതിന്നുള്ള ഒരു വെള്ളിക്കുഴികിണ്ണത്തിൽ നിറച്ചു മഞ്ഞപ്പൊടി.

2. മൂരലില്ലാത്ത ഒരു വെള്ളിക്കിണ്ടിയിൽ നിറച്ചു പനിനീർ.

3. കുറേ പവിഴക്കൊടി.

4. ഫ്ലാൻഡേർസു് രാജ്യത്തുണ്ടാക്കുന്ന നാലു ചതിരക്കുപ്പികൾ. ഇതിൽ ഓരോന്നിലും പതുപ്പത്തു കുപ്പി സുഗന്ധതൈലം നിറച്ചിരുന്നു.

5. ഒരു കുത്തു ഏററവും വിലപിടിച്ച ചുമന്ന വില്ലീസ്.

6. ഒരു കുത്തു് ചുമന്ന വില്ലീസിന്മേൽ ഉണ്ടാക്കിയ സൂക്ഷ്മപടം, അല്ലെങ്കിൽ സൂക്ഷ്മകാന്തിപ്പട്ടു്.

7. ഒരുകെട്ടു ഉരുണ്ട പവിഴം.

8. പലതരത്തിലുള്ള വിശേഷപ്പെട്ട തൊപ്പികളും പിച്ചാങ്കത്തി ഉറകളും എന്നിവയാണു അന്നു സമർപ്പിച്ചതു.

കൊച്ചീരാജ്യചരിത്രം 1—11—236.

ച്ചിരാജാവിന്നു വളരെ ചെറുതായ ഒരു രാജ്യമേയുണ്ടായിരുന്നുള്ളു. പൊത്തുഗീസുകാരുടെ ആഗമനത്തിനുമുമ്പു അദ്ദേഹത്തെ ഒരു രാജാവായി ഗണിക്കുകതന്നെയുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ കോഴിക്കോട്ടു രാജാക്കന്മാർ സ്ഥാനാരോഹണം ചെയ്താൽ ഉടനെ കൊച്ചിയിൽ വന്നു അവിടത്തെ രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി രാജ്യം കൈവശപ്പെടുത്തിയശേഷം, വീണ്ടും ആയാൾക്കുതന്നെ ആജീവനാന്തം അനുഭവിക്കാൻ രാജ്യം തിരിയെ കൊടുക്കും. ഇതു കോഴിക്കോട്ടു രാജാക്കന്മാർ ഒരു നിയമമായി ആചരിച്ചിരുന്നു. കൊച്ചീ രാജാക്കന്മാർ അവർക്കു ആനകളെ കപ്പമായി കൊടുക്കും. കോഴിക്കോട്ടുരാജാക്കന്മാർ അതു വാങ്ങിക്കൊണ്ടു മടങ്ങിപ്പോകുകയും ചെയ്യും. കൊച്ചീരാജാവിന്നു നാണയം അടിക്കാനുള്ള അധികാരമൊ, കോവിലകം ഓടു മേയുന്നതിന്നുള്ള അവകാശമോ ഉണ്ടായിരുന്നില്ല. അനർഹമായ ഈവക കാര്യങ്ങളിൽ ഏതെങ്കിലും ചെയ്താൽ അവരെ സാമൂതിരി സിംഹാസനഭ്രഷ്ടരാക്കിക്കളയുമായിരുന്നു. (10) ക്രിസ്ത്യാനികളായ പൊത്തുഗീസുകാരുടേയും അവരുടെ മതസ്ഥരായി കൊച്ചിയിലുണ്ടായിരുന്ന ക്രിസ്ത്യാനികളുടേയും സഹായസഹകരണങ്ങൾകൊണ്ടു കൊച്ചീരാജ്യത്തിന്നു മേല്പറഞ്ഞ ദുരവസ്ഥയിൽനിന്നു സിദ്ധിച്ച പ്രത്യുദ്ധാരണവും, പൊത്തുഗീസാധിപത്യകാലത്തു് കൊച്ചീരാജ്യത്തിന്നു സിദ്ധിച്ച ഉൽക്കർഷവും സ്വാതന്ത്ര്യവും ചരിത്രപഠിതാക്കളെ പറഞ്ഞറിയിക്കേണ്ടതില്ലല്ലൊ.

---

(10) Duarte Barbosa P. 157.

# അദ്ധ്യായം ൩

ക്രിസ്ത്യാനികൾ പൊർത്തുഗീസുകാരോടു സഹകരിക്കുന്നു—മൂന്നു കൂട്ടർക്കും അഭിലഷണീയമായിരുന്ന ഒരു സഖ്യം—ക്രിസ്ത്യാനികൾ തങ്ങളുടെ സംരക്ഷാഭാരം പൊർത്തുഗീസുകാരെ ഏല്പിക്കുന്നു—ക്രിസ്ത്യാനികൾ പൊർത്തുഗീസുകാരോടു ചേർന്നു കൊച്ചിരാജ്യത്തിനു വേണ്ടി യുദ്ധംചെയ്യുന്നു.

ക്രിസ്ത്യാനികൾ പൊർത്തുഗീസുകാരെ സഹകരിച്ചതു്

പൊർത്തുഗീസുകാർ വന്ന അവസരത്തിൽ ഇവിടെ വളരെ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. അവർ അന്നു കേരളത്തിലേയ്ക്കും ഏററം സമർത്ഥന്മാരായ പടയാളികളുമായിരുന്നു. (11) മാന്യരായ ജനങ്ങളെ അന്നു നായന്മാരെന്നു വിളിച്ചിരുന്നതനുസരിച്ചു് (12) ഈ പേരു ക്രിസ്ത്യാനികൾക്കും പറഞ്ഞുപോന്നിരുന്നു. പടയാളികൾ എന്ന അർത്ഥത്തിലും നായന്മാർ എന്ന പദം ഇവക്കു ഉപയോഗിച്ചിട്ടുണ്ടു. (13) അങ്ങനെ മാന്യന്മാ

---

(11) P. F. D'Souza; Oriente Conquistado.

(12) Gaspar Correa Lendas da India 11-75-55. 6.

(13) Rev; H· Gundert D. Ph.— Page 543 നായർ — soldiers of all castes—Trav. Kolatt. Tam. and Cochi are said to have each 350,000 Nayars·

നായർ എന്നപദത്തിന്നു എല്ലാ ജാതിക്കാരുമായ പടയാളികൾ എന്നാണല്ലോ ഇവിടെ പറയുന്ന അർത്ഥം. പൂർവ്വകാലങ്ങളിൽ ഈ അർത്ഥം ആ പദത്തിനുണ്ടായിരുന്നു. പടയാളികളുടെ ജാതിതിരിച്ചു പറയുന്ന സന്ദർഭങ്ങളിൽ നായർ പദം ഒരു പ്രത്യേക ജാതിയിൽപ്പെട്ട പടയാളികളെ കുറിക്കുന്നതിന്നായിട്ടാണു് ആധുനിക ചരിത്രകാരന്മാർ ഉപയോഗിക്കുന്നതു്·

രും രണശൂരന്മാരുമായ ഈ ക്രിസ്ത്യാനികളെക്കൊണ്ടു
പൊർത്തുഗീസുകാർക്കു വലിയ ഉപകാരം സിദ്ധിച്ചിരുന്നു.
പൊർത്തുഗീസുകാർ പാണ്ടികശാലകൾ പണിയിച്ചു ചര
ക്കുകൾ ശേഖരിച്ചപ്പോൾ ശത്രുക്കൾ ആക്രമിക്കാതിരി
ക്കാൻ വിശ്വസ്തന്മാരും സമർത്ഥന്മാരുമായ ഏതാനും കാ
വൽക്കാർ അവർക്കു ആവശ്യമായിത്തീർന്നു. ഈ കാവൽ
ക്കാർ ക്രിസ്ത്യാനികളായിരുന്നു എന്നാണു് പറയപ്പെട്ടു
ന്നതു്. (14) പൊർത്തുഗീസുകാരുടെ കച്ചവടം കൊച്ചിയിൽ
അഭിവൃദ്ധിയും സ്ഥൈര്യവും പ്രാപിച്ചിരുന്നതു കണ്ടിട്ടു അ
ന്നവരെ വണിഗ്വരന്മാരായിക്കഴിഞ്ഞിരുന്ന മഹമ്മദീയ
ർക്കു അസൂയ വർദ്ധിച്ചു. അവർ പോർത്തുഗീസുകാരെ പല
വിധത്തിലും ദ്രോഹിക്കാൻ ശ്രമിച്ചു. ഈ ആക്രമണം ഒ
ട്ടും നിസ്സാരമായിരുന്നില്ല. എങ്കിലും പൊർത്തുഗീസുകാരു
ടെ കാവൽക്കാരായിരുന്ന പടയാളികളുടെ സഹായം
നിമിത്തം വലിയ നഷ്ടത്തിന്നിടയാകാതെ കഴിഞ്ഞു. (15)

മൂന്നുകൂട്ടർക്കും അഭിലഷണീയമായ ഒരു സഖ്യം

സാമൂതിരിയുടെ രാജ്യത്തുനിന്നു കബ്രാളിന്നുനേരിട്ട
ശല്യങ്ങൾ കേട്ടു പൊർത്തുഗൽ രാജാവു വള
രെ കോപിച്ചു അതിന്നു പ്രതികാരം ചെ
യ്യാനായി 15 കപ്പലുകളോടും 800 ഭടന്മാ
രോടുംകൂടി വാസ്കോഡിഗാമയെ വീണ്ടും
കോഴിക്കോട്ടെയ്ക്കു അയച്ചു. ഗാമ ആ യാത്രയിൽ കോഴി
ക്കോട്ടുനിന്നു തിരിച്ചു കൊച്ചിയിൽ എത്തിയപ്പോൾ ഇ
വിടെയും പൊർത്തുഗീസുകാർക്കു മഹമ്മദീയരിൽനിന്നു ഉ
പദ്രവങ്ങൾ നേരിട്ടിരുന്നുവെന്നു അറിഞ്ഞു. അദ്ദേഹം
കൊച്ചീരാജാവിനേയും ആ വിപൽസന്ധിയിൽ പൊ
ർത്തുഗീസുകാരെ സഹായിച്ച ക്രിസ്ത്യാനികളേയും അത്യ
ന്തം അഭിനന്ദിച്ചു. ഗാമാ അടുത്തദിവസംതന്നെ കൊ

(14) Gaspar Correa Lendas da India-251.

(15) ,, ,, 254 (ഭടന്മാരെ അന്നു നായന്മാർ എന്നാണല്ലോ വിളിച്ചിരുന്നതു്.)



H. E. Leo Peter Kierkels C. P.
Delegate Apostolic of the
East Indies.

ച്ചീരാജാവുമായിക്കണ്ടു പൊൎത്തുഗൽ രാജാവു കൊടുത്ത യച്ചിരുന്ന് സ്വൎണ്ണക്കിരീടം വിശേഷതരമായ കണ്ഠാഭരണം മുതലായ സമ്മാനങ്ങളും, ലിഖിതവും രാജാവിന്നു സമൎപ്പിക്കുകയും ഒരു ഉടമ്പടി ചെയ്കയുമുണ്ടായി. അന്നു കച്ചവടച്ചരക്കുകൾ ശേഖരിച്ചുകൊടുക്കുന്നതിന്നു ഇവിടെയുണ്ടായിരുന്നതു മഹമ്മദീയരെ ഒഴിച്ചാൽ ക്രിസ്ത്യാനികൾ മാത്രമാണെന്ന വാസ്തവം കൊച്ചീരാജാവു മനസ്സിലാക്കിയിരുന്നിരിക്കണം.

കോഴിക്കോട്ടു കച്ചവടം നടത്തുന്നതിന്നു പൊൎത്തുഗീസുകാൎക്കു സാമൂതിരിയുടെ അനുമതി സിദ്ധിച്ചിട്ടും മഹമ്മദീയരുടെ ശല്യം അതിന്നു പ്രതിബന്ധമായിത്തീൎന്നതും, ഇവിടെയും അതേ പ്രതിബന്ധംതന്നെ പ്രത്യക്ഷപ്പെട്ടിരുന്നതും ആലോചിച്ചാൽ, പൊൎത്തുഗീസുകാൎക്കു കച്ചവടച്ചരക്കുകൾ കൊടുത്തും മററും അവരെ സഹായിച്ച് അവരും കൊച്ചീരാജാവുമായുള്ള സഖ്യം പരിരക്ഷിച്ചുകൊണ്ടുപോരാൻ എല്ലാംകൊണ്ടും കഴിവും സൗകൎയ്യവുമുള്ള ഒരു ജനതതി ക്രിസ്ത്യാനികളെപ്പോലെ അന്നു വേറെയില്ലായിരുന്നു എന്നതിന്നു സംശയമില്ല. * കൊച്ചീരാജ്യത്തിൻെറ അന്നത്തെ സ്ഥിതിക്ക് അത്യന്താപേക്ഷിതമായിരുന്ന ഒരു പാശ്ചാത്യശക്തിയുമായുള്ള സഖ്യം കൊച്ചീരാജാവു എത്രമേൽ അഭിലഷിച്ചിരിക്കാമെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ച ചില സംഗതികൾകൊണ്ടുതന്നെ സ്പഷ്ടമായിട്ടുണ്ടല്ലൊ. ക്രിസ്ത്യാനികളെത്തന്നെ തങ്ങളുടെ സഹായത്തിന്ന് കിട്ടുന്നത് പൊൎത്തുഗീസുകാൎക്കും വലിയ സന്തുഷ്ടിക്കു കാരണമായി ഭവിച്ചു. തങ്ങളുടെ മതസ്ഥരാണെന്നതിനും പുറമെ,

---

* ഈ ക്രിസ്ത്യാനികളിൽത്തന്നെയും ചിലരെ മഹമ്മദീയർ കബളിപ്പിച്ചു പൊൎത്തുഗീസുകാൎക്കു നേരിട്ടു ചരക്കു കൊടുപ്പിക്കാതിരുന്നതായി കാണുന്നുണ്ടു.

സമർത്ഥന്മാരായ പടയാളികളുംകൂടിയായിരുന്ന ക്രിസ്ത്യാനികളുടെ സഹകരണം പൊർത്തുഗീസുകാർക്കു മററാരുടെ സഹകരണത്തെയുംകാൾ ഹൃദ്യതരവുമാകുമല്ലൊ. ഇനി ക്രിസ്ത്യാനികൾ അക്കാലം അനുഭവിച്ചിരുന്ന ശല്യങ്ങൾ ആലോചിച്ചാൽ, സ്വാമതസ്ഥരായ പൊർത്തുഗീസുകാരുമായുള്ള സഹകരണം "വൈദ്യൻ വിധിച്ചതും രോഗി കൊതിച്ചതും ഒന്നുതന്നെ" എന്നു പറഞ്ഞപോലെ അവർക്കും പത്ഥ്യകരമായിരുന്നുവെന്നതിന്നു സന്ദേഹമില്ല. ഈ സംഗതി അനന്തരാദ്ധ്യായങ്ങൾകൊണ്ടു വിശദമാകുന്നതാണ്. ഇതിനാൽ പൊർത്തുഗീസുകാരും, കൊച്ചീരാജാവും ക്രിസ്ത്യാനികളും ഉൾപ്പെട്ട ഈ ബന്ധം അവർ മൂന്നുകൂട്ടർക്കും ഒന്നുപോലെ അഭിലഷണീയമായിരുന്നുവെന്നുമാത്രം ഇവിടെ ചുരുക്കി പറഞ്ഞുകൊള്ളട്ടെ. പൊർത്തുഗീസുകാർക്കു ചരക്കു ശേഖരിച്ചുകൊടുക്കാമെന്നു ക്രിസ്ത്യാനികൾ ഉടമ്പടി ചെയ്തു. അനന്തരം ഡിഗാമ ആ ക്രിസ്ത്യാനികളെ വിളിച്ചു ആയിരം പൊൻപണം കൊടുത്തതിന്നുംപുറമെ അവരിൽ പ്രധാനികൾക്കു 200 വാളുറകളും ചെമപ്പുനിറത്തിലുള്ള 200 തൊപ്പികളും സമ്മാനിച്ച് എല്ലാവരേയും സുഗന്ധതൈലം തളിച്ചു പറഞ്ഞയച്ചു. (16)

ക്രിസ്ത്യാനികൾ തങ്ങളുടെ സംരക്ഷാഭാരം പൊർത്തുഗീസുകാരെ ഏല്പിക്കുന്നു

പൊർത്തുഗീസുകാർ ഇവിടെ വന്ന കാലത്തെ സാഹചര്യങ്ങൾ ഇവിടത്തെ ക്രിസ്ത്യാനികളെ പൊർത്തുഗീസുകാരോടു ഗാഢമായി യോജിപ്പിക്കാനും, ക്രിസ്ത്യാനികൾ യോജിക്കാമെന്നുവെച്ചാൽ പൊർത്തുഗീസുകാർക്കു അവരെ സസന്തോഷം സ്വീകരിക്കാനും പ്രേരകങ്ങളായിരുന്നുവെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. ഈ സ്ഥിതിയെ വിശദമാക്കുന്ന

(16) Gaspar Correa. Lendas da India 1-314-382.

ത്തും, ക്രിസ്ത്യാനികൾ തങ്ങളെ പൊർത്തുഗീസുകാരുടെ സംരക്ഷണയിൽ ഏല്പിച്ചുവെന്നു കാണിക്കുന്നതുമായ ഒരു സംഭവം പറയാം. "വാസ്കോ ഡി ഗാമ കൊച്ചിയിൽ താമസിക്കുന്ന കാലത്തു് കൊടുങ്ങല്ലൂർനിന്നും ചില നസ്രാണികൾ കാഴ്ചകളുമായി വന്നു അദ്ദേഹത്തെക്കണ്ടു് ഇപ്രകാരം പറഞ്ഞു:— ഞങ്ങൾ എല്ലാവരും നിങ്ങളുടെ വരവുകൊണ്ടു വളരെ സന്തോഷിച്ചിരിക്കുന്നു. പണ്ടു് ഈ രാജ്യത്തു ഞങ്ങളുടെ വംശത്തിൽ ഒരു തമ്പുരാൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്നു പുരാണ പെരുമാക്കന്മാർ കൊടുത്ത ചെങ്കോലും രാജ്യപത്രികയും ഇതാ നിങ്ങൾക്കു തരുന്നു. മുപ്പതിനായിരംപേരോളം ഞങ്ങളെല്ലാവരും ഒന്നിച്ചിരിക്കുന്നു. ഇനി പൊർത്തുഗൾ രാജാവിന്നു ഞങ്ങളിൽ മേൽക്കോയ്മ ഉണ്ടായിരിക്ക. അവിടത്തെ നാമം ചൊല്ലിയല്ലാതെ ഇനി യാതൊരു കുററക്കാരനേയും ഞങ്ങൾ വധിക്കുകയില്ല. ഇങ്ങനെ പറഞ്ഞു ആധാരവും ആ ദണ്ഡും ഗാമായ്ക്കു കാഴ്ചവച്ചു. അതു ചുവന്നതും രണ്ടു വെള്ളിവളകളും ഒരു വളയിൽ മൂന്നു വെള്ളിമണികളും ഉള്ളതും ആകുന്നു." അവർ ഇപ്രകാരം തുടർന്നുപറഞ്ഞു:— "ഞങ്ങളുടെ അരികിൽ ഒരു കോട്ട എടുപ്പിച്ചാൽ ഹിന്തുരാജ്യം മുഴുവനും കരസ്ഥമാക്കുവാൻ സംഗതിവരും. ഗാമ ഇതു കേട്ടു വളരെ സന്തോഷിച്ചു......നിങ്ങളെ സകല ശത്രുക്കളുടെ കയ്യിൽനിന്നും, വിശേഷാൽ മുസൽമാന്മാരുടെ കയ്യിൽനിന്നും അതിക്രമത്തിൽനിന്നും ഉദ്ധരിക്കേണ്ടതിന്നു ദൈവം മേലാൽ സംഗതി വരുത്തും, നിങ്ങൾ അല്പവും ഭയപ്പെടരുതു് എന്നു പറഞ്ഞു. അവർ കൊണ്ടുവന്നിരുന്ന സമ്മാനങ്ങളെ ആദരപൂർവ്വം സ്വീകരിച്ചു." (17)

ഈ ഭാഗം കേരളപഴമയെ അടിസ്ഥാനമാക്കി എ

(17) കേരള പഴമ. 33—കൊച്ചീരാജ്യ ചരിത്രം I. 13 –256.

ഴുതിയിട്ടുള്ള കൊച്ചീരാജ്യചരിത്രത്തിൽനിന്നാണു് ഇവിടെ ഉദ്ധരിക്കുന്നതു്. ഈ പ്രകൃതത്തെ ഒന്നുകൂടി വിശദീകരിക്കുന്നതിന്നു ഒരു പൊർത്തുഗീസു ചരിത്രകാരന്റെ സാക്ഷ്യംകൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

"N'este mesmo tempo vieram a elle Almirante outros Embaixadores que disiam ser da gente Christa que habitava per as comarcas de Cranganor......

A substancia da qual embaixada era serem Christaos da linhagem daquelles, que o Apostolo S. Thome baptisara naquallas partes, os quaes se governavam por certos Bispos Armenios, que alli residiam e por meio d'elles davam sua obediencia ao Patraircha de Armenia. E porquanto elles estavam entre gentios e mouros de que eram maltratados ......lhe pediam pelos meritos da Paixao de Christo os qussesse amparar e defender daquella infiel gente que os perseguia por se nao perderem de todo aquellas reliquias de Christandade que o Apostolo S. Thom'e alli tinha......e se vinham entregar a elle per meio daquelles seus Embaixadores, como se puderam entregar a El Rey de Portugal se presente fora......por quanto elles queriam ser *GOVERNADOS E REGIDOS PER ELLE*, e em sinal de obediencia lhe entregavam a vara da justica, que entre si tinham. Com as quaes palavras lhe apresentaram uma vara vermelha tamanha como um sceptro, guornecida nas pontas de prata, e na de sima tinham tres campainhas de prata.".......

"At this same time (1502) there came to the Admiral (Vasco de Gama, on his second voyage to India) another deputation stating they were christians dwelling in the Cranganore District......

The object of their mission was to represent that they were Christians, descendants of those baptised by St. Thomas, the Apostle, who had been ruled by certain Armenian Bishops who lived there; and through them they

gave their obedience to the Patriarch of Armenia. And because they were living amongst heathens and moors, by whom they were badly treated, they besought him by the merits of Christ's Passion to protect and defend them against that pagan people, who persecuted them, so that the remnants of Christianity left there by St, Thomas might not entirely disappear. . . . . . .and that they submitted themselves through these their representatives to him, as they would do to the king of Portugal, were he present. . . . . . . . . . . .since they wished *TO BE RULED AND GOVERNED BY HIM*. and that in token of submission, they handed him the staff of power, which they kept with themselves. With such words they presented to him a red staff as big as a sceptre adorned with silver in both extremities, and in the upper part with three little bells of silver." . . ...

"ഈ കാലത്തിൽത്തന്നെ(1502) നാവികസേനാനിയുടെ മുമ്പാകെ (ഇൻഡ്യായിലേക്കു രണ്ടാം പ്രാവശ്യം വാസ്കോ ഡി ഗാമ വന്നപ്പോൾ) മറെറാരു പ്രതിനിധിസംഘവും തങ്ങൾ കൊടുങ്ങല്ലൂർ ഡിസ്ട്രിക്ടിൽ അധിവസിക്കുന്ന ക്രിസ്ത്യാനികളാകുന്നു എന്നു പറഞ്ഞുകൊണ്ടു വരികയുണ്ടായി. . . . . . . . .

അവർ ഇപ്രകാരം നിയോഗിച്ചയക്കപ്പെട്ടതിൻെറ ഉദ്ദേശം, "വിശുദ്ധ തോമാ അപ്പോസ്തലനിൽനിന്നു ജ്ഞാനസ്നാനമേററ ക്രിസ്ത്യാനികളുടെ സന്തതികളാകുന്നു അവരെന്നും, അവിടെ നിവസിച്ചിരുന്ന ചില അർമ്മേന്യൻ മെത്രാന്മാരാൽ അവർ ഭരിക്കപ്പെട്ടുകയും ആ മെത്രാന്മാർമൂലം അർമ്മേനിയായിലെ പാത്രിയർക്കിനു കീഴ്പ്പെട്ടുകയും ചെയ്തിട്ടുള്ളവരാണെന്നും ഗാമായെ അറിയിക്കണമെന്നുള്ളതായിരുന്നു. അവർ അജ്ഞാനികളുടേയും മൂർജാതിക്കാരുടേയും ഇടയിൽ വസിച്ചിരുന്നതിനാലും ആ ജനങ്ങൾ അവരോടു നിർദ്ദയമായി പ്രവർത്തിച്ചിരു

ന്നതിനാലും, അവരെ പീഡിപ്പിച്ചുവരുന്ന അജ്ഞാനികളായ ജനങ്ങളിൽനിന്നു അവരെ ആദരിച്ചു, വിശുദ്ധ തോമായാൽ അവിടെ സ്ഥാപിക്കപ്പെട്ടിട്ടുള്ള ക്രിസ്തുമതത്തിൻെറ അവശേഷങ്ങൾ അശേഷം നശിച്ചുമാഞ്ഞുപോകാതിരിപ്പാൻ തക്കവണ്ണം പരിത്രാണം ചെയ്യണമെന്നുകൂടി ക്രിസ്തുവിൻെറ കഷ്ടാനുഭവ ഫലങ്ങളെക്കുറിച്ചു അദ്ദേഹത്തോട് അവർ അപേക്ഷിക്കയും ചെയ്തു......ആ ക്രിസ്ത്യാനികൾ, പൊർത്തുഗൾരാജാവു താൻതന്നെ അവിടെ പ്രത്യക്ഷനായിരുന്നാൽ അവർ കീഴടങ്ങുന്നതു എങ്ങിനെയൊ, അതുപോലെ അവരുടെ ഈ പ്രതിനിധികൾമൂലം അദ്ദേഹത്തിൻെറ മുമ്പിൽ കീഴടങ്ങി സ്വയമേവ ഭരമേല്പിച്ചു......അനന്തരം അവർ അദ്ദേഹത്താൽ (പൊർത്തുഗീസു രാജാവിനാൽ) ഭരിച്ചു സംരക്ഷിക്കപ്പെടേണ്ടതിന്നു ആഗ്രഹിക്കുകയും, അവരുടെ കൈവശത്തിൽ സൂക്ഷിച്ചിരുന്ന അധികാരവടി കീഴടക്കത്തിൻെറ ജ്ഞാപകമായി അദ്ദേഹത്തിൻെറ പക്കൽ കൊടുക്കയും ചെയ്തു. മേൽപ്രകാരം പറഞ്ഞുകൊണ്ട്, ഒരു ചെങ്കോലിനോളം വലിപ്പമുള്ളതും വെള്ളികൊണ്ടു വിചിത്രമാക്കപ്പെട്ടിട്ടുള്ളതുമായ ഒരു ചുവപ്പുവടി അവർ അദ്ദേഹത്തിൻെറ പക്കൽ കൊടുത്തു. അതിൻെറ മേലെ അററത്തു മൂന്നു ചെറിയ വെള്ളിമണികളും ഉണ്ടായിരുന്നു." (18)

ഇതിൽനിന്നു തങ്ങളുടെ മതാത്മകമായ അവശതാപരിഹാരത്തിനായും ആ ക്രിസ്ത്യാനികൾ പൊർത്തുഗീ

---

(18) (ജ്ജാൺ ദെ ബാറോസ് എന്ന മഹാനാൽ രചിക്കപ്പെട്ട "ആസ്യ" എന്ന ചരിത്രഗ്രന്ഥം (Dec. I. L. V. cap. VIII, L. VI. cap VI; Dec. III. cap, XI. L. VII.) ഗ്രന്ഥകർത്താവു 1496-ൽ ജനിച്ചു. 1571-ൽ മരിച്ചു. 1538 വരെ പൊർത്തുഗീസുകാർക്കുണ്ടായ വിജയങ്ങളുടെ ഒരു ചരിത്രം 1552-ൽ ഇദ്ദേഹം പ്രസിദ്ധപ്പെടുത്തുവാൻ ആരംഭിച്ചു.)

From some Elucidations by the Rt. Rev. Dr. Matheus de Oliveira Xavier, Bishop of Cochin.

സുകാരുടെ സംരക്ഷണം കാംക്ഷിച്ചുവെന്നു കാണാം. ഗാമായുടെ സാന്നിദ്ധ്യം അവർ പൊർത്തുഗൾ രാജാവിന്റേതെന്നോണം കൊണ്ടാടി മാനിച്ച് അവർ അഭിവന്ദിച്ചുവെന്നുകൂടി ഈ ചരിത്രകാരൻ പറയുന്നതുകൊണ്ട് അവർ ഹൃദയംഗമമായ സംതൃപ്തിയോടും ബഹുമാനത്തോടുംകൂടിയാണ് തങ്ങളെ പൊർത്തുഗീസുകാരുടെ സംരക്ഷണത്തിൽ ഏല്പിച്ചതെന്നും നമുക്കു മനസ്സിലാക്കാം. ഇതിൽനിന്നു ഒരു കാൎയ്യം തെളിവാകുന്നുണ്ടു. അതായത്: പൊർത്തുഗീസുകാർ ഇവിടെ വന്ന അവസരത്തിൽ ഇവിടത്തെ ക്രിസ്ത്യാനികൾക്കു സ്വാതന്ത്ര്യമായ ഒരു നിലയുണ്ടായിരുന്നു; ആ നിലയെ സംരക്ഷിക്കാനും അവരുടെ അവശതകൾ പരിഹരിക്കാനുമുള്ള ഭാരം അവർ പൊർത്തുഗീസുകാരെ ഏല്പിക്കയും പൊർത്തുഗൾ രാജാവിനെ തങ്ങളുടെ രാജാവായി സ്വീകരിക്കയും ചെയ്തു എന്നതാണു അക്കാൎയ്യം.

**ക്രിസ്ത്യാനികൾ പൊർത്തുഗീസുകാരോടുചേർന്നു കൊച്ചീരാജ്യത്തിനുവേണ്ടി യുദ്ധം ചെയ്യുന്നു.**

കൊച്ചിയിലുണ്ടായിരുന്ന പൊർത്തുഗീസുകാരുടെ വക പാണ്ടികശാല നശിപ്പിക്കാൻ സാമൂതിരി തക്കം നോക്കി ഇരിക്കുകയായിരുന്നു. സാമൂതിരിപ്പാട്ടിലെ ആക്രമണത്തിനു് പണ്ടേ അധീനപ്പെട്ടിരുന്ന കൊച്ചീരാജ്യത്തോടു യുദ്ധം ചെയ്യാൻ വലിയൊരു സൈന്യവും സാമൂതിരി ശേഖരിച്ചിരുന്നു. വാസ്കോ ഡി ഗാമാ കൊച്ചിയിലുണ്ടല്ലൊ, കൊച്ചീരാജാവും പൊർത്തുഗീസുകാരും തമ്മിൽ സഖ്യത്തിലുമാണല്ലൊ എന്നുള്ള സ്മരണമാത്രമായിരിക്കണം സാമൂതിരിയുടെ യുദ്ധയാത്രയ്ക്കു വിളംബം വരുത്തിയതു്. അങ്ങിനെയിരിക്കെ 1502 ഡിസമ്പർ 8-ാംനു- ഗാമാ പൊർത്തുഗലിലേയ്ക്കു പുറപ്പെട്ടു. ഈ വിവരം കുമ്പളങ്ങിയിൽ പാൎത്തിരുന്ന നമ്പൂതിരിമാർ സാമൂതിരിയെ അറിയിച്ചു. സാമൂതിരി അമ്പതിനായിരം ഭ

ടന്മാരെ പൊന്നാനിയിൽ ശേഖരിച്ചു നിറുത്തിയിരുന്നു. എടപ്പള്ളിരാജാവിന്റെ സഹായവും സാമൂതിരിക്കുണ്ടായിരുന്നുവെന്നു കാണുന്നുണ്ട്. ഗാമാ പോയി എന്നു കണ്ട ഉടനെ 'പൊത്തുഗീസുകാരെ വിട്ടുകൊടുക്കണം, അല്ലെങ്കിൽ കഠിനമായ യുദ്ധമുണ്ടാകും' എന്നു കാണിച്ചു സാമൂതിരി കൊച്ചീരാജാവിനു ഒരു യുദ്ധസന്ദേശം അയച്ചു. കൊച്ചീരാജാവു പൊർത്തുഗീസുകാരെ വിട്ടുനില്ക്കാൻ ഒരുങ്ങിയില്ല. അതിനാൽ യുദ്ധം ആരംഭിച്ചു. യുദ്ധത്തിൽ ആദ്യം കൊച്ചീരാജാവു ജയിച്ചുവെങ്കിലും, ചില ചതിപ്രയോഗങ്ങൾകൊണ്ടും, കൊച്ചിയിലെ കയ്മൾമാർ എന്നു പറയപ്പെടുന്ന ഇടപ്രഭുക്കളെ സാമൂതിരി സ്വവശഗരാക്കിയതുകൊണ്ടും ഒടുവിൽ സാമൂതിരിക്കുതന്നെയായിരുന്നു വിജയം സിദ്ധിച്ചതു. സാമൂതിരി ജയഭേരി മുഴക്കിക്കൊണ്ടു കൊച്ചിയിൽ പ്രവേശിച്ചു. ആയവസരത്തിൽ കൊച്ചീരാജാവു് സ്വകുടുംബത്തോടും കൊച്ചിയിലുണ്ടായിരുന്ന പൊർത്തുഗീസുകാരോടുംകൂടി വയ്പിലേയ്ക്കു മാറിപ്പാർത്തു. അക്കാലത്തു് വയ്പിൽ കാവൽനിന്നു രാജകുടുംബത്തേയും മററും വിശ്വസ്തതയോടെ സേവിച്ചതു എഴുന്നൂറുപേരടങ്ങിയ ഒരു ക്രിസ്തീയ സൈന്യമായിരുന്നുവെന്നുള്ളതു ലത്തീൻ ക്രിസ്ത്യാനികളിൽ ഇന്നും ബലമായി നില്ക്കുന്ന ഒരു പാരമ്പര്യമാണു്. (19) *

---

(19) അന്നു് ഒരു സൈന്യവിഭാഗത്തിൽ അറുനൂറു, എഴുനൂറു, എണ്ണൂറു എന്നിത്രയുംപേരാണു് സാധാരണ ഉണ്ടായിരുന്നതു എന്നു പൊർത്തുഗീസ്സു് (റെക്കത്തെ) ഡിക്ഷ്ണറിയിൽ കാണുന്നുണ്ടു്.

---

* ഈ യുദ്ധത്തെപ്പററി കൊച്ചീരാജ്യ ചരിത്രകാരൻ പറയുന്നതു ഇങ്ങനെയാണ്:

1503 "മാർച്ചുമാസം ൧-ാംനു സാമൂതിരി കൊച്ചിരാജ്യത്തു കാലെടുത്തുവച്ചു. എന്നാൽ ആ പ്രദേശം അദ്ദേഹത്തിനു സ്വാധീനമായിരുന്ന കൊച്ചീക്കാരായ രാജദ്രോഹികളുടെ ആധീനത്തിൽപ്പെട്ടതായിരുന്നതിനാൽ അ

19572.

1503 സെപ്ററമ്പർ 2-ാംനു- ദൊം ഫ്രാൻസിസ്ക്കൊ ദെ ആൽബുക്കർക്ക് ആറു പൊർത്തുഗീസു കപ്പലുകളുമായി കൊച്ചിയിൽ വന്നുചേർന്നു. അതോടുകൂടി കൊച്ചീരാജാവിന്നും, ഇവിടെയുണ്ടായിരുന്ന പൊർത്തുഗീസുകാർക്കും അവരുടെ കീഴിൽ ചേർന്നിരുന്ന ഏതദ്ദേശീയ ക്രിസ്തീയ സൈന്യത്തിന്നുമെല്ലാം ധൈൎയ്യമായി. അ

---

വിടെ അദ്ദേഹം ഉപദ്രവങ്ങൾ ഒന്നും ചെയ്തില്ല; മാൎച്ചമാസം ൨-ാംനു-യാണ കടവത്തുപട ആരംഭിച്ചതു്. തന്റെ കീഴിൽ അളവററ സൈന്യങ്ങൾ ഉണ്ടായിട്ടും കടവു കടന്നുകൂട്ടുവാനുള്ള ശ്രമം സാദ്ധ്യമായില്ല. സാമൂതിരി കടവിനരികിൽ മാറി ഇരുന്നുകൊണ്ടു തലേ ദിവസത്തേതിൽ അധികം സൈന്യങ്ങളോടുകൂടെ കടവു കടപ്പാൻ ഇടപ്പിള്ളി രാജാവിനെ അയച്ചു. കുറേ പടവുകളെ കടൽവഴിക്കും അയച്ചു. എന്നാൽ മരുമകൻ തമ്പുരാന്റെ യുദ്ധവൈദഗ്ദ്ധ്യംകൊണ്ടു (അവർ) തോററു പിൻവാങ്ങിയതേ ഉള്ളു. അന്നത്തെ പടയിൽ സാമൂതിരിയുടെ വക ഒട്ടുവളരെ ഭടജനങ്ങൾക്കു നാശം സംഭവിച്ചു. ലോറൻസൊമറിനൊ എന്ന പൊർട്ടുഗീസുകാരനും വേറെ ചില പൊർട്ടുഗീസരും മരുമകൻതമ്പുരാനു് അന്നു തുണയായി നിന്നു. ഇങ്ങനെ തുടർച്ചയായി തോൽവി വരുന്നു എന്നുകണ്ടു് വല്ല പ്രകാരവും ഉദ്ദേശിച്ചുവന്ന കാൎയ്യം സാധിച്ചു എന്നു വരുത്തുവാൻവേണ്ടി ഈ ക്രിസ്ത്യാനികളെ വിട്ടുകൊടുത്താൽ സമാധാനകരാറു ചെയ്യാമെന്നു സാമൂതിരി ഒരിക്കൽകൂടി പറഞ്ഞയച്ചു. സാമൂതിരിയുടെ ശക്തിയെ എതൃത്തുനിൽക്കുവാൻ തരമില്ലെന്നു വിചാരിച്ചിരുന്ന കാലത്തു സമ്മതിക്കാത്ത ഈ കാൎയ്യം താൻ യുദ്ധത്തിൽ വിജയി ആയിരിക്കുന്ന ഈ സമയം ചെയ്യുമെന്നു വിചാരിക്കുന്നതു വിഡ്ഢിത്വത്തിന്റെ ലക്ഷണമാണെന്നും, വെറുതെ യുദ്ധം ദീർഘിപ്പിക്കാതെ ഇരിക്കുന്നതാണു് നല്ലതു എന്നും, സാമൂതിരിയുടെ ശക്തിയെ ഉന്മൂലനാശം വരുത്തുവാൻ സാധിക്കുമെന്നാണു് ഇപ്പോഴത്തെ വിചാരമെന്നും തമ്പുരാൻ മറുപടി പറഞ്ഞയച്ചു. തമ്പുരാന്റെ പ്രധാന പ്രജകളിൽ ചിലർ രാജദ്രോഹികളായി മറുതലയിൽ പോവാതെ ശരിയായി നിന്നിരുന്നു എങ്കിൽ നിശ്ചയമായി ഇതു സാധിക്കുമായിരുന്നു. എന്നാൽ ഈ ദ്രോഹികൾ മരുമകൻ തമ്പുരാന്റെ ശ്രദ്ധയെ വേറെ സ്ഥലങ്ങളിലേയ്ക്കു ആകർഷിച്ചുകളയുവാൻവേണ്ടി കൊച്ചിതമ്പുരാന്റെ വക പല പട്ടണങ്ങളേയും ആക്രമിക്കുവാനായി സാമൂതിരിയെ ഉപദേശിച്ചു. പക്ഷെ മരുമകൻ തമ്പുരാന്റെ സാമൎത്ഥ്യം ഈ വക ഉപായങ്ങളെ എല്ലാം എതൃത്തു നിൽക്കു

KOTTAYAM PUBLIC LIBRARY KOTTAYAM.

ന്തരം സാമൂതിരിയുടെ സൈന്യവുമായി പല ഘോര യുദ്ധങ്ങൾ നടന്നു. ഇതിലൊക്കെ മേല്പറഞ്ഞ ക്രിസ്ത്യാനികൾ സഹകരിച്ചിരുന്നുവെന്നു ഗാസ്പർ കൊറെയാ എന്ന ചരിത്രകാരൻ സാക്ഷീകരിക്കുന്നുണ്ടു്. കൊച്ചിൻസ്റ്റേയിറ്റു് മാനുവലിന്റെ കർത്താവും ഇത്തു് ചുരുക്കത്തിലെങ്കിലും രേഖപ്പെടുത്താതിരുന്നിട്ടില്ല. "പശ്ചേക്കൊ ആൽ

---

വാൻ മാത്രം ബലമുള്ളതായിരുന്നു. തന്റെ അധീനത്തിലുള്ള സൈന്യങ്ങളെ ആവശ്യംപോലെ ഓരോ സ്ഥലത്തു അയച്ചും താൻതന്നെ എത്തിയും സാമൂതിരിയുടെ സൈന്യങ്ങളെ അശേഷം തോല്പിച്ചു.

ബലമായിട്ടു കടവു കടപ്പാൻ സാധിച്ചില്ല. മരുമഹൻ തമ്പുരാന്റെ നായന്മാരുമായി പിന്നെയും പിന്നെയും പട ഏററു തോററതേയുള്ളു. ബലംകൊണ്ടു സാമൂതിരിപ്പാട്ടിലെ സൈന്യങ്ങൾക്കു കടപ്പാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ ചതിപ്രയോഗത്തിന്നു ഒരുമ്പെട്ടു. ഒരു ബ്രാഹ്മണനെ കൊച്ചിക്കയച്ചു ഖജനാമുതൽപിടിക്കു് കോഴകൊടുത്തു വശപ്പെടുത്തി അയാളുടെ ഒററിന്മേൽ കൊററം കോളും കൊടുക്കുവാനെന്ന വ്യാജത്തിൽ ഏതാനും നായന്മാരെ മരുമഹൻ തമ്പുരാന്റെ സൈന്യത്തിൽനിന്നു വേർപെടുത്തി. ആ തരംനോക്കി സാമൂതിരി വീണ്ടും കടൽവഴിയായും കരവഴിയായും എത്തുത്തു കടവത്തുവെച്ചു നടത്തിയ പടയിൽ മരുമഹൻതമ്പുരാനു നിലയില്ലാതെ അരൂർ എന്ന പ്രദേശത്തു ഒരു തെങ്ങിൻ തോട്ടത്തിലേയ്ക്കു മാറി ഇരിക്കേണ്ടി വന്നു. സാമൂതിരിയുടെ വലിയ സൈന്യം മുഴുവനുംകൂടി അവിടെ ചെന്നു മരുമഹൻ തമ്പുരാന്റെ എത്രയും ലഘുവായ സൈന്യത്തെ വളഞ്ഞു. അവിടെവച്ചുണ്ടായ ഘോരയുദ്ധത്തിൽ വീരനായ മരുമഹൻ തമ്പുരാനും വേറെ രണ്ടു ചെറിയ തമ്പുരാക്കന്മാരും വീരസ്വർഗ്ഗം പ്രാപിച്ചു. പല പ്രധാനികളും ൭൫,൦൦൦ നായന്മാരും മരിച്ചു.

ഈ കഥ കേട്ടു വലിയ തമ്പുരാൻ മോഹാലസ്യപ്പെട്ടുവീണു. ബോധം വന്ന ഉടനെ "ഇതു കർമ്മഫലമത്രെ. ഇന്നു ഇനിക്കു് പിന്നെ സാമൂതിരിക്കും പാറും. പോർട്ടുഗീസുകാർക്കു ഒരു ദോഷവും തട്ടാതെ സൂക്ഷിക്കണം എന്നരുളിച്ചെയ്തു. ഉടനെ ശേഷിച്ച നായന്മാരെയും വേറെ പടയാളികളെയും കൂട്ടിച്ചേർത്തു് സാമൂതിരിയെ വീണ്ടും എതൃക്കുക എന്നു നിശ്ചയിച്ചു പുറപ്പെട്ടു. ഒരു വമ്പടയുണ്ടായി. അതിൽ തോററതേയുള്ളു. സാമൂതിരി രാജ്യത്തു കടന്നു നാശങ്ങൾ ചെയ്തുതുടങ്ങി. ജനങ്ങൾ സങ്കടം സഹിയാഞ്ഞു് ഈ ആപത്തിനെല്ലാം ഹേതു ഈ പരദേശികളാണല്ലോ, ഇവരെ വി

ബുക്കേർക്ക് മുതലായ അന്നത്തെ പറങ്കികപ്പിത്താന്മാരുടെ നാട്ടുപട്ടാളം ഏതാനും നായന്മാരും ഏതാനും നാട്ടുക്രിസ്ത്യാനികളും കൂടിയതായിരുന്നു. 150 പേർ മാത്രമുള്ള ഒരു ചെറിയ യൂറോപ്യൻ സൈന്യത്തോടും മുന്നൂറു നാട്ടുപട്ടാളക്കാരോടും (നായർ പട്ടാളത്തെപ്പററി പിന്നീടു പറയുന്നതുകൊണ്ട് ഇവർ ക്രിസ്ത്യാനികൾതന്നെയായിരിക്കണമല്ലൊ.) കൊച്ചീരാജാവു അയച്ചുകൊടുത്ത നായർപട്ടാളത്തിന്റെ സഹായത്തോടുംകൂടി അയാൾ (പച്ചേക്കൊ) (20) ഏകദേശം നാലുമാസത്തോളം

ട്ടുകൊട്ടുക്കകത്തായോ കൊന്നുകളകയോ ചെയ്താൽ ഈ ബാധ തീരുമല്ലൊ എന്നു മുറവിളി കൂട്ടി. പക്ഷെ ഇതൊന്നും ഫലിച്ചില്ല. എന്തായാലും ഇവരെ വിട്ടുകൊടുക്കയില്ലെന്നു തമ്പുരാനും ഉറച്ചു. സാമൂതിരിയുടെ വമ്പട അത്തുവിളിച്ചു കൊച്ചിക്ക് വന്നു. കൊച്ചി മതിലിന്നു സമീപത്തുവെച്ചു അതികഠിനമായ പോരുണ്ടായി. സാമൂതിരി ജയം പ്രാപിച്ചു. ഒരുവിധവും നിലയില്ല എന്നു കണ്ടപ്പോൾ മുറിയേററിരുന്ന വലിയ തമ്പുരാൻ തന്റെ ആളുകളോടും, കുഞ്ഞുകുട്ടി പരാധീനത്തോടും, ചട്ടിവലങ്ങളോടുംകൂടി പൊർത്തുഗീസുകാരെയും കൂട്ടിക്കൊണ്ടു് വൈപ്പിൽ സങ്കേതത്തിലേയ്ക്കു ഒഴിഞ്ഞിരുന്നു. കൊച്ചീരാജ്യചരിത്രം 1- 14. 271- 75

(20) ആൽബ്യുക്കെക്ക് നടത്തിയ യുദ്ധം ൧൫൦൩ സെപ്ററമ്പറിലും പച്ചേക്കൊ നടത്തിയ യുദ്ധം ൧൫൦൪ മാർച്ചിലുമാണ് ആരംഭിച്ചതു്. (കൊച്ചീരാജ്യ ചരിത്രം ൧. ൧൫, ൨൯൯. ടി. ൧. ൧൬, ൨൯൫) വൈപ്പിൽ പോയി പാർത്തിരുന്ന കൊച്ചീരാജാവിന്റെ നേർക്ക് വന്നിരുന്ന സാമൂതിരിയുടെ സൈന്യത്തോടെതിർത്തു അവരെ ഓടിച്ചു കൊച്ചീരാജാവിനെ സ്വതന്ത്രനാക്കാനാണല്ലൊ ആൽബ്യൂക്കെർക്കു ശ്രമിച്ചതു്. ഈ യുദ്ധത്തിൽ ഏതദ്ദേശ്യരായ ക്രിസ്തീയഭടന്മാർ (൩൦൦൦) മൂവ്വായിരം പേരുണ്ടായിരുന്നു. ഇവർ മുന്നണിയിൽനിന്നു അപ്പിട്ടുകൊണ്ടു സാമൂതിരിയുടെ സൈന്യത്തോടെതിർത്തു; ഒന്നാമത്തെ അഭിയോഗത്തിൽതന്നെ കുത്തും വെട്ടുമേററു ശത്രുക്കളിൽ അനേകർ മരിച്ചു. ബാക്കിയുണ്ടായിരുന്നവർ നിലവിളിച്ചുകൊണ്ടു ഓടി. (ആൽബ്യു

സാമൂതിരിയുടെ മേത്തരം പടയുടെ നേരെ എതിൎത്തുപൊരുതിക്കൊണ്ടു അവരെ അകററി നിറുത്തി. (21) ഇങ്ങനെ ഈ ക്രിസ്ത്യാനികൾ പൊൎത്തുഗീസുകാരുടെ കീഴിൽ

(21) കൊച്ചിൻസ്റ്റേയിററ് മാന്വൽ ൩൦൪, ൩൧൦.

ക്കെൎക്ക കൊമ്മെന്താരി ൩-ാം ഭാഗം ൧-ാം അദ്ധ്യായം) അനന്തരം രാമൻതുരുത്തിലും അതിന്നടുത്ത പ്രദേശങ്ങളിലും വന്നിറങ്ങിയിരുന്നവരും ചെറുവൈപ്പിൽ എത്തിയിരുന്നവരുമായ സൈന്യത്തോടെതിൎത്തു അവരേയും നിശേഷം പരാജയപ്പെടുത്തി.

ഈ വിവരമറിഞ്ഞു സാമൂതിരി വീണ്ടും വളരെ ഭടന്മാരെ അയച്ചു. അവർ എടപ്പിള്ളിൽ വന്നപ്പോൾ ദുവാൎത്തെ പച്ചേക്കോ അഞ്ഞൂറു പൊൎത്തുഗീസുകാരോടും അനേകം നാട്ടു "ക്രിസ്തീയ "ഭടന്മാരോടുംകൂടെ ചെന്നു വെടിതുടങ്ങി. അനന്തരം വെട്ടുംകുത്തുമായി. ഇതിൽ സാമൂതിരിയുടെ ഭടന്മാരെയെല്ലാം നിശ്ശേഷം പരാജയപ്പെടുത്തി. കൊച്ചീരാജാവിന്റെ വക രാജ്യം എടപ്പള്ളി രാജാവു അപഹരിച്ചിരുന്നതു മടക്കിക്കൊടുപ്പിച്ചു.

കൊച്ചിയുടെ കിഴക്കേക്കരയിൽ (എറണാകുളത്തു) പാൎത്തിരുന്ന കൈമ്മൾമാർ ഇതെല്ലാംകണ്ടു ഭയപ്പെട്ടു കൊച്ചീരാജാവിന്റെ പക്കൽവന്നു വഴക്കം ചെയ്തു. രാജാവു അവരെ ആദരവൂൎവ്വം സ്വീകരിച്ചു വളരെ വസ്തുവകകളും കല്പിച്ചു കൊടുത്തു. ഈ സ്ഥലത്തിന്നു അഞ്ചുകൈമ്മൾ എന്നു പേരും വിളിച്ചു. (ലെന്താസ് ദ ഇന്ത്യാ ൩-ാം പു. ൯൨൨ — ൯൮൨)

ആൽബുക്കെൎക്ക പോയശേഷം സാമൂതിരിയുടെ സൈന്യം വീണ്ടും എടപ്പിള്ളിൽ വന്നുചേൎന്നു. തദവസരത്തിലാണു ധീരനായ പച്ചേക്കോ നാട്ടുക്രിസ്ത്യാനികളോടുകൂടെ അവരോടെതിൎത്തതു്. ഈ യുദ്ധത്തിൽ മുന്നൂറു ക്രിസ്ത്യാനികളുണ്ടായിരുന്നു എന്നാണല്ലോ സ്റ്റെയിററുമാന്വെലിൽ കാണുന്നതു്. ഏതദ്ദേശ്യ ക്രൈസ്തവഭടന്മാർ അതിലും അധികമായിരുന്നു എന്നാണു് മററു ചില ചരിത്രങ്ങളിൽ കാണുന്നതു്. (ലെന്താസ് ദ ഇന്ത്യ, ൩-ാം പുസ്ത. ൯൮൨-ാം പുറം ആൽബുക്കെൎക്ക കൊമ്മന്താരി. ൩-ാം പുസ്ത. ൧-ാം അദ്ധ്യായം)

ചെയ്തിരുന്ന സൈന്യസേവനം കൊച്ചീരാജ്യത്തിന്നു സ്വാതന്ത്ര്യം സിദ്ധിച്ചതോടുകൂടി അവസാനിച്ചില്ലെന്നും നേരെമറിച്ചു അതു പിന്നീടും ശക്തിപ്പെടുകയാണു ഉണ്ടായതെന്നും ഇനി പ്രസ്താവിക്കാനിരിക്കുന്ന വേറെ ചില ഘട്ടങ്ങൾകൊണ്ടു കൂടുതൽ സ്പഷ്ടമാവും.

---

ഇങ്ങനെ ഈ യുദ്ധത്തിൽ ക്രൈസ്തവഭടന്മാർ ചേർന്നിരുന്നതിന്നു പല രേഖകളും പാരമ്പര്യവുമുണ്ടെങ്കിലും കൊച്ചിരാജ്യചരിത്രകാരൻ ക്രൈസ്തവ സൈന്യത്തേപ്പററി ഒന്നും പറഞ്ഞു കാണുന്നില്ല. കൊച്ചീരാജാവിന്റെ സഹായാർത്ഥം ക്രൈസ്തവ ഭടന്മാർ ചേർന്നിരുന്നതുപോലെ സാമൂതിരിയുടെ ഭാഗത്തു മഹമ്മദീയഭടന്മാരും ചേർന്നിരുന്നു. ആൽബുക്കെർക്ക നടത്തിയ യുദ്ധത്തിൽ സാമൂതിരിയുടെ മഹമ്മദീയഭടന്മാർ പരാജയപ്പെട്ടോടി........................ (ആൽബ്യൂക്കെർക്ക കൊമ്മന്താരി. ൧-ാം പു. ൬-ാം അദ്ധ്യായം) ഈ പരാജയത്തിന്റെശേഷം സാമൂതിരി മക്കത്തുനിന്നു സമർത്ഥന്മാരായ ഭടന്മാരെ വരുത്തി.................. (ലെന്താസ് ദ ഇന്ത്യാ. ൧-ാം പുസ്ത. ൪൪൦—൪൪൫) കൊച്ചീരാജ്യത്തോടു യുദ്ധം ചെയ്യാനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കിയശേഷം, മന്ത്രിമാർ, പ്രഭുക്കന്മാർ, ബന്ധുക്കൾ മുതലായവരെക്കൂട്ടി സാമൂതിരി നടത്തിയ ആലോചനയിൽ അദ്ദേഹത്തിന്റെ അനന്തരവൻ ഇങ്ങനെ പറഞ്ഞു:—"നമുക്കു മാപ്പിളമാരെ (മഹമ്മദീയരെയാണല്ലോ അന്നു മാപ്പിളമാർ എന്നു പറഞ്ഞിരുന്നത്. ഇന്നും ചില ഭാഗങ്ങളിൽ ഇങ്ങനെതന്നെയാണ് പറഞ്ഞുവരുന്നത്) വിശ്വസിക്കാൻമേലാ. അവർ യുദ്ധത്തിന്നു നമ്മെ നിർബന്ധമായി ഉത്സാഹിപ്പിക്കുന്നു. യുദ്ധം തുടങ്ങുമ്പോൾ അവർ ഓടിക്കളയും.......അവിടെയുള്ള പത്തിൽ ചില്വാനം പൊർട്ടുഗീസരെ കൊന്നാലും കടൽക്കപ്പുറമുള്ളവരെ കൊല്ലാൻ കഴിയുമൊ? അതുകൊണ്ടു പടവേണ്ട എന്നാണ് എന്റെ പക്ഷം"........ (കൊച്ചീരാജ്യചരിത്രം ൧. ൧൪. ൩൬)

# അദ്ധ്യായം ൪

ലത്തീൻറീത്തു് ആചരിപ്പിക്കാനുണ്ടായ ഹേതുക്കൾ — പോത്തുഗീസു വൈദികന്മാരും, പൂർവ്വക്രിസ്ത്യാനികളുടെ വൈദികാദ്ധ്യക്ഷനും തമ്മിലുണ്ടായിരുന്ന മൈത്രി—അബ്രഹാം യാക്കോബു മെത്രാൻെറ സ്ഥിതിയും നിലയും—ആ മെത്രാൻെറ അനുകൂല്യവും ലത്തീൻ റീത്തിൻെറ പ്രചാരവും—ആ അനുകൂല്യം ഉണ്ടായിരുന്നില്ലെങ്കിൽതന്നെയും പൂർവ്വക്രിസ്ത്യാനികൾ ലത്തീൻ രീതിയിൽ ചേരാൻ പ്രേരിപ്പിക്കുന്നവയായിരുന്ന അന്നത്തെ സാഹചര്യങ്ങൾ.

ലത്തീൻറീത്തു് ആചരിപ്പിക്കാനുണ്ടായ ഹേതുക്കൾ.

പൊത്തുഗീസുകാരുടെ ആഗമനകാലത്തു കേരളത്തിലെ പൂർവ്വ ക്രിസ്ത്യാനികളിൽ പലരും അവരോടു ചേരാനും ചേർക്കപ്പെടാനുമുണ്ടായ പ്രേരണാശക്തികളുടെ സ്വഭാവം കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഗതികൾകൊണ്ടു വായനക്കാർ കുറെയെങ്കിലും മനസ്സിലാക്കിയിരിക്കുമല്ലൊ. പൊത്തുഗീസുകാർക്കു ഇവിടത്തെ ക്രിസ്ത്യാനികളെക്കൊണ്ടുണ്ടായിരുന്നതുപോലെതന്നെ, ആ ക്രിസ്ത്യാനികൾക്കു് ഒരു ക്രിസ്തീയ ശക്തിയായിരുന്ന പൊത്തുഗീസുകാരെക്കൊണ്ടും ആവശ്യവും ഉപകാരവും ഉണ്ടായിരുന്നുവെന്നതാണു് നാം ധരിച്ചിരിക്കേണ്ട ഒരു പ്രധാന സംഗതി. പൊത്തുഗീസുകാർക്കു ചരക്കു കൊടുപ്പിക്കാതിരിക്കാനും അവരെ ഇവിടെനിന്നു ബഹിഷ്കരിക്കാനും മഹമ്മദീയർ ഉററു പരിശ്രമിച്ചിരുന്നു. ഇവിടങ്ങളെ ഹിന്ദുക്കളുടെ നില പൂർവ്വ കച്ചവടക്കാരായ മഹമ്മദീയർക്കു അനുകൂലമായിരുന്നുതാനും. (കോഴിക്കോ

ട്ടുവെച്ച (മഹമ്മദീയർ പൊൎത്തുഗീസുകാരെ ഉപദ്രവിച്ചപ്പോൾ ഹിന്ദുക്കൾ മഹമ്മദീയരോടു ചേരുകയാണുണ്ടായതെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ ) സാമൂതിരി യുദ്ധത്തിന്നു വന്ന അവസരത്തിൽ കൊച്ചിയിലെ ഹിന്ദുക്കളിൽ വലിയ പങ്കും ഒടുവിൽ സാമൂതിരിയോടു ചേൎന്നുകളയുകയാണുണ്ടായതു്. മഹമ്മദീയരെയും ഹിന്ദുക്കളേയും ഒഴിച്ചാൽ പിന്നെ ഇവിടെയുണ്ടായിരുന്ന പ്രബല ജനസമുദായം ക്രിസ്ത്യാനികളായിരുന്നു. പൊൎത്തുഗീസുകാരും അവരും തമ്മിൽ മതാത്മകമായുണ്ടായിരുന്ന ഐകരൂപ്യംതന്നെയാണു് അവർ തമ്മിൽ അടുക്കുവാൻ പ്രേരകമായതു്. പോരെങ്കിൽ അന്നു ക്രിസ്ത്യാനികൾക്കു് മററു വൎഗ്ഗങ്ങളിൽനിന്നു അനുഭവപ്പെട്ടിരുന്ന ശല്യങ്ങളും മററും ആലോചിച്ചാൽ അവൎക്കു പൊൎത്തുഗീസുകാരെപ്പോലുള്ള ഒരു ക്രിസ്തീയ ശക്തിയുടെ കൈത്തുണ അത്യന്തം അത്യാവശ്യവുമായിരുന്നു. ഈ സ്ഥിതിയിൽ പൊൎത്തുഗീസുകാരും പൂൎവ്വ ക്രിസ്ത്യാനികളും തമ്മിൽ രാഷ്ട്രീയവും (ക്രിസ്ത്യാനികൾ തങ്ങളുടെ മേൽക്കോയ്മ പൊൎത്തുഗീസുകാരിൽ സമർപ്പിച്ച വിവരം പ്രസ്താവിച്ചിട്ടുണ്ടല്ലൊ.) വാണിജ്യപരവും, സൈനികവും മററുമായുള്ള ഉദ്യോഗനിലമൂലവും പൊൎത്തുഗീസുകാരോടു ചേരാനിടയായിരിക്കണമെന്നു കരുതുന്നതിൽ അസാംഗത്യമില്ലല്ലൊ. പടിഞ്ഞാററൻ പ്രദേശങ്ങളിൽ പാൎത്തിരുന്ന ക്രിസ്ത്യാനികൾ പൊതുവെയും അവരുടെ നേതാക്കന്മാർ പ്രത്യേകമായും, മഹമ്മദീയരുടെ ഉപദ്രവത്തിൽനിന്നുള്ള സംരക്ഷണം, കച്ചവടത്തിന്നുള്ള സഹായ സൗകൎയ്യങ്ങൾ, പൊൎത്തുഗീസുകാരുടെ കീഴിൽ സൈനികോദ്യോഗങ്ങളിലും മററും ലഭിച്ചിരുന്ന സ്ഥാനമാനങ്ങൾ, മുതലായ അനുകൂലാവസ്ഥകളുടെ പ്രേരണയാൽ പൊൎത്തുഗീസുകാരോടു ഗാഢബന്ധം പ്രാപിച്ചു. മാത്രമല്ല, അക്കാലം ക്രിസ്ത്യാനികളിൽ ചിലർ കൊച്ചി

യിൽ ചെന്നു പാർക്കുകകൂടെയുണ്ടായി. (21) അങ്ങനെ പൊത്തുഗീസുകാരോടു അടുത്തിടപെട്ടും അവരോടു സഹകരിച്ചും വന്ന ക്രിസ്ത്യാനികൾ പൊത്തുഗീസുകാർ സ്ഥാപിച്ച പള്ളികളിലെ കർമ്മാദികളിൽ സംബന്ധിച്ചുതുടങ്ങിയതു സ്വാഭാവികമാണ്. എന്നാൽ ക്രിസ്ത്യാനികൾ തങ്ങളെ സഹകരിക്കുകയും സഹായിക്കുകയും ചെയ്തുവന്നിരുന്നുവെങ്കിലും അവരെ ലത്തീൻ റീത്തിൽ ചേർത്തു തങ്ങളുമായുള്ള അവരുടെ മതാത്മകമായ ബന്ധം കഴിയുന്നതും ദൃഢപ്പെടുത്തേണ്ടതു ഇരുകൂട്ടരുടേയും ഭാവിശ്രേയസ്സിന്നു ആവശ്യമാണെന്നുള്ള കരുതൽ പൊത്തുഗീസുകാർക്കുണ്ടായിരുന്നു. അന്നത്തെ ക്രിസ്ത്യാനികൾ വാസ്തവത്തിൽ നെസ്തോറിയൻമാരായിരുന്നതുകൊണ്ടോ, അവർ നെസ്തോറിയന്മാരാണെന്നു പൊത്തുഗീസുകാർ തെററിദ്ധരിച്ചതുകൊണ്ടോ, എന്തുകൊണ്ടായാലും കൊള്ളാം ആ വസ്തുത പൊത്തുഗീസുകാരുടെ പ്രസ്തുത ഉദ്ദേശ്യത്തെ ബലപ്പെടുത്തുകയുമുണ്ടായി. വാസ്തവം എങ്ങനെയിരുന്നാലും, അന്നത്തെ ക്രിസ്ത്യാനികളെ ലത്തീൻറീത്തിലേയ്ക്കു ചേർക്കുകയെന്നതു അവരെ നെസ്തോറിയൻ പാതിത്യം പററാതെ സംരക്ഷിക്കുന്നതോടൊപ്പം പുണ്യകരവും പ്രയോജനപ്രദവുമായ ഒരു പ്രവൃത്തിയായിട്ടു പൊത്തുഗീസുകാർ കരുതുവാൻ ന്യായമുണ്ടായിരുന്നു.

**പൊത്തുഗീസുവൈദികരും പൂർവ്വക്രിസ്ത്യാനികളുടെ വൈദികാദ്ധ്യക്ഷന്മാരുമായുണ്ടായിരുന്ന മൈത്രി**

മാർത്തോമാ ക്രിസ്ത്യാനികളെ ലത്തീൻ റീത്തിൽ ചേർക്കുവാൻ പൊർത്തുഗീസുകാർ ആഗ്രഹിച്ചതു എന്തെല്ലാം ഉദ്ദേശങ്ങൾ പുരസ്കരിച്ചുകൊണ്ടായാലും വേണ്ടതില്ല. മതപരിധിയിൽപ്പെട്ട ആ കാര്യത്തിന്റെ നിർവ്വഹണം പ്രധാനമായി ആശ്രയിച്ചിരുന്നതു് പൊത്തുഗീസു വൈ

(21) ഇന്ത്യ ഒരിയെന്താലിസ് ക്രിസ്ത്യാന. പേജ് 68.

ദികന്മാരുടെ ശ്രമങ്ങളെയാണെന്നു മനസ്സിലാക്കാൻ വിഷമമില്ല. അപ്രകാരംതന്നെ പൊത്തുഗീസു വൈദികന്മാരും ഇവിടത്തെ പൂർവ്വക്രിസ്ത്യാനികളുടെ വൈദികാദ്ധ്യക്ഷനും തമ്മിലുള്ള മമതാബന്ധവും ഏതൽക്കാര്യസാദ്ധ്യത്തിന് അത്യന്താപേക്ഷിതമായിരുന്നു. ഈ സാഹചര്യങ്ങൾ രണ്ടും ഉണ്ടായിരുന്നുതാനും. അന്നത്തെ വൈദികാദ്ധ്യക്ഷനായിരുന്ന അബൂനായാക്കോബിന്റെ സ്ഥിതി തന്നെ ആദ്യം ആലോചിക്കുക. ഇദ്ദേഹത്തെപ്പററി ജോൺ ദെ ബാറോസ് എന്ന സമകാലീന ചരിത്രകാരന്റെ സാക്ഷ്യംതന്നെ ഇവിടെ ഒന്നാമതായി ഉദ്ധരിക്കാം:—

E ante que nos entrassemos na India poucos annos, o Patriarcha Armenio mandara quatro Bispos pera se repartirem pela terra por a christ.ndade ser muita, de que logo em chegando falleceram dous: os quaes repartiram a terra em duas Comarcas, ao mais mosso coube Coulam, e o mais velho residia em Cranganor.

E este por ser homem virtuoso tirou aquella tyrannia fazer christaos por dinheiro.

E Nuno da Cunha sendo Governador o favoreceu sempre por a virtude que achava n'elle, porque tambem era elle mui inclinado acerca da ordem do sacerdocio e ceremonias da Igreja do nosso costume Romano.

Contou- nos mais este christao que a casa de Coulam que fora feita por outro discipulo do Apostolo S. Thome...

Depois pelo tempo todas estas Casas de S. Thome, principalmente no que Nuno da Cunha governou foram crescendo em mais policia christa."

"ഇന്ത്യയിൽ ഞങ്ങൾ വന്നതിന്നു ഏതാനുംസംവത്സരംമുമ്പ് അർമ്മേന്യൻ പാത്രിയക്കീസ് 4 മെത്രാന്മാരെ ഈ

വലിയ ക്രിസ്തീയസമുദായത്തിൻെറ മതാത്മകമായ ഭരണത്തിനായി അയച്ചിരുന്നു. അവരിൽ രണ്ടുപേർ ഇന്ത്യയിൽ വന്ന ഉടൻതന്നെ മരിച്ചുപോയി. ജീവിച്ചിരുന്നവർ രണ്ടുപേരുംകൂടി ഈ നാട്ട രണ്ടു ഡിസ്ത്രിക്ടുകളായി വിഭജിച്ചു. ആ വിഭാഗങ്ങളിൽ ഒന്നായ കൊല്ലം ഇവരിൽ ഇളയ ആൾക്ക് അധീനപ്പെട്ടു. മൂത്ത ആൾ കൊടുങ്ങല്ലൂരിലും താമസിച്ചു. ഒടുവിൽ പറയപ്പെട്ട ആൾ സുകൃതവാനായിരുന്നതിനാൽ പണംവാങ്ങിച്ചു അളുകളെ ജ്ഞാനസ്നാനപ്പെടുത്തുന്ന സമ്പ്രദായം (പണംകിട്ടിയെങ്കിലേ ജ്ഞാനസ്നാനം നൽകയുള്ളു എന്നമുറ) നിറുത്തൽചെയ്തു ന്നൊദെക്കുഞ്ഞാ എന്ന പൊർത്തുഗീസ് ഗവർണ്ണർ (ഫരവരി—ഫരബവ്വ) ഈ മെത്രാനെ എല്ലായ്പോഴും വളരെ ബഹുമാനിച്ചുവന്നിരുന്നു. റോമാസഭയുടെ മുറപ്രകാരമുള്ള കർമ്മാനുഷ്ഠാനങ്ങളേയും ആ മുറ ആചരിക്കുന്ന പട്ടക്കാരെയുംകുറിച്ച് അയാൾക്ക് വളരെ ബഹുമാനം ഉണ്ടായിരുന്നതും അയാൾ നല്ല പരമാത്ഥിയായിരുന്നതുമാണ് ഇതിന്നു കാരണം." (22)

അബ്രഹാം യാക്കോബുമെത്രാൻ പൊർത്തുഗീസ് ഗവർണ്ണരുടെ ആദരത്തിന്ന് പാത്രീഭവിച്ചിരുന്നുവെന്നും അതിന്നുണ്ടായ കാരണം അദ്ദേഹത്തിനു പൊർത്തുഗീസു പക്ഷക്കാരായ വൈദികരോടുണ്ടായിരുന്ന ബഹുമാനവും തജ്ജന്യമായ മൈത്രിയുമാണെന്നുമുള്ള രണ്ടു സംഗതികൾ വിശദമാക്കണമെന്നു മാത്രമേ ഉദ്ധൃതഘട്ടംകൊണ്ടു ഇവിടെ ഉദ്ദേശിച്ചിട്ടുള്ളു.

അബ്രഹാം യാക്കോബുമെത്രാനും ലത്തീൻ രീതിയും

ഇനി ഈ ക്രൈസ്തവരെ പൊർത്തുഗീസുകാരുടെ കീഴിലും ലത്തീൻറീതിയിലും ചേർക്കുന്ന കാര്യത്തിൽ പ്രസ്തുതമേലദ്ധ്യക്ഷൻെറ — അബ്രഹാം യാക്കോബു മെത്രാൻെറ —

(22) Some "Elucidations" Page 4—5.

മനഃസ്ഥിതി എന്തായിരുന്നു എന്നു നമുക്കു പരിശോധിക്കാം.

മഹാമനസ്കനായിരുന്ന ഇദ്ദേഹം ഒരു ഡോമ്മിനിക്കൻ വൈദികനിൽനിന്നു കാര്യങ്ങളുടെ സ്ഥിതിഗതികൾ മനസ്സിലാക്കിയതുമുതൽ, തന്റെ കീഴുണ്ടായിരുന്ന ജനത്തെ പൊർത്തുഗീസുകാരുടെ കീഴാക്കാൻ നിഷ്കപടബുദ്ധ്യാ ശ്രമിക്കയായിരുന്നു. അവരുടെ മതാത്മകമായ ഗുണോല്ക്കർഷത്തിന്നു മാത്രമല്ലാ, ഭൗതികമായ ഭദ്രതയ്ക്കും അഭ്യുന്നതിക്കും ഉള്ള മാർഗ്ഗവും അതുതന്നെ എന്നായിരുന്നു അദ്ദേഹത്തിന്റെ ബോധ്യം. ഈ ബോദ്ധ്യമനുസരിച്ചു അദ്ദേഹം പ്രവർത്തിക്കയും ചെയ്തിരുന്നു. ഇദ്ദേഹം പൊർത്തുഗൽ രാജാവു ജോൺ തൃതീയന്നെഴുതിയ കത്തിൽ ഇങ്ങനെ പറയുന്നു: E asy tenho todos estes cristaos desta terra atrazido a teu *seruico*, que quando os ouueres mester, acharas em ela passante de vintecinquo mjll homers de guerra.

"I have won all these Christians for thy service, so that when thou shalt be in need of them, thou shalt find in it over 25,000 warriors" ഈ ക്രിസ്ത്യാനികളെയെല്ലാം അങ്ങയുടെ ശുശ്രൂഷയ്ക്കായി ഞാൻ നേടിയിട്ടുണ്ടു. തന്നിമിത്തം അവരെക്കൊണ്ടു അങ്ങയ്ക്കു ആവശ്യംനേരിടുമ്പോൾ (25,000) ഇരുപത്തയ്യായിരത്തിൽപരം യോദ്ധാക്കളെ അവരിൽനിന്നു അങ്ങെയ്ക്കു ലഭിക്കുന്നതാണു."............(23)

പൊർത്തുഗീസുകാർ കൊച്ചിയിൽ വന്ന അവസരത്തിൽ അവരുമായി കച്ചവടം നടത്താമെന്നു ക്രിസ്ത്യാനികളിൽ ഒരു സംഘം ഉടമ്പടി ചെയ്തിരുന്നെങ്കിലും

---

(23) Three Letters of Mar Jacob (Malabar Church and Rome, Page 13.)

കൊച്ചിവിട്ട വസിച്ചിരുന്നവരും ഗ്രാമങ്ങളിലായിരുന്നവരും മഹമ്മദീയരാൽ വഞ്ചിക്കപ്പെട്ടിരുന്നതിനാൽ പൊത്തുഗീസുകാർക്ക നേരിട്ട ചരക്ക കൊടുക്കാതെയായി (24)

പൊത്തുഗൽ രാജാവു അയച്ചുകൊടുത്തിരുന്ന പെൻറാഡൊ എന്ന വൈദികൻെറ നയവൈകല്യംനിമിത്തം ജനങ്ങൾ അദ്ദേഹത്തിലും അദ്ദേഹത്തിൻെറ സഹവർത്തികളായ വൈദികരിലുംനിന്നു അകന്നുപോകുന്നതുകണ്ട പ്രസ്തുത മെത്രാൻ ഉൽകണ്ഠിതനാകയും, ആ വിരോധം പൊത്തുഗൽ രാജാവിൻെറനേർക്കുക്രൂടെയുമുണ്ടാകാതിരിക്കാൻ അദ്ദേഹം വിവേകപൂർവ്വം ശ്രമിക്കയും, എങ്ങനെയും അദ്ദേഹത്തിൻെറ മരണാനന്തരം പൊർത്തുഗീസു വൈദികന്മാർതന്നെ ഈ ക്രൈസ്തവരെ ഭരിക്കാൻ ഇടയാകണമെന്നു അതിയായി ആഗ്രഹിക്കയുമാണു ചെയ്തിരുന്നതു്. മേല്പറഞ്ഞ കത്തിൽ—ഈ മെത്രാൻ 1523-ൽ പൊർത്തുഗൽ രാജാവിന്നയച്ചകത്തിൽ—വേ

---

(24) നിങ്ങൾ നല്ലമുളകും കൊണ്ടുചെന്നാൽ അവർ മുളകുമെടുക്കും നിങ്ങളെ പിടിച്ചു അടിമകളായി പൊർത്തുഗലിലേക്കും കൊണ്ടുപോകും. അതിനാൽ മുളക ഞങ്ങളുടെ കൈവശം തരിക. ഞങ്ങൾ അവർക്ക കൊടുത്തു വില വാങ്ങി നിങ്ങൾക്ക തരാം എന്നു മഹമ്മദീയർ പറഞ്ഞിരുന്നു. ക്രൈസ്തവർ അതുകേട്ട അതു വാസ്തവമായിരിക്കുമെന്നു കരുതി പൊർത്തുഗീസുകാരോട്ട നേരിട്ട കച്ചവടം നടത്താതെ മുളക മഹമ്മദീയർക്ക കൊടുത്തിരുന്നു. അവരാകട്ടെ പൊർത്തുഗീസുകാരെ നിരാശരാക്കാൻ വേണ്ടി മുളകിൽ വെള്ളവും ചെളിയും ചേർത്തു കൊടുത്തിരുന്നു. അബൂനാ യാക്കോബു മെത്രാൻ ഇതറിഞ്ഞു ഗ്രാമങ്ങൾതോറും സഞ്ചരിച്ചു ഈ തെററിദ്ധാരണ മാററുകയും അവർ പൊർത്തുഗീസുകാരുമായിക്കണ്ടു സംസാരിച്ചു സംതൃപ്തിയടയാനും മഹമ്മദീയരുടെ വഞ്ചന മനസ്സിലാക്കാനും ഇടവരുത്തുകയുമുണ്ടായി. (പ്രസ്തുതമെത്രാൻ പൊർത്തുഗൽ രാജാവിന്നെഴുതിയ കത്തു; Ib. II)

റൊരിടത്തു ഇതു വ്യക്തമായി പറഞ്ഞിട്ടുമുണ്ടു. ആ ഭാഗം ചുവടെ ചേൎക്കുന്നു.

E sse mandares todavia, que eu consinta o dito Aluaro Penteado bautizar com os outros Padres, fallo-ey. Pero parece-me que perderas aos cristaos de tua amizade, porque tem em mim mujto credito e nao querao que outrem bautize ssendoeu viuo. Porem trazel-os ey entanto comjgo ate uer tua reposta pera que os cristaos tomem conuersacao com eles, e os ditos Padres entanto hos enxinarao nas cousas da ffee, e eu hos enduzirej a que depois de eu morto hos recebao em meu lugar, e asy se remediara hum e outro segundo o seruico de Deus, a quem eu te encomendo.

And if thou in spite of that shouldst order me, to allow the said Alvaro Penteado to baptize with the other Fathers, I shall let them do so. But it seems to me, thou shalt lose the friendship of these Christians, for they esteem me very much and do not want anybody else to baptize them as long as I am alive. But in the meantime I shall take them with me, until I get thy answer, that the Christians may get acquainted with them; and the said Fathers shall in the meantime instruct them in the things of the faith, and I shall introduce them, that they after my death may receive them in my place, and so one and the other thing shall be remedied according to the service of God, to whom I recommend thee.

അങ്ങു എന്റെ വാക്കുകൾ അവഗണിച്ചു, ഫാദർ പെൻറാഡോയും മററു വൈദികരും ഈ ക്രിസ്ത്യാനികളെ ജ്ഞാനസ്നാനപ്പെടുത്താൻ ഞാൻ അനുവദിക്കേണമെന്ന് കല്പിക്കുന്നപക്ഷം ഞാൻ അതിന്നു വിരോധിക്കുകയി

ല്ല. പക്ഷെ, ഇങ്ങനെയായാൽ ഈ ക്രൈസ്തവരുടെ മൈത്രി അങ്ങെയ്ക്കു നഷ്ടപ്പെട്ടുമെന്നാണ എനിക്കു തോന്നുന്നത്. എന്തുകൊണ്ടെന്നാൽ അവർ എന്നെ അത്യധികം കാര്യമായി മതിക്കുന്നു. ഞാൻ ജീവനോടുകൂടെ ഇരിക്കുന്നതുവരെ ജ്ഞാനസ്നാനപ്പെട്ടുവാൻ ഈ ക്രിസ്ത്യാനികൾക്ക് വേറെ ആരെയും ആവശ്യമില്ല. അതിനാൽ അവിടുത്തെ മറുപടി കിട്ടുന്നതുവരെ ഞാൻ അവരെ (പൊർത്തുഗീസു വൈദികരെ) എന്നോടുകൂടെ വസിപ്പിക്കാം. അവർ വിശ്വാസകാര്യങ്ങൾ ഈ ജനത്തെ പഠിപ്പിക്കട്ടെ. അതിന്നിടയിൽ ഈ ജനം അവരോടു പരിചയപ്പെടട്ടെ......എന്റെ മരണാനന്തരം ഇവർ എന്റെ സ്ഥാനത്ത് അവരെ (പൊർത്തുഗീസുവൈദികരെ) സ്വീകരിക്കുകയും ചെയ്യട്ടെ.(25)

അബൂനാ യാക്കോബ്ബ് മെത്രാൻ 1530-ൽ എഴുതിയ വേറൊരു കത്തിൽപൊർത്തുഗൽ രാജാവു ഈ ക്രൈസ്തവരുടെ കാര്യത്തിൽ ഉൽസുകനായിരിക്കുന്നതിനെപ്പറ്റി സന്തോഷിക്കുകയും പൊർത്തുഗീസു വൈദികരോടു താൻ ഏതുവിധമാണ വർത്തിക്കുന്നതെന്നു അദ്ദേഹത്തെ അറിയിക്കുകയും ചെയ്യുന്നതായി കാണുന്നുണ്ടു. പ്രസ്തുത കത്തിന്റെ ഒരു ഭാഗം ചുവടെചേർക്കുന്നു.

Ca me deram hua sua, com que to mei muita consolacam em me parecer que sse lembra de mim e assy destes christaos da terra, os quaees me emcommenda que trabalhe com elles. Deus sabe a mjnha vomtade que he ser boa pare ysso, e quanto a obra trabalho njsso quanto posso, como Vossa Alteza podera saber por Alfons Mexias, ho quall me tem ajudado por ser amjguo do seruico de Deus e de Vossa Alteza. E tambem dos Padres de Sam Francis-

(25) Ib. Page I6.

co scm bem ajudado, porque ho Padre Comissario foy la comjgo duas hou tres vezes e fizemos muito proueito porque bautizamos dozemtas e sesemta e sejs almas, e assy se casaram a porta da Igreia e trouxemos mujta pimenta. E esta ida que la himos he com grande trabalho, porque imos por terra de imigos, em cujo poder e terra elles moram, e fauorecem alguns duros de coracam e outros que tem boa vontade de sse tornarem ao custume da Igreia de Roma e non ousam com medo delles, asy como podera dizer hum deses Frades, que la vam, ho quall sse achou la com ho Comisario. E assy lhe podera dizer a boa vomtade que achou na gemte asy que com ajuda de Deus e de Vossa Alteza iremos em crecimento.

Here they gave me a letter from you, which gave me much consolation, as I saw from it, that you think of me and also of these Christians of the country. You recom mend them to me, that I should work for them. God knows my will that it is good for it, and as regards the work, I am working in it as much as I can, as your Highness may earn from *Alfonso Mexias*, (26) who has helped me well, as he is a friend of the service of God and that of your High ness. Also the *Fathers of Saint Francis* help me well. For the Father Commissary(27) went with me there 2 or 3 times and we brought forth much fruit, for we baptized 266 souls and, besides, people were married at the door

---

(26) He was in India 1524-31 (Archivo Portuguez Oriental, Nova Goa 1865; Fasc 51 p. 76)

(27) Frey Antonio de Padrao O. F. M. (*Quellen* 131), about him see *Schurhammer* Ceylon zur Zeit des Konigs Bhuvaneka Bahu u. Franz Xaviers 1539—1552 (Leipzig 1928) 89—90.

of the Church and we brought much pepper. And this journey to that place is very arduous, for we go through enemies, land, in whose power and land they dwell, and they (the enemies) favour some who are hard of heart, and others that have good will to go over to the usage of the Church of Rome,(28) but have not the courage to do it for fear of them as one of the Friars who go there (to Portugal) (29) can tell you, who was there with the Commissary. He can also tell you the good will he found amongst the people, so that with the help of God and that of your Highness we shall make progress.

പൊൎത്തുഗൽ രാജാവു എൻെറയും ഈ നാട്ടിലെ ക്രിസ്ത്യാനികളുടെയും കാൎയ്യത്തിൽ ഇത്ര താല്പൎയ്യമായിരിക്കുന്നു എന്നു കാണുന്നതു എനിക്കു ആശ്വാസജനകമായ കാൎയ്യമാണ്. അങ്ങ—പൊൎത്തുഗൽ രാജാവു— ഈ ജനത്തിൻെറ കാൎയ്യത്തിൽ വേലചെയ്യുന്നതിന്നു എന്നെ—അബൂനാ യാക്കോബു മെത്രാനെ—ഏല്പിക്കുന്നു. ഇക്കാൎയ്യത്തിൽ എൻെറ മനസ്സ് എന്താണെന്നു ദൈവം അറിയുന്നുണ്ട്. കഴിയുന്ന പരിശ്രമങ്ങളെല്ലാം ഞാൻ ചെയ്തുവരികയാണ്. ഞാൻ എന്തു ചെയ്യുന്നു എന്നു എൻെറ സഹായകനായിരുന്ന അല്ലോൻസൊ മെക്സിയാസിൽനിന്നു രാജാവിന്നറിയാനിടയാകും. ഫ്റാൻസിസ്കൻ വൈദികന്മാരിൽനിന്നും അറിയാവുന്നതാണ്. കൊമ്മിസ്സാരി ഞാനുമൊരുമിച്ചു രണ്ടുമൂന്നു പ്രാവശ്യം ഈ ക്രിസ്ത്യാനികളുടെ ഇടയിൽ സഞ്ചരിച്ചു. വലിയ ഉപകാരമുണ്ടായി......എന്നാൽ ശത്രുക്കളുടെ രാജ്യത്തു നടത്തുന്ന ഈ സഞ്ചാരം വളരെ പ്രയാസമുള്ളതാണ്. ഈ ക്രിസ്ത്യാനികളിൽ ചിലർ കഠിന ചിത്തരാണ്. ചിലർക്കു ലത്തീൻ റീ

(28) To the Latin rite.
(29) Frey Duarte O. F. M. [*Quellen* 131]

ത്തിൽ ചേരാൻ നന്മനസ്സുണ്ടെങ്കിലും അവർ ആരുടെ രാജ്യത്തു പാർക്കുന്നുവൊ ആ ഹിന്തുരാജാക്കന്മാരെ ഭയപ്പെടുന്നു. ദൈവാനുഗ്രഹവും തിരുമേനിയുടെ— പൊത്തുഗൽ രാജാവിൻെറ—സഹായവുംകൊണ്ടു നമുക്കു അഭിവൃദ്ധിയുണ്ടാകും എന്നൊക്കെയാണല്ലൊ ഈ കത്തിൻെറ സാരം. (30) ⁕

ഇങ്ങനെ ഇദ്ദേഹം റോമൻ റീത്തിന്നു—ലത്തീൻ റീത്തിന്നു— അനുകൂലനായിരുന്നെന്നു മാത്രമല്ലാ തൻെറ വാർദ്ധക്യത്തിൽ അതു അനുസരിക്കകൂടെയുണ്ടായി എന്നാണു ചരിത്രഗവേഷകന്മാർ പറയുന്നതു്. വിശുദ്ധ ഫ്റാൻസീസ് സേവ്യർ കൊച്ചിയിൽനിന്നു 1549-ൽ പൊത്തുഗൽ രാജാവു ജോൺ ത്രിതീയന്നെഴുതിയ കത്തിൽനിന്നു ഇതു വിശദമാകുന്നുണ്ടു്.

That Mar Jacob was not only inclined towards the Roman Rite, but even accepted it in his old age, follows from a letter of St. Francis *Xavier*, who writes to John III, from Cochin in 1549; (31)

---

(30) Three Letters of Mar Jacob Malabar Church and Rome Page. 17 (31) Malabar Church and Rome P. 17

(⁕) ഇങ്ങനെ ഈ മെത്രാൻ പൊത്തുഗീസു വൈദികരോടുകൂടെ സഞ്ചരിച്ചു ക്രൈസ്തവരെ ലത്തീൻ രീതിയിലേയ്ക്കു ചേർക്കാൻ ശ്രമിച്ചിരുന്നതു കൊച്ചിയിലല്ല. "ശത്രുക്കളുടെ രാജ്യത്തിലുള്ള സഞ്ചാരം വളരെ പ്രയാസമുള്ളതാണു്." "ജനങ്ങൾക്കു ലത്തീൻ റീത്തിലേയ്ക്കു ചേരാൻ മനസ്സുണ്ടെങ്കിലും തങ്ങൾ പാർക്കുന്ന രാജ്യത്തിലെ രാജാക്കന്മാരെ ഭയപ്പെടുന്നു" എന്നൊക്കെ പറയുന്നതുകൊണ്ടു ഈ സഞ്ചാരം നടത്തിയതു കൊച്ചിയിലല്ലാ എന്ന കാര്യം സ്പഷ്ടമാകുന്നുണ്ടല്ലൊ. കൊച്ചീരാജാവു പൊത്തുഗീസുകാരുടെ ആപ്തമിത്രമായിരുന്നു. കൊടുങ്ങല്ലൂർ,അന്നു കൊച്ചീരാജാവിൻെറയും പൊത്തുഗീസുകാരുടെയും ബദ്ധവൈരിയായ സാമൂതിരിയുടെ അധികാരത്തിലായിരുന്നു. കീഴെ പറ

അബൂനാ യാക്കോബു മെത്രാനെപ്പററി വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ സാക്ഷ്യം.

ന്തോനൊ ദെക്രൂഞ്ഞോ മുതലായ പൊത്തുഗീസുദ്യോഗസ്ഥന്മാരുടെ കാലത്തു് അബൂനായാക്കോബു അവരുടെ വലിയ ആദരത്തിന്ന പാത്രമായിരുന്നുവെങ്കിലും പില്ക്കാലത്തെ പൊത്തുഗീസുദ്യോഗസ്ഥന്മാരുടെ നിരാകരണത്തിന് അദ്ദേഹം ഒരു ഘട്ടത്തിൽ പാത്രീഭവിക്കയുണ്ടായതായി വിചാരിക്കേണ്ടിയിരിക്കുന്നു. അന്നു വിശുദ്ധ ഫ്റാൻസീസ് സേവ്യർ ഈ മെത്രാനെപ്പററി പൊത്തുഗൽ രാജാവിന്നു അയച്ച ഒരു ലിഖിതം (32) ഈ പ്രകൃതത്തിൽ സ്മരണീയമാണ്. ആ കത്തിൽ ഇങ്ങനെ പറയുന്നു: അബൂനാ യാക്കോബു എന്നു പേരോടുകൂടിയ ഒരു അർമ്മേന്യൻ മെത്രാൻ ഇവിടെ ഉണ്ട്; ദൈവത്തേയും അങ്ങയേയും ഇപ്പോൾ നാല്പത്തഞ്ചു സംവത്സരങ്ങളായി സംസേവനം ചെയ്തുവരുന്നു. അദ്ദേഹം അങ്ങയാലും ഇൻഡ്യയിൽ വല്ല അധികാരവും സിദ്ധിച്ചിട്ടുള്ളവരിൽ മിക്കവാറും എ

---

യാനിരിക്കുന്നതുപോലെ പൊത്തുഗീസുകാർ വഴിയായി കൊച്ചീരാജാവിന്നു സിദ്ധിച്ചിരുന്ന ശ്രേയസ്സു കണ്ടു കൊടുങ്ങല്ലൂർ രാജാവു പൊത്തുഗീസുകാരോടു സഖ്യന്തിനായി. കൊടുങ്ങല്ലൂർ ആറേറാരത്തിൽ പൊത്തുഗീസുകാർ ഒരു കോട്ട കെട്ടുന്നതിന്നു ഏർപ്പാടു ചെയ്തപ്പോൾ സാമൂതിരി തന്റെ വാസം കൊടുങ്ങല്ലൂരാക്കുകയും അവിടെയുണ്ടായിരുന്ന ക്രൈസ്തവ ദേവാലയം മഹമ്മദീയരെക്കൊണ്ടു നശിപ്പിക്കയും ചെയ്തു.

എന്നാൽ കൊച്ചിയിലുണ്ടായിരുന്നവർ നിർവ്വിഘ്നം പൊത്തുഗീസുകാരോടു ചേൎന്നു യുദ്ധത്തിന്നു പോവുകയും കാവൽ നടത്തുകയുംമററും ചെയ്തിരുന്നു. ൧൫൯൪-ൽ കൊച്ചിയിലെ കോളേജിൽ മുന്നൂറു കുട്ടികൾ പഠിക്കുന്നുണ്ടായിരുന്നു. ഇവയെല്ലാം കീഴെ സാക്ഷ്യങ്ങൾ സഹിതം കാണാവുന്നതാണ്.

---

(32) ൧൫൪൯ ജനവരി ൨൬—ാംനു-യാണ് വിശുദ്ധൻ ഈ കത്തെഴുതിയതു്.

ല്ലാവരാലും, എത്ര തിരസ്കൃതനായും പരിത്യക്തനായും ഇരിക്കുമ്പോ സ്വന്ത സുകൃതവും വിമലതയും ഹേതുവായിട്ടു അദ്ദേഹം ദൈവത്തിനു അത്രമാത്രം ഇഷ്ടപ്പെട്ട ഒരാൾ ആകുന്നു. അദ്ദേഹത്തിൻെറ മഹത്തായ യോഗ്യതകൾക്കു, ദൈവം സ്വയമേവ ഇപ്രകാരമുള്ള പ്രതിഫലം നൽകുകയും, സ്വന്ത ഭക്തന്മാരെ ആശ്വസിപ്പിക്കുന്നതിനായി അവിടുന്നു പ്രയോഗിക്കുന്ന ഉപകരണങ്ങൾ ആയിത്തീരാനുള്ള ബഹുമതിക്കു നമ്മെ അയോഗ്യരായിക്കരുതുകയും ചെയ്യുന്നു. പ്രാൻസീസ്കൻ സന്യാസിമാർമാത്രമെ അദ്ദേഹത്തിൻെറ കാര്യങ്ങളെ അന്വേഷിക്കുകയും അദ്ദേഹത്തിൻെറനേരെ കരുണയോടുകൂടെ വർത്തിക്കുകയും ചെയ്യുന്നുള്ളു. അതില്പരമായി ഒന്നും ചെയ്യപ്പെടാനില്ലാത്തവണ്ണം അതു അത്ര പൂർണ്ണമായും ഇരിക്കുന്നു. അതില്ലാതിരുന്നുവെങ്കിൽ ഈ വയോവൃദ്ധൻ സന്താപപാരവശ്യം ഹേതുവായിട്ടു വളരെ മുമ്പേതന്നെ പ്രാണവായുവിനെ ഉച്ഛ്വസിച്ചുകഴിയുമായിരുന്നു. തിരുമേനി, യുക്തമെന്നു തോന്നുന്നതിനെ ഞാൻ ഉപദേശിച്ചുകൊള്ളട്ടെ. ആർദ്രതാദരസ്ഫുരിതമായ ഒരു കത്തു് ഗുണവാനായ ഈ മെത്രാനു അവിടുത്തെ നാമത്തിലെഴുതാൻ കല്പനയുണ്ടാകണമെന്നും, അദ്ദേഹത്തെ— അദ്ദേഹം എന്തെങ്കിലും അർത്ഥിക്കുകയൊ, വല്ല കാര്യവും അദ്ദേഹത്തിനു് ആവശ്യമാകയൊ ചെയ്യുമ്പോൾ പ്രത്യേകിച്ചും— ബഹുമാനിക്കുകയും അദ്ദേഹത്തിന്നു ആതിഥ്യം നൽകുകയും സ്നേഹത്തോടും ശ്രദ്ധയോടുംകൂടെ അദ്ദേഹത്തെ ഉപചരിക്കുകയും ചെയ്യേണമെന്നു അങ്ങയുടെ ഉദ്യോഗസ്ഥന്മാരായ ഗവർണർമാരോടും ഖജാൻജിമാരോടും വിശിഷ്യാ കൊച്ചിയിലെ അധികാരി (കൊമ്മൻദാന്തി) യോടും ആജ്ഞാപിക്കുന്നതായ ഒരു കല്പന അവരെ കാണിക്കുന്നതിന്നായി ആ കത്തിൽ അടക്കം ചെയ്തു അയക്കാനും ഉത്തരവാകേണമെന്നും അങ്ങയുടെ അ

ട്ടക്കൽ ഏററം താല്പര്യമായി ഞാൻ ശുപാർശ ചെയ്യു ന്നു......അദ്ദേഹത്തിന്നു ഫ്റാൻസീസ്കൻ സന്യാസിമാരുടെ ദയാലുത്വം ഹേതുവായി ഇപ്പോൾ യാതൊന്നിനും ആവശ്യമില്ല......ഈ മെത്രാൻ തോമാക്രിസ്ത്യാനികളുടെ ആത്മീയാഭിവൃദ്ധിയ്ക്കായി വളരെ യത്നിച്ചിട്ടുള്ളതിനാലും, ജരാക്രാന്തമായ ഈ വാർദ്ധക്യദശയിൽ (പോലും) വിശുദ്ധ മാതാവായ റോമാപ്പള്ളിയുടെ സമസ്ത ക്രമങ്ങളേയും മര്യാദകളേയും അത്യന്തം കീഴ്‌വഴക്കത്തോടു കൂടി അനുവർത്തിക്കുന്നതുകൊണ്ടുതന്നെയും മററു കാരണങ്ങൾ ഇല്ലാതിരുന്നാൽ കൂടിയും ഈവിധമായ പരിചരണത്തെ അദ്ദേഹം അർഹിക്കുന്നു.

തൻെറ കീഴുണ്ടായിരുന്ന ക്രൈസ്തവരെ ലത്തീൻ രീതിയിൽ ചേർക്കുന്ന കാര്യം സംബന്ധിച്ച് അബൂനാ യാക്കോബു മെത്രാൻെറ മനഃസ്ഥിതി എന്തായിരുന്നു, അദ്ദേഹം എന്തു ചെയ്തിരുന്നു എന്നിവയെല്ലാം ഇതുവരെ പറഞ്ഞവകൊണ്ടു മനസ്സിലാക്കാവുന്നതാണല്ലോ.

ആനുകൂല്യം ഇല്ലാതിരുന്നാൽ തന്നെയും.

ഇനി അബൂനാ യാക്കോബു മെത്രാൻെറ ആനുകൂല്യമൊ മററൊ ഒന്നും ഇല്ലാതിരുന്നാൽ തന്നെയും പലരും പൊർത്തുഗീസുകാരോടു ചേരാനും ലത്തീൻ രീതിയിലേയ്ക്കു പരിവർത്തനം ചെയ്യാനും എളുപ്പമുള്ളതായിരുന്നു അന്നത്തെ ക്രൈസ്തവരുടെസ്ഥിതി. ഇതു അവരുടെ മതാത്മകവും ഭൗതികവുമായ നിലയെപ്പററി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു മനസ്സിലാക്കാവുന്നതാണ്. അതായതു്: വിശ്വാസം ക്ഷയോന്മുഖമായിരുന്നു. സഭയുടെ ജീർണ്ണിച്ച അവശിഷ്ടങ്ങൾ എന്നു പറയത്തക്കവിധം അവരുടെ മതചൈതന്യം അത്രയ്ക്കു അസ്തപ്രായമായിരുന്നു. ജ്ഞാനസ്നാനത്തിൻെറ കാര്യം മുമ്പു പറഞ്ഞിട്ടുള്ളതാണല്ലൊ. പലരും കുടുംബപാരമ്പര്യം—വംശാവലി—കൊണ്ടാണ് ക്രിസ്ത്യാനികൾ എന്നു അറിയപ്പെട്ടിരുന്നതു്.

ഈ നിലയിൽ തങ്ങളുടെ ഭരണത്തിൽ സമർപ്പിതരായ ക്രൈസ്തവരെ ലത്തീൻ രീതിയിലേയ്ക്കു പരിവൎത്തനം ചെയ്യിക്കാൻ അവർക്കു എന്തു പ്രയാസമാണുണ്ടാവുക?

ഇക്കാര്യത്തെപ്പററി തിരുവിതാംകൂർ സ്റ്റേയിററ് മാനുവലിൽ പറയുന്നതു ഇങ്ങനെയാണ്:-"പത്തൊമ്പതാം നൂററാണ്ടിൽ സിറിയൻ സഭയിൽനിന്നു ആ സഭയും സിറിയൻ റീത്തും ഉപേക്ഷിച്ചു പ്രോട്ടസ്റ്റാൻറു മതത്തിലേയ്ക്കു ആയിരം ആയിരങ്ങളായി ജനങ്ങൾ തിരിഞ്ഞുപോയപ്പോൾ ഇംഗ്ലണ്ടു സഭയിലെ മിഷ്യനറിമാർക്കുണ്ടായിരുന്ന സൗകര്യത്തെക്കാൾ അധികം സൗകര്യത്തോടുകൂടിയാണ് പൊർത്തുഗീസു മിഷ്യനറിമാർ, തങ്ങൾക്കുണ്ടായിരുന്ന രക്ഷാധികാരംമൂലം സന്തോമാക്രിസ്ത്യാനികളെ ലത്തീൻ റീത്തിലേയ്ക്കു വഴക്കിയിരുന്നതു്." (33)

ഇനി ശേഷിക്കുന്നതു് ഒരു റീത്തിൽ ഉൾപ്പെട്ടിരിക്കുന്നവരെ മറെറാന്നിലേയ്ക്കു പരിവൎത്തനം ചെയ്യിക്കാമോ എന്ന ചോദ്യമാണല്ലോ. ഒരു ചരിത്രാന്വേഷകനായ മി. മെക്കൻസി ദീർഘപരിശോധനയ്ക്കുശേഷം അതിനു ഇങ്ങനെ സമാധാനം പറയുന്നു:- Four hundred years ago the Portuguese had not instructions so definite from Rome, and from the date of their arrival until the Synod of Diamper they attempted to persuade the Syrians on this coast to adopt Latin Rite.

നാനൂറു വത്സരങ്ങൾക്കുമുമ്പു പൊർത്തുഗീസുകാൎക്കു റോമിൽനിന്നു അത്ര നിശ്ചിതമായ നിർദ്ദേശങ്ങൾ ഇതിനെ സംബന്ധിച്ച് ഉണ്ടായിരുന്നില്ല. അവർ ഇവിടെ എത്തിയതുമുതൽ ഉദിയമ്പേരൂർ സൂനഹദോസുവരെ ക്രൈസ്തവരെ സുറിയാനി റീത്തിൽനിന്നു ലത്തീൻ രീതിയിലേയ്ക്കു ആനയിക്കാൻ ശ്രമിച്ചു. (എന്നാണല്ലോ മി.

(33) തിരുവിതാംകൂർ സ്റ്റേയിററമാനുവൽ ഭാ ൪—൨൬൭)

മെക്കൻസി പറഞ്ഞിട്ടുള്ളതു.) (34)

സുറിയാനി റീത്തു മാററി, തൽസ്ഥാനത്തു ലത്തീൻ റീത്തു സ്ഥാപിക്കുകയാണ്, ഇവിടങ്ങളിലെ ക്രൈസ്തവരുടെ മതാത്മകമായ നന്മയ്ക്കുള്ള ഏകമാർഗ്ഗം എന്നായിരുന്നു പൊർത്തുഗീസുകാർ കരുതിയിരുന്നതു്. പൊർത്തുഗീസുകാർ മാർഅബ്രാഹം മെത്രാപ്പോലീത്തായോടുപോലും ലത്തീൻറീത്തു സ്വീകരിക്കുവാൻ ഉപദേശിച്ചതായി ചരിത്രകാരൻപറയുന്നുണ്ട്. (35) ആ സ്ഥിതിക്ക് അബൂനാ യാക്കോബു മെത്രാൻെറ സുദീർഘമായ ആയുഷ്കാലത്തിനിടയ്ക്കു അദ്ദേഹത്തിൻെറ കീഴുണ്ടായിരുന്ന ജനങ്ങളെ ലത്തീൻ റീത്തിലേയ്ക്കു സമാകർഷിക്കാൻ അവർ എത്ര തീവ്രയത്നം ചെയ്തിരിക്കുമെന്നുള്ളതു് അനുമേയമാണല്ലൊ. സുറിയാനി ഭാഷ എല്ലാ പാതിരികളുടേയും ഒരു ഉറവു ചാലാണെന്നും അതിനാൽ ഇതു ക്രമേണ (Poco poco) നാമാവശേഷമാക്കി തൽസ്ഥാനത്തു ലത്തീൻ റീത്തു സ്ഥാപിക്കണമെന്നുമായിരുന്നു അവർ കരുതിയിരുന്നതു്. (36) അക്കാലം കൊച്ചിയിലും എടക്കൊച്ചിയിലുമായി പല പള്ളികൾ സ്ഥാപിച്ചു. കൊടുങ്ങല്ലൂരും അതിന്നടുത്തും ചില പള്ളികൾ അക്കാലത്തു സ്ഥാപിച്ചിട്ടുണ്ട്. * യുദ്ധത്തിന്നും കാവലിന്നും കച്ചവടത്തിന്നുമായി

---

(34) ക്രിസ്തൃാനിററി ഇൻ ട്രാവൻകൂർ Page 31

(35) ജെമിത Page 74.

(36) മെനസ്സീസ് മെത്രാപ്പോലീത്താ 1597 ഡിസമ്പർ 1 -ൽ റോമയിലേയ്ക്കു എഴുതിയ കത്തു.

* 3-ാം അദ്ധ്യാ-ൽ കാണിച്ചിട്ടുള്ളതുപോലെ ആൽബുക്കെർക്ക ശത്രുക്കളെയെല്ലാം നിശ്ശേഷം പരാജയപ്പെടുത്തി കൊച്ചീരാജാവിനെ സ്വതന്ത്രനാക്കിയശേഷം, അദ്ദേഹം കൊച്ചീരാജാവിനെ സന്ദർശിക്കാൻ ചെന്നു. തദവസരത്തിൽ പൊർത്തുഗീസുകാരുടെ ഭ

പൊത്തുഗീസുകാരോടു ചേൻ ക്രിസ്ത്യാനികൾ ലത്തീൻ റീത്തു കൈക്കൊള്ളുക മാത്രമല്ല സ്ഥാനമാനങ്ങൾ പ്രാപിച്ചു യൂറോപ്യൻ പേരുകൾപോലും സ്വീകരിക്കുകയുമുണ്ടാ

---

ത്സ്വായി കൊച്ചിയിൽ കടലിന്നു സമീപം ഒരു കോട്ടയുണ്ടാക്കിയാൽ കൊള്ളാമെന്നു അറിയിച്ചു. കൊച്ചീരാജാവു അദ്ദേഹത്തിന്റെ അപേക്ഷ സന്തോഷപൂർവ്വം സ്വീകരിച്ചു. അതിന്നുവേണ്ട സ്ഥലവും സാമഗ്രികളും കൊടുക്കാമെന്നു സമ്മതിച്ചു. മാത്രമല്ലാ ഈ പണി നടത്തുന്നതിന്നു വേണ്ട ആളുകളേയും അയച്ചു കൊടുക്കാമെന്നു പറഞ്ഞു.

കല്ലുകൊണ്ടുള്ള കോട്ടയുണ്ടാക്കാൻ തല്ക്കാലം സൗകൎയ്യമില്ലായ്കയാൽ മരംകൊണ്ടു ഒരു കോട്ടയുണ്ടാക്കാൻ ആൽബുക്കെർക്കു നിശ്ചയിച്ചു. കടലിന്നു സമീപം ഒരുനൂററി എൺപതു വാര നീളത്തിലും അത്രയുംതന്നെ വീതിയിലും രണ്ടു നിര തെങ്ങിൻ കുററികൾ കുഴിച്ചിട്ടു ഇരിമ്പുവാറുകൊണ്ടു മുറുക്കി, അതിനകത്തു കല്ലും മണ്ണുമിട്ടു നിറച്ചു ഉറപ്പെടുത്തി. ഈ കോട്ടയുടെ മദ്ധ്യേ ഒരു ദേവാലയവും സ്ഥാപിച്ചു. പൊത്തുഗീസുകാർക്കു കേരളത്തിലുണ്ടായ ഒന്നാമത്തെ കോട്ട ഇതായിരുന്നു. കോട്ടയുടെയും ദേവാലയത്തിന്റെയും പണി പൂർത്തിയായശേഷം ൧൫൦൩ നവമ്പർ ൧-ാം നു വിശുദ്ധ കുരിശു സംവഹിച്ചുകൊണ്ടു കോട്ടയ്ക്കു ചുററും ഒരു പ്രദക്ഷിണം നടത്തി. കപ്പിത്താന്മാരായിരുന്നു ഈ പ്രദിക്ഷണത്തിൽ പാലിക (കാനപ്പി) പിടിച്ചിരുന്നതു്. അനന്തരം കോട്ടയിൽ പ്രവേശിച്ചു് ദേവാലയത്തിന്റെ ആശീർവ്വാദകൎമ്മം നടത്തി ദിവ്യപൂജസമൎപ്പിച്ചു. ഡോമ്മിനിക്കൻ സഭാംഗമായിരുന്ന ഫ്റൻസീസ്കോ റൊഡ്രീഗ് എന്ന വൈദികനെയാണ് പ്രസ്തുത പള്ളിയിൽ അന്നു വികാരിയായി നിശ്ചയിച്ചതു്. കോട്ട വിശുദ്ധ യാക്കോശ്ലീഹായുടെ നാമത്തിലും ദേവാലയം വിശുദ്ധ ബത്തലൂമ്മെ ശ്ലീഹായുടെ നാമത്തിലുമാണു് പ്രതിഷ്ഠിച്ചതു എന്നു ചിലരും, അതല്ലാ കോട്ടയ്ക്കു പൊത്തുഗൽ രാജാവു ദോം മണുവേലിന്റെ നാമം നൽകി ദേവാലയം വിശുദ്ധകുരിശിന്റെ നാമത്തിലും പ്രതിഷ്ഠിച്ചു എന്നു മററു ചിലരും പറഞ്ഞുകാണുന്നുണ്ടു്. ഇങ്ങനെ വിവിധ അഭിപ്രായങ്ങളാണു് ഇവയേപ്പററി ഉള്ളതു്.

കോട്ട ഒരു കുന്നിൻപുറത്തു സ്ഥാപിച്ചു എന്നാണു കൊച്ചീ

യിട്ടുണ്ട്. ഇങ്ങനെ ലത്തീൻ റീത്തു സ്വീകരിക്കുന്നവർക്ക് ലഭിക്കുന്ന സ്ഥാനമാനങ്ങൾ, ഉദ്യോഗങ്ങൾ, ശമ്പളം, കച്ചവടത്തിനുള്ള സൗകര്യം, ഇതരന്മാരുടെ ഉപദ്രവത്തി

---

രാജ്യ ചരിത്രകാരൻ പറയുന്നത്. (കൊച്ചീരാജ്യചരിത്രം ൧. ൧൦—൨൨൦) പുഴയോടടുത്തു ഒരു താണ പ്രദേശമാണ് കോട്ട സ്ഥാപനത്തിനായി തെരിഞ്ഞെടുത്തത്. അവിടെ മണ്ണിട്ടുപൊക്കുകയുണ്ടായി എന്നു മററു ചരിത്രകാരന്മാരും പറയുന്നു. (ആൽബ്യക്കെക്ക കൊമ്മന്താരി ൧. പു—ൻ) പിന്നീടു ഈ കോട്ട വിസ്തീർണ്ണപ്പെടുത്തി കല്ലുകൊണ്ടു പണിയുകയും അതിന്നുള്ളിലും പരിസരങ്ങളിലുമായി പല ദേവാലയങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തു.

എടക്കൊച്ചിയിൽ പുഴയുടെ തീരത്തും അക്കാലങ്ങളിൽ ഒരു കോട്ട പണിയുകയുണ്ടായി. സാമൂതിരിയുടെ സൈന്യത്തിൻെറ വരവു തടുക്കാനാണു ഈ കോട്ട സ്ഥാപിച്ചത്. അന്നു തേവരയിൽക്കൂടി ഒരു ചിറവഴിക്കു കുമ്പളത്തേയ്ക്കു കടക്കാമായിരുന്നു. (ലെന്താസ് ദ ഇന്ത്യ ൧-ാം പു. ൪൩൦) കുമ്പളത്തിന്നും എടക്കൊച്ചിയ്ക്കും മദ്ധ്യേ ഇന്നത്തെപ്പോലെ വിസ്താരമുള്ള പുഴ അന്നുണ്ടായിരുന്നില്ല. അങ്ങനെതന്നെ പനങ്ങാട്ടുനിന്നു വളഞ്ഞാർ വഴിക്ക് അരൂരേയ്ക്കും അവിടെനിന്നു എടക്കൊച്ചി കുമ്പളങ്ങി മുതലായ ഭാഗങ്ങളിലേയ്ക്കും കടക്കാൻ എളുപ്പമുണ്ടായിരുന്നു. ഈ മാർഗ്ഗം തടയാൻവേണ്ടിയാണ് അവിടെ—ഇടക്കൊച്ചിയിൽ — കോട്ട സ്ഥാപിച്ചതും എടക്കൊച്ചിയിലും കുമ്പളങ്ങിയിലും മററും ക്രൈസ്തവ യോദ്ധാക്കളെപ്പാർപ്പിച്ചതും. ജ്യോതിഷവിദ്വാന്മാരുടെ നാമത്തിലാണ് ഈ കോട്ട പ്രതിഷ്ഠിച്ചിരുന്നത്. അതിന്നടുത്തുതന്നെ ഒരു ദേവാലയവും സ്ഥാപിക്കപ്പെട്ടു.

ഏതാനും വത്സരങ്ങൾക്കുശേഷം "കല്ലഞ്ചേരി" എന്നു പറയപ്പെടുന്ന സ്ഥലത്തു വി. അന്ത്രയാസ് ശ്ലീഹായുടെ നാമത്തിൽ ഒരു ഒരു ദേവാലയം സ്ഥാപിക്കപ്പെടുകയുണ്ടായി. പ്രസ്തുത ദേവാലയംസ്ഥിതിചെയ്തിരുന്ന സ്ഥലം ഇപ്പോൾ പുഴയായിരിക്കയാണ്.

൧൫൦൩—ാം ആണ്ടിൽ..... കൊടുങ്ങല്ലൂരിലെ രാജാവു ......പൊത്തുഗീസരുടെ ആദരവുമൂലം കൊച്ചീരാജാവു അനുഭവിച്ചുപോരുന്ന സഹായവും പ്രബലതയും കണ്ടിട്ടു ആ രാജാവുമാ



വിശുദ്ധ ഫ്രാൻസിസ് സേവ്യർ.

(155-290-296 എന്നീ പേയ്ജ്ജുകൾനോക്കുക.)

ലും ഭീഷണിയിലും നിന്നുള്ള മോചനം എന്നിവയെല്ലാം കൊണ്ടു പണ്ടേതന്നെ പലതരം അവശത അനുഭവിച്ചിരുന്ന പൂർവ്വക്രൈസ്തവർ അപ്രകാരം ചെയ്തതു സ്വാഭാവികമാകുന്നു? ഹംതന്നെയല്ലയോ?

---

യി വലിയ സഖിത്വം ചേർന്നു......ഏററം വലിയ ഉറപ്പിന്നുവേണ്ടി രാജാവു ദിയാഗൊ പെരെയിരയോടു രഹസ്യമായി സംസാരിക്കയും...... ആയാളൊന്നിച്ചു പൊർത്തുഗീസുകാരുടെ റവന്യൂ സൂപ്രഡെൻറിനെ ചെന്നുകണ്ടു കൊടുങ്ങല്ലൂർ ആറേറാരത്തിൽ ഒരു സ്ഥലത്തു ഒരു കോട്ട കെട്ടുന്നതിനും..... അതിൽ പൊർത്തുഗീസരുടെ ഒരു സൈന്യാധിപനും ഒരു പട്ടാളവും ഉണ്ടായിരിപ്പാനും ആലോചിക്കുന്നതിനു മാർഗ്ഗമുണ്ടാക്കുകയും ചെയ്തു."......

സാമൂതിരി......നമ്മുടെ ആളുകൾ (പൊർത്തുഗീസുകാർ) ഈ ഗതാഗത മാർഗ്ഗത്തെ തടപ്പാൻ തീർച്ചയാക്കി എന്നു കണ്ടിട്ടു തൻെറ വാസം കൊടുങ്ങല്ലൂരിൽ ഉറപ്പിച്ചു. അവിടെ ഉണ്ടായിരുന്നതായ വിശുദ്ധ തോമയുടെ ഭവനം അവർ (മഹമ്മദീയർ) വലിച്ചുപൊളിച്ചു തീയിട്ടുകളഞ്ഞു.

റവന്യൂ സൂപ്രഡെൻറായ മാർട്ടിൻ അൽഫോൻസോയും ആലോചനസഭയിലെ മിലിട്ടെറി ഉദ്യോഗസ്ഥന്മാരുംകൂടി നദിയരികെയുള്ള ഗതാഗതസ്ഥാനത്തെ ഭദ്രപ്പെടുത്തുന്നതിന്നുവേണ്ടി കൊടുങ്ങല്ലൂരിൽ ഒരു കോട്ട കെട്ടുവാൻ നിശ്ചയിച്ചു......കോട്ടയിലെ സേനാനേതാവായി പിന്നീടു നിയമിക്കപ്പെട്ട ദിയാഗോ പെരെയിരയെയാണ് ഇതിൻെറ പണിസംബന്ധമായ ചുമതല ഭരമേല്പിച്ചത്. (Lendas da India, cit vol. III: Page. 423-699, 772.)

പതിനഞ്ചു നാഴിക ദൂരസ്ഥിതമായ കൊച്ചിയിലെ വർത്തകസംഘത്തിൽനിന്നു കൊടുത്തിരുന്നതായ കൊടുങ്ങല്ലൂർ കോട്ടയിലെ പെൻഷ്യൻ പട്ടിക:— ഇനവിവരം — സൈന്യാധിപനു കൊല്ലം ഒന്നിനു ൧,൨൦,൦൦൦ റെയിസ്. ഇത്യാദി— ഇത്യാദി — ഇത്യാദി.

മുൻപറഞ്ഞ കൊടുങ്ങല്ലൂരിലെ വികാരിക്കു.....

കൊടുങ്ങല്ലൂരിൽ പാർത്തിരുന്ന മലയാളത്തുകാരൻ ക്ലേരി വിശുദ്ധ പത്രോസിൻെറ ജോർജ്ജിനു കൊല്ലം ഒന്നിനു ൫൦,൦൦൦

## അദ്ധ്യായം ൫

പൂവ്വ ക്രൈസ്തവർ ലത്തീൻരീതി സ്വീകരിച്ചു എന്നതിന്റെ തെളിവുകൾ.

പുരാതന രേഖകൾ പരിശോധിച്ചിട്ടു കാണുന്ന തെളിവുകൾ—ഉദയമ്പേരൂർ സൂനഹദോസും ലത്തീൻറീത്തും—അനന്തര തെളിവുകൾ.

ഇതേവരെ പ്രസ്താവിച്ച സംഗതികൾകൊണ്ടുതന്നെ പൊർത്തുഗീസുകാരോടു ചേർന്നു അവരുടെ റീത്തും മറവും സ്വീകരിക്കുവാൻ ഗണനീയമായ ഒരു ജനവിഭാഗത്തെ പ്രേരിപ്പിക്കുന്ന സാഹചര്യമാണു് അന്നത്തെ തോമാ ക്രിസ്ത്യാനികൾക്കുണ്ടായിരുന്നതെന്നു വിശദമായിട്ടുണ്ടല്ലൊ. ഇനി പൂവ്വ ക്രിസ്ത്യാനികൾ ലത്തീൻ രീതി സ്വീകരിച്ചതിന്റെ ചരിത്ര തെളിവുകൾ കാണിക്കാനാണു് മുതിരുന്നതു്. എന്നാൽ ആ തെളിവുകളിലേയ്ക്കു പ്രവേശിക്കുന്നതിന്നു മുമ്പു ഒന്നുരണ്ടു സംഗതികൾ വായനക്കാരെ ഓർപ്പിക്കാനുണ്ടു്. അതായതു്: ആദ്യം ഒരു സംഘം ക്രൈസ്തവർ ലത്തീൻറീത്തുകാ

---

റെയിസ്......

കൊടുങ്ങല്ലൂരിൽ മുൻപറഞ്ഞ വികാരിക്കു്, മെഴുകു്, എണ്ണ, വീഞ്ഞു് മുതലായതിന്നു കൊടുത്തിരുന്ന....

കൊടുങ്ങല്ലൂരു് കോളേജ്.

ഇനവിവരം— കോളേജിലെ പൈതങ്ങളുടെ ചിലവു വകയ്ക്കു് ....൧,൦൦,൦൦൦ റെയിസ്.....ടി. കോളേജിലേയ്ക്കും, ശ്ലീഹ ജേംസിന്റെ ദേവാലയത്തിലേയ്ക്കും ന്ന കണ്ടി കോതമ്പിനു് .....എണ്ണയ്ക്കു്.....വീഞ്ഞിനു്.....കുട്ടികളുടെ വസ്ത്രത്തിനു് .....കൊല്ലം ഒന്നിനു് ൧ഒര് "പറദോവാസും" വ "തങ്കാസും" കൂടിയുള്ള സംഖ്യ ൪ന്ന,൩൨൦ റെയിസ്.

രായത്തുകൊണ്ടു മാത്രം പൊർത്തുഗീസുകാർ തൃപ്തിപ്പെട്ടിരുന്നില്ല. അന്നത്തെ ഭൂരിപക്ഷം ക്രൈസ്തവരിലും വിരളപ്രായമായിരുന്ന മതാത്മകമായ ക്രമാനുസരണവും ആചാരശുദ്ധിയും അവരിൽ പുനഃസ്ഥാപിക്കുവാൻ പൊർത്തുഗീസുകാർ ആഗ്രഹിച്ചിരുന്നു. ലത്തീൻറീതിയിലേയ്ക്കു അവരെ പരിവർത്തനം ചെയ്യിക്കുന്നതാണ് ഈ ആഗ്രഹസാദ്ധ്യത്തിനുള്ള സുഗമമാർഗ്ഗം എന്ന് അവർ കരുതി. കൊടുങ്ങല്ലൂർ സെമ്മിനാരി സ്ഥാപിച്ചു ക്രൈസ്തവ യുവാക്കന്മാരെ ലത്തീൻരീതി അഭ്യസിപ്പിച്ചു വൈദിക പദത്തിലേയ്ക്കു് ഉയർത്തുവാൻ ശ്രമിച്ചതു് ഈ ഉദ്ദേശ നിർവ്വഹണത്തിന്നായിട്ടത്രെ. എന്നാൽ യുവാക്കന്മാർ പഠനം പൂർത്തിയാക്കി വൈദികപദം പ്രാപിച്ച അവസരത്തിൽ അബൂനാ യാക്കോബുമെത്രാൻ മരണ

---

(കിഴക്കുള്ള പൊർത്തുഗീസ് കോട്ടകളുടെ റവന്യൂ സൂപ്രഡെൻറ് സീമോൻ ബൊഥലൊ 1554-ൽ കോട്ടകൾ പരിശോധിച്ചതിൻെറ ശേഷം എഴുതിയ റിപ്പോർട്ട് Appendix Lendas da India- V. Tombo do Estado da India P.27.)

കൊടുങ്ങല്ലൂരിന്നടുത്തും ചില പള്ളികൾ അക്കാലങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു. അവയിലൊന്നായിരിക്കാം കൊടുങ്ങല്ലൂർ കോട്ടയുടെ കിഴക്കുവശത്തുണ്ടായിരുന്ന തോടിൻെറ മറുകരയിൽ വി. ഫ്റാൻസീസ് അസ്സീസ്സിയുടെ നാമത്തിൽ സ്ഥിതിചെയ്തിരുന്നതു. ഈ ദേവാലയം ൧൫൬൬-ൽ സ്ഥാപിക്കപ്പെട്ടതാണെന്നു പറയപ്പെടുന്നു. അതിനടുത്ത കാലങ്ങളിൽ—നൂനൊ ഡെക്കുഞ്ഞ ഗവർണ്ണരായിരിക്കെ—അന്നത്തെ ക്രിസ്ത്യാനികളെ പൊർത്തുഗീസുകാരുടെ കീഴിൽ ലത്തീൻ റീതിയിൽ ചേർക്കുന്നതിനായി അബൂനാ യാക്കോബുമെത്രാൻ പൊർത്തുഗീസു വൈദികരോടുകൂടെ കൊടുങ്ങല്ലൂരും അതിൻെറ പരിസരങ്ങളിലും സഞ്ചരിച്ചിരുന്നതായികാണുന്നുണ്ട്. പ്രസ്തുത ദേവാലയത്തെപ്പറ്റി കൂടുതൽ തെളിവുകൾ കിട്ടിയിട്ടില്ല.

തീരപ്രദേശങ്ങളിൽ വേറെ ചില സ്ഥലത്തും അക്കാലത്തു ദേവാലയങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

മടഞ്ഞിരുന്നു. പൊർത്തുഗീസുകാരോട് ചേരാതെ നിന്നിരുന്ന ക്രൈസ്തവർക്കു ഇതര പ്രേരണകൾനിമിത്തം പൊർത്തുഗീസ് വൈദികരോടെന്നല്ല ലത്തീൻ റീത്തിനോടുതന്നെ വിരോധവും ജനിക്കുവാനിടയായി. തൻമൂലം ലത്തീൻ രീതിക്കാർ തങ്ങളിൽനിന്നു വിഭിന്നമായ ഒരു സമുദായം എന്ന നില അവർ അവലംബിക്കാൻ തുടങ്ങി. എന്നാൽ ഈ വ്യത്യാസം ക്രൈസ്തവരുടെ ഇടയിൽ ഒരു പിളർപ്പുണ്ടാക്കാതിരിക്കാനാണ് പൊർത്തുഗീസുകാർ ശ്രമിച്ചിരുന്നത്. പാട്ടുള്ളത്ര ക്രൈസ്തവരെ തങ്ങളുടെ റീത്തിലേയ്ക്കു സമാകർഷിക്കുവാൻ ആ നയമാണ് ഉചിതമെന്ന് അവർ ധരിച്ചിരുന്നു.

ഉദയമ്പേരൂർ സൂനഹദോസു നടക്കുന്ന അവസരത്തിൽ വൈദിക വിദ്യാർത്ഥികൾക്കു പട്ടം കൊടുക്കാൻ നിശ്ചയിച്ചു. ആയതിലേയ്ക്കു അന്നത്തെ അർക്കിദിയാക്കനും വരണമെന്നു മെ:നസ്സീസ്സ് മെത്രാപ്പോലീത്താ ആവശ്യപ്പെട്ടു എഴുതി അയച്ചപ്പോൾ:— "ലത്തീൻകാർക്കു കൊടുക്കുക; സുറിയാനിക്കാർക്കു കൊടുക്കരുതു" എന്നു അർക്കിദിയാക്കൻ മറുപടി അയച്ചു. എന്നാൽ "താൻ വന്നിരിക്കുന്നതു ലത്തീനും സുറിയാനിയും എന്ന വിഭിന്നതയും വാദവും തീർക്കാനാണെന്നും" മററും മെത്രാപ്പോലീത്താ വീണ്ടും അർക്കിദിയാക്കനെ അറിയിച്ചു. (37) ഇതിൽ പൊർത്തുഗീസുകാരുടെ മേല്പറഞ്ഞ നയത്തിൻെറ ഒരു ഛായ നിഴലിച്ചു കാണുന്നുണ്ട്. ലത്തീൻ റീത്തിനെപ്പററിയുള്ള അവജ്ഞ സുറിയാനി റീത്തുകാരിൽനിന്നു നീക്കാൻവേണ്ടി പൊർത്തുഗീസുകാർ സ്വീകരിച്ചിരുന്ന ഈ നയംനിമിത്തം അക്കാലത്തെ ലത്തീൻറീത്തുകാരെ പില്ക്കാലത്തു ഇതരറീത്തുകാരിൽനിന്നും വേർതിരിച്ചറിയാൻ എളുപ്പമല്ലാതായിത്തീർന്നു. ലത്തീൻറീ

(37) ഗോവേയ 49

ത്തിനെ ആചരിച്ചു വന്നവരെ സുറിയാനി റീത്തുകാരിൽനിന്ന ഇന്നത്തേപ്പോലെതന്നെ അന്നും അടുത്തു പരിചയമുള്ളവർക്കേ തിരിച്ചറിയാൻ സാധിച്ചിരുന്നുള്ളൂ. പൊർത്തുഗീസ്സു ഭരണത്തെപ്പററി എഴുതുന്നവർ "തോമാക്രിസ്ത്യാനികൾ" എന്ന പേരിൽ ഇവരെക്കുറിച്ചു പറയുകയായിരുന്നു പതിവു. ഇതിനാൽ പിൽക്കാലങ്ങളിൽ ഇവരേപ്പററി തിരിച്ചുള്ള പ്രത്യേക വിവരണം അത്രയധികം കിട്ടാൻ ഇടയില്ലെന്നുള്ളതു സ്പഷ്ടമത്രെ.

എങ്കിലും പുരാതന രേഖകളിലും അനന്തരകാലത്തു മററു കാര്യങ്ങൾ വിവരിക്കുന്നതിലും ഇക്കാര്യം തെളിഞ്ഞു വരാതിരിക്കുന്നില്ല. തന്നെയല്ലാ കേരളത്തിൻെറ പല ഭാഗങ്ങളിലുള്ള ലത്തീൻ, സുറിയാനി എന്നീ സമുദായങ്ങളുടെ സ്ഥിതിഗതികളും ഇതു വെളിവാക്കാതിരിക്കുന്നില്ല. അവയെല്ലാം ഈ അദ്ധ്യായത്തിലും അനന്തര അദ്ധ്യായങ്ങളിലുമായി കാണിക്കുന്നതാണു.

**പുരാതന രേഖകളിൽ നിന്നുള്ള തെളിവുകൾ**

കൊച്ചിയിൽ പൊർത്തുഗീസുഭരണം ആരംഭിച്ച കാലത്തു കേരളത്തിലെ ക്രൈസ്തവരുടെ മേലദ്ധ്യക്ഷനായിരുന്ന അബൂനാ യാക്കോബു മെത്രാൻ പൊർത്തുഗൾ രാജാവിന്നയച്ച കത്തുകളേയും പഴല ചരിത്രരേഖകളേയും പരിശോധിച്ചിട്ടു ഒരു പ്രസിദ്ധ പണ്ഡിതനായ റവ. ജോർജ്ജ് സ്കമ്മർ എസ്. ജെ. പറയുന്നു:- For the Portuguese Missionaries of the first half of the 16th Century and later the ideal thing was to win the St. Thomas Christians over to the ***Latin Rite.*** The means employed were: missionary work of Latin Priests, espicially the Franciscans, amongst the Syro-Malabarian Christians, and the education of a native Latin clergy taken from their own midst. In both regards Mar Jacob gave his help. "പതിനാറാം ശതാബ്ദത്തിൻെറ പ്രഥമ പാദത്തി

ലും അതിന്നു ശേഷവും ഉണ്ടായിരുന്ന പൊർത്തുഗീസു
മിഷ്യനറിമാർക്കു ആദർശപരമായിരുന്ന ഒരു സംഗതി
മാർത്തോമാ ക്രിസ്ത്യാനികളെ ലത്തീൻറീത്തിലേയ്ക്കു നേ-
ടുക എന്നതായിരുന്നു. ഇതിന്നായി ഉപയോഗിക്കപ്പെട്ടി
രുന്ന മാർഗ്ഗങ്ങൾ മലയാളത്തിലെ സുറിയാനി ക്രിസ്ത്യാ
നികളുടെ മദ്ധ്യേയുള്ള ലത്തീൻ വൈദികരുടെ, പ്രത്യേ
കിച്ചു ഫ്രാൻസിസ്കൻ സന്യാസികളുടെ മിഷ്യനറിവേ
ലയും അവരിൽനിന്നു രൂപവൽകൃതമായ ഒരു ലത്തീൻ
ഏതദ്ദേശീയ വൈദികഗണത്തിന്റെ വിദ്യാഭ്യാസവുമാ
യിരുന്നു. ഇക്കാര്യങ്ങൾ രണ്ടിന്നും മാർ യാക്കോബ് ത
ന്റെ സഹായം നൽകിയിരുന്നു. (38) വേറൊരിടത്തു് ഇ
ങ്ങിനെ പറയുന്നു:— Part of them (Syro-Malabarian Christians) are ready to accept the Latin Rite but are prevented from doing so by the Hindu Kings in whose territory they are living; part of them accept the Latin Rite at the instance of Mar Jacob and his Franciscan helpers: — "അവ
രിൽ (മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളിൽ)
ഒരുഭാഗം ലത്തീൻറീത്തു സ്വീകരിക്കുവാൻ സന്നദ്ധരാ
ണെങ്കിലും അവർ ആരുടെ സ്ഥലത്തു—രാജ്യത്തു—വ
സിക്കുന്നുവോ ആ ഹിന്ദുരാജാക്കന്മാരാൽ അതിൽനി
ന്നു തടയപ്പെടുന്നു. അവർ ഒരു ഭാഗം മാർ യാക്കോബി
ന്റെയും അദ്ദേഹത്തിന്റെ സഹായകരായ ഫ്രാൻസി
സ്കൻ സഭക്കാരുടേയും അപേക്ഷാനുസാരം ലത്തീൻറീ
ത്തു സ്വീകരിക്കുന്നു." (39)

---

(38) "The Malabar Church and Rome during the early Portuguese period and before." by Rev. George Schurhammer S. J. P. 20.

(39) Ib. page I9.

"We know, that the Portuguese of his time, missionaries and laymen, did not know much of the Chaldean Rite, and they often called heretical whatever was different from the Latin Rite and that therefore the ideal thing for them was to win the Syro-Malabarian Christians over to their Latin Rite. We know also from St. Francis Xavier, that in his old age the Bishop became "very obedient to the customs of the Church of Rome." We know also from the Bishop Roz of Angamale, that Mar Jacob introduced the private confession according to the Roman custom, that he brought children to Cochin and later on to Cranganore, where the Franciscans educated them for the priesthood in the Latin Rite, that he brought his Christians in communication with the Portugese and with the Franciscans and others, whom he took with him to instruct his flock and got part of his Christians "to go over to the usage of Rome." (40) "അദ്ദേഹത്തിൻെറ സമകാലീനരായിരുന്ന പൊർത്തുഗീസുകാക്ക—മിഷ്യനറിമാക്കും അൽമായക്കും—കൽദായ റീത്തിനെപ്പററി വലിയ അറിവൊന്നും ഉണ്ടായിരുന്നില്ലെന്നും, ലത്തീൻ റീത്തിൽനിന്നു വ്യത്യസ്തമായിക്കണ്ടതിനെയെല്ലാം പാഷണ്ഡപരമായി പരിഗണിച്ചിരുന്നെന്നും, തൻമൂലം മലയാളത്തിലെ സുറിയാനിക്രിസ്ത്യാനികളെ ലത്തീൻ റീത്തിലേയ്ക്കു നേടുന്നതാണ് അവക്ക ആദർശപരമായിതോന്നിയിരുന്നതെന്നും നാം അറിയുന്നു. മാത്രമല്ല, പ്രസ്തുത മെത്രാൻ തൻെറ വാർദ്ധക്യദശയിൽ റോമാസഭയുടെ ചട്ടങ്ങളുടെനേർക്കു വളരെ ബഹുമാനവും അനുസരണവുമുള്ളവനായിരുന്നുവെന്നു വിശുദ്ധ ഫ്റാൻസീസ് സേവ്യറിൻെറ എഴുത്തിൽനിന്നും

(40) Ib. page 37— Three letters. . . . . .79-84.

നാം അറിയുന്നു. മാർ യാക്കോബു റോമൻ ചട്ടപ്രകാരമു
ള്ള രഹസ്യ പാപസങ്കീർത്തനം നടപ്പിൽ വരുത്തിയെ
ന്നും, അദ്ദേഹം കുട്ടികളെ കൊച്ചിയിലേക്കും പിന്നീടു
കൊടുങ്ങല്ലൂരിലേയ്ക്കും നയിച്ചുവെന്നും, അവിടെ അവൎക്കു
ഫ്രാൻസീസ്കൻ സന്യാസികൾ ലത്തീൻ രീതിയിൽ പൌ
രോഹിത്യപഠനം നൽകിയിരുന്നെന്നും സ്വന്ത ഭരണ
ത്തിൽപ്പെട്ട ക്രിസ്ത്യാനികൾക്കു പൊർത്തുഗീസുകാരും,
'ഫ്റാൻസീസ്കൻസ്' എന്നിവരും സ്വന്തം അജഗണ
ത്തെ പഠിപ്പിക്കാൻവേണ്ടി കൂടെ കൊണ്ടുപോയിരുന്ന ഇ
തരന്മാരുമായി ഇടപാടും സമ്പൎക്കവും ഉണ്ടാകുവാൻ ഹേ
തുഭൂതനായി എന്നും അദ്ദേഹത്തിന്റെ ഭരണീയരിൽ ഒ
രു ഭാഗം റോമായുടെ ക്രമം അനുസരിക്കുന്നതിന്നു ഇട
വരുത്തിയെന്നും അങ്കമാലിയിലെ റോസ് മെത്രാനിൽ
നിന്നും * നാം അറിയുന്നു." "So we understand, that Mar Jacob saw no other way of prcviding his Christians, than to put them under the protection of the Portuguese and their Bishops in Goa and his Latin Missionaries, to take care of them after his and his compsnion's death. That this at least partly involved a change of rite, considering the attitude of the Portuguese clergy at that time, seemed to him the lesser evil, especially as Christians, persecuted by the Indian Mahometans, needed also the political help of the

---

* "അങ്കമാലിയിലെ റോസ് മെത്രാൻ" എന്നു ഇവിടെ
പറയുന്നതു ഉദയമ്പേരൂർ സൂനഹദോസ് കഴിഞ്ഞശേഷം സുറി
യാനി രീതിക്കാർക്കായി പ്രത്യേകം നിയമിക്കപ്പെട്ട മെത്രാനാണു.
ഇദ്ദേഹം അതിന്നുമുമ്പു വൈപ്പിക്കോട്ട സെമ്മിനാരിയുടെ റെക്ടർ
ആയിരുന്നു. ഇതിനാൽ ഇദ്ദേഹത്തിന്റെ വാക്കുകൾ ദൃക്സാക്ഷി
യുടെ വാക്കുഎന്നോണം പരിഗണിക്കേണ്ടതാണല്ലോ.

Portuguese, and depended on them for their pepper-trade, of which the Portuguese had the monopoly." ആകയാൽ തൻെറ ഭരണീയരായ ക്രിസ്ത്യാനികളെ പൊത്തുഗീസുകാരുടെയും ഗോവയിലുള്ള അവരുടെ മെത്രാൻെറയും അദ്ദേഹത്തിൻെറ അധീനരായ ലത്തീൻമിഷ്യനറിമാരുടെയും സംരക്ഷണയിൽ ഏല്പിക്കുകയെന്നതൊഴിച്ചു തൻെറയും തൻെറ സഹപ്രവത്തകൻെറയും കാലാനന്തരമുള്ള അവരുടെ സുസ്ഥിതിക്കും ഭാവിശുഭത്തിന്നും മറെറാരു മാൎഗ്ഗവും മാർ യാക്കോബു കണ്ടിരുന്നില്ലെന്നു നാം അറിയുന്നു. പൊത്തുഗീസു വൈദികരുടെ അന്നത്തെ നില നോക്കിയാൽ ഇതിൽ കുറെ റീത്തുമാററത്തിൻെറ ഹേതു അടങ്ങിയിരുന്നൊന്നുള്ളതു (താരതമ്യേന) ചെറിയ കുററമായി അദ്ദേഹത്തിന്നു തോന്നി. പ്രത്യേകിച്ചും ഇന്ത്യൻ മഹമ്മദീയരാൽ മർദ്ദിക്കപ്പെട്ടിരുന്ന അദ്ദേഹത്തിൻെറ ക്രിസ്ത്യാനികൾക്കു പൊത്തുഗീസുകാരുടെ രാഷ്ട്രീയശക്തി വലിയ കൈത്തുണയാണെന്നും അദ്ദേഹം ധരിച്ചിരുന്നു. നല്ലമുളകു കച്ചവടത്തിൻെറ കുത്തക പൊത്തുഗീസുകാർക്കായിരുന്നതുകൊണ്ടു് മുളകു കച്ചവടത്തിന്നുവേണ്ടിയും സ്വദേശ ക്രിസ്ത്യാനികൾ അവരെ ആശ്രയിച്ചാണു് കഴിഞ്ഞിരുന്നതു്.(41)

O novo Vice—Rei Dom Duarte de Menezes. . . . . . . Freueqntavam na'quelle tempo as classes de Cochim trezentos estudanteos, que trocando o habito escholastico em militar, sahiram a receber o Vice-Rie e o foram acompanhando ate o terreiro do nosso Collegio,. . . . .ficou o condo muito agradecido do recebimento.

1535-ൽ ദോം ദുവാർത്തെ മെനേസ്സേസ് വൈസ്രോയിയായി വന്നപ്പോൾ കൊച്ചിയിലെ കോളേജിൽ

(41) Ib. page 38.

ലത്തീൻ പഠിക്കുന്നവരായി മുന്നൂറു (300) കുട്ടികളുണ്ടായിരുന്നു. ഇവർ പഠനനാളിലെ വസ്ത്രം (വൈദികവസ്ത്രം) മാററി സൈനികവസ്ത്രം ധരിച്ചു വൈസ്രോയിയെ എതിരേല്പാൻ പോയി. (42)

1548-ൽ ഗോവ മെത്രാൻെറ ഭരണത്തിൽ സന്തോമാ ക്രിസ്തൃാനികളെ കണ്ടതായി വി. ഫ്റാൻസീസ് സേവ്യർ പറയുന്നുണ്ട്. "A 13 De Janeiro d' est anno cheguey aqui a Cochim vindo de Malacca, onde achey o Bispo, o comelle fui muito consolado em ver que com tanta charidade toma tantos trabalhos corporais, visitando as fortalezas do seu Bispado e os chrustaos de Sao Thome, fazendo seu officio como verdadeiro pastor

Em pago de tao bras obras. . . . . . .

"On January 13 th of this year, I came here from Malacca to Cochin where I met the Bishop, in whom I was much consoled, seeing with what great charity he undertakes such fatiguing labours, in visiting the fortresses of his Bishopric, and the Christians of St. Thomas, fulfilling his office as a true Pastor. As a reward for such distinguished works...........'

"ഇക്കൊല്ലത്തിൽ ജനുവരിമാസം 13-ാംനു- ഞാൻ മലാക്കായിൽനിന്നു ഇവിടെ കൊച്ചിയിൽവന്നു. അവിടെവെച്ചു ഞാൻ മെത്രാനെ കാണുകയുണ്ടായി. * ഒരു സാക്ഷാൽ ഇടയനെപ്പോലെ തൻെറ ഉദ്യോഗസംബ-

---

(42) ഒറിയന്തെ കൊങ്കിസ്താദോ. 2-ാംഭാ-126

* ഈപറയുന്ന മെത്രാൻ അബൂനാ യാക്കോബല്ലെന്നു മററു ചരിത്രകാരന്മാരുടെ വാക്കുകൾകൊണ്ടു സ്പഷ്ടമാകുന്നുണ്ട്. കൊളറിഡ്ജ് എന്ന ഗ്രന്ഥകാരൻെറ രണ്ടാം പുസ്തകം ൧-ാം ഭാഗ-

ന്ധമായ ചുമതലകളെ നിറവേററുന്നതിന്നുവേണ്ടി സ്വ ന്ത മെത്രാസനാധിപത്യത്തിൽ ഉൾപ്പെട്ട കോട്ടകളിലും വിശുദ്ധ തോമായുടെ ക്രിസ്ത്യാനികളുടെ ഇടയിലും സന്ദർശനാർത്ഥം സഞ്ചരിക്കുന്നതും മററുമായ അശ്രാന്ത പരിശ്രമങ്ങളെ അദ്ദേഹം എത്രത്തോളം സ്നേഹത്തോടു കൂടിയാണു നിർവ്വഹിച്ചുവരാറെന്നുള്ളതു കാണ്മാൻ ഇടയായതിനെക്കുറിച്ചു എനിക്കു അദ്ദേഹത്തിൽ അത്യന്തം തൃപ്തിയുണ്ടായി.(43)

തോമാക്രിസ്ത്യാനികൾ ലത്തീൻറീത്ത് അനുസരിക്കാതെ ഗോവെ മെത്രാൻെറ കീഴാകാൻ ഇടയില്ലല്ലോ.

കൊച്ചീത്രുപതയിൽ പൂർവ്വന്മാരായ ക്രൈസ്തവരുള്ളതായി ഗൊവേയ എന്ന ചരിത്രകാരനും പറയുന്നുണ്ടു.

Porque como Ie forcado nestas, partes ordenarem—se naturaes pelo commodo de luigua, e serem mellior vistos ou ouvindos dos seus; tendo os Bespos de Cochim fillos do christaos tam antigos, atambeu criados neste collegio, nas querem ordenar fillas de qeutios nem. de novamente convertedos a Fe, Cmoo ha muitas vezes poecado fazer-se nas outros Bispados.

കൊച്ചിയിലെ മെത്രാന്മാർക്കു ഇത്ര പൂർവ്വന്മാരായ

---

ത്തിൽ — "ഫ്രാൻസീസ് സേവ്യർ ൧൫൪൮ ജനുവരി ൨൦-ാം നു- കൊച്ചിയിൽ വന്നിറങ്ങി. ഗോവയിലെ വൃദ്ധനായ ആ നല്ല മെത്രാനും ആ സ്ഥലത്തുണ്ടായിരുന്നു........... എന്നിങ്ങിനെ പറയുന്നു. ടി മാസം ൨൦-നു-യിൽത്തന്നെയാണല്ലൊ ഗോവയുടെ മെത്രാനെപ്പററി പ്രസ്തുത വിശുദ്ധൻ പറയുന്നതു. (ചില വിശദീകരണങ്ങൾ P. ൻ.)

---

(43) പ്രസ്തുത വിശുദ്ധൻ 1548 ജനുരി 20-ൽ കൊച്ചിയിൽ നിന്നെഴുതിയ കത്തു.

ക്രൈസ്തവരുടെ സന്താനങ്ങളുള്ളതിനാൽ മററു രൂപതകളിൽ ചെയ്യുന്നതുപോലെ നവമായി, ക്രിസ്തുമതത്തിൽ ചേർന്നവരേയും നവീന ക്രൈസ്തവരുടെ സന്താനങ്ങളേയും ഇവിടെ വൈദികപദത്തിലേക്കുയർത്താറില്ല. (44)

ലത്തീൻറീത്തനുസരിച്ചു പൂവ്വ ക്രൈസ്തവർ കൊച്ചീരൂപതയിലുണ്ടായിരുന്നതുകൊണ്ടാണല്ലോ അവരുടെ സന്താനങ്ങൾ കൊച്ചീമെത്രാന്മാരുടെ സ്വന്തം ജനമായിരിക്കുന്നതു്.

ഉദയമ്പേരൂർ സൂനഹദോസും ലത്തീൻകാരും.

ഉദയമ്പേരൂർ സൂനഹദോസിൽ കത്തനാരന്മാരെയും പൊർത്തുഗീസു പ്രധാനികളേയും കൂടാതെ റോമൻ ക്ലെർജിമാരുടെ (വൈദികസമൂഹം) ഗണ്യമായ ഒരു സംഖ്യയുണ്ടായിരുന്നുവെന്നു സി. എം. ആഗ്രർ പറയുന്നു.

"The Syrian Archdeacon, 153 Syrian Cattanars a good number of the Roman Clergy and a few chief Portuguese citizens." (45)

ടി സൂനഹദോസിൽ കൊച്ചി, മട്ടാഞ്ചേരി മുതലായ പള്ളികളിൽനിന്നു പ്രതിനിധികൾ ഉണ്ടായിരുന്നു. (46)

ഒരു സിറിയൻ വൈദികൻ ഉദയമ്പേരൂർ സൂനഹദോസ് 4-ാം പ്രമാണം തർജ്ജിമ ചെയ്തതു് 1880-ാമാണ്ടിലെ "സത്യനാദ കാഹള"ത്തിൽ ചേർത്തിരുന്നതു് അദ്ദേഹത്തിൻെറ ഭാഷയിൽത്തന്നെ താഴെ ഉദ്ധരിച്ചുകൊള്ളുന്നു................"സൂനഹദോസ് നീളുകുന്നതുവരെ പള്ളിയിൽ രണ്ടു കുർബ്ബാന ആഘോഷമായിട്ടു പാ

(44) ഗൊവേയ— I-3-7

(45) Church History of Travancore by C. M. Agur P. 224.)

(46) "മാർ തോമാ ക്രിസ്ത്യാനികൾ" എന്ന ഗ്രന്ഥം.

ടണം. ഇവയിൽ ദൈവമാതാവിന്റെ സ്തുതിയെക്കുറിച്ച ഒന്നു ലത്തീൻ ക്രമത്തിൽ ചേർന്നവരും, നമ്മുടെ നാഥയായ ഭാഗ്യവതി കന്യാസ്ത്രീമറിയത്തെക്കുറിച്ച ഒന്നു സുറിയാനിക്രമത്തിൽ ചേർന്നവരും കഴിക്കട്ടെ. ഈ കന്യകയുടെ ബഹുമാനത്തേയും സ്തുതിയേയുംകുറിച്ച പ്രത്യേകമായി വിസ്തരിക്കേണ്ടതാകുന്നു..........വിശേഷിച്ച ആദിത്യാസ്തമനത്തിന്നശേഷം ലത്തീൻക്രമത്തിൽ ചേർന്നവരും സുറിയാനിറീത്തിൽ ചേർന്നവരും ഭാഗ്യവതിയായ കന്യാസ്ത്രീമറിയത്തിന്റെ ലുത്തനീയ എന്ന പ്രാർത്ഥനയെ ഈ കന്യകയുടെ (ദുക്റാന) ഓർമ്മയോടുകൂടി ദിവസം പ്രതി പള്ളിയിൽ ആഘോഷമായിട്ടു പാടുകയും വേണം." (47)

ഒരു സമകാലീന ചരിത്രകാരനായ ഗൊവേയ ഉദയമ്പേരൂർ സൂനഹദോസിനെപ്പററി വിവരിക്കുന്ന ഘട്ടത്തിൽ ഇങ്ങനെ പറയുന്നു:— Ordenai que dessesse una Ladainha cantada primeiro os surianos em caldes depois os Latinos em latin സുറിയാനിക്കാർ കൽദായയിലും അനന്തരം ലത്തീൻകാർ ലത്തീനിലും ഓരോ ലിത്തനീയ (ലദീഞ്ഞ) പാടുവാൻ മെനേസ്സീസ് മെത്രാപ്പൊലീത്താ കല്പിച്ചു. (48)

Aceabada a eseriptura do synodo o Arcebispo Chamau alguns sacerdotes malavares do Bispado d' Cochim do rito latino—the mandau trasladar os decretos do synodo em lugua Malabar para se lsrem nas Congregacoes de todo o povo സൂനഹദോസിലെ ദേക്രേത്തുകൾ എഴുതിത്തീൎന്നശേഷം അവ എല്ലാവർക്കും ഗ്രഹിക്കത്തക്കവിധം

---

(47) പുത്തമ്പള്ളിസെമ്മിനാരിയിൽ സുറിയാനി മല്പാനായിരുന്ന ബ്രഹ്മശ്രീ വലിയവീട്ടിൽ ഗീവർഗ്ഗീസ്സ് കത്തനാരവർകൾ തർജ്ജമചെയ്ത സത്യനാദകാഹളം 5-ാം പുസ്തകം 3-ാം ലക്കത്തിൽ ചേർത്തിട്ടുള്ളതു.

(48) ഗൊവേയ—64.

വായിക്കുന്നതിന്നുവേണ്ടി കൊച്ചീരൂപതയിലുള്ള ലത്തീൻകാരായ ഏതാനും ഏതദ്ദേശ്യ വൈദികരെ വിളിച്ച് അവ മലയാളത്തിൽ തർജ്ജമ ചെയ്യിച്ചു. (49)

പ്രസ്തുത സന്ദർഭത്തിൽ ലത്തീൻകാർക്കു പട്ടം കൊടുത്തു. (50)

Assignados os decretos levantou e Arcebispo.........., Aprocisiaos cassenares segundo o seu costume cantando Psalmos em suriano e logo sequiao os sacerdotes Latinos que o Arcebispo trazia com sigo e osque tinhao vindo de Cochim Cantando Ymaros em Latin. "ദെക്രേത്തുകൾ ഒപ്പിട്ടശേഷം മെത്രാപ്പോലീത്താ എഴുന്നേററു. ഉടനെ പ്രദക്ഷിണത്തിനു കത്തനാരന്മാർ തങ്ങളുടെ പതിവനുസരിച്ചു സംഗീതങ്ങൾ സുറിയാനിയിലും മെത്രാപ്പോലീത്താ തന്നോടുകൂടി കൊണ്ടുവന്നിട്ടുണ്ടായിരുന്ന ലത്തീൻ പട്ടക്കാരും കൊച്ചിയിൽനിന്നു വന്നവരും സംഗീതങ്ങൾ ലത്തീനിലും പാടിക്കൊണ്ടു നടന്നു. (51)

വലിയ ബുധനാഴ്ച മെത്രാപ്പോലീത്താ കടുത്തുരുത്തു പള്ളിയിൽആയിരിക്കെ, ഉച്ചകഴിഞ്ഞുള്ള കർമ്മം ("മത്തുത്തീനും" എന്ന കാനൻജപം) ആദ്യം ലത്തീൻകാരും അനന്തരം കൽദായക്കാരും പാടുവാൻ കല്പിച്ചു. (52)

കേരളത്തിലെ മൂന്നു (സുറിയാനി) അപ്പസ്തോലിക്കവികാരിയാത്തുകളിൽ ഉൾപ്പെട്ടിരുന്ന സുറിയാനിക്കാരായ വൈദികന്മാർ ഒന്നുചേർന്നു അച്ചടിപ്പിച്ചു, പത്താം പീയൂസ്പാപ്പാ തിരുമനസ്സിലേയ്ക്കും കർദ്ദിനാൾമാർക്കും സമർപ്പിച്ച ഒരു ചെറുപുസ്തകത്തിലും, ലത്തീൻ രീതിയി

(49) ഗൊവേയ. 58.
(50) ടി. — 38.
(51) ടി. — 71.
(52) ടി. — 49.

ലേയ്ക്കു പരിവർത്തനം ഉണ്ടായിട്ടുള്ളതായി പറയുന്നുണ്ടു. അതിലെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:-

"Post erectionem dioecesis Cochinensis, jussu S. P. Pauli. V. an. 1609 limites inter dioecesem Cranganorensem (Syrianam) et Cochinensem (Latinam) determinatae sunt. Occasione hujus delimitationis ecclesiae nostrae Mattancherry, Palluruthy, etc. quas jam ante adventum Lusitanorum existebant, dioecesi Cochinensi adnexae et inter Latinam computatae; et fideles ad Ritum Latinum amplectendum partim praepotentia et violentia adacti sunt, partim favoribus et promissis ad idem inducti sunt; qui vero ab his artibus adigi non poterant, physice et moraliter ad aufugiendum coacti sunt............Plures ecclesiae Syrianae habitae sunt Latinae......Plures ecclesias earumque bona imo etiam autonomiam nationis et unitatem. .........pene amisimus.......et de die in diem debitiones evademus".

പ്രാബല്യം, നിർബന്ധം, വാഗ്ദാനങ്ങൾ മുതലായവയാൽ വിശ്വാസികൾ, ലത്തീൻരീതി സ്വീകരിക്കത്തക്കവിധം അതിലേയ്ക്കു വശീകൃതരായി. പല പള്ളികൾ ലത്തീൻപള്ളികളായി പരിവർത്തനം ചെയ്തു. സുറിയാനി സമുദായം ശോചനീയമാംവണ്ണം ശോഷിച്ചുപോയിരിക്കുന്നു എന്നൊക്കെയാണല്ലോ ഇതിന്റെ ചുരുക്കം. (53)

ഒരു സീയ്യൻ ചരിത്രകാരൻ പറയുന്നു:— Many of Syrian rite were Latinized by the Portuguese

(53) Libellus Supplex (Ssmo, D. N. Pio X Summo Pontifici et Eminentissimis Cardinalibus S. R. E, oblatus a sacerdotibus Ritus Syro-Chaldaici, Trium Vicariatuum Apostolicorum Malabariae), page 14.

സുറിയാനി റീത്തിൽപ്പെട്ടിരുന്ന അനേകംപേരെ പൊത്തുഗീസുകാർ ലത്തീൻകാരാക്കി. (54)

വേറൊരു ചരിത്രകാരൻ ഇങ്ങനെ ചോദിക്കുന്നു:– "തോമാ നസ്രാണികളിൽ വളരെപ്പേരെയും, അവരുടെ പല പള്ളികളേയും ലത്തീൻ ജനങ്ങളായും ലത്തീൻ പള്ളികളായും.........(മാററിയിട്ടുണ്ട്.)......കൊച്ചി മട്ടാഞ്ചേരി എന്നീ പള്ളികളും അവയിലെ ജനങ്ങളും എവിടെ? എറണാകുളത്തു ഇപ്പോൾ കാണുന്ന ലത്തീൻ എടവകകളിലെ ഒട്ടുവളരെ ജനങ്ങൾ സുറിയാനിപ്പള്ളിയിൽ ഉൾപ്പെട്ടിരുന്നവരല്ലയോ?.........കൊടുങ്ങല്ലൂർ, തുരുത്തൂര്, തുരുത്തിപ്പുറം, മതിലകം മുതലായ പള്ളികളേയും ജനങ്ങളേയും ലത്തീൻ പള്ളികളും ജനങ്ങളും ആക്കിയിരിക്കുന്നതും മാപ്പാപ്പായുടെ നിയമത്തിന്നു യോജിക്കുന്നതാണോ?" (55)

സുറിയാനിക്കാരിൽ പലർ ലത്തീൻരീതി സ്വീകരിക്കുകയും, സുറിയാനി പള്ളികളിൽ പലതും ലത്തീൻ പള്ളികളായി പരിണമിക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ള വസ്തുത "മാർ തോമാ ക്രിസ്ത്യാനി"കൾ എന്ന ഗ്രന്ഥത്തിലും പറയുന്നുണ്ട്. (56) പക്ഷെ, ആ പരിവത്തനം പിൽക്കാലത്തുണ്ടായതാണെന്നാണു ആ ഗ്രന്ഥകാരൻെറ വാദം. അതു ശരിയല്ലാ. അങ്ങിനെതന്നെ 1908-ൽ പ

---

(54) Synopsis of the History of Syrian Church in Malabar. P. 21.

(55) മാർ തോമാ നസ്രാണികളുടെ സത്യവിശ്വാസം പേജ് ൧൩൩

ഇവിടെ പേരു പറഞ്ഞിട്ടുള്ള വസ്തുവും പുറമെ കേരളത്തിൻെറ നാനാഭാഗങ്ങളിൽനിന്ന് പല പള്ളികൾ ഇങ്ങിനെ പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ലത്തീൻ പള്ളികൾ സുറിയാനിപ്പള്ളികളായും തീർന്നിട്ടുണ്ട്.

(56) മാർ തോമാ ക്രിസ്ത്യാനികൾ ൧-ാം ഭാഗം ൨൭൪–൨൭൮ ടി. രണ്ടാംഭാഗം ൧൯൧–൧൯൨.

രിശുദ്ധ പിതാവിന്നും കർദ്ദിനാളന്മാർക്കും സമർപ്പിച്ച ചെറുപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന കാലാവധിയില്ലമല്ലാ. ആ പ്രസ്താവങ്ങൾ പിശകാണ്. അബൂനായാക്കോബു മെത്രാൻെറ കാലത്തുതന്നെ സിറിയൻ ക്രൈസ്തവരിൽ ഒരുഗണം ലത്തീൻ രീതി സ്വീകരിച്ചു എന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ.

സിറിയൻ റീത്തിൽനിന്നു ലത്തീൻ രീതിയിലേയ്ക്കുണ്ടായ പൂർവ്വ ക്രിസ്ത്യാനികളുടെ പരിവർത്തനത്തെപ്പററി ഒരു വൈദേശിക ചരിത്രകാരൻ പറയുന്നതു് ഇങ്ങനെയാണ്:– "ഉദയമ്പേരൂർ സൂനഹദോസിൽവെച്ചു ഒരു ജനവിഭാഗം സിറിയൻ റീത്തിൽത്തന്നെ പൂർവ്വവൽ ഉറച്ചു നിലകൊള്ളുകയും മറെറാരു ജനവിഭാഗം ലത്തീൻ റീത്തിലേയ്ക്കു പരിവർത്തനം ചെയ്കയും ചെയ്തു. (57) പ്രസ്തുത സൂനഹദോസിനേയും ലത്തീൻകാരുടെ നിലയേയും പററിയുള്ള ചരിത്രലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നതു്.

---

(57) Comend... Hist. Eccl... Dr. Francis Ziebert. P. 587

# അദ്ധ്യായം ൬

സുറിയാനി രീതിയിൽനിന്നു ലത്തീൻ രീതിയിലേയ്ക്കു പരിവൎത്തനം ചെയ്ത പൂൎവ്വക്രൈസ്തവരുടെ സന്തതിപരമ്പരകൾ ലത്തീൻ റീത്തിൽ നിലനിന്നുപോന്നതിന്റെ ഇതര ലക്ഷ്യങ്ങൾ. ലത്തീൻ റീത്തും സ്ഥാനമാനങ്ങളും—പൊത്തുഗീസുകാരുടെ വിയോഗാവസരത്തിലെ അവസ്ഥ—ഡച്ചുകാരുടെ ഭരണാരംഭത്തിലെ ചില സംഭവങ്ങൾ.

ലത്തീൻരീതി സ്വീകരിച്ചവരുടെ പ്രത്യേക വ്യക്തിത്വം പിൽക്കാലത്തു മറച്ചുവയ്ക്കാനുണ്ടായ കാരണം, ചരിത്രകാരന്മാർ ഇതരാവശ്യങ്ങൾക്കായി പൂൎവ്വരേഖകൾ പരിശോധിച്ചുകൊണ്ടു ചെയ്തിട്ടുള്ള പ്രസ്താവനകളിൽ പൂൎവ്വക്രിസ്ത്യാനികൾ ലത്തീൻരീതി സ്വീകരിച്ചിട്ടുള്ളതിനു കാണുന്ന തെളിവുകൾ, സിറിയൻ ചരിത്രകാരന്മാരുടെ പ്രസ്താവനകളിൽ കാണുന്ന ലക്ഷ്യങ്ങൾ, നിഷ്പക്ഷബുദ്ധികളായ മററു ചരിത്രകാരന്മാരുടെ പ്രസ്താവനകൾ എന്നിവ കഴിഞ്ഞ അദ്ധ്യായത്തിൽ കാണിച്ചിട്ടുണ്ടല്ലൊ. ലത്തീൻരീതിയിലേയ്ക്കുണ്ടായ പൂൎവ്വക്രൈസ്തവരുടെ പരിവൎത്തനത്തെ സ്ഥാപിക്കുവാൻ വേറെ തെളിവുകളുണ്ടു്. അവയിൽ സ്ഥാനമാനങ്ങൾ സംബന്ധമായ തെളിവാണു് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കാൻ തുടങ്ങുന്നതു്.

പൊത്തുഗീസുകാരുടെ ആഗമനകാലത്തു് കേരളീയ ക്രൈസ്തവർ യോധവൃത്തിയെ അവലംബിച്ചിരുന്നു എന്നുള്ളതു ചരിത്രകാരന്മാരെ പറഞ്ഞറിയിക്കേണ്ടതില്ലല്ലൊ. ഈ പടയാളികളിൽ പൊത്തുഗീസുകാരുമായ

ലത്തീൻറീത്തും സ്ഥാനമാനങ്ങളും

സഹകരിച്ചവൎക്കു പലേ സ്ഥാനമാനങ്ങളും അവർ കൊടുത്തതായി പൊൎത്തുഗീസു ചരിത്രകാരന്മാരും (58) കൊച്ചീരാജ്യചരിത്രകാരനും (59) പ്രസ്താവിച്ചിട്ടുണ്ട്. കൊച്ചീരാജ്യചരിത്രകാരൻ പറയുന്നതു ഡച്ചുകാർ കൊടുത്തതായിട്ടാണ്. അങ്ങനെയല്ല: പൊൎത്തുഗീസുകാരാൽ നൽകപ്പെട്ടു പരമ്പരയാ നിലനിന്നുപോന്ന സ്ഥാനമാനങ്ങളും അവയ്ക്കാസ്പദമായ സൈനിക പരിശീലനവും സേവനവും ഡച്ചുകാർ ആദരിച്ചും നിലനിറുത്തിയും പോരുകയാണുണ്ടായിട്ടുള്ളതെന്നതാണ് വാസ്തവം. പൊൎത്തുഗീസു ഭാഷയിലുള്ള സൈനികോദ്യോഗ നാമങ്ങൾതന്നെ ഇതിലേയ്ക്കു ഉത്തമ ലക്ഷ്യമാണ്. പോരാത്തപക്ഷം ഇതെപ്പററി കൂടുതലായി കീഴെ പറയുന്നതുമാണ്. ഈ യോധവൃത്തിയും സൈനികോദ്യോഗങ്ങളും പരമ്പരയാ ഏതു സമുദായത്തിൽ നിലനിന്നുപോരുന്നുവോ ആ സമുദായം മേല്പറയപ്പെട്ടവിധം പൊൎത്തുഗീസുകാരുമായി സഹകരിച്ച പൂൎവ്വക്രൈസ്തവരുടെ സന്തതി പരമ്പരകളാണെന്നു തീർച്ചയാക്കാവുന്നതാണല്ലോ.

പൊൎത്തുഗീസുകാർ ഇവിടെ വന്ന അവസരത്തിൽ ക്രിസ്തീയ സൈന്യം അവരോടു ചേർന്നു കൊച്ചീരാജ്യത്തിൻെറ സ്വാതന്ത്ര്യസംരക്ഷണത്തിന്നുവേണ്ടി യുദ്ധം ചെയ്തു എന്നും, പൊൎത്തുഗീസുകാർക്കും കൊച്ചീ രാജകു

(58) Lendas d' India.

(59) അവരെ—പടയാളികളായിരുന്ന സുറിയാനി ക്രിസ്ത്യാനികളെ—"പൊൎത്തുഗീസുകാരും ഡച്ചുകാരും അവരുടെ സൈന്യത്തിൽ ചേർക്കാൻ മടിച്ചില്ല. അവരിൽ ചിലൎക്കു കപ്പിത്താൻ "അൽപ്പെരിസ്" 'ഒത്തെനേന്തെ' 'അറാസ്സു' എന്ന സ്ഥാനങ്ങളേയും ഡച്ചുകാർ കൊടുത്തു." കൊച്ചീരാജ്യചരിത്രം ൨-ാംപു. ൧൭-ാം അ. ൩൭൪-ാം വശം. കൊമ്മെൻ്ദന്തി എന്നൊരു സ്ഥാനം കൂടെയും ഉണ്ടായിരുന്നു. അതു ഇദ്ദേഹം പറഞ്ഞിട്ടില്ല.

ടുംബത്തിന്നും അവർ സർവ്വദാ വിശ്വസ്ത കാവല്ക്കാരാ യിരുന്നു എന്നും ഉള്ളതു മുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. സ്വാതന്ത്ര്യം കൈവന്നശേഷം, അവർ പൊർത്തുഗീസു കാരുടെ കൂട്ടുകെട്ടിൽ നിന്നാവട്ടെ, കൊച്ചീരാജ്യത്തി ന്റെ സ്വാതന്ത്ര്യത്തെ നിലനിറുത്തിപ്പോരുവാനുള്ള ശ്രമത്തിൽനിന്നാവട്ടെ പിൻമാറുകയുമുണ്ടായില്ല. അവർ പിന്നെയും കൊച്ചീരാജ്യത്തിന്റെ ബാഹ്യാക്രമണമാർഗ്ഗ ങ്ങളെ സംരക്ഷിക്കയും പൊർത്തുഗീസുകാരിൽനിന്നു സ്വ വൈദേശ്യസൂചകമായ സ്ഥാനമാനങ്ങൾ പ്രാപിക്കയും അവരോടൊന്നിച്ചു പല സമരങ്ങളിലും സംബന്ധി ക്കയും ചെയ്തിരുന്നു.

പൊർത്തുഗീസാധിപത്യകാലങ്ങളിൽ ക്രൈസ്തവർ ക്കു ലഭിച്ചിരുന്ന സ്ഥാനങ്ങളെപ്പററി കൊച്ചിൻ സ്റ്റെയിററുമാനുവലിൽ പ്രസ്താവിക്കുന്ന ഒരു ഘട്ടം ഇവിടെ സ്മർ ത്തവ്യമാണ്. "പട്ടാളത്തിൽ അവർക്കു വലിയ ഉദ്യോ ഗനിലയിലേയ്ക്കു കയറുന്നതിന്നു തങ്ങൾ നാട്ടുകാരാണെ ന്ന സംഗതി ഒരു തടസ്ഥമായിരുന്നില്ല. ഇതിലേയ്ക്കു ഒരു ഉദാഹരണം എടുത്തു കാണിക്കാം. അന്തോനി ഫെർ ണാണ്ടീസ് ചാവി എന്നു പേരായ ഒരു കൊച്ചീക്കാരൻ ക്രിസ്ത്യാനി, പറങ്കി സൈന്യാധിപന്മാരുടെ കീഴിൽ ഒരു പ്രധാന ഉദ്യോഗം വഹിച്ചിരുന്നു. അയാൾക്കു ക്രൈ സ്തവ ഭടസംഘത്തിലെ ഒരു വീരപുരുഷൻ എന്ന അർത്ഥ ത്തിൽ ഒരു ബഹുമാനപ്പെട്ട സ്ഥാനവും പറങ്കികൾ കൊ ടുക്കുകയുണ്ടായി. 1571-ാമാണ്ടിലെ ഒരു യുദ്ധത്തിൽ അ യാൾ മരിച്ചപ്പോൾ, ഗോവയിൽവച്ച് രാജകീയാഡം ബരങ്ങളോടുകൂടെയാണ് അയാളുടെ ശവം മറവു ചെ യ്തതു്." (60) പൊർത്തുഗീസുകാർ ഇവിടെ വന്ന കാലത്തി

---

(60) കൊച്ചിൻ സ്റ്റെയിററുമാനുവൽ, പെയിജ് 108

ന്റെ ആരംഭംമുതൽക്കെ ക്രിസ്ത്യാനികൾ അവർക്കു സൈനികസേവനം ചെയ്യുകയും അഭിമാനകരമായ സ്ഥാനമാനങ്ങൾ അവരിൽനിന്നു നേടുകയും ചെയ്തുവന്നിരുന്നു എന്നതിന്റെ ഏതാനും ലക്ഷ്യങ്ങൾകൂടെ താഴെ കാണിക്കാം. കേരളീയ ക്രൈസ്തവർ പൊർത്തുഗീസുകാരുടെ കീഴ് സൈനികസേവനം ആചരിച്ചുവന്നതും അവർക്കു പൊർത്തുഗീസുകാരിൽനിന്നു സ്ഥാനമാനങ്ങൾ ലഭിച്ചുപോന്നതും തെളിയുന്നതിനോടൊപ്പം, സ്ഥാനമാനങ്ങൾ നൽകിയതു ഡച്ചുകാരാണെന്നുള്ള കൊച്ചീരാജ്യചരിത്രകാരന്റെ പ്രസ്താവന അടിസ്ഥാനരഹിതമാണെന്നും വായനക്കാർക്കു മനസ്സിലാകുമല്ലോ.

കേരളീയ ക്രൈസ്തവർ പൊർത്തുഗീസുകാരുടെ കീഴ് സൈന്യസേവനം ചെയ്യുന്നു

പൊർത്തുഗീസുകാരുടെ ആഗമനകാലത്തു അൽബുക്കർക്ക്, പച്ചേക്കോ മുതലായവരോടു ചേർന്നു ക്രിസ്ത്യാനികൾ യുദ്ധം ചെയ്കയുണ്ടായി (61)

1510 ഫെബ്രുവരി 16-ാംനു- ഗോവ പിടിച്ചടക്കാനായി പോയപ്പോൾ മലയാളത്തുകാരായ ഇരുനൂറുപേരെ കൊണ്ടുപോയി. (62)

1514-ൽ ഓർമ്മൂസ് ദേശത്തിൽ യുദ്ധത്തിനു പോയപ്പോൾ എണ്ണൂറു ക്രിസ്ത്യാനി പടയാളികളെ കൊച്ചിയിൽനിന്നു കൊണ്ടുപോയിരുന്നു. ഇവർ മാന്യവർഗ്ഗക്കാരായിരുന്നു. ഇവരിൽ രണ്ടു കപ്പിത്താന്മാരുമുണ്ടായിരുന്നു. (63)

1516-ൽ ലോപ്പസ് ഡപാരേസ് കൊച്ചിയിൽ ഗോവർണ്ണദോരായിരിക്കയിൽ ആദെൻ ദേശത്തിൽ റു

(61) ടി പെയിജ് 110

(62) Ethiopia Oriental 4. 90.

(63) Lendas d' India 1. 401.

മ്മി സുൽത്താൻെറ സൈന്യത്തോടെതിർപ്പാൻ പുറപ്പെട്ടപ്പോൾ, പൊത്തുഗീസു സമ്പ്രദായത്തിൽ പണിയിച്ചിരുന്ന ഒരു കപ്പലിൽ എണ്ണൂറു മലയാളികളുടെ ഒരു കപ്പിത്താനായ ദിയാഗൊ പെരേയിര എന്ന മലയാളിയെക്കൂടെ കൊണ്ടുപോയി. (64)

1518-ൽ കൊളമ്പുദേശം പിടിച്ചടക്കുവാൻ പുറപ്പെട്ടപ്പോൾ ഇരുന്നൂറു മലയാളികളെ അവരുടെ കപ്പിത്താനോടുകൂടെ കൊണ്ടുപോയി. (65)

1525-ൽ കോഴിക്കോട്ടു സാമൂതിരിയും മുഹമ്മദീയരും പൊത്തുഗീസുകാരോടെതിത്തു അനേകരെ കൊന്നു. അപ്പോൾ അവരോടു യുദ്ധത്തിന്നായിട്ടു ഫിലിപ്പു ദെ കാസ്ത്രോ പോയപ്പോൾ കൊച്ചിക്കാരായ എണ്ണൂറു മലയാളി ക്രിസ്ത്യാനികളെ കൊണ്ടുപോയി. (66)

"1530-ൽ നൂനൊ ദെക്കുഞ്ഞ ഗവർണ്ണരുടെ ഭരണനാളിൽ സാമൂതിരി സമാധാന ഉടമ്പടി ചെയ്തു. അതിൻെറ ശേഷം യുദ്ധത്തിന്ന ഗോവയിലും അവിടെനിന്നു മററു സ്ഥലങ്ങളിലും കൊണ്ടുപോകാനായി വാളുകളും കുന്തങ്ങളും വില്ലുകളും ധരിച്ച എണ്ണൂറു ക്രിസ്ത്യാനികളെ എടുത്തു. രണ്ടുകപ്പിത്താന്മാരേയും നിയമിച്ചു." (67)

"1599-ൽ മെനേസ്സീസ് മെത്രാപ്പോലീത്താ ഉദയമ്പേരൂർ സൂനഹദോസു കഴിഞ്ഞു കൊച്ചിയിൽ വന്നു; അവിടെനിന്നു പോകുമ്പോൾ തോമാ ക്രിസ്ത്യനികാളിൽ രണ്ടു സമർത്ഥന്മാരായ കപ്പിത്താന്മാരെയും അവരുടെ ജനത്തേയും കൊണ്ടുപോയി. ഗോവയിൽ ചെന്നിട്ടു അവൎക്കു രണ്ടു കപ്പലുകൾ കൊടുത്തു; "കുഞ്ഞാലെ" എ

---

(64) Ib 2 448.
(65) Ib. 2. 540.
(66) Ib. 2. 941.
(67) Ib. 3. 590.

ന്ന ദേശത്തിലെ യുദ്ധത്തിൽ (അവർ) ധീരതയോടെ പോരാടി..........അവർ യുദ്ധത്തിൽ മുന്നണിയിൽ നില്ക്കുകയും തങ്ങൾ ആചരിച്ചിരുന്ന വിശുദ്ധൻെറ കൊടിപിടിച്ചു വരികയും ചെയ്തു. (68)

1571-ൽ യുദ്ധത്തിൽ മരിച്ച് രാജകീയാഡംബരങ്ങളോടുകൂടെ സംസ്കരിക്കപ്പെട്ട കപ്പിത്താനെപ്പററി മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ.

നോക്കുക: പൊർത്തുഗീസുകാരുടെ കാലത്തു ഈ ക്രൈസ്തവർക്കു സ്ഥാനമാനങ്ങൾ ലഭിച്ചതിനെ സ്പഷ്ടമായി കാണിക്കുന്നവയല്ലയൊ ഈ ലക്ഷ്യങ്ങൾ? ഇനി പൊത്തുഗീസുകാരുടെ വിയോഗാവസരത്തിലും അനന്തരഘട്ടങ്ങളിലും ഈ ക്രിസ്ത്യാനികളുടെ സ്ഥിതി എന്തായിരുന്നു എന്ന് ചിന്തിക്കാം.

പൊത്തുഗീസുകാരുടെ വിയോഗാവസരത്തിലെ സ്ഥിതി

പൊർത്തുഗീസുകാർക്കു നേരിട്ട ആ വിപൽഘട്ടത്തിൽ മേല്പറഞ്ഞ ക്രീസ്തീയ സൈന്യവും അവരോടുചേർന്നു ഡച്ചുകാരെ എതിർത്തു. എന്നാൽ അതിന്നുള്ള തെളിവുകളിലേയ്ക്കു പ്രവേശിക്കുന്നതിന്നുമുമ്പു പീഠികയായി ഒന്നുരണ്ടു സംഗതികൾ വായനക്കാരെ ഓർമ്മിപ്പിക്കേണ്ടതുണ്ട്. "അക്കാലങ്ങളിലെ സൈനിക സമ്പ്രദായം ഇന്നത്തേതിൽനിന്നു വളരെ അന്തരപ്പെട്ടിരുന്നു." (69) ചരിത്രകാരന്മാർ പറയുന്നതു

(68) ഗൊവേയ. 119

(69) ഒരിയേന്തെ കൊങ്കിസ്ഥാദൊ. 2-1-19 ഗൊവേയ 63- Land of Perumal 125.

പോലെ ക്രിസ്ത്യാനികൾ തങ്ങളുടെ കുട്ടികളെ അന്നു എട്ടുവയസ്സുമുതൽ ഇരുപത്തഞ്ചുവയസ്സുവരെ ആയുധാഭ്യാസം ചെയ്യിച്ചിരുന്നു. ഇങ്ങനെ പരിശീലിക്കപ്പെട്ടിട്ടുള്ളവരെ ആവശ്യപ്പെട്ടപ്പോൾ ആയുധം ധരിപ്പിച്ചു യുദ്ധത്തിന്നു കൊണ്ടുപോവുകയായിരുന്നു പതിവു. അതിനാൽ അന്നത്തെ ക്രിസ്തീയ ഭടന്മാർ ഒരുവിധംപറഞ്ഞാൽ പട്ടാളത്തിൽ ചേരാതെ യുദ്ധകാലത്തുമാത്രം ആയുധമെടുത്തിരുന്നവരാണെന്നു പറയാം. ആവശ്യം വരുമ്പോൾമാത്രമാണു അവർ പൊർത്തുഗീസുപക്ഷത്തോടു ചേർന്നിരുന്നതും യുദ്ധത്തിൽ പങ്കുകൊണ്ടിരുന്നതും. എന്നാൽ ഇവർ പൊർത്തുഗൾ രാജാവിൻെറ പ്രജകൾ എന്ന നിലയിലായശേഷം ഇവരെപ്പററി പ്രത്യേകവിധത്തിൽ ചരിത്രകാരന്മാർ എല്ലായ്പ്പോഴും എടുത്തു പറഞ്ഞു കാണുമാറില്ല. പൊതുവായി പറയുമ്പോൾ പൊർത്തുഗീസു സൈന്യം എന്നുമാത്രം പറയുകയാണ് പതിവു. അതുകൊണ്ടാണ്, പല ഘട്ടങ്ങളിലും ഈ നാട്ടു ക്രിസ്ത്യാനി സൈന്യത്തിൻെറ കാര്യം തിരിച്ചു പറഞ്ഞുകാണാത്തതു്. എങ്കിലും ചില പ്രത്യേകാവസരങ്ങളിൽ അവരുടെ കാര്യം ചരിത്രകാരന്മാർ എടുത്തു പറയുകതന്നെ ചെയ്തിട്ടുമുണ്ടു. മുഖവുരയായി ഇത്രമാത്രം പ്രസ്താവിച്ചിട്ടു പൊർത്തുഗീസുകാരുടെ വിയോഗാവസരത്തിൽ—അതായത്തു് ഡച്ചുകാരുടെ ആഗമനവേളയിൽ—പൂർവ്വക്രിസ്ത്യാനികളുടെ നില എന്തായിരുന്നുവെന്നുള്ള പ്രകൃതത്തിലേയ്ക്കു പ്രവേശിച്ചുകൊള്ളട്ടെ.

ഡച്ചുകാർ കൊച്ചി കീഴടക്കുവാനായി, രണ്ടാമത്തെ പ്രാവശ്യം വന്നപ്പോൾ കൊച്ചിപ്പട്ടണത്തിന്നു തെക്കു സെയിൻറു ആൻഡ്റെ പള്ളിക്കു സമീപം കുറെ പൊർത്തുഗീസുകാരും മലയാളികളും കാത്തുനിന്നിരുന്നുവെന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ടു്. (70)

പൊർത്തുഗീസുകാരോട്ട ചേർന്ന യുദ്ധം ചെയ്തിരുന്ന ക്രിസ്ത്യാനികളെ യൂറോപ്യന്മാർ ചില അവസരങ്ങളിൽ മലയാളികൾ എന്ന അർത്ഥത്തിൽ "മളബാറീസ്" എന്നു പറയാറുണ്ടെന്നതു് പ്രസിദ്ധമാണല്ലൊ. ഡച്ചുകാരുമായുണ്ടായ യുദ്ധാവസരത്തിൽ, ഹിന്ദുക്കൾ രണ്ടുകക്ഷികളായി പിരിഞ്ഞാണു് നിന്നിരുന്നതെന്നു് ചരിത്രജ്ഞന്മാർക്കു് സുവിദിതമാണു്. ഹിന്ദുക്കളിൽ ഒരുകൂട്ടർ അന്നു നാടുവാണിരുന്ന രാജാവിന്റെ (പൊർത്തുഗീസു പക്ഷക്കാരനായിരുന്ന രാജാവിന്റെ) ഭാഗത്തായിരുന്നു. അവർ രാജാവിനോടും മന്ത്രിയോടുംകൂടി പൊർത്തുഗീസുകാരുടെ ശത്രുക്കളോടു യുദ്ധം ചെയ്തവെങ്കിലും പൊർത്തുഗീസു സൈന്യത്തോടു ചേർന്നല്ല യുദ്ധം നടത്തിയതെന്നു ചരിത്രംകൊണ്ടു കാണാം. (71) അതിനാൽ പൊർത്തുഗീസുകാരോടു ചേർന്നു നിന്നിരുന്നുവെന്നു ഇവിടെ പറയപ്പെടുന്ന മലയാളികൾ (മളബാറീസ്) ക്രിസ്തീയ സൈന്യമാണെന്നാണു് അനുമാനിക്കേണ്ടതു്. ഇപ്രകാരംതന്നെ, കൊടുങ്ങല്ലൂർ കോട്ട ഡച്ചുകാർ പിടിച്ച സമയം ഇരുനൂറു ക്രിസ്ത്യാനികൾ മരിച്ചുവെന്നും ചരിത്രങ്ങളിൽ കാണുന്നുണ്ടു്. (72) കൊടുങ്ങല്ലൂർ പുരാതനകാലം മുതൽ ക്രിസ്ത്യാനികളുടെ ഒരു കേന്ദ്രമായിരുന്നു. അവിടെ പൊർത്തുഗീസുകാർ സ്ഥാപിച്ച കോട്ടയുടെ സംരക്ഷണത്തിന്നായി ക്രിസ്ത്യാനികളുടെ ഒരു പ്രബലസംഘത്തെ രൂപീകരിക്കുവാൻ അവർ ശ്രമിച്ചിരുന്നു. (73) അതിനാൽ ഈ യുദ്ധത്തിൽ മരിച്ചു എന്നു പറയപ്പെടുന്ന ക്രിസ്ത്യാനികൾ നാട്ടുകാരാകാനേ തരമുള്ളു. മരിച്ചവരുടെ തുക ഇരുനൂറായിരിക്കെ മുറിവേററ

(70) കൊച്ചീരാജ്യ ചരിത്രം 2—3—52.
(71) കൊച്ചീരാജ്യചരിത്രം 2-ാംപുസ്തകം. 2-ാംഅ.
(72) Baldeus
(73) ഗൌവയ. 119

വരും യുദ്ധത്തിൽ ആകെ ചേൎന്നിരുന്നവരും ഒട്ടവളരെ യായിരുന്നിരിക്കണം. ഇനി ഡച്ചുകാർ ഭരിക്കാൻ തുടങ്ങിയ ഘട്ടത്തെ നമുക്കു പരിശോധിക്കാം. ഇതു ശരിയായി മനസ്സിലാകുന്നതിന്ന്, പൊൎത്തുഗീസുകാർ കൊച്ചീക്കോട്ട ഒഴിഞ്ഞു കൊടുത്തപ്പോൾ ഡച്ചുകാരുമായി ചെയ്ത ഉടമ്പടിയുടെ സ്വഭാവം ഗ്രഹിക്കേണ്ടിയിരിക്കുന്നു. ആകയാൽ കൊച്ചീരാജ്യ ചരിത്രത്തിൽനിന്നു ആ ഉടമ്പടിയിലെ വ്യവസ്ഥകൾ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:—

"പൊർത്തുഗൾ രാജാവിന്റെ തിരുനാമപ്പേൎക്കു കൊച്ചിയിൽ വാണിരുന്ന യജമാനൻ കപ്പിത്താൻ ജനറാള് ഉലന്തക്കമ്പനിയുടെ അനുവാദം വരുത്തി തെളിഞ്ഞവണ്ണം അനുസരിച്ചു എഴുതിക്കൊടുത്ത പ്രകാരം ആകുന്നതു്:

(1) കൊച്ചിയിൽ കോട്ടയും അതിരുകളും, പഴമയിൽ ഉള്ള സ്ഥാനമാനങ്ങൾ, നാടുകളും, തുരുത്തുകളും അതാകുന്നതു്, പാതിരിത്തുരുത്തും, ചൊട്ടത്തുരുത്തും, വെണ്ടുരുത്തും, എഴുത്തു വയ്പുകളും പൊൎത്തുഗൾ തിരുനാമപ്പേൎക്കു അനുഭവിച്ചു ചെന്നിരുന്നതു് ഒക്കെയും മേൽപ്പെട്ടുകു ഒരു ചോദ്യവുമില്ലാത്തവണ്ണം കുമ്പഞ്ഞിയുടെ പേൎക്കു അമരാലുടെ പക്കൽ ഏല്പിക്കയും ചെയ്തു.

2. ഉള്ള പടക്കോപ്പുകളും, ആയുധങ്ങളും, കച്ചവടങ്ങളും, ആളടിയാരും, തടിയും മുട്ടിയും, തട്ടായം കട്ടിയും, ഉടുപ്പും, കിടപ്പും, ശേഷമുള്ള തൊക്കയുംകൂടെ മേൽചൊല്ലിയവണ്ണം ഏല്പിക്കയും ചെയ്തു.

3. പട്ടാളത്തിൽ ചേരാതെ ആയുധമെടുത്തിരുന്നവർ എല്ലാവരും രണ്ടു സംവത്സരത്തേയ്ക്കു ഉലന്തുക്കാൎക്കു എതിരായി യാതൊന്നും പ്രവൎത്തിക്കുന്നതല്ലെന്നു സത്യം ചെയ്യണം.

4. പറങ്കിജാതിയില്പുള്ളവരൊക്കയും, അവരുടെ മക്കളും, പെണ്ണുംപിള്ളകൾ, കെട്ടിയവരേയും, അവരുടെ മക്കളേയും, കുമ്പഞ്ഞിയുടെ പേർക്ക അമരാലിന്റെ മനസ്സുണ്ടായിട്ടു കപ്പലിൽ കയററി ഗോവയിൽ എറക്കിത്തരികയും വേണം. അന്നേരം അവരുടെ ഉടുപ്പും കിടപ്പും കൂടെ കൊണ്ടുപോകുവാൻ സമ്മതിക്കയും വേണ്ടിവരും. പിന്നെയും ഏതാനും ദയതോന്നിക്കൊണ്ടു പോകത്തക്കവണ്ണം സമ്മതിച്ചു എന്നു വരികിൽ മനോഗുണമായിരുന്നു.

5. തന്നാളായുള്ള കുപ്പായക്കാരും, ഗോവ കൊങ്ങിണികൾ, മാറ്റുംകൂടിയവക "കന്നടി ക ര സ്ഥ ം" എന്ന ഉലന്തഭാഷയിൽ എഴുതിയിരിക്കുന്ന വകയും, ഉലന്തക്കുമ്പഞ്ഞിയുടെ മനോഗുണത്തിൻകീഴ മുമ്പിനാൽ ഉലന്തരാജാവും പൊത്തുഗൾരാജാവും തമ്മിൽ ചോര ഒന്നായിട്ടു കൂടിയിരുന്ന അവസ്ഥ വിചാരിച്ച് ആ വഴിക്കുള്ള ബഹുമാനത്തിന്ന രക്ഷിക്കണമെന്നു വളരെ വളരെ അപേക്ഷിച്ചു കയ്യേല്പിക്ക ആകുന്നു.

6. തന്നാളായിരിക്കുന്നവരൊക്കേയും, പള്ളിപ്പട്ടക്കാരും, പൊത്തുഗൾ രാജാവിന്റെ കുടികളായുള്ളവർ, ഇവിടെയുള്ളവരും, നാട്ടിൽ ഉഴന്നുനടക്കുന്നവർ, മേല്പെട്ടു ഇവിടെ പൊറുതിക്കു വരുന്നവരും ഈ എഴുതിയ വയ്പിൽക്കൂടെ ബന്ധിച്ചിട്ടു കയ്യേല്പിക്ക ആകുന്നു.

7. ഇപ്രകാരത്തിൽ പറങ്കിയുടേയും ഉലന്തയുടേയും കൂടിവിചാരത്തിൽ കോട്ടക്കകത്തും പുറത്തുംവച്ച് വിചാരിച്ചു നിശ്ചയിച്ചു. അതിന്റെശേഷം അന്യോന്യം ചൊല്ലി അമരാലിന്റെ പക്കൽ മേൽ ചൊല്ലിയതൊക്കയും ഏല്പിച്ച് ഒപ്പുംകുത്തി പിരിഞ്ഞതിൽപിന്നെ ജനവരിമാസം 8-ാംനു- ഉദയത്തോടുകൂടെ കോട്ടത്താക്കോലും ഏല്പിച്ചു കോട്ടക്കു പുറത്തിറങ്ങി ഉലന്തു അമരാലും ആളുകളും അകത്തുകരേറി ഇരിക്കയും ചെയ്തു. ഇപ്രകാ

രാം എഴുതി കയ്യേല്പിച്ചത്ു ജനവരിമാസം 7-ാംനു-1663-ാമത്ു് ഇതിൽ ഒപ്പു കുത്തിയത്ു് പറങ്കി ജനറാളും ഉലന്ത കമ്പഞ്ഞിയുടെപേക്ക് അമരാല്യം. (74)

ഈ ഉടമ്പടിയുടെ മൂന്നാം വകുപ്പിൽ "പട്ടാളത്തിൽ ചേരാതെ ആയുധമെടുത്തിരുന്നവർ രണ്ടു സംവത്സരത്തേയ്ക്കു ഉലന്തക്കാർക്കു എതിരായി ഒന്നും ചെയ്കയില്ലായില്ലെന്നു സത്യം ചെയ്യണം" എന്നു പറഞ്ഞിട്ടുണ്ടല്ലോ. ഡച്ചുകാരോടെതിർത്തുനിന്ന രാജാവിൻെറ സൈന്യം വലിയപങ്കും യുദ്ധത്തിൽ നശിച്ചു. "അവർ പട്ടാളത്തിൽ ചേരാതെ ആയുധമെടുത്തിരുന്നവർ" ആയിരുന്നുമില്ല. മാത്രമല്ലാ മൂത്തവഴി തമ്പുരാനാണല്ലോ പിന്നെ അധികാരം സിദ്ധിച്ചത്ു്. അദ്ദേഹം ഡച്ചുപക്ഷക്കാരനാണു്. ഇവരെക്കൊണ്ടു മേല്പറഞ്ഞവിധം ഒരു സത്യം ചെയ്യിക്കേണ്ടുന്ന ആവശ്യവുമുണ്ടായിരുന്നില്ല. കൊച്ചിയിൽ അന്നുണ്ടായിരുന്ന ക്രിസ്തീയ ജനവിഭാഗങ്ങളിൽ രണ്ടുക്രുട്ടക്കാരെ—"തന്നാളായ കുപ്പായക്കാരെയും ഗോവക്കൊങ്ങണികൾ മാർഗ്ഗംക്രുടിയവരേയും" ഡച്ചുകാരുടെ പ്രജകളായി ഏല്പിക്കുന്നുവെന്നും പ്രസ്തുത ഉടമ്പടിയിൽത്തന്നെ കാണാം. അതിനാൽ അവരെക്കൊണ്ടും മേൽ പ്രസ്താവിച്ചവിധം സത്യംചെയ്യിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല.. വിശേഷിച്ചും പൊർത്തുഗീസുകാരെ സഹായിച്ചിരുന്ന ക്രിസ്ത്യാനികളെപ്പററി ഉടമ്പടിയിൽ വേറെ ഒരിടത്തും പറഞ്ഞിട്ടില്ല. ഇങ്ങനെ ഒരു ക്രുട്ടർ ഉണ്ടായിരുന്നൊന്നു മുകളിൽ കാണിച്ചിട്ടുള്ള രേഖകൾകൊണ്ടു മനസ്സിലാക്കാം. അനന്തര സംഭവങ്ങൾ ആലോചിച്ചാൽ ഇവർ ശക്തിയുള്ള ഒരു സമൂഹമായിരുന്നൊന്നും കാണാം. ഇതിനാൽ ഇവരെപ്പററിമാത്രമെ സംശയിക്കാൻ അവകാശമുണ്ടായിരുന്നുള്ളു വെന്നും, തന്നിമിത്തം അവരെ

(74) കൊച്ചീരാജ്യചരിത്രം 2-3-69, 70-71.

കൊണ്ടുമാത്രമേ സത്യം ചെയ്യിക്കാൻ ആവശ്യമുണ്ടായിരുന്നുള്ളുവെന്നും നിശ്ചയിക്കാം. ഈ പറഞ്ഞ കൂട്ടർ-"പട്ടാളത്തിൽ ചേരാതെ ആയുധമെടുത്തിരുന്ന" യോദ്ധാക്കളായ ആ ജനസഞ്ചയം—പൊർത്തുഗീസു രാജാവിൻെറ മേൽക്കോയ്മ സ്വയം സ്വീകരിക്കയും പൊർത്തുഗീസുകാരോടു ചേർന്നു സ്ഥാനമാനങ്ങൾ പ്രാപിക്കയും ലത്തീൻ റീത്തു സ്വീകരിക്കയും ചെയ്തുവെന്നും മററും ഇതേവരെ വ്യവഹരിക്കപ്പെട്ടിട്ടുള്ള തോമാക്രിസ്ത്യാനികളുടെ സന്തതി പരമ്പരകൾതന്നെയായിരുന്നു എന്നതാണു് വാസ്തവം.

ഈ വാസ്തവത്തെ പ്രസ്പഷ്ടമാക്കുന്നതാണു അനന്തര സംഭവങ്ങൾ. അതായതു: "റോമൻ കത്തോലിക്ക ക്രിസ്ത്യാനിക (പഴയക്രൂററു) (75) ളായുള്ളവർ

ഡച്ചുകാരുടെ ഭരണ കാലത്തിലെ സ്ഥിതി

കോട്ടയ്ക്കകത്തുവച്ചു അവരുടെ മതാചാരപ്രകാരമുള്ള വൈദികകർമ്മങ്ങൾ ഒന്നും ചെയ്തുകൂടാ എന്നു വിരോധിച്ചു. അവരിൽ വൈദികന്മാരായുള്ളവരെ കോട്ടയ്ക്കു പുറത്താക്കി. ജാതിക്രമമനുസരിച്ചു വൈദികന്മാർക്കു വിധിച്ചിട്ടുള്ള കുപ്പായം തൊപ്പി മുതലായതു ധരിച്ചുകൊണ്ടു കോട്ടയ്ക്കകത്തു സഞ്ചരിച്ചുകൂടാ എന്നു കല്പിച്ചു. വൈദികന്മാരല്ലാത്ത പഴയ ക്രൂററുകാർക്കു രാത്രി സമയം കോട്ടയ്ക്കകത്തു വസിപ്പാൻ അനുവാദമുണ്ടായിരുന്നില്ല. തങ്ങളുടെ മതത്തേയും രാജാവിനേയും ഉപേക്ഷിച്ചാൽ മാത്രമേ അവർക്കു പുതിയ കോയ്മയുടെ കീഴിൽ ഉദ്യോഗം ലഭിക്കുകയുള്ളു. ജാതിയെ ഉപേക്ഷിക്കാൻ മനസ്സില്ലാതിരുന്നവർ എല്ലാവരും കൊച്ചി വിട്ടുപോയി. പുതുവരവുകാരായി യാതൊരു കച്ചവടവും ചെയ്യുന്നതല്ലെന്നും നിശ്ചയിച്ചു. ഇത്രയുമായപ്പോൾ തൻെറ പ്ര

(75) കൊച്ചീ രാജ്യ ചരിത്രം 2-4 91-

വൃത്തി അത്ര ശരിയായില്ലെന്നും, മേല്പറഞ്ഞ നിശ്ചയങ്ങ ളെ നിർബന്ധമായി നടത്തിയാൽ കോട്ടയിൽ ഡച്ചു ഉദ്യോഗസ്ഥന്മാരും പട്ടാളക്കാരും മാത്രമായി ശേഷിക്കു മെന്നും ഗവർണ്ണർക്കു ബോദ്ധ്യം വന്നു. ഉടൻതന്നെ പഴ യ ക്രൂരന്മകാരുമായി ഒരുവിധം രാജിയാവുക എന്നു വച്ചു്, ഫ്റാൻസിസ്കൻ സന്ന്യാസിമാരുടെ പള്ളി അവർക്കു വി ട്ടുകൊടുത്തു. എന്നിട്ടും വഴക്കുകൾ അവസാനിക്കാഞ്ഞതി നാൽ പിന്നെയും പുതിയ ഏർപ്പാടു ചെയ്യുക എന്നു നിശ്ചയി ച്ചു. കോട്ടയ്ക്കകത്തു പഴയക്രൂരന്മകാർക്കു പള്ളി വേണ്ടാ എന്നും, വൈപ്പിൽ ഒരു പുതിയപള്ളി വച്ചുകൊള്ളാ മെന്നും ഫ്റാൻസിസ്കൻ പള്ളിയിലെ സാമാനങ്ങൾ വൈപ്പിലേയ്ക്കു കൊണ്ടുപോയാൽ മതി എന്നും ഇരുഭാ ഗക്കാരും കൂടി സമ്മതിച്ചു അപ്രകാരം ചെയ്തു. എന്നി വയാണു പിന്നെയുണ്ടായതു്. (76)

ഈ സംഭവം ഓർമ്മയിൽ വച്ചുകൊണ്ടു ഡച്ചുകാരുടെ ഭരണത്തിൻെറ അവസാനഘട്ടത്തിലെ സ്ഥിതികൂടെ നോ ക്കണം. ഇതേപ്പററി ഒരു സമകാലീന ചരിത്രകാരനായ ദിവ്യശ്രീ ഫാദർ പൗലിൻ ഇങ്ങനെ പറയുന്നു: (77) ഇവ ക്ക്—അതായതു 1794-ൽ വരാപ്പുഴ അതിരൂപതയിലു ള്ള ലത്തീൻകാർക്കു—ബറേറവിയായിൽനിന്നു, ഡച്ചു കാരുടെ സംരക്ഷണമുണ്ടു്. ഡച്ചുകാർക്കു് ആവശ്യപ്പെ ടുമ്പോൾ ആയുധമെടുപ്പാനും പട്ടണം ആദരിപ്പാനും ഇ വർ നിർബന്ധിതരാണു്. ഇവരുടെ ഏതദ്ദേശീയരായ പാരക്രൂസ്മാർ ചെയ്യുന്ന സത്യം മൂലമാണു് അവർ ഇതി നു കടപ്പെട്ടിരുന്നതു്. പൊത്തുഗൽരാജാവിൻെറയും, ടി. മെ ത്രാന്മാരുടെയും ഭൗതികവും ആത്മികവുമായ സകല അ

(76) കൊച്ചീരാജ്യചരിത്രം ൨-൪-൩൨.

(77) India Orientalis Christiana pg. 119. ഈ ജനതതിയു ടെ ഉത്ഭവത്തെപ്പററി ഇദ്ദേഹം പറഞ്ഞിരിക്കുന്നതു ശരിയല്ല. അതു് കീ ഴെ ഒരദ്ധ്യായത്തിൽ കാണാവുന്നതാണു്.

ധികാരങ്ങളെയുംലത്തീൻകാർ ഈ സത്യവാചകംകൊണ്ടു ത്യജിച്ചിരിക്കണം. ഈ സത്യവാചകത്തിന്റെ ഫോറം കൊച്ചിയിലെ സെക്രട്ടറിയേററിൽ ഉണ്ട്. അതിൽ നിന്നെടുത്ത പകർപ്പു എന്റെ കൈവശവുമുണ്ട്. (78)

നോക്കുക! അന്നത്തെ ഉടമ്പടിയുടെ സ്വഭാവവും ഡച്ചുകാർ അന്നു ആവശ്യപ്പെട്ട കാര്യങ്ങളും ഈ സത്യവാചകത്തിലും സ്പഷ്ടമായിക്കാണുന്നില്ലയോ? "പട്ടാളത്തിൽ ചേരാതെ ആയുധമെടുത്തവർ" എന്നാണല്ലൊ ഉടമ്പടിയിൽ ഉള്ളതു്. (79) ഇവിടെയും ആ ഛായതന്നെ കാണുന്നു. അതായതു്: പട്ടാളത്തിൽ ചേരുകയല്ല; ആവശ്യപ്പെട്ടപ്പോൾ ആയുധം ധരിച്ചു യുദ്ധത്തിനു പോകയും പട്ടണത്തെ സംരക്ഷിക്കയും ചെയ്യണം എന്നാണു പറയുന്നതു.

"തങ്ങളുടെ മതത്തെ" (വേദം) ഉപേക്ഷിക്കണമെന്നു ആരംഭത്തിൽ ആവശ്യപ്പെട്ടു. അതു സമ്മതിക്കാതെ "കൊച്ചിവിട്ടു പോയി. പുതുവരവുകാരുമായി ഒരു കച്ചവടവും ചെയ്കയില്ലെന്നു നിശ്ചയിച്ചു". ഈ പിൻമാററത്താൽ ഉണ്ടായ അനുഭവം കണ്ടപ്പോൾ "രാജിയാവാമെന്നുവച്ചു പലതും ചെയ്തു. എന്നിട്ടും വഴക്കവസാനിക്കാഞ്ഞതിനാൽ പിന്നെയും പുതിയ ഏർപ്പാടുകൾ ചെയ്വാൻ നിശ്ചയിച്ചു." ഇതിൽ മതം (വേദം) ഉപേക്ഷിക്കണമെന്നുള്ള നിർബന്ധം പിൻവലിച്ചെങ്കിലും "രാജാവിനെ ഉപേക്ഷിക്കണം" എന്നുള്ളതു അവർ പിൻവലിച്ചതായി കാണുന്നില്ല. അങ്ങിനെ ചെയ്തുകൊള്ളാമെന്നു ഈ ജനത്തിന്റെ നേതാക്കന്മാർ അന്നു (ഡച്ചുകാരുടെ ഭരണാരംഭത്തിൽ) ചെയ്തിട്ടുള്ള ഉടമ്പടി പാരക്ക്രൂസുമാർ പിൽ

---

(78) Ib. 119.
(79) ടി. ഉടമ്പടി 3-ാം വകുപ്പു.

കാലങ്ങളിൽ നവീകരിച്ചുപോരുന്നു.

പഴയക്രൂറവുകാരും * റോമൻ കത്തോലിക്കരുമെന്നു കൊച്ചീരാജ്യ ചരിത്രകാരൻ പറയുന്ന ഈ ജനതതി ഏതെന്നും അന്നു അവർ ഉപേക്ഷിക്കേണ്ടതായിവന്ന രാജാവേതെന്നും ഇതുകൊണ്ടു സ്പഷ്ടമാകുന്നില്ലയോ?

അതെ, പൊത്തുഗീസുകാരുടെ ആരംഭഘട്ടത്തിൽ

---

* "പഴയ ക്രൂറവുകാർ" "പുത്തൻക്രൂറു" "പഴയക്രൂറു" എന്നിങ്ങനെയുള്ള പേരുകൾ പറയാൻ തുടങ്ങിയതു ൧൬൫൩-ലെ "ക്രൂനൻ കുരിശു സത്യം" കഴിഞ്ഞശേഷമാണ്.

ഉദയമ്പേരൂർ സൂനഹദോസു കഴിഞ്ഞശേഷം, ജെസ്യൂവിററു സഭാംഗവും വൈപ്പിക്കോട്ട സെമ്മിനാരിയുടെ റെക്ടരുമായിരുന്ന ഫാദർ ഫ്റൻസീസ്സ് റോസ് എന്ന വന്ദ്യ ദേഹം അങ്കമാലി മെത്രാനായി നിയമിക്കപ്പെട്ടു. ൧൬൦൫-ൽ അഞ്ചാം പൗലോസ് മാർപ്പാപ്പാ ഇദ്ദേഹത്തെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ എന്ന സ്ഥാനത്തിലേയ്ക്കുയർത്തി. അക്കാലങ്ങളിലെ യുദ്ധവും കലഹവും നിമിത്തം ഇദ്ദേഹത്തിന്നു വടക്കൻ പറവൂരു് വസിക്കാനേ സാധിച്ചിരുന്നുള്ളു. ഈ വന്ദ്യദേഹം ൧൬൨൪-ൽ നിര്യാതനായി. യെരോനിമൂസ് ഷേവ്യർ എന്ന ജെസ്യൂവിററു വൈദികനെ ഇദ്ദേഹത്തിൻെറ അനന്തരഗാമിയായി പരിശുദ്ധ സിംഹാസനത്തിൽനിന്നു നിയമിക്കയുണ്ടായെങ്കിലും അതേ വത്സരത്തിൽ ത്തന്നെ അദ്ദേഹം നിര്യാതനാവുകയാണു ചെയ്തതു്. അതുകഴിഞ്ഞു ജെസ്യൂവിററു സഭാംഗംതന്നെയായിരുന്ന സ്റ്റേഫന്നൂസ് ദെബ്രിട്ടോ എന്നവൈദികൻ കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തായായി പരിശുദ്ധ സിംഹാസനത്തിൽനിന്നു നിയമിതനായി. ഇദ്ദേഹം കൊടുങ്ങല്ലൂർ അതിരൂപതയെ ഭരിച്ചുവന്നു. ൧൬൩൭-ൽ ഫ്റാൻസീസ് ഗാർസ്യ എന്ന ജെസ്യൂവിററു വൈദികനെ ബ്രിട്ടോ മെത്രാപ്പോലീത്തായുടെ സഹായകനായി പരിശുദ്ധ സിംഹാസനത്തിൽനിന്നു നിശ്ചയിച്ചു. ബ്രിട്ടോ മെത്രാപ്പോലീത്താ ൧൬൪൧-ൽ നിര്യാതനായപ്പോൾ ഗാർസ്യമെത്രാപ്പോലീത്താ കൊടുങ്ങല്ലൂർ രൂപതയെ ഭരിക്കാൻ തുടങ്ങി. ഇദ്ദേഹത്തിൻെറ ഭരണകാലത്തു ൧൬൫൩-ൽ അത്രെ "ക്രൂനൻ കുരിശു" സത്യം നടന്നതു്.

സ്വതന്ത്രരായിരുന്ന ക്രൈസ്തവരുടെ ഒരു ഗണമുണ്ടായിരുന്നു. അവർ തങ്ങളുടെ അവകാശങ്ങൾ പൊർത്തുഗീസുകാരുടെ സംരക്ഷണയിൽ, തങ്ങളെ ഭരിച്ചു സംരക്ഷിക്കേണ്ടതിന്നു, ഏല്പിച്ചു. പൊർത്തുഗൾ രാജാവിനെ തങ്ങളുടെയും രാജാവായി സ്വീകരിച്ചു. തന്റെ ഭരണത്തിലുൾപ്പെട്ട ജനതതിയെ പൊർത്തുഗൾ രാജാവിന്റെ പ്രജ

---

"കൂനൻ കുരിശു സത്യ"ത്തേപ്പററി "കേരളത്തിലെ മതൃവേദചരിത്രം" "മാർ തോമാ ക്രിസ്ത്യാനികൾ" എന്നീ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളവയുടെ സംഗ്രഹം ചുവടെ ചേർത്തുകൊള്ളുന്നു.

ഉദയമ്പേരൂർസൂനഹദോസിന്റെ അവസരത്തിൽ ഉണ്ടായിരുന്ന ജോർജ്ജ് അർക്കിദിയാക്കന്റെ ചാർച്ചക്കാരനാണ് ഗാർസ്യമെത്രാപ്പോലീത്തായുടെ ഭരണാവസരത്തിൽ അർക്കിദിയാക്കനായിരുന്നത്. ഗാർസ്യമെത്രാപ്പോലീത്തായുടെ അധികാരത്തിൽനിന്നു തങ്ങളെ ഒഴിവാക്കിത്തരണമെന്നു ഇദ്ദേഹവും ഭൂരിപക്ഷം ആളുകളുംകൂടി പരിശുദ്ധ സിംഹാസനത്തോടപേക്ഷിച്ചു. അവിടെനിന്നു മറുപടി വരാൻ താമസിക്കയാൽ അവർ അന്ത്യോഖ്യ ബാബിലോൺ മുതലായ സ്ഥലങ്ങളിലേയ്ക്കെഴുതി ഒരു മെത്രാനെ അയക്കാൻ ആവശ്യപ്പെട്ടു. തൽഫലമായി ഫന്നഭവ-ൽ അഹത്തല്ലാ എന്ന മെത്രാൻ മൈലാപ്പൂരിൽ വന്നുചേർന്നു.

കേരളത്തിൽനിന്നു മൈലാപ്പൂരു ചെന്നിരുന്ന രണ്ടു ശെമ്മാശ്ശന്മാർവഴി, മാർ അഹത്തല്ലാ കേരളത്തിലെ സുറിയാനിക്കാരക്കു ഒരു കത്തയച്ചു. അതിൽ ഇഗ്നാസിപ്പാത്രിയാക്ക് എന്നു സ്വയം സംബോധന ചെയ്തുമിരുന്നു. അത്രയുമല്ലാ, പത്താം ഇന്നസെൻറു പാപ്പാ തന്നെ കേരള ക്രൈസ്തവരുടെ സഹായത്തിനായി അയച്ചിരിക്കുന്നു എന്നും പറഞ്ഞിരുന്നു.

ഇദ്ദേഹത്തെ—മാർ അഹത്തല്ലായെ—പൊർത്തുഗീസുകാർ കൊച്ചീവഴി ഗോവയിലേയ്ക്കു കൊണ്ടുപോകുന്നു എന്നു കേട്ട്, പല സ്ഥലങ്ങളിൽനിന്നായി അനേകം സുറിയാനിക്കാർ മട്ടാഞ്ചേരിയിൽ വന്നുകൂടി. അനന്തരം കൊച്ചീക്കോട്ടയിൽ ചെന്നു അഹത്തല്ലാ മെത്രാനെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടു. അനുകൂലമായ മറുപടി അവിടെനിന്നു ലഭിച്ചില്ല. തൻമൂലം അവർ മടങ്ങി

കൾ എന്ന നിലയിലാക്കാൻ അബൂനാ യാക്കോബ് മെത്രാൻ ശ്രമിച്ചു. തൽഫലമായി ഒരു ഗണം ക്രൈസ്തവർ ലത്തീൻ രീതിയിലേയ്ക്കു ചേർന്നു. ഇവരാണ് പൊത്തുഗൽ രാജാവിനെ തങ്ങളുടെ രാജാവായി സ്വീകരി

---

മട്ടാഞ്ചേരിയിൽവന്നു "കൂനൻ കുരിശിന്മേൽ" ("ഭ്രാന്തൻകുരിശു" "പ്രാഞ്ചൻ കുരിയച്ചൻ" എന്ന പേരിൽ ഇന്നും അറിയപ്പെടുന്ന കുരിശിന്മേൽ) കയറുകെട്ടി പിടിച്ചുകൊണ്ടു "മേലിൽ ഒരിക്കലും ഈശോസഭക്കാർക്കു വണക്കം ചെയ്കയില്ല; അവരിൽ ആരെയും സ്വന്തം മതാദ്ധ്യക്ഷനായി സ്വീകരിക്കയില്ല" എന്നു സത്യം ചെയ്തു. ഇതിനെയാണ് "കൂനൻകുരിശുസത്യം" എന്നു പറയാറുള്ളതു്.

ഈ സംഭവം കഴിഞ്ഞിട്ടു എല്ലാവരും എടപ്പിള്ളിൽ യോഗം കൂടി. തദവസരത്തിൽ, പറമ്പിൽ തൊമ്മി അർക്കദിയാക്കനെ മെത്രാപ്പോലീത്തായായി നിയമിക്കുന്നതിനുവേണ്ട അധികാരം പരിശുദ്ധ പിതാവിൽനിന്നു മാർ അഹത്തല്ലായ്ക്കു സിദ്ധിച്ചിട്ടുണ്ടു്; ശത്രുക്കളുടെ വിരോധം നിമിത്തം അദ്ദേഹത്തിന്നു കേരളത്തിൽ വന്നെത്താൻ സാധിക്കാത്തപക്ഷം പന്ത്രണ്ടു വൈദികന്മാർകൂടി അഭിഷേകകർമ്മം നടത്താനാണ് കല്പിച്ചിരിക്കുന്നതു എന്നു, മാർ അഹത്തല്ലാ എഴുതിയിരിക്കുന്നതായി ജനങ്ങളെ ധരിപ്പിച്ചു.

അനന്തരം ആലങ്ങാട്ടുവച്ചു പന്ത്രണ്ടു വൈദികർകൂടി പറമ്പിൽ തൊമ്മി എന്ന ദേഹത്തിന്റെ തലയിൽ മുടിയും കയ്യിൽ മെത്രാന്റെ വടിയും ധരിപ്പിച്ചു. ഇങ്ങനെ മെത്രാനായി വാഴിച്ചുവെന്നു ജനങ്ങളെ ധരിപ്പിക്കയും ജനങ്ങൾ അദ്ദേഹത്തിന്നു വഴങ്ങുകയും ചെയ്തു. (*) ഇങ്ങനെ വഴങ്ങിയവരെ "പുത്തൻകൂറുകാരെന്നും, പഴയ സ്ഥിതിയിൽനിന്നു വ്യതിചലിക്കാതിരുന്നവരെ "പഴയകൂറുകാരെ"ന്നും പറയാൻ തുടങ്ങി. ഇങ്ങനെയാണ് "പുത്തൻകൂറു" പഴയകൂറു" എന്ന നാമങ്ങൾ ഉത്ഭവിച്ചതു്.

---

(*) കേരളത്തിലെ സത്യവേദ ചരിത്രം, അദ്ധ്യായം ൯-൧൦-൧൧-൧൨-൧൩. "മാർത്തോമ ക്രിസ്ത്യാനികൾ" രണ്ടാംഭാഗം.

ച്ചിരുന്നതു്. ഇങ്ങനെ തങ്ങളോടു ചേൎന്നവരെയാണു പൊൎത്തുഗീസുകാർ തങ്ങളുടെ അധികാരത്തിൽ വച്ചു കൊണ്ടിരിക്കയും, അവരുടെ അവകാശങ്ങളെ സംരക്ഷി ക്കാൻ ഏതദ്ദേശീയ രാജാക്കന്മാരെ നിഷ്കർഷം നിർ ബന്ധിക്കയും ചെയ്തുപോന്നതു്.(80) ഇവരോടാണു ഡ ച്ചുകാർ മുകളിൽ പറഞ്ഞവിധം ആവശ്യപ്പെട്ടതു. പ്ര സ്തുത സത്യം ചെയ്യുന്ന പതിവു ഈ ലത്തീൻ സമുദായ ത്തിൽ നിലനിന്നുകാണുന്നതുതന്നെയാണു ഇതിലേയ്ക്കു സ്പഷ്ടമായ തെളിവു.

സത്യവാചകത്തിൽ പ്രസ്താവിക്കുന്നതുപോലെ പ ട്ടണത്തെ സംരക്ഷിക്കുക, ഡച്ചുകാർക്കു ആവശ്യം നേരിട്ട മ്പോൾ ആയുധം ധരിച്ചു യുദ്ധത്തിനു പോവുക മുതലായ കാൎയ്യങ്ങൾ ഇവർ ചെയ്തുമിരുന്നു. (അതിലേക്കുള്ള തെളി വുകൾ അനന്തരാദ്ധ്യായത്തിൽ കാണാവുന്നതാണു.)

വിശേഷിച്ചും "പഴയക്രൂററുകാർ" എന്നു ഇവിടെ പറഞ്ഞിട്ടുണ്ടല്ലോ. പഴയക്രൂററുകാർ എന്നു കേൾക്കു മ്പോൾ സീസ്സയിൽ പെടാതെയെങ്കിലും സുറിയാനിരീ തിയിൽത്തന്നെ നിന്നവരായിരിക്കുമൊ എന്നൊരു സം ശയം ചരിത്രബോധമില്ലാത്തവൎക്കു ഒരുപക്ഷെ ഉണ്ടാ യേക്കാനിടയുണ്ട്. വാസ്തവം അങ്ങനെയല്ല. അവർ ല ത്തീൻ റീത്തുകാർതന്നെയാണെന്നുള്ളതു്, കൊച്ചിയിൽ ഇവൎക്കും ഡച്ചുകാൎക്കും തമ്മിലുണ്ടായ അസ്വാസ്ഥ്യം നിമിത്തം, വൈപ്പിൽ സ്ഥാപിച്ച പള്ളിയുടെ സ്ഥിതി, ഇവർ ചേൎന്ന മററു പള്ളികളുടെ സ്ഥിതി എന്നിവ കൊണ്ടു മനസ്സിലാക്കാം. വൈപ്പിൽ നിൎമ്മിക്കപ്പെട്ടതു് ലത്തീൻ പള്ളിയായിരുന്നു. 1767-ൽ അതിന്റെ ഭര ണാതിർത്തിയിലുണ്ടായിരുന്ന ഏഴായിരം (7000) ജന ങ്ങളും ലത്തീൻകാരായിരുന്നു എന്നു കാണുന്നു. അടുത്ത

(80) കൊച്ചിരാജ്യചരിത്രം ൧-൨൧-൪൭൨.

പള്ളികളായ കരിശ്ശുങ്കൽ രണ്ടായിരവും (2000) വല്ലാർ പാടത്തു ആയിരത്തിഒരുനൂററി നാല്പതും (1140) കത്തോലിക്കർ ഉണ്ടായിരുന്നതായി കാണുന്നുണ്ട്. കൊച്ചീയ്ക്കു കിഴക്കും തെക്കുകിഴക്കും നേരെ തെക്കുമുള്ള ഭാഗങ്ങളിലും കത്തോലിക്കർ കുറവായിരുന്നില്ല. മട്ടാഞ്ചേരിയിൽ 5,300-ം എടക്കൊച്ചിയിൽ 4,500-ം മാനാശ്ശേരിയിൽ 3,000-വും ജനങ്ങൾ മുകളിൽ കാണിച്ച കാലാവധിയിലുണ്ടായിരുന്നു. ഇവരെല്ലാം ലത്തീൻകാരായിരുന്നുതാനും. രണ്ടായിരത്തിൽ പരം ജനങ്ങൾ എറണാകുളത്തേയ്ക്കും അധിവാസം മാററിയിരുന്നു. ഇതു് കൊച്ചിയുടെ പരിസരങ്ങളിൽ മാത്രമുണ്ടായിരുന്ന ലത്തീൻ റീത്തുകാരുടെ സംഖ്യയാണെന്നും കേരളത്തിൻെറ ഇതരഭാഗങ്ങളിൽ ഇതുപോലെ ഗണ്യമായ വേറെയും ലത്തീൻരീതിക്കാർ ഉണ്ടായിരുന്നു എന്നതും സ്മർത്തവ്യമാണ്. [81] (ഡച്ചുകാരുമായി അന്നു സംവാദമുണ്ടായവർ ലത്തീൻകാർ തന്നെയായിരുന്നു എന്നിതു മനസ്സിലാകാൻവേണ്ടി മാത്രമാണു ഇവ ഇവിടെ കാണിക്കുന്നതു.)

---

(81) Status Archidioecesis Verapolitanæ. pg. 7.

അന്നു കൊച്ചിയിലുണ്ടായിരുന്ന ലത്തീൻകാരിൽ ഭൂരിപക്ഷവും സുറിയാനിരീതിയിൽനിന്നു ലത്തീൻരീതിയിൽ ചേർന്നവരായതുകൊണ്ടാണു "പഴയക്രൂററുകാർ എന്ന നാമം" അവർക്കും ഉപയോഗിച്ചിരിക്കുന്നതു.

# അദ്ധ്യായം ൧

ഡച്ചുകാരും പൂർവ്വക്രിസ്ത്യാനികളും തമ്മിൽ വാണിജ്യപരമായുണ്ടായിരുന്ന ബന്ധം—ഡച്ചുകാരുടെ കീഴിൽ അവർ സൈന്യസേവനം ചെയ്തിരുന്നതിനു തെളിവുകൾ—ചില സൈനികോദ്യോഗസ്ഥന്മാരുടെ കുടുംബങ്ങൾ.

പൊർത്തുഗീസുകാരുമായുള്ള സമ്പർക്കംമൂലം ലത്തീൻറീത്തിലേയ്ക്കു പരിവർത്തനം ചെയ്ത പൂർവ്വ ക്രൈസ്തവശാഖയുടെ ഡച്ചുഭരണാരംഭംവരെയുള്ള സ്ഥിതിഗതികൾ കഴിഞ്ഞ അദ്ധ്യായത്തിൽ മിക്കവാറും പ്രതിപാദിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. ഇനി ഡച്ചുകാരുടെ ആധിപത്യത്തിൽ ഉള്ള അവരുടെ ചര്യ്യാവിശേഷങ്ങളെയും സ്ഥിതിഭേദങ്ങളേയും സംബന്ധിച്ചാണ് അറിയേണ്ടിയിരിക്കുന്നതു്.

ഡച്ചുകാരുടെ വാണിജ്യവും പൂർവ്വക്രിസ്ത്യാനികളും.

കച്ചവടം സൈന്യസേവനം എന്നിങ്ങനെയുള്ള കാര്യ്യങ്ങൾ ബന്ധിച്ചാണ് പൂർവ്വക്രിസ്ത്യാനികൾ പൊത്തുഗീസുകാരോടു ഇടപെട്ടതെന്നു മുമ്പു തെളിയിച്ചിട്ടുണ്ടല്ലോ. സൈനികസേവനംപോലെതന്നെ കച്ചവടവും ആ പൂർവ്വക്രിസ്ത്യാനികളിൽ പരമ്പരാഗതമായി നിലനിന്നുപോന്ന തൊഴിലായിരുന്നുവെന്നു കാണാൻ വിഷമമില്ല. അക്കാലങ്ങളിലെ കച്ചവടസമ്പ്രദായത്തെപ്പറ്റി ഒരു സംഗതി പ്രത്യേകം അറിഞ്ഞിരിക്കേണ്ടതുണ്ടു്. ഉൾനാട്ടുകളിൽനിന്നു ചരക്കുകൾ ശേഖരിച്ചു പൊത്തുഗീസുകാർക്കു കൊടുക്കുകയായിരുന്നു, അന്നു ക്രിസ്ത്യാനികളുടെ പതിവു. മുമ്പു സൂചിപ്പിച്ചതുപോ

ലെ, ഡച്ചുകാർ കത്തോലിക്കമതത്തോടു വിദ്വേഷം കാണിച്ചപ്പോൾ പൂർവ്വക്രിസ്ത്യാനികളിൽ പലരും കൊച്ചീപ്പട്ടണം വിട്ടു പോകേണ്ടതായി വന്നു. "പുതുവരവുകാരുമായി ഒരു കച്ചവടവും ചെയ്യുന്നതല്ലായെന്നു നിശ്ചയിച്ചു. ഇത്രയുമായപ്പോൾ തന്റെ പ്രവൃത്തി അത്ര ശരിയായില്ലായെന്നും, മേല്പറഞ്ഞ നിശ്ചയങ്ങളെ നിർബന്ധമായി നടത്തിയാൽ കോട്ടയിൽ ഡച്ചുദ്യോഗസ്ഥന്മാരും പട്ടാളക്കാരും മാത്രമായി ശേഷിക്കുമെന്നും ഗവർണ്ണർക്കു ബോധ്യം വന്നു. ഉടനെ പഴയക്രൂറ്റുകാരുമായി രാജിയാവുക എന്നു വച്ചു." ഇതിൽനിന്നു പൂർവ്വക്രിസ്ത്യാനികളുടെ കച്ചവടസംബന്ധമായ സ്ഥാനം ഡച്ചുകാരുടെ കാലത്തും എത്ര ഗണനീയമായിരുന്നുവെന്നും, അവരുടെ സഹകരണത്തിന്റെ അഭാവത്തിൽ യൂറോപ്യൻ കച്ചവടക്കാരുടെ നിലയ്ക്കു് അന്നു എത്ര അന്തരം സംഭവിച്ചിരുന്നുവെന്നും സ്പഷ്ടമാകുന്നുണ്ടു.

ഡച്ചുകാരുടെ കീഴിൽ സൈനികസേവനം

മേല്പറഞ്ഞവിധം ലത്തീൻറീത്തനുസരിച്ച യോദ്ധാക്കളുടെ സന്തതികൾ പൊർത്തുഗീസുകാരുടെ വേർപാടോടുകൂടെ ആയോധനവും സൈന്യസേവനവും കേവലം ഉപേക്ഷിച്ചിരുന്നില്ലായെന്നു കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ടു. പൊർത്തുഗീസുകാരുടെ പിൻഗാമികളായ ഡച്ചുകാർ പ്രൊട്ടസ്റ്റാൻറു മതാവലംബികളായിരുന്നതിനാൽ, ആദ്യം ഈ കത്തോലിക്കക്രിസ്ത്യാനികളോടു വിരോധം കാണിച്ചുവെങ്കിലും മുകളിൽ പറഞ്ഞിട്ടുള്ളവിധം ക്രിസ്ത്യാനികളുടെ പിൻമാററവും നിസ്സഹകരണവും മൂലം തങ്ങൾക്കു നേരിട്ട അവശതകൾ കണ്ടു ഇവരെ രഞ്ജിപ്പിച്ചുകൊണ്ടുപോവാൻ അവർ ശ്രമിച്ചു. പണ്ടുമുതല്ക്കേ ഇതരാധിപത്യങ്ങളുടെ ആഭിമുഖ്യത്തിൽ തങ്ങൾക്കുണ്ടായിരുന്ന സ്വാതന്ത്ര്യനില നഷ്ടമാവാതിരിക്കാൻവേണ്ടി പ്രസ്തുത ക്രിസ്ത്യാനികളും

ഡച്ചുകാരുടെ മേൽക്കോയ്മ സ്വീകരിക്കാമെന്നുവച്ചു. രണകുതുകികളായ ഈ ക്രിസ്ത്യാനികൾ ഈ കാലഘട്ടത്തിലും ഭടവൃത്തിയിൽ ഉൽസുകരായിരുന്നു. പെറപ്പും മുതല്ക്കേ ആയോധനം പരിശീലിക്കുകയും ഡച്ചുകാർക്കൊ ഏതദ്ദേശ്യരാജാക്കന്മാർക്കൊ തങ്ങളെക്കൊണ്ടു ആവശ്യം നേരിടുമ്പോൾ അവർ ആയുധമെടുത്തു യുദ്ധത്തിനു പോകയും പതിവായിരുന്നു. എന്നാൽ അന്നു അവർ ആദ്യത്തെ നാമങ്ങളിൽ—അതായതു്: മലയാളത്തുകാർ തോമാ ക്രിസ്ത്യാനികൾ എന്നീ നാമങ്ങളിൽ—അല്ല, "ലാസ്കോറീൻസ്" എന്നൊരു പുതിയ പേരിലാണു് അറിയപ്പെട്ടിരുന്നതു്. "ലാസ്കോറീൻസ്" എന്ന പദത്തിനു ഓരോ സ്ഥലങ്ങളിലും ഓരോ കാലഘട്ടങ്ങളിലും എന്തെല്ലാം അർത്ഥം കല്പിക്കപ്പെട്ടിരുന്നാലും കൊള്ളാം, "നാട്ടുസൈന്യം" എന്ന അർത്ഥമാണു് അന്നു ഇവിടെ നടപ്പിലുണ്ടായിരുന്നതും, ആ അഭിധാനം പേറിയിരുന്ന ജനങ്ങൾ മനസ്സിലാക്കിയിരുന്നതും. പേർഷ്യൻ, ഹിന്തുസ്ഥാനി എന്നീ ഭാഷകളിൽ ഈ അർത്ഥമാണല്ലൊ പ്രസ്തുത പദത്തിനുള്ളതു്. "ലാസ്കോറീൻസ്" എന്ന പേരു വേറെ സ്ഥലങ്ങളിൽ പൊത്തുഗീസുകാരുടെ സൈനികവേലക്കാർക്കാണു് ആദ്യം പറയപ്പെട്ടിരുന്നതു്. അനന്തരം ആ ആളുകളെ ഡ്റിൽ ചെയ്യിച്ചു് പട്ടാളക്കാരാക്കിയതിന്റെ ശേഷവും ഈ നാമംതന്നെ പൊത്തുഗീസുകാർ അവർക്കു ഉപയോഗിച്ചുവന്നു. (82) പൊത്തുഗീസുകാരുടെ അധീനതയിലായിരുന്ന സിലോൺ മുതലായ സ്ഥലങ്ങൾ ഡച്ചുകാർ പിടിച്ചടക്കിയപ്പോൾ ഈ പട്ടാളക്കാരും അവർക്കു അധീനരായി. അവർ (ഡച്ചുകാർ) കൊച്ചി പിടിക്കാൻ വന്ന

(82) ഇൻഡ്യൻ പട്ടാളക്കാരെ ലാസ്കോറീൻസ് എന്നു ഞങ്ങൾ വിളിക്കുന്നു. ഒരിയേന്തെ കൊങ്കിസ്താദൊ 2,-16.

പ്പോൾ 'വാൻഗോയൻസ്' കുറെ 'ലാസ്സോറീൻസ്' എന്ന സിംഗളി പടയാളികളേയും കൊണ്ടുവന്നു എന്നു കൊച്ചീ രാജ്യചരിത്രകാരനും പറയുന്നുണ്ടല്ലൊ. (83) അങ്ങനെ ലാസ്സോറീൻസ് എന്ന പേരുതന്നെ കേരളത്തിൽ സംക്രമിച്ചതു ഡച്ചുകാരുടെ വരവോടുകൂടിയാണ്. ഡച്ചുകാർ കൊച്ചി പിടിച്ചു അവിടെ വാസമുറപ്പിച്ചപ്പോൾ, പടയാളികളായി കണ്ട പൂർവ്വക്രിസ്ത്യാനികളേയും "ലാസ്സോറീൻസ്" എന്നു പറഞ്ഞുപോന്നുവെന്നേ വിചാരിക്കാനുള്ളൂ. * എന്നാൽ ഈ പേരുമാററംകൊണ്ട് ആ പൂർവ്വക്രിസ്ത്യാനികളുടെ യഥാർത്ഥ സ്ഥിതിയെപ്പററി ആധുനിക ചരിത്രകാരന്മാർക്കു വല്ല പടലപിണക്കവും പററിപ്പോയിട്ടുണ്ടെങ്കിൽ അതിനെപ്പററി അത്ഭുതപ്പെടാനില്ല. കൊച്ചീരാജ്യചരിത്രകാരനും ഈ പിശക് സ്വല്പം പററിയിട്ടുണ്ടെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ കൊച്ചീരാജ്യത്തിന്നുവേണ്ടി ചെയ്തിട്ടുള്ള ചില യുദ്ധങ്ങളിൽ ഡച്ചുകാരോടുകൂടെ നാട്ടുകാരായ ഈ ക്രിസ്ത്യാനികളും—"ലാസ്സോറീൻസ്" എന്നു ഡച്ചുകാരാൽ വിളിക്കപ്പെട്ടവരും, ഡച്ചുകാരുടെ മേലധികാരത്തിൻകീഴ് കൊച്ചിയിൽ വസിച്ചിരുന്നവരുമായ ഏതദ്ദേശീയ ക്രിസ്തീയ ജനതയും—ഉൾപ്പെട്ടിരുന്നുവെങ്കിലും അവരെ കേരളീയരല്ലാത്ത മട്ടിലാണ് അദ്ദേഹം അവതരിപ്പിച്ചിട്ടുള്ളതു്. ലാസ്സോറീൻസ് എന്ന പദത്തിന്ന് ഇൻഡ്യയിലെയും

(83) കൊച്ചീരാജ്യചരിത്രം. 2. 3' 52.

* പിന്നീടു, സിപ്പായി ക്രിസ്ത്യാനികൾ എന്നും ഇവർക്കു പേർ പറയപ്പെട്ടിരുന്നു. ഇൻഡ്യൻ പട്ടാളക്കാരെയായിരുന്നല്ലൊ സിപ്പായികൾ എന്നു വിളിച്ചിരുന്നതു. 1793-ലെ നിശ്ചയപ്രകാരം കൊച്ചീക്കോട്ടയിലെ ഭടന്മാർ രണ്ടു സംഘം വെള്ളക്കാരും, ഒരു സംഘം ചട്ടക്കാരും, ഒരു സംഘം സിപ്പായിമാരും മതി എന്നു വച്ചു. കൊച്ചീരാജ്യചരിത്രം. 2 14. 543

സിലോണിലെയും ശിപായികൾ (84) എന്ന് അദ്ദേഹം ഒരിടത്ത് അത്ഥം കൊടുത്തിട്ടുള്ളതുതന്നെ എന്റെ ഈ വാദത്തെ സ്ഥിരീകരിക്കുന്നുണ്ട്.

ഇനി ഡച്ചുകാർതന്നെ ലാസ്ക്കോറീൻസിനെപ്പററി എന്തു പറയുന്നുവെന്നു നോക്കുക:— "ലാസ്കൊറീൻസ്" എന്ന ഒരു ജനസഞ്ചയം കൊച്ചിയിൽ ഉണ്ടായിരുന്നു. പല ജാതികൾ അതിൽ ചേർന്നിട്ടുണ്ട്. വളരെ യോദ്ധാക്കൾ അവരിൽനിന്നു തിരിഞ്ഞെടുക്കപ്പെട്ടുന്നുമുണ്ട്. (85) ലാസ്കൊറീൻസ് എന്ന സിംഗളിപടയാളികളെപ്പററി മനസ്സിലാക്കിയിട്ടുള്ള കൊച്ചീരാജ്യചരിത്രകാരൻ ലാസ്കൊറീൻസ് എന്ന പേർതന്നെ ഡച്ചുകാർ വിളിച്ചിരുന്ന നാട്ടുക്രിസ്ത്യാനികളായ യോദ്ധാക്കളേയും സിലോൺകാരെന്നൊ മറെറാ തെററിദ്ധരിച്ചതു് ക്ഷന്തവ്യമായിക്കരുതാനേയുള്ളു. എന്നാൽ പണ്ടേ യോദ്ധാക്കളായിരുന്നവരിൽനിന്നു പൊത്തുഗീസുകാരോടു ചേർന്ന പൂർവ്വക്രിസ്ത്യാനികളുടെ ആ സമുദായത്തെപ്പററി ഇതിനുമുമ്പു് പ്രതിപാദിച്ചിട്ടുള്ള സംഗതികൾ ഓർക്കുന്നവർ, ഡച്ചുകാരുടെ കാലത്തുണ്ടായ നാമവ്യതിയാനംകൊണ്ടു ആ ജനതയുടെ ആസ്തിക്യത്തെ അവഗണിക്കുകയൊ, അവരെ വിദേശികളായി പരിഗണിക്കുകയൊ ചെയ്യുകയില്ലെന്ന് തീർച്ചയാണ്. 'കൊച്ചിയിൽ ഡച്ചുസൈന്യത്തോടുചേന്ന് കൊച്ചീരാജ്യത്തിനുവേണ്ടി പോരാടിയിട്ടുള്ള "ലാസ്കൊറീൻസ്" നാമധാരികളായ പടയാളികൾ കൊച്ചീരാജ്യചരിത്രകാരൻ പറയുന്നതുപോലെ സിലോണിലും ഇൻഡ്യയുടെ ഇതര ഭാഗങ്ങളിലുംനിന്ന് ആനീ

---

(84) കൊച്ചീരാജ്യചരിത്രം 2-7. 184.

(85) Dutch Records No. 1. page 33 (by J. V. Stein Van Gollenesse in 1743.)

തരല്ലെന്നും, കേരളത്തിൽ (കൊച്ചിയിൽ) തന്നെ ഉണ്ടായിരുന്ന ജനവിഭാഗങ്ങളിൽ ഒന്നാണെന്നും ഇത്രയുംകൊണ്ടു വിശദമായിരിക്കുമെന്നു വിശ്വസിക്കട്ടെ. ആ ജനതതി ഒരിക്കൽ നിസ്സഹകരണം പ്രദർശിപ്പിച്ചപ്പോൾ, ഡച്ചുകാർ അതുകൊണ്ടു തങ്ങൾക്കു നേരിട്ട കോട്ടം മനസ്സിലാക്കി, അവരെവീണ്ടും പാട്ടിൽ പിടിച്ചുവെന്നതും ഇതിനു മുമ്പു തെളിയിച്ചിട്ടുള്ളതാണ്. എന്നാൽ "പലജാതികൾ ഇതിൽ ചേർന്നിട്ടുണ്ടു്" എന്ന പ്രസ്താവമാണ് ഇവിടെ ഒരു സന്ദേഹത്തിന് വഴിയുണ്ടാക്കുന്നതു്. "പ്രകൃതവിഷയിമായ ജനവിഭാഗം പൂർവ്വക്രൈസ്തവർ ലത്തീൻറീത്തനുസര'ച്ചുണ്ടായവരാണെങ്കിൽ" 'പല ജാതികൾ ചേർന്നിട്ടുണ്ടു എന്നു പറയാൻ വഴിയില്ലല്ലോ എന്നു ചിലർ വിചാരിച്ചേക്കാം. ശരി, പൊർത്തുഗീസുകാർ ആരംഭത്തിൽ ഇവിടങ്ങളിലെ സൈന്യസേവനത്തിനും സഹായത്തിനും പൂർവ്വക്രിസ്ത്യാനികളെയാണ് സ്വീകരിച്ചതെന്നും മററും തെളിയിച്ചിട്ടുള്ളതാണല്ലോ. എന്നാൽ ഇവിടെ പറയുന്ന കാലഘട്ടം ഒന്നു വേറെയാണ്. ലത്തീൻറീത്തു പ്രബലപ്പെടുകയും, മാനസാന്തരവേല നടത്താൻ രാജകീയാനുമതി കിട്ടി വളരെ മാനസാന്തരങ്ങൾ നടത്തി പൊർത്തുഗീസുകാർ ഇവിടെനിന്നു പിന്തിരിയുകയും, ഏതദ്ദേശിയ വൈദികന്മാർതന്നെ നാനാജാതികളുടെയും ഇടയിൽ തീവ്രമായ മതപ്രചാരണവേല—രക്തസാക്ഷിത്വത്തിൽപ്പോലും കലാശിക്കത്തക്കവണ്ണം തീവ്രതരമായ പ്രേഷിതവൃത്തി—നടത്തിവരികയും ചെയ്തിരുന്ന ഒരു കാലത്തെയാണ് പ്രസ്തുത രേഖ പരാമർശിക്കുന്നതെന്നു ഓർക്കുമ്പോൾ മേല്പറഞ്ഞ വാദം വലിയ അർത്ഥഗൗരവമില്ലാത്ത ഒന്നാണെന്നു ഗ്രഹിക്കാൻ കഴിയും. പൊർത്തുഗീസുകാരുടെ ഭരണകാലം 1502 മുതൽ 1663–വരെയാണ്. 161 കൊല്ലം ദീർഘിച്ചുനിന്ന ആ കാലഘട്ടത്തിൻെറ പൂർവ്വഭാഗം, മാർത്തോമാ ക്രിസ്ത്യാനികളെ ചേർത്തു

ലത്തീൻറീത്തു സ്ഥാപിച്ച കാലമാണെങ്കിൽ, അതിൻെറ ഉത്തരഭാഗം, പുതുതായി മാനസാന്തരപ്പെട്ടവരെ ചേർത്തു ആ റീത്തു വികസിപ്പിച്ച ഘട്ടവുമായിരുന്നു. മേലുദ്ധരിച്ച ഡച്ചു റിക്കാർഡ് 1743-ൽ എഴുതപ്പെട്ടിട്ടുള്ളതുമാണല്ലൊ. പൊർത്തുഗീസുകാരുടെ ആഗമനവും അതിനെതുടർന്നുണ്ടായ റീത്തു പരിവർത്തനവും നടന്നിട്ട അന്നയ്ക്കു രണ്ടു ശതാബ്ദം കഴിഞ്ഞിരുന്നു. പുതുതായി മാനസാന്തരപ്പെടുന്നവർ എല്ലാ റീത്തുകളിലും എല്ലാക്കാലത്തും ഉണ്ടായിക്കൊണ്ടാണിരുന്നിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതും. ആ സ്ഥിതിക്കു, തീവ്രവും സുദീർഘവുമായ മതപ്രചാരണവേലയുടെ ഫലമായി, രണ്ടു നൂററാണ്ടുകൾക്കുശേഷം കേരളത്തിലെ റീത്തുകളിൽ പല ജാതികൾ ചേർന്നിട്ടുണ്ടെന്ന് കാണപ്പെടുന്നുവെങ്കിൽ അത്ഭുതപ്പെടാനില്ല. മാനസാന്തരപ്പെട്ടവരിൽ പലർ ഇതിൽ ഉണ്ടു എന്നിതു ആദ്യമെ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. പക്ഷെ അതുകൊണ്ടു ആ റീത്തുകാരായ സന്തോമാ ക്രിസ്ത്യാനികളുടെ പൗരാണികതചത്തിന്നും, വ്യക്തിമാഹാത്മ്യത്തിന്നും ഒരു കോട്ടവും തട്ടാനില്ല. വിശേഷിച്ചും അന്നത്തെ ആ ഡച്ചുദ്യോഗസ്ഥന്മാർ ഈ ജനതയുടെ സ്ഥിതിഗതികളെല്ലാം മനസ്സിലാക്കാതെ തെററിദ്ധരിച്ചിരിക്കയായിരുന്നു എന്നുള്ളതു് അവരുടെ വാക്കുകളും പ്രവൃത്തികളുംകൊണ്ടുതന്നെ സ്പഷ്ടമാകുന്നുണ്ട്. ഇതു വഴിയെ തെളിയിക്കുന്നതാണ്. ഇവിടെ ഒന്നാലോചിക്കുക: ചേരമാൻ പെരുമാളുടെ കാലത്ത് ക്രിസ്ത്യാനികൾക്കു നൽകപ്പെട്ടിരുന്ന ആനുകൂല്യങ്ങൾ അനുഭവിക്കാൻ ഇവിടെ പറയപ്പെടുന്ന (ലാസ്കൊറീൻസ്) ക്രിസ്തീയ സമുദായത്തിന്നു ഡച്ചുകാരുടെ കാലത്തു കഴിഞ്ഞിരുന്നു. 'ലാസ്കൊറീൻസ്' എന്നു വിളിക്കപ്പെട്ടിരുന്നതും, 'പല ജാതികൾ ചേർന്നിട്ടുണ്ടു' എന്നു ഡച്ചുകാരുടെ കാലത്തു പറയപ്പെടുന്നതുമായ ജനതയേ

പ്പററി ഡച്ചുകാർതന്നെ വേറൊരിടത്തു എഴുതിക്കാണുന്ന രേഖയുടെ സാരം താഴെ ചേർക്കുന്നു: "മരണശിക്ഷയ്ക്കോ, ദാസ്യത്തിന്നൊ തന്നെ അർഹനാകുന്ന എന്തെങ്കിലും കുററം ചെയ്തുപോയ ഒരു ഹിന്ദു തക്കസമയത്തു ഒരു പള്ളിയിൽ അഭയം പ്രാപിച്ചു ജ്ഞാനസ്നാനമേററാൽ അവൻ (ഡച്ചു) കമ്പനിയുടെ ഒരു പ്രജയായിത്തീരും. പിന്നെ ഹിന്ദുരാജാക്കന്മാർക്കു അവരെ വധിപ്പാൻ അധികാരമില്ല." (86) "ഈ റോമാ പാദ്രിമാർ ചേരമൻ പെരുമാൾ തങ്ങൾക്കു അനുവദിച്ചിട്ടുള്ള. ആനുകൂല്യങ്ങൾ ഏതു ജാതിയിൽനിന്നെങ്കിലും തങ്ങളോടു ചേരുന്നവർക്കായി ഉപയോഗിക്കുന്നു." ചേരമൻപെരുമാളിൽനിന്നു ലഭിച്ചിട്ടുള്ളതും രാജാധികാരത്തെപ്പോലും ബാധിക്കുന്നതുമായ ഈ ആനുകൂല്യങ്ങൾ സ്വച്ഛന്ദം അനുഭവിക്കാൻ പൂർവ്വക്രൈസ്തവരുടെ—ഈ ആനുകൂല്യങ്ങൾ പൊത്തുഗൾരാജാവിൻെറയും, അനന്തരം ഡച്ചുകാരുടെയും സംരക്ഷയിൽ ഏല്പിച്ച ക്രൈസ്തവരുടെ—സന്തതിപരമ്പരകൾക്കല്ലാതെ മററുവല്ലവർക്കും സാധിക്കുമൊ? ഇനി നമുക്കു "ലാസ്കൊറീൻസ്" എന്നു പറയപ്പെട്ടിരുന്ന ആ ജനത പലേ യുദ്ധങ്ങളിലും ഡച്ചുകാരെ സഹായിച്ചിരുന്നുവെന്നു തെളിയിക്കുന്ന രേഖകളിലേയ്ക്കു പ്രവേശിക്കാം.

രേഖകൾ.

1. "1708 മാർച്ച് മാസത്തിൽ സാമൂതിരിയുടെ ആക്രമണങ്ങളെ തടുക്കാൻ കൊച്ചീത്തമ്പുരാൻ കുമുദവർക്കെഴുതി. സാമൂതിരിയുമായി ഇടയുവാൻ കമ്പനിക്കു അപ്പോൾ അത്ര മനസ്സില്ലാഞ്ഞതുകൊണ്ടു വല്ല ഒഴിവും പറഞ്ഞു പിൻമാറുവാനൊ എന്നു തോന്നും (ആ 28—ാംനു-) ഈസ്റ്റിൻഡ്യാക്കാർക്കും ലാസ്കറന്മാർക്കും കൊച്ചീരാജാവിനെ

(86) Dutch Records Memoir Written in the year 1781 A. D.

സേവിപ്പാൻ മനസ്സില്ലാത്തതുകൊണ്ടു ഇപ്പോൾ സഹായിപ്പാൻ തരമില്ല" എന്നു പറഞ്ഞു. (87)

2. " 1717 ജനുരി 2-ാംനു ചേററുവായിൽവച്ചു ഡച്ചുകാർ സാമൂതിരിയോടു ചെയ്ത യുദ്ധത്തിൽ 193 തൊപ്പാസ്സുമാരും 113 ലാസ്കറന്മാരുമുണ്ടായിരുന്നു." (88)

3. "1717 ഫെബ്രുവരി 12-ാംനു പാലിയത്തെ നാട്ടിൽ കടന്നു ഊരകത്തുവച്ചു സാമൂതിരിയുടെ സൈന്യവുമായി ചെയ്ത യുദ്ധത്തിൽ 125 തൊപ്പാസ്സുമാരും 371 ലാസ്കറന്മാരുമുണ്ടായിരുന്നു. (89)

4. "1717 മേയിമാസം 6-ാംനു സാമൂതിരി എണ്ണായിരം നായന്മാരോടുകൂടെ തൃശ്ശിവപേരൂർ എത്തി അവിടം കൈക്കലാക്കി. അവരിൽ ചിലർ ചേററുവായിൽ വന്ന ഉടനെ കുറെ ലാസ്കറന്മാരെ വിട്ടു ഓടിച്ചുകളഞ്ഞു. (90)

5 "1717 ഏപ്രിൽ മാസം 28-ാംനു എളയ തമ്പുരാൻെറ നിഷേധനിലയെപ്പററി ആവലാധിപ്പെട്ടു തൻെറ രക്ഷയ്ക്കായി കുറെ ലാസ്കറന്മാരെ അയച്ചു കൊടുക്കുവാൻ വലിയ തമ്പുരാൻ ഡച്ചു ഗവർണ്ണരോടു ആവശ്യപ്പെട്ടു." (91)

6. "കൊച്ചീക്കോട്ടയിലെ (1793-) സൈന്യത്തിൽ 600 പേർ മാത്രം മതി എന്നു തീർപ്പു ചെയ്തു... ......550 കാലാളുകളും 5 പേരു വലിയ വെടിക്കാരും .........കാലാൾ പട്ടാളത്തിൽ രണ്ടു സംഘം വെള്ള

---

(87) കൊച്ചീരാജ്യചരിത്രം 2. 7, 165.
(88) ടി. 2. 7. 180.
(89) ടി. 2. 7. 184.
(90) ടി. 2. 7. 292.
(91) ടി. 2. I. 266.

ക്കാരും ഒരു സംഘം ചട്ടക്കാരും ഒരു സംഘം ശിപായിമാരും വലിയ വെടിക്കാരിൽ മുപ്പതു പേരു വെള്ളക്കാരും ഇരുപതു പേരു നാട്ടുകാരും വേണ്ടതാണെന്നു അഭിപ്രായപ്പെട്ടു.

"63 വെള്ളക്കാരും 13 ചട്ടക്കാരും 14 ശിപായികളും ദീനത്താലൊ ഹാജരില്ലാത്തതിനാലോ മറേറാ പണിയെടുക്കുവാൻ കഴിയാതെ വന്നേക്കുമെന്നു ഉദ്ദേശിക്കുന്നു. (92)

7. നമ്മുടെ പ്രതിപാദനവിഷയമായ ജനവിഭാഗം ഡച്ചുകാരുടെ കീഴിൽ സൈന്യസേവനം ചെയ്തിരുന്നുഎന്നു്, കൊടുങ്ങല്ലൂർ കോട്ട മുതലായവ ഡച്ചുകാർ തിരുവിതാംകൂർ രാജാവിനു വിററപ്പോൾ ചെയ്ത ഉടമ്പടിയിലും കാണാം. മദ്രാസ് ഫോർട്ട് സെൻറ് ജോർജ്ജിലുള്ള റിക്കാർട്ടുമുറിയിൽ സൂക്ഷിക്കപ്പെടുന്ന ഒരു ഉടമ്പടിയിൽ മററു സംഗതികളുടെ കൂട്ടത്തിൽ ഈ സൈന്യസേവന സംഗതിയും സ്പഷ്ടമായി പറഞ്ഞിട്ടുള്ളതിനാൽ ആ ഉടമ്പടി മുഴുവനായിത്തന്നെ ഇവിടെ ഉദ്ധരിക്കാം.

"കൊടുങ്ങല്ലൂർ കോട്ടയും അഴീക്കോട്ടു പട്ടാളവാസസ്ഥലവും ഇപ്പോൾ നിൽക്കുന്ന സ്ഥിതിയിൽത്തന്നെ അവയോടു ചേർന്ന വലിയ തോക്കുകളും പീരങ്കിപ്പടക്കോപ്പുകളും വെടിമരുന്നുശാലയും വിശേഷിച്ചു താഴെ വിവരം പറയുന്ന പുരയിടങ്ങളും നിലങ്ങളും ഉഭയ സമ്മതപ്രകാരം മൂന്നു ലക്ഷം സൂരത്തു രൂപാ വില നിശ്ചയിച്ചു തൻെറ യജമാനനുവേണ്ടി കേശവപിള്ള ദളവാ വാങ്ങുകയും കമ്പനിക്കാരുടെപേർക്കു ബഹുമാനപ്പെട്ട ഗവർണ്ണർ വാൻ ആഞ്ചൽബെക്ക് വില്ക്കുകയും ചെയ്തിരിക്കുന്നു. എന്നാലും മേല്പറഞ്ഞവ കൂടാതെ ചെറുവക ആയുധങ്ങളൊ വകകളൊ ഉൾപ്പെടുന്നതല്ലതാനും.

പുരയിടങ്ങൾ ഏവയെന്നാൽ.

390 രൂപാ പാട്ടമുള്ള മീസ്കുത്തൻ തുരുത്തു്.

---

(92) ടി. ടി. 2. 14. 543-44,

115 രൂപാ പാട്ടമുള്ള കിത്തോ വക്കിയുടെ വള്ളപ്പ് അല്ലെങ്കിൽ പറമ്പു.

190 രൂപാ പാട്ടമുള്ള ഇന്നസെൻസിയൊ ദെറോസയുടെ പറമ്പ്.

160 രൂപാ പാട്ടമുള്ള നാഗച്ചെട്ടിയുടെ പറമ്പു.

230 രൂപാ പാട്ടമുള്ള ഹെൻറീക്ക മെയറിൻെറ പറമ്പു.

64 രൂപാ പാട്ടമുള്ള ബപ്പൊ പ്രഭുവിൻെറ പറമ്പു.

310 രൂപാ പാട്ടമുള്ള ആൾവെയിൻെറ പറമ്പു.

1220 രൂപാ വിലയുള്ള ദയിനാ മൂസയുടെ പറമ്പു.

115 രൂപാ പാട്ടമുള്ള കൊന്നോത്ത വക്കിയുടെ പറമ്പു.

താഴെ പറയുന്ന നിശ്ചയങ്ങളോടുകൂടിയാണ് ഈ വകകൾ വാങ്ങുകയും കൊടുക്കുകയും ചെയ്തിട്ടുള്ളത്. അതാവിത്: കമ്പനിയുടെ വകയൊ, അല്ലെങ്കിൽ അവരുടെ പ്രജകളുടെ വകയൊ ആയ കപ്പലുകൾ ഒഴിഞ്ഞതായാലും, അരിയൊ നെല്ലോ മറേറതെങ്കിലും ചരക്കുകളൊ കയററിയിട്ടുള്ളതായാലും, പുഴയിൽക്കൂടെ കോട്ട കടന്നു പോകുന്നതിന്നു തിരുവിതാംകൂർ മഹാരാജാവു തടസ്സം ചെയ്യരുത്. ഇപ്രകാരംതന്നെ തടിച്ചങ്ങാടങ്ങൾ മുളഞ്ചങ്ങാടങ്ങൾ മുതലായവയും ചുരുക്കിപ്പറഞ്ഞാൽ യാതൊരു തരഭേദവുംകൂടാതെ സകല വിധത്തിലുള്ള ചരക്കുകളും സൗജന്യമായും തടസ്സംകൂടാതെയും അങ്ങോട്ടുമിങ്ങോട്ടും കടത്തിവിടുകയും അതുകളുടെമേൽ യാതൊരു വക പുതിയ ചുങ്കവും ഏർപ്പെടുത്താതിരിക്കയും ചെയ്യേണ്ടതാണ്.

മേല്പറഞ്ഞവിധം കൊട്ടങ്ങല്ലൂരുനിന്നു കൊച്ചിയിലേയ്ക്കു കൊണ്ടുപോകപ്പെടുന്ന വിറക് ഏതെങ്കിലും പ്ര

കാരത്തിൽ തടയുകയൊ, അതിന്മേൽ ഏതെങ്കിലും പുതിയ ചുങ്കം ചുമത്തുകയൊ ചെയ്കയില്ലെന്നും, നേരെമറിച്ച് വിറക നിവൃത്തിയുള്ള വഴിക്കെല്ലാം കൊച്ചിയിൽ എത്തിച്ചുകൊടുക്കുന്നതിന്നു തന്നാൽ കഴിയുന്ന സകല സഹായങ്ങളും ചെയ്തുകൊള്ളാമെന്നും തിരുവിതാംകൂർ മഹാരാജാവു പ്രത്യേകം വാഗ്ദാനം ചെയ്യുന്നു.

കൊടുങ്ങല്ലൂരും അഴിക്കോട്ടുമുള്ള റോമൻ (കത്തോലിക്കാ) പള്ളികൾ പുരാതനകാലം മുതല്ക്കു കമ്പനിയുടെ അധീനത്തിൽ ഇരിക്കുന്നതും മേലാലും ഇരിക്കേണ്ടതും ആകുന്നു. മഹാരാജാവു അവരോടൊ പാദ്രിമാരോടൊ ചെന്നു ഏടപ്പെട്ടുപോകയുമരുത്. ക്രിസ്ത്യാനികൾ കമ്പനിയുടെ സേവക പ്രജകളായിരിക്കും. ഏതെങ്കിലും പുതിയ നികുതി അവരുടെമേൽ ചുമത്താൻ പാടുള്ളതല്ല.

ഗവർണ്ണർ പണികഴിപ്പിച്ചു ദാനം ചെയ്തിട്ടുള്ള പള്ളിപ്പുറത്തെ പാദ്രിമാരുടെ ഭവനം ആ പള്ളിയുടെ വകയായിത്തന്നെ ഇരിക്കേണ്ടതും അതിന്മേൽ പുതിയ നികുതി ചുമത്തപ്പെടുന്നതിന്നു അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു.

സ്വന്തം വകയായി ഇപ്പോൾ കുടികളുടെ കൈവശത്തിലുള്ള വീടുകളും പറമ്പുകളും നിലങ്ങളും അവരുതന്നെ വച്ചു അനുഭവിക്കേണ്ടതാണ്. ക്രിസ്ത്യാനികളായവർ പട്ടാളത്തിൽ സേവിക്കുന്നതിന്നു പ്രതിഫലമായി വസ്തു അനുഭവിച്ചുവരുന്ന കമ്പനിയുടെ റോമൻ കത്തോലിക്കാ പ്രജകളെപ്പോലെതന്നെ ഇരിക്കേണ്ടവരാകയാൽ അവർ പണ്ടു കമ്പനിക്കാർക്കു കൊടുത്തുവന്ന സംഖ്യതന്നെ രാജാവിന്നും കൊടുക്കുന്നതല്ലാതെ യാതൊരു കാരണത്തിന്മേലും കൂടുതൽ നികുതിയാൽ അവരെ ഭാരപ്പെടുത്തുകയുമരുത്.

മേല്പറയപ്പെട്ട കോട്ടയും സ്ഥലങ്ങളും ഏല്പിച്ചുകൊടുക്കുന്നതിന്നുമുമ്പു അമ്പതിനായിരംരൂപാ രൊക്കമായും ബാക്കി രണ്ടുലക്ഷത്തി അമ്പതിനായിരം രൂപായുള്ളതു

അടുത്ത നാലു കൊല്ലങ്ങളിൽ തുല്യഗഡുവുകളായി അറു പത്തീരായിരത്തി അഞ്ഞൂറു രൂപാവീതം ആണ്ടുതോറും കുരുമുളകുകണക്കിൽ വകവച്ചും കൊടുത്തുകൊള്ളാമെന്നു മഹാരാജാവു വാഗ്ദാനം ചെയ്യുന്നു. എന്നാൽ ഇതിന്റെ പ്രത്യേക ഉറപ്പിന്നായി കച്ചവടക്കാരായ ദാവീദുറാബി യും എഫ്റായിം കോഹനും അനന്തച്ചെട്ടിയും, ജാമ്യക്കാ രും നിയമാനുസരണമുള്ള കടക്കാരുമായി ബാദ്ധ്യതപ്പെ ട്ടുകൊള്ളുകയും ചെയ്യുന്നു. ഇവയെല്ലാം കൊല്ലവർഷം 964 കർക്കടകം 19-ാംനു-ക്കു 1789 ജൂലായി 31-ാംനു- കൊച്ചീക്കോട്ടയിൽവച്ചു ഖരാറാക്കി ഉറപ്പിച്ചു.

അറിയപ്പെട്ടിട്ടുള്ള ഏതാനും സൈനികോദ്യോഗസ്ഥന്മാർ.

പൊർത്തുഗീസുകാരുടെ കാലത്തു സൈന്യസേവനം ചെയ്തുവന്നിരുന്ന പൂർവ്വ ക്രിസ്ത്യാനികൾ ഡച്ചുകാരുടെ കാലത്തും അതു തുടർന്നു പോന്നിരുന്നുവെന്നു മേലുദ്ധരിച്ച ലക്ഷ്യങ്ങൾകൊണ്ടും സ്പഷ്ടമാകുന്നുണ്ടല്ലൊ. അങ്ങനെ സൈനി കോദ്യോഗസ്ഥന്മാരായിരുന്നവരിൽ, അറിയപ്പെട്ടിട്ടുള്ള ഏതാനും ആളുകളുടെ പേരും കുടുംബനാമവും സ്ഥലവി വരവും കൂടെ ചേർക്കുന്നു. പൊത്തുഗീസുകാരുടെ കാലം മുതൽ അവരിൽനിന്നും അനന്തരം വന്ന ഡച്ചുകാരിൽ നിന്നും സിദ്ധിച്ച സൈനികോദ്യോഗങ്ങൾ പരമ്പരാഗ തമായി ലത്തീൻറീത്തിൽത്തന്നെയാണ് നിലനിന്നുപോ ന്നിട്ടുള്ളതെന്നു നിസ്തർക്കം തെളിയിക്കാൻ ഇതു പ്രയോ ജനപ്പെടുമെന്നു വിശ്വസിക്കുന്നു.

1808-ൽ ഉണ്ടായ മർദ്ദനത്തിൽ ഈ ചരി ത്രത്തിൽ പ്രതിപാദിക്കപ്പെടുന്ന ക്രിസ്തീയസമുദായ ത്തിന്നു പലു നാശങ്ങളും നേരിടുകയുണ്ടായി. ആ കൂട്ട ത്തിൽ അവരുടെ ചില പള്ളികളും പ്രധാനികളു ടെയും അനേകം ക്രൈസ്തവരുടെയും ഭവനങ്ങളും അഗ്നി ക്കിരയായിത്തീർന്നതിനാൽ പലേ പ്രമാണങ്ങളും ഇതര

രേഖകളും നഷ്ടപ്പെട്ടു പോകാനിടയായിട്ടുണ്ട്. ശേഷിച്ചവ കുറെയൊക്കെ കുടുംബഛിദ്രങ്ങൾകൊണ്ടും മററു കുറെയെല്ലാം അശ്രദ്ധയായിട്ടിരുന്നതുമൂലവും നശിച്ചു പോയി. ഇതിനാൽ അനേകം സൈനിക ഉദ്യോഗസ്ഥന്മാരുടെ പേരുകൾ വിസ്മൃതിയിൽപ്പെട്ടിട്ടുണ്ട്. ഈ എഴുത്തുകാരൻെറ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുള്ള ഏതാനും വിവരങ്ങൾ താഴെ ചേർക്കുന്നു. *

---

* 19-ാം നൂററാണ്ടിൻെറ അന്തിമഘട്ടത്തിൽ വരാപ്പുഴ അതിരൂപതയിൽ വികാരിജനറാളായിരുന്ന വന്ദ്യ ദിവ്യശ്രീ ഫാദർ കാന്തിദൂസ് ആ കോർദെ മരിയ എന്ന ദേഹം, ലത്തീൻ ക്രിസ്ത്യാനികളിൽ പ്രമുഖന്മാരായിരുന്നവരുടെയിടയിൽ സഞ്ചരിച്ചു പല രേഖകളും ശേഖരിച്ചിരുന്നു. "ഇന്ത്യ ഒറിയെന്താലിസ് ക്രിസ്ത്യാന" എന്ന ഗ്രന്ഥത്തിൽ ലത്തീൻ ക്രിസ്ത്യാനികളുടെ ഉത്ഭവത്തെപ്പററി പറഞ്ഞതിൽ വന്നുപോയ അബദ്ധം തീർക്കുക ഈ ഗ്രന്ഥം പൂർത്തിയാക്കുക എന്നിവയ്ക്കുവേണ്ടിയായിരുന്നു അദ്ദേഹം ഇങ്ങനെ ചെയ്യുന്നതെന്നു അദ്ദേഹം തന്നെ മഞ്ഞുമ്മലാശ്രമത്തിലെ ചില വന്ദ്യവൈദികരോടു പറയുകയുണ്ടായിട്ടുണ്ടു.

ഈ കൂട്ടത്തിൽ സൈനികോദ്യോഗസ്ഥന്മാരുടെ പല അധികാരപത്രങ്ങളും സ്ഥാനചിഹ്നങ്ങളും അദ്ദേഹത്തിൻെറ പക്കൽ കിട്ടി മഞ്ഞുമ്മേലാശ്രമത്തിൽ കൊണ്ടുവന്നിരുന്നു. കപ്പിത്താൻെറ തൊപ്പി, തിരുവിതാംകൂർ മഹാരാജാവിൻെറ കിരീടത്തോടു ഏതാണ്ടു സാമ്യമുള്ളതും, വാൾ സ്വർണ്ണപ്പിടിയിൽ കൊത്തുപണികളുള്ളതും, കോട്ടു ഏതദ്ദേശ്യരാജാക്കന്മാരുടേതുപോലെയുള്ളതും ആയിരുന്നു.

അദ്ദേഹം യൂറോപ്പിലേയ്ക്കു പോയപ്പോൾ ഇവയെല്ലാം (കോട്ടൊഴികെയുള്ളവയെല്ലാം) കൊണ്ടുപോയി. കോട്ടു ശാസ്താംപൂരക്കലെ കപ്പിത്താൻെറതാണു. അവിടെത്തന്നെയുണ്ടായിരുന്നു. (പിന്നീടു വെട്ടി കല്യാണക്കോട്ടാക്കി എന്നാണു അറിവു.) പ്രസ്തുത വന്ദ്യമിഷ്യനറി ഉദ്ദിഷ്ടകാര്യം പൂർത്തിയാക്കുന്നതിനുമുമ്പു പരലോകപ്രാപ്തനാകുകയാണുണ്ടായതു.

# സൈനികോദ്യോഗസ്ഥപ്രമുഖന്മാർ.

| സ്ഥാനം | ക്രിസ്ത്യൻനാമം | കുടുംബനാമം | കര | ഇടവക | രൂപത |
|---|---|---|---|---|---|
| കപ്പിത്താൻ | അവരാ | ഓടമ്പിള്ളി | സൗദി | നസറേത്ത് | കൊച്ചി |
| ടി | ജോസഫ് | കളത്തിപ്പറമ്പിൽ | പിഴല | വരാപ്പുഴ | വരാപ്പുഴ |
| ടി | മത്തായി | കോടന്നാത്ത് | വെണ്ടുരുത്തി | വെണ്ടുരുത്തി | വരാപ്പുഴ |
| ടി | അവരാ | മുന്തിരിയിൽ | പെരുമാനൂർ | പെരുമാനൂർ | വരാപ്പുഴ |
| ടി | മന്നി | കോടന്നാത്ത് | പള്ളുരുത്തി | സൗദി | കൊച്ചി |
| ടി | അവരാ | ശാസ്താംപുരക്കൽ | കുമ്പളങ്ങി | കുമ്പളങ്ങി | ടി |
| ടി | വർക്കി | പുതനാട്ട് | അരൂർ | അരൂർ | കൊച്ചി |
| ടി | ബാപ്പു | കാട്ടിത്തറ | ടി | ടി | ടി |
| ടി | തൊമ്മൻ | കാട്ടിത്താ | മട്ടാഞ്ചേരി | മട്ടാഞ്ചേരി | ടി |

പോർത്തുഗീസുകാരോടു ചേരുന്നതിനുമുമ്പു ആയുധാഭ്യാസം പരിശീലിപ്പിക്കുന്നവരെ പണിക്കന്മാർ എന്നാണു പറഞ്ഞിരുന്നതു. ഇവർതന്നെയായിരുന്നു സൈന്യങ്ങളെ നയിച്ചിരുന്നതു്.

## മററു ഉദ്യോഗസ്ഥന്മാർ.

| | | | | | |
|---|---|---|---|---|---|
| കൊമ്മൻഡാന്തി | മാണി | ഇല്ലിവാടക്കൽ | സൌദി | നസറേത്ത് | കൊച്ചി |
| ടി 1 | ഉത്തുപ്പു | തൈവീട്ടിൽ | മാനാശ്ശേരി | മുണ്ടംവേലി | ടി |
| ലെതെനേന്ത് | മീങ്കു | പാലമ്പിള്ളിൽ | സൌതി | നസറേത്ത് | കൊച്ചി |
| ടി 2 | മാണി | പാറേമ്മൽ | എറണാകുളം | എറ. സൻ ഫ്രൻസീസ്സ് | വരാപ്പുഴ |
| ആൽപെരീസ് | ചാണ്ടി | മനയിൽ | വട്ടതല | ചാത്യാത്ത് | വരാപ്പുഴ |
| ടി 3 | മാണി | കോരട്ടിത്തറ | തുണ്ടത്തുംകടവു | വരാപ്പുഴ | ടി |
| ടി | ചാക്ക | പുത്തൻപുരയ്ക്കൽ | പള്ളുരുത്തി | പള്ളുരുത്തി | കൊച്ചി |
| ടി | മിഖായെൽ | പുത്തൻപുരയ്ക്കൽ | സൌദി | നസറേത്ത് | കൊച്ചി |
| അറാസ്സു | കിത്തോ | കളത്തിപ്പറമ്പിൽ | ചന്ദ്രൂര | എടക്കൊച്ചി | ടി |
| ടി 4 | വർക്കി | കുട്ടിശ്ശേരിൽ | മാനാശ്ശേരി | മുണ്ടംവേലി | ടി |

1 (കമാൻഡർ) Commander.
2 (ലെഫ്ററനൻറു്.) Lieutenant.
3 (കൊടിക്കാരൻ.)
4 (പണപ്പിരിവുകാരൻ എന്നു ജനങ്ങൾ പറഞ്ഞിരുന്നു.)

പൊൎത്തുഗീസുകാരുടെ കീഴ് ആരംഭിച്ച സൈന്യസേവനം നിലനിന്നുപോന്നു എന്നു ബോദ്ധ്യം വരുന്നതിന് മേലുദ്ധരിച്ചവ പൎയ്യാപ്തമായ തെളിവുകളാകുമെന്നു കരുതുന്നു.

ഈ സ്ഥാനങ്ങളിൽ, കപ്പിത്താൻ എന്നതു് സൈന്യാധിപനെയാണ് കുറിക്കുന്നതെന്നു പറയേണ്ടതില്ലല്ലൊ. കപ്പിത്താന്മാരിൽ സ്ഥാനം കൂടിയവരും കുറഞ്ഞവരുമുണ്ടായിരുന്നു. പിൽക്കാലങ്ങളിൽ അതായതു ഡച്ചുകാരുടെ കാലത്തു ഈ കപ്പിത്താന്മാരിൽ പ്രധാനിക്കു ജനങ്ങളുടെ മേലാവ്, അഥവാ നായകൻ എന്ന സ്ഥാനവും ഉണ്ടായിരുന്നു.

കപ്പിത്താന്മാരിൽ ഒരാൾക്കു ചേരാനല്ലൂർ കർത്താവെഴുതിയതായിക്കാണുന്ന ഒരു നീട്ടിൽനിന്നു കപ്പിത്താന്മാർക്കുണ്ടായിരുന്ന നേതൃത്വം വ്യക്തമാകുന്നതാകയാൽ ആ നീട്ടു താഴെ ചേർക്കുന്നു.

"രാമൻ കുമാരൻനീട്ടു. മുന്തിരിയിൽ വലിയ കപ്പിത്താൻ കണ്ടു കാൎയ്യമെന്തെന്നാൽ വട്ടതല (93) കടവിന്നു വടക്കോട്ടുള്ള കുമ്പളങ്ങി ആളുകളായ നമ്മുടെ കുടികൾക്കു തൻക്രുറു പാട്ടത്തിൽ കഴിച്ചു കൊടുക്കുന്നതല്ലാതെ, പ്രമാണത്തിൽ വിളിച്ചു എഴുതിക്കൊടുക്കായ്ക്കകൊണ്ടല്ലൊ അവർ സങ്കടം പറഞ്ഞു നില്ക്കുന്നതു. അതുകൊണ്ടു അമ്മാവന്റെ മാസം കഴിഞ്ഞാൽ ഉടൻതന്നെ പൊളിച്ചെഴുത്തു കഴിച്ചു കൊടുക്കുമ്പോൾ തൻക്രുറു പ്രമാണങ്ങളിൽവച്ചു പൊളിച്ചെഴുതി കൊടുക്കയുമാം. എന്നാൽ കൊല്ലം 967-ാമതു മിഥുനമാസം 7-ാം—നു കല്പിച്ചമ

---

(93) ഈ വട്ടതലക്കടവു കുമ്പളങ്ങിൽനിന്നു അക്കരേയ്ക്കുള്ള കടത്തായിരിക്കണം. ശക്തൻതമ്പുരാന്റെ കാലത്തു ഈ ക്രൈസ്തവരിൽ പലരുടെ വസ്തുക്കൾ കയ്യേറി എടുക്കപ്പെട്ടതിനുശേഷമുള്ളസ്ഥിതിയാണ് ഇതിൽക്കാണുന്നതു്.

യ്ക്കു ഇതു എഴുത്ത്. ഒപ്പ് *

"ഒ തെനേന്തെ" എന്ന സ്ഥാനികളിൽ ഒരുത്തന്നു — എറണാകുളം പള്ളി എടവക പാറമ്മൽ മാണി എന്നാളിന്നു — ലഭിച്ചിരുന്ന അധികാരപത്രം അതേ വിധംതന്നെ കാണിക്കുന്നു.

വിശേഷിച്ചും പൂൎവ്വക്രൈസ്തവരിൽനിന്നു ലത്തീൻരീതി സ്വീകരിച്ചു ലത്തീൻകാരായ ജനവിഭാഗത്തിൽ നിന്നുണ്ടായിരുന്ന സൈനികോദ്യോഗസ്ഥന്മാരിൽ ചിലരുടെ നാമങ്ങളും കുടുംബങ്ങളും മററുമാണല്ലൊ മുകളിൽ കാണിച്ചിട്ടുള്ളതു. ഇവരെക്കൂടാതെ "തൊപ്പാസ്മാരെ" ന്നും, "ഈസ്റ്റിൻഡ്യൻസ്" എന്നും പറയപ്പെട്ടിരുന്ന ജനവിഭാഗത്തിലും സൈന്യവും സൈനികോദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു. അവരിൽ ഒരു കപ്പിത്താനും രണ്ടു ലെഫ്ററനൻറുമാരും നാലു കൊടിക്കാരുമുൾപ്പെടെ നാനൂററമ്പതുപേർ ഉണ്ടു എന്നു ഡച്ചുകാരുടെ ഒരു വിവരണത്തിൽ കാണുന്നുണ്ടു.

---

* "മുന്തിരി" എന്നു പറഞ്ഞുവന്നിരുന്ന ഈ കപ്പിത്താൻറെ കുടുബനാമം "കുട്ടിശ്ശേരി" എന്നായിരുന്നു. എടവക മാനാശ്ശേരിയുമത്രെ. അദ്ദേഹം സ്ഥിരതാമസം "പെരുമാന്തുരാ"ക്കുകയാണുണ്ടായതു്. ശക്തൻതമ്പുരാനുമായുണ്ടായ വിരോധത്തിനുശേഷം സ്വന്ത എടവകയിലേക്കുതന്നെ അദ്ദേഹം തിരിച്ചുപോയി. അദ്ദേഹം നിൎയ്യാതനായപ്പോൾ കൊച്ചീക്കോട്ടയിലുണ്ടായിരുന്ന പട്ടാളക്കാർ ശവസംസ്കാരകർമ്മത്തിൽ ബഹുമാനാൎത്ഥം അകമ്പടിസേവിക്കയുണ്ടായിട്ടുണ്ടു.

# അദ്ധ്യായം വ്വ

പൂൎവ്വക്രൈസ്തവരുടെ സ്വാതന്ത്ര്യനില—സുറിയാനിറീത്തിൽ ത്തന്നെ നിന്നവർക്കു ഈ സ്വാതന്ത്ര്യനില ഉണ്ടായിരുന്നോ?—ലത്തീൻറീത്തിൽ ചേർന്നവർക്കു ആ സ്വാതന്ത്ര്യനില ഉണ്ടായിരുന്നു. ക്രൈസ്തവർ ചെയ്ത യുദ്ധത്തിന്നുള്ള പ്രതിഫലം.

ലത്തീൻ ക്രിസ്ത്യാനികളുടെ പൗരാണികത്വത്തെ ഒന്നുകൂടി തെളിയിക്കുന്നതും, ഇതുവരെ കാൎയ്യമായി പ്രസ്താവിച്ചിട്ടില്ലാത്തതുമായ ഒരു സംഗതിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കാൻ വിചാരിക്കുന്നതു്. സാമാന്യമായിപ്പറഞ്ഞാൽ ലത്തീൻ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന സ്വാതന്ത്ര്യനിലയല്ലാതെ മറെറാന്നുമല്ല അതു്. *

പൂൎവ്വക്രിസ്ത്യാനികളുടെ സ്വാതന്ത്ര്യനില.

ഇതിനെ സ്പർശിക്കുന്ന ചരിത്രരേഖകൾ മററു കാൎയ്യങ്ങളുടെ സാധൂകരണത്തിന്നായി കഴിഞ്ഞ അദ്ധ്യായങ്ങളിൽ ഉദ്ധരിച്ചിട്ടുള്ളവയാണെങ്കിലും പ്രകൃതത്തിൻെറ തെളിവിലേയ്ക്കായി ഈ അദ്ധ്യായത്തിൽ ഒന്നുകൂടി എടുത്തു പറയുക ആവശ്യമായിവന്നേക്കും. പ്രകൃതത്തിൽ ആ ഉദ്ധാരണത്തിൻെറ ആവശ്യം മനസ്സിലാക്കി, വാ

---

* സ്വാതന്ത്ര്യനില എന്നു ഇവിടെ പറയുന്നതു ആർക്കും അധീനരാവാത്ത ഒരു സ്ഥിതിയല്ല. മുകളിൽ പലേടത്തും കാണിച്ചിട്ടുള്ളതുപോലെ പുരാതന പെരുമാക്കന്മാരിൽനിന്നു ലഭിച്ചിരുന്ന അവകാശങ്ങളെ പാശ്ചാത്യ മേൽകോയ്മയുടെ കീഴ അനുഭവിച്ചുപോന്നിരുന്ന സ്ഥിതിവിശേഷം മാത്രമാണ്.

യനക്കാർ ഈ അദ്ധ്യായത്തിൽ വന്നേക്കാവുന്ന പൗനരുക്ത്യദോഷം ക്ഷമിക്കേണമെന്നു അപേക്ഷ. പൊർത്തുഗീസുകാർ വന്ന അവസരത്തിൽ ചില പ്രത്യേക സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും അനുഭവിച്ചുവന്ന ക്രിസ്ത്യാനികൾ ഇവിടെ ഉണ്ടായിരുന്നു. അവർ മററു ക്രൈസ്തവരുമായി യോജിക്കയാണുണ്ടായതു്. അവരിൽ പ്രധാനികൾ പൊർത്തുഗീസു കപ്പിത്താനായ ഗാമായുടെ പക്കൽ ചെന്നു് പുരാതന പെരുമാക്കന്മാരിൽനിന്നു തങ്ങൾക്കു സിദ്ധിച്ചിട്ടുള്ള അധികാരങ്ങളെയും സ്ഥാനമാനാവകാശങ്ങളെയും പററി പ്രസ്താവിച്ചു് മേലിൽ പൊർത്തുഗൾരാജാവു തങ്ങളുടെ മേൽക്കോയ്മയായിരിക്കേണമെന്നു് അപേക്ഷിച്ചു. അതുമുതൽ അവിടത്തെ നാമത്തിലല്ലാതെ ഒരു കുററക്കാരനെയും തങ്ങൾ വധിക്കുകയില്ലാ എന്നും അവർ പറഞ്ഞു. പുരാതന പെരുമാക്കന്മാരിൽനിന്നു തങ്ങൾക്കു ലഭിച്ചിരുന്ന അധികാരപത്രവും ചെങ്കോലും പൊർത്തുഗൾരാജാവിൻെറ പ്രതിനിധി എന്ന നില കല്പിച്ചു ഗാമായെ ഏല്പിച്ചു. "പൊർത്തുഗൾരാജാവുതന്നെ അവിടെ സന്നിഹിതനായിരുന്നാൽ എപ്രകാരം കീഴടങ്ങുമൊ അപ്രകാരം ഈ പ്രതിനിധികൾ തങ്ങളുടെ ജനത്തിൻെറ പേർക്കായി ഗാമായുടെ മുമ്പിൽ കീഴടങ്ങി സ്വയമേവ ഭരമേല്പിച്ചു" എന്നിവ ഈ ഗ്രന്ഥത്തിൻെറ ആദ്യഭാഗങ്ങളിൽത്തന്നെ കാണിച്ചിട്ടുള്ളതാണല്ലൊ. (അ ദ്ധ്യാ യം 3 നോക്കുക.) അബൂനാ യാക്കോബുമെത്രാൻെറ കത്തിൽ ഇങ്ങനെ കാണുന്നു.

Cristaos de Coulao comprarao com seu dinheiro hua grande terra em *Cranganor* com sua jurdicao pera matar como pera ho mais del Rey que entao erra segundo que ele nela tinha, do que temos hua *Lamyna de cobre* asselada de sseu sselo.

Quilon Christians bought with their money a big piece of land in Cranganor with power to pronounce sentence of death and all the other rights, which the then ruling king had in it, of which we have a Copper-plate sealed with his seal.

കൊല്ലത്തെ ക്രിസ്ത്യാനികൾ അവരുടെ പണം കൊണ്ടു കൊടുങ്ങല്ലൂരിൽ വലിയ ഒരു സ്ഥലം വാങ്ങി. അവിടെ അവർക്കു മരണവിധി പ്രസ്താവിക്കാനുള്ള അധികാരവും ആ സ്ഥലത്തു അന്നു ഭരണം നടത്തിയിരുന്ന രാജാവിനുണ്ടായിരുന്ന എല്ലാ അവകാശങ്ങളും സിദ്ധിച്ചു. ഇതിനെ സ്ഥാപിക്കുന്ന അദ്ദേഹത്തിന്റെ മുദ്ര പതിച്ചിട്ടുള്ള ഒരു ചെമ്പേട്ടു ഞങ്ങളുടെ പക്കലുണ്ടു്. (Letter of Mar Jacob to John III of Portugal, Cochin Ca. 1523......)

ഇവിടെ ക്രൈസ്തവർക്കു ക്രിസ്തീയനായ ഒരു രാജാവുണ്ടായിരുന്നു. ഈ രാജകുടുംബത്തിലെ ഒരംഗമായ തോമാരാജാവിന്നു നാലാം എവുജേനിയൂസ് പാപ്പാ 1439-ൽ ഒരു തിരുവെഴുത്തയക്കയുണ്ടായി. "ഇന്ത്യയുടെ പ്രബലനായ ചക്രവർത്തിയും ക്രിസ്തുവിൽ നമുക്കു ഏററവും പ്രിയ പുത്രനുമാകുന്ന തോമാ (മഹാനു) ക്ഷേമവും അപ്പസ്തോലികാശിസ്സും. നിങ്ങളുടെ പ്രശാന്തമഹിമയും നിങ്ങളുടെ ഭരണീയർ സത്യക്രിസ്ത്യാനികൾ ആകുന്നു എന്ന ശ്രുതിയും നിരന്തരം നമ്മുടെ കർണ്ണങ്ങളിൽ എത്തിക്കൊണ്ടിരിക്കുന്നു." (94) എന്നു അതിൽ പറഞ്ഞിട്ടുണ്ടു്. പ്രസ്തുത തിരുവെഴുത്തു കേരളത്തിൽ എത്തിയോ എന്നു നിശ്ചയമില്ല. ഈ രാജാവിന്നു സന്തതിയില്ലാതെയായി "അന്യം" നിന്നുപോയി. പ്രസ്തുത രാജ്യം ആദ്യം ഉദയമ്പേരൂർരാജാവിന്നും അനന്തരം കൊച്ചീ

(94) History of Catholic Church in India Book. I. Ch. II.

രാജാവിന്നും അധീനപ്പെട്ടു എന്നു പൊർത്തുഗീസു ചരിത്രകാരന്മാർ പറയുന്നു. (95) വില്ലാർവട്ടം എന്നായിരുന്നു ഈ രാജാവിന്റെ കുടുംബനാമം എന്നു ഐതിഹ്യമുണ്ടല്ലോ. കൊടുങ്ങല്ലൂരിന്നടുത്തു ഒരേടത്ത് കുറെ ഭൂവിഭാഗത്തിന്നു "വില്ലാർവട്ടം" എന്നു പേരുള്ളതായി അറിവുണ്ട്. ഇക്കാര്യം എങ്ങനെയുമാകട്ടെ. പൂർവ്വക്രൈസ്തവരിൽ സ്വതന്ത്രനില അവലംബിച്ചുപോന്ന ഒരു ജനവിഭാഗമുണ്ടായിരുന്നു; അവർ പൊർത്തുഗീസുകാൎക്കു സ്വയം ഏല്പിച്ചുകൊണ്ടു അവരുടെ നില ഭദ്രപ്പെടുത്താൻ ശ്രമിച്ചുവെന്നുള്ളതു നിസ്തൎക്കമായ സംഗതിയാണല്ലോ. ഇനി ആ സ്വതന്ത്രനില ലത്തീൻ രീതിക്കാരിലൊ സിറിയൻ രീതിക്കാരിലൊ ആരിലാണ് നിലനിന്നുപോന്നതു്? അല്ലെങ്കിൽ ഈ പറഞ്ഞതിൽ ഏതെങ്കിലും ഒരു സമുദായത്തിന്നു സ്വതന്ത്രനില ഉണ്ടായിരുന്നോ എന്നാണ് പരിശോധിക്കേണ്ടതു.

സുറിയാനിറീത്തിലത്തെന്നു നിന്നവർക്കു ഈ സ്വാതന്ത്ര്യാവസ്ഥ ഉണ്ടായിരുന്നുവോ?

പൊർത്തുഗീസുകാരുടെയും ഡച്ചുകാരുടെയും കാലത്തുസുറിയാനിറീത്തുകാർക്കു ഇങ്ങനെ ഒരു സ്വതന്ത്രനില ഉണ്ടായിരുന്നോ എന്നുതന്നെ ഒന്നാമതായി പരിശോധിക്കാം. അക്കാലം അവർ ഒരു സ്വതന്ത്ര സമുദായമായിരുന്നില്ല. അവർ അന്നു നാട്ടുരാജാക്കന്മാരുടെ ഭരണപരിധിയിൽ ഉൾപ്പെട്ടിരുന്നതായിട്ടാണു കാണുന്നതു. 1573-ൽ അബ്രാഹം മെത്രാപ്പോലീത്താ കൊച്ചിരാജാവു വഴിക്കാണു പരി: പിതാവിന്നു അപേക്ഷ അയച്ചതെന്നു സിറിയൻ ചരിത്രകാരൻതന്നെ സമ്മതിക്കുന്നുണ്ടല്ലോ. ഇതുപോലെതന്നെ വേറെയും ചരിത്രരേഖകൾ കാണും. (96) ഉദയമ്പേരൂർ സൂനഹദോസു നടന്ന അവസരത്തിൽ സു

(95) ഒരിയേന്തെ കൊംകിസ്താദൊ. 2-ാം പുസ്തകം 70ാം പു-റം.
(96) മാർ തോമാ ക്രിസ്ത്യാനികൾ 1-9-162.

റിയാനി ക്രിസ്ത്യനികളെ അതിൽ ചേൎത്തു കൊടുക്കണ മെന്നു മെനേസ്സീസ് മെത്രാപ്പോലീത്താ ആവശ്യപ്പെട്ടതു കൊച്ചീരാജാവിനോടായിരുന്നു എന്നു ചരിത്രം സമ്മതിക്കുന്നു. (97) സുറിയാനിറീത്തുകാർ പൊൎത്തുഗീസുകാരുടെ മേൽക്കോയ്മയിലൊ ഏതദ്ദേശീയ രാജാക്കന്മാരുടെ അധികാരത്തിൽനിന്നു വിട്ടോ നിന്നിരുന്നില്ല. അങ്ങനെ നോക്കിയാൽ പൊൎത്തുഗീസുകാർ ഇവിടെ വന്നതിന്റെ ശേഷം ആരംഭഘട്ടത്തിൽ പ്രത്യേകിച്ചും അനന്തരം പതിനാറാം നൂററാണ്ടിന്റെ അവസാനംവരെയുള്ള കാലാവധിയിലും, സുറിയാനിരീതിക്കാരുടെ ഗുണീകരണമുദ്ദേശിച്ചു പലതൊക്കെ ചെയ്തിട്ടുണ്ടു. എങ്കിലും സുറിയാനിരീതിയിലായിരുന്നവർ പൊൎത്തുഗൾരാജാവിന്റെ പ്രജകൾ എന്ന നിലയിൽ വഴിപ്പെട്ടുനിന്നതായിക്കാണുകയില്ല.

ഇങ്ങിനെ ചെയ്തിരുന്നതായി സീയ്യൻ ചരിത്രകാരന്മാരിൽ ആരും പറയുന്നുമില്ല. ഡച്ചുകാരുടെ കാലത്തും സുറിയാനിറീത്തിൽപ്പെട്ടവൎക്കു മുറപ്രകാരം ഡച്ചുഭരണത്തിൽപ്പെട്ട പ്രജകളെന്ന നിലയുണ്ടായിരുന്നില്ല. ക്രിസ്ത്യാനികളെന്ന സാമാന്യമാത്രമായ ഭ്രാതൃഭാവത്താൽ ഡച്ചുകാർ അവരുടെയും കാൎയ്യങ്ങൾ പൊതുവിൽ ശ്രദ്ധിച്ചുപോന്നതേയുള്ളു. അല്ലാതെ 1502-ൽ ഗാമാ വഴിയായി പൂൎവ്വക്രിസ്ത്യാനികൾ പൊൎത്തുഗീസുകാരെ ഏല്പിച്ച അവകാശങ്ങൾ ഡച്ചുകാരുടെ കീഴിൽ സുറിയാനിക്കാർ അനുഭവിക്കുകയൊ ഡച്ചുകാരുടെ പ്രജകൾ എന്ന സ്വാതന്ത്ര്യനില അവർ അൎഹിക്കുകയൊ ചെയ്തിരുന്നില്ല. ഇതു താഴെ ഉദ്ധരിക്കുന്ന സാക്ഷ്യങ്ങളിൽനിന്നു വ്യക്തമാകുന്നതാണ്. "സുറിയാനിക്കാരെപ്പററി വാദമു

(97) കൊച്ചീ രാജ്യചരിത്രം. I. 20. 337-39?. സുറിയാനിക്കാരുടെ രക്ഷാധികാരം മാത്രമെ പൊൎത്തുഗീസുകാൎക്കുണ്ടായിരുന്നുള്ളു.

ണ്ടായിരുന്നില്ല. അവർ എല്ലാപ്പോഴും തമ്പുരാന്റെ കീഴട ങ്ങിയിരുന്നു. ഇവർക്കു (സുറിയാനിക്കാർക്കു) പല പ്ര ദേശങ്ങളിലും ഭൂമി ദാനമായി കൊടുത്തു അങ്ങാടി, പീ ടിക മുതലായതു കെട്ടിച്ചു ഓരോ സംഘമായി ഓരോ പ്രദേശത്തു കുടിയിരുത്തുകയും പള്ളി വയ്ക്കുവാൻ അനുവ ദിക്കുകയും വിളക്കുവയ്പിനും മററും വക കൊടുക്കുക യും ചെയ്തു. തൃപ്പൂണിത്തുറയും തൃശ്ശിവപേരൂരും ഇപ്പോൾ കാണുന്ന പുത്തനങ്ങാടി പുത്തൻപേട്ട എന്ന നസ്രാണി ത്തെരുവുകൾ ഈ തമ്പുരാനാൽ (ശക്തൻതമ്പുരാനാൽ) സ്ഥാപിക്കപ്പെട്ടവയാണ്."(98) കൊച്ചീരാജ്യ ചരിത്രകാര ന്റെ ഈ പ്രസ്താവങ്ങളോടു സിറിയൻ ചരിത്രകാരനും ഏതാണ്ടു യോജിക്കുന്നുണ്ട്.

ഇവയെല്ലാംകൊണ്ടു തെളിയുന്നതു ഈ ഭാഗങ്ങ ളിൽ ഉണ്ടായിരുന്ന സുറിയാനിക്കാർ ,കൊച്ചീരാജാവി ന്റെ പ്രജകൾ' എന്ന നിലയാണ് അവലംബിച്ചിരു ന്നതെന്നത്രെ.

പൊർത്തുഗീസാധിപത്യം സ്വീകരിച്ച്, ലത്തീൻറീത്തിലേയ്ക്ക് പരിവർത്തനം ചെയ്ത മാർ ത്തോമാ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന തരത്തിലുള്ള സ്വാതന്ത്ര്യനിലയും സുഖ സൗകര്യങ്ങളും പൂർവ്വറീത്തിൽ ത്തന്നെ നിലയുറച്ചുനിന്ന ക്രിസ്ത്യാനികൾക്കുണ്ടായിരു ന്നില്ല എന്നതു് ഇത്രയും പറഞ്ഞതിൽനിന്നു വ്യക്തമാ കുന്നുണ്ടല്ലോ. ഇങ്ങനെ ഒരു നില ഉണ്ടായിരുന്നതായി അവരുടെ ചരിത്രകാരന്മാരിൽ ആരും വാദിക്കുന്നുമില്ല. അങ്ങനെ ഒരു നില അവർക്കുണ്ടായതായി ദ്യോതിപ്പിക്കു ന്ന സംഭവങ്ങൾ ഒന്നും ഉണ്ടായിട്ടുള്ളതായും കാണു ന്നില്ല.

---

(98) കൊച്ചീരാജ്യചരിത്രം 2-13-478-479.

ലത്തീൻകാർ കൊച്ചീരാജാവിനും രാജ്യത്തിനുംവേണ്ടി പലതൊക്കെ ചെയ്തിട്ടുണ്ടു.

പൊർത്തുഗീസുകാരോടുചേൎന്നു കൊച്ചീരാജ്യത്തിൻെറ സ്വാതന്ത്ര്യത്തിന്നായി പോരാടുകയും ശത്രുക്കളുടെ പ്രവേശനമാൎഗ്ഗങ്ങളെ നിരോധിച്ചുവരികയും ആപൽഘട്ടങ്ങളിൽ ധീരതയോടെ നെഞ്ചു കാണിച്ചുകൊടുക്കയും ചെയ്തിട്ടുണ്ടു. (99) അങ്ങനെതന്നെ ഡച്ചുകാരുടെ കാലത്തും പലതൊക്കെ ചെയ്തിട്ടുണ്ടു. എന്നാൽ തങ്ങൾക്കു പൂൎവ്വസിദ്ധമായിരുന്ന സ്വാതന്ത്ര്യനിലവിടാതെയാണു അവർ വർത്തിച്ചിരുന്നതു.

ലത്തീൻ റീത്തിൽ ചേർന്നവർക്കു ഈ സ്വാതന്ത്ര്യനില ഉണ്ടായിരുന്നോ എന്നതാണ്‌ ഇനി ചിന്തിക്കാനുള്ളതു്. ലത്തീൻ റീതിയിൽ ചേൎന്നവരുടെ സ്വാതന്ത്ര്യനിലയെ സ്പൎശിക്കുന്നതായ സംഭവങ്ങൾ പ്രകൃതിവശാൽ ഇതിനുപരി പലേടത്തും സ്പർശിക്കാനിടയായിട്ടുണ്ടു്. ഗാമാവഴിയായി പൊർത്തുഗൽ രാജാവിൻെറ ഭരണത്തിന്നും സംരക്ഷണത്തിന്നും ഏല്പിച്ചു" (100) "പൊർത്തുഗീസുകാരോടു ചേൎന്നു പലേ സ്ഥലങ്ങളിലും യുദ്ധത്തിനു പോയിരുന്നു." (101) "നാട്ടുക്രിസ്ത്യാനികളുടെ അവകാശങ്ങളെ രക്ഷിക്കുന്നതിന്നു കർശനമായി നിർബന്ധിക്കയും പൊർത്തുഗീസുകാർ അവരെ തങ്ങളുടെ കീഴ് വച്ചുകൊണ്ടിരിക്കയും

ലത്തീൻ റീത്തനുസരിച്ചവരുടെ സ്വാതന്ത്ര്യനില

(99) അദ്ധ്യായം ൩ നോക്കുക.

(100) അദ്ധ്യായം ൩ നോക്കുക.

(101) അദ്ധ്യായം ൩ നോക്കുക.

ചെയ്തു" (102) ഡച്ചുകാരുടെ പ്രവേശനാവസരത്തിൽ അവർക്കു വിരോധമായി ഒന്നും ചെയ്കയില്ലെന്നു സത്യം ചെയ്യേണ്ടതായിവന്നു." (103) അവരുടെ (ഡച്ചുകാരുടെ) മേൽക്കോയ്മ സ്വീകരിക്കാനായി പൊർത്തുഗൽ രാജാവിന്റെ മേൽക്കോയ്മ വിടേണ്ടതായിവന്നു." (104) എന്നിവയെല്ലാം പൊർത്തുഗീസുകാരുടെ ഭരണകാലത്തു ഈ ക്രൈസ്തവ സമൂഹത്തിനുണ്ടായിരുന്ന സ്വതന്ത്ര നിലയെയാണ് പ്രത്യക്ഷമാക്കുന്നതു്.

ഡച്ചുകാരുടെ ഭരണകാലങ്ങളിലെ സ്വതന്ത്രനില

ഡച്ചുകാരുടെ ഭരണകാലത്തും ഈ സ്വതന്ത്രനില ഉണ്ടായിരുന്നതായി പലേ സംഭവങ്ങൾ കൊണ്ടും തെളിയുന്നുണ്ടു്. അവരുടെ ഭരണാരംഭഘട്ടത്തിൽ ആദ്യം അവർക്കു വിരോധമാണു ഉണ്ടായതു് എങ്കിലും പിന്നീടു രാജിയായി ചില വ്യവസ്ഥകൾ ചെയ്തു എന്നു ഇതിനുപരി കാണിച്ചിട്ടുണ്ടു. അങ്ങനെതന്നെ ഡച്ചുകാരുടെ ആധിപത്യപര്യവസാനംവരെ ഇവരുടെ ബ. പാരക്കുസുമാർ ചെയ്യേണ്ടതായിട്ടിരുന്ന സത്യപ്രതിജ്ഞയും ഇവരുടെ നില എന്തായിരുന്നു എന്നു വിശദമാക്കുന്നുണ്ടു്. ഡച്ചുകാരുടെ കാലത്തു ഇവർ സ്വന്തം നേതാക്കന്മാരാൽ ഭരിക്കപ്പെട്ടിരുന്നു. ഇവരുടെ സംരക്ഷണവും മേൽക്കോയ്മയുടെ നിലയിലുള്ള മേലന്വേഷണവും ഡച്ചുകാർ നടത്തിയുമിരുന്നു. ഏതദ്ദേശീയ രാജാക്കന്മാർക്കു ഇവരുടെമേൽ അധികാരമുണ്ടായിരുന്നില്ല. ഡച്ചുകാർ ഇതേപ്പറ്റി പറയുന്നതു ഇങ്ങനെയാണു്. ദാസ്യത്തിനൊ മരണത്തിനൊ വിധിക്കപ്പെട്ട ഒരു ഹിന്ദു യഥാകാലം ഒരു പള്ളി

---

(102) കൊച്ചിരാജ്യചരിത്രം ൧-ാം പുസ്തകം ൨൧-ാം അദ്ധ്യായം ൪൧൯-ാം പുറം.

(103) അദ്ധ്യായം ൯.

(104) ടി.



നിതാന്തവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോസെഫ്
സെബസ്ത്യാനി. ഒ. സി. ഡി
കേരളത്തിലെ കമ്മലീത്താമിഷ്യന്റെ സ്ഥാപകൻ.

(അദ്ധ്യായം 22 നോക്കുക.)

യിൽ അഭയം പ്രാപിച്ച ജ്ഞാനസ്നാനമേല്ക്കുന്നാപക്ഷം അപ്പോൾ തുടങ്ങി അവൻ ഡച്ചുകമ്പനിയുടെ പ്രജയും ഏതദ്ദേശീയ രാജാക്കന്മാരുടെ വിധിയിൽനിന്നു വിമുക്തനുമായിത്തീരുന്നു. ഈ റോമാ പാദ്രിമാർ ചേരമാൻ പെരുമാൾ തങ്ങൾക്കു അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾ ഏതു ജാതിയിൽനിന്നു അവരുടെ സമൂഹത്തിൽ ചേരുന്നവർക്കും ഉപയോഗപ്പെടുത്തിവരുന്നു. (105)

കൊടുങ്ങല്ലൂർ കോട്ടയും മററും ഡച്ചുകാർ തിരുവിതാംകൂർ രാജാവിനു വിററപ്പോൾ ചെയ്ത കരാറിൽ പറഞ്ഞിരിക്കുന്നതും ഇവിടെ സ്മരണീയമാണ്. അതായതു: (അ വി ടെ യു ള്ള) "ക്രിസ് ത്യാ നി ക ൾ കമ്പനിയുടെ സേവകപ്രജകളായിരിക്കും. എന്തെങ്കിലും പുതിയ നികുതി അവരുടെമേൽ ചുമത്താൻ പാടുള്ളതല്ല...........ക്രിസ്ത്യാനികൾ, സൈന്യസേവനം ചെയ്തുവരുന്നതിനു പ്രതിഫലമായി വസ്തു അനുഭവിച്ചുവരുന്ന റോമൻ കത്തോലിക്ക പ്രജകളെപ്പോലെതന്നെയിരിക്കേണ്ടവരാകയാൽ......... കൂടുതൽ നികുതിയാൽ അവരെ ഭാരപ്പെടുത്താൻ പാടുള്ളതല്ല." (106)

ലത്തീൻറീത്തു സ്വീകരിച്ചവർ പ്രത്യേക സ്ഥാനമാനങ്ങൾ പ്രാപിച്ചിരുന്നതായി ഒരു ചരിത്രാന്വേഷകനായ ഡോക്ടർ ഡേയും പറയുന്നുണ്ട്. "ലത്തീൻ ക്രിസ്ത്യാനികൾ ചില പ്രത്യേകാവകാശങ്ങൾ അനുഭവിച്ചുവന്നിരുന്നു"......(107)

"ടിപ്പുസുൽത്താനു വലുതായ ഒരു സംഖ്യ പെരു

---

(105) Dutch Records Memoir Written in the year 1781. A. D.

(106) അദ്ധ്യായം ൭ നോക്കുക.

(107) Land of Perumal. 17.

മ്പടപ്പിൽനിന്നു കപ്പം കൊടുക്കേണ്ടതായി വന്നപ്പോൾ കൊച്ചീരാജാവിന്റെ അതിർത്തിയിൽ പാർത്തിരുന്ന പ്രസ്തുത ക്രൈസ്തവസമൂഹത്തിന്റെ (ജന്മമൊഴിച്ചുള്ള) വസ്തുക്കളിൽനിന്നു ഡച്ചുകാരുടെ അനുമതിയോടുകൂടി കരംപിരിച്ച് അവർ കൊടുക്കേണ്ട നികുതി അടയ്ക്കാനുള്ള ചുമതല അവരുടെ തലവനെ ഏല്പിച്ചു. അയാൾ പിരിച്ചു അടക്കാതിരുന്നാൽ ഡച്ചുകമ്പനി പിരിച്ച്, തമ്പുരാന്റെ ഉദ്യോഗസ്ഥന്മാരെ ഏല്പിക്കണമെന്നും നിശ്ചയിച്ചു. അവരുടെമേലുള്ള സിവിൽ ക്രിമിനൽ അധികാരം ഡച്ചുകാർതന്നെ വഹിച്ചുപോന്നു. (108) എന്നിങ്ങനെ കൊച്ചീരാജ്യചരിത്രകാരനും പറയുന്നുണ്ട്.

മുകളിൽ പ്രസ്താവിച്ച സംഗതികൾകൊണ്ടു ഡച്ചുകാരുടെ ആധിപത്യകാലത്ത് ഇവരുടെ സ്ഥിതി എന്തായിരുന്നു എന്നു നിഷ്പക്ഷബുദ്ധികൾക്ക് ബോദ്ധ്യമാകുമെന്നു വിശ്വസിക്കുന്നു.

വിശിഷ്യാ ഒരു കാര്യംകൂടെ ഇവിടെ വിശദമാക്കേണ്ടതുണ്ട്. അതായത്: ലത്തീൻ ക്രിസ്ത്യാനികൾക്ക് ലഭിച്ചിരുന്ന ഈ പ്രത്യേകാവകാശങ്ങളെല്ലാം ഡച്ചുകമ്പനിയുടെ പ്രവേശനത്താൽ സിദ്ധിച്ചു എന്നാണ് കൊച്ചീരാജ്യ ചരിത്രകാരൻ മനസ്സിലാക്കുകയും പ്രസ്താവിക്കുകയും ചെയ്തിട്ടുള്ളത്. യഥാർത്ഥ സ്ഥിതി അപ്രകാരമല്ല. അവർക്കു പൂർവ്വകാലം മുതൽ സംസിദ്ധമായിരുന്നവയും ആദ്യം പൊർത്തുഗീസുകാരുടെയും അനന്തരം ഡച്ചുകാരുടെയും സംരക്ഷണത്തിൽ സമർപ്പിച്ച് അനുഭവിച്ചുപോന്നിരുന്നവയുമാണ് മേൽപ്രസ്താവിച്ചിട്ടുള്ള സ്വതന്ത്രാവകാശങ്ങളും ആനുകൂല്യങ്ങളും. മതസംബന്ധമായ നിലനിമിത്തം ഡച്ചുകാർ ആദ്യം ഈ ക്രൈസ്തവരോ

---

(108) കൊച്ചീരാജ്യചരിത്രം ൨-ാം പുസ്ത. ൧൩-ാം അദ്ധ്യായം ൪൭൯—൪൮൦ പുറങ്ങൾ.



മഹാവന്ദ്യ ദിവ്യശ്രീ ഡോക്ടർ ലെയൊനാർദ്ദ്
മെല്ലാനൊ ഒ. സി. ഡി.
വരാപ്പുഴ അതിരൂപതയുടെ ഒന്നാമത്തെ മെത്രാപ്പോലീത്താ.

(പെയിജ് 313 നോക്കുക.)

ട്ട വിരോധമാണ് പ്രദർശിപ്പിച്ചിരുന്നതു്. പിന്നീട്ട ഇവരെക്കൊണ്ടുള്ള ആവശ്യവും പ്രയോജനവും മനസ്സിലാക്കിയപ്പോൾ തങ്ങളുടെ അധീനതയിൽ ഇവരെ സ്വീകരിക്കുന്നതിനും ഇവരുടെ അവകാശങ്ങളെ ആദരിക്കുന്നതിന്നും ഡച്ചുകാർ സന്നദ്ധരാവുകയാണുണ്ടായതു. ഇവയെല്ലാം മുൻ അദ്ധ്യായങ്ങളിൽ ഒന്നിലധികം പ്രാവശ്യം പ്രസ്താവിച്ചിട്ടുള്ളവയാണ്. ഡച്ചുഭരണകാലത്തു അവരിൽനിന്നു വല്ല പ്രത്യേകാനുകൂല്യവും ഇവർക്കു വിശേഷാൽ ലഭിച്ചിരുന്നിരിക്കാം. അങ്ങനെതന്നെ യുദ്ധത്തിനും കാവലിനുമുള്ള പ്രതിഫലമായി പണ്ടേ ഇവർക്കു ലഭിച്ചിട്ടുണ്ടായിരുന്ന വസ്തുക്കൾക്കു നികുതി ചുമത്തണമെന്നു അനന്തരകാലങ്ങളിൽ കൊച്ചീഗവർമ്മേണ്ടുദ്യോഗസ്ഥന്മാർ നിർബന്ധിച്ചപ്പോൾ ഡച്ചുകാർ ചില രേഖകൾമൂലം ക്രിസ്ത്യാനികളുടെ അവകാശം തെളിയിക്കുകയും നികുതിഭാരത്തിൽനിന്നു സംരക്ഷിക്കയും ചെയ്തിട്ടുണ്ട്. "സക്രത്താരിക്കടെലാസ്" എന്നാണു ജനങ്ങൾ അതിന്നു അന്നു പേരു നൽകിയിരുന്നതു്. ഇങ്ങനെ ഈ ക്രൈസ്തവ ജനസഞ്ചയത്തിന് പുരാതനകാലം മുതൽക്കുണ്ടായിരുന്നവയും ഡച്ചുകാർ പിന്നീട്ട കൊടുത്തവയും ആയ അവകാശങ്ങൾ തമ്മിലുള്ള വ്യത്യാസം കൊച്ചീരാജ്യ ചരിത്രകാരൻ മനസ്സിലാക്കിയിരുന്നതായി കാണുന്നില്ല. ഈ ക്രൈസ്തവ ജനസമൂഹത്തെപ്പററി ഇതുപോലെതന്നെ മററു ചില ഭീമമായ തെററിദ്ധാരണകളും ഇവരുടെ സ്ഥിതിഗതികളെപ്പററി പല അജ്ഞതകളും ഇദ്ദേഹത്തിനുണ്ടായിരുന്നതായി കാണുന്നുണ്ട്.

പൊത്തുഗീസുകാരുടെ ഭരണാരംഭഘട്ടത്തിൽ സാമൂതിരിയോടു ചെയ്ത യുദ്ധത്തിൽ പ്രകൃത സമുദായത്തിൻെറ പൂർവ്വഗാമികൾ പങ്കെടുത്തിരുന്നതായി വിദേശീയ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. കൊച്ചിൻ സ്റ്റേററുമാനുവലിൻെറ കർത്താവു ഈ വസ്തുതയ്ക്കു ലഘുവായ

ഒരു സ്ഥാനമെങ്കിലും നൽകാതിരുന്നിട്ടില്ല; കൊച്ചീരാജ്യ ചരിത്രകാരനാകട്ടെ ഇതേപ്പററി മൗനം ദീക്ഷിക്കയാണു ചെയ്തതു്. ലാസ്കറൊൻസിനെപ്പററി പറയുന്നതിലും, വേറെ പല സംഗതിയിലും, എന്നപോലെ ഇവിടെയും ഈ ക്രൈസ്തവ സമുദായത്തിൻെറ സ്ഥിതിഗതികൾ അദ്ദേഹത്തിന്നു മനസ്സിലായിട്ടുള്ളതായി കാണുന്നില്ല. മാന്യമായ നിലയുണ്ടായിരുന്ന ഈ സമുദായത്തിൻെറ പൂർവ്വ സ്ഥിതിഗതികൾ വിസ്മൃതിയിലാണ്ടുപോവുകയും പലേ ഊഹാപോഹങ്ങൾ തൽസ്ഥാനത്തു പ്രബലപ്പെടുകയും ചെയ്തിട്ടുണ്ടു് എന്നിതു സുവിദിതമത്രെ. മാത്രമല്ലാ, പ്രസ്തുത ചരിത്രകാരനെ ഇവരുടെ ചരിത്രവും മററു വിവരങ്ങളും ശരിയായി ഗ്രഹിപ്പിക്കുവാൻ ആരും ശ്രമിച്ചിട്ടുള്ളതായും കാണുന്നില്ല. അതിനാൽ അദ്ദേഹം തെററിദ്ധാരണകൾക്കു വിധേയനായിത്തീർന്നതിൽ വിസ്മയിക്കാനില്ല.

ബ്രിട്ടീഷുകാരുടെ കീഴുണ്ടായിരുന്ന നില

മുകളിൽ പ്രസ്താവിച്ചവകൊണ്ടു ബ്രിട്ടീഷാധിപത്യംവരെ ഇവർക്കുണ്ടായിരുന്ന നില എന്തായിരുന്നുവെന്നു വിശദമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു. ഇനി ബ്രിട്ടീഷാധിപത്യം തുടങ്ങിയതിൽപിന്നെയുള്ള സ്ഥിതിയാണ് അറിയേണ്ടതു.

1795- ഒക്ടോബർ 19-ാനു- ഡച്ചുകാർ കൊച്ചീക്കോട്ട ബ്രിട്ടീഷുകാർക്കു ഒഴിഞ്ഞുകൊടുക്കുകയും അടുത്ത ദിവസം ഉച്ചയ്ക്കു കോട്ട ബ്രിട്ടീഷുകാരുടെ കൈവശം വരുകയും ചെയ്തു. തദവസരത്തിൽ ഈ ക്രൈസ്തവരും ബ്രിട്ടീഷുകാരുടെ മേലധികാരത്തിലായി. (109) ഡച്ചുകാരും ബ്രിട്ടീഷുകാരുമായിച്ചെയ്ത ഉടമ്പടിയിൽ ഈ ക്രിസ്ത്യാനികൾ ഡച്ചുകമ്പനിയുടെ കീഴിൽ ഏ

(109) കൊച്ചിരാജ്യചരിത്രം 2, 21. 791.

ത്തുവിധത്തിലായിരുന്നോ അതേവിധംതന്നെ ബ്രിട്ടീഷാധിപത്യത്തിലും ആയിരിക്കണമെന്നു ഡച്ചുകാർ ആവശ്യപ്പെട്ടുകയും ബ്രിട്ടീഷുകാർ അതു സമ്മതിക്കയും ചെയ്തിരുന്നു. (110) ബ്രിട്ടീഷാധിപത്യത്തിൻെറ ആരംഭഘട്ടത്തിൽ 1795-മുതൽ 1814-വരെ—19 വർഷം ഇവർ ബ്രിട്ടീഷാധിപത്യത്തിൽത്തന്നെയായിരുന്നു.

1808-ൽ വേലുത്തമ്പി ദളവ പാലിയത്തച്ചന്നയച്ച കത്തിൽ ഇവരെ ബ്രിട്ടീഷുകാരുടെ പ്രജകൾ എന്നാണു പറഞ്ഞിരിക്കുന്നതു്. (111) ബ്രിട്ടീഷുകാരുടെ പ്രവേശനത്തോടുകൂടെ സൈന്യസേവനവും ഖഡ്ഗം ധരിച്ചു നടക്കുന്ന പതിവും നിന്നുപോയി. ഈ സ്ഥിതിയിൽ പതിമ്മൂന്നു വർഷം കഴിഞ്ഞപ്പോഴാണു, അന്നത്തെ റെസി

---

(110) ടി. ഉടമ്പടിയിലെ 4-13 എന്നീവകുപ്പുകൾ.

ഡച്ചുകാർ ബ്രിട്ടീഷുകാരുമായിച്ചെയ്ത ഉടമ്പടിയിൽ, അവരുടെ കീഴുണ്ടായിരുന്ന ക്രൈസ്തവരെ "ഉൾനാട്ടു ക്രിസ്ത്യാനികൾ" എന്നാണു സംബോധനം ചെയ്തിരിക്കുന്നതു. അവരുടെ—ഡച്ചുകാരുടെ—കീഴിൽ ഉണ്ടായിരുന്ന ക്രൈസ്തവർ "ലത്തീൻരീതി"ക്കാരായിരുന്നു എന്നു സ്പഷ്ടമാണല്ലൊ. ഇവരിൽ വലിയഭാഗവും അധിവസിച്ചിരുന്നതു പട്ടണത്തിനു കിഴക്കും തെക്കും വടക്കും ഭാഗങ്ങളിലായിരുന്നു.

ഡച്ചുകാരുടെ പ്രവേശനാവസരത്തിൽ പട്ടണത്തിലും പരിസരങ്ങളിലുമുണ്ടായിരുന്ന ദേവാലയങ്ങൾ നശിപ്പിക്കപ്പെട്ടതിനാലും മതപരമായി അനുഭവപ്പെട്ട വിരോധംകൊണ്ടും പട്ടണത്തിലും അതിൻെറ പരിസരങ്ങളിലും ശേഷിച്ചിരുന്നവർ അവിടംവിട്ടുപോയി. (അദ്ധ്യായം ൬ നോക്കുക.) ഇതിനാൽ പട്ടണവാസികളായിരുന്ന ഉദ്യോഗസ്ഥന്മാരുടെ ദൃഷ്ടിയിൽ ഇവർ ഉൾനാട്ടു ക്രിസ്ത്യാനികൾതന്നെയായിരുന്നു. അതുകൊണ്ടാണു ഇങ്ങനെ പറഞ്ഞിരിക്കുന്നതു.

---

(111) കൊച്ചീരാജ്യചരിത്രം. 2, 20. 746.

ഡെണ്ടായിരുന്ന കർണ്ണൽ മെക്കോളിയെ വധിക്കാനും ബ്രിട്ടീഷാധിപത്യത്തെ തകക്കാനും ഉള്ള ശ്രമം നടന്നതു.

കൊച്ചീരാജാവറിയാതെയാണു ഇവിടെ—കൊച്ചിയിൽ—ഈ കൂട്ടകെട്ടും ലഹളയും നടന്നതെങ്കിലും, രാഷ്ട്രത്തിൽനിന്നു അപ്പോൾ ലഭിക്കാവുന്ന ശക്തിമുഴുവനും ഇതിന്നായി ഉപയോഗപ്പെട്ടുത്തിയിരുന്നതിനാൽ അന്നത്തെ സംഭവങ്ങൾ വളരെ ഭയങ്കരങ്ങളായിരുന്നു. (112) തദവസരത്തിൽ ഈ ക്രൈസ്തവർ ബ്രിട്ടീഷുകാരുടെ പ്രജകളും, തങ്ങൾക്ക വിരോധമായി പുറപ്പെട്ടേക്കുമെന്നു വേലുത്തമ്പി ശങ്കിക്കത്തക്ക നിലയിലിരുന്നവരും (113) എന്നാൽ നിരായുധരുമായിരുന്നല്ലോ. ഇതിനാൽ കർണ്ണൽ മെക്കോളിയെ പിടികിട്ടാതെയായപ്പോൾ പട്ടാളം ഈ ക്രൈസ്തവരുടെ നേർക്കാണു തിരിഞ്ഞതു. ഇവരുടെ നേതാക്കന്മാരും എത്തുപെട്ടേടത്തോളം പുരുഷ പ്രജകളും അന്നു വധിക്കപ്പെട്ടു. മാത്രമല്ലാ കൊള്ളിവയ്പ്പും കൂട്ടക്കൊലയും നിമിത്തം വിലയേറിയ പലേ രേഖകളും നഷ്ടപ്പെട്ടുകയുമുണ്ടായി.

ഇവർക്ക പാശ്ചാത്യകോയ്മയുടെ മേലധികാരം ലഭിക്കുവാനും കരമൊഴിവായി വസ്തുക്കൾ ലഭിക്കാനുമുള്ള കാരണങ്ങൾ വിസ്മൃതിയിൽപ്പെട്ടു. അവയെല്ലാം ഡച്ചുകമ്പനിയുടെ പ്രവേശംവഴിയായി സിദ്ധിച്ചു എന്നൊരു ധാരണ ബലപ്പെട്ടിരിക്കയുമായിരുന്നു.

സ്വാതന്ത്ര്യനിലയ്ക്കു മാററംവന്നതു

മുകളിൽ പറഞ്ഞ മർദ്ദനം നടന്നു ആറു വർഷം കഴിഞ്ഞശേഷം, ബ്രിട്ടീഷാധിപത്യം തുടങ്ങിയിട്ടു 19-ാം വത്സരത്തിൽ-1814-ൽ കർണ്ണൽ മൺറോ ബ്രിട്ടീഷ് റെസിഡെ

---

(112) ഈ സംഭവം അടുത്തു വേറൊരദ്ധ്യായത്തിൽ കുറെക്കൂടെ വിശദമാക്കുന്നതാണു.

(113) തമ്പി പാലിയത്തച്ചന്നയച്ച കത്തു നോക്കുക. കൊച്ചീരാജ്യചരിത്രം. 2. 20. 746.

ണ്ടുസ്ഥാനവും കൊച്ചീദിവാൻപദവും ഒന്നിച്ചു വഹിച്ചിരിക്കെ, അദ്ദേഹത്തിൻെറ ശുപാർശയനുസരിച്ചു ഇവരുടെ മേലധികാരം ബ്രിട്ടീഷ്ഗവർമ്മേണ്ടു കൊച്ചീരാജാവിന്നു വിട്ടുകൊടുത്തു. *

പുരാതന പെരുമാക്കന്മാരിൽനിന്നു ലഭിച്ചതും, പൊത്തുഗീസുകാരുടെ സംരക്ഷണത്തിന്നേല്പിച്ചതും, അവരോടുചേർന്നു ലത്തീൻറീത്തു സ്വീകരിച്ചവർ ആ പാശ്ചാത്യശക്തിയുടേയും അനന്തരം വന്ന ഡച്ചുകാരുടെയും, 19 വത്സരം ബ്രിട്ടീഷ്കാരുടെയും കീഴ് അനുഭവിച്ചുപോന്നതുമായ സ്വതന്ത്രനില, മുകളിൽ പറഞ്ഞ അവസരത്തിൽ—1814-ൽ—ബ്രിട്ടീഷുകാർ ഇവരെ—ലത്തീൻ ക്രൈസ്തവരെ—ഭരിക്കുന്നതിന്നുള്ള അധികാരം കൊച്ചീരാജാവിന്നു വിട്ടുകൊടുത്തതിനോടുകൂടെ അവസാനിച്ചു. എങ്കിലും അവരുടെ കാൎയ്യത്തിൽ അന്നു ചില വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു. ആ വ്യവസ്ഥകൾ കീഴെ കാണുന്നവയാണ്.

"to safeguard their interest and to avoid the discontent or resentment that the change of hands might probably occasion, it was decided to appoint some Christian Judges in all the Courts· and to Confer on the Christians a fair proportion of the appointments in the Revenue Department."

എല്ലാ കോടതികളിലും ഓരോ ക്രിസ്ത്യൻ ജഡ്ജിമാരെയും, റവന്യ ഡിപ്പാർട്ടുമെണ്ടിൽ ക്രിസ്തീയജനസംഖ്യയ്ക്കനുപാതം ക്രിസ്തീയ ഉദ്യോഗസ്ഥന്മാരെയും നിയമിക്കണം. ക്രൈസ്തവരുടെ ഭദ്രതയ്ക്കും അവരുടെ കാൎയ്യങ്ങൾ ശുഭമായി നടക്കുന്നതിന്നും അതു സുഗമമായ മാർഗ്ഗമായിരിക്കും എന്നൊക്കെയാണല്ലോ ഇതിൻെറ

* കൊച്ചീരാജ്യചരിത്രം 2-21-761

സാരം.(114) ഇതിനേപ്പററി ഈ കൊച്ചീരാജ്യചരിത്രകാരൻ പറയുന്നതുഇങ്ങനെയാണ്: "സിവിൽ വ്യവഹാരങ്ങൾ കേട്ടു തീർച്ച ചെയ്യുന്നതിന്ന തൃപ്പൂണിത്തുറയും തൃശ്ശിവപേരൂരും ഓരോ ചെറിയ കോടതികളും അപ്പീൽ അധികാരത്തോടുകൂടെ എറണാകുളത്തു ഒരു വലിയ കോടതിയും ഏർപ്പെടുത്തി. വലിയ കോടതിക്കു ഹജൂർകോടതി എന്നും പേരുണ്ടായിരുന്നു. വലിയ കോടതിയിലെ ന്യായാധിപതികൾ അല്ലെങ്കിൽ ജഡ്ജിമാർ "ദിവാനജി, ഒരു ഹിന്തു, ഒരു ക്രിസ്ത്യൻ, ഒരു ശാസ്ത്രി ഇവരേയും ഓരോ ചെറിയ കോടതിയിലും ഓരോ ഹിന്തു ക്രിസ്ത്യൻ ജഡ്ജിമാർക്കു പുറമെ ഓരോ ശാസ്ത്രിയേയും നിശ്ചയിച്ചു." കൊച്ചീരാജ്യചരിത്രം. 2-21-787.

**മാന്യാവകാശവും * ലത്തിൻക്രിസ്ത്യാനികളും**

പൊത്തുഗീസുകാർക്കു കൊച്ചിയിൽ അഭയം ലഭിച്ചതു സാമൂതിരിക്കും വ്യാപാരികളായ മഹമ്മദീയർക്കും വലിയ വിരോധത്തിന്നു കാരണമായിരുന്നതു് ഇതിനുപരി പ്രസ്താവിച്ചിട്ടുള്ളതാണ്. അതിനാൽ പൊത്തുഗീസുകാരെ ഇവിടെനിന്നു ബഹിഷ്ക്കരിക്കുവാൻ അവർ കഴിയുന്നതു യത്നിച്ചുകൊണ്ടാണിരുന്നതു്. ഈ ദ്രോഹോദ്യമാവസരങ്ങളിൽ, പൊത്തുഗീസുകാർക്കും കൊച്ചീരാജാവിനും പ്രധാന സഹായികളായിരുന്നതു ക്രിസ്ത്യാനികളത്രെ. കബ്രാളിൻെറ അഭാവ

---

(114) Cochin and Her Courts of Law. pg- 95.

* പൊത്തുഗീസുകാരുടെ കാലത്തു ക്രൈസ്തവർ കൊച്ചിരാജ്യത്തിൻെറ സ്വാതന്ത്ര്യത്തിന്നുവേണ്ടി ചെയ്തിട്ടുള്ള യുദ്ധത്തിന്നും നടത്തിയിരുന്ന കാവലിന്നും പ്രതിഫലമായി നികുതി കൂടാതെ വസ്തു അനുഭവിക്കാനുള്ള അവകാശം അവർക്കു ലഭിച്ചിരുന്നു. ഇതാണു "മാന്യാവകാശം" എന്നു ഇവിടെ പറയുന്നതു.

മുൻകാലങ്ങളിൽ ഇവയ്ക്കു് ഒട്ടും നികുതിയില്ലായിരുന്നു. എന്നാൽ സ്ഥാനത്യാഗംചെയ്തു ഏതാനും കൊല്ലങ്ങൾക്കുമുമ്പു തൃശ്ശിവപേരൂർവെച്ചു തീപ്പെട്ട രാമവർമ്മ മഹാരാജാവിൻെറ കാലത്തു ഇവയ്ക്കു നാമമാത്രമായ നികുതി ചുമത്തിയിട്ടുണ്ട്.

വേളയിൽ മഹമ്മദീയരിൽനിന്നുണ്ടായ ആക്രമണത്തെ തടഞ്ഞതും ക്രിസ്ത്യാനികളായിരുന്നു. ഡിഗാമ രണ്ടാംപ്രാവശ്യം വന്നു കച്ചവട ഏർപ്പാടുകൾ ചെയ്തു വേണ്ട ചരക്കുകളോടുകൂടെ മടങ്ങിപ്പോയ അവസരത്തിൽ സാമൂതിരി വമ്പിച്ച സൈന്യശേഖരത്തോടെ വന്നു കൊച്ചിയെ കീഴടക്കുകയുണ്ടായി. ഈ പ്രാവശ്യം പൊത്തുഗീസു സൈന്യം യൂറോപ്പിലേയ്ക്കു പോയ വിവരവും, കൊച്ചിയിലെ സ്ഥിതിഗതികളും സാമൂതിരിയെ അറിയിച്ചതു കൊച്ചിയുടെ തെക്കുഭാഗത്തുള്ള കുമ്പളങ്ങി മുതലായ സ്ഥലങ്ങളിൽ നിവസിച്ചിരുന്ന നമ്പൂതിരിമാർ ആയിരുന്നു. ആ ഭാഗങ്ങളിൽ നമ്പൂതിരിമാർ അധിവസിച്ചിരുന്നു എന്നതിതിനു ലക്ഷ്യങ്ങൾ ഇന്നും അവിടങ്ങളിൽ കാണുന്നുണ്ടു.

പാശ്ചാത്യരായ പൊത്തുഗീസുകാരുടെ പ്രവേശനം അവർക്കു അവിഹിതമായിത്തോന്നിയിരുന്നുവെന്നതിനു സംശയമില്ല. ഏതായാലും, കൊച്ചിയിലെ പ്രജാസഞ്ചയത്തിൻെറയും പ്രഭുക്കന്മാരുടെയും സ്ഥിതിയും ഗതിയുമെല്ലാം നമ്പൂതിരിമാർ തങ്ങളുടെ സജാതീ (ബ്രാഹ്മണൻ) യനായ സാമൂതിരിയെ യഥാകാലം അറിയിച്ചുവെന്നു പറഞ്ഞാൽകഴിഞ്ഞല്ലൊ. മാത്രമല്ലാ പൊത്തുഗീസുകാർ കൊച്ചിയിൽ സ്ഥിരപ്പെട്ടുപോയാൽ, തങ്ങൾക്കു അതിൽവെച്ചു വരാവുന്ന ദോഷങ്ങളും മററും സാമൂതിരിയെ അവർ വ്യക്തമായി ഗ്രഹിപ്പിക്കയും ഈ ദുർഘടം നീക്കിത്തരേണമെന്നു നിർബന്ധപൂർവ്വം അപേക്ഷിക്കയും ചെയ്തു. അതുകൊണ്ടാണു സാമൂതിരി അദ്ദേഹത്തിൻെറ അനന്തിരവൻ വിരോധം പറഞ്ഞിട്ടും (115) അടങ്ങാതെ പൊത്തുഗീസുകാരെ പിടിച്ചു കൊണ്ടുപോകുവാ

---

(115) "പെരുമ്പടപ്പു ആണ്ടുതോറും കപ്പം അയച്ചുപോരുന്നുണ്ടല്ലൊ. എന്തിനു അവരെ ഉപദ്രവിക്കുന്നു. അവിടെയുള്ള പ

നായി പുറപ്പെട്ടത്. സാമൂതിരി കൊച്ചിയെ കീഴടക്കിയ അവസരത്തിൽ പൊത്തുഗീസുകാരും, കുടുംബത്തോടുകൂടെ കൊച്ചീരാജാവും വൈപ്പിൽ ചെന്ന പാക്കേണ്ടതായി വന്നു. അനന്തരം പൊത്തുഗലിൽനിന്ന സൈന്യം വന്ന സാമൂതിരിയുടെ സൈന്യത്തോടു യുദ്ധം ചെയ്തു അനേകംപേരെ വധിച്ചു. അപ്പോൾ ഉണ്ടായിരുന്ന രാജ്യത്തിന പുറമെ, സാമൂതിരി മുമ്പു കവർന്നെടുത്തിരുന്ന രാജ്യഭാഗങ്ങൾകൂടെയും കൊച്ചീരാജാവിന്ന തിരിയെ കൊടുപ്പിക്കാൻ പൊത്തുഗീസുകാർക്ക സാധിച്ചത് ഈ യുദ്ധത്തിൽവച്ചായിരുന്നു. ചരിത്രപ്രസിദ്ധമായ ഈ യുദ്ധത്തിൽ പൊത്തുഗീസുകാർക്ക തുണയായിനിന്നത് പൂർവ്വക്രിസ്ത്യാനികളായിരുന്ന എന്നതും അനുക്തസിദ്ധമാണ്. പൊത്തുഗീസു സൈന്യത്തിന്റെ അസാന്നിദ്ധ്യത്തിൽ സാമൂതിരിയ്ക്കു ഒററുനിന്ന് നമ്പൂതിരിമാർ ഒപ്പിച്ച മേല്പറഞ്ഞ കൂട്ടുകെട്ടും ദ്രോഹോദ്യമവും പൊത്തുഗീസു ഉദ്യോഗസ്ഥന്മാർ അറിഞ്ഞ മാത്രയിൽ അവരുടെ ഇല്ലങ്ങൾ ചുട്ടു നശിപ്പിക്കയായി. (116) അവരിൽ ചിലർ ഒളിച്ചോടി കോതമംഗലം മുതലായ കിഴക്കൻ പ്രദേശങ്ങളെ ശരണം ഗമിച്ചു. ഇങ്ങനെ നമ്പൂതിരിമാർ വിട്ടൊഴിഞ്ഞുപോയ ഭാഗങ്ങൾ ക്രിസ്ത്യാനികൾക്കാണ് ലഭിച്ചത്. സാമൂതിരിയുടെ സൈന്യം കുമ്പളം അരൂരു മുതലായ ദേശങ്ങളിൽക്കൂടി പ്രവേശിച്ചിരുന്നതിനാൽ, ഈ ക്രിസ്തീയയോദ്ധാക്കളെ വെണ്ടുരുത്തി, ഇടക്കൊച്ചി, കുമ്പളങ്ങി മുതലായ സ്ഥലങ്ങളിൽ

---

ത്തിൽ ചിലപാനം പൊത്തുഗീസുകാരെ കൊന്നാലും കടൽക്കപ്പുറമുള്ളവരെ കൊല്ലുവാൻ കഴിയുമോ? അതുകൊണ്ടു പട വേണ്ട എന്നാണ് എന്റെ പക്ഷം" എന്നായിരുന്നു അനന്തിരവൻ പറഞ്ഞത്. (കൊച്ചീരാജ്യചരിത്രം I-I4-267.)

(116) മഫേയി ഹിസ്റ്റോറിയ ഇൻഡ്യ. Li. I. pg 145.

സ്ഥിരമായി പാർപ്പിക്കേണ്ടതു് രാജ്യരക്ഷയ്ക്കു് ആവശ്യമായിക്കണ്ടിട്ടാണു് ആ സ്ഥലം അവർക്കു കൊടുത്തതും അവരെ അവിടെ പാർപ്പിച്ചതും. നമ്പൂതിരിമാരുടേതായിരുന്ന ജന്മവസ്തുക്കൾ, ഇവർക്കും ജന്മമായിത്തന്നെയാണു് നൽകപ്പെട്ടതു്. (117)

കൊച്ചിയുടെ തെക്കുള്ള പ്രദേശങ്ങളിൽ നമ്പൂതിരിമാരുടെ വാസമുണ്ടായിരുന്നു എന്നതു പ്രസിദ്ധമാണു്. അതിൽ ചില നമ്പൂതിരിക്കുടുംബങ്ങൾ ജ്ഞാനസ്നാനമേററു കത്തോലിക്കാമതം അവലംബിക്കയുണ്ടായിട്ടുണ്ടെങ്കിലും പലരും സ്ഥലംവിട്ടു പൊയ്ക്കളയുകയാണു് ചെയ്തതു്. അതിലേയ്ക്കു മുകളിൽ കാണിച്ചതല്ലാതെ അന്യ കാരണമൊന്നും ഉണ്ടായിരുന്നതായറിവില്ല.

പുരാതന ഡച്ചു കുടുംബങ്ങളുടെയും നാട്ടുക്രിസ്ത്യാനികളുടെയും തിരുമല ദേവൻെറയും വക വസ്തുക്കൾക്കു നിലക്കുലി ചുമത്തിയിരുന്നില്ല എന്നും കാണുന്നുണ്ടു്. (118) ക്രിസ്ത്യാനികൾ സൈന്യസേവനം ചെയ്യുന്നതിന്നു പ്രതിഫലമായിട്ടാണു വസ്തുവകകൾ അനുഭവിക്കുന്നതെന്നും പറയുന്നുണ്ടു്. (മുകളിൽ 96-ാംപുറം നോക്കുക.) ഇത്രയും പറഞ്ഞതിൽനിന്നു മുകളിൽ പ്രസ്താവിച്ചതിൻെറ സംഭാവ്യതയും സ്പഷ്ടമാകുകയാണു ചെയ്യുന്നതു്. പ്രസ്തുത ക്രിസ്തീയ സമുദായത്തിന്നു ആദ്യകാലങ്ങളിൽ യുദ്ധത്തിന്നുള്ള പ്രതിഫലമായും, പിന്നീടു ഡച്ചുകാർ കൊടുത്ത പത്രസാക്ഷ്യപ്രകാരവും, ചിലർ കൂടുതൽ വിലകൊടുത്തു വാങ്ങിയും, ജന്മവസ്തുക്കൾ സ്വാധീനപ്പെട്ടിട്ടുണ്ടെന്നാണു് ഐതിഹ്യം. ഇതിൽ ഡച്ചുകാർ

---

(117) ഇങ്ങനെ രാജ്യത്തിൻെറ ഭദ്രതയ്ക്കായി ജന്മം കൊടുത്തു വേറെ സ്ഥലങ്ങളിലും ആളുകളെ താമസിപ്പിച്ചിട്ടുണ്ടു.

(118) കൊച്ചീ രാജ്യചരിത്രം. I. 24-ാം അ. 428-ാം പുറം .
,, 2. 19-ാം അ. 595-ാം പുറം.

സാക്ഷ്യപത്രപ്രകാരം നൽകി എന്നു പറയുന്നതിൻെറ താല്പര്യം മുകളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ പൊർത്തുഗീസുകാരുടെ കാലംമുതല്ക്കേ നടപ്പായ വസ്തു ഉടമസ്ഥതയെപ്പററി ശക്തൻതമ്പുരാൻ തർക്കം പുറപ്പെടുവിച്ചപ്പോൾ ഡച്ചുകാർ തങ്ങളുടെ സാക്ഷ്യംകൊണ്ടു ആ വാദം തീർത്തുവെന്നേയുള്ളൂ. ക്രിസ്ത്യാനികൾക്ക ഈ ഇനത്തിൽപ്പെട്ട വസ്തുക്കൾ കൊച്ചിയുടെ തെക്കുഭാഗങ്ങളിൽ അധികമുണ്ടായിരുന്നു. എന്നാൽ വെട്ടിക്കൊലപ്പടയുടെശേഷം ഈയിനം വസ്തുക്കളിൽ പലതും ഹിന്ദുക്കൾ കയ്യേറിപ്പോയിട്ടുണ്ടു. കൊല്ലവർഷം 1081—1082 എന്നീ കാലാവധിയിൽ ഉണ്ടായ കണ്ടെഴുത്തുകാലത്തു ന്യായമായ അവകാശവാദത്തിനു ഒരിമ്പെടായ്കമൂലം, പലതിനും കരം പതിച്ചുപോവുകയുമുണ്ടായിട്ടുണ്ട്. ക്രിസ്ത്യാനി കുടുംബങ്ങൾ പലതും കാലക്രമേണ ക്ഷയിച്ചുപോവുകയാൽ വളരെ വസ്തുക്കൾ അന്യാധീനപ്പെടുകയും ചെയ്തു.

ഏതായാലും ഒരുകാലത്തു പൊത്തുഗീസുകാരുടെയും, കൊച്ചീരാജാവിൻെറയും ശത്രുക്കൾ ആക്രമണാർത്ഥം പ്രവേശിക്കുക പതിവായിരുന്ന പ്രദേശങ്ങളിൽ (തെക്കു പ്രത്യേകിച്ചും) ഈ ഇനം വസ്തുക്കൾ ക്രിസ്ത്യാനികൾക്ക ധാരാളം ഉണ്ടായിരുന്നുവെന്നത് ഒരു വാസ്തവമാകുന്നു. അവയുടെ അവശിഷ്ടലക്ഷ്യങ്ങൾ ഇന്നും കാണാവുന്നതാണ്. ഇങ്ങനെ ക്രിസ്ത്യാനികൾക്ക അന്നു ലഭിച്ച ഈ പ്രത്യേകത—ഈ ലത്തീൻ ക്രിസ്ത്യാനികളുടെ ഇടയിൽ—ശത്രുനിരോധനത്തിന്നായി അവർ പാർത്തിരുന്ന ഭാഗങ്ങളിൽ പ്രത്യേകിച്ചും—കാണുന്നതു് അന്നു പൊത്തുഗീസുകാരോടു ചേർന്ന പൂർവ്വക്രിസ്ത്യാനികൾ ലത്തീൻറീത്തു സ്വീകരിച്ചു എന്നും, അവരാണ് ആപൽഘട്ടങ്ങളിൽ കൊച്ചീരാജ്യത്തിൻെറ രക്ഷയ്ക്കായി വിശ്വസ്തതയോടും ധീരതയോടും

ക്കുടെ നെഞ്ചു കാണിച്ചിട്ടുള്ളതെന്നും വിളിച്ചറിയിക്കുന്നുണ്ട്.

# അദ്ധ്യായം ൯

## ആചാരവും നടപടികളും.

ലത്തീൻറീത്തനുസരിച്ചവരുടെ ആചാരാദികൾ വ്യതിചലിക്കാൻ ഇടയുണ്ടായിരുന്നു—പൗരാണിക ആചാരനടപടികൾ—ലത്തീൻകാരുടെ ആചാര നടപടികൾ.

പൂർവ്വക്രൈസ്തവരിൽ ഒരു ഗണം ലത്തീൻരീതി സ്വീകരിച്ചു എന്ന വസ്തുത ഒരു ചരിത്രവാസ്തവമാണെന്നതിനും പുറമെ സൈന്യസേവനം, പാശ്ചാത്യരുമായുള്ള കച്ചവടം മുതലായവ അവരിൽ നിലനിന്നു പോന്നതായും ഇതിനുപരി നാം കണ്ടു കഴിഞ്ഞു. ഇനി ആചാരനടപടികളെപ്പററിയാണ് ആലോചിക്കാനുള്ളതു്. പക്ഷെ അതിനുമുമ്പു മററുചില സംഗതികളുടെ അറിവു പ്രസ്തുത വിഷയത്തിൻെറ സുഗ്രഹതയ്ക്കു അത്യാവശ്യമായിരിക്കുന്നു. ലത്തീൻരീതി സ്വീകരിച്ചവരുടെ ആചാരനടപടികൾക്കു വ്യതിയാനം സംഭവിപ്പാൻ പര്യാപ്തമായുണ്ടായിരുന്ന സാഹചര്യങ്ങളെയാണ് ഞാൻ മേൽ സൂചിപ്പിച്ചതു. അവയെപ്പററി കുറഞ്ഞൊന്നു താഴെ പ്രസ്താവിക്കാം.

ഒരു സമുദായത്തിൻെറ ആചാരനടപടികൾ ആ സമുദായത്തിൻെറ വിജ്ഞാനാഭിവൃദ്ധി,

**ആചാരാദികളുടെ വ്യതിയാനത്തിനുള്ള കാരണങ്ങൾ**

പരിഷ്ക്കാരം, സാഹചര്യം മുതലായ പല കാരണങ്ങൾകൊണ്ടും പരിണാമവിശേഷങ്ങളെ പ്രാപിക്കാവുന്നതാണ്. മാമൂൽപ്രിയന്മാരായ ഹൈന്ദവരുടെ സ്ഥിതി യാഥാസ്ഥിതികന്മാരുടെതിൽനിന്നു എത്ര വ്യത്യസ്തമാണ്. പഠിപ്പും പാശ്ചാത്യ പരിഷ്ക്കാരവും സിദ്ധിച്ച ഹിന്ദുക്കളുടെ ആചാരനടപടികളെ നിരീക്ഷണം ചെയ്താൽ മേല്പറഞ്ഞ വാസ്തവം വ്യക്തമാകും. അമ്പതു വത്സരത്തിനു മുമ്പുണ്ടായിരുന്നതിൽനിന്ന് എത്ര വ്യത്യസ്തമാണു ഹിന്തുക്കളുടെ ഇന്നത്തെ ആചാരസ്ഥിതി. ഇതുപോലെതന്നെയുള്ള വ്യത്യാസം ഇതര സമുദായങ്ങളുടെ ഇടയിലും കാണാതിരിക്കുന്നതല്ല. പരിസരാവസ്ഥകളുടെയും പരിഷ്ക്കാരത്തിൻെറയും പ്രേരണകൾക്ക്, ആചാരനടപടികളെ പരിവർത്തനം ചെയ്യിക്കാൻ വലുതായ ഒരു ശക്തിയുണ്ടെന്നല്ലയൊ ഇതിൽനിന്നു വ്യക്തമാകുന്നത്.? പണ്ടത്തെ കുടുമ്മയും മൊട്ടത്തലയും ഇന്നത്തെ ക്രാപ്പും പിസ്സവുമായിപ്പകർന്നതിൻെറയും, അന്നത്തെ കച്ചമുണ്ടും ഓലക്കുടയും ഇന്നത്തെ കോട്ടും ഷർട്ടും മന്മലും ശീലക്കുടയുമായിത്തീർന്നതിൻെറയും കാര്യകാരണബന്ധം ചിന്തിക്കാതെ, ആചാരനടപടികളുടെ ആധുനികരൂപം മാത്രം മാനദണ്ഡമാക്കിക്കൊണ്ടു സമുദായങ്ങളുടെ പഴമയും പുതുമയും നിർണ്ണയിക്കാൻ ഒരാൾ പുറപ്പെട്ടാൽ അതു വെറും നേരമ്പോക്കായി കലാശിക്കയേ ഉള്ളു. ആധുനികവിദ്യാഭ്യാസരീതി അതിൻെറ അനർഹമായ കൈകടത്തൽകൊണ്ടു സിറിയൻറീത്തിൽ നില്ക്കുന്നവരുടെ ഭക്താചാരനടപടികൾ നാമാവശേഷമാകുന്നുവെന്നു ഖേദിക്കുന്നവരുണ്ടു. പരിഷ്കാരാക്രമണവും അനുകരണഭ്രമവും ഭക്താചാരങ്ങളെക്കൂടി ബാധിക്കുമെങ്കിൽ മററാചാരനടപടികളുടെ കഥയെന്തായിരിക്കും? ഇത്രയും മുഖവുരയായി പറഞ്ഞുകൊണ്ടു പ്രകൃതവിഷയമായ ലത്തീൻ

ക്രിസ്ത്യാനികളുടെ ആചാര നടപടികളെപ്പററി സ്വല്പം ചർച്ച ചെയ്യാം.

ലത്തീൻ ക്രിസ്ത്യാനികളുടെ സാഹചര്യം

പൊൎത്തുഗീസുകാരുടെ റീത്തായ ലത്തീൻറീത്തു് സ്വീകരിക്കാൻ ഇടയായ പൂൎവ്വക്രിസ്ത്യാനികളെ ആ പാശ്ചാത്യരുടെ ആചാര മൎയ്യാദകൾ ഏററെക്കുറെ ബാധിച്ചിരിക്കണമെന്നതു ഊഹമാത്രഗോചരമാണു്. ലത്തീൻറീത്തു സ്വീകരിച്ചു പൊൎത്തുഗീസുകാരോടു അടുപ്പം പ്രാപിച്ച പൂൎവ്വക്രിസ്ത്യാനികൾ മദ്ധ്യകേരളത്തിൽ കൊച്ചി, കൊടുങ്ങല്ലൂർ എന്നീ പട്ടണങ്ങളിലും വടക്കു കോഴിക്കോടു, തലശ്ശേരി, കണ്ണൂർ മുതലായ സ്ഥലങ്ങളിലും തെക്കു അഞ്ചുതെങ്ങു കൊല്ലം മുതലായ ഭാഗങ്ങളിലും പൊൎത്തുഗീസുകാരുടെ സാഹചൎയ്യം എത്താവുന്ന മററു പരിസരങ്ങളിലുമാണു് പ്രധാനമായി പാൎത്തിരുന്നതു്. കൊച്ചി ആ ജനതയുടെ ഒരു വലിയ കേന്ദ്രസ്ഥാനവുമായിരുന്നു. ഉൾനാടുകളിൽനിന്നു പൂൎവ്വക്രിസ്ത്യാനികൾ അക്കാലം പട്ടണങ്ങളിലേയ്ക്കു സമാകർഷിക്കപ്പെട്ടുമിരുന്നു. പ്രത്യേകമായ സാഹചൎയ്യനിർബന്ധമൊന്നുംകൂടാതെതന്നെ പട്ടണവാസികൾ ഉൾനാട്ടുകാരെ അപേക്ഷിച്ചു പരിഷ്ക്കാരപ്രിയന്മാരും ആചാര പരിവർത്തകന്മാരുമൊക്കെയായി കാണുക പതിവാണു്. ആ സ്ഥിതിക്കു പൊൎത്തുഗീസുകാരുടെ റീത്തും അവരുടെ പ്രീതിയും അവരുടെ ഉദ്യോഗങ്ങളും സ്വീകരിക്ക മാത്രമല്ലാ പ്രായേണ അവരോടുകൂടെ വസിക്കാനുമിടയായ പൂൎവ്വക്രിസ്ത്യാനികളുടെ ആചാരനടപടികളിന്മേൽ, പാശ്ചാത്യ പരിഷ്ക്കാര കിരണങ്ങളുടെ പ്രതിഫലനം എത്രമാത്രമായുണ്ടായിരിക്കണമെന്നതു എളുപ്പം അനുമാനിക്കാവുന്നതത്രെ. ലത്തീൻ ക്രിസ്ത്യാനികളുടെ ഈദൃശമായ സാഹചൎയ്യഭേദംകൊണ്ടു അവരുടെ ആചാരനടപടികളിൽ സാരമായ പരിഷ്ക്കാരങ്ങൾ സംക്രമി

ച്ചിട്ടുണ്ടാവണം. മാന്യത, പരിഷ്ക്കാരം, പ്രാബല്യം മുതലായവയിൽ മികച്ചവരായ പൊർത്തുഗീസുകാരുടെ ആചാരമര്യാദകളുടെ കുറെയൊക്കെ അവരിലും പകർന്നുകാണുക സംഗതമാണ്.

മാംസഭക്ഷണ സ്വീകരണം

പ്രാചീന കേരളീയ ക്രിസ്ത്യാനികൾ മാംസം ഭക്ഷിച്ചിരുന്നില്ല. എന്നാൽ മാംസഭുക്കുകളായ പൊർത്തുഗീസുകാരുടെ സാഹചര്യത്തിൽപ്പെട്ടു ലത്തീൻറീത്തു സ്വീകരിച്ച പൂർവ്വ ക്രിസ്ത്യാനികൾ മാംസം ഭക്ഷിച്ചുതുടങ്ങി. ഒരു സംഭവം പറയാം: മെനേസ്സീസ് മെത്രാപ്പോലീത്താ ഒരിക്കൽ പൊറോത്തുപള്ളിയിൽ ചെന്നിരുന്നപ്പോൾ പല വൃദ്ധന്മാരെയും അദ്ദേഹം അവിടെ കാണുകയുണ്ടായി. അവരിലൊരാൾ അവിടത്തെ കപ്യാരായിരുന്നു. അയാളോടു എത്ര വയസ്സുണ്ടെന്നു മെത്രാപ്പോലീത്താ ചോദിച്ചു. "എഴുപത്തൊമ്പതു വയസ്സുണ്ടു" എന്നായിരുന്നു മറുപടി. "എപ്പോഴെങ്കിലും ഇതിനിടയ്ക്കു മാസം ഭക്ഷിച്ചിട്ടുണ്ടോ?" എന്നു മെത്രാപ്പോലീത്തായുടെ ചോദ്യത്തിനുണ്ടായ ഉത്തരം ഏതാണ്ടിപ്രകാരമായിരുന്നു. ഉദ്ദേശം അമ്പതുവത്സരങ്ങൾക്കു മുമ്പാണെന്നു തോന്നുന്നു, ഞാൻ കൊച്ചിയിൽ എൻെറ ചാർച്ചക്കാരുടെ ഭവനത്തു ചെന്നിരുന്നപ്പോൾ അവർ എനിക്കു മാംസം തന്നെന്നു തോന്നുന്നു. ഭക്ഷിച്ചോ എന്നു ഞാൻ ഓർക്കുന്നില്ല.

ആചാരനടപടികളും സമുദായഭേദവും

സമുദായങ്ങൾ തമ്മിലുള്ള അകൽച്ചയ്ക്കു ആചാരഭേദങ്ങൾ ഒരു കാരണമായി വരാം. പൂർവ്വക്രിസ്ത്യാനികളെന്ന നിലയിൽ ലത്തീൻകാരും സുറിയാനിക്കാരും ഒരു ഞെട്ടിലെ രണ്ടു കായ്കളെന്നോണമാണ് കഴിഞ്ഞുകൂടിയിരുന്നതെങ്കിലും, ലത്തീൻകാർ പാശ്ചാത്യസമ്പർക്കംകൊണ്ടു തങ്ങളുടെ ആചാരനടപടികളെ മാററാൻ തുടങ്ങി

തിരുവിതാംകൂർ മഹാരാജാവ്.



സർ ബാലരാമവൎമ്മ ജി. സി. ഐ. ഇ.

തിരുമനസ്സുകൊണ്ടു.

യത്ത്. മാമൂൽപ്രിയരായ ഇതരന്മാരിൽ ചിലർക്കെല്ലാം രുചിക്കാതെ വന്നിട്ടുണ്ടെങ്കിൽ അതിനെപ്പററി അത്ഭുതപ്പെടാനില്ല. അങ്ങനെ ജനങ്ങൾ തമ്മിൽ ആചാരഭേദങ്ങൾകൊണ്ടുണ്ടായിത്തുടങ്ങിയ അകൽച്ചയെ, ഒരു പിളർപ്പാക്കാൻ മററു സംഭവങ്ങളും സഹായിച്ചിട്ടുണ്ട്. സുറിയാനിക്കാരെ ഭരിച്ചിരുന്ന അബ്രാഹം മെത്രാപ്പോലീത്താ കാലംചെയ്തശേഷം, അർക്കദിയാക്കൻ ജനങ്ങളെ അങ്കമാലിയിൽ വിളിച്ചുകൂട്ടി ചില നിശ്ചയങ്ങൾ ചെയ്തു. ബാബേലിലെ മെത്രാന്മാരെ മാത്രമേ സ്വീകരിക്കയുള്ളു.. ലത്തീൻറീത്തും പഠനവും അനുസരിക്കയില്ല. ലത്തീൻപട്ടക്കാരെയും വൈപ്പിക്കോട്ടയിലെ വിദ്യാർത്ഥികളെയും തങ്ങളുടെ പള്ളികളിൽ പ്രവേശിപ്പിച്ചുകൂടാ എന്നൊക്കെയായിരുന്നു ആ നിശ്ചയങ്ങൾ. (119) അനന്തരമുണ്ടായ അനിഷ്ടസംഭവങ്ങൾനിമിത്തം ഭിന്നമായ ഒരു നിലയെ ലത്തീൻകാർ അവലംബിക്കുകയും ചെയ്തു. അവർക്കു (ലത്തീൻകാർക്കു) ധനശക്തിയും, കർമ്മപടുക്കളായ നേതാക്കന്മാരെക്കൊണ്ടുള്ള പ്രാമാണ്യവും ഉണ്ടായിരുന്നതാനും. പോരെങ്കിൽ പൊർത്തുഗീസുകാരുടെ പിൻതുണയും ഉണ്ടായിരുന്നുവല്ലോ. അതിനാൽ ഒരു പ്രത്യേക സമുദായമായി വർത്തിച്ചുപോരാനും സ്വയം ഉറച്ചുനില്ക്കാനും എന്നല്ലാ, കത്തോലിക്കമതത്തിൻെറ സംരക്ഷണത്തിന്നായി ധീരധീരം പോരാടുവാനും അവർക്കു കെല്പുണ്ടായിരുന്നു. ഇങ്ങനെ ആത്മാർജ്ജിതമായ ഒരു സ്വതന്ത്രാന്തരീക്ഷത്തിൽ വിഹരിച്ച ലത്തീൻ സമുദായത്തിൻെറ ആചാരനടപടികളിൽ പല മാററങ്ങളും പ്രകൃത്യാ വന്നുവശായി. ക്രിസ്തീയാരൂപിക്കു ചേരാത്തതെന്നു കാണപ്പെട്ട ചില ആചാരങ്ങളെ ഉദയമ്പേരൂർ സൂനഹദോ

(119) ക്രിസ്ത്യാനിററി ഇൻ ട്രാവൻകൂർ pg. 23.

സിൽവെച്ചു നിറുത്തിക്കളഞ്ഞതും സ്മരണീയമാണു്. ചുരുക്കിപ്പറഞ്ഞാൽ ലത്തീൻ സമുദായത്തിന്നും സുറിയാനി സമുദായത്തിന്നും തമ്മിൽ സർവ്വതോമുഖമായ ആചാരസാദൃശ്യം പ്രതീക്ഷിക്കുന്നതു അസംഗതവും അനുപപന്നവുമായിരിക്കും.

പൂർവ്വാചാര സം
മൃതങ്ങൾ

എന്നാൽ മേൽവിവരിച്ച സാഹചര്യങ്ങളും കാരണങ്ങളുമെല്ലാം ഉണ്ടായിരുന്നിട്ടും ഇവിടെ പ്രതിപാദിക്കപ്പെടുന്ന ജനതതിയിൽ പൊർത്തുഗീസുകാരുടെ കാലത്തു അവർ കണ്ടതായി പറയുന്ന ആചാര നടപടികൾ നിലനിന്നിരുന്നു എന്ന വസ്തുത ശ്രദ്ധാർഹമാണു്. 16-ാം നൂററാണ്ടിൽ സെയിൻറ് തോമാസ് ക്രിസ്ത്യാനികളിൽ കാണപ്പെട്ടിരുന്ന ചില ആചാരനടപടികളുടെ ഒരു സംക്ഷേപം താഴെ ചേർക്കുന്നു.

Criam gadelhas, as quaes rematam no alto da cabeca ou a um dos lados, com fita de seda, e para differenca dos mais Malabares acrescentam umas contas de rezar com sua cruz de ouro ou prata.

Alguns velhos e viuvos, que nao querem mais casar, e os que tem ido em romaria a S. Thome, e se prezam de mais religiosos, cortam o cabello.

Nas demandas recorrem ao Prelado, o quel lhes assigna Juizes para o deslinde da controversia.

Dizem as partes de seu direito todo o tempo que querem, e mulher houve em Angamale, que gastou tres dias inteiros em allegar de sua justica. Ouvidas as partes, preferem os Juizes a sentenca sem appellacao nem aggravo, por nao haver entre ellea outro tribunal supremo.

Neste juizo ninguem se condemna a morte, nem a effusao de sangue, senao a penas pecuniarias.

Estendiam e furavam as orelhas, como se costuma no Malabar, e dellas penduravam muitas argolas e brincos de ouro, e pedraria.

Este uso lhes tirou por algum tempo o Arcebispo de goa no synsdo de Diamper,

No traje, e vida das mulheres floresce muito a honestidade; cobrem se todas da cabeca ate os pes com uns mantos brancos, ou azulados, e quando entra o Bispo na egreja lhe vao todas beijar a mao com tanta ordem, e compostura, que parecem religiosas bem disciplinadas.

Celebravam estes Christaos os matrimonios em Presenca de qualquer Cathanar e se o nao achavam, se davm por casados com observar o estylo da terra, que e atar e noivo um fio ao pescoco da noiva, a qual cobre a cabeca com um panno em signal de rendimento·

Era mui temida a excommunhao entre elles e nao conheciam outra censura da Egreja;

tinham por grande affronta nao lhe entrarem os Sacerdotes em casa e assim os Prelados por algum tempo lhes impunham esta penitencia.

Em signal de paz com a egreja beijavam as maos dos Sacerdotes, mettendo-as entre as palmas das suas, e a isto chamavam tomar o Casturi o que nao se concedia aos excommungados e desobedientes.

As filhas entre estes Christaos nao herdavao a seus paes, segundo o uso dos Malabares gentios, e nao somente quando havia filhos, senao ainda quando os nao havia, proque em tal caso passavam os bens aos parentes masculinos mais chegados aos paes.

o qual nem contradiz ao preceito divino, nem e contra a lie natural, e so repugna ao nosso direito civil,

a que nao estao obrigados os Christaos sugeitos a Reis inifieis (Oriente Gonquistado 2 . 70—74)

ആചാരങ്ങളും നടപടികളും

(തലയിൽ മുടി വളർത്തുന്നു; അവ തലയുടെ ഉച്ചിയിൽ വച്ചുകെട്ടുന്നു. അതോടുകൂടെ സ്വർണ്ണത്തിൻെറയൊ വെള്ളിയുടെയൊ കുരിശുകളുള്ള ഒരു കൊന്തയും (ജപിക്കാനായി) ധരിക്കുന്നു.

മേലിൽ വിവാഹം കഴിക്കയില്ലെന്നു കരുതിയിരിക്കുന്ന ചില വയോവൃദ്ധന്മാരും, മൃതഭാര്യന്മാരും, സന്തോമായുടെ (കുഴിമാടത്തിലേക്കു) തീർത്ഥാടനം ചെയ്തിട്ടുള്ളവരും, അതിഭക്തന്മാരെന്നു സ്വയം കരുതിപ്പോരുന്നവരും തലമുടി മുറിക്കുന്നു.

വിവാദങ്ങളിൽ വൈദികാദ്ധ്യക്ഷൻെറ പക്കൽ ചെല്ലുന്നു. തർക്കം തീർക്കാനായി അദ്ദേഹം വിധിയാളരെ നിശ്ചയിക്കും. കക്ഷികൾ തങ്ങളുടെ ന്യായങ്ങളെ സംബന്ധിച്ചു വേണ്ടുന്നിടത്തോളം സമയം വാദിക്കുന്നു. രണ്ടുകൂട്ടരുടെയും ന്യായങ്ങൾ കേട്ടശേഷം വിധിയാളന്മാർ തീർപ്പുചെയ്യുന്നു. അതിന്മേൽ അപ്പീലില്ലാത്തതിനാൽ ഉപദ്രവംകൂടാതെ അടങ്ങിയിരിക്കുകയും ചെയ്യും. മരണത്തിന്നൊ രക്തച്ചൊരിച്ചിലിന്നൊ ആരെയും വിധിക്കുമാറില്ല. പണപ്രായശ്ചിത്തത്തിന്നു മാത്രമെ വിധിക്കുകയുള്ളൂ.

ഈ ജനങ്ങൾ മലയാളത്തിലെ നടപ്പുപോലെ കാതുകൾ കുത്തി വളർത്തുകയും, അവയിൽ കടുക്കങ്ങളും സ്വർണ്ണംകൊണ്ടുള്ള പല പണിത്തരങ്ങളും, കല്ലുകളും തൂക്കിയിടുകയും ചെയ്യുന്നു. ഉദയമ്പേരൂർ സൂനഹദോസ്സിൽ വെച്ചു, ഗോവ മെത്രാപ്പോലീത്താ കുറേ നാളത്തേക്കു ഈ പതിവു അവരുടെ ഇടയിൽനിന്ന് മാററുകയുണ്ടായി.

സ്ത്രീകളുടെ ഉടുപ്പിലും നടപ്പിലും വളരെ അട-

ക്കം ആചരിക്കപ്പെട്ടുന്നു. ഒരുതരം വെള്ള വിരിപ്പാവു കൊണ്ടു തലമുതൽ കാൽവരെ മൂടിയിരിക്കും. മെത്രാൻ പള്ളിയിൽ പ്രവേശിക്കുമ്പോൾ നല്ല പഠനംചെന്ന സന്ന്യാസിനികൾ എന്നു തോന്നാൻ തക്ക ക്രമത്തോടും ഒതുക്കത്തോടുംകൂടെ അദ്ദേഹത്തിൻെറ അടുത്തുചെന്നു കൈ മുത്തുന്നു.

ഈ ക്രിസ്ത്യാനികൾ ഏതെങ്കിലും ഒരു വൈദികൻെറ മുമ്പാകെവെച്ചു വിവാഹം കഴിക്കുന്നു.........നാട്ടാചാരം അനുസരിച്ചു മണവാളൻ ഒരു ചരടു മണവാട്ടിയുടെ കഴുത്തിൽ കെട്ടുകയും കീഴ്വഴക്കത്തിൻെറ അടയാളമായി അവളുടെ തല ഒരു വിരിപ്പാവിനാൽ മൂടുകയും ചെയ്യുന്നു.

അവർക്കു (ഈ ക്രിസ്ത്യാനികൾക്കു) മഹറോൻ വളരെ ഭയമുള്ളതായിരുന്നു. പള്ളിസംബന്ധമായ മററു ശിക്ഷകൾ അവർക്കറിവില്ല.

വൈദികർ· തങ്ങളുടെ വീട്ടിൽ കയറാതിരിക്കുന്നതു അവർക്കു വളരെ അവമാനമുള്ള കാൎയ്യമായിരുന്നു. ഈ ശിക്ഷ ചിലപ്പോൾ വൈദിക മേലദ്ധ്യക്ഷൻ നിശ്ചയിക്കാറുമുണ്ടു.

പള്ളിയോടു (തിരുസ്സഭയോടു)ള്ള ഐക്യത്തിൻെറ അടയാളമായി വൈദികന്മാരുടെ കൈ അവരുടെ (ഈ ക്രിസ്ത്യാനികളുടെ) ഉള്ളങ്കയ്യിൽ വെച്ചു ചുംബിച്ചിരുന്നു. അതിനു കസ്തൂരി (ദസ്തൂരി) കൊള്ളുന്നു എന്നാണു പറയുക. മഹറോനേററവർക്കും അനുസരണമില്ലാത്തവർക്കും ഇതനുവദിച്ചിരുന്നില്ല.

പുത്രിമാർക്കു പിതാക്കന്മാരുടെ മുതലിന്നു അവകാശമില്ലാ. ഈ മുറ ഉദയമ്പേരൂർ സൂനഹദോസിൽവച്ചു മെനേസ്സീസ്സ് മെത്രാപ്പോലീത്താ വിരോധിച്ചിട്ടുള്ളതാണു്.

പുത്രന്മാർ എട്ടാം വയസ്സിൽ അഭ്യാസക്കള

രിയിൽ പോകുന്നു. ഇരുപത്തഞ്ച്യ വയസ്സുവരെ അവിടെ അഭ്യസനം നടത്തും. ഇവരുടെ കല്യാണങ്ങൾക്ക എല്ലാവരും വാളും പരിചയും ധരിക്കും. ചിലർ വാളും കുന്തങ്ങളും ധരിക്കാറുണ്ട്. അവ പള്ളിയിൽ പ്രവേശിക്കുമ്പോൾ വച്ച്യ കളയുന്നു.

ശേഷം മലയാളി ഹിന്ദുക്കളെപ്പോലെ (തന്നെ) യാണു വസ്ത്രം ധരിക്കുന്നത്. അരമുതൽ മേൽഭാഗത്തേക്ക നഗ്നം. കണംകൈകളിൽ മുട്ടുവരെ പൊന്നിൻെറ വളകൾ ധരിക്കുന്നു. അരമുതൽ മുട്ടുവരെ ഒരുതരം പട്ടു പൊതിയുന്നു. ചിലർ അവ വളരെ വിലപിടിച്ചതരം എടുക്കാറുണ്ടു. പട്ടുനാടകൾകൊണ്ടു ചുററുകയും പൊൻ ചങ്ങലകൾ ധരിക്കുകയും ചെയ്യുന്നു. അവരുടെ കല്യാണങ്ങളിൽ പുരാതന രാജാക്കന്മാരാൽ (അവർക്ക) അനുവദിച്ചുകൊടുക്കപ്പെട്ടിട്ടുള്ള വളരെ പദവി വിശേഷങ്ങളും ഉപയോഗിക്കാറുണ്ട്. ഇവ മററു ഒരു ജാതിക്കാർക്കും അനുവദിച്ചുകൊടുത്തിട്ടില്ല.

ഈ ക്രിസ്ത്യാനികൾ മരിച്ചവർക്കുവേണ്ടി സദ്യ കഴിക്കുന്നു. അതു ചാത്തം എന്നു പറയുന്നു.

കല്യാണത്തിന്നു തലയിൽ വെള്ളിയും സ്വർണ്ണവുംകൊണ്ടുണ്ടാക്കിയ പൂക്കൾ ധരിക്കും. തലയിൽ ഒരു പട്ടുറുമ്മാൽ ധരിച്ച് അതിൻെറ തലകൾ ചുമലിൽ തൂക്കിയിടും. അരയിൽ ചുവന്ന നിറത്തിലുള്ള ഒരു പട്ടു കെട്ടാറുണ്ട്. അതു ചില്ലറപ്പണം വെററില മുതലായവ വെക്കുവാൻ ഉപയോഗിക്കാനാണ്.

ഈ അരപ്പട്ടയിൽ നല്ല മൂർച്ചയുള്ളതും നീളമുള്ള കൈപ്പിടിയോടുകൂടിയതുമായ ഒരു വാൾ മുൻവശത്തായി തിരുകിയിരിക്കും. കൈപ്പിടി സ്വർണ്ണംകൊണ്ടുണ്ടാക്കി കൊത്തുപണികൾ ചെയ്തതായിരിക്കും. ഇതിന്മേൽ തൂക്കിയിട്ടുള്ളതായ സ്വർണ്ണ തുരടുകളിന്മേൽ വാൾ മൂർച്ചപ്പെടുത്തുന്നതിന്നു ഉരുക്കുകൊണ്ടുണ്ടാക്കിയ ഒരായുധം,

ചുണ്ണാമ്പിടുന്നതിനുള്ള അടപ്പൻ, ചെവിത്തോണ്ടി ചവണ മുതലായവ തൂക്കിയിടുന്നു. സ്ത്രീകളുടെ ആഭരണങ്ങൾ മിക്കവാറും ഹിന്തുസ്ത്രീകൾ ധരിക്കാറുള്ളതുപോലുള്ളതാണു. വലത്തു കയ്യിന്മേൽ സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടും ഉണ്ടാക്കിയ കൊത്തുപണികളുള്ള വളകൾ ധരിക്കും. ഇവ സാധാരണ കട്ടിയിലിരിക്കാറാണ് പതിവു. പൊള്ളയാണെങ്കിൽ തരികൾ ഇടാറുണ്ടു. കാലിൽ വെള്ളിയൊ പിച്ചളയൊ കൊണ്ടുണ്ടാക്കിയ തണ്ടയിടും. (120)

പൊത്തുഗീസുകാർ പറയുന്നതായ ഈ മുറകൾ ലത്തീൻ സമുദായത്തിൽ ഉണ്ടായിരുന്നു. ഓരോ കാരണങ്ങൾമൂലം ഇടക്കാലങ്ങളിൽ ചിലതെല്ലാം നാമാവശേഷമായെങ്കിലും പലതിന്റെയും പ്രതിഛായ അവരുടെ ഇടയിൽ അടുത്തകാലംവരെ നിലനിന്നുപോന്നിട്ടുണ്ടു. മുടി വളർത്തി തലയുടെ ഉച്ചിയിൽ കെട്ടിവയ്ക്കുന്ന സമ്പ്രദായം ലത്തീൻരീതിക്കാരിൽ സമീപകാലംവരെ ഉണ്ടായിരുന്നു. പിന്നീടു അതു പിൻഭാഗത്തുവച്ചു കെട്ടുകയെന്നായി. അനന്തരം ("വട്ടമുടി") ചുമലിൽ വെച്ചു കത്രിച്ചു കളയുന്ന സമ്പ്രദായം വന്നു. പിന്നീടു അതും നിന്നുപോയി. എങ്കിലും ഈ സമ്പ്രദായങ്ങൾ ഇന്നും ചുരുക്കം ചിലരിൽ കാണുന്നുണ്ടു.

വിവാദകാര്യങ്ങൾ മേലദ്ധ്യക്ഷന്റെ തീർപ്പുകൊണ്ടുമാത്രമായിരുന്നല്ലൊ മുൻകാലങ്ങളിൽ അവസാനിപ്പിച്ചിരുന്നതു. ഗവർമ്മേണ്ടുകോടതികളെ ശരണംഗമിക്കുന്ന സമ്പ്രദായം കടന്നുകൂടിയതു പിൽക്കാലങ്ങളിലാണു. കാതു രണ്ടും കുത്തി കടുക്കനിടുന്ന പതിവു

(120) റവറണ്ട് ജെയിംസ് ഹോഫ് വിവരിച്ചിട്ടുള്ളതു. (കൊച്ചീരാജ്യചരിത്രം 1-22-472)

KOTTAYAM PUBLIC LIBRARY

മാറിയാണു ഒരു കാതുമാത്രം കുത്തി കടുക്കനിടുന്ന സമ്പ്രദായമുണ്ടായതു്. അതു് ചെയ്യുന്നവർ ഇപ്പോഴുമുണ്ടു്. ഇങ്ങനെ പതാരം, വിവാഹമുറ, ദസ്തൂരി കൊള്ളൽ, മേല്പട്ടക്കാരന്റെ മദ്ധ്യസ്ഥതയിൽ വിവാദകാര്യങ്ങൾക്കു് നിവൃത്തി നേടുക, പള്ളിയിൽ പോകുമ്പോൾ സ്ത്രീകളുടെ വസ്ത്രധാരണരീതി എന്നിവയുടെ സ്ഥിതി എല്ലാവർക്കും അറിവുള്ളതാണു്.

സ്ത്രീകൾ തണ്ട, അഥവാ തള, ധരിക്കുന്ന സമ്പ്രദായം ഇനിയും നാമാവശേഷമായിട്ടില്ല. കയ്യിൽ കൊത്തുപണിയുള്ള വള സാധാരണ ഉപയോഗിച്ചിരുന്നു. നാഴിവള, ചെറുതരം വള ഇങ്ങനെ അവ രണ്ടുതരം ഉണ്ടായിരുന്നു. കല്യാണത്തിന്നു സ്വർണ്ണവും വെള്ളിയുംകൊണ്ടുള്ള പൂക്കൾ ധരിക്കുന്ന പതിവു ഓർമ്മിക്കുന്നവർ ഇന്നും ജീവിച്ചിരിപ്പുണ്ടു. അരയിൽ ചുവപ്പു പട്ടു കെട്ടുന്ന സമ്പ്രദായം പൊത്തുഗീസുകാർക്കുവേണ്ടി ചരക്കു ശേഖരിക്കാൻ ഉൾനാട്ടിൽ പോയിരുന്ന പൂർവ്വ ക്രിസ്ത്യാനികൾ പണം സൂക്ഷിച്ചുവയ്ക്കാൻ തുടങ്ങിയ ഒരേർപ്പാടാണെന്നു ഐതിഹ്യമുണ്ടു. ഇതിന്മേൽ വാളുരുമ്മുന്നതിന്നുള്ള ഉപകരണങ്ങളും മററും കൊളുത്തുക, വാൾ ഉപയോഗിച്ചിരുന്ന കാലമത്രയും നടപ്പുണ്ടായിരുന്നു. വാൾ ലത്തീൻ ക്രിസ്ത്യാനികൾ സാധാരണ ധരിച്ചിരുന്നില്ലോ. *ബ്രിട്ടീഷുകാരുടെ ആഗമനത്തോടുകൂടെയാണു് ആയുധം ഒന്നും ധരിച്ചുനടന്നുകൂടെന്നു നിയമമുണ്ടായതു്. അതോടെ ഖഡ്ഗം ധരിച്ചു നടക്കുന്നമുറ മാറി, അതിന്നുപകരം ഒരുമാ

---

* നസ്രാണികൾ (ഈ പേരു ലത്തീൻറീത്തിൽ ചേർന്ന ശേഷവും പറഞ്ഞിരുന്നല്ലോ.) നായന്മാരിൽ ശ്രേഷ്ഠതയുള്ളവരാകയാൽ അവർ എപ്പോഴും വാൾ ധരിച്ചു നടക്കുന്നു. (മേജർ ഫേബർ ഡ്രൂരി pg. 103.




ഗാമ കണ്ട ക്രിസ്ത്യാനി.

(പെയിജ് 130 നോക്കുക.)

ത്തിരി പിശ്ശാങ്കത്തിയുടെ ആവിർഭാവമായി. പണ്ടു ഉപയോഗിച്ചിരുന്ന വാളും കുന്തവും കുറേക്കാലങ്ങൾക്കുമുമ്പുവരെ പല വീടുകളിൽ സാധാരണയായുണ്ടായിരുന്നു. അതിന്നുശേഷമുപയോഗിച്ചിരുന്ന പിശ്ശാങ്കത്തി കേരളീയ ക്രിസ്ത്യാനികളായ ലത്തീൻകാരിലും സുറിയാനിക്കാരിലും ചുരുക്കമായിട്ടെങ്കിലും കാണാം.

തലയിൽ പട്ടുറുമ്മാൽ ധരിക്കുന്നതും അടുത്ത കാലംവരെ ഒട്ടൊക്കെനടപ്പുണ്ടായിരുന്നു. ആ പട്ടുറുമ്മാൽ ക്രമേണ തോളിലേയ്ക്കു സ്ഥലം മാറുകയാണുണ്ടായത്. കുട്ടികളെ കളരികളിലയച്ചു ആയുധാഭ്യാസം ചെയ്യിക്കുന്ന സമ്പ്രദായംബ്രിട്ടീഷുകാരുടെ ആഗമനത്തോടെ സൈന്യസേവനം ആവശ്യമില്ലാതായപ്പോഴാണ് നിലയ്ക്കാൻ തുടങ്ങിയത്. ഡച്ചുകാരുടെ കാലത്ത് ഒരാൺകുട്ടി പിറന്നാൽ ഒരു നിശ്ചിത അവധിക്കകം കൊമ്മെൻദാന്തിയെ അറിയിക്കണമെന്നും മററും ചട്ടമുണ്ടായിരുന്നു. ആ കുട്ടിയെ ഏതു വിധമാണു വളർത്തുന്നതെന്നു ഗവർമ്മേണ്ടിൽനിന്നു അന്വേഷിക്കാറുമുണ്ടായിരുന്നു. നിർദ്ധനരാണെങ്കിൽ മൂന്നാം വയസ്സുമുതൽക്കു ഗവർമ്മേണ്ടിൽനിന്നു ഒരു സഹായധനം കുട്ടിക്കു കൊടുക്കും. എട്ടു വയസ്സാകുമ്പോൾ അവനെ കളരിയിൽ അയക്കണം; ഇരുപത്തഞ്ചു വയസ്സുവരെ അവിടെ ആയുധാഭ്യാസം ശീലിക്കണം. എന്നിങ്ങനെ ചട്ടവട്ടങ്ങൾ ഉണ്ടായിരുന്നതായി ഐതിഹ്യമുണ്ട്. "മുണ്ടുകാരെ പട്ടാളത്തിൽ അണി തഴക്കിയിരുന്നു." (121) എന്നു ഡോക്ടർ ഡേയും പ്രസ്താവിക്കുന്നുണ്ടു. പെൺമക്കൾക്കു അവകാശം കൊടുക്കുന്ന പതിവില്ലായിരുന്നതിനെ ഉദയമ്പേരൂർ സൂനഹദോസ് പ്രതിഷേധിച്ച വിവരം മുൻ കാണിച്ചിട്ടുണ്ടല്ലൊ. എങ്കിലും ചിലർ പഴയ മുറതന്നെ ആചരിക്കയും മററു ചിലർ അവകാശം കൊടുക്കയും

(121) പെരുമാൾ നാട്. 128.

ചെയ്തുപോന്നു.

ചേരമാൻ പെരുമാളിൽനിന്നു പൂർവ്വക്രിസ്ത്യാനികൾക്കു സിദ്ധിച്ച സ്ഥാനമാനങ്ങളും അവകാശാധികാരങ്ങളും ലത്തീൻകാരും, സുറിയാനിക്കാരും ഒരുപോലെ അവിഛിന്നമായും സ്വഛന്ദമായും അനുഭവിച്ചുപോന്നു. ആദ്യം പറഞ്ഞവയായ അധികാരങ്ങൾ ഇതിനുപരി കാണിച്ചിട്ടുണ്ടല്ലോ. സ്ഥാനമാനങ്ങളുടെ വിവരം തൃപ്പൂണിത്തുറ ഗ്രന്ഥവരിയിൽ ഉള്ളതിന്റെ ഒരു പകർപ്പു താഴെ ചേർക്കുന്നു.

"തണ്ടും, പല്ലക്കും, പരവധാനിയും, പഞ്ചപടം, വെഞ്ചാമര, ആലവട്ടം, തഴയും കുടയും, 'നടയും, നാലുവാക്കരവയും, തകിലും മുരിശും, ഭൈരവമദ്ദളവും പഞ്ചവാദ്യവും, അഞ്ചു വർണ്ണക്കുടയും, പകൽവിളക്കും, പാവാടയും, മണക്കോലവും, ഛണ്ഡയും, ഛണ്ഡമേൽക്കട്ടിയും ഉച്ചിപ്പൂവും, നെററിപ്പട്ടവും, കച്ചപ്പുറവും, മുൻകയ്യും, മുൻകയ്യിൽ പതക്കവും, തോൾവളയും വീരചങ്ങലയും, വീരതണ്ടും കാൽ ചിലമ്പും, ശങ്കും പൂഞ്ഞൂലും, ശങ്കുചക്രവും, ഇട്ടുപടിയും, നഗരത്തോരണവും, നന്തവിളക്കും, ഹസ്തകടകവും, കനകമുടിയും, മുടിക്കീഴാഭരണങ്ങളും, ആനമേൽ നീർമണ്ണു അഞ്ചുമൂലച്ചെല്ലും, ചെകൊമ്പും ആറുവെപ്പു പാച്ചിൽ മരം തേക്കും കുമ്പിളും ആഞ്ഞിലിയും നായും വലയും നായാട്ടും ആനയും കുതിരയും, വെരികു പുലി കിണററിൽ പന്നി, പടിയും പടിപ്പുരയും, ആലും ആൽത്തറയും ആൻമൂലം മുൻമൂലം, കൊടിയും വിരുതും, ഏടമ്പിരി വലമ്പിരി, പെരുമാളരും വെള്ളാളരുംകൂടി പൂവും നീരും വീഴ്ത്തിക്കൊടുത്തിരിപ്പൂ. ക്നായി തോമായ്ക്കും നസ്രാണികൾക്കും. ഇതിനു സാക്ഷി ആദിത്യനു. ചന്ദ്രനും അറികെ അന്നു നാട്ടുവാഴും ചേരമാൻ കോവിൽ, പെരുമാളരചൻ അരുളിച്ചെയ്തുമയ്ക്കു ഇളയരാജാ ഭവഗുണപ്പെരുമാളരു കയ്യെഴുത്തു."

(കൊല്ലം 911-ലെ ഗ്രന്ഥവരിയിൽ കണ്ടതു്.)

911-ാമാണ്ടിന്നു ക്രിസ്തുവർഷം ഏകദേശം 1735 ആയിരിക്കണം. അന്നു ഡച്ചുകാരുടെ ഭരണകാലമായിരുന്നുവല്ലൊ. പ്രസ്തുത കാലാവധിയിൽ ലത്തീൻ ക്രിസ്ത്യാനികളുടെ നടപടികാൎയ്യത്തിൽ കൊച്ചീഗവർമ്മെണ്ടുദ്യോഗസ്ഥന്മാർ പല തൎക്കങ്ങളും പുറപ്പെടുവിച്ചിരുന്നു. തദവസരത്തിൽ തർക്കനിവാരണത്തിന്നായി കൊണ്ടുചെന്ന ലക്ഷ്യം ഗ്രന്ഥവരിയിൽ ചേർത്തതായിരിക്കാം ഇതു് എന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. അങ്ങനെതന്നെ ഇതിലെ ഭാഷാരീതി ആദ്യം ഇതു കൊടുത്തപ്പോഴത്തേതൊ ഗ്രന്ഥവരിയിൽ ചേർത്ത അവസരത്തിൽ സുഗ്രാഹ്യതയ്ക്കുവേണ്ടി അതിലെ കാൎയ്യം എടുത്തു പറഞ്ഞിട്ടുള്ളതൊ എങ്ങിനെ എന്നും നിശ്ചയമില്ല.

ഈ പറഞ്ഞിട്ടുള്ളവയിൽ പലതും ലത്തീൻകാരിൽ ഉണ്ടായിരുന്നതായി പോൎത്തുഗീസുകാരുടെ രേഖകളിൽ ഉണ്ടു. അങ്ങനെതന്നെ ലത്തീൻ ക്രിസ്ത്യാനികൾ ഇവ സ്വച്ഛന്ദം അനുഭവിച്ചുപോന്നതു പലരും ഓൎക്കുന്നുമുണ്ടാവാം. ഇന്നത്തെ പരിഷ്ക്കാര പ്രാചുര്യംകൊണ്ടുപോലും എല്ലാം മാഞ്ഞുപോയിട്ടില്ല. മേല്പറഞ്ഞവ എങ്ങനെ തങ്ങളിൽ ഉണ്ടായി എന്നു് അനുസ്മരിപ്പിക്കാൻവേണ്ടിയാണു ഈ പകർപ്പു ഇവിടെ ചേർത്തിട്ടുള്ളതു്.

നോമ്പുകൾ

നോമ്പുകളെ സംബന്ധിച്ചിടത്തോളം ലത്തീൻകാരും സുറിയാനിക്കാരും തമ്മിൽ ചില ഭേദങ്ങളുണ്ടായിരുന്നെന്നു സമ്മതിക്കണം; ലത്തീൻകാരും അവരുടെ റീത്തുപരിവർത്തനംവരെ സുറിയാനി ക്രമത്തിൽ ചേർന്നവരെപ്പോലെതന്നെ നോമ്പുകൾ ആചരിച്ചുപോന്നവരാണു്. പക്ഷെ, ലത്തീൻ രീതിക്കാരായ പൊർത്തുഗീസുകാരുമായുള്ള സമ്പർക്കം നിമിത്തം അവരുടെ നോമ്പുകൾക്കും ക്രമേണ ചില പരിഷ്ക്കാരങ്ങളുണ്ടായി. ചിലർക്കു ലത്തീൻ ക്രമത്തോടു

വൈരസ്യം തോന്നാൻതന്നെയും ഇടവരുത്തുമാറു ലത്തീൻകാരുടെ ഇടയിൽ നോമ്പുകളുടെയും മററും കാൎയ്യത്തിൽ അത്ര വലിയ മാററങ്ങൾ സംഭവിച്ചു. എന്നാൽ ഈ വ്യതിക്രമങ്ങളെല്ലാമുണ്ടായിട്ടും പൂൎവ്വാചാരങ്ങളിൽ പലതും അവരിൽ അവശേഷിച്ചിരുന്നു എന്നതു പ്രത്യേകം വക്തവ്യമാണ്. ലത്തീൻരീതിക്കാരായ പാശ്ചാത്യർ അനുവർത്തിക്കാത്ത ചില ആചാരങ്ങൾ ഇവിടങ്ങളിലെ ലത്തീൻകാരിലുണ്ടു. വി. തോമസ് അപ്പോസ്തലന്റെ തിരുനാൾതന്നെ എടുക്കുക. ലത്തീൻകാരും തങ്ങളുടെ അപ്പോസ്തലന്റെ തിരുനാൾ മുൻകാലങ്ങളിൽ കടമുള്ള ദിനമായി ആചരിച്ചിരുന്നു. സുറിയാനിക്കാർ കൊണ്ടാടിയിരുന്ന രീതിയിലായിരുന്നില്ല എന്നേയുള്ളു. ഡിസമ്പർ 21-ാം തിയ്യതിയായിരുന്നു ലത്തീൻകാർ ആ തിരുനാൾ ആഘോഷിച്ചിരുന്നതു്. ഇന്നും അനുസ്മരിക്കുന്നതും. (122) ഇതുപോലെതന്നെ ദൈവജനനിയുടെ പിറവി (സെപ്ററമ്പർ 8-ാംനു-) ശുദ്ധീകരണം (ഫെബ്രുവരി 2-ാംനു-) മംഗലവാർത്ത (മാർച്ച് 25-ാംനു-) മുതലായ തിരുനാളുകളും കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ കടമുള്ള തിരുനാളുകളായി ആചരിച്ചുവന്നിരുന്നുവല്ലോ. എന്നാൽ അവയെല്ലാം പിന്നീടു മാററപ്പെടുകയാണുണ്ടായതു്.

ഇങ്ങനെ ഈ ക്രിസ്ത്യാനികളിൽ നിലനിന്നിരുന്ന സൈന്യസേവനം, സ്ഥാനമാനങ്ങൾ, സ്വതന്ത്രനില, എന്നിവപോലെതന്നെ ആചാരനടപടികളും അന്നു— പൊൎത്തുഗീസുകാരുടെ ഭരണാരംഭകാലത്തു്— അവരോടു ചേരുകയും അവരിൽനിന്നു സ്ഥാനമാനങ്ങൾ പ്രാപിക്കയും അവരുടെ സംരക്ഷണയിൽ തങ്ങളുടെ അവകാശങ്ങൾ ഏല്പിച്ചു അനുഭവിച്ചുപോരുകയും ചെയ്തവരുടെ

(122) 1879-ലെ പഞ്ചാംഗം.

സന്തതിപരമ്പരകളാണ് ഇവർ—ഇന്നത്തെ ലത്തീൻക്രിസ്ത്യാനികൾ—എന്ന വസ്തുത പ്രസ്പഷ്ടമാകുന്നു. )

# അദ്ധ്യായം ൧൦

കൊച്ചിയിൽ മാനസാന്തരാനുമതി ലഭിക്കുന്നതിന്നുമുമ്പ് ലത്തീൻരീതിക്കാരുടെ സ്ഥിതി—ഉദയമ്പേരൂർ സൂനഹദോസും ലത്തീൻകാരും— അനന്തരകാലങ്ങളിൽ സമുദ്രതീരപ്രദേശങ്ങളിലെ ക്രൈസ്തവരുടെ സ്ഥിതി

പൂർവ്വക്രൈസ്തവരുടെ സൈന്യസേവനം, പാശ്ചാത്യരുമായുള്ള കച്ചവട എടപാടുകൾ, സ്വാതന്ത്ര്യനില എന്നിവയ്ക്കും പുറമെ പൂർവ്വാചാരങ്ങളും ലത്തീൻരീതി സ്വീകരിച്ചവരിൽ ഉണ്ടായിരുന്നുവെന്നു കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടുവല്ലൊ. ഇവയെല്ലാംകൊണ്ടും പൂർവ്വക്രൈസ്തവരിൽ ഒരു ഭാഗം ലത്തീൻരീതി സ്വീകരിച്ച് അവരുടെ സന്തതികൾ പരമ്പരയാ ഒരു പ്രബലസമുദായമായി നിലനിന്നുപോന്നു എന്നു നിസ്തർക്കം തെളിയുന്നുണ്ട്. കൊച്ചിയിൽ, ലത്തീൻരീതിയനുസരിച്ചവർ വസിച്ചിരുന്ന ഭാഗങ്ങളിൽ, മാനസാന്തരാനുമതി ലഭിക്കുന്നതിന്നുമുമ്പുള്ള സ്ഥിതിഗതികൾ, ഉദയമ്പേരൂർ സൂനഹദോസിൽ ലത്തീൻരീതിക്കാർക്കുണ്ടായിരുന്ന സ്ഥാനം, സമുദ്രതീരപ്രദേസങ്ങളിലെ ക്രൈസ്തവരുടേയും ക്രൈസ്തവദേവാലയങ്ങളുടേയും സ്ഥിതി, എന്നിവയാണ് ഇനി പ്രസ്താവിക്കാ

നുള്ളത്.

മാനസാന്തരാനുമതി ലഭിക്കുന്നതിനുമുമ്പു കാണുന്ന ലത്തീൻക്രിസ്ത്യാനികൾ

ഇടക്കൊച്ചിയിൽ കായലോരത്തായി ജ്യോതിഷവിദഗ്ദ്ധന്മാരുടെ നാമത്തിൽ, പൊർത്തുഗീസുകാർക്കുണ്ടായിരുന്ന കസ്റ്റേള്ള (കോട്ട)യുടെ സമീപം സ്ഥിതിചെയ്തിരുന്ന ദേവാലയത്തിൽ ഒരു ഡോമ്മിനിക്കൻ സന്യാസി പലവർഷക്കാലം അധിവസിച്ചിരുന്നു. ഇദ്ദേഹം വളരെപ്പേരെ ക്രിസ്തുമതത്തിൽ ചേർക്കുകയുമുണ്ടായി. പിന്നീടു അവിടുത്തെ ക്രിസ്ത്യാനികളിൽ ചിലരുടെ വിരോധവും ഉപദ്രവവും നിമിത്തം പള്ളിയുടെ ഭരണം മെത്രാനിൽ സമർപ്പിച്ചുകൊണ്ടു അദ്ദേഹം മടങ്ങിപ്പോയി. (123)

1535-ൽ ദോംഗവാത്തെ മെനേസ്സസ്സ് എന്നദേഹം വൈസ്രോയിആയി വന്നപ്പോൾ കൊച്ചിയിലെ കോളേജിൽ ലത്തീൻപഠിക്കുന്ന മുന്നൂറു കുട്ടികളുണ്ടായിരുന്നു. അവർ വൈദികവസ്ത്രം മാററി സൈനികവസ്ത്രംധരിച്ചു വൈസ്രോയിയെ എതിരേല്ക്കാൻപോയി. (124) കൊച്ചിയിൽ ഗോവമെത്രാൻെറ കീഴ സെയിൻറു് തോമായുടെ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നതായി വി. സേവ്യർ സാക്ഷീകരിക്കുന്നുണ്ടു്. (125)

ഈ വിശുദ്ധൻെറ സഞ്ചാരത്തിന്നിടയിൽ നടന്നവേറൊരു സംഭവംകൊണ്ടും അന്നു പൊർത്തുഗീസുകാരുടെകീഴിൽ ലത്തീൻറീത്തുകാരായ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നുതെളിയുന്നുണ്ടു്. അതായതു്: വി. സേവ്യർ ജാപ്പാനിലേയ്ക്കു പോയിരുന്ന അവസരത്തിൽ കൊച്ചി പട്ടണത്തിലെ ക്രിസ്ത്യാനികൾ തങ്ങളുടെ ഒരു വിദ്യാലയവും

---

(123) എത്യോപ്യ ഒരിയെന്താൾ. 138

(124) അദ്ധ്യായം ൭. നോക്കുക.

(125) ടി. ടി. 126

ദേവാലയവും ജെസ്യൂവിററു സഭാംഗങ്ങൾക്ക് ഏല്പിക്കാൻ നിശ്ചയിച്ചു; അതിന്നുവേണ്ട ഏർപ്പാടു ചെയ്കയുണ്ടായി. ഇതു സ്വീകരിക്കുന്നതിന്ന് അന്തോനിയോ ഗോമസ് പാദ്രി കൊച്ചിയിൽ വരികയും അവിടുത്തെ കൊമ്പ്രയ്യക്കാരിൽനിന്ന് പ്രസ്തുത വിദ്യാലയവും അതിനോടുചേൻ ദൈവജനനിയുടെ നാമത്തിൽ ഉണ്ടായിരുന്ന ദേവാലയവും ഏറെറടുക്കുകയും ചെയ്തു. അധികംനാൾ കഴിയുന്നതിന് മുമ്പു ഗോമസ് പാദ്രിയുടെ നയവൈകല്യം നിമിത്തം ദർശനസമൂഹക്കാർ ഭിന്നിച്ച്, പ്രസ്തുത വിദ്യാലയവും ദേവാലയവും തങ്ങൾക്ക് മടക്കികിട്ടണമെന്നു ആവശ്യപ്പെട്ടു. സ്വതവേ തീക്ഷ്ണസ്വഭാവിയായിരുന്ന ഗോമസ്പാദ്രിയാകട്ടെ, അതുകൾ വിട്ടുകൊടുക്കുകയില്ലെന്നു വാദിക്കുകയായി. മാത്രമല്ല, വിദ്യാലയവും മററും വീണ്ടെടുക്കാൻ പരിശ്രമിച്ചവരിൽ പ്രധാനികളെ ഗവണ്ണർവഴിയായി പിടിച്ചു കാരാഗൃഹത്തിൽ ബന്ധിക്കുകയും ചെയ്തു. ഇതുയുമായപ്പോൾ അവിടങ്ങളിലെ ക്രിസ്ത്യാനികൾ വല്ലാതെ ക്ഷോഭിച്ചു. പക്ഷെ ഭാഗ്യവശാൽ വി. ഫ്റാൻസീസ് സേവ്യർ ആയിടെ (1552–ജനുവരി 24-ാംനു-) കൊച്ചിയിൽ വന്നിറങ്ങാനിടയായി. വിശുദ്ധൻ ഈ വിവരങ്ങൾ അറിഞ്ഞ ഉടനെ ഗവർമ്മേണ്ടധികാരിയേയും ദർശനസമൂഹക്കാരെയും * വിളിച്ചുക്കൂട്ടി താൻ ഒരു കുററക്കാരനെന്നോണം ജനങ്ങളുടെ മുമ്പിൽ മുട്ടുകുത്തി പള്ളിയുടെ താക്കോൽ കയ്യിൽവച്ചുകൊണ്ടു് അതേവരെ നട

---

* ൧൮൧൦-ൽ– മില്ലേസ്സ്യൂസ് പ്രന്തർഗാസ്റ്റ എന്ന വികാരി അപ്പസ്തോലിക്കാ റോമയിൽനിന്ന വാഴ്ചയേററു വരുന്നതിനുമുമ്പു സുറിയാനിപള്ളികളിൽ കൊമ്പ്രയ്യ (ദർശനസമൂഹം) ഇല്ലായിരുന്നുവെന്നു സുറിയാനിക്കാരിൽ നിഷ്പക്ഷബുദ്ധികളായ എഴുത്തുകാർ സമ്മതിച്ചിട്ടുള്ളതാണ്.

(1) ക. ദി. മൂ. സഭയുടെ സ്ഥാപകപിതാക്കന്മാർ. pg ൻ.

ന്ന അനിഷ്ടസംഭവങ്ങളെക്കുറിച്ച് അവരോട് ക്ഷമാപണം ചെയ്തു. മാത്രമല്ല, ജനങ്ങൾ പൂർണ്ണമനസ്സോടുകൂടെ കൊടുക്കുന്നതൊഴികെ മറെറാന്നും തങ്ങളുടേതാക്കാനുള്ള ആഗ്രഹം തനിക്കില്ലെന്നു പറഞ്ഞുകൊണ്ടു വിശുദ്ധൻ താക്കോൽ അവർക്കു മടക്കിക്കൊടുക്കുകയും ചെയ്തു. വി. ഫ്രാൻസിസ് സേവ്യറിനെപ്പോലുള്ള ഒരു പുണ്യാത്മാവിൻെറ ഈദൃശമായ വിനയവും സാധുത്വവും കണ്ടാൽ ആരുടെ ഉള്ളമാണ് ഇളകാത്തത്. ജനങ്ങൾ തങ്ങളുടെ അവകാശവാദം പിൻവലിച്ചു. ആ ദേവാലയവും വിദ്യാലയവും ജെസുവിററുസഭക്കാർക്കു ശാശ്വതമായി വിട്ടുകൊടുക്കുകയും ചെയ്തു. (126)

1552 വരെയുള്ള സ്ഥിതി നാം കണ്ടുകഴിഞ്ഞു. ഇനി നമുക്കു കുറേക്കൂടി കടന്നു 1599-ൽ നടന്ന ഉദയമ്പേരൂർ സൂനഹദോസിൽ ലത്തീൻകാരുടെ സ്ഥിതി എന്തായിരുന്നു എന്നു പരിശോധിക്കാം. ഈ സൂനഹദോസിൽ ലത്തീൻകാരായ വൈദികർ, വൈദികവിദ്യാർത്ഥികൾ, എടവക ജനങ്ങൾ എന്നിവർ സംബന്ധിച്ചിരുന്നു എന്നും അവർക്കു ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു എന്നും മററും കാണിച്ചിട്ടുണ്ടല്ലൊ. (അദ്ധ്യായം അഞ്ചു നോക്കുക.) പ്രസ്തുത അവസരത്തിൽ മെനേസ്സീസ് മെത്രാപ്പോലീത്താ ലത്തീൻ റീത്തിലുള്ള മലയാളി വൈദികന്മാരെ വിളിച്ചു, ഡെക്രേത്തുകളെ തർജ്ജിമ ചെയ്യിച്ചു. വൈപ്പിക്കോട്ടയിലും കൊടുങ്ങല്ലൂരും പഠിച്ച ലത്തീൻകാരായ വൈദികവിദ്യാർത്ഥികൾ ലത്തീൻ റീത്തിൽ പട്ടമേല്ക്കാൻ അവിടെ ഹാജരുണ്ടായിരുന്നു.

ഉദിയമ്പേരൂർ സൂനഹദോസിൽ ലത്തീൻകാർ

കത്തനാരന്മാരെയും പൊർത്തുഗീസു പ്രധാനികളേ

(126) S. Francisco Saverio e i su'i Viaggi nelle India Dael P. Guiseppe Massai, pg 211.

യുംകൂടാതെ റോമൻ ക്ലേർജിമാരുടെ(വൈദികസമൂഹം) ഗണ്യമായ ഒരു സംഖ്യ ഉണ്ടായിരുന്നു. തിരുകർമ്മങ്ങൾ നടത്തുന്നതിന്നു രണ്ടു റീത്തുകാർക്കും സമയം നിശ്ചയിച്ചിരുന്നു. എന്നിവയെല്ലാം തദവസരത്തിൽ ലത്തീൻ രീതിക്കാരുടെ സ്ഥിതി എന്തായിരുന്നു എന്നു സ്പഷ്ടമായി കാണിക്കുകയാണു ചെയ്യുന്നതു്. (127)

തീരപ്രദേശങ്ങളിലെ ക്രൈസ്തവരുടെ സ്ഥിതി

മുകളിൽ കാണിച്ചിട്ടുള്ളവ കൊണ്ടു ഉദയമ്പേരൂർ സൂനഹദോസു വരെ ലത്തീൻകാരുടെ സ്ഥിതിഗതികൾ കുറെഞ്ഞൊന്നു വിശദമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു. ഇനി തീരപ്രദേശങ്ങളിലെ ക്രൈസ്തവരുടെയും ക്രൈസ്തവദേവാലയങ്ങളുടെയും സ്ഥിതികൂടെ ഗ്രഹിക്കേണ്ടിയിരിക്കുന്നു. അതിൽനിന്നു ഈ ദേശവിഭാഗങ്ങളിലെ ക്രൈസ്തവരിൽ ഒരു വലിയ പങ്കും ലത്തീൻരീതി സ്വീകരിച്ചു ലത്തീൻകാരായിത്തീർന്ന പൂർവ്വക്രൈസ്തവരാണെന്ന വസ്തുത ഒരു ചിത്രത്തിൽ എന്നപോലെ കാണാവുന്നതാണ്. ആ വിവരം കീഴെ കാണിക്കുന്നു.

1767-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ കീഴുണ്ടായിരുന്ന ലത്തീൻ പള്ളികൾ. *

| പള്ളിയുടെ പേരു് | | ജനസംഖ്യ |
|---|---|---|
| 1. | മട്ടാഞ്ചേരി. | 5,300 |
| 2. | എടക്കൊച്ചി. | 2,400 |
| 3. | വെണ്ടുരുത്തി. | 1,400 |

(127) അദ്ധ്യായം അഞ്ചു നോക്കുക.

* Status Archidiœcesis Verap. Pg. 7.

| പള്ളിയുടെ പേരു് | ജനസംഖ്യ |
|---|---|
| 4. സൌദി. | 4,500 |
| 5. മാനാശ്ശേരി. | 5.000 |
| 6. എറണാകുളം.[2] (ലത്തീനും സുറിയാനിയും) | 2,240 |
| 7. ചാത്യാത്തു്. | 1,300 |
| 8. വരാപ്പുഴ.[3] (ലത്തീനും സുറിയാനിയും.) | 5.900 |
| 9. ചേറമഖ്വാ[4] | 1.050 |
| 10. മതിലകം. | 500 |
| 11. ക്രാങ്കന്നൂർ. (കൊടുങ്ങല്ലൂർ) | 1,500 |
| 12.. പള്ളിപ്പുറം. | 880 |
| 13. കരിങ്ങുങ്കൽ. | 2,000 |
| 14. വല്ലാർപാടം. | 1,140 |
| 15. വൈപ്പിൽ. | 7,000 |
| 16. തുമ്പോളി. | 400 |
| 17. കാട്ടൂരു്. | 380 |
| 18. അഞ്ചുങ്കൽ. | 3,500 |
| 19. തങ്കി. | 650 |
| 20. മനക്കോടം. | 1,000 |
| ആകെ. | 48,040 |

1 Ha[illegible] ecclesia habebat et Oratorium in Permanuur, quod

എറണാകുളം പള്ളി എടവകയിൽനിന്നു 1821-ൽ ലത്തീൻകാർ പിരിഞ്ഞുപോയശേഷം, 1833-ൽ, ടി. പള്ളിയിൽ സുറിയാനി റീത്തുകാരായുണ്ടായിരുന്നതു 260 പേരാണ്. വരാപ്പുഴ ഇടവകയിൽ സീരിയൻ രീതിക്കാരുടെ 60 ഭവനങ്ങൾ ടി. 1767-ൽ ഉണ്ടായിരുന്നതായിട്ടാണ് പറയപ്പെട്ടിട്ടുള്ളതു്. ഇവയിൽ എല്ലാത്തിലുമായി അറുനൂറോ എഴുനൂറോ പേർ ഉണ്ടായിരിക്കും എന്നു വയ്ക്കുക. ഇങ്ങനെ എറണാകുളത്തും വരാപ്പുഴയുമായി ആയിരത്തിൽ (1,000) താഴെ ജനം മാത്രമെ അന്നു ഈ പറഞ്ഞ പള്ളികളുടെ പരിധികളിൽ സുറിയാനി റീത്തിൽനിന്നവരായുണ്ടായിരുന്നുള്ളു.

ഇനി പൊൎത്തുഗീസുകാരുമായി സംസൎഗ്ഗമുണ്ടായിരുന്ന ചേററുവാ മുതൽ അൎത്തുങ്കൽ വരെയുള്ള തീരപ്രദേശങ്ങളിൽപെട്ട സുറിയാനി പള്ളികളിലെ സ്ഥിതി എന്തെന്നു നോക്കാം.

---

erectum est in semi-parochiam post an. 1870.

2 Ista ecclesia populis constabat utriusque ritus Latini et Syriani. quamvis a Latinis aedificata. Circa an. 1820, Latini sibi aedificaverunt aliam ecclesiam, St. Francisci Assi. et istam Syrianis solis reliquerunt. Dein Latini subdivisi sunt et alteram a fundamentis erexerunt ecclesiam Infantis Jesu, ita ut in civitate Ernaculam intra spatium quadrantis horae et in eadem linea tres existant ecclesiae, quarum prima ad Syrianos pertinet, secunda ad Latinos septingentos, ita dictos, tertia ad Paranghi vel Eurasianos. Ex quatuor sacerdotibus duo erant Latini, et duo Syriani.

3 Intra limites hujus semi-Parroehiae erant tum sexaginta criciter familiae Syrianorum, qui sibi an. 1788 aedificaverunt ecclesiam in Manampadi, quae modo Puttampalli dicitur.

4 Haec ecclesia existebat ad septentrionem ecclesiae Matilacma circaca decem leucis distans; et a Tipu Sultano funditus destructa in fine seeculi praeteriti, nec restaurata fuit.

1767-ൽ ചേററുവാമുതൽ അർത്തുങ്കൽവരെയുള്ള തീരപ്രദേശങ്ങളിലെ സുറിയാനിപ്പള്ളികൾ. *

| പള്ളിയുടെ പേരു്. | | ജനസംഖ്യ |
|---|---|---|
| 1. | ഞാറക്കൽ | 1,140 |
| 2. | പള്ളുരുത്തി | 230 |
| 3. | എടപ്പള്ളി | 80 |
| 4. | വടക്കൻ പറവൂർ | 250 |
| 5. | കണ്ടനാട്ടു് | 280 |
| 6. | മുട്ടം | 3,800 |
| 7 | പൊറക്കാട്ടു് | 140 |
| | ആകെ | 5,920 |
| | ലത്തീൻ പള്ളികളുടെ സംഖ്യയിൽ ചേർത്തിരിക്കുന്നതായി മുകളിൽ കാണിച്ചിട്ടുള്ള പള്ളികളിലുള്ള സുറിയാനിക്കാരുടെ സംഖ്യ. ഉദ്ദേശം | 1,000 |
| | ടി രണ്ടുതുകയുംകൂടി ആകെ | 6,920 |

1767-ൽ തീരപ്രദേശങ്ങളുടെ സ്ഥിതി മുകളിൽ കാണിച്ചിട്ടുള്ള പട്ടികകൊണ്ടു സ്പഷ്ടമാകുന്നുണ്ടല്ലോ. അതായതു്: ലത്തീൻറീത്തുകാർ 47,040. സുറിയാനിറീത്തുകാരായി ഉള്ളവർ ആകെ 6,920.

* അന്നു വരാപ്പുഴയുടെ വികാരി അപ്പസ്തോലിക്കായുടെ കീഴിൽ ഉണ്ടായിരുന്ന മററു സുറിയാനിപ്പള്ളികളുടെ വിവരം ഇവിടെ കാണിക്കുന്നില്ല. പൊർത്തുഗീസുകാരുടെ സാഹചര്യത്തിൽ ഇരുന്ന തീരപ്രദേശങ്ങളിലെ സ്ഥിതി മാത്രമെ കാണിച്ചിട്ടുള്ളു.

പൊർത്തുഗീസുകാരുടെ ആഗമനനാളിൽ കൊടുങ്ങല്ലൂർ, മട്ടാഞ്ചേരി, പള്ളുരുത്തി, മതിലകം മുതലായ സ്ഥലങ്ങളിൽ പൂർവ്വക്രൈസ്തവരുടെ പള്ളികൾ ഉണ്ടായിരുന്നതായി പറയപ്പെടുന്നുണ്ട്. പൊർത്തുഗീസുകാരുടെ വരവിനുശേഷം പല ക്രൈസ്തവ കുടുംബങ്ങളും കൊച്ചിയിൽ കുടിയേറി പാർത്തിട്ടുള്ളതായി അറിയാം. കൊടുങ്ങല്ലൂർ, കൊച്ചി മുതലായ സ്ഥലങ്ങളിലും പരിസരങ്ങളിലുമായി പൂർവ്വക്രൈസ്തവർക്കുവേണ്ടി എട്ടൊമ്പതു പള്ളികൾ പ്രസ്തുത ഘട്ടത്തിൽ സ്ഥാപിതമായിട്ടുണ്ട്. എന്നിട്ടും ഈ ഭാഗങ്ങളിലുള്ള കത്തോലിക്കാ ജനസംഖ്യയിൽ കാണുന്ന ഈ വ്യത്യാസം—ലത്തീൻകാരുടെ ധാരാളതയും സുറിയാനിക്കാരുടെ പരിമിതാവസ്ഥയും—ഏതൽപ്രദേശങ്ങളിലെ പൂർവ്വ ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും, അവരുടെ പല പള്ളികളും ലത്തീൻറീത്തിലുൾപ്പെട്ടു എന്നു വിളിച്ചറിയിക്കുകയാണ് ചെയ്യുന്നത്.

വിശേഷിച്ചും വരാപ്പുഴ രൂപതയിൽ ഉണ്ടായിരുന്ന ലത്തീൻകാരുടെ സ്ഥിതി വൈദികാധിപത്യത്തിലുള്ള ഔദ്യോഗിക രേഖകളിൽ കാണുന്നതിൽനിന്നു വ്യത്യസ്തമായിട്ടാണ് രാഷ്ട്രീയ റിക്കാർട്ടിൽ കാണുന്നത്. രൂപതാറിക്കാർട്ടിൽ 47,040 എന്നു കാണുന്നുണ്ടല്ലൊ. ഒരു കർമ്മലീത്താ മിഷ്യനറിയായ ദിവ്യശ്രീ ഫാദർ പൌലീൻ 1794-ൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ചരിത്രത്തിൽ അന്നു ലത്തീൻകാർ വരാപ്പുഴ അതിരൂപതയിൽ അറുപതിനായിരം എന്നാണ് പറയുന്നത്. (ടി. ചരിത്രം 119-ാം പുറം) ഇതിന്നു മിക്കവാറും അടുത്ത അവസരത്തിൽ 1787-ൽ ഡച്ചുകാരുടെ മേൽക്കോയ്മയിൽ ഇരുന്ന ജനങ്ങളുടെ—ആവശ്യപ്പെട്ടപ്പോൾ ആയുധം ധരിച്ചു യുദ്ധത്തിന്നു പോകയും പട്ടണത്തെ സംരക്ഷിക്കുകയും മററും ചെയ്യുവാൻ ബാദ്ധ്യസ്ഥരായ—ഈ ബാദ്ധ്യത സത്യം ചെയ്തു കയ്യേല്ക്കുന്ന—ജനങ്ങളുടെ സം

ധ്യ 36,000 എന്നാണു് കാണുന്നതു്. (128) അതിനാൽ മാനസാന്തരപ്പെട്ടു ലത്തീൻരീതിയിൽ ചേർന്നവരിൽ എല്ലാവരും ഈ ജനവിഭാഗത്തിൽ പെട്ടിരുന്നില്ല. അവക്ക് ബോദ്ധ്യമുള്ളവരെ മാത്രമെ അന്നു അവരുടെ ഗണത്തിൽ ചേർത്തിരുന്നുള്ളൂ. ഇവരെക്കൂടാതെ വേറെയും ജനം ലത്തീൻകാരായി വരാപ്പുഴരൂപതയിൽ അന്നുണ്ടായിരുന്നു എന്നാണു് മനസ്സിലാക്കേണ്ടിയിരിക്കുന്നതു്.

## അദ്ധ്യായം ൧൧

കേരളത്തിന്റെ ഇതര ഭാഗങ്ങളിലെ സ്ഥിതി—കൊല്ലത്തെ ഒന്നാമത്തെ ലത്തീൻ രൂപത—പൊത്തുഗീസുകാരുടെ ആഗമനാനന്തരം അവിടത്തെ സ്ഥിതി.

കേരളത്തിന്റെ ഇതര ഭാഗങ്ങളിലെ സ്ഥിതി

കൊച്ചി കൊടുങ്ങല്ലൂർ എന്നീദേശഭാഗങ്ങളിലും അവയുടെ പരിസരങ്ങളിലുംനിന്നു ലത്തീൻരീതിയിൽ ചേർന്നവരുടെയിടയിൽ നടന്ന സംഗതികളാണല്ലോ ഇതുവരെ വിവരിച്ചതു്. ലത്തീൻരീതിക്കാരുടെ കേന്ദ്രസ്ഥാനമായിരുന്ന ഇവിടങ്ങളിൽനിന്നു കിട്ടിയിട്ടുള്ള ലക്ഷ്യങ്ങളും അതുകളെ ആസ്പദമാക്കി നടത്തിയ പ

(128) കൊച്ചീ രാജ്യചരിത്രം. 2. 13. 478.

യ്യന്വേഷണഫലമായി ലഭിച്ച അറിവും അവലംബമാക്കിയാണ് ഇത്രയും വിവരിച്ചിട്ടുള്ളത്. വടക്ക കോഴിക്കോട്ട, തലശ്ശേരി, കണ്ണൂരു മുതലായ സ്ഥലങ്ങളിലും, തെക്ക അർത്തുങ്കൽ കൊല്ലം മുതലായ സ്ഥലങ്ങളിലും അവയുടെ പരിസരങ്ങളിലും തിരുവനന്തപുരത്തും ലത്തീൻരീതി സ്വീകരിച്ച പൂർവ്വക്രൈസ്തവർ ഉണ്ടായിരുന്നതായി കാണുന്നുണ്ട്. വടക്കഭാഗങ്ങളിലുണ്ടായിരുന്നവർ ടിപ്പുവിൻെറ ആക്രമണാവസരത്തിൽ കൊല്ലപ്പെട്ടും, നാട്ടുവിട്ടോടിയും അടിമകളായി പിടിക്കപ്പെട്ടും പോയിട്ടുണ്ട്. നാട്ടുവിട്ടുപോയവരിൽ എത്രപേർ രണ്ടാമതും അവിടെ കുടിപാൎത്തിട്ടുണ്ട എന്നറിവില്ല. തെക്കഭാഗങ്ങളിൽ, പ്രത്യേകം കൊല്ലത്തു, ലത്തീൻരീതിയിലേക്കുള്ള ഈ പരിവൎത്തനം അധികമായി സംഭവിച്ചിട്ടുണ്ടെന്നാണ് കാണുന്നത്.

കൊച്ചിയിൽ ലത്തീൻ റീത്തു ആവിർഭവിച്ചതു 16-ാം നൂററാണ്ടിൻെറ ആരംഭഘട്ടത്തിൽ പൊർത്തുഗീസുകാരുടെ വരവോട്ടുകൂടിയാണ്. എന്നാൽ കൊല്ലത്തു 13-ാം നൂററാണ്ടിൽ ലത്തീൻറീത്തിൻെറ ആവിർഭാവം ഉണ്ടായിട്ടുണ്ട്. (അദ്ധ്യായം 1 നോക്കുക) 14-ാം നൂററാണ്ടിൽ അവിടെ ഒരു ലത്തീൻരൂപതതന്നെ സ്ഥാപിതമായിരുന്നതായിട്ടാണ് വത്തിക്കാനിലെ രേഖകൾകൊണ്ടു തെളിയുന്നതു്. 22-ാം ജോൺപാപ്പാ 1329 ആഗസ്റ്റ് 9-ാം തിയ്യതി "കൊളമ്പം" (Dioccesis Columbensis) എന്ന പേരിലാണ് കൊല്ലത്തെ ഒരു രൂപതയാക്കിയതു്. ("കൊളമ്പം" എന്നു ഇവിടെ പറയുന്നതുകൊണ്ടു സിലോൺ ദ്വീപിലെ കൊളമ്പാണെന്നു ആരും തെററിദ്ധരിക്കരുതെന്നു ചരിത്രകാരൻ പ്രത്യേകിച്ചു അനുസ്മരിപ്പിച്ചിട്ടുണ്ടു.) ഈ രൂപതയുടെ പ്രഥമ മെത്രാൻ സെവരാക്കൂസ് (Severacus) സ്വദേശിയും ഡൊമ്മിനിക്കൻ സഭാംഗവുമായിരുന്ന യോർദ്ദാനൂസ് കത്തലാനി

(Jordanus Cathalani) യായിരുന്നു. 1329 ആഗസ്റ്റ് 21-ാം തിയ്യതിയാണ് ഇദ്ദേഹം പ്രസ്തുത രൂപതമേലദ്ധ്യക്ഷനായി നിയമിക്കപ്പെട്ടതു്.

ഇദ്ദേഹത്തെ യഥോചിതം സ്വീകരിച്ചു അനുസരണമുള്ളവരായി ജീവിക്കുന്നതിന്നു അന്നത്തെ ക്രൈസ്തവ പ്രധാനികൾക്കും, ഇദ്ദേഹത്തിന്നു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നതിന്നു പ്രധാന നാട്ടുവാഴികൾക്കും പരിശുദ്ധ പിതാവു ലേഖനങ്ങൾ അയച്ചിട്ടുണ്ടു്.

കൊളുമ്പം (കൊല്ലം) രൂപതയിലും പട്ടണത്തിലും ഉള്ള ക്രൈസ്തവർ യോർദ്ദാന്തൂസ് മെത്രാനെ സ്വീകരിച്ചു, അദ്ദേഹത്തെ അനുസരിച്ചു യഥാർത്ഥ ക്രിസ്തീയജീവിതം നയിക്കുന്നതിന്നു ഉപദേശിക്കുന്നതായ ഒരു ലേഖനം (1329 ആഗസ്റ്റ് 21-ൽ) പരി: പിതാവു അയച്ചിട്ടുണ്ടു്.

യോർദ്ദാൻ മെത്രാനെയും, ഡൊമ്മിനിക്കന്മാരും ഫ്റാൻസീസ്കന്മാരുമായ സന്ന്യാസികളെയുംപററി 1329 ആഗസ്റ്റ് 25-ൽ ഇൻഡ്യ മുഴവനിലുമുള്ള ക്രൈസ്തവർക്കും ടി. വത്സരത്തിൽത്തന്നെ സെപ്ററമ്പർ 11-ൽ യോർദ്ദാന്തൂസ് മെത്രാനെയും ഇൻഡ്യയിലെ മററു മെത്രാന്മാരെയും പററി ശുപാർശ്ശ (Recommend) ചെയ്തുകൊണ്ടു ഡൽഹിയിലെ രാജാവിന്നും, അതേ തിയ്യതിയിൽത്തന്നെ ഒരു ലേഖനം കൊളുമ്പത്തിലെ (കൊല്ലത്തെ) നാട്ടുവാഴിക്കും പരിശുദ്ധപിതാവു അയച്ചിട്ടുണ്ടു.

അന്നു (മദ്ധ്യയുഗങ്ങളിൽ) കത്തേയി (Cathay) എന്ന പേരിൽ അറിയപ്പെട്ടിരുന്ന ചൈനയിലെ ഭരണാധികാരിക്കയച്ച ഒരു ലേഖനത്തിലും കൊളുമ്പയിലെ മെത്രാനായ യോർദ്ദാന്തൂസിനേയും മററു മെത്രാന്മാരെയും പററി പറഞ്ഞുകാണുന്നുണ്ടു്.

എത്യോപ്യയിലെ (ഗംഗാനദിക്കപ്പുറത്തുള്ള ഭാ

ഗങ്ങൾ അന്നു എത്യോപ്യയെന്നാണു പറയപ്പെട്ടിരുന്നു്. അബിസീന്യയല്ല.) അധിപന്നു 1329 സെപ്റ്റംബർ 11-ൽ അയച്ച ഒരു ലേഖനത്തിലും ഫ്റാൻസിസ്കന്മാരും ഡോമ്മിനിക്കന്മാരുമായ സന്യാസികളേയും കൊള്ളമ്പയിലെ മെത്രാനായ യോർദ്ദാൻ കത്തലാനിയേയും ഭരമേല്പിക്കുന്നതായി (Recommendation) കാണുന്നുണ്ടു്. കോൺക രാജ്യം എന്നു അക്കാലങ്ങളിൽ അറിയപ്പെട്ടിരുന്ന ഇന്നത്തെ സൂറററ് ബോംബെ എന്നീ പ്രദേശങ്ങളിലെയും ഗുജറാററിയിലെയും ക്രൈസ്തവർക്കു ഉപദേശം നൽകുന്നതായി 1329- ഡിസമ്പർ 1-ൽ അയച്ച ഒരു ലേഖനത്തിലും കൊള്ളമ്പയിലെ മെത്രാനായ യോർദ്ദാൻ കത്തലാനിയെപ്പററി പറയുന്നുണ്ടു്.

കാസ്സ്പിയൻ കടലിന്നു സമീപമുള്ള Elburz (എൽബൂർസ്) എന്ന കുന്നിൻ പ്രദേശങ്ങളിലെ ക്രിസ്ത്യാനികൾക്കു കൊള്ളമ്പത്തിലെ മെത്രാനായ യോർദ്ദാൻ കത്തലാനിയെ സംബന്ധിച്ചു 1329 ഡിസമ്പർ 1-ാംനു- ഒരു ലേഖനം അയച്ചിരുന്നു. മലബാർ തീരത്തിലെ മാലിപട്ടം (Malipatam) മിലെ ക്രിസ്ത്യാനികൾക്കു യോർദ്ദാൻ കത്തലാനിയെ ശുപാർശ (Recommen)d ചെയ്തുകൊണ്ടു 1330 മാർച്ച് 31-ൽ ഒരു ലേഖനം അയച്ചിട്ടുണ്ടു. കൊള്ളമ്പത്തിലെ (കൊല്ലത്തെ) നസ്രാണിക്രിസ്ത്യാനികൾക്കും നസ്രാണികളുടെ തലവനും (The chief of the Nascarines and to all Nascarine Christins columbum) കൊളമ്പത്തിലെ മെത്രാൻ യോർദ്ദാൻ കത്തലാനിയെ ഭരമേല്പിക്കുന്നതായ ഒരു ലേഖനം 1330 ഏപ്രിൽ 8-ാംനു- അയച്ചിട്ടുണ്ടു്. ( Recommended) (129)

ഇങ്ങനെ 14-ാം നൂററാണ്ടിൽ കൊല്ലത്തുണ്ടായിരുന്ന ലത്തീൻ രൂപതയിലെ ജനങ്ങൾ പിന്നീടു വന്ന സു

129) Monumenta Vaticana Veterem Dioecesim Columb:nsem [Quilon.] Respicientia. pg. 9—29.

റിയാനിരീതിക്കാരായ മതാദ്ധ്യക്ഷന്മാരുടെ കീഴ് വരുതിയിൽ ആയെന്നു വിചാരിപ്പാനേ തരമുള്ളു.

പൊത്തുഗീസുകാർ കേരളത്തിൽ വന്ന അവസരത്തിൽ അവിടങ്ങളിൽ—കൊല്ലത്തു—ഉണ്ടായിരുന്ന ജനത സുറിയാനിറീത്താണ് ആചരിച്ചിരുന്നത്. എന്നല്ലാ കൊല്ലം അന്നു സുറിയാനി റീത്തിൽപ്പെട്ട ക്രൈസ്തവരുടെ പ്രധാന സ്ഥലങ്ങളിൽ ഒന്നുമായിരുന്നു.

കൊല്ലത്തെ ക്രിസ്ത്യാനികൾ അവരുടെ പണം കൊണ്ടു കൊടുങ്ങല്ലൂർ വലിയ ഒരു ഭൂവിഭാഗം വിലയ്ക്കു വാങ്ങി........... എന്നിങ്ങനെ അബൂനാ യാക്കോബു മെത്രാൻെറകത്തിൽ പറയുന്നുണ്ടല്ലോ. (130) പൊത്തുഗീസുകാരുടെ ഭരണനാളുകളിൽ വീണ്ടും അനേകർ അവിടെനിന്നു ലത്തീൻ റീത്തിലേയ്ക്കു ചേർന്നതായും കാണുന്നുണ്ട്.

കൊല്ലത്തു പൊത്തുഗൾ രാജാവിൻെറ വകയായി ഒരു സെമ്മിനാരി ഉണ്ടായിരുന്നു. ഫാദർ നിക്കൊളാസ് ലാൻസിലോട്ടിയെ വി. ഫ്റാൻസീസ് സേവ്യർ അതിൻെറ റെക്ററരായി നിശ്ചയിച്ചപ്പോൾ സുറിയാനിക്കാരും ലത്തീൻകാരുമായി അമ്പതു കുട്ടികൾ അതിൽ പഠിക്കുന്നുണ്ടായിരുന്നു. *

(130) അദ്ധ്യായം 8. നോക്കുക.

* ഈ സ്ഥാപനത്തിൻെറ ആവശ്യങ്ങൾ വേണ്ടവണ്ണം നിർവ്വഹിച്ചുകൊള്ളേണമെന്നു പൊത്തുഗൽ രാജാവു തൻെറ വൈസ്രോയിയോടു കല്പിച്ചിട്ടുണ്ടായിരുന്നെങ്കിലും ഗോവ ഖജനാവിലെ പണച്ചുരുക്കംമൂലം അതിനു ചില പ്രയാസങ്ങൾ നേരിട്ടു. കുട്ടികളെ കൂടുതലായി ചേർക്കുന്നതിനു മാത്രമല്ല ഉള്ളവരെ സംരക്ഷിക്കുന്നതിനുപോലും ബുദ്ധിമുട്ടുണ്ടായി. അതിനാൽ കുറെ കുട്ടികളെ ഗോവയിലെ കോളേജിലേയ്ക്കു അയക്കുവാൻ ഫാദർ നി

കൊല്ലം ഡച്ചുകാർക്കു അധീനപ്പെട്ടശേഷം അവിടത്തെ സ്ഥിതിഗതികൾ എങ്ങനെയെല്ലാമായി എന്നറിയാൻ കഴിഞ്ഞിട്ടില്ല. 1808-ലെ മർദ്ദനത്തിൽ കൊല്ല

---

ക്കൊളാസ് നിശ്ചയിച്ചു. അതിൻപ്രകാരം ൩൩ കുട്ടികളെ ഒരു കപ്പലിൽ കയററി ഗോവയിലേയ്ക്കു തിരിച്ചു. ഈ കുട്ടികൾ ഒമ്പതുവയസ്സുമുതൽ പതിനേഴു വയസ്സുവരെ പ്രായമുള്ളവരായിരുന്നു. കൊല്ലം തുറമുഖംവിട്ടു രണ്ടു ദിവസം കഴിഞ്ഞപ്പോൾ മഹമ്മദീയരായ കടൽക്കള്ളന്മാർ ആ കപ്പലിനെ ആക്രമിച്ചു. മാന്യന്മാരായ കുറെ പൊർത്തുഗീസുകാരെ അവർ തടവുകാരായി പിടിച്ചുതല്ലാതെ അവക്കു മററുപദ്രവങ്ങളൊന്നും ചെയ്തില്ല. എന്തുകൊണ്ടെന്നാൽ നല്ല ഒരു തുക കൊടുത്തു് ഇവരെ പൊർത്തുഗീസ് ഗവർമ്മേണ്ടു് വീണ്ടെടുത്തു കൊള്ളുമെന്നു അവർ കരുതിയിരുന്നു. ഈ കുട്ടികളേയോ എന്നാൽ മഹമ്മദീയരാക്കിത്തീർക്കുന്നതിന്നു അവർ സകല മാർഗ്ഗങ്ങളും പ്രയോഗിച്ചുനോക്കി. അതി കഠിനമായി പ്രഹരിക്കയും ശരീരം മുഴുവൻ പൊള്ളി വ്രണപ്പെടത്തക്കവണ്ണം എണ്ണ തിളപ്പിച്ചു കോരി ഒഴിക്കയും ചെയ്തു. എങ്കിലും ഈ കുട്ടികൾ ക്രിസ്തീയ വിശ്വാസത്തിൽ നിശ്ചലചിത്തരായി ഉറച്ചുനിന്നതേയുള്ളു.

ഒടുവിൽ ഒരാളെ അവർ ബലംപ്രയോഗിച്ചു ഛേദനാചാരം ചെയ്തു. തദനന്തരം ഇതിനു പാത്രീഭവിച്ച കുട്ടി ഒരു മഹമ്മദീയനായിത്തീർന്നു എന്നു ശത്രുക്കളിൽ ചിലർ പറഞ്ഞപ്പോൾ ഈ ധൈര്യവാൻ ഉത്തരിച്ചതു, തന്നെ ഏല്പിച്ച ബലപ്രയോഗം തന്റെ ഹൃദയത്തിൽനിന്നു മിശിഹായുടെ സ്നേഹത്തെ അശേഷംവും വ്യത്യാസപ്പെടുത്തിട്ടില്ലെന്നും ഒരു ക്രിസ്ത്യാനിയായിരിക്കുന്നതു എങ്ങിനെയാണെന്നു തനിക്കു നല്ലവണ്ണം അറിയാമെന്നും ആകുന്നു. ഈ കുട്ടിയുടെ ധൈര്യവും മതനിഷ്ഠയുംകണ്ടു ശത്രുക്കൾ വിസ്മയിച്ചുപോയി. അതിനാൽ പിന്നെ അവരെ ഉപദ്രവിച്ചില്ല. കുറേക്കഴിഞ്ഞു പൊർത്തുഗീസുകാർ ദ്രവ്യംകൊടുത്തു അവരെ വീണ്ടെടുക്കുകയും ചെയ്തു. ("കേരളീയ കത്തോലിക്കൻ" മാസികയിൽ ഇന്ത്യയിലെ രക്തസാക്ഷികൾ എന്ന പേരിൽ എണേക്കാട്ടു് യൗസേപ്പു കത്തനാരു് എഴുതിയിട്ടുള്ളതു്.)
(പുസ്തകം ൭. ൧൯൨൭ ആഗസ്റ്റ്, സെപ്തമ്പർ ലക്കം. ൧. വ്യ.)

ത്തു മൂവായിരം (3000) ക്രിസ്ത്യാനികൾ വധിക്കപ്പെട്ട (131) എന്നു കാണുന്നതിനാൽ അവിടത്തെ ക്രൈസ്തവർ അന്നും പ്രാബല്യമുള്ള ഒരു ഗണമായിരുന്നു എന്നു വ്യക്തമാകുന്നുണ്ട്. എന്നാൽ അവരുടെ അനന്തരകാലത്തെ സ്ഥിതിഗതികളെ സംബന്ധിച്ച വിവരങ്ങൾ ഈ ഗ്രന്ഥകാരന്റെ അന്വേഷണത്തിൽ എത്തിപ്പെട്ടിട്ടില്ല.

ലത്തീൻറീത്തനുസരിച്ചവർ കൊല്ലത്തുനിന്നുപോയി പാർത്തു നിമിത്തമൊ സ്ഥലത്തുണ്ടായിരുന്നവർ ലത്തീൻരീതി സ്വീകരിച്ചതുകൊണ്ടൊ എങ്ങനെയെന്നറിഞ്ഞില്ല. തിരുവനന്തപുരത്തും ലത്തീൻരീതിക്കാരായ പൂർവ്വക്രൈസ്തവരുടെ സന്തതികൾ ഉണ്ടായിരുന്നു. അവിടങ്ങളിലും പിൽക്കാലത്തു സംഭവിച്ച മർദ്ദനാനന്തരം അവരുടെ സ്ഥിതി എങ്ങനെയെല്ലാമായെന്നറിഞ്ഞിട്ടില്ല.

---

(131) മർദ്ദനത്തിൽ വെട്ടിക്കൊലപ്പെട്ട എന്ന വിവരണം നോക്കുക.

# അദ്ധ്യായം ൰൨

### സുറിയാനി റീത്തിൽനിന്നു ലത്തീൻറീത്തനുസരിച്ചവരു ടെ സന്തതിപരമ്പരകൾ മാത്രമല്ലാ ഇന്ന് ലത്തീൻ റീത്തിലുള്ളതു്—ലത്തീൻ രീതിക്കാരുടെ സംഖ്യ കുറഞ്ഞുകാണുന്നതിന്നുണ്ടായ കാരണങ്ങൾ.

സുറിയാനിറീത്തിൽനിന്നു ലത്തീൻറീത്തിലേയ്ക്കു പരിവൎത്തനം ചെയ്തിട്ടുള്ളവരുടെ കാൎയ്യമാണല്ലൊ ഇതുവരെ വിവരിച്ചിട്ടുള്ളതു്. തന്നിമിത്തം അങ്ങനെയുള്ളവർ മാത്രമാണു് കേരളത്തിലെ ലത്തീൻകാർ എന്നു സമൎത്ഥിക്കുന്നതായി ആരും തെററിദ്ധരിക്കരുതു്. യൂറോപ്പിൽനിന്നൊ മറെറാ കത്തോലിക്കർ കേരളത്തിൽവന്നു അധിവസിക്കുന്നപക്ഷം അവരും അവരുടെ സന്താതിപരമ്പരകളും കേരളത്തിലെ ലത്തീൻ റീത്തിൽത്തന്നെയാണു ഉൾപ്പെടുന്നതു്. അങ്ങനെയുള്ളവർ ഏറക്കുറെ ഇവിടങ്ങളിലെ ലത്തീൻ റീത്തുകാരിലുണ്ടു്. അത്രയുമല്ലാ ഹിന്തുക്കളിൽനിന്നു മാനസാന്തരപ്പെട്ടു കത്തോലിക്കവേദം സ്വീകരിച്ചിട്ടുള്ളവരും കേരളത്തിലെ ഇതര റീത്തുകളിൽ എന്നപോലെ ഇവിടങ്ങളിലെ ലത്തീൻ റീത്തിലുമുണ്ടു്. ഇതു ആദ്യമെ അനുസ്മരിപ്പിച്ചുവല്ലൊ.

കേരളത്തിലെ ലത്തീൻ റീത്തുകാർ ആരെല്ലാം

മതപരിവൎത്തനം 1560വരെ കൊച്ചിയിൽ നിരോധിക്കപ്പെട്ടിരുന്നെങ്കിലും കൊച്ചി വിട്ടു തെക്കോട്ടു കന്യാകുമാരിവരെയുള്ള ഭാഗങ്ങളിൽ ഏതൽക്കാലത്തു് വി. ഫറാൻസീസ് സേവ്യർ അനേകം ഇതര മതസ്ഥരെ കത്തോലിക്കവേദത്തിൽ ചേൎത്തിട്ടുണ്ടു് എന്നതു നിൎവ്വിവാദമാണു്. ഇവരെല്ലാം ആദ്യകാലങ്ങളിൽ ലത്തീൻറീ

ത്തിൽത്തന്നെയാണ് ചേർന്നിരുന്നത്. പിന്നീടു മതാദ്ധ്യക്ഷന്മാർക്കു നേരിട്ട അസ്വാതന്ത്ര്യത, ലത്തീൻരീതിക്കാരായ വൈദികരുടെ കുറവു്, പല ഘട്ടങ്ങളിലും സംഭവിച്ച മതമർദ്ദനം എന്നിങ്ങനെയുള്ള കാരണങ്ങളാൽ ചിന്നിച്ചിതറിയും ഓടി ഒളിച്ചും അന്യറീത്തിൽ ചേൎന്നും (132) അജ്ഞാതാവസ്ഥ പ്രാപിച്ചിട്ടുണ്ട്. ബാക്കിയുള്ളവരുടെ സന്തതിപരമ്പര ഇന്നും ലത്തീൻറീത്തിലുണ്ട്. കൊച്ചിയിൽ മാനസാന്തരാനുമതി ലഭിച്ചതിനുശേഷം (1560–നുശേഷം) കൊച്ചിയിലും ഇതര മതസ്ഥരായ അനേകംപേർ കത്തോലിക്കവേദം സ്വീകരിക്കയുണ്ടായി. അവരിൽ പ്രഭുക്കളെ ബ്രാഹ്മണർ നായന്മാർ എന്നിങ്ങനെ വിവിധ ജാതിക്കാരും നിലക്കാരും പെട്ടിരുന്നതായിട്ടാണ് ചരിത്രങ്ങളിൽ കാണുന്നതു്, (Bramanes e naires nobreza principal.) (133) ഇവരുടെ സന്തതിപരമ്പരയിൽപ്പെട്ട പലരും ഈ ഭാഗങ്ങളിലെ ലത്തീൻരീതിക്കാരിൽ ഇന്നും കാണപ്പെടുന്നുണ്ട്. അനന്തരകാലങ്ങളിൽ മതപരിവൎത്തനം ചെയ്തവരിലും പലർ ഇതിൽ ചേൎന്നിട്ടുണ്ട്.

പൂൎവ്വക്രൈസ്തവരിൽനിന്നു ലത്തീൻരീതിയിലേക്കുണ്ടായ പരിവൎത്തനവും ഇങ്ങനെ പരിവൎത്തനം ചെയ്തവരുടെ അനന്തരസ്ഥിതികളും— അബൂനായാക്കോബു മെത്രാൻെറ പ്രേരണയും ഫ്റാൻസീസ്കന്മാരുടെ പരിശ്രമവും നിമിത്തം പൂൎവ്വക്രൈസ്തവരിൽ ഒരുഗണം ലത്തീൻറീത്തിലേക്കു ചേൎന്നു പൊൎത്തുഗീസുകാരുടെയും ഡച്ചുകാരുടെയും മേലധികാരത്തിൽ വൎത്തിച്ചുപോന്നു എന്ന സംഗതി— കാലസാഗരത്തിലെ അലതല്ലലിൽപ്പെട്ടു

(132) മർദ്ദനത്തെപ്പറ്റിയുള്ള വിവരണത്തിൽനിന്നു ഇതേപ്പറ്റി സ്വല്പംകൂടെ അറിവുകൾ ലഭിക്കാവുന്നതാണ്.

(133) ഒരിയേന്തെ കൊംകിസ്താദൊ I.—108

കിടക്കുകയായിരുന്നു. ആ ചരിത്രയാഥാർത്ഥ്യത്തെ പുനരുദ്ധരിക്ക എന്നതാണ് ഈ ഗ്രന്ഥംകൊണ്ടു പ്രഥമവും പ്രധാനവുമായി കരുതിയിട്ടുള്ള പ്രയോജനം. തന്നിമിത്തമാണു അക്കാര്യത്തെ സംബന്ധിക്കുന്നവ പ്രത്യേകാൽ വിവരിച്ചിട്ടുള്ളതു.

ലത്തീൻരീതിക്കാർ മാത്രം കണ്ടാൽ മതിയോ?

മാനസാന്തരങ്ങൾ നടന്നിട്ടുള്ള സ്ഥിതിക്കു പൂർവ്വക്രൈസ്തവരിൽ നിന്നു ഗണനീയമായ ഒരു തുകകൂടി ഉൾപ്പെട്ടിട്ടുള്ള ലത്തീൻരീതിക്കാരുടെ ജനസംഖ്യ ഇപ്പോൾ ഉള്ളേടത്തോളം കണ്ടാൽ മതിയൊ എന്നൊരു സന്ദേഹത്തിന്നു ഇവിടെ വഴിയുണ്ടു. ഈ സന്ദേഹം പരിഹരിക്കപ്പെടണമെങ്കിൽ സ്ഥിതിഗതികൾ അല്പംകൂടി വിശദമായി അറിയേണ്ടിയിരിക്കുന്നു. 1767-ൽ വരാപ്പുഴരൂപതയിലുണ്ടായിരുന്ന ലത്തീൻകത്തോലിക്കരുടെ സംഖ്യ മാത്രമാണല്ലൊ ഈ ഗ്രന്ഥത്തിൽ ഇതിനുപരി കാണിച്ചിട്ടുള്ളതു. ഇതിനുപുറമെ മററു മേലദ്ധ്യക്ഷന്മാരുടെ ഭരണത്തിൽ ഉൾപ്പെട്ട ഒട്ടുവളരെ ലത്തീൻകാർ വേറെയുമുണ്ടായിരുന്നു. അവരിൽ മർദ്ദനംകൊണ്ടു നാമവശേഷമാകാതെ ശേഷിച്ചവർ ഇപ്പോൾ കൊല്ലം തിരുവനന്തപുരം കോട്ടാർ എന്നീ രൂപതകളിലാണ് ഉൾപ്പെട്ടിരിക്കുന്നതു്.

ലത്തീൻരീതിക്കാർ കുറയാൻ കാരണമുണ്ടായിട്ടുണ്ടു.

ഇങ്ങനെ ഓരോ കാലഘട്ടങ്ങളിലായി ലത്തീൻരീതിക്കാൎക്കു നേരിട്ട മർദ്ദനങ്ങൾനിമിത്തം പലർ നാടുവിട്ടു മലംപ്രദേശങ്ങളിലേക്കും സീറ്യൻരീതിക്കാർ അധിവസിക്കുന്ന മററു ഭാഗങ്ങളിലേക്കും കുടിമാറിപ്പാർത്തതും ചിന്നിച്ചിതറിയതും ഇവരുടെ സംഖ്യ കുറയുന്നതിന്നു കാരണമായിട്ടുണ്ടു്.

ഇവയെല്ലാം പ്രത്യേകം പ്രത്യേകമുള്ള രേഖകൾമൂലം സമർത്ഥിക്കുക സാദ്ധ്യമല്ലെങ്കിലും ഏകദേശമൊരു

ജ്ഞാനം സിദ്ധിക്കത്തക്ക ചില രേഖകൾ ഇല്ലാതില്ല.

1767-ൽ വരാപ്പുഴ രൂപതയിൽ ഉണ്ടായിരുന്ന ലത്തീൻരീതിക്കാർ — 47,040- ആയിരുന്നു. (147-ാം പുറം നോക്കുക.) ഏകദേശംമുക്കാൽ ശതാബ്ദത്തോളമായപ്പോളത്തെ അവരുടെ സംഖ്യ— 1833-ലെ സംഖ്യ— ഇരട്ടിലും കുറവായിട്ടാണ് കാണുന്നത്. കൊടുങ്ങല്ലൂർ അഴിക്കുവടക്കുവശം 1767-ൽ മൂന്നു പള്ളികളിലായി 3,060 ലത്തീൻക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. 1833-ലാവട്ടെ ടി. ഭാഗത്തു രണ്ടു ലത്തീൻപള്ളികളും 2,182 ലത്തീൻക്രിസ്ത്യാനികളും മാത്രമായി പരിണമിച്ചു. (134) മററു ഭാഗങ്ങളിലും ലത്തീൻരീതിക്കാരിൽ ഈ ഘട്ടത്തിൽ വർദ്ധനവിന്നു പകരം ക്ഷയമാണ് ഉണ്ടായിട്ടുള്ളതു. ശക്തൻതമ്പുരാന്റെകാലത്തെ മർദ്ദനം, ടിപ്പുവിന്റെ ആക്രമണം, "വെട്ടിക്കൊലപ്പട" എന്നിവയാൽ വളരെ പേർ കുറഞ്ഞുപോയിട്ടുണ്ട്. മർദ്ദനത്തെപ്പററിയുള്ള വിവരണത്തിൽ കാണാവുന്നതുപോലെ 1780-ൽ തിരുവിതാംകൂറിലുണ്ടായ മർദ്ദനാവസരത്തിൽ ലത്തീൻരീതിക്കാരായ ഇരുപതിനായിരം ക്രൈസ്തവർ മലകളിലേക്കു കടന്നുകളഞ്ഞിട്ടുണ്ട്. ഇതുപോലെതന്നെ വേറെ ചില സ്ഥലങ്ങളിൽനിന്നും ലത്തീൻകത്തോലിക്കർ ഓടിപ്പോയിട്ടുണ്ട്. അവരൊക്കെയും സുറിയാനിറീത്തിൽ ലയിച്ചിരിക്കാനെ ഇടയുള്ളു.

അവസാനകാലങ്ങളിൽ സീറ്റ്യൻ രീതിക്കാർക്ക് സ്വദേശമേലദ്ധ്യക്ഷനെ ലഭിച്ചതിൽപിന്നെ ഓരോ കാര്യസൗകര്യങ്ങൾ പ്രമാണിച്ചും മററും പലർ സീറ്റ്യൻ രീ

---

(134) Status Archielioecesis Verap. 7. സാമൂതിരിയുമായുണ്ടായ പലേ ശണ്ഠകളും കഴിഞ്ഞശേഷമുള്ളകണക്കാണ് ഇതു്. ലത്തീൻകാർ മർദ്ദനത്താൽ ശോഷിച്ചുപോകാതിരുന്നെങ്കിൽ അവിടെ— കൊടുങ്ങല്ലൂരഴിക്കു വടക്കുവശം—ഇപ്പോൾ ഒരു ലത്തീൻ രൂപത തന്നെ വേണ്ടിവരുമായിരുന്നു.

തിയിൽ ചേൎന്നിട്ടുണ്ട്. ഇവരിൽ പലരുടേയും വിവരങ്ങൾ വരാപ്പുഴ അതിരൂപതക്കച്ചേരിയിൽ കാണാവുന്നതുമാണ്. മർദ്ദനങ്ങളും ഈവിധ പ്രതികൂലസംഭവങ്ങളും ഉണ്ടാകാതിരുന്നുവെങ്കിൽ ഇന്നു ലത്തീൻരീതിക്കാരുടെ സംഖ്യ ഇപ്പോഴത്തേതിൽനിന്നും വളരെയധികം വൎദ്ധിച്ചിരിക്കേണ്ടതായിരുന്നു.

# അദ്ധ്യായം ൧൩

## ലത്തീൻരീതിയനുസരിച്ചവൎക്ക് സാമുദായികവും മതപരവുമായുണ്ടായിരുന്ന നില.

സാമുദായികനില.

പൊൎത്തുഗീസുകാർ ഇവിടെവന്ന അവസരത്തിൽ ഈഭാഗത്തുണ്ടായിരുന്ന ക്രിസ്തീയ പ്രധാനികളാണല്ലൊ ഗാമയുടെ അടുക്കൽ ചെന്നു പുരാതന പെരുമാക്കന്മാരിൽനിന്നു അവൎക്ക് ലഭിച്ചിരുന്ന ആധാരവും അധികാരവടിയും കാഴ്ചവച്ചുകൊണ്ടു പൊൎത്തുഗൽ രാജാവിനെ തങ്ങളുടെ രാജാവായി സ്വീകരിച്ചതു. തങ്ങൾക്കുണ്ടായിരുന്നതും നഷ്ടപ്പെടത്തക്കനിലയിലെത്തിയിരുന്നതുമായ അവകാശങ്ങൾ പരിരക്ഷിക്കുക എന്നിതായിരുന്നു അപ്പോൾ അവൎക്കുണ്ടായിരുന്ന മുഖ്യ ഉദ്ദേശ്യങ്ങളിൽ ഒന്നു എന്നുകാണുന്നുണ്ടു. അനന്തരമുണ്ടായിട്ടുള്ള പലേ സംഭവങ്ങൾകൊണ്ടു തെളിയുന്നതു ഈ ഭാഗങ്ങളിലെ പ്രധാനികൾ പൊൎത്തുഗീസുകാരോടു ചേൎന്നതായിട്ടാണു്.

കൊടുങ്ങല്ലൂർ സെമ്മിനാരിയിൽ പഠിച്ചവർ ശ്രേഷ്ഠവംശജരായിരുന്നു. (135)

അവരിൽ (തോമാക്രിസ്ത്യാനികളിൽ) പ്രധാനികൾ ഞങ്ങളുടെ സെമ്മിനാരിയിൽ പഠിക്കാൻ വന്നു.(136)

ഉദയംപേരൂർ സൂന്നഹദോസു കഴിഞ്ഞ് മെനേസ്സീസ് മെത്രാപ്പോലീത്താ മടങ്ങുകയിൽ, അദ്ദേഹത്തെക്കാണാനായി പല സ്ഥലങ്ങളിൽനിന്നു വന്നിരുന്നവർ ഒന്നുചേർന്ന് കൊച്ചിയിലെ ശ്രേഷ്ഠകുലജാതരോടുകൂടെ (nobrez de cochim) മെത്രാപ്പോലീത്തായുടെ അടുക്കൽ ചെന്നു. (137)

സ്ഥാനമാനങ്ങൾ പ്രാപിച്ചിരുന്ന കപ്പിത്താന്മാരിൽ ചിലർ പ്രഭുക്കന്മാരായിരുന്നു എന്നാണ് കാണുന്നത്. 1516-ൽ ലോപ്പസ് സ്വാരെസ് കൊച്ചിയിൽ ഗവർണ്ണരായിരിക്കെ ഏയിഡനിൽ റുമ്മിസുൽത്താൻെറ സൈന്യം പൊർത്തുഗീസുകാരോടു യുദ്ധത്തിനു വന്നിരിക്കുന്നു എന്നു കേട്ടു. അവരോടെതിർക്കാനായികൊച്ചിയിൽനിന്നു പുറപ്പെട്ടപ്പോൾ എണ്ണൂറു മലബാറികളുടെ ഒരു കപ്പിത്താനായ ദിയാഗൊ പെരെയിര എന്ന ഒരു മലബാറിയെക്കൂടെ കൊണ്ടുപോയതായി പറയുന്നുണ്ട്. ഈ ദിയാഗൊ പെരെയിരയെ സംബന്ധിച്ച "ശ്രേഷ്ഠവംശജൻ" "വെണ്ടുരുത്തിലെ പ്രഭു" എന്നൊക്കെ മററു ചരിത്രങ്ങളിലും പറഞ്ഞുകാണുന്നുണ്ട്. (138) വെണ്ടുരുത്തിൽ ഒരു കപ്പിത്താനുണ്ടായിരുന്നതു പ്രസിദ്ധമാണല്ലൊ. വേറെയും ചില പ്രഭുക്കന്മാരുണ്ടായിരുന്നതായി കാണുന്നുണ്ട്. മാനസാന്തരപ്പെട്ടു കത്തോലിക്കമതം സ്വീകരിച്ച

---

(135) ക്രിസ്ത്യാനിററി ഇൻ ട്രാവൻകൂർ–15.
(136) ഒരിയേന്തെ കൊങ്കിസ്താദൊ–2.1–27.
(137) ഗൊവേയ–3–3–118.
(138) cf Quellan 358.

ച്ചേന്നവരിലും ചില പ്രഭുക്കന്മാരുണ്ടായിരുന്നു. ജന്മംകൊണ്ടു പല ഭാഗങ്ങളിലും ക്രിസ്ത്യാനികളെ പാർപ്പിച്ചിരുന്നു. "ഇങ്ങനെ പൂർവ്വാവകാശങ്ങളോടുകൂടിയും പ്രഭുക്കന്മാരായ സ്വന്തം നേതാക്കന്മാരുടെ നായകത്വത്തിലും പൊർത്തുഗീസുകാരുടെ മേൽക്കോയ്മയിലും അന്നുണ്ടായിരുന്ന ലത്തീൻരീതിക്കാരുടെ സാമൂഹ്യനില—അഥവാ അവരുടെ ശക്തി, പ്രതാപം മുതലായവ— എന്തായിരുന്നു എന്നുള്ളതു ഊഹ്യമത്രെ. പൊർത്തുഗീസുകാർക്ക് അന്നു കേരളത്തിൽ എത്രകണ്ടു ശക്തിയും പ്രതാപവുമുണ്ടായിരുന്നോ, ഏതാണ്ടു അത്രതന്നെ ശക്തിയും പ്രതാപവും കേരളത്തിലെലത്തീൻക്രിസ്ത്യാനികൾക്കുംഅന്നുണ്ടായിരുവെന്നു കരുതുന്നതിൽ തെററില്ല. ഈ ക്രിസ്ത്യാനികൾക്കു പുരാതന പെരുമാക്കന്മാരിൽനിന്നു സിദ്ധിച്ചിരുന്ന അവകാശങ്ങൾ, അവരുടെ സ്വാതന്ത്ര്യനിലയിലുള്ള പ്രാബല്യം, പൊർത്തുഗൾ രാജാവിൻെറ മേൽക്കോയ്മ, സംഖ്യാബാഹുല്യം എന്നിവയായിരുന്നു ആ പ്രതാപത്തിന്നു നിദാനം. അവരുടെ ഈ ശക്തിയും പ്രതാപവും പൊർത്തുഗീസുരാജാവുമായുള്ള ബന്ധവും കണ്ടിട്ടുതന്നെയാണു് തങ്ങൾക്കു വിരോധമായി ഒന്നും ചെയ്യുകയില്ല എന്നു സത്യം ചെയ്യാനും പൊർത്തുഗൾ രാജാവിനെ ഉപേക്ഷിക്കാനും ഡച്ചുകാർ ഇവരോടു ആവശ്യപ്പെട്ടതു. (അദ്ധ്യായം 6. നോക്കുക.)

ഡച്ചുകാരായ ഭരണാധികാരികൾ പ്രോട്ടസ്റ്റൻറു മതാവലംബികളായിരുന്നതിനാലും, ഇവരുടെ പ്രവേശനത്താൽ ഈ ക്രിസ്ത്യാനികളുടെ സ്വത്തുക്കൾക്കും മതസ്ഥാപനങ്ങൾക്കും വലിയ നാശം സംഭവിച്ചതിനാലും അവരുടെ ഭരണകാലത്തു ലത്തീൻക്രിസ്ത്യാനികളുടെ ശക്തിയും പ്രതാപവും പണ്ടത്തേതിൽ വളരെ കുറഞ്ഞുപോയിരുന്നു. എങ്കിലും സൈനികവൃത്തി, സാമ്പത്തികാവസ്ഥ,

പൗരസ്വാതന്ത്ര്യം, ശക്തി മുതലായവയിൽ ഇതരസമുദായങ്ങളേയും ഇതര ജാതികളേയുംകാൾ ഉയൎന്ന ഒരു നില അവൎക്കു അന്നുമുണ്ടായിരുന്നു. ഉപരിയായ ഈ നിലയും ഇവൎക്കുണ്ടായിരുന്നു. അത്യാദൃശമായ സ്ഥാനമാനങ്ങളും പലൎക്കും അസൂയാജനകമായിരുന്നതായും ഡോക്ടർ ഡെ മുതലായ ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടു.(139)

മതപരമായ നില

പാശ്ചാത്യമിഷ്യനറിമാരാൽ പഠിപ്പിക്കപ്പെട്ടും, പരിശീലിപ്പിക്കപ്പെട്ടും ഏതദ്ദേശീയ വൈദികരാൽ പരിപാലിക്കപ്പെട്ടുമിരുന്ന ലത്തീൻകത്തോലിക്കരുടെ മതപരമായ നില പാശ്ചാത്യരിൽനിന്നു വളരെ അന്തരപ്പെട്ടിരുന്നില്ലെന്നു തന്നെ പറയണം.

കൊച്ചീരാജ്യചരിത്രകാരൻ പറയുന്നു: കൊച്ചി ഡച്ചുകാൎക്കു കൈവശപ്പെട്ടപ്പോൾ, കൊച്ചീനഗരം വളരെ മനോഹരവും ഐശ്വൎയ്യസമൃദ്ധവുമായിരുന്നു. പൊർത്തുഗീസുകാൎക്കു ഇൻഡ്യയിലുണ്ടായിരുന്ന പട്ടണങ്ങളിൽ ഒന്നാമത്തേതു ഗോവയും, രണ്ടാമത്തേതു് കൊച്ചിയുമായിരുന്നു. അവിടെ വിശേഷപ്പെട്ടതും വളരെ കമനീയവുമായ പല പള്ളികളും അനേകം കെട്ടിടങ്ങളും ഉണ്ടായിരുന്നു. "കടൽത്തീരത്തു് ജസ്വീറ്റുകാരുടെവക ഒരു പള്ളിയും, വിദ്യാലയവും, വളരെ ഉയരമുള്ള ഒരു ഗോപുരവും ആ ഗോപുരത്തിൽ വിശേഷപ്പെട്ട മണികളും ഉണ്ടായിരുന്നുവത്രെ. വിദ്യാലയം മൂന്നു നിലയിൽ പണിതിരുന്നതും 20-30- മുറികളുള്ളതും കല്ലുകൊണ്ടു പണിതിട്ടുള്ള ഉന്നതമായ മതിലിനാൽ ചുററപ്പെട്ടതുമായിരുന്നു. വലിയ പള്ളി ഉന്നതമായ മണിമാളികയെക്കൊണ്ടും രണ്ടുവരിയായി ഭംഗിയിൽ പണിതിട്ടുള്ള തൂണുകളെക്കൊണ്ടും അലങ്കരിക്കപ്പെട്ടതായ എത്രയൊ ആഡംബരമുള്ള ഒരു എ

(139) Land of Perumal. pg. 155.

ട്ടപ്പായിരുന്നു. അഗസ്റ്റിൻ സന്ന്യാസിമാരുടെ ആശ്രമവും പള്ളിയും പുഴവക്കത്താണു് സ്ഥിതിചെയ്തിരുന്നതു്. ഡോമ്മിനിക്കൻ സന്ന്യാസിമാരുടെ ആശ്രമവും പള്ളിയും വിശേഷതരത്തിൽ പണിചെയ്തു രണ്ടുവരി ഭംഗിയുള്ള കൽത്തൂണുകളാൽ അലങ്കരിക്കപ്പെട്ടിരുന്നു.(140)

ഈ സന്ന്യാസസഭകളിൽ പലതിലും നാട്ടുകാർ ചേർന്നിരുന്നു; അവരിൽ പലരും വേദപ്രചാരണ ജോലിയിൽ ഏർപ്പെട്ടുമിരുന്നു. ഇവരെല്ലാവരുടേയും പൂർണ്ണമായ വിവരം ഇനിയും കിട്ടിയിട്ടില്ല. കിട്ടിയേടത്തോളം താഴെ കാണിക്കുന്നു.

1605-ൽ സിലോൺ ദ്വീപിലേയ്ക്കു സന്ന്യാസവൈദികരെ അയക്കാൻ ആവശ്യപ്പെടുകയുണ്ടായി. അപ്പോൾ കൊച്ചീ സ്വദേശിയും നല്ല പ്രാസംഗികനുമായ ദോം മണുവേൽ ദെ ഗാമ (ഡൊമ്മിനീക്കൻ സന്ന്യാസി) എന്ന വൈദികനെ മറെറാരു കൂട്ടുവൈദികനോടൊന്നിച്ചു അങ്ങോട്ടു അയക്കയാണു ചെയ്തതു്. അദ്ദേഹം ക്രിസ്തുവിൻെറ സഭയ്ക്കു വളരെ ഉപകാരപ്പെട്ടു. അനേകായിരംപേരെ ക്രിസ്തുമതത്തിൽ ചേർത്തു. (141)

കൊച്ചിയിലെ പത്താമത്തെ വികാരി ജനറാൾ ആയിരുന്ന കൊച്ചീസ്വദേശി ഡോമ്മിനിക്ക് പിക്കൊ ഡോമ്മിനിക്കൻ സന്ന്യാസി ആയിരുന്നു.

പാദ്രെ. ഫ്രെ. ഗാസ്പർ ദെ സം തോമ്മെ ഡോമ്മിനിക്കൻ സഭയിൽ ചേർന്ന കൊച്ചീനാട്ടുകാരൻ. സോളനാട്ടിൽ പ്രസംഗത്തിന്നു നടന്നു കത്തോലിക്കസഭയെ പ്രതി പീഡകളേററു മരിച്ചു. (1651-ൽ.) (142)

---

(140) കൊച്ചീരാജ്യ ചരിത്രം. 2. 4. 63.

(141) Ethiopia Oriental. 4-142.

(142) Ib. 163.

പ്രെ. ജോം അമരാൾ പാദ്രി. പ്രാൻസീസ്കൻ സഭക്കാരൻ, കൊച്ചീനാട്ടുകാരൻ.

പ്രെ. പ്രൻസീസ് ദെ ച്ചാഗസ് പാദ്രി. പ്രാൻസീസ്കൻ സഭ, കൊച്ചീക്കാരൻ.

പ്രെ. ജുസെ ദെ മാദ്രെ ദെ ദേവൂസ്. പ്രാൻസീസ്കൻ സഭ, കൊച്ചീക്കാരൻ.

പ്രെ. മണുവേൾ ദെ ത്രിന്താദൊ പാദ്രി. പ്രാൻസീസ്കൻ സഭ, കൊച്ചീക്കാരൻ.

പ്രെ. മാക്കൊ ദെ സാന്തകത്തരീന പാദ്രി. പ്രാൻസീസ്കൻ സഭ, കൊച്ചീക്കാരൻ.

പ്രെ. അന്ത്രേയ ദെ ണോസ്സ സെഞ്ഞോരപാദ്രി. പ്രാൻസീസ്കൻ സഭ, കൊച്ചീക്കാരൻ.

ക്ലേരി പ്രെ. ജുസെ. പ്രാൻസീസ്കൻ സഭ, കൊച്ചീക്കാരൻ.

മേല്പറഞ്ഞവർ ഇന്ത്യയിൽ പല സ്ഥലങ്ങളിലും വേദപ്രസംഗം ചെയ്യുന്നതിന്നുവേണ്ടി സഞ്ചരിച്ചവരികെ ചിലർ 1599-ന്നാട്ടത്തും മററു ചിലർ 1605-1651 എന്നീ വത്സരങ്ങളിലും മതവിദ്വേഷികളാൽ കൊല്ലപ്പെട്ടു.(143) ഇങ്ങനെ ദൈവസ്നേഹത്തെപ്രതി സ്വന്തം പ്രാണനെ ഹോമിക്കാൻ ധീരതാപൂർവ്വം മുന്നിട്ടിറങ്ങുവാൻപോലും ഒരുക്കമുള്ളവർ അന്നു ധാരാളമുണ്ടായിരുന്നു.

ഡച്ചുകാരുടെ പ്രവേശനാവസരത്തിൽ നടന്ന യുദ്ധം ഒരുവിധ കുരിശുയുദ്ധമായിരുന്നതിനാൽ, കൊച്ചിയിലുണ്ടായിരുന്ന സന്യാസാശ്രമങ്ങളിൽ ചേർന്നിരുന്ന വൈദികവിദ്യാർത്ഥികൾ, എന്നല്ലാ സന്യാസികൾകൂടെയും ആയുധമെടുത്തു പട്ടണത്തെ രക്ഷിക്കാനായി ശ്രമിച്ചു എന്നാണു കാണുന്നതു. എൺപതു വയസ്സു പ്രായമുണ്ടായിരുന്ന ഒരു ഡോമ്മിനിക്കൻ സന്യാസി ഒരു കയ്യിൽ കു

(143)mitras Lusitanas de Oriente 3-202-203-207

രിശ്ശും മാറുകയ്യിൽ ആയുധവുമായി കോട്ടമതിലിന്നരികിൽ മരിച്ചുകിടന്നിരുന്നതായി പറയപ്പെട്ടുന്നുണ്ട്. ഡച്ചുകാർ കൊച്ചിയിലുണ്ടായിരുന്ന സന്ന്യാസാശ്രമങ്ങൾ നശിപ്പിച്ചു യൂറോപ്യന്മാരെ ഗോവയിലേക്കയച്ചശേഷം രണ്ടുപേർ അവിടെ വസിക്കാൻ അനുവദിച്ചു. ഏതദ്ദേശീയരായ വേറെ നാല്പതോളം സന്ന്യാസവൈദികർ വേദബോധനാർത്ഥം ഇൻഡ്യയുടെ പല ഭാഗങ്ങളിലായി സഞ്ചരിച്ചു ഒടുവിൽ ദൈവത്തെപ്രതി തങ്ങളുടെ പ്രാണനെ ഹോമിച്ചിട്ടുള്ളതായി ഐതിഹ്യമുണ്ട്.

സന്ന്യാസസഭകൾകൂടാതെ ഭക്തസഖ്യങ്ങൾ, കൊന്ത്രിയ്യകൾ, അനാഥശാലകൾ മുതലായ പല സ്ഥാപനങ്ങളും അവയ്ക്കെല്ലാം പ്രത്യേക ധനശേഖരവും ഉണ്ടായിരുന്നു. കൊച്ചിയിൽ ജപമാലരാജ്ഞിയുടെ നാമത്തിലുണ്ടായിരുന്നതുപോലെ ധനപുഷ്ടിയുള്ള ഒരു കൊന്ത്രിയ്യ ഇന്ത്യയിൽ വേറെ ഒരിടത്തും ഉണ്ടായിരുന്നില്ല (144) എന്നാണു കാണുന്നത്. ഇങ്ങനെ മെത്രാൻെറ അരമന, വൈദികഭവനം, നാലു സന്ന്യാസിമന്ദിരങ്ങൾ, കോളേജുകൾ, ആസ്പത്രികൾ, ഭദ്രാസനപ്പള്ളിയും കപ്പേളകളും ഉൾപ്പെടെ പതിമ്മൂന്നു പള്ളികൾ, (145) കന്യകാശ്രമങ്ങൾ, കൊന്ത്രിയ്യകൾ ഭക്തസഖ്യങ്ങൾ മുതലായവകൊണ്ട്, ഇവരുടെ തലസ്ഥാനമായ കൊച്ചിയിലെ മതപരമായ സ്ഥിതി എത്ര പ്രതാപയുക്തമായിരുന്നു എന്നുള്ളതു് നിഷ്പ്രയാസം അനുമാനിക്കാവുന്നതാണല്ലോ. അങ്ങനെതന്നെ സന്ന്യാസികളും സന്ന്യാസികളല്ലാത്തവരുമായ ഇത്രവളരെ ജ്ഞാനസമ്പന്നരും സുശിക്ഷിതരും പരിപക്വരുമായ വൈദികരുടെ നിയന്ത്രണ ശിക്ഷണാദികൾകൊണ്ടു ജ

(144) Ethiopia Oriental. 138.

(145) "Cochin";— J. monteiro D' Aguiar

നത്തിയിൽ പ്രശോഭിച്ചിരുന്ന ക്രിസ്തീയാത്രുപീയുടെ സ്ഥിതി മനസ്സിലാക്കാനും വിഷമമില്ല.

## അദ്ധ്യായം ൧൪

അധഃപതനം—ഇതിനുണ്ടായ കാരണങ്ങൾ—ഡച്ചുകാരുടെ ആഗമനവും തന്നിമിത്തമുണ്ടായ യുദ്ധവും മർദ്ദനവും—ശക്തൻ തമ്പുരാൻെറ മർദ്ദനം—തിരുവിതാംകൂറിലുണ്ടായ മർദ്ദനം— വെട്ടിക്കൊലപ്പട—കടലാക്രമണം.

അധപതനത്തിനു ണ്ടായ കാരണങ്ങൾ

ഇവിടെ പ്രതിപാദിക്കപ്പെട്ടുന്ന ലത്തീൻ സമുദായം സാമൂഹ്യനിലയിലും സാമ്പത്തികാവസ്ഥയിലും, സാംസ്കാരത്തിലും സ്വാതന്ത്ര്യത്തിലും, സ്വാധീനശക്തിയിലും അത്യന്തം മികച്ച ഒരു നിലയിലാണു ഇരുന്നതെന്നു ഇതേവരെ പ്രസ്താവിച്ച സംഗതികൾ കൊണ്ടു സ്പഷ്ടമായിരിക്കുന്നു. എന്നാൽ പൂർവ്വകാലംമുതൽക്കേ വലിയ ഔന്നത്യംനേടി പ്രശസ്ത നിലയിൽ കഴിഞ്ഞുപോന്ന ഈ സമുദായത്തിനു ഇടക്കാലത്തുണ്ടായ അഭിവൃദ്ധി മാന്ദ്യത്തിനു കാരണമെന്തെന്നു ഒരു ചോദ്യം ഇവിടെ സംഗതമാണു്. സമകാലികങ്ങളായ ഇതര സമുദായങ്ങളെ പിമ്പിലാക്കുമാറു് നാനാമുഖമായ ഉൽകർഷം സമ്പാദിച്ചു വിളങ്ങുവാൻ പര്യാപ്തമായ ഒരു സാഹചര്യത്താൽ സവിശേഷം അനുഗൃഹീതമായിരുന്ന ഈ ലത്തീൻസമുദായം ഇന്നത്തേക്കാൾ വളരെ വളരെ വർദ്ധമാനമായ ഒരു സ്ഥിതിയിൽ എത്തേണ്ടതായിരുന്നു;

സംശയമില്ല. പക്ഷെ, (പ്രായഗതിയോടൊപ്പം) കാലചക്രത്തിരിച്ചിലിലെ ചില സംഭവങ്ങൾകൂടി ആലോചിക്കുമ്പോൾ ഈ സമുദായത്തിൻെറ ക്രമാഗതമായ അഭ്യുന്നതിക്കു ഇടക്കാലത്തു സാരമായ പല വിഘാതങ്ങൾ നേരിട്ടിരുന്നതായിക്കാണാം. അവയെപ്പററിയെല്ലാം കൃലങ്കഷമായി വിവരിക്കുന്നതു ഈ ചെറുഗ്രന്ഥത്തിൻെറ പരിമിതമായ പരിധിക്കു ഒന്നിലധികം കാരണങ്ങളാൽ അവിഹിതമായി വരാവുന്നതാണ്. അതിനാൽ അവശ്യം ആവശ്യമായ ചില പ്രധാന സംഭവങ്ങളെക്കുറിച്ചു മാത്രമെ ഇവിടെ വ്യവഹരിക്കുന്നുള്ളു. ഇവിടെ പ്രതിപാദിക്കപ്പെടുന്ന ലത്തീൻസമുദായത്തിനു പിൽക്കാലത്തു വൈദികഭരണത്തിൽ നേരിട്ട വിഷമതയും രാഷ്ട്രീയമായി അനുഭവപ്പെട്ട പീഡനങ്ങളും മർദ്ദനങ്ങളുമാണ് ഈ അധഃപതനത്തിന്നുണ്ടായ പ്രധാന കാരണങ്ങൾ. ഡച്ചുകാർ കൊച്ചി കീഴടക്കിയശേഷം കൊച്ചീമെത്രാന്മാർക്കു ഈ ജനത്തിൻെറ ഇടയിൽ സഞ്ചരിക്കാനും അവരെ നയിക്കാനും നിവൃത്തിയില്ലാതായിത്തീർന്നു. (അ. 23.) അത്രയുമല്ലാ സെമ്മിനാരി സന്യാസാശ്രമങ്ങൾ മുതലായവ നശിപ്പിക്കപ്പെട്ടതിനാൽ വൈദികരുണ്ടാവാനും പ്രയാസം നേരിട്ടു. ഇങ്ങനെ വൈദികാന്വേഷണം വേണ്ടത്ര ഇല്ലാതെ കഴിഞ്ഞുകൂടിയ ദീർഘകാലാവധിയിലുണ്ടായ യുദ്ധങ്ങളുടെയും മർദ്ദനങ്ങളുടെയും അവസരത്തിൽ ഇവർക്കു വലിയ കോട്ടവും വാട്ടവുമൊക്കെ തട്ടി. താഴെ വിവരിക്കുന്ന സംഗതികൾ മനസ്സിരുത്തി വായിക്കുന്നവർക്ക് ഇതു മനസ്സിലാക്കാം. മാത്രമല്ലാ, ഇതിനുപരി പ്രതിപാദിച്ചുകഴിഞ്ഞിട്ടുള്ള കാര്യങ്ങളുടെ ഒരു സ്ഥിരീകരണം മാത്രമേ ഈ അദ്ധ്യായംകൊണ്ടു നിർവ്വഹിക്കപ്പെടുന്നുള്ളു എന്നു ബോധപ്പെടുന്നതുമാണ്.

ഡച്ചുകാരുടെ പ്രവേശനത്തിലെ യുദ്ധവും മർദ്ദനവും

പൊർത്തുഗീസുകാരെ തുരത്തിവിട്ടുംകൊണ്ടുള്ള പ്രൊട്ടസ്റ്റൻറു മതാവലംബികളായ ഡച്ചുകാരുടെ കടന്നുകയററം മേല്പറഞ്ഞ ലത്തീൻ പരിഷയ്ക്കു ഒരു ധൂമകേതുവിൻെറ ഉദയംപോലെ ഭീതിദവും നാശകാരണവുമായിരുന്നു. ലത്തീൻകാരുടെ പ്രധാന കേന്ദ്രസ്ഥാനങ്ങളിൽപ്പെട്ട കൊച്ചിയും കൊടുങ്ങല്ലൂരും കൊല്ലവുമാണ് പൊർത്തുഗീസുകാരും ഡച്ചുകാരും തമ്മിലുണ്ടായ സമരത്തിന്നു രംഗങ്ങളായിരുന്നതെന്നു ഓർക്കുമ്പോൾത്തന്നേ ആ യുദ്ധത്തിൽ പരാജിതരായ പൊർത്തുഗീസു പക്ഷത്തുചേർന്നിരുന്ന ലത്തീൻ ക്രിസ്ത്യാനികൾക്കും, അവരുടെ സ്ഥാപനങ്ങൾ സ്വത്തുക്കൾ എന്നിവയ്ക്കും നേരിട്ടിരിക്കാവുന്ന കെടുതികൾ ഊഹ്യമാണല്ലൊ. കൊടുങ്ങല്ലൂർ പട്ടണമാണു ഡച്ചുകാർ ഈ ഭാഗങ്ങളിൽ ആദ്യം കീഴടക്കിയതു്. അവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികളിൽ പലർ തദവസരത്തിൽ കൊല്ലപ്പെട്ടു. അവരുടെ സ്ഥാപനങ്ങൾ കൊള്ളചെയ്തും കൊള്ളിവെച്ചും ശത്രുക്കൾ ഒടുക്കി. പക്ഷെ, ലത്തീൻക്രിസ്ത്യാനികളുടെ പ്രധാന കേന്ദ്രസ്ഥാനമായ കൊച്ചി അപ്പോൾ നിർബാധമായിരുന്നു.

ഇന്ത്യയിൽ ഗോവ കഴിഞ്ഞാൽ പിന്നെ കത്തോലിക്ക മതസ്ഥാപനങ്ങളും മററുംകൊണ്ടു അന്നു പ്രഥമസ്ഥാനത്തെ അർഹിച്ചിരുന്നതു കൊച്ചിയായിരുന്നു. കത്തോലിക്കമതാത്മകമായ ചൈതന്യം സർവ്വത്ര നടമാടിയിരുന്ന ഈ കേന്ദ്രസ്ഥാനവും ഡച്ചുകാരുടെ ആക്രമണത്തിന്നിരയായിത്തീൎന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. യുദ്ധം രണ്ടുമാസത്തോളം ദീർഘിച്ചുനിന്നു. വെടിയുണ്ട, കല്ലു്, വെടിമരുന്നു നിറച്ച തീക്കുഴൽ എന്നിവയെല്ലാം കോട്ടയിലേയ്ക്കു സദാ പാഞ്ഞുകൊണ്ടിരുന്നു. ഭയങ്കരമായ ഈ വിപൽഘട്ടത്തിൽ വൈദികാധികാരികൾ ഒരു പ്രായശ്ചിത്ത പ്രദക്ഷിണം കഴിപ്പിക്കു

കയുണ്ടായി. പൊർത്തുഗീസുകാർക്കു തല്ക്കാലം കുറെയെല്ലാം നില കിട്ടിയെങ്കിലും ഒടുവിൽ-1663 ജനവരി 6-ാംനു--ഡച്ചുകാർ കോട്ടയ്ക്കുള്ളിൽ കടക്കുകതന്നെ ചെയ്തു. കോട്ട ഇടിഞ്ഞുവീണ ഭാഗങ്ങളിൽക്കൂടിയാണു അവർ അകത്തു പ്രവേശിച്ചതു്. അനന്തരം അവിടെവെച്ചുണ്ടായ ഘോരസമരം വിവരിക്കേണ്ടതില്ലല്ലൊ. രാത്രിവരെ ഡച്ചുകാരുടെ പുരോഗമനത്തെ പ്രതിരോധിച്ചുകൊണ്ടുനിന്നു. പക്ഷെ, രാത്രിയായപ്പോൾ സ്ഥിതിയെല്ലാം മാറി. അന്നത്തെ കൊച്ചിപ്പട്ടണവാസികൾ ആ രാത്രിയിൽ അനുഭവിച്ച സങ്കടങ്ങൾ പറഞ്ഞറിയിക്കുക പ്രയാസം. സ്ത്രീകളുടെയുംകുട്ടികളുടെയും ദീനദീനമായനിലവിളി ദിക്കെങ്ങും നിരന്തരം മുഴങ്ങിക്കൊണ്ടിരുന്നു. പീരങ്കി, ഉണ്ടകൾ വമിക്കുമ്പോഴുണ്ടാകുന്ന മിന്നലല്ലാതെ മററു വെളിച്ചമൊന്നും ആ കൂരിരുട്ടിൽ കണ്ടിരുന്നില്ല. ഡച്ചുകാർ പട്ടണം മുഴുവൻ കീഴടക്കി. മാത്രമല്ല, നഗരം മുഴുവനും അവർ കൊള്ളിവെച്ചും കൊള്ളചെയ്തും നശിപ്പിക്കാൻ തുടങ്ങി.

പള്ളികളിൽ പരിശുദ്ധ കുർബാന എഴുന്നള്ളിച്ചു വച്ചിരുന്നതു ഡച്ചുകാർ ആ രാത്രിതന്നെ നശിപ്പിച്ചു. തിരുസാമാനങ്ങൾ, അലങ്കാരവസ്തുക്കൾ മുതലായവയെല്ലാം വാരി പള്ളിമുററങ്ങളിൽ കൂട്ടിയിട്ടു. വേണ്ടുന്നതൊക്കെ തെരഞ്ഞെടുത്തു. ബാക്കി മുഴുവൻ തീവെച്ചു ചുട്ടു. (146) ഇങ്ങനെ അന്നു കൊച്ചീനഗരത്തിനു നേരിട്ട ഭയങ്കരവിപത്തു അവർണ്ണനീയമെന്നേ പറയാനുള്ളു. പൂർവ്വക്ഷണത്തിൽ സർവ്വസുഖങ്ങളോടും വിഭവസമൃദ്ധിയോടും കൂടി അത്യന്തം മാന്യവും ഉന്നതവുമായ നിലയിൽ കഴിഞ്ഞിരുന്ന ധനവാന്മാർ ഉത്തരനിമിഷത്തിൽ നിരാലംബരായിത്തീർന്നു. ആകപ്പാടെ അത്യുച്ചസ്ഥാനത്തെ അലം-

---

(146) കൊച്ചീരാജ്യചരിത്രം 2. ഭാ. 66

കരിച്ചിരുന്ന ഒരു നഗരത്തേയും ജനതയേയും നിലംപതിപ്പിക്കുന്ന ഭയങ്കര സംഭവമായിരുന്നു അന്നു നടന്നത്.

പൊൎത്തുഗീസുകാർക്കു തുണനിന്നവരായ ലത്തീൻ കത്തോലിക്കർക്കും അവരുടെ സ്ഥാപനങ്ങൾക്കും സ്വത്തുക്കൾക്കും നേരിട്ട നഷ്ടത്തിനും നാശത്തിനും കൈകണക്കുണ്ടായിരുന്നില്ല. ഇതായിരുന്നു ലത്തീൻ സമുദായത്തിന്റെ ഒരു പ്രധാന ഭാഗത്തിന്നു പററിയ ഒന്നാമത്തെ അധഃപതനം. ഇങ്ങനെ ഡച്ചുകാരുടെ ആഗമനത്തിങ്കൽവെച്ചുതന്നെ ഈ സമുദായം ഏതാണ്ട് ഹതശക്തമായിത്തീർന്നുവെങ്കിലും, ഡച്ചുകാർക്കു ഇവരെ അനാദരിച്ചുകൊണ്ടു ഇവിടെ വത്തിക്കാൻ പിന്നീടു സാദ്ധ്യമല്ലാതെ വന്നുവെന്നും, രാഷ്ട്രീയ മാത്രമായിട്ടെങ്കിലും അവരുമായുള്ള മൈത്രിയെ ഡച്ചുകാർ സ്വീകരിക്കാൻ നിർബന്ധിതരായെന്നും മുമ്പൊരദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. ഭയങ്കരമായ ഒരു മർദ്ദനത്തിന്നും സംഹാരത്തിന്നും ഇരയായി ഭവിച്ചിട്ടും ഈ സമുദായത്തിൽ അത്രയ്ക്കു ശക്തി അവശേഷിച്ചിരുന്നുവെങ്കിൽ, അതിന്നുമുമ്പു ഈ ജനതയ്ക്കുണ്ടായിരുന്ന പ്രാബല്യവും പ്രതാപവും എത്ര മഹത്തായിരുന്നിരിക്കണം.

ലത്തീൻ ക്രിസ്ത്യാനികൾ പൊൎത്തുഗീസുകാരോടു ചേർന്നു യാതൊരു രാജവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി ധീരധീരം പോരാടിയിരുന്നുവോ യാതൊരു രാജാധികാരത്തിന്റെ അവകാശങ്ങൾ ഒരു കാലത്ത് ആ ജനങ്ങളുടെ ധൃതശസ്ത്രപാണികളാൽ പരിരക്ഷിക്കപ്പെട്ടുവോ, ആ കൊച്ചീ രാജസ്ഥാനംതന്നെ ഒന്നിലധികം പ്രാവശ്യം അവൎക്കുനേരെ സംഹാരഹസ്തം ഉയൎത്തുകയുണ്ടായി. 926 കൎക്കടകം 10-ാം തിയ്യതി (കറുത്തവാവുന്നാൾ) അവതാരം ചെയ്ത ചരിത്രപ്രസിദ്ധനായ ശക്തൻ തമ്പുരാനെപ്പററി കേൾക്കാത്തവർ കേരളത്തിലില്ലല്ലൊ. ഇദ്ദേഹം ആദ്യം രാജ

ശക്തൻതമ്പുരാന്റെ മർദ്ദനം.

വംശത്തിലെ മൂന്നാം മുറത്തമ്പുരാനായിരുന്നു. എന്നാൽ 965 കർക്കിടകം 29-ാംനു- ഇളയ തമ്പുരാനും, 32-ാംനു- വലിയതമ്പുരാനും തീപ്പെട്ടതോടെ ഈ മൂന്നാമത്തെ തമ്പുരാന്ന് തിരുമൂപ്പു കിട്ടി. ഭരണാരംഭത്തിൽത്തന്നെ പതിനായിരം ഭടന്മാരെ സ്വരൂപിച്ചു സ്വശക്തിയെ ഭദ്രപ്പെടുത്തിയ ഈ തമ്പുരാന്റെ വാഴ്ചയിലുണ്ടായ സംഭവങ്ങൾ കൊച്ചീരാജ്യചരിത്രം അറിയുന്നവരെ പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. പ്രകൃത്യാ ശൂരനും ധീരനുമായിരുന്ന ഈ രാജാവു ന്യായവിചാരണ നടത്തുന്നതിൽ ന്യായാന്യായങ്ങളും കുററത്തിന്റെ ഗൗരവലാഘവങ്ങളും നോക്കുക ചിലപ്പോൾ ചെയ്യുകയില്ലായിരുന്നുവല്ലോ. അദ്ദേഹത്തിന്റെ ശിക്ഷാരീതിയും മററും മനസ്സിലാക്കാൻ ഒന്നുരണ്ടു സംഭവങ്ങൾ പറയാം. ശക്തൻ തമ്പുരാൻ കുറെ അരയാലുകൾ വളർത്തിയിരുന്നു. ഇളയ തമ്പുരാന്റെ ഒരു സേവകനും, കൊട്ടാരത്തിലെ ജോലിക്കാരനുമായ, ചെറപറമ്പിൽ കുഞ്ഞിട്ടി മേനവന്റെ മരുമകൻ കുഞ്ഞികൃഷ്ണൻ, ഇളയതമ്പുരാന്റെ ആടുകൾക്കു കൊടുക്കാനായി ആ അരയാലുകളിൽനിന്നു കുറെ ഇല പൊട്ടിച്ചുവത്രെ. ശക്തൻതമ്പുരാൻ ഈ വിവരം അറിഞ്ഞു രണ്ടു വില്ലുക്കാരെ അയച്ചു ആ യുവാവിനെ വിളിപ്പിച്ചു. കുഞ്ഞികൃഷ്ണൻ വന്നപ്പോൾ തമ്പുരാൻ തന്റെ ഇടതുകൈകൊണ്ടു അവന്റെ കുടുമ്മ ചുററിപ്പിടിച്ചു വലതുകയ്യിലെ വാൾകൊണ്ടു അവനെ വെട്ടിക്കൊല്ലാനാണ് ഭാവിച്ചതു്! ഉടനെ ഇളയതമ്പുരാൻ ഇടയിൽവീണു "കുഞ്ഞികൃഷ്ണനെ കൊല്ലുന്നതിന്നുപകരം ജ്യേഷ്ഠൻ എന്നെ കൊല്ലുകയേവേണ്ടു" എന്നു നിലവിളിച്ചു ഒരുവിധം ആ കുട്ടിയെ രക്ഷിച്ചു എന്നേ പറയാനുള്ളു.

ഇനി വേറൊരു സംഭവം പറയാം:- ശക്തൻതമ്പുരാന്റെ ചിററമ്മയുടെ തിരുമാസമടിയന്തിരത്തിന് ദേവരശക്കിണി എന്നൊരു കച്ചവടക്കാരൻ പഞ്ചസാരകൊടു

ക്കാമെന്നു ഏററിരുന്നു. എന്തോ കാൎയ്യത്തിരക്കുകൊണ്ടു് കിണി അക്കാൎയ്യം മറന്നുപോയി. തമ്പുരാൻ കോപിച്ചു. അദ്ദേഹം തൻെറ സൈന്യാധിപനായ പണിക്കരെ വിളിച്ചു പറഞ്ഞതു്, "കിണിയുടെ തല തനിക്കു പിറേറദിവസം കണികാണണമെന്നാണു്.!" അരയിൽ ഗൂഢമായി വയ്ക്കാവുന്ന ഒരു വാളും കരസ്ഥമാക്കിക്കൊണ്ടു പണിക്കർ ഉടനെ ഡച്ചുകാരുടെ കോട്ടയിൽ കച്ചവടം നടത്തിയിരുന്ന കിണിയുടെ ഷാപ്പിലേയ്ക്കു പട്ടുവാങ്ങാനെന്ന ഭാവത്തിൽ പുറപ്പെട്ടു. പണിക്കർ കൊച്ചിയിലെത്തി കിണിയെ വിളിച്ചു ഷാപ്പിൻെറ മുകൾത്തട്ടിൽചെന്നു, പട്ടുതരങ്ങൾ എടുപ്പിച്ചു ഓരോന്നു സംസാരിച്ചിരുന്ന മദ്ധ്യേ പണിക്കർ തൻെറ അരയിൽനിന്നു വാളെടുത്തു കിണിയുടെ തലവെട്ടി പട്ടിൽ ഭദ്രമായിപൊതിഞ്ഞുകൊണ്ടു പോരുകയും, കല്പനപ്രകാരം അടുത്ത പ്രഭാതത്തിൽ തമ്പുരാനു് കണികാണാൻ കാഴ്ചവയ്ക്കുകയും ചെയ്തു. (146)

ശക്തൻതമ്പുരാൻെറ സ്വഭാവം വെളിവാക്കുന്നതിന്നു ഇത്തരത്തിരി സംഭവങ്ങൾ പലതും പറയാനുണ്ടു്. ഈ തമ്പുരാനിൽനിന്നാണു് മേല്പറഞ്ഞ ക്രിസ്ത്യാനിജനതയ്ക്കു് പല മർദ്ദനങ്ങൾ അനുഭവിക്കേണ്ടിവന്നതു. ഈ ലത്തീൻ പരിഷ സൈനിക വാസനയുള്ള സ്വതന്ത്രകക്ഷിയും, ഡച്ചുകാരുടെ മേക്കോയ്മയിൽ പെട്ടവരുമായിരുന്നുവല്ലൊ. കൊച്ചീരാജകുടുംബത്തിലുണ്ടായിരുന്ന അന്തഃഛിദ്രങ്ങളിലും ആപൽഘട്ടങ്ങളിലും ഈ ജനതതി ഓരോ കാലങ്ങളിൽ വാഴ്ച നടത്തുന്ന രാജാക്കന്മാരെ സഹായിക്കേണ്ടതായും വന്നിട്ടുണ്ടു. തൻെറ പുരോഗാമികളിൽ വല്ലവരേയും ഇങ്ങനെ സഹായിച്ചതുകൊണ്ടു ശക്തൻതമ്പുരാനു പ്രത്യേക വിരോധം വല്ലതും ഇവരോടു തോന്നിയിരുന്നോ

(146.) ഇവയെല്ലാം "കൊച്ചീരാജ്യചരിത്രകഥകൾ" എന്ന പാഠപുസ്തകത്തിൽക്കൂടെയുമുള്ളതാണല്ലൊ.

എന്നു അറിഞ്ഞുകൂടാ. അതൊന്നുമില്ലെങ്കിൽതന്നെയും നമ്മുടെ ചരിത്രവിഷയമായ ക്രിസ്ത്യൻ ജനതയുടെ സ്വതന്ത്രനിലയും ശക്തിയും, ശക്തൻതമ്പുരാനേപ്പോലുള്ള ഒരു നാട്ടുവാഴിയുടെ കാലുഷ്യത്തിന്നു കാരണമാവാൻ ധാരാളം മതിയാവുന്നതായിരുന്നു. ഇവൎക്കു പുരാതന പെരുമാക്കന്മാരിൽനിന്നു സിദ്ധിച്ചിട്ടുള്ള പ്രത്യേകതകളും അവ പൊൎത്തുഗീസുകാരുടേയും അനന്തരം ഡച്ചുകാരുടെയും സംരക്ഷണയിൽ ഏല്പിച്ചതുമെല്ലാം അന്നു മിക്കവാറും വിസ്മൃതിയിൽപ്പെട്ടുകിടന്നിരുന്നു. മാത്രമല്ലാ ഈ പ്രത്യേകതകൾ എല്ലാം ഡച്ചുകാർ കൊടുത്തതാണെന്നു തെററിദ്ധരിച്ചുമിരുന്നു. ഈ ലത്തീൻ ജനതഗവൎമ്മെണ്ടധികാരികളുടെ ഭീഷണിയും മററും അത്ര വകവയ്ക്കുന്നവരല്ലായിരുന്നതാനും. സ്വന്ത വസ്തുക്കളിലെ അനുഭവവും സൈന്യസേവനവുംകൊണ്ടാണ് ഇവർ കഴിഞ്ഞിരുന്നത്. വസ്തുക്കളാകട്ടെ,പൊൎത്തുഗീസുകാരോടു ചേൎന്നു കൊച്ചീരാജ്യത്തിന്നുവേണ്ടി ഇവർ ചെയ്തിട്ടുള്ള യുദ്ധങ്ങൾക്കും സഹിച്ചിട്ടുള്ള കഷ്ടതകൾക്കും നടത്തിയിരുന്ന കാവലിന്നും പ്രതിഫലമായി ലഭിച്ചിരുന്ന മാന്യാവകാശങ്ങളും, കൂടുതൽ ദ്രവ്യംകൊടുത്തു കൊച്ചീഗവൎമ്മെണ്ടുമായുള്ള ബാദ്ധ്യത ഒഴിച്ചെടുത്തിട്ടുള്ള ഭൂമികളുമായിരുന്നു. ഇങ്ങനെ ലത്തീൻജനതയ്ക്കുണ്ടായിരുന്ന സ്വതന്ത്രവും സമ്പന്നവും ശക്തവുമായ നില അന്നു ചിലൎക്കെല്ലാം രസിക്കാതിരുന്നിട്ടുമുണ്ടാവാം. ഉദ്യോഗസ്ഥന്മാരും, 'കൎണ്ണേജപന്മാരായ ചില കൊട്ടാര സേവകന്മാരുടെ ഏഷണികേട്ടു, നാട്ടുവാഴികൾതന്നെയും, ചിലപ്പോഴൊക്കെ പ്രസ്തുത ക്രിസ്തീയജനതയോടു വൈരസ്യം ഭാവിക്കുകയും, അവരുടെ കാൎയ്യങ്ങളിൽ ഇടപെടുന്നതിന്നു ശ്രമിക്കുകയും ചെയ്തിട്ടുള്ളതിന്നു കൊച്ചീരാജ്യചരിത്രത്തിൽതന്നെ പല ലക്ഷ്യങ്ങൾ കാണാവുന്നതാണ്. ആവക സന്ദർഭങ്ങളിൽ ക്രിസ്ത്യാനികൾ ഡച്ചുകാരുടെ പക്കൽ ആവലാധിപറ

യുകയും, ആ മേൽക്കോയ്മ അവയെപ്പററി വിചാരണ കഴിക്കുകയും ചെയ്തിരുന്ന പതിവ് ഗവൎമ്മെണ്ടധികൃതന്മാൎക്കും മററും ദുസ്സഹമായിത്തോന്നിയിരിക്കാനും ഇടയുണ്ടു. ഈ ക്രിസ്ത്യാനികളോടു ദ്വേഷം ഭാവിക്കാൻ മേല്പറഞ്ഞതിനേക്കാളെല്ലാം പ്രബലമായ വേറൊരു കാരണം കൂടി ഉണ്ടായിരുന്നു. മാനസാന്തരപ്പെട്ടു ക്രിസ്തുവേദത്തിൽ ചേരുന്നവൎക്കു ഈ ജനതാമദ്ധ്യത്തിൽ സിദ്ധിച്ചിരുന്ന സ്വാതന്ത്ര്യപദവിയായിരുന്നു (ഭദ്രസ്ഥിതി) ആ കാരണം. ക്രിസ്ത്വേതരന്മാരായ പ്രജകൾ ജ്ഞാനസ്നാനമേററു കഴിഞ്ഞാൽ കൊച്ചീഗവൎമ്മെണ്ടുദ്യോഗസ്ഥന്മാൎക്കു അവരുടെമേൽ അധികാരം ചെലുത്താൻ സാധിക്കാതെ വന്നിരുന്നുവെന്നതു ഇതിനുപരി പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. ഈ ദ്വേഷകാരണങ്ങൾനിമിത്തം വൈദികരോടു കൊച്ചിയിലെ ഭരണധുരന്ധരന്മാൎക്കു ചില കാലങ്ങളിൽ കലശലായ വിദ്വേഷം ജനിച്ചിരുന്നു എന്നതിനും തെളിവുണ്ട്. ആ വൈദികന്മാരിൽ ചിലർ പ്രസ്തുത വിദ്വേഷവഹ്നിയിൽ ദൈവത്തെപ്രതി, തങ്ങളുടെ പ്രാണനെ ഹോമിക്കേണ്ടതായിട്ടുകൂടെയും വന്നിട്ടുണ്ട്. പ്രകൃത്യാ കത്തോലിക്കമതവിദ്വേഷികളായ ഡച്ചുഭരണാധികാരികൾ മതാത്മകമായ ഇക്കാൎയ്യത്തിൽ കത്തോലിക്കരോടു അനുകമ്പാശൂന്യമായ നിലയാണവലംബിച്ചിരുന്നതും. പോരെങ്കിൽ ശക്തൻ തമ്പുരാന്റെ കാലത്ത് ഡച്ചുകാരുടെ ശക്തി വളരെ ക്ഷയിച്ചുപോവുകയും ചെയ്തിരുന്നു. അതിനാൽ തങ്ങൾക്കു ആഗ്രഹമുണ്ടെങ്കിൽ തന്നെയും ശക്തൻ തമ്പുരാന്റെ മർദ്ദനശക്തിയെ തടയാൻ അവർക്കു കഴിഞ്ഞിരുന്നില്ല. ഇങ്ങനെ പ്രതികൂല സാഹചൎയ്യങ്ങളോടുകൂടിയിരുന്ന ഒരു കാലഘട്ടത്തിൽ സൎവ്വതന്ത്രസ്വതന്ത്രനായി വാഴ്ച നടത്തിയ ശക്തൻ തമ്പുരാൻ ഈ ജനതയോടു എങ്ങനെ പെരുമാറിയിരിക്കാമെന്നുള്ളതു് ഊഹം മാത്രംകൊണ്ടു കുറെയൊക്കെ മനസ്സിലാക്കാവുന്നതാ



മഹാവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേററി

വരാപ്പുഴ അതിരൂപതയുടെ ഒന്നാമത്തെ

ഏതദ്ദേശ്യ മെത്രാപ്പോലീത്താ.

(പെയിജ് 314 നോക്കുക.)

ണ്. കൊച്ചീരാജ്യത്തിന്നുവേണ്ടി ഒരുകാലം ചുടുനിണം ചൊരിഞ്ഞിട്ടുള്ളവരും അന്നോളം സ്വാതന്ത്ര്യരുമായിരുന്ന ആ ലത്തീൻ കത്തോലിക്കർ ശക്തൻതമ്പുരാൻെറ നിർദ്ദയമായ മർദ്ദനത്തിന്നു പലപ്പോഴും ഇരയായിത്തീർന്നിട്ടുണ്ട്. കൊച്ചീരാജ്യ ചരിത്രകാരൻതന്നെ പറയുന്നതുപോലെ അദ്ദേഹം അവരെ പല പ്രകാരത്തിൽ ഉപദ്രവിക്കുകയും, അവരുടെ വസ്തുക്കൾ കയ്യേറിയെടുക്കുകയും, ചിലരെനാട്ടിൽനിന്നു ബഹിഷ്കരിക്കുകൂടെയുംചെയ്തു. (147) സൈനികനിയമം നടപ്പാക്കിയാലെന്നോണമാണ് തമ്പുരാൻ ചില അവസരങ്ങളിൽ ഈ ജനത്തോടു പ്രവർത്തിച്ചിട്ടുള്ളതു്. ക്രിസ്ത്യാനികളുടെമേൽ ഓരോരുത്തർ കണ്ടമാനം ചുമത്തുന്ന കുററങ്ങൾക്കെല്ലാം അവക്കു കഠിനശിക്ഷകൾ ലഭിച്ചുകൊണ്ടിരുന്നു. ഒരിക്കൽ ഒന്നു രണ്ടു ബ്രാഹ്മണരുടെ പക്കൽനിന്നു ആരോ കുറെ പണം ബലാൽ അപഹരിച്ചു. ക്രിസ്ത്യാനികളാണ് ആ പ്രവൃത്തി ചെയ്തതെന്നു ഒരു വൎത്തമാനം പരന്നു. ഉടനെ ക്രിസ്ത്യാനികൾ ആ പണവുമായി തിരുമുമ്പിൽ എത്തിക്കൊള്ളണമെന്നു ശക്തൻതമ്പുരാൻ ഉത്തരവായി. ക്രിസ്ത്യാനികളാരും കല്പനപ്രകാരം തിരുമുമ്പിൽ ചെന്നില്ല. തമ്പുരാൻ രണ്ടാമതും ഒരുത്തരവു പ്രസിദ്ധപ്പെടുത്തി. എന്നിട്ടും ആരും ഹാജരാവാനുണ്ടായിരുന്നില്ല. പിന്നെ ജനപ്രമാണികളിൽ ചിലർ ഹാജരാകണമെന്നു രാജാവു കല്പന അയച്ചു. ആ ഉത്തരവനുസരിച്ചു ഹാജരായ ജനനേതാക്കന്മാരെ അദ്ദേഹം വധിപ്പിക്കുകയാണുണ്ടായതു്. * ഇതുപോലെതന്നെ മുന്തിരിക്കപ്പിത്താൻെറ നേക്കു ഈ നാടുവാഴി പ്രദ

(147) കൊച്ചീരാജ്യചരിത്രം. 2-13-478.

* ഭാഷാപോഷിണി എന്ന മാസികയിൽ ഈ സംഭവം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു.

ശിപ്പിച്ച വിദ്വേഷവും വീരതയും പ്രസിദ്ധമാണല്ലോ. കപ്പിത്താൻെറ ഭവനം ഇരുന്ന സ്ഥലത്തു് കുളംകുഴിപ്പിച്ചു അതിൻെറമദ്ധ്യേ ഇരുന്നു ഉച്ചഭക്ഷണം കഴിക്കുമെന്നു ഈ നാടുവാഴി ചെയ്ത ശപഥം നിറവേററുകതന്നെ ചെയ്തു. മുന്തിരിക്കപ്പിത്താൻെറ നേർക്കു അതിന്നു മുമ്പൊരിക്കൽ ശക്തൻതമ്പുരാൻ ദ്വേഷം ഭാവിച്ചുവെങ്കിലും, അന്നു തമ്പുരാൻെറ ചിററമ്മയും കപ്പിത്താൻെറ അമ്മയും ജീവിച്ചിരിപ്പുള്ള കാലമായിരുന്നതിനാൽ അതു സമാധാനത്തിൽ തീർക്കാൻ സാധിച്ചു. കപ്പിത്താൻെറ അമ്മ ഒരു സ്വർണ്ണക്കിണ്ടിയും മററു ചില സ്വർണ്ണപ്പണ്ടങ്ങളും ചിററമ്മയ്ക്കു സമർപ്പിച്ചുകൊണ്ടു കാര്യം പറകയും, ചിററമ്മ തമ്പുരാനെ സമാധാനിപ്പിക്കുകയുമാണുണ്ടായതു്. എന്നാൽ തമ്പുരാൻ കപ്പിത്താൻെറ നേർക്കു രണ്ടാമതും ശുണ്ഠിതുടങ്ങി. ആ കോപത്തിൻെറ കലാശം മേല്പറഞ്ഞ കുളംകുഴിക്കലിൽ പരിണമിച്ചു. എറണാകുളത്തുള്ള ഡർബാർ ഗ്രൗണ്ടിനു തെക്കുവശം ഇപ്പോഴുള്ള ആനക്കുളം (ആല്പകുളമെന്നുംപറയും) ശക്തൻതമ്പുരാൻെറ ആ മർദ്ദനവിക്രമത്തിൻെറ ലക്ഷ്യമാണു്. മുന്തിരിക്കപ്പിത്താൻെറ കുടിയിരുന്നിടത്തു് കുളം കുഴിപ്പിച്ച മർദ്ദനഘട്ടത്തിലും ക്രിസ്ത്യാനികളിൽ പലരും നാടുവിട്ടുപോകേണ്ടതായിവന്നിട്ടുണ്ടു. അവിടംവിട്ടവരിൽ പലർ കാഞ്ഞിരപ്പള്ളിലേയ്ക്കു പോയെന്നാണു് ഐതിഹ്യം. കൊച്ചിയിൽനിന്നു ലത്തീൻരീതിക്കാർ കോതമംഗലം ചങ്ങനാശ്ശേരി മുതലായ സ്ഥലങ്ങളിലേക്കും കടന്നുകളഞ്ഞിട്ടുണ്ടു. ശക്തൻതമ്പുരാൻ ഇങ്ങനെ പലപ്പോഴായി നടത്തിയ ഭയങ്കര മർദ്ദനങ്ങൾകൊണ്ടു ലത്തീൻ ജനതയ്ക്കുണ്ടായിട്ടുള്ള കെടുതികൾ നിസ്സാരങ്ങളായിരുന്നില്ല. ശക്തിയേറിയ ശക്തൻതമ്പുരാൻെറ ആ മർദ്ദനങ്ങളേയും, അനല്പമായ കെടുതിയോടുകൂടെയാണെങ്കിലും, അതിജീവിക്കാൻ പ്രസ്തുത ക്രിസ്തീയ സമുദായത്തിനു സാധിച്ചതിൽനിന്നു അതിൻെറ പുരാ

ത്തനമായ ഉൽക്കർഷവും പ്രാബല്യവും ഒരിക്കൽക്കൂടി അഭിവ്യഞ്ജിക്കുന്നു.

തിരുവിതാംകൂറിലെ മറ്റൊരം — തിരുവിതാംകൂർരാജ്യത്തെ കീഴടക്കാൻവന്ന ശത്രുസൈന്യങ്ങളെ വിശുദ്ധ ഫ്റാൻസീസ് സേവ്യർ സ്വർഗ്ഗത്തിൽനിന്നുള്ള സഹായംകൊണ്ടു ഭയവിഹ്വലരാക്കി ഓടിച്ചു രാജ്യത്തെ രക്ഷിച്ചതും തൻമൂലം അന്നത്തെ തിരുവിതാംകൂർ രാജാവു, ഈ വിശുദ്ധനെ "വലിയ പാദ്രി" എന്നു എല്ലാവരും വിളിച്ചുകൊള്ളണമെന്നു ആജ്ഞാപിച്ചതും സുപ്രസിദ്ധമാണല്ലോ.(148) ഈ ഉപകാരത്തിനു പ്രതിനന്ദിയായി തിരുവിതാംകൂറിൽ ക്രിസ്ത്യാനികൾക്കു പലേ പ്രത്യേകാവകാശങ്ങളും നൽകുകയുണ്ടായിട്ടുണ്ട്. പൂർവ്വക്രിസ്ത്യാനികളും ഹിന്ദുക്കളിൽനിന്നു മാനസാന്തരപ്പെട്ടവരുമായി അനേകം ക്രിസ്ത്യാനികൾ തിരുവിതാംകൂറിലും പ്രത്യേകം ഇന്നത്തെ തിരുവനന്തപുരം പട്ടണത്തിലും അതിന്റെ പരിസരങ്ങളിലും വസിക്കുന്നുണ്ടായിരുന്നു.

എന്നാൽ പിൽക്കാലങ്ങളിൽ 1780-ൽ കുമാരൻ ചെമ്പകരാമൻപിള്ള പ്രഥമാധികാരിയും അദ്ദേഹത്തിന്റെ സഹോദരൻ നാഗംപിള്ള സർവ്വാധികാരിയുമായിരിക്കെ ക്രിസ്ത്യാനികൾ ഒരു വലിയ മർദ്ദനം അനുഭവിക്കേണ്ടതായി വന്നു. അതെപ്രകാരം സംഭവിച്ചു എന്നതു് ഏതൽസംബന്ധമായി സമകാലീനനും പലതും കണ്ടും കേട്ടും അറിഞ്ഞ ദേഹവുമായ ദിവ്യശ്രീ ഫാദർ പൗലീൻ ഒ. സി. ഡി. എന്ന യൂറോപ്യൻ മിഷ്യനറി വിവരിച്ചിട്ടുണ്ടു. അതിന്റെ സാരം ചുവടെ ചേർക്കുന്നു. "ക്രിസ്ത്യാകളുടെ കൈവശമുണ്ടായിരുന്ന സ്വർണ്ണവും വെള്ളിയും അപഹരിക്കാനാണ് ആദ്യം ശ്രമിച്ചതു്. ക്രിസ്ത്യാനികൾ തങ്ങളുടെ കൈവശമുള്ള സ്വർണ്ണവും വെള്ളിയും

(148) ഇതിനേപ്പററി കീഴെ ഒരിടത്തു പറയുന്നതാണ്.

എല്ലാം കൊടുക്കണം. അല്ലാത്തപക്ഷം "ശിവ" വിഗ്രഹത്തെ ആരാധിക്കണം എന്നു ആജ്ഞാപിച്ചു. ചാന്നാന്മാരിൽനിന്നു ക്രിസ്തുവേദം സ്വീകരിച്ചിരുന്നവരെയാണു് പ്രഥമത ഇതിന്നു നിർബന്ധിച്ചതു്. ക്രമേണ ഇതു അവിടങ്ങളിലെ എല്ലാ ക്രിസ്ത്യാനികൾക്കും ബാധകമായിത്തീൎന്നു എന്നല്ലാ ഇതിൻെറ വിധംമാറി ശരിയായ മതമർദ്ദനത്തിൻെറ രൂപം ധരിക്കയും ചെയ്തു.

ഈ അവസരത്തിൽ 20000 ക്രിസ്ത്യാനികൾ തങ്ങളുടെ വസ്തുവകകൾ സകലവും ഉപേക്ഷിച്ചു് മലകളിലേയ്ക്കു കടന്നുകളഞ്ഞു. ശേഷിച്ചവരോടു ഉപദ്രവം തുടങ്ങി. അവരെ കുടുംബസഹിതം മർദ്ദനാധികാരിയുടെ മുമ്പിൽ വരുത്തീട്ടു വിഗ്രഹത്തെ ആരാധിക്കണമെന്നു ആജ്ഞാപിച്ചു. ഭീരുക്കളും അല്പബുദ്ധികളുമായ ചിലരൊഴിച്ചു ശേഷമെല്ലാവരും ധീരതാപൂർവ്വം അതിനു വിസമ്മതിക്കുകതന്നെ ചെയ്തു. അപ്പോൾ പുരുഷന്മാരെ പിടിച്ചു അവരുടെ ഭാൎയ്യമാരുടേയും കുഞ്ഞുങ്ങളുടേയും കൺമുന്നിൽവെച്ചു് ഉപദ്രവിക്കാനും കൈകൾകെട്ടി മരത്തിൽ തൂക്കിയിട്ടു അടിക്കാനും തുടങ്ങി. അടികളുടെ കഠോരതയാൽ "വേലന്ദ്രൻ" എന്നും, "അരുളൻ" എന്നും പേരുകളുണ്ടായിരുന്ന രണ്ടുപേർ മരിച്ചു. അരുളൻെറ പത്തു വയസ്സു പ്രായമുള്ള ഒരു കുട്ടി (അരുളപ്പൻ) അപ്പോൾ അധികാരിയോടു പറഞ്ഞു: "യജമാനനെ എൻെറ പിതാവിൻെറയും എൻെറയും വിശ്വാസം ഒന്നുതന്നെയാണു്. അദ്ദേഹത്തിൻെറ വിശ്വാസം കുററകരമാണെങ്കിൽ അതേകുററം എന്നിലുമുണ്ടു." അധികാരി, ഈ കുട്ടിയെ തല്ക്കാലം അവിടെനിന്നു മാററുവാൻ ആജ്ഞാപിച്ചു. അനന്തരം മററുള്ളവരുടെ നേർക്കുള്ള മർദ്ദനം തുടൎന്നു. അടികൊണ്ടുവ്രണപ്പെട്ടിരിക്കുന്ന ദേഹത്തിലും കണ്ണിലും, മൂക്കിലും മുളകുപൊടി വിതറുക, തേൻപൂശുക പഴുത്തമണലിൽകൊണ്ടുചെന്നിടുക എന്നിങ്ങനേയുള്ള പീഡനങ്ങൾ

അവരെ അനുഭവിപ്പിച്ചിട്ടും അവർ തങ്ങളുടെ വിശ്വാസത്തിൽ സ്ഥിരപ്പെട്ടുനില്ക്കുകയാണു ചെയ്തതു്. ഇവരെയെല്ലാംപീഡിപ്പിച്ചശേഷം അരുളപ്പനെക്കൊണ്ടുവന്നു കെട്ടിയടിക്കാൻ ആജ്ഞാപിച്ചു, ഭടന്മാർ അപ്രകാരം അടിക്കയുമുണ്ടായി. പത്തുവയസ്സു പ്രായമുണ്ടായിരുന്ന ആ കുഞ്ഞു ഓരോ അടികൾ കൊള്ളുമ്പോഴും "യേശുനാഥരുസ്വാമി" എന്നു വിളിച്ചിരുന്നു. ഒടുവിൽ ആ പിഞ്ചുകുഞ്ഞു അടിയേററു, തളൻ അൎദ്ധപ്രാണനായി എന്നു കണ്ടപ്പോൾ അവനെ, അഴിച്ചുവിടാൻ അധികാരി ആജ്ഞാപിച്ചു. അനന്തരം: "എന്താ നിനക്കുകൊണ്ട അടി മതിയൊ" എന്നു അവനോടു അധികാരി ചോദിച്ചു: അപ്പോൾ ആ ക്രിസ്തീയപൈതൽ പറഞ്ഞു: എൻെറ ശരീരത്തെ നിങ്ങളുടെ ഇഷ്ടംപോലെ കീറുകയൊ മുറിക്കുകയൊ ചെയ്തുകൊള്ളുക. എൻെറ ആത്മാവിനെ ദൈവത്തിൻേറതും എൻേറതും അല്ലാതാക്കാൻ നിങ്ങൾക്കു സാധിക്കയില്ല." (149)

തൻെറ ഉദ്ദേശങ്ങൾ സാധിച്ചില്ലല്ലോ എന്ന വിചാരത്താലും ഈ കൃത്യങ്ങൾ മഹാരാജാവു തിരുമനസ്സുകൊണ്ടു അറിയുന്നപക്ഷം എന്താകുമോ എന്നോൎത്തും ഇയ്യാൾ വളരെ വിഷാദിച്ചു. വിവരമെല്ലാം നാഗംപിള്ളയെ അറിയിച്ചു: നാഗംപിള്ള ഈ ക്രിസ്ത്യാനികളെ ജയിലിൽ അടക്കാൻ ആജ്ഞാപിച്ചു. ഇങ്ങനെയിരിക്കയിലാണു് ഈ വിവരങ്ങളൊക്കയും രേഖപ്പെടുത്തിയിട്ടുള്ള വന്ദ്യമിഷ്യനറിയായ ദിവ്യശ്രീ ഫാദർ പൗലിൻ ഒ. സി. ഡി. അവർകൾ അവിടെ ചെല്ലാൻ ഇടയായതു്. ഇദ്ദേഹത്തിൻെറ ശ്രമംകൊണ്ടു ക്രമേണ ഈ മർദ്ദനം അവസാനിക്കയുമുണ്ടായി. ക്രിസ്ത്യാനികളുടെ സ്വൎണ്ണവും വെള്ളിയും കൈവശപ്പെടുത്തിയ നാഗംപിള്ള തൊണ്ടപഴ

(149) ഇന്ത്യ ഒരിയേന്തലെ ക്രിസ്ത്യാനാ. 168—174.

ത്തു മരിച്ചു. പ്രസ്തുത സ്വർണ്ണവും വെള്ളിയും ഗവർമ്മെണ്ടിലേക്കൊതുങ്ങുകയും ചെയ്തു.

ടിപ്പുവിൻെറ ആക്രമണം

ഹൈദരാലിഖാൻ കോഴിക്കോടു കീഴടക്കിയപ്പോൾ അവിടെയുണ്ടായിരുന്ന ക്രൈസ്തവയോദ്ധാക്കളുടെ വിശ്വസ്തതകണ്ടു അവരെ സ്വന്തം സൈന്യത്തിൽ ചേർക്കയാണു ചെയ്തതു. എന്നാൽ ടിപ്പുവിൻെറ പ്രകൃതിയതല്ലായിരുന്നു. സകലരും മഹമ്മദീയരായിത്തീരണമെന്നായിരുന്നല്ലൊ അദ്ദേഹത്തിൻെറ നിർബന്ധം. വിസമ്മതം പറയുന്നവരെ നിഷ്കരുണം പീഡിപ്പിക്കയും കൊല്ലുകയും ചെയ്തിരുന്നു. ഇങ്ങനെയുള്ള ക്രൂരകൃത്യങ്ങൾ നടത്തിയും ദേവാലയങ്ങൾ നശിപ്പിച്ചുംകൊണ്ടു 1789-ൽ അദ്ദേഹം കൊടുങ്ങല്ലൂർവരെവന്നു. അവിടെനിന്നു ഒരു വകുപ്പു സൈന്യം ആലുവാപ്പട്ടണത്തിൻെറ വടക്കെ അതൃത്തിയിൽ എത്തിയപ്പോൾ ബ്രിട്ടീഷുകാർ ശ്രീരംഗപട്ടണം പിടിക്കാൻ പുറപ്പെട്ടിരിക്കുന്നെന്നു കേൾക്കുകയാൽ ഉടനെ മടങ്ങിപ്പോയി. ലത്തീൻരീതിയിൽപ്പെട്ടവർക്കു കണ്ണൂർ മുതൽ കൊടുങ്ങല്ലൂർവരെയുണ്ടായിരുന്ന പള്ളികൾ നശിപ്പിക്കപ്പെട്ടതു ഈ യവസരത്തിലായിരുന്നു. തദവസരത്തിൽ ക്രൈസ്തവർ നാടും വീടും വിട്ടോടിയും കൊല്ലപ്പെട്ടും പോയി. ചേററുവാ മുതൽ തുരുത്തിപ്പുറം വരെയുണ്ടായിരുന്ന ജനങ്ങൾക്കും ദേവാലയങ്ങൾക്കും ഈയവസരത്തിൽ സംഭവിച്ച ദയനീയമായ പരിണാമം മുകളിൽ കാണിച്ചിട്ടുണ്ടല്ലൊ. (158-ാം പുറം) കോഴിക്കോടു കണ്ണൂർ മുതലായ സ്ഥലങ്ങളിലെ സ്ഥിതി ഇതിലും വളരെ പരിതാപകരമായിരുന്നു.

ലത്തീൻസമുദായത്തിന്നു നേരിട്ട മറെറാരു വിപത്തു "വെട്ടിക്കാലപ്പട" യായിരുന്നു. പ്രസ്തു

വെട്ടിക്കാലപ്പടയും ലത്തീൻ സമുദായവും

ത സമുദായത്തെ ഒട്ടാകെ ബാധിച്ചു ആ മർദ്ദനംകൊണ്ടുണ്ടായ ഫലം കൂടുതൽ ഭയങ്കരമായിരുന്നുവെന്നു സമ്മതിക്കണം. ഈ സംഭവത്തിൻെറ സ്വഭാവം ശരിയായി മനസ്സിലാക്കുന്നതിന്നു അന്നത്തെ രാഷ്ട്രീയ ഗതിവിഗതികളെപ്പററി ചില സംഗതികൾ അറിയേണ്ടതുണ്ടു. ഇവ കൊച്ചീരാജ്യചരിത്രകാരൻെറ വിവരണത്തിൽനിന്നെടുത്തു താഴെ കാണിക്കുന്നു: ശക്തൻതമ്പുരാൻ പിൽക്കാലത്ത് ഡച്ചുകാരുടെ വിരോധിയായിത്തീന്നു. ഡച്ചുകാരോടുണ്ടായിരുന്ന ഈ വിരോധം ബ്രിട്ടീഷുകാരുടെ ആഗമനത്തിന്, അദ്ദേഹത്തിൽ അനുകൂലഭാവം അങ്കുരിപ്പിച്ചുവെന്നു പറയാം. 1795-ഒക്ടോബർ 20-ാംനു- കൊച്ചീ ബ്രിട്ടീഷുകാക്ക് അധീനമായപ്പോൾ ശക്തൻതമ്പുരാൻതന്നെയാണ് കൊച്ചീരാജ്യം ഭരിച്ചിരുന്നത്. ഇദ്ദേഹം ആദ്യം ബ്രിട്ടീഷുകാരോടു ആനുകൂല്യം ഭാവിച്ചിരുന്നുവെങ്കിലും, ബ്രിട്ടീഷ് റെസിഡെണ്ടായിവന്ന കർണ്ണൽമെക്കോളിയുടെ കാലത്ത് ഈ തമ്പുരാന് ബ്രിട്ടീഷുകാരോടും തൃപ്തിയില്ലാതായിത്തീർന്നു. അങ്ങിനെയിരിക്കെ 1805-സെപ്ററമ്പർ മാസത്തിൽ ചരിത്രപ്രസിദ്ധനായ ഈ തമ്പുരാൻ തീപ്പെട്ടു. രാമവർമ്മൻ എന്നു പേരായ ഇളയതമ്പുരാനാണ് അദ്ദേഹത്തിൻെറ അനന്തരഗാമിയായി വാഴ്ച ഏററത്. ഈ തമ്പുരാൻ പ്രാപ്തനല്ലാതിരുന്നതിനാൽ രാജ്യകാര്യങ്ങൾ നിശ്ശേഷം, മന്ത്രിമാരുടെ നിയന്ത്രണത്തിൽതന്നെയായി. കൊച്ചിയിലെ സ്ഥിതിയെപ്പററി ഇത്രയും പറഞ്ഞിട്ടു ഇനി നമുക്കു തിരുവിതാംകൂറിലെ ചില സംഭവങ്ങൾകൂടി ഈ പ്രകൃതത്തിൽ അനുസ്മരിക്കേണ്ടതുണ്ട്.

രാമരാജ എന്ന പേരിൽ പ്രസിദ്ധനായ തിരുവിതാംകൂർ രാജാവ് 922-കുംഭം 6-ാംനു- നാടുനീങ്ങി. അദ്ദേഹത്തിൻെറ ഭാഗിനേയനും, 16-വയസ്സുമാത്രം പ്രായ

മുണ്ടായിരുന്ന ദേഹവുമായ ബാലരാമവർമ്മതമ്പുരാൻ സിംഹാസനാരോഹണം ചെയ്തു. യുവാവും പ്രാപ്തികറഞ്ഞ ആളുമായിരുന്ന ആ രാജാവിൻെറ ഭരണവും സേവകന്മാരുടെ നിയന്ത്രണത്തിനു വിധേയമായിക്കഴിഞ്ഞിരുന്നു. ഇങ്ങനെ കൊച്ചിയിലും തിരുവിതാംകൂറിലും രാജസ്ഥാനങ്ങഠം അക്കാലം ബലഹീനപ്പെട്ടിരുന്നു. തിരുവിതാംകൂറിലാണെങ്കിൽ, സമർത്ഥനും സ്വാമിഭക്തനുമായിരുന്ന രാജാകേശവദാസ് ഉദ്യോഗത്തിൽനിന്നു പിരിച്ചുവിടപ്പെട്ടു, അനന്തരം ഒരു നമ്പൂതിരിയെയാണ് സർവ്വാധിയായി അവിടെ നിയമിച്ചത്.

ഈ സർവ്വാധിയുടെ കുനയങ്ങഠം ജനങ്ങഠം സഹിച്ചില്ല. നഞ്ചുനാട്ടുകാർ കൂട്ടംകൂടി ലഹളയ്ക്കാരംഭിച്ചു. ചുരുക്കിപ്പറയാം, ഒരു വലിയ ജനസഞ്ചയം ആയുധപാണികളായി തിരുവനന്തപുരത്തുചെന്ന് രാജാവിനെ കാര്യം ബോധിപ്പിച്ചു സർവ്വാധിയെ പണിയിൽനിന്നു നീക്കംചെയ്തു. അനന്തരം കുറേക്കാലങ്ങഠംക്കുശേഷം ആ വിപ്ലവസംഘത്തിൻെറ തലവനായിരുന്ന വേലുത്തമ്പിദളവാ മന്ത്രിയായി നിയമിക്കപ്പെട്ടു. ഈ വേലുത്തമ്പിദളവാ കൊച്ചി തിരുവിതാംകൂർ സംസ്ഥാനങ്ങഠം തമ്മിൽ അന്നുണ്ടായിരുന്ന ചില തർക്കങ്ങഠം തീർക്കുന്നതിന്നു എറണാകുളത്തു വരുകയുണ്ടായി. അപ്പോഠം അന്നത്തെ പാലിയത്തച്ചനുമായികാണ്മാനിടയാകയും, ദളവായും പാലിയത്തച്ചനും ആപ്തമിത്രങ്ങളായിത്തീരുകയും ചെയ്തു. ആ പാലിയത്തച്ചൻെറ പുരോഗാമിയായിരുന്ന വലിയച്ചൻ കൊല്ലം 954-ൽ മരിച്ചപ്പോഠം ഇദ്ദേഹം കുട്ടിയായിരുന്നതിനാൽ മന്ത്രിസ്ഥാനത്തേയ്ക്കു വേറെ ആളെ നിയമിച്ചുപോകയാണുണ്ടായത്. പ്രായമാകുമ്പോഠം തനിക്കുതന്നെ മന്ത്രിപദം കിട്ടിക്കൊള്ളുമെന്നു മേല്പറഞ്ഞ പാലിയത്തച്ചനു ഒരു പ്രതീക്ഷയുണ്ടായിരുന്നു. പക്ഷെ, അതു സാധിച്ചില്ല. അങ്ങനെ തൻെറകുടുംബത്തിലേയ്ക്കു് പരമ്പരാഗതമ

ണ്ടായിരുന്ന ഒരവകാശം നഷ്ടപ്പെട്ടതുനിമിത്തം കുണ്ഠിത പ്പെട്ടിരുന്ന സന്ധിയിലാണ് പാലിയത്തച്ചനും ദളവായും തമ്മിൽ പരിചയമായത്. വേലുത്തമ്പിദളവാ അക്കാലം കർണ്ണൽ മെക്കോളിയുടെ ഇഷ്ടനായിരുന്നതിനാൽ തന്നെ ആ വഴിക്കു സഹായിക്കാൻ ദളവായ്ക്കു സാധിക്കുമെന്നു പാലിയത്തച്ചൻ കരുതി. തൻെറ ഉററമിത്രമായ പാലിയത്തച്ചനെ പെരുമ്പടപ്പിലെ മന്ത്രിയായി നിയമിച്ചാൽ വേറൊരു ഗുണമുണ്ടാകുമെന്നു ദളവായും കരുതിയിരുന്നു. താനും ബ്രിട്ടീഷുകാരുമായി ഒരുകാലം ഇടയേണ്ടിവരുന്നപക്ഷം, കൊച്ചിരാജ്യത്തെ സ്വാധീനത്തിൽ നിറുത്താമെന്നതായിരുന്നു ദളവാ കണ്ട ഗുണം. ദളവാ ഉടനെതന്നെ തൃപ്പൂണിത്തുറെച്ചെന്നു രാജാവിനെക്കണ്ടു പാലിയത്തച്ചനെ മന്ത്രിയായി നിയമിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു. തമ്പുരാൻ സൌമ്യശീലനും ആജ്ഞാശക്തിയില്ലാത്ത ആളുമായിരുന്നതിനാൽ ഭരണകാൎയ്യങ്ങളിൽ പാലിയത്തച്ചൻെറ അധികാരബലം വൎദ്ധിച്ചുവരികയുമായി. അതു ദളവായ്ക്കു സന്തോഷകരമായിരുന്നെന്നു വിശേഷിച്ചു പറയേണമെന്നില്ല. പാലിയത്തച്ചൻെറ ശക്തി ഒന്നുകൂടി വൎദ്ധിപ്പിക്കുന്നതിന്ന് തമ്പുരാൻെറ മെയ്കാവലിന്നെന്നഭാവത്തിൽ വേലുത്തമ്പി തിരുവിതാംകൂർ ഭടന്മാരുടെ ഒരു സമൂഹത്തെ തൃപ്പൂണിത്തുറ കോവിലകത്തയച്ചു പാർപ്പിക്കുകയും ചെയ്തു.

ഇതിനിടയ്ക്കു തിരുവിതാംകൂർ ബ്രിട്ടീഷ് എന്നീ ഗവർമ്മേണ്ടുകൾ തമ്മിലുണ്ടായിരുന്ന തല്ക്കാലാവസ്ഥകൾ കൂടി നാം അറിഞ്ഞിരിക്കണം. ആ ഗവർമ്മേണ്ടുകൾ തമ്മിൽ, 1797-ൽ ചെയ്തിരുന്ന ഉടമ്പടിയിൽ 1805-ാമാണ്ടു മുതൽക്കു ചില ഭേദങ്ങൾ വരുത്തി. ഭേദഗതിചെയ്യപ്പെട്ട ഈ പുതിയ ഉടമ്പടികൊണ്ടു തിരുവിതാംകൂറിൻെറ കപ്പം ഇരട്ടിയായി വർദ്ധിപ്പിക്കുകയും, ബ്രിട്ടീഷ് ഗവർമ്മേണ്ടിന്നു ചില സന്ദർഭങ്ങളിൽ തിരുവിതാംകൂർ

രാജ്യകാര്യങ്ങളിൽ പ്രവേശിക്കുവാനുള്ള അവകാശം സ്ഥാപിക്കയുമുണ്ടായി. അങ്ങനെ ഏതാനും വത്സരങ്ങൾ കഴിഞ്ഞപ്പോൾ, തിരുവിതാംകൂർ ഗവർമ്മെണ്ടു കപ്പം മുഴുവൻ അടയ്ക്കാതെ കുടിശ്ശികവരുത്തിത്തുടങ്ങി. അപ്പോൾ കപ്പം അടപ്പിക്കുന്നകാര്യത്തിൽ റെസിഡണ്ടിന്റെ നിഷ്കർഷ മുഴുത്തു. ദളവാ അദ്ദേഹത്തെ സമാധാനിപ്പിക്കാൻ പല മാർഗ്ഗങ്ങളിലൂടെയും ശ്രമിച്ചു. പക്ഷെ, അതെല്ലാം വിഫലമായതേയുള്ളു. കോപിഷ്ഠനും കാര്യനിഷ്ഠനുമായിരുന്ന കർണ്ണൽ മേക്കോളിക്ക് ദളവായുടെ നേരെ വൈരസ്യമായെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഒടുവിൽ ബ്രിട്ടീഷ് അധികാരത്തെ എതിർക്കുകതന്നെ എന്നു ദളവാ തീർച്ചപ്പെടുത്തി. ഇങ്ങനെയൊരു ആവശ്യം നേരിട്ടാൽ സഹായത്തിന് കൊച്ചിയെ കാലേക്കൂട്ടിത്തന്നെ ദളവാ സജ്ജീകരിച്ചിരുന്നുവല്ലോ. ബ്രിട്ടീഷുകാരുമായി താനുണ്ടാക്കിക്കൂട്ടുന്ന ഈ എതിർപ്പിൽത്തന്നെ സഹായിക്കണമെന്നു ദളവാ കൊച്ചിയിലെ പ്രധാനമന്ത്രിയായിരുന്ന പാലിയത്തച്ചനോടു ആവശ്യപ്പെട്ടു. ദളവായുടെ തുണയാൽ മന്ത്രിപദം പ്രാപിച്ച പാലിയത്തച്ചനുണ്ടോ ദളവായെ സഹായിക്കാതിരിക്കാൻ തരമുള്ളു.

എന്നാൽ തന്റെ അധികാരം സ്വച്ഛന്ദം നടത്തുന്നതിൽ പാലിയത്തച്ചനു രാജധാനിയിൽ തന്നെ ചില വിരോധികളുണ്ടായിരുന്നു. അവരിൽ പ്രധാനികൾ തീപ്പെട്ട വലിയ തമ്പുരാന്റെ (ശക്തൻതമ്പുരാന്റെ) കാലത്തുണ്ടായിരുന്ന പ്രധാനമന്ത്രി രാമൻമേനോൻ, അന്നത്തെ പ്രധാന സേനാനായകൻ ഗോവിന്ദൻമേനോൻ, തമ്പുരാന്റെയും റസിഡണ്ടിന്റെയും ഇഷ്ടനായിരുന്ന ചെറുപറമ്പത്തു കുഞ്ഞികൃഷ്ണമേനോൻ എന്നിവരായിരുന്നു, ~~അവർ~~. ഇവരിൽ ആദ്യം പറഞ്ഞ രണ്ടുപേരെയും ചിലകാര്യങ്ങൾ ആലോചിക്കാനെന്നും പറഞ്ഞു പാലിയത്തച്ചൻ ചേന്ദമംഗലത്തേയ്ക്കു ക്ഷണിച്ചു. അവർ അതനു-

സരിച്ച ചേന്ദമംഗലത്തേയ്ക്കു് പോകുംവഴി, അച്ഛന്റെയും ദളവായുടേയും ആളുകൾ അടുത്തുകൂടി അവരെ കൊടുങ്ങല്ലൂർക്കായലിൽ കെട്ടിത്താഴ്ത്തി. സംഭവം അറിഞ്ഞപ്പോൾ മൂന്നാമത്തെ ആൾ റെസിഡണ്ടിനെ അഭയംഗമിച്ചു് മട്ടാഞ്ചേരിയിലുണ്ടായിരുന്ന ക്രിസ്ത്യാനികളുടെയിടയിൽച്ചെന്നു വസിക്കയാണുണ്ടായതു്. കുഞ്ഞികൃഷ്ണമേനവനെ വിട്ടുകൊടുക്കണമെന്നു പാലിയത്തച്ഛൻ ആവശ്യപ്പെട്ടു. റെസിഡണ്ടു അതിന്നു വഴിപ്പെടായ്കയാൽ റെസിഡണ്ടിനെത്തന്നെ കൊലപ്പെടുത്താനായിരുന്നു പിന്നത്തെ ഉന്നം. ദളവായും പാലിയത്തച്ഛനും ഇതിന്നായുള്ള യത്നങ്ങൾ ആരംഭിച്ചു. രണ്ടുപേരും ആളുകളെ ശേഖരിക്കുകയായി. മൗറിഷ്യസ്സിൽ പാർത്തിരുന്നവരും ബ്രിട്ടീഷുകാരുടെ വിരോധികളുമായിരുന്ന ഫ്രഞ്ചുകാരുടെ സഹായവും അവർ ഇക്കാര്യത്തിൽ അഭ്യത്ഥിച്ചു. ഹൈന്ദവജനതയെ ഉത്തേജിപ്പിക്കുന്നതിനുള്ള ചില ഉപായങ്ങളും ദളവാ ഈ അവസരത്തിൽ ഉപയോഗിക്കാതിരുന്നില്ല. റെസിഡണ്ടു ക്രിസ്ത്യാനികൾക്കനുകൂലിയാണു്. അദ്ദേഹത്തിന്റെ ഉത്സാഹത്താൽ അനേകംപേർ ക്രിസ്ത്യാനികളായിത്തീർന്നിരിക്കുന്നു. ഇങ്ങനെ വർദ്ധിച്ചുവരുന്ന പ്രസ്തുത മതപ്രചാരണത്തെ തടയുന്നതിനാണു് തങ്ങൾ ശ്രമിക്കുന്നതു്—എന്നെല്ലാം ദളവാ സവ്വദിക്കിലും പ്രസിദ്ധപ്പെടുത്തി.

ഇതിനിടയ്ക്കു് കപ്പത്തിന്റെ കായ്യത്തെ സംബന്ധിച്ചു റസിഡണ്ടും ദളവായും തമ്മിൽ എഴുത്തുകുത്തുകൾ പലതും നടന്നുകൊണ്ടേയിരുന്നു. കപ്പം ഉടനെ അടയ്ക്കാത്തപക്ഷം ദളവായെ മന്ത്രിസ്ഥാനത്തുനിന്നു മാററണമെന്നു റസിഡണ്ടു് തിരുവിതാംകൂർ മഹാരാജാവിനോടു ആവശ്യപ്പെട്ടു. പെൻഷൻ കിട്ടിയാൽ താൻ ഉദ്യോഗം രാജികൊടുത്തു് കോഴിക്കോട്ടു ചെന്നു താമസിക്കാമെന്നും, തന്റെ ദേഹരക്ഷയ്ക്കു് കുറെ ബ്രിട്ടീഷ് പട്ടാളക്കാ

രെ ആലപ്പുഴയ്ക്കു് അയച്ചുകിട്ടണമെന്നുമാണു് ദളവാ ഇതിന്നു മറുപടി കൊടുത്തതു്. പട്ടാളക്കാരെ ആവശ്യപ്പെട്ടതു് റസിഡണ്ടിൻെറകൂടെയുണ്ടായിരുന്ന പട്ടാളക്കാരെ അകലത്താക്കാനുള്ള ഒരുപായം മാത്രമായിരുന്നു. വേലുത്തമ്പി ദളവായെ 1808 ഡിസമ്പർ 28-ാംനു- രാത്രി കോഴിക്കോട്ടേയ്ക്കു കൊണ്ടുപോകാൻ റസിഡണ്ടു് വേണ്ട ഏർപ്പാടുകൾ ചെയ്തു. എന്നാൽ ദളവായാകട്ടെ, ആലപ്പുഴയും പറവൂരുമുണ്ടായിരുന്ന തിരുവിതാംകൂർ സൈന്യം ഉടനെ കൊച്ചിയിൽ എത്തിക്കൊള്ളണമെന്നു ഇതിനകം കല്പന അയച്ചിരുന്നു. അവർ കല്പനപ്രകാരം കൊച്ചിയിലെത്തുകയും (ഡിസമ്പർ 29-ാംനു-) രാവിലെ രണ്ടു മണിക്കു് പാലിയത്തച്ഛനും ദളവായുടെ രണ്ടു ഉദ്യോഗസ്ഥന്മാരും 600 പടയാളികളോടുകൂടെ റസിഡണ്ടിൻെറ ബങ്ക്ലാവു വളയുകയും ചെയ്തു. പുറത്തുനിന്നുള്ള ശബ്ദം കേട്ടു റെസിഡണ്ടു് കിളിവാതിൽ തുറന്നു നോക്കിയപ്പോൾ കണ്ടതു് തൻെറ വസതി പട്ടാളത്താൽ ചുററപ്പെട്ടിരിക്കുന്നതും തുറന്നു കാണുന്ന രന്ധ്റങ്ങളിൽകൂടി ഇടവിടാതെ വെടിവയ്ക്കുന്നതുമാണു്. കർണ്ണൽ മെക്കോളി വല്ലാതെ പരിഭ്രമിച്ചു. ഉടനെ ഒരു പൊത്തുഗീസു ഗുമസ്തൻെറ സഹായത്താൽ അദ്ദേഹം ബങ്ക്ളാവിൻെറ താഴെയുള്ള ഒരു മുറിയിൽ കടന്നു മറഞ്ഞിരുന്നു. ആ മുറിയുടെ വാതിൽ ചുവരുമായി തിരിച്ചറിയാൻ പാടില്ലാത്ത തരത്തിലായിരുന്നു. ശത്രുസൈന്യം ബങ്ക്ലാവിൽ കടന്നു അന്വേഷിച്ചിട്ടു റസിഡണ്ടിനെ കണ്ടുകിട്ടിയില്ല. റിക്കാർട്ടു തീവെച്ചും ജയിൽ തുറന്നു തടവുകാരെ വിട്ടും മററും പാടുള്ളത്ര അഴിമതികൾ അവിടെ ഒപ്പിച്ചു. സൈന്യം പിന്നെ തിരിഞ്ഞതു് ക്രിസ്ത്യാനികളുടെ വസതികളിലേയ്ക്കായിരുന്നു. ആ ക്രിസ്തീയ ജനത പൊത്തുഗീസുകാരുടെ കാലത്തു് മതാത്മകമായ ആരാധനക്രമത്തിൽപോലും അവരോടു ചേർന്നും അവരും അവ

രുടെ അനന്തരഗാമികളായ ഡച്ചുകാരുമായി സൈന്യ സേവനം ചെയ്തും ബ്രിട്ടീഷ്കാരുടെ ആഗമനത്തിൽ അവരുടെ കീഴായും വർത്തിച്ചു പോന്നവരും ബ്രിട്ടീഷ്കാരുടെ ആഗമനംവരെ ആയുധപാണികളുമായിരുന്നതിനാൽ അവർ ഈ വിപ്ലവത്തിൽ തങ്ങൾക്കു വിരോധമായിത്തിരിഞ്ഞേക്കുമൊ എന്നൊരു ശങ്ക ദളവായ്ക്കും മററുമുണ്ടായിരുന്നു. അതിനാൽ ആ ജനതയെ വേണ്ട വിധം അമർത്തിക്കൊള്ളണമെന്നു ദളവാ വാക്കുമൂലവും പിന്നീടു എഴുത്തുമൂലവും ശട്ടംകെട്ടിയിരുന്നതായിക്കാണുന്നുണ്ട്. പോരെങ്കിൽ ദളവാ ധാരാളം ക്രിസ്തുമത വിദ്വേഷവിഷം ഈ വിപ്ലവത്തിൽ കാലെക്കൂട്ടി കലർത്തുകയും ചെയ്തിരുന്നുവല്ലൊ. ഈയവസരത്തിൽ പൊതുവിൽ അത്യന്തം ഭയം ജനിപ്പിക്കത്തക്ക വിധത്തിലുള്ള അനേക ദുഷ്ടതകൾ പ്രവർത്തിച്ചു എന്നു മാത്രമെ കൊച്ചീരാജ്യ ചരിത്രകാരൻ പറയുന്നുള്ളു. (150) ഇതേപ്പററി ഈ ജനതതിയിലുള്ള ഐതിഹ്യം കീഴെ ചേർക്കുന്നു.

ക്രിസ്ത്യാനികളുടെ ഭവനങ്ങളും ദേവാലയങ്ങളും കൊള്ളയിടുകയും കൊള്ളിവയ്ക്കുകയും കണ്ണിൽപ്പെട്ട ക്രിസ്ത്യാനികളെയെല്ലാം വെട്ടിയും വെടിവെച്ചും കൈകാൽ കെട്ടി കടലിലും കായലിലും എറിഞ്ഞും കൊല്ലാൻ തുടങ്ങി.

ഈ ക്രിസ്ത്യാനികളുടെ ആയുധധാരണ സമ്പ്രദായം 13 കൊല്ലംമുമ്പേ (1795-ൽ) ബ്രിട്ടീഷ്കാർ നിരോധിച്ചിരുന്നതിനാൽ ഈ വെട്ടിക്കൊലപ്പടയിൽ ക്രിസ്ത്യാനികൾക്കു സ്വരക്ഷ ദുസ്സാധമായി. അവരുടെ വൈദികരുൾപ്പെടെയുള്ള പുരുഷപ്രജകളിൽ ഒരു വലിയ പങ്കും ഈ ഭയങ്കര മർദ്ദനത്തിന്നു തടവൊന്നുംക്രൂടാതെ ഇരയാവുകത

(150) ഈ വിവരങ്ങളെല്ലാം കൊച്ചീരാജ്യചരിത്രം 2-ാം പു. 20-ാം അദ്ധ്യായത്തിൽനിന്നാണ് എടുത്തിട്ടുള്ളത്.

ന്നെ ചെയ്തു. ക്രിസ്ത്യാനികളുടെ വിശ്വസ്ത ഹിന്ദുഭൃത്യന്മാർപോലും തങ്ങളുടെ യജമാനന്മാരുടെ സ്വത്ത് അപഹരിക്കാനുള്ള മോഹംകൊണ്ടോ എന്തോ ഈ അവസരത്തിൽ വലിയ സ്വാമിദ്രോഹമാണു ചെയ്തതു്. കുറെ ക്രിസ്ത്യാനികൾ ഒരു വള്ളത്തിൽ കയറി പ്രാണരക്ഷണത്തിന്നായി പുറങ്കടലിലേയ്ക്കു് തിരിച്ചു. ഭാഗ്യവശാൽ അവർക്കു കണ്ണൽ മെക്കോളി അഭയംപ്രാപിച്ചിരുന്ന കപ്പൽ കണ്ടെത്തി. അതിൽ കയറി രക്ഷപ്പെടാൻ സാധിച്ചു. വേറെ പല സംഘം ആളുകൾ കിഴക്കൻ പ്രദേശങ്ങളിലേയ്ക്കു ഓടിരക്ഷപ്പെട്ടു. ചുരുക്കം ചില ചെട്ടികളും ഈഴവരും ക്രിസ്ത്യാനികളെ അവരുടെ വളപ്പിലുള്ള വൃക്ഷപ്പടർപ്പുകളിലും മററും പാർപ്പിച്ചു ഈ മർദ്ദനത്തിൽനിന്നു പ്രത്യുദ്ധരിച്ചതായിപ്പറയുന്നുണ്ടു്. ഇവരേയും കണ്ണൽ മെക്കോളിയുടെ കപ്പലിൽ അഭയം പ്രാപിച്ചവരേയും കിഴക്കൻ പ്രദേശങ്ങളിലേയ്ക്കു കടന്നുകളഞ്ഞവരേയും ഒഴിച്ചു ബാക്കിയുണ്ടായിരുന്നവർ വധിക്കപ്പെട്ടു എന്നാണു് പാരമ്പര്യം.

മർദ്ദനംതുടങ്ങി മൂന്നു ദിവസമായിട്ടും അതിന്നു യാതൊരു ശമനവും കാണായ്കയാൽ കൊച്ചിയുടെ തെക്കുഭാഗങ്ങളിലുണ്ടായിരുന്നവരും കൊച്ചിയിൽനിന്നു തെക്കോട്ടു ഓടിപ്പോയിരുന്നവരുമായ ക്രിസ്തീയവനിതകൾ കൂട്ടംകൂടി അമ്മ തമ്പുരാനെക്കണ്ടു സങ്കടം പറയാനായി പുറപ്പെട്ടു. (151) അവർ വരുംവഴി പള്ളുരുത്തിൽ തോപ്പുംപടിക്കൽവെച്ചു പാലിയത്തച്ചന്റേയും ദളവായുടെ

---

(151) കൊച്ചീരാജാവിനെ അപ്പോൾ ചൊവ്വരക്കോവിലകത്തു താമസിപ്പിച്ചിരിക്കയായിരുന്നു. മാത്രമല്ലാ തിരുമനസ്സിലെ മെയ്ക്കാവലിനെന്ന നിലയിൽ നിറുത്തിയിരുന്ന ഭടന്മാർ നിമിത്തം അദ്ദേഹത്തിന്റെ സന്നിധിയിൽ ചെല്ലാൻ നിവൃത്തിയുമില്ലായിരുന്നു.

യും സൈന്യം അവരെ തടഞ്ഞു. ഇപ്പോൾ ദിവ്യജന നിയുടെ ഒരു ഭക്തി സ്ഥാനമായിത്തീർന്നിരിക്കുന്ന തോപ്പും പടിക്കൽവെച്ചു അന്നു സന്തപ്തമനസ്വിനികളായ ആ ക്രിസ്തീയ വനിതകൾക്കുണ്ടായ ഏകാവലംബവും ആ പരിശുദ്ധ ജനനിതന്നെയായിരുന്നുവെന്നു അനന്തരസംഭവങ്ങൾകൊണ്ടൂഹിക്കാം. സംഹാരോൽസുകരായ ഭടന്മാർ ആ സ്ത്രീകളെ തടഞ്ഞു നിറുത്തിയിട്ടു വിവരം പാലിയത്തച്ഛനെ അറിയിച്ചു. ആ സാധു വനിതകളെ വധിച്ചു കളയാനായിരുന്നു അദ്ദേഹത്തിൻെറ കല്പന. പക്ഷെ, വെള്ളിയാഴ്ച പെൺകൊല പാടില്ലെന്നു ഏതോ ഒരു ജോത്സ്യൻ പറഞ്ഞതുകൊണ്ടു വധം അന്നു നടന്നില്ല.

കൊച്ചിയിൽ നടക്കുന്ന സകല സംഭവങ്ങളും കർണ്ണൽ മെക്കോളി അപ്പഴപ്പോൾ അറിഞ്ഞുകൊണ്ടാണിരുന്നതു്. ക്രിസ്തീയ സ്ത്രീകളെ വധിക്കാൻ വിധി കല്പിക്കപ്പെട്ടിരിക്കുന്നു എന്നു കേട്ടപ്പോൾ ആ ധീര പുരുഷൻ വ്യസനാക്രാന്തനായി "ആ സ്ത്രീകളെ എങ്ങനെ രക്ഷിക്കു"മെന്നു അദ്ദേഹം മനസ്സുരുകി ചിന്തിച്ചു. ഉടനെ, വടക്കൻ കാററു താനിട വരുത്തണമെന്നു ദൈവത്തെ പ്രാർത്ഥിക്കാൻ അദ്ദേഹം തൻെറ കപ്പലിൽ അഭയം പ്രാപിച്ചിരുന്ന ക്രിസ്ത്യാനികളോടു പറഞ്ഞു. ക്രിസ്ത്യാനികളുടെ തകർന്ന ഹൃദയങ്ങളിൽനിന്നുയൎന്ന പ്രാൎത്ഥന പരിശുദ്ധ കന്യകയുടെ പാവനകരങ്ങളിൽക്കൂടി ദൈവം സ്വീകരിച്ചിരിക്കാം. ശനിയാഴ്ച അതിരാവിലെ രണ്ടുമൂന്നു ഇംഗ്ലീഷ് കപ്പൽ വടക്കുനിന്നു വരുന്നതായി ദൂരത്തു കണ്ടു. കർണ്ണൽ മെക്കോളി ഉടനെ പാലിയത്തച്ഛനു ഒരു ശാസനമെഴുതി. പക്ഷെ. സന്ദേശവാഹകൻ ദളവായുടെയും പാലിയത്തച്ഛൻേറയും ഭടന്മാരുടെ വാളിനു ഇരയാകാതെ ഈ സന്ദേശം നിർദ്ദിഷ്ട സ്ഥാനത്തെത്തിക്കുന്നതെങ്ങിനെ എന്നായി എല്ലാവരുടെയും ആലോച

ന. ആരാണ് വിപല്ക്കരമായ ഈ ഉദ്യമത്തിന്നിറങ്ങുക? ധീരനായ ഒരു സാധു ക്രിസ്ത്യാനി (ചാക്കോ എന്നായിരുന്നു അയാളുടെ പേര്) ആ സന്ദേശംകൊണ്ടു പോകാമെന്നു സമ്മതിച്ചു. അയാൾ കരയ്ക്കിറങ്ങി മെക്കോളിയുടെ ശാസനാലിഖിതം തലയ്ക്കുമേൽ ഉയർത്തിപ്പിടിച്ചുകൊണ്ടു അതിശീഘ്രത്തിലോടി പാലിയത്തച്ഛനുംമററും കൂടിയിരുന്ന ഭവനവാതില്ക്കലെത്തി ലിഖിതം അകത്തോട്ടു എറിഞ്ഞുകൊടുത്തു. പക്ഷെ, ആ ക്രിസ്ത്യാനി ഓട്ടത്തിൻെറ വേഗതകൊണ്ടോ ഹൃദയവികാരങ്ങളുടെ സംഘട്ടനംകൊണ്ടോ എന്തോ ലിഖിതം കൊടുത്ത ഉടനെ ഹൃദയം പിളർന്നു മരിച്ചുവീഴുകയാണുണ്ടായതു്.

ക്രിസ്തീയ സ്ത്രീകളെ തൊട്ടുപോയാൽ ഹിന്തുക്കളോടും വിശിഷ്യാ ഹൈന്ദവസ്ത്രീകളോടും അതിന് കഠിനമായ പ്രതികാരംഉണ്ടാകുമെന്നതായിരുന്നു കർണ്ണൽമെക്കോളിയുടെ ശാസനത്തിലെ ഉള്ളടക്കം. ഈ ശാസനത്തെക്കുറിച്ചുള്ള വിവരം പ്രസിദ്ധമായതോടുകൂടി "അതാ, മെക്കോളി വന്നുപോയി" എന്നൊരു ശ്രുതി പരന്നു. അതോടെ ഹൈന്ദവസൈന്യം ചിതറാൻ തുടങ്ങി. പെൺകൊല നിറുത്തിവയ്ക്കുമാത്രമല്ല, ബന്ധനസ്ഥകളായ ആ സ്ത്രീകൾക്കു അരിക്കും കറിക്കും കൊടുത്തയച്ചു. പക്ഷെ, അരിക്കും കറിക്കും വാങ്ങാൻ ആർക്കാണു മോഹം? ബന്ധനംവിട്ടുപോകാമെന്നു കേട്ട ഉടനെ ആ സ്ത്രീകൾ അവരുടെ വീടുകളിലേയ്ക്കു തിരിച്ചു. എന്നാൽ വീടെവിടെ? കുടിയെവിടെ? കപ്പിത്താന്മാരുടെ രമ്യഹർമ്മ്യങ്ങൾ മുതൽ സാധാരണക്കാരുടെ കുപ്പമാടങ്ങൾ വരെയുള്ള സമസ്ത കെട്ടിടങ്ങളും സാമാനങ്ങളും എന്നുവേണ്ടാ വേലിക്കെട്ടുകൾകൂടെയും ശത്രുക്കൾ നശിപ്പിച്ചു കഴിഞ്ഞിരുന്നു. പണം, ആഭരണങ്ങൾ, വീട്ടുസാമാനങ്ങൾ, ധാന്യങ്ങൾ എന്നിവ മാത്രമല്ല, തേങ്ങാ കരിക്ക് വാഴക്കുല മുതലായവകൂടെയും അപഹരിച്ചെടുത്തിട്ട്, പലേടങ്ങളിലും കെ

ട്ടിടങ്ങൾക്കും മററും തീ കൊളുത്തുകയാണു ചെയ്തിരുന്നത്. മേല്പറഞ്ഞ സ്ത്രീകൾ അവരുടെ പാർപ്പിടങ്ങളിൽ ചെന്നിട്ട് കുറേനാളത്തേയ്ക്കു വാഴമാണ്വും മററും പുഴുങ്ങി ഭക്ഷിച്ചാണു ജീവിച്ചത് എന്നു പറഞ്ഞാൽ അവിടങ്ങളിൽ നടന്നിരുന്ന അഴിമതികൾ ഊഹ്യമാണല്ലോ. പക്ഷെ, തങ്ങളുടെ കുടികളിൽ അത്ര വലിയ കൊള്ളയും കവർച്ചയും നടന്ന സമയം ആ സ്ത്രീകൾ നിജവസതികളിലില്ലാതിരുന്നത് — തോപ്പുംപടിക്കലായിരുന്നത്—ദിവ്യജനനിയുടെ പ്രത്യേകാനുഗ്രഹംമൂലമാണെന്നു പറയാം.

മേൽ വിവരിച്ചവിധമുള്ള കൊള്ളയും കൊലയും കൊച്ചിയിലും അയൽപ്രദേശങ്ങളിലും മാത്രമല്ല നടന്നത് പ്രസ്തുത ക്രിസ്തീയവകുപ്പുകാർ അധിവസിച്ചിരുന്ന മററു പല സ്ഥലങ്ങളേയും ഈ വെട്ടിക്കൊലപ്പട ബാധിച്ചു. ചില സ്ഥലങ്ങളിൽ ഈ ക്രൈസ്തവരെ കൂട്ടമായി കൊണ്ടുപോയി വധിച്ചു. ആ വധം നടന്ന സ്ഥലങ്ങൾ "കൊലപ്പറമ്പ്" എന്ന പേരിൽ ഇന്നും അറിയപ്പെട്ടുണ്ടു. (152) വൈദികരേയും ഈ വധത്തിൽനിന്നൊഴിച്ചില്ലെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അവരെ ഏററവും നിഷ്ഠൂരമായ വിധത്തിലാണ് വധിച്ചതും. ചിലരെ മരത്തിന്മേൽ കെട്ടി ചുററും തീയിട്ടും, മററു ചിലരെ മററനേകം പീഡകളേല്പിച്ചും കൊന്നു. ഇങ്ങനെ ഇവിടെ പ്രതിപാദിക്കപ്പെട്ടന്ന ജനത്തേയും അവരുടെ ധനം, ഭവനം, പള്ളികൾ എന്നിവ മാത്രമല്ല വൈദികന്മാർ,

---

(152) മഞ്ഞുമ്മേലാശ്രമത്തിന്ന് കുറേ വടക്കു പടിഞ്ഞാറായി ഈ പേരിൽ ഒരു സ്ഥലമുണ്ടു. ക്രൈസ്തവരെ അവിടെ കൊണ്ടുവന്നു വധിച്ചിരുന്നതു അന്നു കണ്ടവർ കുറേ വർഷങ്ങൾക്കു മുമ്പുവരെ ഇവിടങ്ങളിൽ ജീവിച്ചിരുന്നു.

വൈദികരാകേണ്ട യുവാക്കന്മാർ, എന്നിവരേയും വിലയേറിയ അനേകം വസ്തുക്കളും, സാരമായ പല പ്രമാണങ്ങളും എന്നിവയേയും ഈ വെട്ടിക്കൊലപ്പട നിശ്ശേഷം അഴിമതിപ്പെടുത്തി. പല കുടുംബങ്ങളും, പിന്നീടു തിരിച്ചറിയാൻകഴിയാത്തവണ്ണം നാനാദിക്കുകളിലായി ചിന്നിച്ചിതറിപ്പോകയും ചെയ്തു എന്നിങ്ങനെയാണു് ഐതിഹ്യങ്ങളുടെ ചുരുക്കം. ഇതേപ്പററി തിരുവിതാംകൂറിലെ ഒരു ചരിത്രകാരൻ പറയുന്നതുകൂടെ കേൾക്കുക.

"True to his professed hatred against Christians the Dewan now commenced to perpetrate a series of atrocities against them, secretly planned and most villiously carried out. The dreadful Massacre of Travancore Christians was conducted under the authority of the Dewan by an Officer of the Travancore Government named *Coonjee Cootty Pillay* having the rank of Sarvady Kariakar. This fit agent of such a principal had long enjoyed Dewan Veloo Thumby's confidence, so much so that he had not been discovered during the war or since when his person was demanded by the English. He absconded by the savage exertions of the Dewan. From detailed accounts it would appear that nine *(9) priests* and upwards of three thousand *(3000) Christians*, men, women and children were maimed; tortured and butchered and thrown into the backwater. In the same manner Travancore's ally, Cochin Dewan Paliat Achan also wreaked his full vengeance on the poor Christians of Cochin. Some were mangled, and some with their hands and feet tied together were thrown into the sea. When the Residency was burnt down and pillaged and Col. Macaulay escaped to the sea, he says that his heart yearned when he saw the bodies of thousands of Christians with hands and feet tied together

floating on the sea. Thus the Dewans of both the sister States did their best to exterminate Christians and their Religion out of this land, but Providence ruled otherwise. 'The kings of the earth set themselves and the rulers took counsel together against the Lord" but "He that sitteth in the heavens did laugh, and He held them in derision." And Christianity in this Coast at this day is stronger than ever before it was."

"അതിന്നശേഷം ദിവാൻജി, ക്രിസ്ത്യാനികളോടുള്ള കഠിനമായ ദ്വേഷത്താൽ പ്രേരിതനായി, ഗൂഢവും നീചവുമായ മർദ്ദനംകൊണ്ടു അവരെ തുടരെ തുടരെ ഭയങ്കരമായി ദ്രോഹിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തിയായി, തിരുവിതാംകൂർ ക്രിസ്ത്യാനികളുടെ കൂട്ടക്കൊല നടത്തിയതു്, സർവ്വാധികാര്യക്കാർ കുഞ്ഞുക്കുട്ടി പിള്ളയായിരുന്നു. "കൊല്ലുന്ന യജമാനന്റെ തിന്നുന്ന ഭൃത്യനായ" ഇയാൾ വേലുത്തമ്പി ദിവാൻജിയുടെ ഒരു പഴയ വിശ്വസ്താനുചരനായിരുന്നതുകൊണ്ടാണു, യുദ്ധകാലത്തും അതിന്നു ശേഷവും ഇംഗ്ലീഷുകാർ അയാളെ ആവശ്യപ്പെട്ടപ്പോൾ അവരുടെ കയ്യിൽപ്പെടാതെ അപ്രത്യക്ഷനാകാൻ അയാൾക്കു സാധിച്ചതു്. പുരുഷന്മാരും, സ്ത്രീകളും കുട്ടികളുമുൾപ്പെടെ മൂവ്വായിരത്തിലധികം ക്രിസ്ത്യാനികളെയും ഒൻപതു വൈദികരെയും പീഡിപ്പിച്ചു അവശരാക്കിയശേഷം കൊലചെയ്തു കായലിൽ എറിഞ്ഞു കളയുകയുണ്ടായെന്നാണു ചില വിവരണങ്ങളിൽ കാണുന്നതു്. (153) തിരുവിതാംകൂറിന്റെ മി

(153) ഈ പറയുന്നതിൽ മിക്കതും കൊല്ലത്തെ സംഭവങ്ങളാണു്. തിരുവനന്തപുരത്തു ഇതിന്നുമുമ്പു ഒന്നിലധികംപ്രാവശ്യം ഉണ്ടായ മട്ടനങ്ങൾകൊണ്ടു അവിടങ്ങളിലെ ക്രൈസ്തവർ ചിതറിയിരിക്കയായിരുന്നു.

ത്രമായ കൊച്ചീദിവാൻ പാലിയത്തച്ചനും ഇതുപോലെ തന്നെ, നിരപരാധികളായ കൊച്ചിയിലെ ക്രിസ്ത്യാനികളോട്ട് പ്രതിക്രിയ ചെയ്തു. ചിലരുടെ അംഗവിച്ഛേദം ചെയ്യുകയും, ചിലരെ ആക്രമിച്ചശേഷം കയ്യും കാലും കൂട്ടിക്കെട്ടി കായലിലെറിയുകയും, ചിലർ കർണ്ണൽ മെക്കോളി കടലിൽ കിടന്നിരുന്ന കപ്പലിൽ ചെന്ന് അഭയം പ്രാപിക്കുകയും ചെയ്തു. കാലും കയ്യും ബന്ധിക്കപ്പെട്ട നിലയിൽ അനേകായിരം ക്രിസ്ത്യാനികളുടെ മൃതശരീരം കടലിൽ ഒഴുകി നടക്കുന്ന കാഴ്ച അദ്ദേഹത്തിൻെറ ഹൃദയത്തെ തപിപ്പിച്ചുവെന്നു അദ്ദേഹം സാക്ഷ്യം വഹിച്ചിട്ടുണ്ട്. രണ്ടു സഹോദരീരാജ്യങ്ങളിലെ ദിവാൻജിമാരും, ക്രിസ്ത്യാനികളേയും അവരുടെ മതത്തേയും, നാട്ടിൽനിന്നു ഉൻമൂലനം ചെയ്യുന്നതിന്നു ഇപ്രകാരം ഭഗീരഥപ്രയത്നം ചെയ്തുവെങ്കിലും, ദൈവഹിതം മറിച്ചായിരുന്നു. "ഭൂമിയിലെ രാജാക്കന്മാർ യഹോവയോടു മത്സരിക്കുകയും, ഭരണാധികാരികൾ ഗൂഢാലോചനകൾ നടത്തുകയും ചെയ്തു." എന്നാൽ "സ്വർഗ്ഗസ്ഥിതൻ അവരുടെ മൗഢ്യം കണ്ടു ചിരിച്ചു." ക്രിസ്തുമതം ഇന്നു മലയാളക്കരയിൽ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം അഭിവൃദ്ധിയിലും പ്രാബല്യത്തിലും വർത്തിക്കുന്നു. (154)

വെട്ടിക്കൊലപ്പടയെക്കുറിച്ചുള്ള വിവരങ്ങളും, അതുസംബന്ധിച്ചുണ്ടായ അനുഭവങ്ങളുടെ സ്മരണയും, ഇന്നും ഈ ലത്തീൻ സമുദായത്തിൽ പാരമ്പര്യരൂപത്തിൽ നിലനിന്നുപോരുന്നുണ്ട്. ഇതിന്നുമുമ്പ് വിവരിച്ചിട്ടുള്ള ആ മർദ്ദനങ്ങൾകൊണ്ടുതന്നെ കണക്കിലധികം കോട്ടം തട്ടിയിരുന്ന ഈ സമുദായത്തെ അതിൻെറ അന്ത്യശ്വാസംവരെ കൊണ്ടെത്തിച്ച ഒന്നായിരുന്നു ഈ ഭയങ്കര മർദ്ദനം.

---

(154) Church History of Travancore. pg. 536-537

അതോടെ സമുദായത്തിൻെറ പുരോഗമനം ഒരു പുതിയ സമുദായത്തിൻേറതെന്നപോലെ മന്ദമായിത്തീന്നതിൽ അത്ഭുതപ്പെട്ടുവാനില്ല. സമസ്തവും പുതുതായുണ്ടാക്കുക എന്നൊരുഭാരമാണ് വെട്ടിക്കൊലപ്പെടയ്ക്കുശേഷം ഈ സമുദായാവശേഷത്തെ അഭിമുഖീകരിച്ചതു്. മേല്പറഞ്ഞ മൂന്നു മർദ്ദനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ മനസ്സിൽ മുൻനിറുത്തിക്കൊണ്ടു ഈ ലത്തീൻ സമുദായത്തെ സമീക്ഷിക്കുന്നവർക്കു ഈ സമുദായത്തിന് ഇടക്കാലത്തുണ്ടായ ആ പുരോഗമന മാന്ദ്യത്തെപ്പററി സഹതപിക്കാതിരിക്കാൻ കഴിയുന്നതല്ല. കൊമ്പും നാമ്പും മുറിച്ചുകളഞ്ഞ വൃക്ഷം പണ്ടെത്ര കെല്പുള്ളതായിരുന്നാലും അതു പൂർവ്വസ്ഥിതി പ്രാപിക്കുന്നതിന്നു കാലവിളംബം ആവശ്യമാണു. ഉയർന്ന വൃക്ഷങ്ങളാണല്ലൊ മാരുതാഘാതത്തിന്നു അധികവും വിഷയമാകുന്നതും.

മേല്പറഞ്ഞ മനുഷ്യമർദ്ദനങ്ങൾക്കു പുറമെ പ്രകൃതിയുടെ ആക്രമണങ്ങളും ഈ സമുദായത്തിൻെറ സാമ്പത്തികസ്ഥിതിയേയും മററും ഏറെക്കുറെ ബാധിച്ചിട്ടുണ്ട്. പൊത്തുഗീസുകാരുടെ കാലത്തും അവരുടെ വിയോഗാനന്തരവും കൊച്ചിയുടെ തെക്കും വടക്കും ഭാഗങ്ങൾ ഈ സമുദായത്താൽ അധിവസിക്കപ്പെട്ടിരുന്നു. അങ്ങനെ പാത്തിരുന്നവരിൽ വളരെപ്പേരുടെ സ്ഥലങ്ങളും ഈ കഴിഞ്ഞ നൂററാണ്ടുകളിൽ കടൽ വല്ലാതെ ആക്രമിച്ചിട്ടുണ്ടു. ഇപ്പോൾ തൊണ്ണൂറൊ തൊണ്ണൂററഞ്ചോ വയസ്സുള്ള വൃദ്ധജനങ്ങൾ അവരുടെ ശൈശവകാലത്ത് കണ്ടിട്ടുള്ള ഓച്ചംതുരുത്ത് പഴയ പള്ളി ഇരുന്നിരുന്ന സ്ഥലവും കഴിഞ്ഞു വളരെ കിഴക്കായിരുന്നു തുറമുഖം തെളിയുന്നതിന്നു മുമ്പു കപ്പൽ വന്നു നിന്നിരുന്നതു. ഇപ്രകാരം തന്നെ തെക്കുഭാഗത്ത് ഡച്ചുകാരുമായുണ്ടായ യുദ്ധക്കാലത്ത് വാൻ ഗോയൻസ് എന്ന ഡച്ചു സേനാനായകൻ കരയ്ക്കിറങ്ങി

കടലാക്രമണം

യ ഉടനെ കടലോരത്തിൽക്കൂടെ ചെന്നു പ്രവേശിച്ചതും കൊച്ചീപ്പട്ടണത്തിന്റെ മൂന്നു നാലു നാഴിക തെക്കു തെങ്ങിൻ തോട്ടത്തിൽ സ്ഥിതിചെയ്തിരുന്നതെന്ന് (155) കൊച്ചീരാജ്യചരിത്രകാരൻ പറയുന്നതുമായ സെയിൻറ് "അയാഗൊ" എന്ന പള്ളി ഇരുന്ന സ്ഥലവും കഴിഞ്ഞു ഇപ്പോൾ കടൽ വളരെ മുന്നാക്കംകയറിയിട്ടുണ്ട്. ഇതെല്ലാം ആലോചിക്കുമ്പോൾ ഇടക്കാലത്ത് കടൽ എത്രയധികം മുന്നോട്ടുകയറി എത്രയെത്ര സ്ഥലങ്ങൾ നശിപ്പിച്ചിട്ടുണ്ടെന്നു ഏകദേശം അനുമാനിക്കാവുന്നതാണല്ലൊ. നിലം പറമ്പു മുതലായവയിൽനിന്നുള്ള വരവുകൊണ്ടു കഴിഞ്ഞിരുന്ന ഈ സമുദായത്തിൽപ്പെട്ടവർക്കു കടലാക്രമണംകൊണ്ടുണ്ടായ മേല്പറഞ്ഞ സ്ഥലനഷ്ടം സാമ്പത്തികനിലയിൽ

---

(155) കൊച്ചീരാജ്യചരിത്രം. 2—2—30

(156) ഡച്ചുകാരുടെ പ്രവേശനാവസരത്തിൽ സുറിയാനിറീത്തുകാരായി അത്രയധികമാളുകൾ കോട്ടയിലും പരിസരങ്ങളിലുമുണ്ടായിരുന്നില്ല. ൧൭൮൦-ൽ തിരുവനന്തപുരത്തു നടന്ന മട്ടനവും ലത്തീൻകാരെയാണ് അഭിമുഖീകരിച്ചത്. വെട്ടിക്കൊലപ്പടയിൽ പ്രോട്ടസ്റ്റണ്ടുകാർ മുതലായ വകുപ്പുകാർക്കു മുന്നറിവു ലഭിച്ചതിനാൽ അവർമലകളിലേയ്ക്കു കടന്നു ഒളിച്ചു. (Church History of Travancore) pg 537 കൊച്ചീക്കു സമീപം സീരിയൻറീത്തുകാരായി അത്രയധികമാളുകളുണ്ടായിരുന്നില്ല. (157) കിഴക്കും വടക്കും ഭാഗങ്ങളിലുണ്ടായിരുന്നവർ തങ്ങൾക്കു വിരോധികളായി പുറപ്പെടുമെന്നു ശങ്ക വേലുത്തമ്പി ദളവായ്ക്കുണ്ടായിരുന്നുമില്ല. ബ്രിട്ടീഷ്കാരോടു പറയത്തക്ക ബന്ധമൊ, ബ്രിട്ടീഷ് പ്രജ എന്ന നിലയൊ ഉണ്ടായിരുന്നവരല്ല അവർ. കയ്യും കാലും ഛേദിച്ചും ബന്ധിച്ചും കൊച്ചിക്കായലിലേയ്ക്കു എറിയപ്പെട്ടവർ സുറിയാനി രീതിക്കാരാണെന്നു ചിലർക്കൊരു ധാരണയുണ്ടു. യഥാർത്ഥം അങ്ങനെയല്ലാ, ലത്തീൻകാരായിരുന്നു.

(157) അദ്ധ്യായം 10 നോക്കുക.

ഇടിവിന്നു കാരണമായിട്ടുണ്ടെന്നു സമ്മതിക്കണം. ഈദൃശങ്ങളായ അധഃപതനകാരണങ്ങളുടെ ശൃംഖലയിൽ തൊട്ടുക്കേണ്ടതായ മററു ചില കാരണങ്ങളാണു് പ്രസ്തുത സമുദായത്തിന്നു കൈവേലകളിലുണ്ടായിരുന്ന വൈമുഖ്യം, അലസത, ഇംഗ്ലീഷു വിദ്യാഭ്യാസത്തിന്ന ആദ്യമുണ്ടായിരുന്ന അസൗകര്യം, പിന്നീടുണ്ടായ അമാന്തം എന്നിവ. ഇവയെപ്പററി ഇവിടെ വിവരിക്കേണമെന്നു വിചാരമില്ല. ഈ അദ്ധ്യായത്തിൽ വിവരിച്ച സംഗതികൾ തന്നെ പ്രസ്തുത ലത്തീൻ സമുദായത്തിന്റെ ക്രമമായ അഭ്യുന്നതിക്കു ഇടക്കാലത്തു നേരിട്ട ദുർധർഷമായ ചില പ്രതിബന്ധങ്ങളെ സുഗ്രഹമാക്കുമെന്നു വിശ്വസിക്കട്ടെ. മേല്പറഞ്ഞ ക്ഷതവിക്ഷതങ്ങളെല്ലാം തട്ടിയിട്ടും ഇന്നത്തെ സ്ഥിതിയിലെങ്കിലും പ്രകൃത സമുദായം നിലനിന്നു കാണുന്നതിലും ഇതിന്റെ പൂർവ്വരക്തത്തിന്റെ ശക്തിമഹിമാവു് നിഷ്പ്പക്ഷപാതികൾക്കു കാണ്മാൻ കഴിയും.

ചരിത്രത്തിന്റെ പരിപൂർത്തിക്കും സ്ഥിതിഗതികളുടെ വിശദീകരണത്തിന്നും വേണ്ടിയാണു് കേരള ലത്തീൻ ക്രിസ്ത്യാനികൾക്കുണ്ടായ മർദ്ദനങ്ങളെപ്പററി സ്വല്പം വിവരിച്ചതു്. മേല്പറഞ്ഞ മർദ്ദനങ്ങളിലൊന്നിലും സുറിയാനിരീതിയിൽ നിന്നിരുന്ന ക്രൈസ്തവരുടെ അന്നത്തെ സാഹചര്യംകൊണ്ടു—അധിവാസസ്ഥലങ്ങൾ, രാഷ്ട്രീയകാര്യങ്ങളിലുള്ള നില മുതലായവകൊണ്ടു—അവർ അത്രയധികം ഭാഗഭാക്കുകളായിരുന്നില്ല. (156) അതുകൊണ്ടാണു ലത്തീൻ ക്രൈസ്തവരുടെ കാര്യവുമായി ഇതിന്നു പ്രത്യേകതയുള്ളതു്.

തെററിദ്ധരിക്കരുതു്

മർദ്ദനത്തെപ്പററി ഇത്രയും പറഞ്ഞതുകൊണ്ടു കൊച്ചിയിലെയും തിരുവിതാംകൂറിലെയും രാജസിംഹാസനങ്ങൾ—പ്രജാവത്സലരും ഔദാര്യബുദ്ധികളും മഹാമനസ്കരുമായ ആ മഹാരാജാക്കന്മാർ—ഈ ക്രൈസ്തവർക്കു വിരോധി

കളായിരുന്നെന്നോ അവർ ഈ ക്രൈസ്തവരുടെനേർക്ക കരുണ കാണിച്ചിരുന്നില്ലെന്നൊ ആരും തെററിദ്ധരിക്കരുതു്.

ഏതദ്ദേശ്യരാഷ്ട്രങ്ങളിൽനിന്ന ലത്തീൻ ക്രൈസ്തവൎക്ക നേരിട്ടിട്ടുള്ള മർദ്ദനങ്ങളിൽ ഭൂരിപക്ഷവും രാജാക്കന്മാർ അറിയാതെയും ബാക്കിയുള്ളതു കാൎയ്യം മനസ്സിലാക്കാതെയുമാണു് ഉണ്ടായിട്ടുള്ളതു്. 1780-ൽ തിരുവനന്തപുരത്തും പരിസരങ്ങളിലും മഹാരാജാവു് അറിയാതെയാണ മർദ്ദനം നടത്തിയതെന്ന, ഒടുവിൽ മർദ്ദകനുണ്ടായതായിപ്പറയുന്ന പരിഭ്രമംകൊണ്ടു മനസ്സിലാക്കാം. (158) വെട്ടിക്കൊലപ്പടയുടെ അവസരത്തിൽ സകലവും വേലുത്തമ്പിയുടെ നിർദ്ദേശംപോലെയായിരുന്നല്ലൊ നടന്നിരുന്നതു്.

ഈ പടയുടെ അവസരത്തിൽ കൊച്ചീരാജാവിനെ ഒരു തടവുകാരനെന്നോണം വെള്ളാരപ്പിള്ളിക്കോവിലകത്തു് താമസിപ്പിച്ചിരിക്കയായിരുന്നു. (159)

ശക്തൻതമ്പുരാൻെറ കാലത്തു് കൊച്ചിയിൽ നടന്നിട്ടുള്ള മർദ്ദനങ്ങളെല്ലാം കൊച്ചീരാജസിംഹാസനത്തിൽനിന്ന നേരിട്ടുതന്നെ വന്നിട്ടുള്ളതാണെങ്കിലും, വാസ്തവമറിയാതെ നീതിനിഷ്ഠയാൽ പ്രേരിതനായാണു് ആ തിരുമേനി അങ്ങനെയൊക്കെയും ചെയ്തിട്ടുള്ളതു്.

ക്രൈസ്തവർ കരമൊഴിവായി അനുഭവിക്കുന്ന വസ്തുക്കൾ കൊച്ചീരാജ്യത്തിൻെറ ഉദ്ധാരണത്തിന്നായി ചിന്തിയ രക്തത്തിന്നും, സഹിച്ച നിരവധി ക്ലേശങ്ങൾക്കും മററും പ്രതിഫലമായി അവരുടെ പൂൎവ്വന്മാൎക്ക സിദ്ധിക്ക

---

(158) ഈ സംഭവങ്ങൾ മഹാരാജാവു അറിയുന്നപക്ഷം തനിക്ക എന്തു സംഭവിക്കുമൊ എന്നോൎത്തു അദ്ദേഹം പരിഭ്രമിച്ചു. (മർദ്ദനത്തെപ്പററിയുള്ള വിവരണം നോക്കുക.)

(159) കൊച്ചീരാജ്യചരിത്രം.—2—20—740.

യും അങ്ങനെ പരമ്പരയായി അനുഭവിച്ചുവരികയും ചെയ്യുന്നതാണ്; അവർ ഡച്ചുകാരുടെ മേലധികാരത്തിൽ അനുഭവിച്ചുവന്നിരുന്ന അവകാശങ്ങളും പൂൎവ്വസിദ്ധമായിരുന്നു. എന്നീ വാസ്തവങ്ങളെല്ലാം അന്നു ഏതാണ്ടു വിസ്മൃതിയിൽപെട്ടുകിടക്കയായിരുന്നു. നേരെമറിച്ച്, തിരുമനസ്സിലെരാജ്യത്തു വസിക്കുന്ന ജനം സ്വമതസ്ഥരായ ഡച്ചുകാരുടെ പിന്തുണകണ്ടുകൊണ്ട് അഹങ്കരിച്ച് അവിടുത്തെ "അനുസരിക്കുന്നില്ലാ" "നികുതി കൊടുക്കുന്നില്ലാ" എന്നൊക്കെയായിരുന്നല്ലൊ ജനസംസാരം. അതേസമയംതന്നെ പല അപരാധങ്ങൾ ഓരോരുത്തർ ഈ ജനതതിയുടെമേൽ മനഃപൂൎവ്വം ചുമത്തുകയും ചെയ്തിരുന്നു. (160) ഇതിനാൽ ധീരനും ശൂരനുമായിരുന്ന അവിടുന്നു ധൎമ്മനിൎവ്വഹണത്തിന്നു മുതിൎന്നു എന്നു വിചാരിക്കാം. ഈ ദർശനകോണിൽനിന്നു കാൎയ്യങ്ങൾ സംവീക്ഷിക്കുന്നപക്ഷം അദ്ദേഹത്തിൻെറ പ്രവൃത്തികളെ ശ്ലാഘിക്കാനേ ന്യായമുള്ളു. എങ്ങനെയും ഈ ക്രൈസ്തവ ജനസമുദായം ആ മർദ്ദനത്തിൻെറ ഫലം അനുഭവിക്കേണ്ടതായിത്തന്നെവന്നു. വിശിഷ്യാ ഇങ്ങനെയുണ്ടായ ദാരുണമർദ്ദനത്തെ അനുസ്മരിക്കുന്നതിനോടൊപ്പം പ്രജാവത്സലരായിരുന്ന രാജാക്കന്മാർ ഈ ക്രൈസ്തവരുടെ നേൎക്കും അവരു

---

(160) ക്രിസ്ത്യാനികളും, "നാട്ടിലെ കൈക്കാരന്മാരുമായി കൂടക്കൂടെ തക്കങ്ങൾക്കും കലഹങ്ങൾക്കും ഇടയായിരുന്നു. അവർക്കു (ക്രൈസ്തവൎക്കു) വിഹിതമല്ലാത്ത വല്ല പ്രവൃത്തി കൈക്കാരന്മാരൊ കീഴുദ്യോഗസ്ഥന്മാരൊ ചെയ്താൽ അവർ കോട്ടയിൽ ചെന്നു ആവലാധിപ്പെടും. കോട്ടയിലുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ (ക്രൈസ്തവരുടെ) ഭാഗം പിടിച്ചു തമ്പുരാനോടു ചോദ്യം ചെയ്യും. ക്രിസ്ത്യാനികളുടെ ഈവിധധിക്കാരവും അകനിന്ദയും നിമിത്തം നായന്മാൎക്കു അവരോടു ദ്വേഷവും ഈൎഷ്യയും വൎദ്ധിച്ചു. (കൊച്ചീരാജ്യചരിത്രം—2-6-160-161.)

ടെ മതാചാരകാര്യത്തിലും പ്രദർശിപ്പിച്ചിട്ടുള്ള വാത്സല്യവും മഹാമനസ്കതയുംകൂടെ അനുസ്മരിക്കേണ്ടതുണ്ട്. അതു കീഴെ കാണാവുന്നതാണ്. (അദ്ധ്യായം 19. നോക്കുക.)

## അദ്ധ്യായം ൨൩.

ചിലചരിത്രകാരന്മാരുടെ തെററിദ്ധാരണകളും, തൽഫലങ്ങളായ അബദ്ധപ്രസ്താവനകളും, അവയുടെ പ്രത്യാഖ്യാനങ്ങളും—പലരും വാസ്തവം അറിയാതെയാണു പറയുന്നത്. കൊടുങ്ങല്ലൂർ സെമ്മിനാരിയിൽ പഠിച്ചവരോടുണ്ടായ വിരോധംനിമിത്തം—എഴുന്നൂറുപേരുടെ ജ്ഞാനസ്നാനം നിമിത്തം— സ്റ്റെയിററുമാനുവൽകാരുടെ തെററിദ്ധാരണ.

കാര്യം വാസ്തവം അറിയാതെയാണ് പലരും പ്രസ്താവിച്ചിരിക്കുന്നത്.

ഈ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ കാണിച്ചിരിക്കുന്നതുപോലെ, കേരളത്തിലെ ലത്തീൻരീതിയുടെ ഉത്ഭവചരിത്രം മനസ്സിലാക്കാതെയിരുന്നതിനാൽ ഊഹങ്ങളും ചില സംഭവങ്ങളും ആസ്പദമാക്കിക്കൊണ്ട് ലത്തീൻസമുദായത്തെപ്പററി പല അവാസ്തവങ്ങളും നിരാസ്പദങ്ങളുമായ പ്രസ്താവനകൾ ഓരോരുത്തർ ചെയ്തിട്ടുണ്ട്. അവയിൽ പലതും പരസ്പരവിരുദ്ധങ്ങളാണെന്നതുതന്നെ അവയുടെ അർത്ഥശൂന്യതയേയും അടിസ്ഥാനമില്ലായ്മയേയും വിളംബരപ്പെടുത്തുന്നു. (161) ഇ

(161) 1794-ൽ വരാപ്പുഴ അതിരൂപതയിൽ ഉണ്ടായിരുന്ന ലത്തീൻകാർ (അന്നത്തെ വരാപ്പുഴ രൂപതയിലെ ലത്തീൻകാരു

വിടങ്ങളിലെ ലത്തീൻരീതിയുടെ ഉത്ഭവം എങ്ങനെ, അതിൻെറ സ്ഥിതി എന്തായിരുന്നു എന്നിവ ചുരുക്കത്തിലെങ്കിലും ഈ ചെറുഗ്രന്ഥത്തിൽ കാണിച്ചിട്ടുള്ളതിനാൽ മററു വിമർശനങ്ങൾ കൂടാതെതന്നെ പ്രസ്തുത പ്രസ്താവനകളിൽ എത്രകണ്ടു ആബദ്ധ്യം ഉണ്ടെന്നു അനുവാചകന്മാൎക്കു എളുപ്പം ഗ്രാഹ്യമാക്കാവുന്നതുമാണു്. എങ്കിലും ചില പ്രസ്താവനകളിൽ ചില സംഭവങ്ങളും മററുചിലതിൽ ചില രേഖകളും എടുത്തുകാണിച്ചിട്ടുള്ളതിനാൽ അവ ഏതാണ്ടു യഥാൎത്ഥമാണെന്നുള്ള ബോധം ചിലരുടെയെങ്കിലും ഇടയിൽ നിലനില്ക്കാൻ ഇടയുണ്ടു്. അങ്ങനെ വന്നാൽ പിൽക്കാലത്തു അതു വീണ്ടുമൊരു തൎക്കത്തിന്നിടയാക്കാനും മതി. ഇങ്ങനെ ഒരു തൎക്കത്തിന്നിടവന്നാൽ ഈ എഴുത്തുകാരൻ ഈ ചെറുഗ്രന്ഥരചനകൊണ്ടു് ഉദ്ദേശിക്കുന്ന സാദ്ധ്യം— കേരളീയകത്തോലിക്കരുടെയിടയിൽ ഐക്യവും സമാധാനവും നിലനിറുത്തുക എന്ന കാൎയ്യം — കൈവരാതെ വന്നേക്കുമല്ലോ എന്നു കരുതി അവയിൽ ചിലതുകളുടെ സ്ഥിതി താഴെ കാണിക്കുന്നു.

കാലസാഗരത്തിലെ അലതല്ലിൽപ്പെട്ടു യഥാൎത്ഥചരിത്രങ്ങൾ വിസ്മൃതിയുടെ അത്യഗാധതയിൽ ആണ്ടു

---

ടെ പരമ്പരസന്തതികളാണു ഇന്നു വരാപ്പുഴ അതിരൂപതയിലും കൊച്ചി രൂപതയിലും ഉള്ളതു.) 1694-മുതൽ 1794-വരെയുള്ള ഒരു യുഗത്തിന്നുള്ളിൽ ക്രിസ്തുമതം സ്വീകരിച്ചവരാണെന്നു ഒരാൾ പറയുന്നു. പൊൎത്തുഗീസുകാർ ൧൦൦ പേരെ ഒരുമിച്ചു ജ്ഞാനസ്നാനപ്പെടുത്തിയിട്ടുണ്ടു്. അവരുടെ സന്തതിപരമ്പരകളാണു ലത്തീൻരീതിക്കാരിലെ ഒരു വിഭാഗം എന്നു മററുചിലർ പറയുന്നു. "മലയാളത്തിലുള്ള ഈഴവർ, പറയർ പുലയർ മുതലായവരെ കർമ്മലീത്താ പാദ്രിമാർ ജ്ഞാനസ്നാനപ്പെടുത്തി എടുത്തിട്ടുള്ളവരാണെന്നു" വേറെ ചിലർ പറയുന്നു. നോക്കുക! ഇവ പരസ്പര വിരുദ്ധങ്ങളല്ലയൊ?

പോകയും മുകളിൽ പറഞ്ഞിട്ടുള്ളതുപോലെ ഊഹാപോഹങ്ങളും, ചില സംഭവങ്ങൾ ആസ്പദമാക്കിക്കൊണ്ടുള്ള അനുമാനങ്ങളും സങ്കല്പങ്ങളും തൽസ്ഥാനത്തു സ്ഥലംപിടിക്കുകയും പാലും വെള്ളവുംപോലെ അവയോടു യോജിക്കത്തക്ക ക്രിത്രിമരേഖകൾ ഉണ്ടാകയും ചെയ്തിട്ടുള്ളതുകൊണ്ടാണ് ചരിത്രകാരന്മാരിൽ പലരും ഇരുട്ടുതപ്പി അബദ്ധത്തിൽപ്പെട്ടു പോയിട്ടുള്ളതെന്നു വിചാരിക്കാം. ലത്തീൻ ക്രിസ്ത്യാനികളേപ്പററി പറഞ്ഞിരിക്കുന്നതിലെ ആബദ്ധ്യം കാണുമ്പോൾ ഈ വസ്തുതകൂടെ വായനക്കാർ പ്രത്യേകം അനുസ്മരിക്കണമെന്നപേക്ഷ. മുഖവുരയായി ഇത്രയും പറഞ്ഞശേഷം ഇനി കാര്യത്തിലേക്ക് പ്രവേശിച്ചുകൊള്ളട്ടെ.

കൊടുങ്ങല്ലൂർ സെമ്മിനാരിയിൽ പഠിച്ചവരോടുണ്ടായ വിരോധം തെററിദ്ധാരണയ്ക്കു കാരണമായി.

കൊടുങ്ങല്ലൂർസെമ്മിനാരിയിൽ വൈദികവിദ്യാഭ്യാസം ചെയ്ത് ലത്തീൻരീതിയിൽ പട്ടമേററവരെ സുറിയാനിരീതിക്കാർ തങ്ങളുടെ പള്ളികളിൽ പ്രവേശിപ്പിക്കാതിരുന്നുവല്ലൊ. അതിനാൽ പൂർവ്വക്രൈസ്തവർ എല്ലാവരും ലത്തീൻ രീതിയോടു വിരോധികളായി ഭവിച്ചു. പൂർവ്വക്രൈസ്തവരിൽ ആരുംതന്നെ ലത്തീൻരീതി സ്വീകരിച്ചിട്ടില്ല എന്നൊരു ധാരണ പലരിലുമുണ്ട്. കാര്യസ്ഥിതികളെല്ലാം ശരിയായി ഗ്രഹിക്കാത്തതുകൊണ്ടാണ് ഇങ്ങനെ തെററിദ്ധാരണ ഉണ്ടായിട്ടുള്ളത്. പൂർവ്വക്രൈസ്തവരിൽ ഒരു ഗണം ലത്തീൻരീതി സ്വീകരിച്ചതു് ഈ പറഞ്ഞ സംഭവത്തിനുമുമ്പാണ്. അന്നു അവരുടെ മതാദ്ധ്യക്ഷനായിരുന്ന "അബൂനാ യാക്കോബു" മെത്രാൻെറയും അദ്ദേഹത്തിൻെറ സഹചാരികളായിരുന്ന "ഫ്റാൻസീസ്കൻ സന്യാസികളുടെയും" പ്രേരണയും പ്രോത്സാഹനവും നിമിത്തമാണ് അങ്ങനെ ചെയ്തതു്. ഒരു ഗണം ക്രൈസ്തവർ അന്നു ലത്തീൻരീതി സ്വീകരിച്ചിട്ടുള്ളതാ

യി അങ്കമാലിയിലെ റോസ് മെത്രാനിൽനിന്നുള്ള അറിവു മുകളിൽ കാണിച്ചിട്ടുണ്ട്. (അദ്ധ്യായം 5 നോക്കുക.) വേറെ പല ഗ്രന്ഥകാരന്മാരും ഇക്കാൎയ്യം രേഖപ്പെടുത്തിയിട്ടുണ്ട്.

ഇനി ഈ വിരോധത്തെപ്പററി നോക്കുകയാണെങ്കിൽ പൊർത്തുഗീസുകാരുടെ സാഹചൎയ്യത്തിൽനിന്നകന്ന് സ്ഥിതിചെയ്തിരുന്ന പള്ളികളിൽ ചേൎന്നിരുന്നവരുടെ ഇടയിലായിരുന്നു ഈ വിരോധം ഉണ്ടായത്. (162) പൊത്തുഗീസുകാരുടെ സാഹചൎയ്യത്തിലായിരുന്ന കൊച്ചി മട്ടാഞ്ചേരി മുതലായ സ്ഥലങ്ങളിലുണ്ടായിരുന്ന പള്ളികളിലേയും, പൂൎവ്വക്രൈസ്തവർക്കായി ടി. ഘട്ടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പള്ളികളിലേയും, സ്ഥിതി ഇങ്ങനെ അല്ലായിരുന്നു. കൊടുങ്ങല്ലൂരും പൊത്തുഗീസുകാരുടെ കോട്ട വന്നശേഷം ജനങ്ങളിൽ പലരുടേയും മനഃസ്ഥിതി മാറിയിട്ടുണ്ട്. ഇവിടങ്ങളിലെ ജനങ്ങൾ സൈന്യസേവനത്തിന്നും, കാവലിന്നും മററുമായി പൊത്തുഗീസുകാരോടു ചേൎന്നു വൎത്തിച്ചിരുന്നു. ഈ പള്ളികളിൽ അവരുടെ—പൊത്തുഗീസുകാരുടെ — സ്വാധീനശക്തിയും, അധികാരശക്തിയും നടന്നുമിരുന്നു. (163) ആദ്യം ചേ

---

(162) അബൂനാ യാക്കോബു മെത്രാൻ പൊത്തുഗീസു വൈദികരുമൊരുമിച്ചു ക്രൈസ്തവരുടെ ഇടയിൽ നടത്തിയ സഞ്ചാരത്തിൽ നന്മനസ്സുള്ളവരേയും വിരോധമനസ്സുള്ളവരേയും കണ്ടിരുന്നു. അതു ശത്രുക്കളുടെ രാജ്യത്തിൽ പാൎത്തിരുന്നവരായിരുന്നു എന്നു അദ്ദേഹം പൊത്തുഗൽ രാജാവിന്നെഴുതിയിട്ടുണ്ട്. അദ്ധ്യായം ൪ നോക്കുക.

(163) മട്ടാഞ്ചേരിപ്പള്ളിതന്നെയും അവർ—പൊത്തുഗീസുകാർ— ഉദ്ദേശിച്ച സ്ഥിതിയിലാക്കുന്നതുവരെ സീറ്റുൻ രീതിക്കാരായ വൈദികരെ അതിൽ പ്രവേശിപ്പിക്കാതിരുന്നതായി കാണുന്നുണ്ട്. ഗൊവേയ ൩-ാം പു. ൩—ാം അദ്ധ്യായം .

ന്നവർ ലത്തീൻ രീതിയിൽ നിലനിന്നിരുന്നു എന്നതി ൻെറ തെളിവുകൾ ഇതിനുപരി (അദ്ധ്യായം 6 മുതൽ നോക്കുക) കാണിച്ചിട്ടുണ്ട്. അങ്ങനെതന്നെ, ഈ വി രോധത്തിൻെറ ശേഷവും പ്രസ്തുത സെമ്മിനാരിയിൽ ല ത്തീൻരീതിയിൽ പൗരോഹിത്യപാഠനം നൽകപ്പെട്ടിരു ന്നു. അതു പൂർവ്വക്രൈസ്തവരുടെ സന്തതികൾക്കുതന്നെ യായിരുന്നു എന്നുള്ളതും ഇവിടെ സ്മരണീയമാകുന്നു.

ലത്തീൻരീതിയിൽ പ്രതിപത്തിയുണ്ടായിരുന്ന മേ ലദ്ധ്യക്ഷൻെറ കാലം കഴിഞ്ഞു മററാളുകൾ വന്നപ്പോഴാ ണ് ഈ വിരോധം ആവിർഭവിച്ചിട്ടുള്ളത് എന്നും നാം ഓർക്കണം. പലേ വർഷങ്ങൾക്കു മുമ്പു ലത്തീൻരീതിയിൽ ചേർന്നു ഗോവമെത്രാൻെറ കീഴായിരുന്ന ഒരു ഗണം ക്രൈസ്തവർ അന്നുണ്ടായിരുന്നു. (അദ്ധ്യായം 5 നോക്കുക.)

കൂടാതെയും മററുള്ളവരിൽ ഇങ്ങനെ വിരോധമ നഃസ്ഥിതി വരുത്തുന്നതിന്നു അന്നു അധികമാളുകൾ ആ വശ്യമുണ്ടായിരുന്നില്ല. പന്ത്രണ്ടു പട്ടക്കാർകൂടി ഒരു വൈദികനെ മെത്രാനായി വാഴിക്കണമെന്നു ഒരുത്തൻ വിചാരിച്ചിട്ടു അതു സാധിച്ചു. 1653-ൽ സുറിയാനിക്കാ രുടെ ഇടയിൽ ഉണ്ടായശീശ്മ തീർക്കാൻവന്ന കർമ്മ ലീത്താ മിഷ്യനറി (കൊമ്മിസ്സാരി) "ജോസഫ് സെ ബസ്ത്യാനി" ജനങ്ങളുടെ ഒരു പൊതുയോഗംകൂട്ടാൻ ശ്രമിച്ചിട്ടുണ്ടായ അനുഭവത്തിന്നു അധികമാരും ഉത്തര വാദികളായിരുന്നില്ല. ഇതുപോലെ കൊടുങ്ങല്ലൂർ സെ മ്മിനാരിയിൽ പഠിച്ചു പട്ടമേററവരോടുണ്ടായ വിരോ ധത്തിനും വളരെപ്പേരൊന്നും ഹേതുഭൂതരായിരിക്കണമെ ന്നില്ല. ലത്തീൻ രീതിയോടു അനുഭാവമെന്നല്ല, പ്രതി പത്തിതന്നെയും ഉണ്ടായിരുന്ന മെത്രാൻെറ കാലം കഴി ഞ്ഞു ആ രീതിയോടു വിരോധമുള്ളമതാദ്ധ്യക്ഷന്മാർ വ ന്നപ്പോൾ സുറിയാനി രീതിയിൽത്തന്നെ നിന്നിരുന്ന വർ ലത്തീൻ രീതിയോടു വിരോധം പ്രദർശിപ്പിച്ചതിൽ

എന്തിന്ന വിസ്മയിക്കുന്നു? ആദ്യം ചേൎന്നവർ വിട്ടുപോയെന്നോ അങ്ങനെ ചേൎന്നിട്ടില്ലെന്നോ ഇതുകൊണ്ടു അനുമാനിക്കാൻ പാടില്ലല്ലോ. ആദ്യത്തെ സംഭവത്തിൻെറയും ഈ വിരോധത്തിൻെറയും സ്ഥിതി മനസ്സിലാക്കിയിട്ടുള്ള റോസ് മെത്രാൻ പറയുന്ന ഒരു ഗണം ക്രൈസ്തവർ ലത്തീൻരീതി സ്വീകരിച്ചുവെന്നു.

എഴുനൂറുപേരുടെ മാനസാന്തരം നിമിത്തമുള്ള തെററിദ്ധാരണ.

പൊത്തുഗീസുകാർ 16-ാം നൂററാണ്ടിൽ കേരളത്തിൽ എഴുനൂറുപേരെ ഒരുമിച്ചു ജ്ഞാനസ്നാനപ്പെടുത്തിയതായി ചരിത്ര രേഖയുണ്ടു്. ഇങ്ങനെ മാനസാന്തരപ്പെട്ടു കത്തോലിക്കവേദം സ്വീകരിച്ചാണു് ഇവിടങ്ങളിലെ ലത്തീൻരീതി ആവിർഭവിച്ചിട്ടുള്ളതു എന്നൊരു ധാരണ പലർക്കുമുണ്ടു്. ഏതാനും വത്സരങ്ങൾക്കുമുമ്പു പ്രസിദ്ധീകരിച്ച ഒരു ഇംഗ്ലീഷ് ലഘുപുസ്തകത്തിൽ ഈ അഭിപ്രായം പരോക്ഷമായിട്ടെന്നോണം കാണിച്ചിട്ടുമുണ്ടു്. വേറെ ചിലർക്കും ഈ അഭിപ്രായം ഇല്ലാതില്ല. ഈ ഭാഗങ്ങളിൽ ലത്തീൻകാരിലെ പ്രധാന വിഭാഗത്തിന്നു "എഴുനൂററിക്കാർ" എന്നൊരു നാമവും കാണുന്നുണ്ടല്ലോ.

പൊത്തുഗീസുകാരോടു ചേൎന്ന ഒരു ഗണം ക്രൈസ്തവർ ലത്തീൻരീതി സ്വീകരിച്ചു എന്നു് സ്പഷ്ടമായ ചരിത്ര രേഖകളോടുകൂടെ ഈ ചെറു ഗ്രന്ഥത്തിൽ കാണാം. ഇവരിൽ കൊച്ചി കൊടുങ്ങല്ലൂർ എന്നീ ഭാഗങ്ങളിലും അവയ്ക്കുചുറ്റും വസിക്കുന്നവരേയാണു് എഴുനൂററിക്കാർ എന്നു വിളിച്ചുപോന്നിട്ടുള്ളതു്. പൊത്തുഗീസുകാരുടെ ഭരണനാളുകളിൽ ലത്തീൻരീതിയിലായ പള്ളികളും പ്രസ്തുത ഘട്ടത്തിൽ ലത്തീൻരീതിക്കാർക്കായി സ്ഥാപിക്കപ്പെട്ട പള്ളികളും "എഴുനൂററി"ക്കാരുടേതാണെന്നാണും. ഇതിനാൽ പ്രസ്തുത പ്രസ്താവന—എഴുനൂറുപേർ മാനസാന്തരപ്പെട്ടു കത്തോലിക്കവേദം സ്വീകരിച്ചവരാ

ണ് ഇവിടങ്ങളിലെ ലത്തീൻരീതിക്കാർ-എഴുന്നൂററിക്കാർ —എന്നുള്ള വിചാരം — ശരിയല്ലെന്നു ആർക്കും മനസ്സിലാക്കാം. കൂടാതെയും പൊർത്തുഗീസുകാർ ഇവിടെ വന്ന അവസരത്തിൽ മതപരിവർത്തന സ്വാതന്ത്ര്യം കൊച്ചിയിൽ ഉണ്ടായിരുന്നില്ല. ഇതു ലഭിച്ചതു് 1560-ൽ അത്രെ. അതിന്നുമുമ്പു ഒരു ഹിന്തു മറേറതെങ്കിലും വേദത്തിൽ ചേർന്നാൽ അവനെ കൊന്നുകളയുകയും അവൻെറ വസ്തുവകകൾ കണ്ടുകെട്ടുകയുമായിരുന്നു പതിവു. (164)

മുകളിൽ പറഞ്ഞ ജ്ഞാനസ്നാനം നടന്നതു പ്രസ്തുത അനുമതി ലഭിച്ച ഏതാനും വർഷം കഴിഞ്ഞതിൽപ്പിന്നെ "പള്ളരുത്തിപ്പള്ളി" എന്നു അക്കാലങ്ങളിൽ പറഞ്ഞിരുന്ന ("ഒടിഞ്ഞപള്ളി" എന്ന പേരിൽ കുറെ വർഷങ്ങൾക്കുമുമ്പുവരെ അറിയപ്പെട്ടിരുന്ന) പള്ളിയിൽവച്ചാണ്. വി. യാക്കോബു അപ്പോസ്തലൻെറ നാമത്തിലായിരുന്നു ഈ പള്ളി പ്രതിഷ്ഠിച്ചിരുന്നതു്. പ്രസ്തുത പള്ളി സ്ഥിതി ചെയ്തിരുന്ന സ്ഥലം ഇപ്പോൾ കടലെടുത്തു പോയിരിക്കയാണ്. ഈ ഒടിഞ്ഞ പള്ളിക്കു പടിഞ്ഞാറായി പരിശുദ്ധ ദൈവജനനിയുടെ നാമത്തിൽ വേറൊരു പള്ളിയും ക്രിസ്ത്യാനികളുടെ ഒരു അങ്ങാടിയും ഉണ്ടായിരുന്നതായി പാരമ്പര്യമുണ്ടു്. (165) മാത്രമല്ല,

(164) Oriente Conquistado I. 107—110.

(165) തുരുത്തുരിന്നടുത്തു "മേനാശ്ശേരി എന്ന ഒരു സ്ഥലമുണ്ടു്. (കുന്നും പ്രദേശമായ ഈ സ്ഥലം കുറേനാൾ മുമ്പുവരെ വിജനമായി കിടക്കുകയായിരുന്നു) അവിടെ വസിച്ചിരുന്ന പൂർവ്വ ക്രിസ്ത്യാനികൾ ഒന്നാകെ പുറപ്പെട്ടു കൊച്ചിക്കു തെക്കുഭാഗത്തുള്ളതും ഇവിടെ പറയുന്നതുമായ സ്ഥലത്തു വന്നു പാർത്തു. ഈ ക്രൈസ്തവരാണ് ദൈവജനനിയുടെ നാമത്തിലുള്ളതായിരുന്ന പ്രസ്തുത പള്ളി പണിയിച്ചതു്. മേനാശ്ശേരി, എന്ന പദം ലോപിച്ചാണ് "മാനാശ്ശേരി" ആയതു എന്നു ഐതിഹ്യമുണ്ടു്. ചരിത്ര




നി. വ. ദിവ്യശ്രീ ഡോക്ടർ എ. എ. വാസ്ദാസ് നേവെസ്.
1886–ലെ കൊങ്കർദാത്തിനുശേഷം സ്ഥാപിതമായ
കൊച്ചീരൂപതയുടെ നാലാമത്തെ മെത്രാൻ.

(324–ാം പേജ് നോക്കുക.)

ഈ ഏഴന്നൂറുപേരുടെ ജ്ഞാനസ്നാനത്തിന്നുമുമ്പു, 1535—1548—1552 എന്നീ കാലഘട്ടങ്ങളിൽ, പൊത്തുഗീസുകാരായ ആത്മിക ഭരണാധികാരികളുടെ കീഴ്, ജനവും പള്ളികളും മററുമുണ്ടായിരുന്നു. (അ. 5.) അബൂനാ യാക്കോബു മെത്രാനാണ പൊത്തുഗീസുകാരുടെ കീഴിലാകുന്നതിന്നും ലത്തീൻ പഠിക്കുന്നതിന്നും തൻെറ ജനങ്ങളെ പ്രേരിപ്പിച്ചിരുന്നത്.

1510-ൽ നായന്മാരും * പണിക്കന്മാരും ഉൾപ്പെട്ട

---

ത്തിൽ ഈ സ്ഥലത്തിന്നു പള്ളുരുത്തി എന്നു പേരുകാണുകയുംഇപ്പോൾ മാനാശ്ശേരി എന്നപേരിൽ അറിയപ്പെട്ടുകയും ചെയ്യുന്നതു ഈ ഐതിഹ്യത്തെ ആദരിക്കുന്നുണ്ട്. മാത്രമല്ലാ, ഈ പറയുന്ന സ്ഥലത്തുണ്ടായിരുന്ന പ്രസ്തുതപള്ളി, ആ ഭാഗങ്ങളിൽതന്നെ വിശുദ്ധ കത്തരീനായുടെനാമത്തിലുണ്ടായിരുന്ന ഒരു കപ്പേള എന്നിങ്ങനെപലതിനേപ്പററിയും ഒരു പൊത്തുഗീസ് കയ്യെഴുത്തുഗ്രന്ഥത്തിൽ കാണുന്നുമുണ്ട്. (കൊച്ചീരൂപതയുടെ മെത്രാനായിരുന്ന ഡോക്ടർ മത്തേവൂസ് ദെ ഒലിവേർ സേവ്യർ അവർകളുടെ സഹചാരിയായിരുന്ന റവ. ഫാദർ മൊന്തേയിരൊയുടെ കൈവശം ഈ ഗ്രന്ഥമുണ്ടായിരുന്നു.) ഈ പള്ളി കടലാക്രമണം കൊണ്ടു നശിച്ചപ്പോൾ അതിലെ ജനം വി. യാക്കോബ്ശ്ലീഹായുടെ നാമത്തിലുണ്ടായിരുന്ന പള്ളിയിൽ ചേൻറു. അവിടെയും കടലാക്രമണമുണ്ടായപ്പോൾ വി. ലുദൊവിക്കുസിൻെറ നാമത്തിൽ (പിൽകാലങ്ങളിൽ വി. ലൂയിസിൻെറ എന്നും കാണുന്നുണ്ട്.) വേറൊരു പള്ളി ആ ഭാഗത്തു സ്ഥാപിച്ചു. കടൽ അതിന്നും സമീപമായപ്പോഴാണ് "മുണ്ടംവേലി" എന്ന സ്ഥലത്തു ഇപ്പോഴുള്ള പള്ളിസ്ഥാപിച്ചത്. ആദ്യത്തെ രണ്ടു പള്ളികളിലേയും പ്രധാന തിരുനാളുകൾക്കു ഈ പള്ളിയിൽ ഇപ്പൊഴും പ്രാധാന്യതയുണ്ട്.

* "നായന്മാർ" എന്ന പദം അക്കാലങ്ങളിൽ പടയാളികളേയും (റവ: എച്ച്. ഗുണ്ടർട്ട്. 543.) പണിക്കന്മാർ, എന്ന പദം സൈനികപരിശീലനം നൽകുകയും സൈന്യത്തെ നയിക്കുകയും ചെയ്യുന്നവരെയും കുറിച്ചാണ് പറഞ്ഞിരുന്നത്. (ഗൊവേയ 28.)

നാന്തറിൽപരം പേർ ജ്ഞാനസ്നാനപ്പെട്ടതായി കാണു ന്നുണ്ട്. (166) "ക്രിസ്ത്യാനികളല്ലാത്തവർ കോട്ട അതൃത്തിക്കകത്തു കടന്നാൽ അവരെ കൊന്നുകളയുമെന്നു വ്യവസ്ഥ ചെയ്തു. കോട്ടയ്ക്കകത്തുള്ളവരുമായി പലവിധത്തിലുള്ള ഏൎപ്പാടുകാർ പുറത്തുണ്ടായിരുന്നതിനാൽ, അകത്തു പ്രവേശിക്കാൻവേണ്ടിയാണ്" ജ്ഞാനസ്നാനം സ്വീകരിച്ചതു എന്നും പറയുന്നുണ്ട്. അതു എങ്ങനെയുമാകട്ടെ. ഒരു ഡോമ്മിനിക്കൻ സന്യാസിയാണ് ഇവരെ ജ്ഞാനസ്നാനപ്പെടുത്തിയതു്. തദവസരത്തിൽ (അന്നത്തെ ക്രിസ്തീയജനങ്ങളുടെ അറിവില്ലായ്മനിമിത്തം) ക്രൈസ്തവരിൽനിന്നു വിരോധവും ഉപദ്രവവും അനുഭവപ്പെട്ടു. (167) ഇതിനാൽ അന്നും പൂൎവ്വക്രൈസ്തവർ ആ ഭാഗങ്ങളിലുണ്ടായിരുന്നു. അവരുടെ ഗണത്തിൽ ഇവരെ ചേർക്കുന്ന കാൎയ്യത്തിലാണ് വിരോധമുണ്ടായതെന്നു വരുന്നു. ടി. മാനസാന്തരം നടന്ന വത്സരത്തിൽത്തന്നെ കൊച്ചിയിൽനിന്നു ഭടന്മാരെ ഗോവയിൽക്കൊണ്ടുപോയി (അവിടങ്ങളിലെ യുവതികളെ ഇവരെക്കൊണ്ടു വിവാഹം ചെയ്യിച്ചു) പാർപ്പിച്ചിട്ടുണ്ട്. (168) ഇതുപോലെ തന്നെ സിലോണിലേക്കും ഭടന്മാരെ കൊണ്ടുപോയി പാൎപ്പിച്ചിട്ടുണ്ട്. ശേഷിച്ചവർക്കു പൊത്തുഗീസുകാരുടെ കുടുംബനാമങ്ങളോടുകൂടെ കോട്ടയിൽ അഭയം ലഭിക്കയുമുണ്ടായി.

വിശേഷിച്ചും പൊത്തുഗീസുകാർ ഹിന്തുക്കളെ മാനസാന്തരപ്പെടുത്തി ഉൽഭൂതമായിട്ടുള്ള ക്രിസ്തീയ ജനവിഭാഗങ്ങളിൽ, അതിലെ ഓരോ കുടുംബത്തിന്നും പൊത്തുഗീസുകാരുടെ കുടുംബപ്പേരുണ്ട്.

---

(166) കൊച്ചീരാജ്യചരിത്രം, 1-18-349.
(167) Ethiopia Oriental. pg. 138.
(168) കൊച്ചീരാജ്യചരിത്രം I-21-428

ഗോവ, മംഗലാപുരം, സിലോൺ മുതലായ സ്ഥലങ്ങളിലുള്ള ക്രൈസ്തവർ ഇതിന്നു ദൃഷ്ടാന്തങ്ങളാണ്. കേരളത്തിലും ഇതിന്നു ദൃഷ്ടാന്തമുണ്ടല്ലോ. ജ്ഞാനസ്നാനമാതാപിതാക്കന്മാരുടെ കുടുംബനാമം ഇവർ സ്വീകരിച്ചിരുന്നതാണ് ഇതിന്നു കാരണം. അതിനാൽ ഇവിടെ പറയുന്ന എഴുന്നൂറുപേരോ മററു ഹിന്ദുക്കളോ മാനസാന്തരപ്പെട്ടാണ് എഴുന്നൂററിക്കാർ എന്ന ജനവിഭാഗം ഉൽഭൂതമായിരുന്നതെങ്കിൽ ഇവരിലും പൊൎത്തുഗീസുകാരുടെ കുടുംബനാമം കാണേണ്ടതായിരുന്നു. അങ്ങനെയില്ല.

അങ്ങനെതന്നെ ഇവരുടെ ആചാരമുറകളും പൊൎത്തുഗീസുകാർ മാനസാന്തരപ്പെടുത്തി ആവിർഭവിച്ച ജനവിഭാഗങ്ങളുടേതിൽനിന്നു വിഭിന്നമാണു. വിവാഹാവസരത്തിലെ പതിവുതന്നെ നോക്കുക. "Quando casam, dao o dizimo do dote a sua Egreja" "ഇവർ വിവാഹം കഴിക്കുമ്പോൾ പള്ളിക്കു 'പസ്സാരം' കൊടുക്കുന്നു" എന്നു പൊൎത്തുഗീസുകാർ എഴുതിയിട്ടുണ്ട്. (Oriente Conquistado. 2. 70.)ഈ മുറ എഴുന്നൂററിക്കാർ എന്നു പറയുന്നവരിലുണ്ടു. ഇതുപോലെ വേറെയും പല ആചാരമുറകൾ ഇവരലിള്ളതു മുകളിൽ കാണിച്ചിട്ടുണ്ടല്ലോ. (അ: 9. നോക്കുക.)

"എഴുന്നൂററിക്കാർ" എന്നതു 19-ാം നൂററാണ്ടിൽ, 1815 മുതൽ 1832 വരെ ദീർഘിച്ചുനിന്ന ഒരു വാദപ്രതിവാദാവസരത്തിൽ, ആവിർഭവിച്ച ഒരു സാങ്കേതികനാമമാണു.

നസ്രാണികൾ. (അ: 18. 269-ാം പുറം നോക്കുക.) ഇപ്പോഴും പലേ ഭാഗങ്ങളിൽ ഈ നാമമാണു ഉപയോഗിക്കുന്നതു. "തോമാക്രിസ്ത്യാനികൾ", (അ: 6 നോക്കുക.) "മലബാറീസ്" "മുണ്ടുകാർ" "നാട്ടുക്രിസ്ത്യാനികൾ" "ലാസ്കൊറീൻസ്" "സിപ്പായി ക്രിസ്ത്യാ

നികൾ" x "മാർഗ്ഗക്കാർ" എന്നിങ്ങനെയുള്ള നാമങ്ങളാണു മുൻകാലങ്ങളിൽ പറഞ്ഞിരുന്നതു.

മുകളിൽ പറഞ്ഞ വാദപ്രതിവാദം നടന്ന അവസരത്തിൽ ഇവരുടെ സമുദായത്തിൻെറ ഉത്ഭവത്തെപ്പററി വൈദികാധികാരികൾ ചോദിക്കയുണ്ടായി. പൊത്തുഗീസുകാരുടെ ആരംഭകാലത്തു, സാമൂതിയുടെ ആക്രമണകാലത്തു് കൊച്ചീരാജാവു പൊത്തുഗീസുകാരോടുകൂടെ വെപ്പിൽപോയി പാത്തപ്പോൾ ക്രിസ്തീയസൈന്യം കാവലുനിന്നു. ആ സൈന്യവിഭാഗത്തിൽപ്പെട്ട 700 പേർ ലത്തീൻരീതി സ്വീകരിച്ചു് ആവിർഭവിച്ചിട്ടുള്ളതും പിന്നീടു സുറിയാനിറീത്തിൽനിന്നുതന്നെയും ഉയർന്ന ജാതിയിൽപ്പെട്ട ഹിന്തുക്കൾ ജ്ഞാനസ്നാനപ്പെട്ടും ചേർന്നു വികസിച്ചിട്ടുള്ളതുമാണു് തങ്ങളുടെ സമുദായം എന്നു മൊഴികൊടുത്തു. തൻമൂലം ഇവരെപ്പററി എഴുന്നൂറുകാർ എന്നു വൈദികാധികാരികൾ പറയാൻ തുടങ്ങി. ഇങ്ങനെ ആ നാമം പ്രചരിച്ചു് ഒടുവിൽ "എഴുന്നൂററിക്കാർ" എന്നു പരിണാമം പ്രാപിച്ചു എന്നാണു പാരമ്പര്യം. * അതിന്നു മുമ്പു ഈ

---

X Land of Perumal 170-244.

* റോമിൽനിന്നു ൧൭൭൮ ജൂൺ ൨-ൽ ചെയ്ത തീർമാനംകൊണ്ടാണ് ഈ വാദപ്രതിവാദം അവസാനിച്ചതു്. അന്നത്തെ വൈദികാധികാരികൾ ഇവരുടെ ശ്രേഷ്ഠനിലകണ്ടു ബോധിച്ചിരുന്നെങ്കിലും ജനങ്ങൾ കൊടുത്ത മൊഴികൾ എല്ലാം റോമിലേക്കു അയച്ച റിപ്പോർട്ടിൽ ചേർത്തിരുന്നില്ല എന്നു പിന്നീടാണറിവായിട്ടുള്ളതു. 1794-ൽ പ്രസിദ്ധീകൃതമായിട്ടുള്ള (India Orientalis Christiana) ഗ്രന്ഥത്തിൽ ലത്തീൻകാരെപ്പററിചെയ്തിട്ടുള്ള പ്രസ്താവന കണ്ടിട്ടായിരിക്കാം ഈ നയം സ്വീകരിച്ചതു്. പ്രസ്തുത പ്രസ്താവനയുടെ സ്ഥിതി ഈ അദ്ധ്യായത്തിൽത്തന്നെ കാണാം. ജനങ്ങൾ അന്നു കൊടുത്ത മൊഴിയുടെ യാഥാത്ഥ്യം വെളിവാക്കുന്ന രേഖകൾ പലതും ഈ ഗ്രന്ഥത്തിൻെറ മറുഭാഗങ്ങളിലുമുണ്ടല്ലോ.

നാമം ഉപയോഗിച്ചു കാണാത്തതു ഈ പാരമ്പര്യത്തെ സ്ഥിരീകരിക്കുന്നുമുണ്ട്.

ഈ അടുത്ത കാലങ്ങളിൽ "എഴുന്നൂററിക്കാർ" എന്ന നാമം വന്നു വശായതുപോലെ അതിനുമുമ്പു വേറെയും ഒന്നിലധികം നാമങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവ ഓരോ കാലത്തു ഓരോ കാരണവശാൽ ഇതരന്മാർ വിളിക്കുകയും അതു ക്രമേണ നടപ്പായിത്തീരുകയും ചെയ്തിട്ടുള്ളതാകുന്നു.

മാർഗ്ഗക്കാർ എന്ന നാമം നിമിത്തമുള്ള സംശയം

ഈ ചരിത്രത്തിനു വിഷയമായിരിക്കുന്ന ജനവിഭാഗത്തിന്, എഴുന്നൂററിക്കാർ എന്ന നാമം നടപ്പാകുന്നതിനുമുമ്പു "മാർഗ്ഗക്കാർ" എന്ന നാമമുണ്ടായിരുന്നതായി കാണുന്നുണ്ട്. ഈ നാമത്തെപ്പററിയും പറയേണ്ടതായിട്ടിരിക്കുന്നു. ഡച്ചുകാരുടെ ഭരണകാലത്താണ് ഇവർക്കു ഈ പേർ പറയാൻ തുടങ്ങിയതു്. "എഴുന്നൂററിക്കാർ" എന്ന നാമം ഉൽഭൂതമാകാനുണ്ടായപോലെ ചില കാരണങ്ങൾ ഇതിനും ഉണ്ടായിട്ടുണ്ട്.

ലത്തീൻരീതിയിൽ ചേർന്നിരുന്നവർ പല പ്രത്യേകാവകാശങ്ങളും അനുഭവിച്ചിരുന്നു എന്നു മുകളിൽ (അദ്ധ്യായം 6–7) കാണിച്ചിട്ടുണ്ടല്ലോ. അവയിൽ സാരമായ ഒന്ന് സ്വതന്ത്രനില, അല്ലെങ്കിൽ ഏതദ്ദേശീയ രാജാക്കന്മാരുടെ അധികാരപരിധിയിൽനിന്നു വിട്ടുള്ള നിലയായിരുന്നു. ഇതു പുരാതന പെരുമാക്കന്മാരിൽനിന്നു അവർക്കു സിദ്ധിച്ചിരുന്നതും ക്ഷയോന്മുഖാവസ്ഥയിൽ ദൈവഗത്യാ ആഗതമായ പൊർത്തുഗീസു മേൽക്കോയ്മയിൽ ഏല്പിച്ചു ഭദ്രപ്പെടുത്തിയിരുന്നതുമാണെന്ന വിവരം മേൽപ്രസ്താവിച്ചിട്ടുണ്ട്. ഡച്ചുകാർ കൊച്ചി പിടിച്ചപ്പോൾ, പൊർത്തുഗീസുകാരുടെ മേൽക്കോയ്മ ഉപേക്ഷിക്കണമെന്ന് അവർ — ഡച്ചുകാർ—ആവശ്യപ്പെട്ടതനുസരിച്ചു അങ്ങനെ ചെയ്തു. ഡച്ചുകാരുടെ മേൽക്കോയ്മ

യിലും ഈ പ്രത്യേകതകൾ അവർ നിർബാധം അനുഭവി ച്ചുപോന്നു.

ഈ സ്ഥിതിഗതികളെല്ലാം പിന്നീടു വിസ്മൃതി യിൽപ്പെട്ടുപോകയാണ് ചെയ്തിട്ടുള്ളത്. അതിനാൽ ഇവർ അനുഭവിച്ചുപോരുന്ന ഈ പ്രത്യേകതകൾ എത്ര ന്യായപൂർവ്വമായതാണ് എന്നു പില്ക്കാലങ്ങളിൽ പലരും ധരിച്ചിരുന്നില്ല.

സ്വതന്ത്രരായിരുന്നവരും പൊർത്തുഗീസുകാരുടെ കീഴ ചേർന്നവരുമായ ജനതതിയുടെ പരമ്പരസന്തതി കൾക്കു ഡച്ചുകാരുടെ മേൽക്കോയ്മ സ്വീകരി പ്പാൻ കൊച്ചീരാജാവിൻേറയോ മററു രാജാക്കന്മാരുടേ യോ സമ്മതം ആവശ്യമുണ്ടായിരുന്നില്ല. തങ്ങൾ കൈ വരിച്ചിരുന്ന പൊർത്തുഗീസു മേൽക്കോയ്മയെ ത്യജിക്ക യും, ഡച്ചുകാരുടെ ആധിപത്യം സ്വീകരിക്കയും ചെ യ്യേണ്ടതേ ആവശ്യമുണ്ടായിരുന്നുള്ളൂ. അതു അവർ ആരം ഭത്തിൽത്തന്നെ നിവ്വഹിക്കയും ചെയ്തു. (അദ്ധ്യായം 6 നോക്കുക.) പിന്നീടു ഇവരുടെ പാദ്രക്രൂസുമാർ ചെ യ്യേണ്ടതായിരുന്ന സത്യവാചകംകൊണ്ടു അതിനെ പു തുക്കിയും വന്നിരുന്നു. എങ്കിലും പിൽകാലങ്ങളിലെ ഉദ്യോഗസ്ഥന്മാർ ഈ വകയൊന്നും മനസ്സിലാക്കാതെ ഡച്ചുകാരും കൊച്ചീരാജാവുമായി ചെയ്തിട്ടുള്ള ഉടമ്പ ടിയേയാണ് ആധാരമാക്കിയിരുന്നതു്. ഇതേപ്പററി പ ലേ വാദപ്രതിവാദങ്ങളും പരിശോധനകളുമൊക്കെ നട ന്നതിൻെറ പല ലക്ഷ്യങ്ങളും കൊച്ചീരാജ്യചരിത്രം 2–ാം പുസ്തകത്തിൽ പലേടത്തും (ടി. ചരിത്രം 13-14 അ:നോക്കുക.) കാണാവുന്നതാണ്. ഡച്ചുകാർ മൂത്ത താ വഴിയിലെ രാജാവിനെ സിംഹാസനാരൂഢനാക്കിയശേ ഷം ചെയ്ത ഉടമ്പടിയിൽ "കടൽ വീഥിയിൽ വസിക്കു ന്ന 'മാർഗ്ഗക്കാർ' ഡച്ചുകാരുടെ കീഴിലിരിക്കട്ടെ" എന്നു പറഞ്ഞിരുന്നു. (കൊച്ചീരാജ്യചരിത്രം. 2-4-81) ഇവി

ടെ പ്രതിപാദിക്കപ്പെട്ടുന്ന ജനവിഭാഗം മററു ഭാഗങ്ങളിൽ—കോട്ടയ്ക്കു കിഴക്കും, തെക്കുകിഴക്കും, അഴിക്കു വടക്കും—മററുമായിരുന്നു വസിച്ചിരുന്നതെങ്കിലും ഡച്ചുകാരുടെ പ്രജകളെന്ന നിലയിൽ വർത്തിക്കുന്നതുകണ്ടു പിൽക്കാലങ്ങളിൽ മാർഗ്ഗക്കാർ എന്ന ഗണത്തിൽ അവരും ഉൾപ്പെട്ടുമെന്നു കരുതി ആ നാമം അവരെപ്പററിയും പറയാൻ തുടങ്ങി. (കൊല്ലം 941-നു ശേഷം എന്നാണു പാരമ്പര്യം. ഡച്ചുകാർ ഔദ്യോഗിക രേഖകളിൽ വേറെ നാമമാണ് ഉപയോഗിച്ചിരുന്നതു്.) തങ്ങൾക്കുണ്ടായിരുന്ന സ്വാതന്ത്ര്യനില ഏതുവിധമെങ്കിലും സ്ഥിരപ്പെടുത്തി പൂർവ്വാവകാശങ്ങൾ പാലിച്ചുകൊണ്ടുപോകാൻ അപ്പോൾ ഉള്ള സുലഭമാർഗ്ഗം ഇതാണെന്നു കരുതീട്ടായിരിക്കാം ആരും വിരോധം പറയാതിരുന്നതു.

വേദം എന്നു ഇക്കാലങ്ങളിൽ ഉപയോഗിക്കാറുള്ള പദത്തിന്നു പകരം അക്കാലങ്ങളിൽ "മാർഗ്ഗം" എന്നാണു പറഞ്ഞിരുന്നതു. അങ്ങനെതന്നെ ക്രൈസ്തവർ എന്നു പറയുന്നതിന്നു പകരം മാർഗ്ഗക്കാരെന്നും പറഞ്ഞിരുന്നു. സുറിയാനിരീതിക്കാരുടെ പുരാതനഗാനത്തിൽ വേദം എന്ന അർത്ഥത്തിൽ "മാർഗ്ഗ"മെന്ന പദം പത്തുപന്ത്രണ്ടു സ്ഥലങ്ങളിൽ ഉപയോഗിച്ചു കാണുന്നുണ്ട്. (170) * കൊടുങ്ങല്ലൂർ അതിരൂപതയിൽപ്പെട്ടവർക്കായി 1606-ൽ നിർമ്മിതമായ നിയമസംഹിതയിൽ (കൊടുങ്ങല്ലൂർ കട്ടളൈ) വേദമെന്നതിന്നു പകരം "മാർഗ്ഗ"മെന്നാണു പറഞ്ഞിട്ടുള്ളതു്. ക്രിസ്ത്യാനികൾ എന്നതിന്നു പകരം "മാർഗ്ഗക്കാരെ"ന്നും ഉപയോഗിച്ചുകാണുന്നുണ്ടു. വേദപാഠപുസ്തകങ്ങളിലും ഈ പദം കാണുന്നുണ്ട്. സുറി

(170) മാർത്തോമാക്രിസ്ത്യാനികൾ I. 3. 62—79

* ക്രിസ്ത്യാനികൾക്കു, പണ്ടു് മാർഗ്ഗം കളിയും മററും ഉണ്ടായിരുന്നുവല്ലോ.

യാനിരീതിയിലുള്ളവർ തങ്ങളെക്കുറിച്ചു പറയുമ്പോഴും, സുറിയാനിക്കാരെക്കുറിച്ചു മററുള്ളവർ പറയുന്ന ഘട്ടത്തിലും ഈ പദം ഉപയോഗിച്ചിരിക്കുന്നതായും കാണുന്നുണ്ട്. 1787 കുംഭം 1–ാംനു- അങ്കമാലിയിൽ വച്ചു സുറിയാനിരീതിക്കാർ എഴുതിയതായി കാണിച്ചിരിക്കുന്ന പടിയോലയിലും, തിരുവിതാംകൂർ മഹാരാജാവു കൊടുത്തതായി പറയുന്ന ഒരു നീട്ടിലും ഈ പദം ഉപയോഗിച്ചിട്ടുണ്ട്. പടിയോലയിലെ വാചകം.... "അതുകൊണ്ടു മാർഗ്ഗമില്ലാത്തവരുടെ നിന്ദയും പരിഹാസവുംകൊണ്ടു നമ്മുടെ പരിഷയ്ക്കു് വന്നിരിക്കുന്ന കുറവും സങ്കടവും ഉതപ്പുംകൊണ്ടും"...........(171) നീട്ടിലെ വാചകം:... "നിങ്ങൾക്കു് മാർഗ്ഗമര്യാദ നടത്തുന്നതിന്നു"...........(172)

ഇക്കാര്യത്തെപ്പററി ഡോക്ടർ "ഡെ" പറയുന്നതു ഇങ്ങനെയാണു:" Native Christirns are Called Nassarranikel, Suriani Mappilas or Marggakars; that is people who have laws ഏതദ്ദേശിയ ക്രൈസ്തവരെ, നസ്രാണികൾ, സുറിയാനി മാപ്പിളമാർ അഥവാ മാർഗ്ഗക്കാർ അതായതു്: നിയമമുള്ള ജനം, എന്നു വിളിക്കുന്നു." (173)

ഒരു ഭാഷാപണ്ഡിതനും, ചരിത്ര വ്യുല്പന്നനുമായ ശ്രീമാൻ ടി. കെ. ജോസഫ് "മാർഗ്ഗം എന്ന അഭിധാനത്തിൽ എഴുതിയിട്ടുള്ള ഒരു ലേഖനത്തിലെ ചില പ്രസ്താവങ്ങളും ഇവിടെ സ്മരണീയമാണു്. "മതം എന്നർത്ഥത്തിൽ "മാർഗ്ഗം" എന്ന പദം കേരളത്തിലും ചോഴമണ്ഡലത്തും പ്രയോഗിച്ചതു് ക്രിസ്താബ്ദത്തിൻെറ ആദിമശതകങ്ങളിൽ ഈ സ്ഥലങ്ങളിലുണ്ടായിരുന്ന നസ്രാണികളായിരിക്കണം. അതെന്തെന്നാൽ യേശുക്രിസ്തുവിൻെറ

---

(171) മാർത്തോമാനസ്രാണികളുടെ സത്യവിശ്വാസം pg. 175.
(172) ടി. pg. 181
(173) Land of Perumal. Ch. 6

പുതിയ മതത്തിന്നു അക്കാലത്തെ യൂദന്മാർ കൊടുത്ത ആക്ഷേപപ്പേരും The Way അതായതു: "മാർഗ്ഗം" എന്നർത്ഥമുള്ള Hodos (ഹോദോസ്) എന്നാണ്. ഹോദോസ് എന്നതു യവനായ ("ഗ്രീക്ക്") വാക്കാണ്. അതിനു വഴി എന്നർത്ഥം...... ക്രിസ്തീയ വേദപുസ്തകത്തിൽ ഉൾപ്പെട്ടിട്ടുള്ളതും ക്രിസ്ത്വാബ്ദം ഒന്നാം ശതകത്തിൽ എഴുതിയതും ആയ അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ (The Acts of the Apostles) പ്രേഷിതന്മാരുടെ പ്രവൃത്തികൾ (പ്രവർത്തനങ്ങൾ) എന്ന പുസ്തകത്തിൽ ക്രിസ്തുമതത്തിന്റെ ആദിമ നാമധേയമായ The Way (Hodos) വഴി എന്ന പദം കാണുന്നുണ്ട്." ...........

ക്രിസ്തുമതത്തിന്നു "മാർഗ്ഗം" എന്ന പദത്തോടൊപ്പം വേദം എന്ന പദവും പഴയ കയ്യെഴുത്തു ഗ്രന്ഥങ്ങളിൽ പ്രയോഗിച്ചു കാണുന്നു." (Dasan 25-14 th June 1927)

ഇന്ത്യാ ഒരിയെന്താലീസ് ക്രിസ്ത്യാനിയിലെ പ്രസ്താവന.

ഒരു കർമ്മലീത്താ മിഷ്യനറിയായ ദിവ്യശ്രീ ഫാദർ പൗലീൻ അവർകൾ എഴുതിയ "ഇന്ത്യാ ഒരിയെന്താലീസ് ക്രിസ്ത്യാന" എന്ന ഗ്രന്ഥത്തിലും ഇവിടങ്ങളിലെ ലത്തീൻ ക്രിസ്ത്യാനികളുടെ ഉല്പത്തിയെ സംബന്ധിച്ചിടത്തോളം അജ്ഞതയും പ്രമാദവുമാണ് സംഭവിച്ചുകാണുന്നതു്. അദ്ദേഹം പറയുന്നു: "ഇപ്പോൾ—1794-ൽ—വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ കീഴ് ലത്തീൻ രീതിക്കാരായി ഉദ്ദേശം അറുപതിനായിരം (60,000) ക്രിസ്ത്യാനികളുണ്ടു്. ഇവർ ഉദ്ദേശം ഒരു ശതവത്സരത്തിന്നുള്ളിൽ കത്തോലിക്കവേദം സ്വീകരിച്ചവരാണ്." (174) അന്ന് വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ കീഴിലുണ്ടായിരുന്ന ലത്തീൻരീതിക്കാരുടെ ഉത്ഭവത്തെപ്പററി അദ്ദേഹം പറഞ്ഞിട്ടുള്ള അഭിപ്രായം തീരെ

---

(174) ഇന്ത്യാ ഒരിയെന്താലിസ് ക്രിസ്ത്യാന. 119

അബദ്ധമാണെന്നുള്ളതിലേയ്ക്കു പല തെളിവുകളുമുണ്ട്.

ഡച്ചുകാരുടെ പ്രവേശനാവസരത്തിൽ കപ്പേളകൾ ഉൾപ്പെടെ പതിമ്മൂന്നു ദേവാലയങ്ങൾ കൊച്ചിയിലുംകൊടുങ്ങല്ലൂരുമായി നശിപ്പിക്കപ്പെട്ടുവല്ലോ. വേറെയുംപല പള്ളികൾ അന്നു, ഇദ്ദേഹം പറയുന്ന കാലാവധിക്കു മുപ്പതുവത്സരംമുമ്പു, ടി. ഭാഗങ്ങളിലും പരിസരങ്ങളിലുമായി സ്ഥിതിചെയ്യുന്നുണ്ടായിരുന്നു. ഇവയെല്ലാം കൊച്ചീരൂപതയിലാണുൾപ്പെട്ടിരുന്നതു്. കൊച്ചീരൂപത, — ടി. പള്ളികൾ സ്ഥിതിചെയ്തിരുന്ന ഭാഗങ്ങൾ—1709 മുതൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാമാരെയാണു ഏല്പിച്ചിരുന്നതു. തന്മൂലം ഈ പള്ളികളും ജനങ്ങളും 1794-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ കീഴിൽത്തന്നെയായിരുന്നു. (അദ്ദേഹമെഴുതിയ ചരിത്രം, പുറം 269 നോക്കുക.) ഈ പള്ളികളെ ഒഴിച്ചാൽ അന്നു എറണാകുളം, ചാത്യാത്തു്, വരാപ്പുഴ എന്നീ മൂന്നു പള്ളികൾമാത്രമെ ലത്തീൻപള്ളികളായി അന്നു വരാപ്പുഴ വികാരിയാത്തിൽ ഉണ്ടായിരുന്നുള്ളൂ. ഇവയിൽ എറണാകുളംപള്ളി കൊച്ചിയിൽനിന്നു ഡച്ചുകാരുമായി ഭിന്നിച്ചുപോന്നവൎക്കായി പിന്നീടു സ്ഥാപിക്കപ്പെട്ടതാണു്. ചാത്യാത്തുപള്ളിയിലും വരാപ്പുഴപ്പള്ളിയിലും, എടപ്പള്ളി പറവൂർ മുതലായ സുറിയാനിപ്പള്ളികളിൽ നിന്നു ലത്തീൻറീത്തനുസരിച്ചവരും കൊച്ചീ കൊടുങ്ങല്ലൂർ മുതലായ ഭാഗങ്ങളിൽനിന്നു കുടിയേറിപ്പാൎത്തവരുംകൂടെ ഉൾപ്പെട്ടിരുന്നു. ഇങ്ങനെയിരിക്കെ ഇവരൊക്കെ ഒരു ശതവൎഷത്തിന്നുള്ളിൽ ക്രീസ്തുവേദം അവലംബിച്ചവരാണെന്നു പറഞ്ഞാൽ ശരിയാകുന്നതെങ്ങിനെ?

അദ്ദേഹം തുടൎന്നു പറയുന്നു: ഇവൎക്കു—ഈ ലത്തീൻകാൎക്കു—(ബറേറവ്യയിൽനിന്നു) "ഡച്ചുകാരുടെ സംരക്ഷണമുണ്ടു്. ഇവരുടെ പാരക്ക്രൂസുമാർ ജനങ്ങളുടെ പേൎക്കു അവരുടെ—ഡച്ചുകാരുടെ—പക്കൽ സത്യം

ചെയ്യണം. അതിൽ പൊർത്തുഗീസുരാജാവിൻെറ ഭൗതികാധികാരവും ആ രാജാവിൻെറ കീഴുള്ള മെത്രാന്മാരുടെ ആത്മികാധികാരവും തങ്ങൾ ത്യജിച്ചിരിക്കുന്നതായി പ്രസ്താവിക്കണം." (175)

ഒരു നൂററാണ്ടിനുള്ളിൽ എന്നു അദ്ദേഹം പറയുന്നതു നോക്കിയാൽ 1694 മുതൽ 1794 വരെയുള്ള കാലാവധി എന്നു വിചാരിക്കാനേ തരമുള്ളു. ഡച്ചുകാർ കൊച്ചി പിടിച്ചിട്ടു മുപ്പതു വത്സരം കഴിഞ്ഞതഃശേഷമുള്ള കാലാവധിയായ 1694 തുടങ്ങിയുള്ള ഒരുശതവത്സരം എന്നാണ് അൎത്ഥം. അങ്ങനെയാണെങ്കിൽ ഇവർ ആവിർഭവിക്കുന്നതിന്നു മുപ്പതു വത്സരംമുമ്പു കൊച്ചിവിട്ടുപോയ പൊർത്തുഗീസുകാരെ, ഇവർ സത്യംചെയ്തു ഉപേക്ഷിക്കണമെന്നു പറയാൻ കാരണമെന്തു്? പൂൎവ്വക്രൈസ്തവരിൽ ഒരു ഭാഗം ലത്തീൻറീത്തിലേയ്ക്കു ചേർന്നിട്ടുണ്ടല്ലൊ. (അദ്ധ്യായം 5 നോക്കുക) പൊർത്തുഗൾരാജാവിനെ തങ്ങളുടെ മേൽക്കോയ്മയായി അവർ സ്വീകരിച്ചു അദ്ദേഹത്തിൻെറ കീഴ് തങ്ങളുടെ അവകാശങ്ങളെ പുലർത്തിയും പോന്നു. (176) ഇവരാണ് അന്നു വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ കീഴുണ്ടായിരുന്ന ലത്തീൻകാരിൽ പ്രമുഖന്മാർ. തങ്ങളുടെ മതത്തെയും രാജാവിനേയും ഉപേക്ഷിക്കണമെന്നു ഡച്ചുകാർ ആരംഭഘട്ടത്തിൽ ആവശ്യപ്പെട്ടതു ഇവരുടെ പൂൎവ്വന്മാരോടായിരുന്നു. മതമുപേക്ഷിക്കണമെന്നുള്ള നിശ്ചയം പിൻവലിച്ചു. രാജാവിനെ ഉപേക്ഷിക്കണമെന്നുള്ളതു നിലനിറുത്തി. ആ നിശ്ചയം പുതുക്കിക്കൊണ്ടുവരാനും ഡച്ചുകാർക്കു സഹായമായിരിക്കത്തക്കവിധം വൎത്തിക്കാനും വേണ്ടിയാണു മുകളിൽ പറഞ്ഞവിധം സത്യംചെയ്യണമെ-

(175) ടി. മുകളിൽ 79-ാം പുറം നോക്കുക.
(176) അദ്ധ്യായം 2 നോക്കുക.

ന്നു നിശ്ചയിച്ചിരുന്നതു. ഇതിനാൽ ഈ ജനതതിയിൽ ഉണ്ടായിരുന്ന ഈ പതിവും അവർ അന്നു—ഡച്ചുകാരുടെപ്രവേശനാവസരത്തിൽ — പൊർത്തുഗൽരാജാവിനെ ഉപേക്ഷിച്ചു ഡച്ചുകാരുടെ മേൽക്കോയ്മ സ്വീകരിച്ചവരുടെ സന്തതിപരമ്പരകളാണെന്നു സ്പഷ്ടമാക്കുന്നുണ്ടു.

ഇനി ആ ജനവിഭാഗം നാമാവശേഷമായിപ്പോയെങ്കിൽ അതു ഏതു കാലഘട്ടത്തിൽ? ഏതുവിധം? പിന്നീടു മുകളിൽ പറഞ്ഞ പള്ളികളിൽ ജനങ്ങൾ ഇത്രവളരെ വർദ്ധിക്കാൻതക്കവിധം ആ ഭാഗങ്ങളിൽ അന്നു, 1694 മുതൽ 1794 വരെ, ആരാണു മാനസാന്തര ജോലി നടത്തിയതു്?–എന്നിവയും തെളിയിക്കേണ്ട ചുമതല അദ്ദേഹത്തിന്നുണ്ടായിരുന്നു. എന്നാൽ അവ രണ്ടും നിർവ്വഹിക്കപ്പെട്ടു കാണുന്നില്ല. അതു സാധിക്കുന്നതുമല്ലാ.

മാത്രമല്ലാ, പെരുമാക്കന്മാരിൽനിന്നു ലഭിച്ചിരുന്ന അവകാശങ്ങൾ ഈ പറയുന്ന ജനവിഭാഗം സ്വച്ഛന്ദം അനുഭവിച്ചുപോന്നിരുന്നതായും കാണുന്നുണ്ടു്. (177) ഒരു ശതവത്സരത്തിന്നുള്ളിൽ—1694 മുതൽ 1794 വരെയുള്ള കാലഘട്ടത്തിൽ— കത്തോലിക്കവേദം സ്വീകരിച്ചവർക്കു് പുരാതന പെരുമാക്കന്മാരിൽനിന്നുള്ള ഈ അവകാശാനുഭവത്തിന്നു് എന്തു ന്യായമാണുള്ളതു്?

ഈവിധ കാരണങ്ങളാൽ മുമ്പിനാലെ അവിടെ ഉണ്ടായിരുന്ന ക്രിസ്ത്യാനികളുടെ സന്തതികൾതന്നെയാണു് പ്രസ്തുത ലത്തീൻകാരെന്നുള്ള അനുമാനം ബലവത്തരമായി സ്വീകരിക്കപ്പെടുകയും അദ്ദേഹത്തിൻെറ മതം പ്രമാദമൂലകമായി തിരസ്കരിക്കപ്പെടുകയും ചെയ്യേണ്ടതായിരിക്കുന്നു.

ഇനി ടി. കാലാവധിയിൽ ഉണ്ടായിരുന്ന മതാദ്ധ്യയനശാലകളുടേയും അവയിൽ പഠിച്ചു ജ്ഞാനസ്നാനമേ

---

(177) 92–ാം പുറം നോക്കുക.

ററിട്ടുള്ളവരുടെയും സ്ഥിതികൂടെ പരിശോധിക്കാം. അന്നു വേദാദ്ധ്യയനശാലകൾ ഹിന്തുക്കൾ അധികമുള്ള ഭാഗങ്ങളിലല്ലാ മിഷ്യനറിമാരുടെ അധിവാസസ്ഥലങ്ങളിലാണു സ്ഥാപിച്ചിരുന്നത്. മിഷ്യനറിമാരുടെ സഞ്ചാരത്തിനിടയിൽ ചെയ്യുന്ന മാനസാന്തര പരിശ്രമവും ഏതദ്ദേശീയ ഭക്തജനങ്ങളുടെ പ്രേഷിതവൃത്തിയുംനിമിത്തം മാനസാന്തരപ്പെടുന്നവരെ വേദാദ്ധ്യയനശാല സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തേയ്ക്കുയക്കുകയും ആവശ്യമുള്ളത്ര മതപഠനം നൽകി അവരെ ജ്ഞാനസ്നാനപ്പെടുത്തിയശേഷം സാക്ഷ്യപത്രം (ചീട്ട്) കൊടുത്തു വിടുകയുമായിരുന്നു പതിവ്. വേദാദ്ധ്യയനശാലകളുള്ള ഭാഗങ്ങളിൽ തങ്ങൾക്ക് പാർക്കാൻ ഭവനമോ ഭവനമുണ്ടാക്കുന്നതിന്നു സ്ഥലം പണം മുതലായവയൊ പരിചിതരൊ ഇല്ലായ്കമൂലം അവരിൽ മഹാ ഭൂരിപക്ഷവും തങ്ങളുടെ സ്വദേശത്തേയ്ക്കും പരിചിതരും മാനസാന്തരത്തിന്നു തങ്ങളെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്തവരുമായ ആളുകളുടെ പക്കലേയ്ക്കും പോകയും ചെയ്തിരുന്നു. (ജ്ഞാനസ്നാനമേല്പിക്കുമ്പോൾ സാധുക്കളെ അവരുടെ പണ്ടത്തെ വസ്ത്രധാരാണരീതിയോടെതന്നെ വിടുകയുംചെയ്യാറുണ്ടായിരുന്നില്ല. ഏതദ്ദേശീയരായ പൂർവ്വക്രിസ്ത്യാനികളുടെ രീതിക്കുള്ള വസ്ത്രങ്ങൾ വാങ്ങി ധരിപ്പിച്ചശേഷമേ ജ്ഞാനസ്നാനം നൽകിയിരുന്നുള്ളു. (ജ്ഞാനസ്നാനമേററശേഷം പൂർവ്വക്രിസ്ത്യാനികളിൽനിന്നു വസ്ത്രധാരണത്തിൽ അവർക്കു വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ല.) ഇങ്ങനെ മാനസാന്തരപ്പെട്ടു പോകുന്നവർ ക്രമേണ അതതു ഭാഗങ്ങളിലുള്ള ക്രിസ്തീയസമുദായത്തിൽ ലയിക്കയല്ലാതെ ഗത്യന്തരമില്ലല്ലൊ. അതിനാൽ ലത്തീൻകാരായ മിഷ്യനറിമാർ ഹിന്തുക്കളിൽനിന്നു ജ്ഞാനസ്നാനപ്പെടുത്തിയിട്ടുള്ളവരുടെ സംഖ്യമാത്രം നോക്കിക്കൊണ്ട് അങ്ങനേയുള്ളവർ മാത്രമാണ് ലത്തീൻകാർ എന്നു പറ

ഞ്ഞാൽ അതു ശരിയായിവരാൻ ഇടയില്ല.

ഇദ്ദേഹം പറയുന്ന കാലഘട്ടത്തിൽ ജെസുവിററ്മിഷ്യനറിമാർ പൂക്കോട്ടു, പുത്തൻചിറ, അമ്പഴക്കാട്ട് മുതലായ സ്ഥലങ്ങളിൽ വേദാദ്ധ്യയനശാലകൾ സ്ഥാപിച്ചിരുന്നതായി കാണുന്നുണ്ട്. ജെസുവിററുമെത്രാന്മം തൽസഭാംഗങ്ങൾക്കും സാമൂതിരിയുടെ രാജ്യാതിർത്തിയിൽമാത്രമെ സഞ്ചരിക്കാൻ നിവൃത്തിയുണ്ടായിരുന്നുള്ളു. ഈ സ്ഥിതിക്കു പ്രസ്തുത വേദാദ്ധ്യയനശാലകളിൽ ചെന്നു പഠിച്ചിട്ടുള്ളവർ ഏതു ദേശവാസികളായിരിക്കണം? അവർ ജ്ഞാനസ്നാനപ്പെട്ടു മടങ്ങിച്ചെന്നിട്ടുള്ളതും എവിടങ്ങളിലേയ്ക്കായിരിക്കണം. എന്നിവയ്ക്കു വായനക്കാർതന്നെ ഉത്തരം കണ്ടുപിടിക്കേണ്ടതാണ്. കർമ്മലീത്താ മിഷ്യനറിമാർ ആദ്യം 'തട്ടാരശ്ശേരി' എന്ന സ്ഥലത്തും അനന്തരം വരാപ്പുഴയും വേദാദ്ധ്യയനശാലകൾ സ്ഥാപിച്ചതായി കാണുന്നുണ്ട്. ആ മിഷ്യനറിമാർ മദ്ധ്യകേരളത്തിന്റെ കിഴക്കും തെക്കുമുള്ള ഭാഗങ്ങളിൽ സഞ്ചരിക്കാനാണ് പ്രത്യേകം ചുമതലപ്പെട്ടിരുന്നതു്. ഇവരുടെ സഞ്ചാരാവസരങ്ങളിലുള്ള മതോപദേശങ്ങൾമൂലവും ദേശീയവൈദികരുടേയും അൽമായഭക്തരുടേയും പരിശ്രമം നിമിത്തവും മാനസാന്തരപ്പെടുന്നവർ മുകളിൽ പറഞ്ഞ വേദാദ്ധ്യയനശാലകളിൽ ഏതിലെങ്കിലും ചെന്നു പഠിച്ചു ജ്ഞാനസ്നാനം വരിച്ചാലും കാലക്ഷേപത്തിന് സ്വദേശത്തിലേയ്ക്കു് മടങ്ങുകയേ നിവൃത്തിയുണ്ടായിരുന്നുള്ളു എന്നു അറിയാമല്ലൊ.

ഇതിനാൽ ഈ പറഞ്ഞ വേദാദ്ധ്യയനശാലകളിൽ — തട്ടാശ്ശേരിയിലും വരാപ്പുഴയും — പ്രസ്തുത ഭാഗങ്ങളിൽനിന്നു ആരും ചേർന്നു പഠിച്ചു ജ്ഞാനസ്നാനമേററിട്ടില്ലെന്നോ, മററു സ്ഥലങ്ങളിൽ നിന്നു വന്നു ജ്ഞാനസ്നാനമേററിരുന്നവരിൽ ആരും ഇവിടങ്ങളിൽ അധിവാസമുറപ്പിച്ചിട്ടില്ലെന്നോ പറയുന്നതാ

യി വായനക്കാർ തെററിദ്ധരിച്ചേക്കരുതു്. ഇവിടെ ജ്ഞാനസ്നാനപ്പെട്ടിട്ടുള്ളവരുടെ സംഖ്യ നോക്കിയാൽ അതിൽ ഇട്ടിഗപാസികളായിരുന്നവരുടെയും മററു സ്ഥലങ്ങളിൽ നിന്നുവന്നു ജ്ഞാനസ്നാനപ്പെട്ടു ഈ ദേശങ്ങളിൽ പാർപ്പുറപ്പിച്ചവരുടെയും സംഖ്യ താരതമ്യേന വളരെ ചുരുക്കമാണെന്നു മാത്രമെ ഇവിടെ പറയുന്നതിനർത്ഥമുള്ളു. കീഴെ പറയുന്നവകൊണ്ടു അതു മനസ്സിലാകുമെന്നു വിശ്വസിക്കുന്നു. അതായതു്:

ചാത്യാത്തു്, വരാപ്പുഴ എന്നീ എടവകകൾക്കു് അക്കാലങ്ങളിലുണ്ടായിരുന്ന പരിധികളാണു് കർമ്മലീത്താക്കാർ സ്ഥാപിച്ച പള്ളികളുടെ പരിധികൾ.* 1767-ൽ വരാപ്പുഴ എടവകയിൽ 5,900 ക്രിസ്ത്യാനികളും ചാത്യാത്തു എടവകയിൽ 1,300 ക്രിസ്ത്യാനികളുമാണുണ്ടായിരുന്നതു്. (178) ആകെ ഏഴായിരത്തി ഇരുന്നൂറു (7,200) ക്രിസ്ത്യാനികൾ. ഇവരിൽ വരാപ്പുഴ എടവകയിൽ ചേർന്നിട്ടുള്ള അറുപതു സുറിയാനി കുടുംബങ്ങളിലായി മുകളിൽ ഉദ്ദേശക്കണക്കു പറഞ്ഞിട്ടുള്ള 740 പേരെ നീക്കിയാൽ ബാക്കി കാണുന്നതു ആറായിരത്തി നാനൂററുപതു (6,460) പേരാണു്. ഈ 6,460 പേരിൽ എടപ്പള്ളി പറവൂർ മുതലായ എടവകകളിൽനിന്നു ലത്തീൻറീത്തു സ്വീകരിച്ചു ടി. പള്ളികളിൽത്തന്നെ ചേർ

---

* ഇന്നു കല്ലൂർ, (പൊററക്കുഴി,) വട്ടതല, പോണേൽ, മൂലമ്പള്ളി, പിഴല, കോതാട്ട്, ചാത്തനാട്ട്, കോട്ടുവള്ളി, മാഞ്ഞാലി, കൂനമ്മാവു, ആൽവായി, മാനമ്പാടിപ്പുത്തമ്പള്ളി, തുണ്ടത്തും കടവു, ചേരാനല്ലൂർ, കുററിക്കാട്ടുകരെ, മഞ്ഞുമ്മെൽ മുതലായ പള്ളികളുടെ പരിധികളെല്ലാം അന്നു വരാപ്പുഴ ചാത്യാത്തു് എന്നീ പള്ളികളുടെ പരിധിയിൽ പെട്ടിരുന്നു. ഇത്ര വിസ്തീർണ്ണമുണ്ടായിരുന്ന സ്ഥലത്തു അധിവസിച്ചിരുന്ന ക്രൈസ്തവരുടെ സംഖ്യയാണു് ഇവിടെ കാണിച്ചിട്ടുള്ളതു്.

(178) Status Archidioecesis Verapolitanae p. 7.

ന്നു നടന്നുവരവെ ചാത്ര്യാത്തു്, വരാപ്പുഴ എന്നീ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിതമായപ്പോൾ അവയിലോട്ടു ചേൎന്നവരേയും, കടലാക്രമണം യുദ്ധം മുതലായവ മൂലമുണ്ടായ അസ്വാസ്ഥ്യം, വൈദികരിൽനിന്നു ആത്മിക സഹായങ്ങൾ ലഭിക്കാനുണ്ടായിരുന്ന അസൗകൎയ്യം എന്നിങ്ങനെയുള്ള കാരണങ്ങളാൽ കൊച്ചീ, കൊടുങ്ങല്ലൂർ എന്നീ ഭാഗങ്ങളിലും അവയുടെ പരിസരങ്ങളിലുംനിന്നു ഇങ്ങോട്ടു കുടിയേറി പാൎത്തിട്ടുള്ളവരേയും കഴിച്ചാൽ ബാക്കിയുള്ള ക്രിസ്ത്യാനികളുടെ സംഖ്യ എത്രയായിരിക്കും?

എടപ്പള്ളി, പറവൂർ, ആലങ്ങാട്ട് മുതലായ പള്ളികളിൽനിന്നു ലത്തീൻരീതി സ്വീകരിച്ചവർ ചാത്ര്യാത്തും വരാപ്പുഴയും പള്ളികളുണ്ടായപ്പോൾ അവയിൽ ചേരുകയാണു് ചെയ്തതു്. മുകളിൽ പറഞ്ഞ കുടിയേറിപ്പാൎപ്പിന്നും ലക്ഷ്യങ്ങളില്ലാതില്ല. കൊച്ചിയിൽ പാൎത്തിരുന്നവരാണു് പറങ്കികൾ. അവരെ ഈ പറഞ്ഞ എടവകകളുടെ (വരാപ്പുഴ ചാത്ര്യാത്തു് എന്നീ എടവകകളുടെ) പരിധികളിൽ ധാരാളം കാണുന്നുണ്ടു്. അങ്ങനെതന്നെ ഈ പറഞ്ഞ പള്ളികളുടെ പരിധികളിൽ അധിവസിക്കുന്ന മററു ക്രൈസ്തവരിൽ പലരുടേയും ചാൎച്ചക്കാരെ, അതേ കുടുംബനാമങ്ങളോടുകൂടെ കൊച്ചീ, കൊടുങ്ങല്ലൂർ കരിശ്ശുങ്കൽ മുതലായ ഭാഗങ്ങളിലും കാണുന്നുണ്ടു്. അത്രയുമല്ല കൊടുങ്ങല്ലൂരിനടുത്തുള്ള ചില സ്ഥലങ്ങളുടെ പേരുതന്നെ ഇവിടങ്ങളിലെ ചില വലിയ കുടുംബങ്ങളുടെ നാമമായും കാണുന്നുണ്ടു്. ഇവയെല്ലാം മുകളിൽ പറഞ്ഞ കുടിയേറിപ്പാൎപ്പിന്നു ലക്ഷ്യങ്ങളാണു്.

ഇങ്ങനെ ഇവിടങ്ങളിൽനിന്നു ലത്തീൻരീതി സ്വീകരിച്ചവരെയും കുടിയേറിപ്പാൎത്തവരേയും കഴിച്ചാൽ ബാക്കി കാണുന്നവരാണു കൎമ്മലീത്താക്കാരുടെ ആഗമനംമുതൽ മുക്കാൽ ശതവത്സരത്തിനു

ള്ളിൽ(1694 മുതൽ 1767 വരെയുള്ള കാലാവധിയിൽ) മാനസാന്തരപ്പെട്ട ക്രീസ്തുവേദം സ്വീകരിച്ചവരിൽവച്ചു ഈ ഭാഗങ്ങളിൽ പാർക്കയും ലത്തീൻറീത്തിൽലയിക്കയും ചെയ്തിട്ടുള്ളതു. മുക്കാൽ ശതവർഷത്തെ ഈ കണക്ക നോക്കിയാൽ ബാക്കി കാൽ ശതവർഷത്തേതു മനസ്സിലാക്കാൻ പ്രയാസമില്ലല്ലൊ.

ഈ പറഞ്ഞ രണ്ടു പള്ളികളും (ചാത്യാത്തു വരാപ്പുഴ എന്നീ പള്ളികൾ) എറണാകുളം പെരുമാന്നൂർ എന്നീ പള്ളികളും മാത്രമെ കർമ്മലീത്താ മിഷ്യനറിമാരുടെ ആഗമനംമുതൽ 1767 വരെ ഈ ഭാഗങ്ങളിൽ ലത്തീൻകാർക്കായി സ്ഥാപിക്കപ്പെട്ടിരുന്നുള്ളു. ഇവയിൽ എറണാകുളം പള്ളി ലത്തീൻകാർ പണിയിച്ചതാണെന്നു കർമ്മലീത്താമിഷ്യനറിമാരുടെ ഔദ്യോഗിക രേഖയിലുണ്ടു. (179) പെരുമാന്നൂർ പള്ളി വെണ്ടുരുത്തിപ്പള്ളിയുടെ കുരിശുപള്ളിയാണെന്നും പ്രസ്തുത രേഖയിൽത്തന്നെ കാണുന്നുണ്ട്. (180)

അന്നു—1794-ൽ—വരാപ്പുഴ രൂപതയിലുണ്ടായിരുന്ന 20 പള്ളികളിൽ ഈ പറഞ്ഞ പള്ളികളൊഴിച്ചു ബാക്കിയുള്ളവയിൽ ചിലതു പൊർത്തുഗീസുകാരുടെ വരവിനു മുമ്പുണ്ടായിരുന്നവയും മററുള്ളവയിൽ മഹാഭൂരിപക്ഷവും അവരോടു ചേർന്ന ക്രൈസ്തവർക്കായി സ്ഥാപിക്കപ്പെട്ടവയുമാണല്ലൊ. 1694 മുതൽ 1794 വരെയുള്ള കാലാവധിയിൽ ആ ഭാഗങ്ങളിൽ ഈ മിഷ്യനറിമാർ മാനസാന്തരപരിശ്രമങ്ങളൊന്നും നടത്തിയിട്ടുമില്ല. അതിനാൽ ഇവർ മാനസാന്തരപ്പെടുത്തിയവർ ആ ഭാഗങ്ങളിൽ വരാനും മാർഗ്ഗമില്ല. ഇങ്ങനെ ഏതു വ

(179) Status Archidioecesis Verapolitanae pg. 7.

(180) Ib.

ശം നോക്കിയാലും ഈ പ്രസ്താവന—1794-ൽ വരാപ്പുഴ രൂപതയിലുണ്ടായിരുന്ന ലത്തീൻകാർ ഒരു ശതവർഷത്തിന്നുള്ളിൽ ക്രീസ്തുവേദം സ്വീകരിച്ചവരാണ എന്നുള്ള പ്രസ്താവന—ശരിയല്ലാ. പ്രമാദഫലമാണ എന്നു വിശദമാവുകയത്രെ ചെയ്യുന്നതു്.

പൂർവ്വക്രൈസ്തവർ ലത്തീൻരീതി സ്വീകരിച്ചിട്ട ഏതാണ്ട ഒന്നര ശതവർഷം ആയപ്പോളാണ് കർമ്മലീത്താമിഷ്യനറിമാർ കേരളത്തിൽ വന്നിട്ടുള്ളതു്. ഈ മിഷ്യനറിമാർ വന്നിട്ട ഉദ്ദേശം ഒരു ശതവർഷം കഴിഞ്ഞശേഷമാണ് പ്രസ്തുത ചരിത്രകാരൻെറ ആഗമനമുണ്ടായതു്. അദ്ദേഹം ഇവിടെ വന്നിട്ട ഇടപെട്ടിരുന്നതും മിക്കവാറും സുറിയാനിറീത്തുകാരോടായിരുന്നു. (181) പ്രസ്തുത ലത്തീൻരീതിക്കാരുടെ അന്നത്തെ സാഹചര്യം നിമിത്തം അവർ വസിച്ചിരുന്നഭാഗങ്ങളിൽ അത്രയധികം സഞ്ചരിക്കുന്നതിന്നൊ അവരുമായി ഇടപഴകുന്നതിന്നൊ അദ്ദേഹത്തിന് ആവശ്യം നേരിട്ടിരുന്നതുമില്ല. ആ സ്ഥിതിക്കു ഇവിടങ്ങളിലെ ലത്തീൻരീതിക്കാരെപ്പററി അദ്ദേഹം തെററിദ്ധരിച്ചതു ക്ഷന്തവ്യമെന്നേ കരുതാനുള്ളു.

അനന്തരകാലങ്ങളിൽ വേറൊരു കർമ്മലീത്താമിഷ്യനറി ഈ ലത്തീൻക്രിസ്ത്യാനികളുടെ ഇടയിൽ സഞ്ചരിച്ചു വാസ്തവസ്ഥിതി മനസ്സിലാക്കിയപ്പോൾ ഈ അബദ്ധം തീർക്കാൻ ശ്രമിച്ചതും (അദ്ധ്യായം 7. നോക്കുക.) ഇവിടെ സ്മരണീയമാണ്.

ഡച്ചുകാരിൽ ചിലരുടെ തെററിദ്ധാരണ

ഡച്ചുകാരുടെ ഭരണത്തിൻെറ അന്ത്യഘട്ടങ്ങളിൽ വന്ന ചില ഡച്ചുമേധാവികൾക്കും ഈ ജനസമൂഹത്തെപ്പററി തെററിദ്ധാരണയുണ്ടായിട്ടുള്ളതായിക്കാണുന്നുണ്ട. ല

(181) കേരളത്തിലെ സത്യവേദചരിത്രം 3-ം അദ്ധ്യായംമുതൽ നോക്കുക.

ത്തീൻകാർ പുതിയ ക്രിസ്ത്യാനികളാണെന്നു അവർ ധരിച്ചിരുന്നതായിട്ടാണ് അറിയുന്നത്. വാസ്തവസ്ഥിതി മനസ്സിലാക്കാതെയാണ് അവർ ഈവിധം അബദ്ധബോധത്തിന്ന് വിധേയരായതെന്നു അവരുടെ പ്രാരംഭഘട്ടത്തിലെ സംഭവങ്ങൾ ആലോചിച്ചാൽ മനസ്സിലാകാതിരിക്കയില്ല. അവരുടെ പ്രവേശനാവസരത്തിൽ പൊർത്തുഗീസുകാരുമായി ചെയ്ത ഉടമ്പടിയിൽ "പട്ടാളത്തിൽ ചേരാതെ ആയുധമെടുത്തവർ രണ്ടുവർഷക്കാലത്തേയ്ക്കു ഉലന്തരാജാവിന്നു വിരോധമായി ഒന്നും ചെയ്യുകയില്ലെന്നു സത്യം ചെയ്യണം" എന്നു പറഞ്ഞിട്ടുണ്ടല്ലോ. ഈ വിധം ചെയ്തിരുന്നത് ലത്തീൻരീതിയിൽപ്പെട്ടവരായിരുന്നു എന്നും മുകളിൽ കാണിച്ചിട്ടുണ്ട്. ഇവർ 8 വയസ്സുമുതൽ 25 വയസ്സുവരെ കളരിപ്പയററ് അഭ്യസിക്കയും, ആവശ്യപ്പെട്ടപ്പോൾ ആയുധമെടുത്തു യുദ്ധത്തിന്നു പോവുകയും ചെയ്യുവാൻ ചുമതലപ്പെട്ടിരുന്നു. അങ്ങനെതന്നെ, ഡച്ചുകാരുടെ ഭരണാരംഭത്തിൽ പഴയക്രൂരറകാരായ റോമൻ കത്തോലിക്കർ കോട്ടയ്ക്കകത്തുവച്ചു മതകർമ്മങ്ങൾ ഒന്നും നടത്തിക്കൂടാ, ഇവരുടെ വൈദികന്മാർ വൈദികവസ്ത്രം ധരിച്ചു പട്ടണത്തിൽ പ്രവേശിച്ചുകൂടാ, വൈദികരല്ലാത്തവർ രാത്രിസമയം പട്ടണത്തിൽ പ്രവേശിച്ചുകൂടാ. തങ്ങളുടെ മതത്തെയും രാജാവിനെയും ഉപേക്ഷിച്ചാൽമാത്രമെ പുതിയ കോയ്മയുടെ കീഴിൽ ഉദ്യോഗം ലഭിക്കയുള്ളു എന്നീവ്യവസ്ഥകൾ ചെയ്യപ്പെട്ടു. മതമുപേക്ഷിക്കാൻ മനസ്സില്ലാതിരുന്നവർ കൊച്ചി വിട്ടുപോകേണ്ടതായി വന്നു. പുതുവരവുകാരുമായി ഒരു കച്ചവടവും ചെയ്കയില്ലെന്നു അവർ തീച്ച്യാക്കി. ഇങ്ങനെയൊക്കെയായപ്പോൾ ഇവരുമായി രാജിയാവാൻ (ഡച്ചുകാർ) നിശ്ചയിച്ചു. പല ശ്രമങ്ങൾ അവർ (ഡച്ചുകാർ) അതിലേയ്ക്കു ചെയ്തുവല്ലോ. മേൽപ്പറയപ്പെട്ട ജനവിഭാഗം ഏതു്? പൊർത്തുഗീസുരാജാവു

എങ്ങനെ അവരുടെ രാജാവായി? എന്നിവ മുകളിൽ (അദ്ധ്യായങ്ങൾ 2-6-7-8- നോക്കുക.) കാണിച്ചിട്ടുണ്ടു. ഈ ജനതയുടെ സന്തതിപരമ്പരകളായിരുന്ന അന്നു ഡച്ചുകാരുടെ കീഴുണ്ടായിരുന്ന ലത്തീൻകാരിൽ. പ്രമുഖ്യം വഹിച്ചിരുന്നവർ. ആ സ്ഥിതിക്ക് ഇവർ എല്ലാവരും പുതിയ ക്രിസ്ത്യാനികളാണെന്നു പറഞ്ഞാൽ എങ്ങിനെയാണ് ശരിയാവുക? അതിനാൽ ഈ ഉദ്യോഗസ്ഥന്മാരും തെററിദ്ധരിച്ചിരുന്നു എന്നതു് സ്പഷ്ടമത്രെ. വി. ഫ്റാൻസീസ് സേവ്യറിൻെറ കാലംമുതൽ കൊച്ചീ വിട്ടു കന്യാകുമാരിവരെയുള്ള സ്ഥലങ്ങളിൽ വളരെപ്പേർ ക്രിസ്തുമതത്തിലേക്ക് ചേർന്നിട്ടുണ്ടെന്നതു് വാസ്തവംതന്നെ. അങ്ങനെതന്നെ കൊച്ചിയിലും മതപരിവർത്തനാനുമതി—മതസ്വാതന്ത്ര്യം—ലഭിച്ചശേഷം പലർ ക്രിസ്തുമതത്തിൽ ചേരുകയുണ്ടായിട്ടുണ്ട്. (ഇവരിൽ ഒട്ടധികംപേർ സുറിയാനിറീത്തിൽ ലയിച്ചിട്ടുണ്ട്.) ഡച്ചുകാരുടെ കാലത്തും ചിലർ മാനസാന്തരപ്പെട്ടു ഈ ജനവിഭാഗത്തിൽ ചേർന്നിട്ടുണ്ടു. ഇവയെല്ലാം ഡച്ചുദ്യോഗസ്ഥന്മാർക്കു തെററിദ്ധരിക്കാൻ ശക്തിയേറിയ കാരണങ്ങളായിട്ടുണ്ടാവണം. ഈ ജനവിഭാഗത്തിൻെറ സ്ഥിതിയെപ്പററി തിരക്കാൻ അവർക്കു—ഡച്ചുകാർക്കു—അന്നു ലഭിച്ചിരുന്ന ആളുകൾ കർമ്മലീത്താ മിഷ്യനറിമാരായിരുന്നതാനും. ഇവരെ ഭരിക്കേണ്ട കാര്യത്തെപ്പററി ശക്തൻതമ്പുരാൻെറ കാലത്തു് തർക്കമുണ്ടായിട്ടു ഈ മിഷ്യനറിമാരോടു ചോദിച്ചാണ് തർക്കം തീർത്തതു്. [182] ഈ ക്രിസ്ത്യാനികളെ സംരക്ഷിക്കാൻ ഡച്ചുകാർക്കുണ്ടായിരുന്ന കടമ വേണ്ടവിധം മനസ്സിലാക്കിപ്പറയാൻ അവർക്കു സാധിച്ചിരുന്നില്ലെങ്കിലും, അവരുടെ വാക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് തർക്കം അവസാനിപ്പിച്ചിട്ടുള്ള

(182) കൊച്ചീരാജ്യചരിത്രം 2-14-514.

ത്തു്. അന്നത്തെ കർമ്മലീത്താമിഷ്യനറിമാർ ഈ ജന ത്തിന്റെ ഉത്ഭവചരിത്രം തെററിദ്ധരിച്ചിരുന്ന സ്ഥിതി യ്ക്കു് അവരിൽനിന്നു കിട്ടുന്ന അറിവുനിമിത്തം ഡച്ചു കാർക്കും തെററിദ്ധാരണ വരാൻ എളുപ്പമുണ്ടല്ലൊ.

വേറൊരു തെ ററിദ്ധാരണ

"കാത്തലിക്ക് രജിസ്റ്റർ" എന്ന പത്രം 1927 ജന വരി ലക്കത്തിലും കാത്തലിക്ക് എൻസൈ ക്ലൊ പിഡിയാ മുതലായവയിലും കേ രളീയ ലത്തീൻക്രിസ്ത്യാനികളെപ്പററി പ റഞ്ഞിരിക്കുന്നതിൽ തെററിദ്ധാരണ കാണുന്നുണ്ടു്. ല ത്തീൻകാർ എല്ലാവരും നവീനരായിരുന്നു എന്നു ള്ള ധാരണ അബദ്ധമാണു; കർമ്മലീത്താമിഷ്യനറിമാർ വന്നശേഷം മാനസാന്തരപ്പെട്ടിട്ടുള്ളവരിൽ എത്രപേരാ ണു് ഈ ഭാഗങ്ങളിൽ പാർക്കയും ലത്തീൻരീതിയിൽ ലയിക്കയും ചെയ്തിട്ടുള്ളതു എന്നിവ മുകളിൽ (221-23 എന്നീ പുറങ്ങൾ നോക്കുക) കാണിച്ചിട്ടുണ്ടല്ലൊ.

അബൂനാ യാക്കോബുമെത്രാന്റെ കാലത്തു് പൊ ത്തുഗൾരാജാവിനെ മേൽക്കോയ്മയായി വരിക്കയും പ്രസ്തുത മെത്രാന്റെ പ്രേരണയാൽ ലത്തീൻരീതി സ്വീ കരിക്കയും ചെയ്ത ക്രിസ്തീയവിഭാഗത്തെപ്പററി അറി യാതെയാണിരിക്കുന്നതെന്നു ടി. പ്രസ്താവനയുടെ പ്രകൃതം കൊണ്ടുതന്നെ മനസ്സിലാക്കാം. ഇങ്ങ നെ ഒരു ജനവിഭാഗം ലത്തീൻരീതിയിലുണ്ടായിരുന്നു. ഇവർ പൊത്തുഗീസുകാരുടെയും ഡച്ചുകാരുടെയും ഭര ണനാളുകളിൽ അവരുടെ മേൽക്കോയ്മയിൻകീഴ തങ്ങളു ടെ പൂർവ്വ അവകാശങ്ങളെ അനുഭവിച്ചുപോന്നിരുന്നു എ ന്നിവ ഈ ചെറുഗ്രന്ഥത്തിൽ തെളിയിച്ചുകഴിഞ്ഞി ട്ടുള്ളതാണു. ആരംഭകാലംമുതൽ ഇവരിൽനിന്നു വൈദി കരും ധാരാളമുണ്ടായിരുന്നു. അതിനാൽ ഈ പ്രസ്താവ നകളെപ്പററി ഇവിടെ ഇതിലധികം ഒന്നുംപറയുന്നില്ല.

വേറെയും പലേ പ്രസ്താവങ്ങൾ ഇത്തരമുണ്ടു. അ

വയെല്ലാം തെററിദ്ധാരണകളുടെ ഫലങ്ങളാണു. ലത്തീൻ ക്രിസ്ത്യാനികളുടെ യഥാർത്ഥസ്ഥിതിയും തെററിദ്ധരിക്കാൻ ഉണ്ടായിരുന്ന കാരണങ്ങളും ഈ ചെറുഗ്രന്ഥത്തിൽ കാണാവുന്നതിനാൽ അവ ഓരോന്നും പ്രത്യേകം വിമർശിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

## അദ്ധ്യായം ൧൬.

### ”മാർത്തോമാക്രിസ്ത്യാനികൾ“ എന്ന ഗ്രന്ഥത്തിൽ ലത്തീൻക്രിസ്ത്യാനികളെപ്പററി പറഞ്ഞിരിക്കുന്ന അബദ്ധം.

“മാർത്തോമാക്രിസ്ത്യാനികൾ” എന്ന ഗ്രന്ഥത്തിലെ പ്രസ്താവന

ഉദയംപേരൂർ സൂനഹദോസിനു മുമ്പോ, അതിനടുത്തോ സുറിയാനിക്കാരിൽ ആരും ലത്തീൻരീതി സ്വീകരിച്ചിട്ടില്ലെന്നാണു സുറിയാനിക്കാരുടെ ഒരു പ്രമാണപ്പെട്ട ചരിത്രമായി അവർ ഗണിച്ചുപോരുന്ന “മാർത്തോമാക്രിസ്ത്യാനികൾ” എന്ന ഗ്രന്ഥത്തിൽ പറയുന്നതു്. ഈ അഭിപ്രായത്തെ സ്ഥാപിക്കാനായി അതിൽ ഒരദ്ധ്യായംതന്നെ വിനിയോഗിച്ചിട്ടുമുണ്ടു്. ഈ അദ്ധ്യായം മനസ്സിരുത്തി വായിച്ചുനോക്കിയതിൽ ഗ്രന്ഥകാരൻ പലതും തെററിദ്ധരിച്ചിരിക്കുന്നെന്നു മനസ്സിലായി. അതിനാൽ അവയിൽ പ്രാധാന്യത്തെ അർഹിക്കുന്ന ചിലതുകളും അവയുടെ യഥാർത്ഥസ്ഥിതിയും ചുവടെ കാണിക്കുന്നു.

1. സുറിയാനിക്കാർ ലത്തീൻകാരായെന്നു് സുറി

യാനിക്കാരുടെ ഇടയിൽ പാരമ്പര്യ വർത്തമാനമില്ലെ ന്നും, അവർ (സുറിയാനിക്കാർ) അതിനെ സമ്മതിക്കു ന്നില്ലെന്നുമാണ് കൊച്ചീ തിരുവിതാംകൂർ എന്ന സ്റ്റേ യിററുമേനുവലുകളുടെ രചനകർത്താക്കൾ പറയുന്നതു.(183) എന്നത്രെ പ്രസ്തുത ഗ്രന്ഥത്തിൽ ഇതു സംബന്ധമായി പ്രഥമതഃ പ്രസ്താവിച്ചുകാണുന്നത്.

ഇങ്ങനെ ക്രൈസ്തവർ ലത്തീൻരീതിയിൽ ചേൎന്ന വെന്നു "സുറിയാനിക്കാർ സമ്മതിക്കുന്നില്ലാ" എന്നിതാ ണല്ലൊ സ്റ്റേയിററുമാനുവലുകളുടെ രചനകർത്താക്കൾ ക്കുള്ള ന്യായം. സുറിയാനിക്കാരിൽനിന്നു കേട്ടതു അ വർ പറയുകയാണു ചെയ്യുന്നത്. ഇങ്ങനെ പറയുന്നതു തന്നെയാണു, സുറിയാനിക്കാർ ലത്തീൻകാരായിട്ടില്ല എന്നതിലേയ്ക്കു തെളിവായി സുറിയാനിക്കാർ പ്രഥമതഃ കാണിക്കുന്നതും. അതിനാൽ ഈ ന്യായത്തിന്നു എത്ര ത്തോളം ശക്തിയുണ്ടാകാമെന്നു വായനക്കാർതന്നെ വി ധിക്കേണ്ടതാണ്.

സുറിയാനിക്കാരുടെ മൂന്നു അപ്പസ്തോലിക്ക വികാ രിയാത്തുകളിലേയും (ഇപ്പോൾ രൂപതകളായിരിക്കയാ ണ്) വൈദികന്മാർ ഒന്നുചേർന്നു അച്ചടിപ്പിച്ചു, പ ത്താം പിയൂസ് പാപ്പായുടെ ഗുരുപ്പട്ട സുവർണ്ണജൂബിലി സ്മാരകമായി പ്രസ്തുത പരിശുദ്ധ പിതാവിന്നും കർദ്ദി നാൾമാർക്കും അയച്ച ചെറുപുസ്തകത്തിൽ പ്രസ്താവി ച്ചിട്ടുള്ളതും മററു ചില ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതും മുകളിൽ (അദ്ധ്യായം 5.) കാണിച്ചിട്ടുണ്ടല്ലൊ. ആരാ ണീ പറയുന്നതു്? ആരോടാണു പറയുന്നതു്? എന്നു ആ ലോചിക്കേണ്ടതുണ്ട്. വാസ്തവസ്ഥിതിയും രേഖകളും ഇ ങ്ങനെയിരിക്കെ സുറിയാനിക്കാരിൽ പാരമ്പര്യമില്ലെ ന്നൊ അവർ സമ്മതിക്കുന്നില്ലെന്നൊ പറയുന്നതിൽ

---

(183) മാർത്തോമാക്രിസ്ത്യാനികൾ. 1-12-2൮.

എത്രത്തോളം അടിസ്ഥാനമുണ്ടെന്നു ആൎക്കും നിഷ്പ്രയാസം മനസ്സിലാക്കാം. ഏതാനും നൂററാണ്ടുകൾക്കു മുമ്പു നടന്ന സംഭവം, ഇന്നു ചിലരുടെ, എന്നല്ലാ പലരുടേതന്നെയും വിസമ്മതംകൊണ്ടു ഇല്ലാതാവാൻ നിവൃത്തിയില്ലല്ലോ. ശരിയായ ചരിത്രമാണു് ടി. പുസ്തകകർത്താക്കന്മാരെപ്പോലെയുള്ള മഹാന്മാർ, — ഉത്തരവാദിത്വമുള്ള കാൎയ്യങ്ങൾ പ്രസ്താവിക്കുന്നവർ— അന്വേഷിക്കേണ്ടിയിരുന്നതും. ഏതായാലും ശരിയായ ചരിത്രം ഈ ഗ്രന്ഥത്തിൽ കാണാവുന്നതിനാൽ ഇതിലധികം അതിനേപ്പററി ഇവിടെ പറയുന്നില്ല.

2. "കൊടുങ്ങല്ലൂർ സെമ്മിനാരിയിൽ പഠിച്ച സുറിയാനിക്കാരായ ബാലകന്മാർ ലത്തീൻ രീതിയനുസരിച്ചു പട്ടമേററു എന്നുള്ള പ്രസ്താവം ഞങ്ങളും സമ്മതിക്കുന്നു: ആ കാലത്തിലെ പൊൎത്തുഗീസ് ഗ്രന്ഥകാരന്മാർ അതിനെ രേഖപ്പെടുത്തിയിട്ടുമുണ്ടു്. പക്ഷെ, സുറിയാനി ബാലകന്മാർ തന്മൂലം ലത്തീൻകാരായിത്തീർന്നെന്നും, അവരിൽനിന്നു ഒട്ടുവളരെ ലത്തീൻകാർ ഉണ്ടായി എന്നും പറയുന്നതു് സ്വീകാൎയ്യമല്ല" (184) എന്നു പറയുന്നുണ്ടു്.

ഈ പറഞ്ഞവരിൽനിന്നു "ഒട്ടുവളരെ ലത്തീൻകാരുണ്ടായി" എന്നു പറയുന്നതു സ്വീകരിക്കേണ്ടതില്ല. എന്നാൽ അവർ — ലത്തീൻരീതിയിൽ അഭ്യസിപ്പിക്കപ്പെട്ടു ആ രീതിയിൽ പട്ടമേററവർ — ലത്തീൻകാരായെന്നു സമ്മതിക്കാതിരിക്കാൻ ന്യായം കാണുന്നില്ല. ഉദയമ്പേരൂർ സൂനഹദോസിന്റെ അവസരത്തിൽ വൈദിക വിദ്യാൎത്ഥികൾക്കു പട്ടം കൊടുക്കാൻ നിശ്ചയിച്ചു. തദവസരത്തിൽ അൎക്കദിയാക്കനെംക്കൂടെ ഉണ്ടായിരിക്കാൻ മെത്രാപ്പോലീത്താ ആഗ്രഹിച്ചു. അദ്ദേഹത്തിന്നെഴ

(184) മാർതോമാ ക്രിസ്ത്യാനികൾ. I. 12—270.

ത്തി. അതിന്നു "ലത്തീൻകാർക്കു കൊടുക്കുക; സുറിയാനിക്കാർക്കു കൊടുക്കേണ്ടാ" എന്നാണു അദ്ദേഹം മറുപടി അയച്ചതെന്നു ഗൊവേയ എന്ന ചരിത്രകാരൻ പറയുന്നു. (185) ലത്തീൻകാരെന്നു വിളിക്കുന്നതു കൊടുങ്ങല്ലൂരും വൈപ്പിക്കോട്ടുമുള്ള കോളേജുകളിൽ ലത്തീൻ മാത്രം പഠിച്ചവരെയാണെന്നും പ്രസ്തുത ഗ്രന്ഥകർത്താവുതന്നെ പ്രസ്താവിക്കുന്നുണ്ട്.

സൂനഹദോസിലെ നിയമങ്ങൾ എഴുതിത്തീർന്നശേഷം കൊച്ചിരൂപതയിലെ ലത്തീൻരീതിക്കാരായ ഏതാനം ഏതദ്ദേശീയ വൈദികരെ വിളിച്ചു, പ്രസ്തുത നിയമങ്ങൾ ജനസംഘത്തിൽ വായിക്കത്തക്കവിധം മലയാളഭാഷയിലേയ്ക്കു വിവൎത്തനം ചെയ്വാൻ പറഞ്ഞു. അവർ അങ്ങനെ ചെയ്കയുമുണ്ടായി.

സൂനഹദോസ് നടന്നിരുന്ന ദിവസങ്ങളിൽ ആദ്യം സുറിയാനിക്കാർ കൽദായഭാഷയിലും അനന്തരം ലത്തീൻകാർ ലത്തീനിലും പ്രാൎത്ഥന (ലിത്തനിയ) പാടുവാൻ കല്പിച്ചു.

ഡെക്രേത്തുകൾ ഒപ്പിട്ടശേഷം മെത്രാപ്പോലീത്താ എഴുന്നേററു പ്രദക്ഷിണത്തിന്നു കത്തനാരന്മാർ തങ്ങളുടെ മുറപ്രകാരം സുറിയാനിയിൽ ഗീതങ്ങൾ പാടിക്കൊണ്ടും പിന്നാലെ മെത്രാപ്പോലീത്താ തന്നോടുകൂടെ കൊണ്ടുവന്നിട്ടുണ്ടായിരുന്നവരും കൊച്ചിയിൽനിന്നു വന്നിട്ടുണ്ടായിരുന്ന ലത്തീൻവൈദികരും ഒന്നിച്ചു ലത്തീനിൽ ഗീതങ്ങൾ പാടിക്കൊണ്ടു നടന്നു.

മെനേസ്സീസ് മെത്രാപ്പോലിത്താ മുളന്തുരുത്തിപ്പള്ളിയിലായിരിക്കെ വലിയ ബുധനാഴ്ച ഉച്ചകഴിഞ്ഞുള്ള കൎമ്മം ആദ്യം ലത്തീൻകാരും അനന്തരം കൽദായക്കാരും നടത്തുന്നതിന്നു കല്പിച്ചു. എന്നിവയെല്ലാം മുകളിൽ

(185) ഗൊവേയ. 38.

(അദ്ധ്യായം 5) കാണിച്ചിട്ടുണ്ടല്ലോ.

മെത്രാപ്പോലീത്താ പ്രസ്തുത പള്ളിയിൽത്തന്നെ ആയിരിക്കെ കൊച്ചീരൂപതയിൽനിന്നു ഒരു വൈദികൻ വന്നു; അദ്ദേഹം ടി. രൂപതയിലെ ഒരു പള്ളിയുടെ വികാരിയും, അർക്കദിയാക്കന്റെ ചാർച്ചക്കാരനും ലത്തീൻകാരനുമായിരുന്നു. (186) എന്നും പറയുന്നുണ്ട്.

ലത്തീൻരീതിയിൽ അഭ്യസിപ്പിക്കപ്പെട്ട പട്ടമേററവർ ലത്തീൻകാർതന്നെയായിരുന്നു എന്നതിനു ഈ പറഞ്ഞതിലധികം തെളിവു വേണമെന്നു തോന്നുന്നില്ല.

3. ആ വൈദികർ കൊടുങ്ങല്ലൂരും വൈപ്പിക്കോട്ടും ലത്തീൻരീതിയിൽ പട്ടമേററ വൈദികർ— "പൊത്തുഗീസ് മെത്രാന്മാരുടെ അധികാരസീമയിൽപെട്ട ദേവാലയങ്ങളിൽ ആദ്ധ്യാത്മിക ജോലികൾ നിവ്വഹിച്ചിരുന്നെന്നും അവർ ദിവ്യകർമ്മാദികൾ ആ പള്ളികളിൽ ലത്തീനിലും സുറിയാനി പള്ളികളിൽ സുറിയാനിയിലും നിവത്തിച്ചിരുന്നുവെന്നുമാണു പൊത്തുഗീസ് പുസ്തക കത്താക്കന്മാർ അവരെപ്പററി പ്രസ്താവിച്ചു കാണുന്നതു്. (187)

ഇക്കാര്യത്തിന്റെ യഥാർത്ഥ്യം ഗ്രഹിക്കുന്നതിനു പ്രസ്തുത പുസ്തക 'കത്താക്കന്മാർ' പറയുന്ന സംഗതികൾ അല്പം മനസ്സിരുത്തി വായിക്കേണ്ടതുണ്ട്. ഈ ക്രിസ്ത്യാനികളുടെ സ്വഭാവത്തേയും പ്രകൃതിയേയും മററും വിവരിക്കുന്ന ഘട്ടത്തിലാണ് ഇക്കാര്യം പറയുന്നതു് ഒരിയേന്തെ കൊങ്കിസ്താദൊ 2-ാം പുസ്തകം 71-ാം പുറത്തുള്ള സാക്ഷിയാണല്ലൊ ഇതിന്റെ സ്ഥിരീകരണത്തിനു കാണിക്കുന്നതു്. അവിടെ പറയുന്നതു ചുവടെ ചേക്കുന്നു.

---

(186) ഗൊവേയ. 49.

(187) മാർതോമാക്രിസ്ത്യാനികൾ. 1. 12—270.

Sao homens prudentes, e de bom engenho, e aprendem com facilidade a ler e escrever em diversas lingoas: e quando nos dominavamos a costa do Malabar havia Clerigos, que nas egrejas da Serra diziao Missa na lingua Suriana, e quando desciam a Cochim, na Latina, sendo as cerimonias bem differentes umas das outras: e tractavam comnosco na nossa lingua Portugueza. De sorte, que sabiao a sua lingua materna, que e a Malabar, a Suriana e a Latina, que estudavam por artes, e a Portugueza, que aprenbiam pelo uso.

ഈ നാട്ടിലെ ക്രിസ്ത്യാനികൾ "വിവേകമുള്ള മനുഷ്യരാണ്; നല്ല ബുദ്ധിയുമുണ്ടു്; പല ഭാഷകൾ എഴുതാനും വായിക്കുവാനും ഉള്ള പരിചയം നിഷ്പ്രയാസം നേടുന്നു. ഞങ്ങൾ (പൊർത്തുഗീസുകാർ) മലയാളരാജ്യത്തിൽ ഭരണം നടത്തിയിരുന്നപ്പോൾ (ക്ലെർജിമാർ) മലനാടുകളിലെ പള്ളികളിൽ സുറിയാനി ഭാഷയിലും കൊച്ചിയിൽ വരുമ്പോൾ ലത്തീനിലും കുർബാന ചൊല്ലുന്നവരുണ്ടായിരുന്നു. ഞങ്ങളോടു് (പൊർത്തുഗീസുകാരോടു്) സംസാരിക്കുമ്പോൾ പൊർത്തുഗീസ് ഭാഷയും ഉപയോഗിച്ചിരുന്നു. ഇങ്ങനെ അവരുടെ മാതൃഭാഷ (ജനനാൽ) പരിചയിച്ചിരുന്നു. സുറിയാനി ഭാഷയും ലത്തീൻഭാഷയും അഭ്യസനംകൊണ്ടു സമ്പാദിച്ചിരുന്നു. പൊർത്തുഗീസ് ഭാഷ സമ്പർക്കംകൊണ്ടും സംസിദ്ധമായിരുന്നു. (188) കൊച്ചീമെത്രാൻെറ ഭരണസീമയിൽപ്പെട്ടവരല്ലാ ഈ പ്രസ്താവത്തിനു വിഷയമായിട്ടുള്ളതു്. വെപ്പിക്കോട്ടസെമ്മിനാരിയിൽ അദ്ധ്യയനം ചെയ്തവരെപ്പററിയാണ് അങ്ങിനെ പറയപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാണ്. എന്തെന്നാൽ അവിടെയാണ് രണ്ടു രീതിയിലും അഭ്യസനം

(188) Oriente Conquistado 2-71.

നൽകപ്പെട്ടിരുന്നതു്. ഒരു സമകാലീന ചരിത്രകാരനായ ഗൊവേയ ഇതിനെപ്പററി പറയുന്നതും ഇവിടെ സ്മരണീയമത്രെ. അതായതു്: "വൈപ്പിക്കോട്ടയിലെ മിഷ്യനറിമാർ ചിലപ്പോൾ അവരുടെ (സുറിയാനിക്കാരുടെ) ഇടയിൽ സഞ്ചരിക്കയും ചിലപ്പോൾ അവരുടെ പള്ളികളിൽ പ്രസംഗം പറയുകയും ചെയ്തിരുന്നു." പിന്നീട്ട അങ്കമാലി, മുളന്തുരുത്തി, കടുത്തുരുത്തി മുതലായ പള്ളികളിൽവെച്ചുണ്ടായ അനിഷ്ടസംഭവങ്ങൾ നിമിത്തം സുറിയാനിപ്പള്ളികളിൽ പോകാതെയായി. (189)

4 "പൊത്തുഗീസു മെത്രാന്മാർ സുറിയാനിക്കാരെ അവരുടെ മതാദ്ധ്യക്ഷൻെറ സമ്മതംകൂടാതെ ലത്തീൻ മുറ പ്രകാരം പട്ടമേല്പിക്കയും സ്വാധികാരസ്ഥിതങ്ങളായ ദേവാലയങ്ങളിൽ വൈദികവൃത്തിക്കായി നിയമിക്കുകയും ചെയ്തതു കാനോൻ നിയമങ്ങൾക്കു വിരോധമാണെന്നു സ്വയമേവ സമ്മതിക്കയും മേലിൽ അങ്ങനെ സംഭവിക്കാതിരിക്കുന്നതിലേയ്ക്കു വേണ്ടിയ നിയമങ്ങളെ നിർമ്മിക്കുകയും ചെയ്തിട്ടുണ്ടെന്നു 1585-ൽ ഗോവയിൽ കൂടിയ പ്രാദേശിക സൂനഹദോസിൻെറ തൃതീയ സമ്മേളനം പഞ്ചമ നിയമത്തിൽനിന്നു വ്യക്തമാകുന്നു." (190)

മുൻപറഞ്ഞതിൽ എന്നപോലെ ഈ പ്രസ്താവത്തിലും ചിലതൊക്കെ ചിന്താർഹമായിട്ടുണ്ട്. പൊത്തുഗീസുകാർ ഇവിടെ വന്ന ഘട്ടത്തിൽ കേരളീയ ക്രൈസ്തവരുടെ വൈദികാദ്ധ്യക്ഷൻ അബൂനാ യാക്കോബു എന്ന ദേഹമായിരുന്നുവല്ലോ. അദ്ദേഹം തന്നെയാണ് കൊടുങ്ങല്ലൂർ സെമ്മിനാരിയിലേയ്ക്കു (വൈദികവിദ്യാഭ്യാസത്തിന്നു്) യുവാക്കന്മാരെ അയച്ചിരുന്നതു്. (അദ്ധ്യായം 4 നോക്കുക.) ല

(189) ഗൊവേയ. I. 4, 13.

(190) മാർതോമാ ക്രിസ്ത്യാനികൾ. I. 12— 270.

ത്തീൻരീതി സ്വീകരിക്കാൻ ഈ ക്രൈസ്തവരെ അദ്ദേഹം പ്രോത്സാഹിപ്പിക്കയും അവരുടെമേൽ പൊത്തുഗീസ് വൈദികന്മാർക്ക പൂൎണ്ണസ്വാതന്ത്ര്യം നൽകുകയും തന്റെ കാലശേഷം പൊത്തുഗീസു വൈദികന്മാർതന്നെ ഈ ക്രിസ്ത്യാനികളെ ഭരിക്കത്തക്കവിധം ഏർപ്പാടു ചെയ്യുകയുമാണുണ്ടായതു്. (മുകളിൽ അദ്ധ്യായം 4 നോക്കുക.) ആ കാലഘട്ടത്തിൽതന്നെ ഒരു ഗണം ക്രൈസ്തവർ ലത്തീൻരീതി സ്വീകരിക്കയുമുണ്ടായി.

ഈ മെത്രാന്റെ കാലാനന്തരമുണ്ടായ സ്ഥിതി— മാർ യൗസേപ്പു, മാർ അബ്രാഹം എന്നീ വൈദികാദ്ധ്യക്ഷന്മാരുടെ കാലത്തെ സ്ഥിതി — ഇതിന്നു നേരെ വിപരീതമായിരുന്നു. അബ്രാഹം മെത്രാപ്പോലീത്തായുടെ നയത്തെപ്പററി ഒരു പൊത്തുഗീസു ചരിത്രകാരൻ പറയുന്നതു കേട്ടാലും: ആരംഭകാലത്തു മെത്രാപ്പോലീത്താ ഇത്ര നല്ലതായ ഈ സമ്പ്രദായം മുടക്കിയിരുന്നു. നമ്മുടെ സെമ്മിനാരിയിൽ വന്നു പഠിക്കുന്നവരെ മഹറോനം ചൊല്ലിയിരുന്നു. കാൎയ്യസ്ഥിതി മനസ്സിലായപ്പോൾ നമ്മുടെ അടുക്കൽ വന്നു പഠിക്കുന്നതിൽ സന്തോഷമാണു് അദ്ദേഹത്തിനുണ്ടായതു്. (191) ഈ അവസരത്തിലാണു് മുകളിൽ പറഞ്ഞവിധം നിയമമുണ്ടാക്കിയതു്. അബൂനാ യാക്കോബു മെത്രാന്റെ കാലത്തു ലത്തീൻരീതിയിൽ ചേൎന്നവരും ഈ നിയമവും തമ്മിൽ ബന്ധമൊന്നുമില്ലല്ലോ.

5. കൊടുങ്ങല്ലൂരും വൈപ്പിക്കോട്ടിലും ഉണ്ടായിരുന്ന സെമ്മിനാരികളിൽ പഠിച്ച യുവാക്കന്മാരെ ഇങ്ങനെ പട്ടംകൊടുത്തു കൊച്ചീരൂപതയിലെ പള്ളികളിലിരുത്തിയതു് "അവർ (പൊത്തുഗീസുകാർ) ആ കാലങ്ങളിൽ പുതുതായി ക്രീസ്തുമതത്തിലേയ്ക്കു സ്വീകരിച്ച ജന

(191) Oriente Conquistado 2, 127.

ങ്ങളുടെ ആദ്ധ്യാത്മിക പരിപാലന കൃത്യങ്ങളെ നിവ്വഹിക്കുന്നതിലേയ്ക്കു് ആ നവീന ക്രീസ്ത്യജനങ്ങളിൽ വൈദികന്മാരില്ലാതിരുന്നതിനാലാണു്" എന്നുകൂടെ പറയുന്നുണ്ടു്. (192)

കൊടുങ്ങല്ലൂർ സെമ്മിനാരി സ്ഥാപിച്ചതു് നവീന ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മിക പരിപാലനകൃത്യം ഉദ്ദേശിച്ചല്ലാ, കേരളത്തിലെ മലനാട്ടകളിൽ പരന്നുകിടന്നിരുന്ന ക്രൈസ്തവരുടെ ആദ്ധ്യാത്മിക ക്രമീകരണം ഉദ്ദേശിച്ചാണു്. (193)

desejoso de reduzir a obediencia da Egreja Ramana os antigos Chirstaos de S. Thome, derramados pelas serras do Malabar, fundou um Seminario em Cranganor, onde se instruiao no rito Latino os filhos daquelles Christaos inficcionados com os erros de Nestorio·

പക്ഷെ ആ വൈദികരെക്കൊണ്ടു് അവർ ഉദ്ദേശിച്ചകാര്യം സാധിച്ചില്ല, അതിനാൽ കൊച്ചീമെത്രാൻെറ കീഴുള്ള പള്ളികളിൽ വികാരിമാരായും മററും അവരോധിപ്പാനേ ഉപകരിച്ചിരുന്നുള്ളു എന്നു ഗൊവേയ പറയുന്നു. (194)

പുതുതായി മാനസാന്തരപ്പെട്ടവരുടെ പള്ളികൾ കടലോരം സംബന്ധിച്ചാണു്. അവയിൽ പലതും ജെസ്യുവിററു മിഷ്യനറിമാരും ചിലതു ഫ്റാൻസിസ്കൻ മിഷ്യനറിമാരുമാണു് ഭരിക്കുന്നതെന്നു പ്രസ്തുത ചരിത്രകാരൻതന്നെ വേറൊരിടത്തു പറയുന്നുണ്ടു്. കടലോരം സംബന്ധിച്ച എന്നു ഇവിടെ പറയുന്നതു കൊച്ചിവിട്ടു തെക്കോട്ടു കന്യാകുമാരിവരെയുള്ള ഭാഗങ്ങളാണു്. ഇത്രവ

---

(192) മാർതോമാക്രിസ്ത്യാനികൾ. I.12—271.
(193) Oriente Conquistado 1—1.
(194) ഗൊവേയ. 7;

ളുരെ പള്ളികൾ സ്ഥിതിചെയ്യാൻവേണ്ടും സ്ഥലവിസ്തീർണ്ണതയും കൊച്ചിയിലെ കടലോരത്തിന്ന ഇല്ലായിരുന്നല്ലൊ. മാത്രമല്ലാ വിശുദ്ധ ഫ്റാൻസീസ് സേവ്യർ മാനസാന്തരജോലികൾ നിർവ്വഹിച്ചിരുന്നതും ആദ്യം പറഞ്ഞ ഭാഗങ്ങളിലാണ്. അങ്ങനെ മാനസാന്തരപ്പെട്ടവർക്കുവേണ്ടിയാണ് പ്രസ്തുത പള്ളികൾ സ്ഥാപിക്കപ്പെട്ടിരുന്നത്.

# അദ്ധ്യായം ൭൨

## പൂർവ്വക്രിസ്ത്യാനികളുടെ പള്ളികൾ ലത്തിൻറീത്തിലായത് എന്ന്? "എഴുന്നൂററിക്കാർക്ക്" പട്ടം കൊടുത്തപ്പോൾ ക്ഷോഭമുണ്ടായി എന്ന പ്രസ്താവത്തിൻെറ യാഥാർത്ഥ്യവിചാരണ.

പൂർവ്വക്രിസ്ത്യാനികളുടെ പള്ളികൾ ലത്തീൻരീതിയിലായ കാലാവധി

പൂർവ്വക്രിസ്ത്യാനികളുടെ പള്ളികളിൽ ഏതാനും ലത്തീൻരീതിയിലായിട്ടുണ്ട് എന്നു "മാർതോമാ ക്രിസ്ത്യാനികൾ" എന്ന ഗ്രന്ഥത്തിൽ തൽകർത്താവു സമ്മതിച്ചിട്ടുണ്ട്. എന്നാൽ അവയ്ക്കു അങ്ങനെ പരിവർത്തനം സംഭവിച്ചത് മുൻകാലങ്ങളിലല്ല, പിൽകാലങ്ങളിൽ— ഈ ഒടുവിലത്തെ കാലഘട്ടത്തിൽ—ആകുന്നു എന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ഇതും ശരിയാണെന്നു പറയാൻ നിർവ്വാഹമില്ല. എന്തുകൊണ്ടെന്നാൽ ടി. ഗ്രന്ഥം ഒന്നാം ഭാഗത്തിൽ പ

റഞ്ഞിരിക്കുന്നതിന്ന് വിപരീതമാണ് രണ്ടാം ഭാഗത്തി ലെ പ്രസ്താവം. ചരിത്രരേഖകൾ പരിശോധിച്ചതിൽ രണ്ടാം ഭാഗത്തിലേതും വെറും ഊഹമായിട്ടാണു കാണു ന്നതു്. വായനക്കാർക്കു ആ ഭാഗം സുഗ്രഹമാകുന്നതിനു വേണ്ടി ടി. ഗ്രന്ഥം രണ്ടു ഭാഗങ്ങളിലെ പ്രസ്താവനകളും കീഴെ ഉദ്ധരിക്കുന്നു.

"കൊടുങ്ങല്ലൂരിലെ ദേവാലയങ്ങൾ ലത്തീൻ പള്ളി കളായി രൂപാന്തരീഭവിക്കയും ക്രിസ്ത്യാനികളിൽ സ്ഥ ലംവിട്ടുപോകാൻ സാധിക്കാതെ വന്നവരെല്ലാം ലത്തീൻ കാരായി പരിണമിക്കുകയും ചെയ്തു. കൊടുങ്ങല്ലൂരിന്നു സമീപസ്ഥമായ മതിലകത്തെ ലത്തീൻപള്ളി മുമ്പു സു റിയാനിക്കാരുടെ വകയായിരുന്നു. 19-ാം ശതവത്സര ത്തിന്റെ ആരംഭത്തിൽ വരാപ്പുഴ വികാരി ജനറാളായി രുന്ന ഫാദർ പ്രോസ്പർ അവർകളുടെ കാലത്താണ് ഈ പള്ളികൾ ലത്തീൻറീത്തിൽ ചേർക്കപ്പെട്ടതു്." (195) എ ന്നാണു ഒന്നാം ഭാഗത്തിൽ പറയുന്നതു്.

ടി. രണ്ടാം ഭാഗത്തിൽ പറയുന്നതു ഇതിന്നു വിപ രീതമാണ്. അതായതു്: കൊടുങ്ങല്ലൂരിലെ പള്ളികൾ രണ്ടും ലത്തീനായി പരിണമിച്ചതു് (1701-ൽ നിയമിത നായ റിബേരൊ മെത്രാപ്പോലീത്തായുടെ കാലംമുതൽ) കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ അധികാരം ലന്ത ക്കാരുടെ വിരോധം ഹേതുവായിട്ടു സാമൂതിരിയുടെ രാ ജ്യാതിർത്തികൾക്കുള്ളിൽമാത്രം ഒതുങ്ങിയിരിക്കേണ്ടിവ ന്നതു മുതല്ക്കാണെന്നു തീർച്ചയാക്കാം........കൊടുങ്ങ ല്ലൂരിന്നു സമീപിച്ചുള്ള തുരുത്തിപ്പുറത്തു പള്ളിയും ഇക്കാ ലത്തുതന്നെ ലത്തീനായിത്തീർന്നു." (196) നോക്കുക: ഒന്നാം ഭാഗത്തിൽ പറഞ്ഞിട്ടുള്ളതു ശരിയായ അടിസ്ഥാന

---

(195) മാർതോമാ ക്രിസ്ത്യാനികൾ. I. 12. 278.

(196) മാർ തോമാ ക്രിസ്ത്യാനികൾ. 2, 16 162.



നി. വ. ദിവ്യശ്രീ ഡോക്ടർ ലെഒ പ്രൊസേർപ്യൊ എസ്. ജെ.
കോഴിക്കോട്ടരൂപതയുടെ രണ്ടാമത്തെ മെത്രാൻ.

(പെയിജ് 327 നോക്കുക.)

ത്തോടുകൂടിയല്ല, അഭ്യൂഹം മാത്രമാകുന്നു എന്നാണല്ലോ രണ്ടാം ഭാഗത്തിലെ പ്രസ്താവംകൊണ്ടു അനുമാനിക്കേണ്ടിവരുന്നതു്. എന്നാൽ രണ്ടാം ഭാഗത്തിൽ കാണുന്ന അഭിപ്രായവും ശരിയല്ല. എന്തുകൊണ്ടെന്നാൽ കൊടുങ്ങല്ലൂരിൽ ഉണ്ടായിരുന്ന ദേവാലയം 1536-ൽ മഹമ്മദീയർ നശിപ്പിച്ചു കളഞ്ഞതിന്റെ ശേഷം, അതിനെ പുനരുദ്ധാരിച്ചതും, വിശുദ്ധ യാക്കോബിന്റെ നാമത്തിൽ അവിടെ വേറൊരുദേവാലയം പണിയിച്ചതും പൊത്തുഗീസ്കാരാണെന്നാണു് കാണുന്നതു്. അവിടത്തെ വികാരിക്കുകൊടുത്തിരുന്ന ശമ്പളം, വീഞ്ഞു്, മെഴുകു്, എണ്ണ മുതലായവയുടെ ചെലവു കണക്കു് പൊത്തുഗീസുകാർ എഴുതിയ രേഖകളിലുണ്ടു്. (197) ഈ ദേവാലയങ്ങളും, അവിടെയുണ്ടായിരുന്ന മററു സ്ഥാപനങ്ങളും സകല കെട്ടിടങ്ങളും ഡച്ചുകാർ കൊടുങ്ങല്ലൂർ പിടിച്ച അവസരത്തിൽ അവർ തട്ടിനിരത്തിക്കളഞ്ഞു. (198) പുഴയരികെയുണ്ടായിരുന്നതും കല്ലുകൊണ്ടു പണിയിച്ചതുമായ ഒരു രണ്ടു നില മാളികമാത്രം അവിടെ ശേഷിപ്പിച്ചു. പിന്നീടു 1794-ൽ ആ ഭാഗങ്ങളിൽ വി. തോമായുടെ നാമത്തിൽ ഒരു "കപ്പേളമാത്രം ഉണ്ടായിരുന്നതായെ കാണുന്നുള്ളു. 1767-ലെ ലിസ്റ്റിൽ അതും കാണുന്നില്ല

പൊർത്തുഗീസുകാർ 1536-ലും അതിനാടുത്തും പണിയിച്ച പള്ളികളായിരുന്നു അവിടെയുണ്ടായിരുന്നതു്. അതു 17-ാം നൂററാണ്ടിൽ നശിപ്പിക്കപ്പെട്ടുകയും ചെയ്തു. ഈ സ്ഥിതിക്കു അവിടെയുണ്ടായിരുന്ന പള്ളികൾ രണ്ടും 19-ാം നൂററാണ്ടിലോ 18-ാം നൂററാണ്ടിലോ ലത്തീൻപള്ളികളായി രൂപാന്തര

(197) അദ്ധ്യായം 4 നോക്കുക.
(198) കൊച്ചിരാജ്യചരിത്രം 2. 1— 24.

പ്പെട്ടു എന്നു പറയുന്നതു് ശരിയാകാൻ തരമില്ലല്ലോ.

അബൂനായാക്കോബ്ബ മെത്രാൻെറ കാലത്തുതന്നെ ആ ഭാഗങ്ങളിൽനിന്നു ക്രൈസ്തവർ ലത്തീൻരീതിയിലേക്കു പരിവത്തനംചെയ്തിരുന്നു. ഇവക്കായി ആ ഭാഗങ്ങളിൽ സ്ഥാപിച്ച പള്ളികളിലാണു അവരിൽ ഭൂരിപക്ഷവും ചേന്നിരുന്നതു്. കൊടുങ്ങല്ലൂരിലുണ്ടായിരുന്നവർ അവിടത്തെ പള്ളികൾ നശിപ്പിക്കപ്പെട്ടപ്പോൾ അടുത്തുണ്ടായിരുന്ന പള്ളികളിൽ ചേരുകയാണു ചെയ്തതു. "കൊടുങ്ങല്ലൂർപള്ളി" എന്ന പേരിൽ പിന്നീടു അറിയപ്പെട്ടിരുന്നതു് ആ ഭാഗങ്ങളിൽ തുരുത്തിപ്പുറത്തു വി. ഫ്റാൻസീസ് അസ്സീസിയുടെ നാമത്തിലുണ്ടായിരുന്ന പള്ളിയാണ്. 1767-ൽ കൊടുങ്ങല്ലൂർ പള്ളിയായി എണ്ണിയിരിക്കുന്നതും പ്രസ്തുത പള്ളിയെയാണ്. (199) കൊച്ചിയിൽനിന്നു വൈപ്പിലെ പള്ളിയിലേയ്ക്കുള്ള അകലത്തിലും കുറഞ്ഞ അകലത്തിലാണ് തുരുത്തിപ്പുറത്തു പള്ളി. (കൊടുങ്ങല്ലൂർ പള്ളി എന്നറിയപ്പെട്ടിരുന്ന പള്ളി) സ്ഥിതിചെയ്തിരുന്നതു്. ഈ പള്ളിയുടെ സ്ഥലവും കൊടുങ്ങല്ലൂർ കോട്ടയിരുന്ന സ്ഥലവും തമ്മിൽ വേർതിരിക്കുന്നതായ ഒരുചെറുതോടു് (കൈനീട്ടി മറുകരയിൽ നില്ക്കുന്നവരുടെ കയ്യിൽ എന്തെങ്കിലും കൊടുക്കാൻ സാധിക്കത്തക്കവിധത്തിൽ ചെറുതായിരുന്ന ഒരു തോടു്) മാത്രമെ ഉണ്ടായിരുന്നുള്ളു. അതിനാൽ 'തുരുത്തിപ്പുറം' എന്നു പറഞ്ഞുവരുന്ന സ്ഥലത്തുണ്ടായിരുന്ന പള്ളിയെ അന്നു കൊടുങ്ങല്ലൂർ പള്ളിയെന്നു പറഞ്ഞിരുന്നതിനാൽ അസാംഗത്യശങ്കയ്ക്കവകാശമില്ല. പിന്നീടുണ്ടായ വെള്ളപ്പൊക്കങ്ങൾ മൂലമാണ് പ്രസ്തുത തോടു് ക്രമേണ ഇപ്പോൾ കാണുന്ന പുഴയായി വിശാലപ്പെട്ടിട്ടുള്ളതു്. ഇങ്ങനെ തോടു വിസ്തീണ്ണപ്പെട്ടതിനാൽ പ്രസ്തുത പള്ളിയി

(199) Status Archidioecesis Verapolitanae pg. 7.

കൊല്ലംരൂപതയുടെ പ്രഥമ ഏതദ്ദേശ്യമെത്രാൻ



നിതാന്തവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജറോം ഫെർണാണ്ടസ്

തിരുമനസ്സുകൊണ്ടു്.

(326-ാം പുറം നോക്കുക.)

രുന്ന സ്ഥലം വലിയ ഭാഗവും ഇപ്പോൾ പുഴയായി രൂപാന്തരപ്പെട്ടിരിക്കുകയാണ്.

19 ാം നൂററാണ്ടിലോ 18-ാം നൂററാണ്ടിലോ ലത്തീൻ റീത്തിലേയ്ക്കു ചേർക്കപ്പെട്ടു എന്നു പറയുന്ന കൊടുങ്ങല്ലൂർപള്ളി ഈ തുരുത്തിപ്പുറംപള്ളിതന്നെയാണെന്നു വിചാരിക്കാനും തരമില്ല എന്തുകൊണ്ടെന്നാൽ രണ്ടു പള്ളികളുടെ കാര്യമാണു പറയുന്നതു. മാത്രമല്ലാ, തുരുത്തിപ്പുറം പള്ളിയെപ്പററി പ്രസ്തുത ഗ്രന്ഥത്തിൽ (മാർതോമാക്രിസ്ത്യാനികൾ എന്ന ഗ്രന്ഥം, രണ്ടാംഭാഗം 162-ാംപുറത്തു) പ്രത്യേകം പറഞ്ഞിട്ടുമുണ്ട്. (തുരുത്തിപ്പുറത്തു പള്ളിയും ഇക്കാലത്ത് — കൊടുങ്ങല്ലൂരിലെ പള്ളികൾ ലത്തീൻരീതിയിലായ കാലത്ത് — തന്നെ ലത്തീനായിത്തീർന്നു എന്നാണു പറയുന്നത്.) ഇങ്ങനെ ഏതുവിധം നോക്കിയിട്ടും ചരിത്രരേഖകളെ അടിസ്ഥാനപ്പെടുത്തിയല്ല മേൽപ്രകാരം പ്രസ്താവിച്ചിട്ടുള്ളത് എന്നു വിചാരിക്കാനേ നിവൃത്തിയുള്ളു. അഭ്യൂഹമാണെങ്കിൽ അതു ശരിയായിക്കാണുന്നുമില്ല. (കോട്ടയുടെ അടുത്തുണ്ടായിരുന്നതെന്നു പറഞ്ഞതും ഇപ്പോൾ പുഴയായി തീർന്നിരിക്കുന്നതുമായ സ്ഥലത്തെപ്പള്ളി ടിപ്പുവിൻെറ ആക്രമണത്തിൽ നശിച്ചശേഷം ഇപ്പോൾ ഉള്ള സ്ഥാനത്തു പള്ളി സ്ഥാപിക്കപ്പെട്ടു. ഇതു 19-ാം നൂററാണ്ടിലാണ്).

"കൊടുങ്ങല്ലൂരിന്നു സമീപസ്ഥമായ മതിലകത്തെ ലത്തീൻപള്ളി മുമ്പു സുറിയാനിക്കാരുടെ വകയായിരുന്നു. 19-ാം ശതവത്സരത്തിൻെറആരംഭത്തിൽ വരാപ്പുഴ വികാരി ജെനറാളായിരുന്ന ഫാദർ പ്രോസ്പർ അവർകളുടെ കാലത്താണ്......ലത്തീൻറീത്തിൽ ചേർക്കപ്പെട്ടത്." (200) "കൊടുങ്ങല്ലൂരിന്നടുത്തു മതിലകത്തുണ്ടായിരു

(200) മാർതോമാക്രിസ്ത്യാനികൾ. 1—12—278.

ന്നസുറിയാനിപ്പള്ളി 19-ാം ശതവത്സരാരംഭത്തിൽ പ്രോസ്പർ എന്ന വൈദികൻ വരാപ്പുഴ വികാരി ജനറാളായിരിക്കയിൽ ലത്തീനിലേയ്ക്കു ചേർക്കപ്പെട്ടു" എന്നിങ്ങ പറഞ്ഞിട്ടുണ്ടു്. (201)

19-ാം ശതവത്സരത്തിൻെറ ആരംഭം എന്നു പറയുമ്പോൾ 1801-ലൊ അതിന്നടുത്ത കാലങ്ങളിലോ ആയിരിക്കണമല്ലൊ. എന്നാൽ അതിന്നു പല വർഷങ്ങൾക്കു മുമ്പുള്ള രേഖയിൽ—18 ാം നൂററാണ്ടിൻെറ മദ്ധ്യഘട്ടം കഴിഞ്ഞ അവസരത്തിൽ—1767-ൽ— ഈ മതിലകം പള്ളിയും അതിന്നു "കുറേ (Dechem leucis) വടക്കു്, ചേററുവായിൽ ഉണ്ടായിരുന്ന പള്ളിയും ലത്തീൻ പള്ളികളായിരുന്നു. മതിലകം പള്ളിയിൽ 500 ജനങ്ങളും ചേററുവാപ്പള്ളിയിൽ 1050 ജനവും ആണു് ഉണ്ടായിരുന്നതു്. (202) അന്നു പ്രസ്തുത രണ്ടു പള്ളികളിലും സുറിയാനിക്കാർ ഉണ്ടായിരുന്നില്ല.

"വെണ്ടുരുത്തി, ഇടക്കൊച്ചി എന്ന രണ്ടു പള്ളികളും പ്രസ്തുത സൂനഹദോസ് (ഉദിയമ്പേരൂർ സൂനഹദോസ്) കഴിഞ്ഞ ഉടനെ പണിയിക്കപ്പെട്ടതാണു്...വെണ്ടുരുത്തി എടക്കൊച്ചി എന്ന പള്ളികളിലും പുതുതായി ക്രിസ്തുമതം സ്വീകരിച്ചവരെ ചേർക്കുകമൂലം ഒടുവിൽ അവർ വർദ്ധിച്ചകാലത്തു് ഭരണകർത്താക്കന്മാർ പള്ളികൾ അവർക്കായി കൊടുക്കുകയും സുറിയാനിക്കാർ മററു സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ചു മാറുകയും പള്ളി വിട്ടുമാറുവാൻ മനസ്സില്ലാതിരുന്നവർ ലത്തീൻകാരായിപരിണമിക്കുകയും ചെയ്തു"എന്നുപറയുന്നു.(203)

---

(201) ടി. രണ്ടാംഭാഗം 16-ാം അ. 163ാം പുറം.
(202) Status Archidiocesis Verapolitanae pg. 7
(203) മാർ തോമാക്രിസ്ത്യാനികൾ 12—16—163.

എടക്കൊച്ചിയിൽ പൊൎത്തുഗീസുകാരുടെ ആരംഭകാലത്തുതന്നെ ഒരു കോട്ടയും അതിനടുത്തുഒരു പള്ളിയും ഉണ്ടായിരുന്നതായി മുകളിൽ (അദ്ധ്യായം 4) കാണിച്ചിട്ടുണ്ടല്ലൊ. സാമൂതിരിയുടെ സൈന്യം ആ ഭാഗങ്ങളിൽക്കൂടെ കൊച്ചിയിലേയ്ക്കു കടക്കാൻ ശ്രമിച്ചുകൊണ്ടിരുന്നതിനാലാണ് അവിടെ ഈ കോട്ട സ്ഥാപിച്ചതു്. "കോട്ടമുക്ക്" എന്നാണ് ഇപ്പോഴും ആ സ്ഥലത്തിന്നു പറയുക ഈ കാരണംകൊണ്ടുതന്നെയാണു ആ ഭാഗങ്ങളിൽ ഏതദ്ദേശീയ ക്രിസ്ത്യൻ സൈന്യത്തെ കുടിപാർപ്പിച്ചതും. മാത്രമല്ല, ഉദയമ്പേരൂർ സൂനഹദോസ് കഴിഞ്ഞശേഷം ടി. ഭാഗങ്ങളിൽ ഇത്ര വളരെ നവീന ക്രൈസ്തവർ വൎദ്ധിക്കത്തക്കവിധം മാനസാന്തരം നടന്നതായും കാണുന്നില്ല. നേരെമറിച്ച് പൊൎത്തുഗീസുകാരുടെ ആരംഭകാലംമുതൽക്കേ പ്രസ്തുത ഭാഗങ്ങളിൽ പൂൎവ്വ ക്രിസ്ത്യാനികൾ കാവലിനായി പാർപ്പിക്കപ്പെട്ടിരുന്ന വിവരത്തിന്നു രേഖയുണ്ടു്. (04) അവൎക്കു ആ ഭാഗങ്ങളിൽ നൽകപ്പെട്ടിരുന്ന ജന്മവസ്തുക്കളിൽ വലിയ ഭാഗവും നഷ്ടപ്പെട്ടുവെങ്കിലും കുറെയെല്ലാം ചിലൎക്കു ഇപ്പോഴും കൈവശമുള്ളതായി കാണാവുന്നതാണ്. അതിനാൽ എടക്കൊച്ചിപ്പള്ളിയേയും അതിലെ ജനങ്ങളേയും പററിയുള്ള പ്രസ്താവം അബദ്ധമാണെന്നു തെളിയുന്നു. പനങ്ങാട്ട് അരൂർ എരമല്ലൂർ മുതലായ പള്ളികൾ എടക്കൊച്ചിപ്പള്ളിയിൽനിന്നു പിരിഞ്ഞിട്ടുള്ളവയാണ്. ചക്യാമുറി, പഴങ്ങാട്ട മുതലായ പള്ളികളും എടക്കൊച്ചിപ്പള്ളിയിൽനിന്നു പിരിഞ്ഞവയാണു, കല്ലഞ്ചേരിൽ ഉണ്ടായിരുന്ന പള്ളി നശിപ്പിക്കപ്പെട്ടശേഷമായിരിക്കണം അവർ എടക്കൊച്ചിപ്പള്ളിയിൽ ചേൎന്നിട്ടുള്ളതു്.

---

(204) അദ്ധ്യായം വ്വ നോക്കുക.

വെണ്ടുരുത്തിപ്പള്ളിയെ സംബന്ധിച്ച് ഇത്രയും സ്പഷ്ടമായ തെളിവുകൾ കിട്ടിയിട്ടില്ലെങ്കിലും കിട്ടിയേടത്തോളം തെളിവുകൾവെച്ചു നോക്കിയാൽ, അതിൻെറ സ്ഥിതിയും ഇടക്കൊച്ചിപ്പള്ളിയുടേതിൽനിന്നു ഒട്ടും വ്യത്യസ്തമല്ലെന്നാണു കാണുന്നതു്. പൊത്തുഗീസുകാരുടെ ആരംഭഘട്ടത്തിൽ പല വത്സരത്തേക്ക് സാമൂതിരിയുടെയും സാമൂതിരിയുടെ ഭാഗക്കാരായ രാജാക്കന്മാരുടെയും സൈന്യം കൊച്ചിയിലേയ്ക്ക് വന്നിരുന്ന വഴികളിൽ ഒന്നു വെണ്ടുരുത്തിൽക്കൂടിയുള്ളതായിരുന്നു. അതിനാൽ അവിടെയും ക്രിസ്തീയസൈന്യത്തെ കടിപാർപ്പിച്ചിരുന്നു. പൊത്തുഗീസുകാർ ഏതദ്ദേശീയ ക്രിസ്ത്യാനികൾക്കു "കപ്പിത്താൻ" "കൊമ്മൻദാന്തി" മുതലായ വലിയ സ്ഥാനങ്ങൾ കൊടുക്കുകയും, സൈന്യത്തിൽ പൂർണ്ണമായ ആധിപത്യം നൽകിക്കൊണ്ടു യുദ്ധത്തിന്നും കോട്ട മുതലായവയുടെ കാവലിന്നും അവരെ അയക്കയും മററും ചെയ്തിരുന്നു. (അദ്ധ്യായം 6 നോക്കുക.) അങ്ങനെയുണ്ടായിരുന്ന കപ്പിത്താന്മാരിൽ ഒരാൾ "ദിയാഗൊ പെരെയിര"യാണു്. "ഇദ്ദേഹം മലയാളത്തുകാരനാണു്. വെണ്ടുരുത്തിലെ പ്രഭുവുമാണു്" എന്നൊക്കെ ചരിത്രങ്ങളിൽ കാണുന്നുമുണ്ടു്.(205) കൊച്ചീക്കോട്ടപോലെതന്നെ വെണ്ടുരുത്തിയും, പൊത്തുഗീസുകാരുടെ അധികാരത്തിൽപെട്ട സ്ഥലമായിരുന്നു. അതു എങ്ങനെ അവർക്കു കൈവശപ്പെട്ടുവെന്നുള്ളതു അറിയാൻ സാധിച്ചിട്ടില്ല. പ്രസ്തുത പ്രഭു അവരോടു ചേർന്നതുനിമിത്തം അദ്ദേഹത്തിൻെറ കീഴുണ്ടായിരുന്ന സ്ഥലവും അവരുടെ കീഴ് വന്നതായിരിക്കുമോ? (ഡച്ചുകാർ കൊച്ചിപിടിച്ച അവസരത്തിൽ പൊത്തുഗീസുകാരിൽനിന്നു വെണ്ടുരുത്തിയും അവർക്കായി (കൊച്ചീരാജ്യചരിത്രം 2–

(205) Cf quellen 358

-69) പിന്നീട്ട പലേ വർഷങ്ങൾക്കശേഷം 1793–നുശേഷം മാത്രമാണ് അതു കൊച്ചീരാജാവിൻെറ കീഴിലായതെന്നും കാണുന്നുണ്ട്. (206) ആദ്യം പൊർത്തുഗീസുകാരോട്ട ചേർന്ന പ്രഭുവിൻെറ അനന്തരഗാമികൾ പാരമ്പര്യവഴിക്ക് സ്ഥാനം കൈയ്യേററവരായിരിക്കണം, വെണ്ടുരുത്തി കപ്പിത്താൻ എന്ന പേരിൽ അറിയപ്പെട്ടിരുന്നതെന്നു മുകളിൽ കാണിച്ചിട്ടുണ്ടല്ലോ. ഇങ്ങനെ പൊർത്തുഗീസുകാരോട്ട ചേർന്ന പ്രഭുക്കളിൽ ഒരുവനും അദ്ദേഹത്തിൻെറ അനന്തരഗാമികളും പ്രാബല്യപൂർവ്വം അധിവസിച്ചിരുന്നതും കാവലിനായി ക്രിസ്തീയസൈന്യം കുടിപാർത്തിരുന്നതുമായ സ്ഥലത്ത്, പൊർത്തുഗീസുകാരോട്ട ചേരുന്നതിൽ വിസമ്മതം പ്രദർശിപ്പിച്ചിരുന്ന സുറിയാനിക്കാർ ഒരു പള്ളി സ്ഥാപിച്ചു എന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല.

"എറണാകുളത്തോടടുത്തുള്ള പെരുമാന്തുർ പുത്തൻപള്ളി 19–ാം ശതവത്സരത്തിൻെറ ഏകദേശം ആരംഭകാലത്തിൽ സുറിയാനിക്കാർ പണിയിച്ചിട്ടുള്ളതാണ്. ഇപ്പോഴാകട്ടെ അതു ലത്തീൻപള്ളിയായി ഭേദപ്പെട്ടിരിക്കുന്നു" (207) എന്നും പറയുന്നുണ്ട്.

പ്രസ്തുതപള്ളി വെണ്ടുരുത്തിപ്പള്ളിയുടെ കുരിശുപള്ളിയായി 1767-ൽ 18–ാം നൂററാണ്ടിൻെറ മദ്ധ്യകാലത്തിൽ — ഉണ്ടായിരുന്നു. (208) ആ സ്ഥിതിക്ക് അത് 19–ാം നൂററാണ്ടിൻെറ ആരംഭത്തിൽ പണിയിച്ചുവെന്നും, സുറിയാനിക്കാർ പണിയിച്ചുവെന്നും പറയുന്നതു എങ്ങനെ ശരിയാവും? മന്തിരിക്കപ്പിത്താനും പരിവാരവും അവിടെ വാസമുറപ്പിച്ചിരുന്നു എന്നു മുകളിൽ കാണി-

(206) കൊച്ചീരാജ്യചരിത്രം 2-6-160.

(207) മാർത്തോമാ ക്രിസ്ത്യാനികൾ.

(208) Status Archidioecesis verap. pg. 7.

ച്ചിട്ടുണ്ടല്ലൊ. ഈ നേതാവിന്നും അദ്ദേഹത്തിൻെറ കൂടെയുണ്ടായിരുന്ന സൈന്യത്തിന്നുംവേണ്ടിയായിരിക്കണം ഈ കുരിശുപള്ളി സ്ഥാപിച്ചിട്ടുള്ളത്.

ഇന്നു ഈ പള്ളിയിലും തൈക്കൂടം, മൂത്തേടം മുതലായ പള്ളികളിലും ഉൾപ്പെട്ടിരിക്കുന്ന കത്തോലിക്കർ വെണ്ടുരുത്തിപ്പള്ളി എടവകക്കാരായിരുന്നവരുടെ സന്തതിപരമ്പരകളാണ്. കൊച്ചിയിൽ നാടുവാണിരുന്ന രാജാക്കന്മാരിൽ ചിലർക്കു നേരിട്ട ആപൽഘട്ടങ്ങളിൽ മെയ്കാവലിന്നായിപ്പോയവരും സ്ഥലസൗകര്യം നിമിത്തം കുടിയേറിപാർത്തിരുന്നവരുമായി വളരെ ലത്തീൻക്രിസ്ത്യാനികൾ മുമ്പ് അവിടെ ഉണ്ടായിരുന്നതായിക്കാണുന്നുണ്ട്. പിന്നീടു കൊച്ചീഗവമ്മേണ്ടുദ്യോഗസ്ഥന്മാരിൽനിന്നു നേരിട്ട ഉപദ്രവംനിമിത്തവും വെട്ടിക്കൊലപ്പുട കയറിയും നശിപ്പിക്കപ്പെടാതിരുന്നെങ്കിൽ ഇതിലും വളരെയധികം ജനങ്ങൾ അവിടെ കാണപ്പെട്ടുമായിരുന്നു.

മട്ടാഞ്ചേരി ലത്തീൻക്രിസ്ത്യാനികളാൽ നിബിഡമായിരുന്നു. (209) കൊച്ചിയിൽ വി. തോമാശ്ലീഹായുടെ നാമത്തിലുണ്ടായിരുന്ന പള്ളി ഡച്ചുകാരുടെ വരവോടെ നഷ്ടപ്പെട്ടതിനാൽ ആ പള്ളിയിലെ ജനവും മട്ടാഞ്ചേരിപള്ളിയിൽ ചേൎന്നിരുന്നു. അവർ ഡച്ചുകാരുടെ മേലധികാരത്തിലായുമിരുന്നു. മട്ടാഞ്ചേരിപള്ളി ലത്തീൻപള്ളിയായതും ടി. പള്ളിക്കടുത്തും അതിൻെറ പരിസരങ്ങളിലും ഇതരമതസ്ഥരെ ഇത്രവളരെക്കാണുന്നതും പണ്ടുണ്ടായിരുന്ന സുറിയാനിക്കാർ പുറപ്പെട്ടുപോയതുകൊണ്ടല്ല. അവരെല്ലാവരും ലത്തീൻരീതി സ്വീകരിച്ചതുകൊണ്ടു പള്ളിയും ലത്തീൻപള്ളിയായിത്തീൎന്നതാണ്.

---

(209) ഫന്നെൽ- ടി. പള്ളിയിൽ ഒമ്പ൦൦- ജനങ്ങളുണ്ടായിരുന്നു. status...Pg. 7.

വെട്ടിക്കൊലപ്പടയിൽ മരിച്ചും പേടിച്ചു ഒളിച്ചോടിയും പോയതിനാൽ ജനം കുറഞ്ഞു. ശേഷിച്ചവർ ഓരോ കാലങ്ങളിൽ കുടുംബത്തലവന്മാരായി വന്നവരുടെ ശ്രദ്ധക്കുറവുനിമിത്തം കടം കയറിയും കൂടുതൽ വിലകിട്ടിയിരുന്നതുമൂലം വസ്തുക്കൾ വിററും സ്ഥലംവിട്ടുപോയതിനാലാണു പ്രസ്തുത ഭാഗത്തു ഇപ്പോൾകാണുന്നവിധം കത്തോലിക്കർ കുറവായിക്കാണപ്പെടുന്നതു്. 1653-ൽ "കൂനൻകുരിശ്ശ്"ൽ കയറുകെട്ടി സത്യംചെയ്തതു മട്ടാഞ്ചേരിയിൽ ഉണ്ടായിരുന്നവരല്ല, കിഴക്കുഭാഗങ്ങളിൽനിന്നു പൊത്തുഗീസ്സ് അധികാരികളെ കാണ്മാൻ കൊച്ചിയിൽ ചെന്നിരുന്നവരാണു്. പൊത്തുഗീസധികാരികളിൽ നിന്നു തൃപ്തികരമായ സമാധാനം ലഭിക്കായ്കകൊണ്ടാണു് മട്ടാഞ്ചേരിയിൽ വന്നു സത്യംചെയ്തതു്.

മുകളിൽ ഒരിടത്തു പറഞ്ഞിട്ടുള്ളതുപോലെ, പൊത്തുഗീസുകാർ കൊച്ചിയിൽവരുമ്പോൾ ഈ ഭാഗങ്ങളിൽ ഉണ്ടായിരുന്ന പള്ളികളിൽ ചിലതു് (പിന്നീടു) ലത്തീൻപള്ളികളായിത്തീർന്നിട്ടുണ്ടു്. എന്നാൽ അതൃത്തിതിരിച്ചു കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ കീഴിൽ നിന്നു വിട്ടതുകൊണ്ടോ, അധികാരികളുടെ നിർബന്ധംകൊണ്ടോ അല്ലാ അങ്ങിനെ സംഭവിച്ചിട്ടുള്ളതു. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ അതൃത്തിയിങ്കൽനിന്നുവിട്ടു്, കൊച്ചീമെത്രാൻെറ അതൃത്തിയിലായിരുന്നല്ലോ പള്ളുരുത്തി ഞാറയ്ക്കൽ മുതലായ പള്ളികൾ സ്ഥിതിചെയ്തിരുന്നതു്. 1767-ൽ പള്ളുരുത്തിപ്പള്ളി ഒരു അൾ എടവകയുടെ സ്ഥാനമാണു് വഹിച്ചുകൊണ്ടിരുന്നതു്. (210) (230 ജനം) ആ ഭാഗങ്ങൾ ലത്തീൻരീതിക്കാരാൽനിബിഡവുമായിരുന്നു. എന്നിട്ടും പള്ളുരുത്തിപ്പള്ളി ലത്തീൻപള്ളിയായിമാററുകയുണ്ടായിട്ടില്ല. പ്രസ്തുത കാ

---

(210) Status ...........7.

ലാവധിയിൽ എടപ്പിള്ളിപ്പള്ളിയിൽ (80) സുറിയാനിക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളു.(211) അവയുടെ പരിസരങ്ങൾ ലത്തീൻരീതിക്കാരാൽനിബിഡവുമായിരുന്നു. എന്നിട്ടും ഈ പള്ളിലത്തീൻപള്ളിയായി മാററുകയുണ്ടായില്ല. ഇതുപോലെ വേറെയും ദൃഷ്ടാന്തങ്ങളുണ്ട്. അതിനാൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ അധികാരത്തിൽനിന്നു വിട്ടതുകൊണ്ടോ നൂതന ക്രൈസ്തവർ അധികപ്പെടുകയും അധികാരികൾ അവക്കു (പുതുക്രിസ്ത്യവക്കു) അനുകൂലമായി വരുകയും ചെയ്തതുകൊണ്ടോ പള്ളികൾ ലത്തീൻറീത്തിലായിപ്പോയി എന്നു പറയുന്നതു ശരിയാവാൻ നിവർത്തിയില്ല.

വരാപ്പുഴപ്പള്ളിലത്തീൻപള്ളിയായിത്തന്നെയാണു് സ്ഥാപിക്കപ്പെട്ടിട്ടുള്ളതു്. അതിൻെറ സ്ഥാപനത്തിനു കിട്ടിയിട്ടുള്ള അനുവാദംതന്നെ ഇതു വിളിച്ചറിയിക്കുന്നുണ്ടല്ലൊ.

"പുതുക്രിസ്ത്യവരെ എറണാകുളത്തു പള്ളിയിലും സുറിയാനിക്കാർ സ്വീകരിക്കുകയുണ്ടായെങ്കിലും അതിനു സമീപിച്ചു വേറൊരു പള്ളി മത്തായി അർക്കദിയാക്കോൻ പണിയിച്ചിരുന്നതുകൊണ്ടു പഴയ പള്ളി അവക്കു (സുറിയാനിക്കാർക്കു) നഷ്ടപ്പെടുവാൻ ഇടയായില്ല. (212) എറണാകുളം സുറിയാനിപ്പള്ളി ലത്തീൻകാർ പണിയിച്ചതാണെന്നു..........പറയുന്നതു് ശരിയല്ല." എന്നു പറഞ്ഞിരിക്കുന്നു.

ഇവിടെയും ഭീമമായ തെററിദ്ധാരണയും അബദ്ധവുമാണു കാണുന്നതു്. ഇതു മനസ്സിലാക്കുന്നതിനു ടി. ഗ്രന്ഥത്തിൻെറ—"മാർത്തോമാക്രിസ്ത്യാനികൾ" എന്ന ഗ്രന്ഥത്തിൻെറ—ഒന്നാം ഭാഗത്തു് ഇതിനേപ്പററി പറ

(211) Ib.

(212) മാർത്തോമാക്രിസ്ത്യാനികൾ. 2-16-163.

ഞ്ഞിരിക്കുന്നതു മുഴുവൻ കാണേണ്ടതുണ്ട്. അതു ഇങ്ങനെയാണ്: "എറണാകുളത്തു ഇപ്പോഴുള്ള സുറിയാനിപ്പള്ളിയിൽനിന്നാണ് അവിടത്തെ ലത്തീൻപള്ളികളെല്ലാം ഉണ്ടായിട്ടുള്ളത്. സുറിയാനിപ്പള്ളി അവർക്കു വസ്തുവകകൾ കൊടുക്കേണ്ടതായും വന്നുകൂടി. പ്രസ്തുത ലത്തീൻപള്ളികളിലൊന്നായ എറണാകുളത്തു നടുവിലെപ്പള്ളിയുടെ സ്ഥാപനകർത്താവു പതിനേഴാം ശതവത്സരത്തിൽ ജീവിച്ചിരുന്ന അലക്സാണ്ടർ മെത്രാന്റെ അനന്തരവനായ അർച്ചദ്ധീക്കനാണ്. പൊർത്തുഗീസുകാരുടെ കാലം മുതൽ മതാനുയായികളായിത്തീർന്നിരുന്ന നവീന ക്രിസ്തുജനങ്ങളുടെ ആത്മപരിപാലനകൃത്യങ്ങളെയെല്ലാം സുറിയാനിപ്പള്ളികളുള്ള സ്ഥലങ്ങളിൽ അവിടെനിന്നായിരുന്നു സാധിച്ചുവന്നിരുന്നതു്. തദനുസാരം നടുവിലേപ്പള്ളിയിൽ പുതുക്രിസ്ത്യാനികളും ഉൾപ്പെട്ടിരുന്നു. ആ പള്ളിയേയും അതിന്റെ അധികാരത്തേയും സംബന്ധിച്ച് കൊടുങ്ങല്ലൂർ ഇടവകയുടെ അഡ്മിനിസ്റ്ററേയിററായിരുന്ന പാറേമ്മാക്കൽ തോമാ കത്തനാർ വരാപ്പുഴ വികാരി അപ്പുസ്തോലിക്കാ മെത്രാനായ ലൂയിസ് മറിയം അവർകൾക്കു 1787 സെപ്ററമ്പർ 17-ാംനു ഒരു ദീർഘലേഖനം അയക്കുകയുണ്ടായി. എഴുത്തിലെ പ്രതിപാദ്യവിഷയങ്ങൾ, ആ ദേവാലയം മലങ്കര അർച്ചദ്ധീക്കനാൽ സ്ഥാപിതമായിരിക്കുന്നതിനാൽ പള്ളിയിൽനിന്നു അദ്ദേഹത്തിനു (അർച്ചദ്ധീക്കന്) പ്രതിവത്സരം ഒരു സംഖ്യ കൊടുക്കുകയും അതിൽ സുറിയാനിക്രമങ്ങൾ നടത്തുകയും മലങ്കരസഭയിലെ നടപ്പനുസരിച്ചു ആണ്ടുതോറും കൈക്കാരന്മാരെ വച്ചു കാര്യം നിവ്വഹിക്കുകയും ചെയ്തുകൊള്ളാമെന്നു 1697-ൽ കർമ്മലീത്താ വൈദികന്മാരുടെ സമക്ഷം ഇടവകക്കാർ അർച്ചദ്ധീക്കന്നെഴുതിക്കൊടുത്തിട്ടുള്ള പടിയോലയുണ്ടെന്നും അതിലെ ജനങ്ങൾ "മാർഗ്ഗക്കാരും ഡച്ചുകമ്പനിയുടെ കുടി

കളു"മായിരുന്നാലും 1610 ഡിസമ്പർ 22-ാംനു- കൊച്ചീ കൊടുങ്ങല്ലൂർ എന്ന ഇടവകകളുടെ അതിരും അധികാരസ്ഥലങ്ങളും അഞ്ചാമത്തെ പൌലോസ് മാർപ്പാപ്പായുടെ കല്പനയനുസരിച്ചു ഗോവ മെത്രാപ്പോലീത്താക്ലിപ്തപ്പെടുത്തിയപ്പോൾ അവ കൊടുങ്ങല്ലൂരിൻെറ ആധിപത്യത്തിൽ ഉൾപ്പെട്ടെന്നും തന്നിമിത്തം അതിലെ വികാരിയായി ഒരു ലത്തീൻവൈദികനെ നിയമിച്ചതു ന്യായവിരുദ്ധമാണെന്നും മററുമാണ്. (213)

എറണാകുളത്തു "നടുവിലെപ്പള്ളി" സ്ഥാപിച്ചതു 19-ാം ശതവത്സരത്തിലാണു. 1820-ൽ രൂപതയിൽനിന്നുഅനുവാദംകൊടുത്തു. 1821-ൽ തെക്കേപ്പള്ളിയിൽനിന്നു വസ്തുക്കളും മററും ഭാഗിച്ചു. 1822-ൽ പള്ളിയുടെ ആശീർവ്വാദകർമ്മം നടത്തി. അതിനാൽ പതിനേഴും പതിനെട്ടും ശതവത്സരങ്ങളിൽ നടന്ന കാര്യങ്ങൾ-1696-ൽ പടിയോല എഴുതിയതും, 1787-ൽ ദീർഘലേഖനമയച്ചതും-നടുവിലേപ്പള്ളിയേ സംബന്ധിച്ചല്ലാ എന്നുള്ളതു് നിസ്തർക്കസംഗതിയത്രെ 19-ാം നൂററാണ്ടിൽ മാത്രം സ്ഥാപിതമായിട്ടുള്ള പള്ളിയേപ്പററി 18-ാം നൂററാണ്ടിൽ വിവാദം നടക്കാനും 17-ാം നൂററാണ്ടിൽ പടിയോല എഴുതാനും ഇടയില്ലല്ലൊ. തൻമൂലം പ്രസ്തുത പള്ളി, നടുവിലേപ്പള്ളി, "സുറിയാനിക്കാർ സ്ഥാപിച്ചു കൊടുത്തതാണെ"ന്നു പറയുന്നതു അബന്ധമാണെന്നു സ്പഷ്ടം. മേൽപ്രസ്താവിച്ചവ പിന്നെ ഏതു പള്ളിയേപ്പററിയായിരിക്കുമെന്നു നമുക്കു പരിശോധിക്കാം.

നടുവിലേപ്പള്ളി സ്ഥാപിക്കുന്നതിന്നുമുമ്പു എറണാകുളത്തു ഏക പള്ളിമാത്രമെ ഉണ്ടായിരുന്നുള്ളു. ആ പള്ളിയാണു "തെക്കേപ്പള്ളി" എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്നതു്. തൻമൂലം 1697-ൽ പടിയോലയെ

(213) മാർത്തോമാക്രിസ്ത്യാനികൾ I-12-279-281.

ഴുതിയതു തെക്കേപ്പള്ളിയേപ്പററിയായിരിക്കാനേ ഇടയുള്ളൂ. മാത്രമല്ലാ 1787-ൽ ദീർഘലേഖനമയച്ചതും തെക്കേപ്പള്ളികടെ കാര്യം സംബന്ധിച്ചാണെന്നു ഇതിൽനിന്നു അനുമാനിക്കാൻ നിവൃത്തിയുള്ളൂ.

എന്നാൽ "തെക്കേപ്പള്ളി 1112-ൽ സ്ഥാപിതമായെന്നു കത്തോലിക്ക ഡിറക്ററററിയിലും, ഉദയംപേരൂർ സൂനഹദോസിൻെറ അവസരത്തിൽ പ്രസ്തുത പള്ളിയുണ്ടായിരുന്നെന്നുപ്രസിദ്ധമാണെ"ന്നു "മാർത്തോമാക്രിസ്ത്യാനികൾ എന്ന ഗ്രന്ഥത്തിലും 214 കാണുന്നുണ്ടു. അതു ശരിയാണൊ എന്നു നമുക്കു പരിശോധിക്കുകതന്നെ. പാറമ്മാക്കൽ തോമാക്കത്തനാർ, കൊടുങ്ങല്ലൂർ രൂപതയുടെ അഡ്മിനിസ്റ്റ്റേയിററർ, പറയുന്നതു നോക്കുക: "ആ ദേവാലയം" എറണാകുളംപള്ളി, (അന്നു എറണാകുളത്തു ഏക പള്ളിമാത്രമല്ലെ ഉണ്ടായിരുന്നുള്ളൂ.) "മലങ്കര ആർച്ചുഡിക്കനാൽ- 17-ാം ശതവത്സരത്തിൽ ജീവിച്ചിരുന്ന അലക്സാണ്ടർ മെത്രാൻെറ അനന്തരവനായ മത്തായി അർച്ചുഡിക്കനാൽ—സ്ഥാപിതമായിട്ടുള്ളതാണു്" എന്നാണു് അദ്ദേഹം എഴുതിയിട്ടുള്ളതു്. അങ്ങനെയെങ്കിൽ അതു 1112-ൽ സ്ഥാപിച്ചു; ഉദയമ്പേരൂർ സൂന്നഹദോസിൻെറ അവസരത്തിൽ (1599-ൽ) ഉണ്ടായിരുന്നു; എന്നു പറയുന്നതു ശരിയാവാൻ നിവൃത്തിയില്ല. 12-ാം ശതവത്സരത്തിൽ ആവിർഭവിച്ചതാണെങ്കിൽ 17-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ആർച്ചുഡീക്കൻ അതിൻെറ സ്ഥാപകനാകുന്നതെങ്ങനെ? അങ്ങനെതന്നെ 17-ാം ശതവത്സരത്തിൻെറ അന്തിമഘട്ടത്തിൽ ജീവിച്ചിരുന്ന ആർച്ചുഡീക്കൻ സ്ഥാപിച്ച പള്ളി ഒരു ശതവത്സരത്തിന്നുമുമ്പു—1599-ൽ—ഉണ്ടായിരുന്നു എന്നു പറയുന്നതും എങ്ങനെ സാധുവാകും?

---

(214) മാർത്തോമാക്രിസ്ത്യാനികൾ. 2-148.

പ്രസ്തുത കത്തിൽ വീണ്ടും പറയുന്നു: "ആ പള്ളിയിൽ നിന്നു, ആർച്ചുഡീക്കന്നു പ്രതിവത്സരം ഒരു തുക കൊടുക്കുകയും അതിൽ സുറിയാനിക്രമങ്ങൾ നടത്തുകയും, മലങ്കരയിലെ നടപ്പനുസരിച്ചു കൈക്കാരന്മാരെവെച്ചു കാര്യങ്ങൾ നിർവ്വഹിക്കയും ചെയ്തുകൊള്ളാമെന്നു 1697-ൽ കരമ്മലീത്താ വൈദികരുടെ സമക്ഷം ഇടവകക്കാർ ആർച്ചുഡീക്കാന്നെഴുതിക്കൊടുത്ത പടിയോലയുണ്ടു."

ഇതുകൊണ്ടു, ആ പള്ളി പ്രസ്തുത ആർച്ചുഡീക്കാന്റെ കാലത്തു സ്ഥാപിതമായി എന്നു പറയുന്നതു സ്ഥിരപ്പെടുകയാണു ചെയ്യുന്നതു. മാത്രമല്ലാ അന്നു ആ പള്ളി എടവകക്കാരായിരുന്ന ജനം പ്രസ്തുത ആർച്ചുഡീക്കാന്റെ കീഴുള്ളവരായിരുന്നില്ലാ എന്നും ഇതുകൊണ്ടു സ്ഫുരിക്കുന്നുണ്ടു. അദ്ദേഹത്തിന്റെ കീഴുള്ളവരായിരുന്നെങ്കിൽ ഈവിധ നിശ്ചയങ്ങൾ എഴുതിവയ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ലല്ലോ. നടപ്പുപോലെ- മലങ്കരയിലെ നടപ്പുപോലെ- ചെയ്യുമായിരുന്നു.

തുടന്നു പറയുന്നു: "അതിലെ ജനങ്ങൾ മാർഗ്ഗക്കാരും, ഡച്ചുകമ്പനിയുടെ കുടിപതികളുമായിരുന്നാലും സ്ഥലം കൊടുങ്ങല്ലൂർ രൂപതയുടെ അതിർത്തിയിൽപ്പെട്ടതാണ്."

നോക്കുക: ഡച്ചുകമ്പനിയുടെ കുടിപതികൾ ലത്തിൻകാരായിരുന്നല്ലോ. ഇവരെ അന്നു മാർഗ്ഗക്കാരെന്നും പറയുകയുണ്ടായിരുന്നു. (ഈ നാമം എങ്ങനെ ഇവർക്കു വന്നു വശായി എന്നു മുകളിൽ അദ്ധ്യായം 15-ൽ കാണിച്ചിട്ടുണ്ടു.) അതിനാൽ അന്നു ആ എടവകക്കാർ ലത്തീൻകാരായിരുന്നു എന്നു സ്പഷ്ടമാകുന്നു. ഇങ്ങനെയായാലും അതിൽ സുറിയാനിക്രമങ്ങൾ നടത്തിക്കൊള്ളാമെന്നും മററും അവർ—എടവകക്കാർ—സമ്മതിച്ചിട്ടുണ്ടു എന്നാണു പറയുന്നതു്.

ഡച്ചുകാരുടെ പ്രവേശനാവസരത്തിൽ ലത്തീൻമി

തിക്കാർക്കു അവരിൽനിന്നു നേരിട്ട വിരോധംനിമിത്തം പലർ കൊച്ചീവിട്ടു പോവുകയുണ്ടായി. (215) അവരിൽ ഒരു ഗണം എറണാകുളത്തു അഞ്ചുകൈമ്മൾമാരു സ്ഥലത്തുവന്നു വാസമുറപ്പിച്ചിരുന്നു. ശക്തൻതമ്പുരാന്റെ കാലത്തു ഇവർക്കു ഉപദ്രവങ്ങൾ നേരിട്ടപ്പോൾ കൈമ്മൾമാർ ഡച്ചുകാരുടെ പക്കൽ ആവലാധിപ്പെട്ടതായി കാണുന്നുണ്ടു. (216)(1767-ൽ അവിടെ 2240 ജനങ്ങളുണ്ടായിരുന്നു. (217) 1808-ലെ വെട്ടിക്കൊലപ്പടയിൽ ലത്തീൻകാരിൽ അനേകരും വധിക്കപ്പെട്ടും ഒളിച്ചോടിയും പോയെങ്കിലും ഏകദേശം 25 വത്സരങ്ങൾ കഴിഞ്ഞപ്പോൾ 1833-ൽ അവിടെ—എറണാകുളത്തു—2929 ലത്തീൻകാരുണ്ടായിരുന്നു. അന്നു സുറിയാനിരീതിക്കാരായി ഇരുന്നൂററി അറുപതു പേർ മാത്രമെ അവിടെ ഉണ്ടായിരുന്നുള്ളു. 218 മുകളിൽ പറഞ്ഞവിധം എറണാകുളത്തുവന്നു പാർത്തവർക്കു ഒരു പള്ളി ആവശ്യമായിരുന്നു. അങ്ങനെ അവിടെ പള്ളി സ്ഥാപിച്ചു. അതിനാൽ ലത്തീൻകാർ പണിയിച്ചതാണെന്നു ഔദ്യോഗികരേഖയിൽ കാണുന്നതു ശരിയാണെന്നുവരുന്നു. പ്രസ്തുത പടിയോല എഴുതിയ അവസരത്തിൽ സന്നിഹിതരായിരുന്ന കർമ്മലീത്താ വൈദികർ രേഖപ്പെടുത്തിയിരുന്നതാണല്ലൊ. രൂപതാറിക്കാർട്ടിൽ കാണുന്നതു്.

ഇങ്ങനെ ലത്തീൻകാർ പണിയിച്ചതാണെങ്കിൽ, അതിന്റെ സ്ഥാപകൻ പ്രസ്തുത ആർച്ചുഡിക്കൻ ആകുന്നു എന്നു പറഞ്ഞതു ശരിയാകുമൊ എന്നുള്ള ഒരു ചോദ്യം ഇനിശേഷിക്കുന്നുണ്ടു.

---

215 കൊച്ചീരാജ്യ ചരിത്രം. 2-4-92.
216 ടി. 2-6-162.
217 Status pg. 7.
218 Ib. 10.

പ്രസ്തുത കാലഘട്ടത്തിൽ അലക്സാണ്ടർ മെത്രാനും അദ്ദേഹത്തിൻെറ അനന്തിരവൻ റാഫയേൽ ഫിഗരേദൊ മെത്രാനും നിയ്യതരായിരുന്നു. കർമ്മലീത്താമിഷ്യനറിമാർക്ക അധികാരവും ലഭിച്ചിരുന്നില്ല. എറണാകുളത്തുവന്നു പാർത്തവർക്ക ആത്മികകായ്യങ്ങൾ നടത്തുന്നതിന്നു പ്രയാസവും നേരിട്ടു. അതിനാൽ കർമ്മലീത്താമിഷ്യനറിമാരുടെ ഉപദേശമനുസരിച്ചു എറണാകുളത്തു ഒരു പള്ളി പണിയിക്കാൻ ആ ക്രൈസ്തവർ സന്നദ്ധരായി. എന്നാൽ ക്രൈസ്തവർ ഇങ്ങനെ ധനവ്യയം ചെയ്താലും, പള്ളി സ്ഥാപിക്കുന്നതിന്നു ഗവമ്മേണ്ടനുവാദം ലഭിക്കുന്നതും അതിന്നുള്ള വസ്തുക്കൾ വാങ്ങിക്കുന്നതും വൈദികാധികാരിയുടെ പേരിലായിരിക്കണമല്ലൊ. അന്നുണ്ടായിരുന്ന അധികാരി മത്തായിക്കാമ്പൊ ആർച്ചുഡീക്കനായിരുന്നു. പള്ളിയിലെ നടപടികൾ ഇന്നയിന്നവിധമായിരിക്കണമെന്നു നിശ്ചയം ചെയ്യിച്ചുകൊണ്ടു അക്കായ്യം അദ്ദേഹം നിവ്വഹിച്ചുകൊടുത്തു എന്നു വിചാരിക്കാനെ ന്യായമുള്ളു. ലത്തീൻകാർ തെക്കേപ്പള്ളിയിൽനിന്നു വിരിഞ്ഞപ്പോൾ "മത്തായിക്കാമ്പൊ ആർച്ചുഡീക്കനായിട്ടു ജന്മംകൊണ്ട് പള്ളിയോടുകൂടെ നമ്മെ ഏല്പിച്ചിരിക്കുന്ന വസ്തുക്കളിൽ" ഇന്നതെല്ലാം നിങ്ങൾ എടുത്തു പള്ളി വച്ചുകൊള്ളുക എന്നു പറഞ്ഞുകാണുന്നതിനാൽ മുകളിൽ കാണിച്ച അഭിപ്രായം ബലപ്പെടുന്നുമുണ്ടു. പ്രസ്തുത കത്തും ഭാഗാധാരവും നോക്കിയാൽ കിട്ടുന്ന അനുമാനം മുകളിൽ കാണിച്ചിട്ടുള്ളതാണു. അങ്ങനെതന്നെയാണൊ എന്നു വിധിക്കേണ്ടകായ്യം വായനക്കാരുടേതും, അങ്ങനെയല്ലെന്നു നിശ്ചയമുള്ളപക്ഷം അതിനെ തെളിയിക്കേണ്ടതു അതിൻെറ രേഖകൾ ഉള്ളവരുടേതുമാണു.

നടുവിലേപ്പള്ളി സുറിയാനിക്കാർ പണിയിച്ചു ലത്തീൻകാർക്കു കൊടുത്തിട്ടുള്ളതാണെന്നു പറയുന്നതു ശരി



നിതാ.ന്ത.വന്ദ്യ ദിവ്യശ്രീ ഡോക്ടർ ലോറൻസ് പെരെയിര
കോട്ടാർരൂപതയുടെ ഒന്നാമത്തെ മെത്രാൻ.
(1938 ഫെബ്രുവരി 4—ൽ ദിവംഗതനായി)

(328—ാം പേജ് നോക്കുക.)

യല്ലാ എന്നതു തെളിയിക്കാൻ മാത്രമെ ഈ എഴുത്തുകാര ന്നുദ്ദേശ്യമുള്ളൂ. അതു സാധിച്ചിട്ടുണ്ടു എന്നും വിശ്വസിക്കുന്നു. ഇതേപ്പററി ഇനി ഒരുവക സംശയവും ശേഷിക്കാതിരിക്കാൻവേണ്ടി പ്രസ്തുത ആധാരത്തിലെ ഒരുഭാഗം അതേഭാഷാരീതിയിൽത്തന്നെ ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു:

മിശിഹാ പിറന്നിട്ടു 1821-ാംകാലം മീനമാസം 24-ാംനു-....................

"നോം രണ്ടുകൂട്ടക്കാരതംകൂടി ഒരു പള്ളിയിൽ നടന്നുവരുമ്പോൾ ഉണ്ടായിരിക്കുന്ന കുഴപ്പുകൾതീരേണ്ടുന്നതിന്നു നിങ്ങൾക്ക വേർവിട്ടു ഒരു പള്ളി വെക്കത്തക്കവണ്ണവും. ആയതിന്നു പള്ളി വയ്പാൻ മത്തായിക്കാമ്പ അക്ക്ശ്രുയാക്കൊ (ആർച്ചുഡീക്കൻ) ആയിട്ടു ജന്മംകൊണ്ടു പള്ളിയോടുകൂടെ നമ്മെ ഏല്പിച്ചുതന്നിരിക്കുന്ന പറമ്പുകളിൽ പള്ളിയ്ക്കു വടക്കുവശം പള്ളിവകയായിട്ടു വച്ചിരിക്കുന്ന കുസീഞ്ഞപ്പുരയുടെ വടക്കുവശത്ത ഒരു ദണ്ഡ അകലമിട്ടു കിഴക്ക പടിഞ്ഞാറ ചൊവ്വിന്നു വടക്കോട്ടു വടക്കേ അതൃത്തിക്കകം ഉള്ള തോടിന്ന തെക്കോട്ടുകിഴക്കു പടിഞ്ഞാറെത്തിയുള്ള ജന്മ പറമ്പുകളിൽ നിങ്ങൾ പള്ളി വച്ചുകൊള്ളത്തക്കവണ്ണവും, ജന്മത്തിൽ ഉൾപ്പെട്ടതുശത്തുപറമ്പും പള്ളിവക ചിലവിന്നു നോം രണ്ടു കൂട്ടരിടെ പററിലും വരവു വന്നതായിട്ടു നിങ്ങളുടെ പററിൽ ഇരിപ്പുള്ള മുതലും, കുടിശ്ശികയുമൊഴികെ പിരിഞ്ഞിരിപ്പുള്ള മുതലിൽ ഒരായിരത്തി ഇരുന്നൂറ രൂപായുടെ വക നിങ്ങൾക്ക തരത്തക്കവണ്ണവും തടസ്സര വിധിച്ചിരിക്കകൊണ്ടും മെലെഴുതിയ പ്രകാരമുള്ള പറമ്പും മുതലും നിങ്ങൾ വാങ്ങിച്ചു പള്ളിവച്ചു നിങ്ങളുടെ മര്യാദപോലെ നടന്നനുഭവിച്ചുകൊള്ളുന്നതിന്നു മേലിൽ ഞങ്ങൾക്കും ഞങ്ങളിടെ അനന്തിരവർക്കും ചോദ്യമില്ലാത്തവണ്ണം സമ്മ

തിച്ച എത്രയും പെരികെ ബഹുമാനപ്പെട്ട മെത്രാനച്ച
നം തടസ്സരും ഞങ്ങളും കയ്യൊപ്പിട്ട ഇന്ന പടിയോല
മേലെഴുതിയ ലത്തീൻകാരരുക്കു എഴുതികൊടുത്തു.

മേൽ എഴുതിയ പള്ളിയിൽ വികാരിയും ശേഷം സുറിയാനിക്കാരരും (ഒപ്പ്)

(ഒപ്പ്) (ഒപ്പ്) (ഒപ്പ്) (ഒപ്പ്)(ഒപ്പ്) (ഒപ്പ്)
(ഒപ്പ്) (ഒപ്പ്) (ഒപ്പ്) നേരപകപ്പ് (ഒപ്പ്)

നടുവിലെ പള്ളി സുറിയാനിക്കാർ പണിയിച്ചതല്ലാ എന്നതിൽ ഇനിയൊരുവക സംശയത്തിന്നും ഇടയുണ്ടാകയില്ലെന്നു വിശ്വസിക്കുന്നു.

---

# അദ്ധ്യായം ൫൪.

"എഴുനൂററിക്കാർക്കു പട്ടം കൊടുത്തപ്പോൾ ക്ഷോഭമുണ്ടായി"
എന്ന പ്രസ്താവം ശരിയാണൊ എന്ന പരിശോധന.

"മാർത്തോമാക്രിസ്ത്യാനികൾ" എന്ന ഗ്രന്ഥത്തിൽ ലത്തീൻരീതിക്കാരെപ്പററി കാണിച്ചിട്ടുള്ളവയിൽ ഇനി ഒരു കാര്യത്തിൻറ യഥാർത്ഥസ്ഥിതിക്കുടെയും അറിയേണ്ടതായിട്ടാണിരിക്കുന്നതു്. "എഴുനൂററി"ക്കാൎക്കു പട്ടംകൊടുത്തപ്പോൾ സുറിയാനിക്കാരിൽ ക്ഷോഭമുണ്ടായി" എന്നതാണു് അക്കാര്യം. മുകളിൽ പലേടത്തും പറഞ്ഞിരിക്കുന്നതുപോലെ ചരിത്രങ്ങൾ മങ്ങിയും മറഞ്ഞും പോകയും ഊഹങ്ങൾ ചരിത്രങ്ങളായി കരുതപ്പെടുകയും ചെയ്യുന്നതുകൊണ്ടു് എഴുത്തുകാർക്കു വരാവുന്ന ആബദ്ധ്യം കീഴെ പറയുന്നവ വായിക്കുമ്പോൾ വായനക്കാർ അനു

സ്മരിക്കേണ്ടതാണെന്നു പ്രത്യേകം ഓർപ്പിച്ചുകൊള്ളുന്നു. ഈ ക്ഷോഭത്തെപ്പററി പ്രസ്തുത ഗ്രന്ഥത്തിൽ (മാർത്തോമാക്രിസ്ത്യാനികൾ എന്ന ഗ്രന്ഥത്തിൽ) പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണ്:

"വരാപ്പുഴെ വികാരി അപ്പസ്തോലിക്കയായിരുന്നു... ...........പ്ലോരൻസിൻെറ ഭരണകാലത്തു പഴയക്രൂർ സുറിയാനിക്കാരുടെ ഇടയിൽ വലുതായ ചില ക്ഷോഭങ്ങൾ ഉണ്ടായി...............എഴുന്നൂററിക്കാർക്കു ആയിടയ്ക്കു വരാപ്പുഴെനിന്നു പട്ടം കൊടുക്കയും അവരെ വസ്ത്രധാരണാദികളിൽ സുറിയാനി വൈദികന്മാരെപ്പോലെ നടത്തുകയും ചെയ്തതാണ് ക്ഷോഭത്തിൻെറ മൂന്നാമത്തെ ഹേതു." (129)

ഈ പറയുന്നതു വ്യക്തമായി മനസ്സിലാക്കുന്നതിന്നു, ഈ ക്ഷോഭത്തിൻെറ കാരണങ്ങളെന്നു വ്യവഹരിക്കപ്പെടുന്ന മററു സംഗതികളെപ്പററിയും, അന്നു ചെയ്തതായിപ്പറയുന്ന തീർമ്മാനത്തെപ്പററിയും മററും കുറെക്കൂടി വ്യക്തമായി അറിയേണ്ടതുണ്ട്. "മാർതോമാനസ്രാണികളുടെ സത്യവിശ്വാസം" എന്ന അഭിധാനത്തിൽ 1908-ൽ പ്രസിദ്ധീകൃതമായിട്ടുള്ള ഗ്രന്ഥത്തിൽ ഇവയെപ്പററി വ്യക്തമായി പറഞ്ഞിട്ടുള്ളതിനാൽ അതിലെ ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു.

........."ഇങ്ങനെയിരിക്കയിൽ വരാപ്പുഴയിലെ പ്ളോരൻസ് മെത്രാനച്ചൻെറ കാലത്തിൽ സുറിയാനിക്കാൎക്കു വലുതായ ഒരു സങ്കടം നേരിട്ടു. എന്തെന്നാൽ വരാപ്പുഴ പള്ളിയിൽ ശുദ്ധകുർബാനയുടെ ഒരു ആരാധന ഏർപ്പെടുത്തി. ആരാധനതുടങ്ങി സന്ധ്യസമയം വിചാരക്കുറവാൽ പള്ളിവാതിൽ പൂട്ടാതെ ഇരുന്നതുനിമിത്തം ശുദ്ധകുർബാന എഴുന്നെള്ളിച്ചിരുന്ന

(219) മാർത്തോമാക്രിസ്ത്യാനികൾ. 2-17-183.

സ്വർണ്ണംകൊണ്ടുള്ള പ്രഭാവലി (ഒസ്തെൻസോറി) കള്ളന്മാർ കട്ടുകൊണ്ടുപോയി. നേരംവെളുത്തപ്പോൾ പ്രഭാവലി മോഷണംപോയവിവരം വരാപ്പുഴ പാദ്രിമാർ അറിഞ്ഞു അന്വേഷിക്കുകയും അന്നു എടപ്പള്ളിയിൽ വികാരിയായിരുന്ന കല്ലൂർക്കാട്ട് പള്ളി ഇടവകക്കാരൻ ബ: ഇത്താക്കച്ചനെ സംശയിക്കുകയും അദ്ദേഹത്തെ വിളിച്ചു ചോദ്യം ചെയ്കയും ചെയ്തു. അദ്ദേഹത്തിൻെറ മേലുണ്ടായ അബദ്ധ ഉദ്ദേശം തെളിയായ്കയാൽ അദ്ദേഹത്തെ വിടുകയും, വീണ്ടും രണ്ടാമത്തും വിളിച്ചു ചോദിക്കുകയും അപ്പഴം തെളിയായ്കയാൽ വിടുകയും ചെയ്തു. എങ്കിലും ആ സമയത്തു വരാപ്പുഴ ഉണ്ടായിരുന്ന അൾമാന്യയിൽ ബവാരിയദേശക്കാരനായ ഫ്റഞ്ചീസ്കു സാലേസ് എന്ന പാദ്രി പ്രത്യേകാൽ ഇത്താക്കച്ചൻെറ നേരെയുള്ള സംശയം അധികമായി ധരിച്ചുകൊണ്ട്, എടപ്പള്ളി രാജാവിൻെറ പക്കൽ ആശ്രയിച്ചിരുന്ന ഇത്താക്കച്ചനെ ബലമായി പിടിച്ചുകൊണ്ടുവന്നു ദേഹദണ്ഡം ചെയ്യണമെന്നു കരുതി വരാപ്പുഴ മാർഗ്ഗംകൂടിയിരുന്ന ജനങ്ങളെ ഭടന്മാരായും എറണാകുളത്തുകാരൻ കണക്കച്ചേരി മത്തായി പാദ്രി അച്ചനേയും വട്ടതലെ വാഴവേലി അവരാ പാദ്രി അച്ചനേയും കൂട്ടായും ശേഖരിച്ചു, എടപ്പിള്ളി രാജാവിൻെറ സ്ഥലംവളഞ്ഞു. ബ: ഇത്താക്കച്ചനെ ബലമായി പിടിച്ചുകൊണ്ടുപോകയും വരാപ്പുഴകൊണ്ടുചെന്നു മുറിയിലിട്ടു പൂട്ടുകയും ദേഹദണ്ഡം ചെയ്തു മേനിക്ഷയം വരുത്തുകയും തൻമൂലം അവിടെക്കിടന്നു അദ്ദേഹം മരിക്കാറായസമയം കുമ്പസ്സാരം കുർബാന ഒപ്രുശുമാ മുതലയതു അപേക്ഷിച്ചിട്ടും കൊടുക്കാതെ അദ്ദേഹം മരിക്കയും ചെയ്തു. അദ്ദേഹത്തിൻെറ പ്രേതം ഒരു പായിൽ കെട്ടി കുളത്തിൻെറ മട്ടക്കൽ കുഴിച്ചിടുകയും അദ്ദേഹത്തെ സഹായിച്ചിരുന്ന എടപ്പിള്ളി ക്രിസ്ത്യാനികളുടെ പള്ളിപൂട്ടി മുടക്കം ചെയ്കയും ചെയ്തു. ഫ്റഞ്ചീസ്കു സാ

ലേസ് എന്ന പാദ്രിയെ, തന്റെ ജീവിതനടപടിമോശ ത്താൽ തന്റെ സഹോദരന്മാരായ കർമ്മലീത്താ പാദ്രി മാരു് യൂറോപ്പിലേയ്ക്കു് കപ്പൽകയററി അയക്കയും ചെ യ്തു. ഇങ്ങനെയിരിക്കയിൽ പ്ളോരൻസ് മെത്രാൻ 1773 -ൽ കാലംചെയ്തപ്പോൾ തോമാനസ്രാണികൾ മുൻപതി വിൻപ്രകാരം ടി. മെത്രാന്റെ ശവസംസ്കാരം ചെയ്യുന്ന തിന്നു വരാപ്പുഴെ കൂടി. എന്നാൽ തോമാനസ്രാണികൾ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തായോടു അ ധികപക്ഷമായി ചേർന്നുവന്നിരുന്നതുനിമിത്തം പ്ളോര ൻസ് മെത്രാന്റെ ശവസംസ്കാരത്തിൽ സംബന്ധിക്കു ന്നതിന്നു തോമാനസ്രാണികളെ അനുവദിക്കാതെ അവ ർക്കു അതിന്നു അർഹതയില്ലെന്നു പറഞ്ഞു വരാപ്പുഴ കർമ്മ ലീത്താ സന്യാസികൾ അവരെ തള്ളിക്കളഞ്ഞു. അതു കൊണ്ടു തോമാനസ്രാണികൾ വളരെ ഗർവ്വിച്ചു, അങ്കമാ ലിയിൽ യോഗംകൂടി വരാപ്പുഴയിലെ പാദ്രിമാർ തങ്ങ ളോടുചെയ്ത അതിക്രമത്തിന്നു നിവൎത്തിയുണ്ടാക്കുന്നതി ന്നാലോചിച്ചു. ഈ ആലോചനയിൽ മലങ്കര തോമാന സ്രാണികളുടെ മിക്ക പള്ളിയോഗവും പട്ടക്കാരും സം ബന്ധിച്ചിരുന്നു; മുൻനടപടികളെപ്പററി റോമ്മാ സിം ഹാസനത്തിങ്കൽ നസ്രാണികൾ ബോധിപ്പിച്ചിട്ടുണ്ടായി രുന്നു. അങ്കമാലി യോഗത്തിന്റെ സംഗതി വരാപ്പുഴ ക ർമ്മലീത്താ പാദ്രിമാർ കേട്ടപ്പോൾ വരാപ്പുഴെ നിന്നും മൂന്നു പാദ്രിമാർ അങ്കമാലിയിൽ എത്തി. അവരിൽ ഒ രുവൻ റോമാപുരിയിൽനിന്നും മലങ്കര എടവകയ്ക്കും കൊച്ചി എടവകയ്ക്കും മേലാളായി നിയമിക്കപ്പെട്ടിരുന്ന ലൗറെൻസ്യോസ് യുസ്തിനിയാനി എന്ന കർമ്മലീത്താ പാ ദ്രിയായിരുന്നു. അദ്ദേഹം തോമാനസ്രാണികളുടെ ആവ ലാധികൾക്കു് സമാധാനം ചെയ്തു എഴുതിവച്ചു തീൎമ്മാന മാവതു;—

"നാം കർമ്മലീത്താ ലൗരെൻസ്യോസ് യുസ്തിനിയാനി, ശു ദ്ധ: മാർപ്പാപ്പായുടെ കല്പനയാലെ മലങ്കര എടവകയ്ക്കും കൊച്ചി

എടവകയ്ക്കും മേലാളായിട്ടും കർമ്മലീത്താ ദർശനത്തിൽ ജനറാൾ മൂപ്പനായിട്ടും നടക്കുന്നതിനെക്കൊണ്ട് അങ്കമാലിയിൽവച്ചു വെ. പള്ളിക്കാരും യോഗമായിട്ടുകൂടി നമ്മുടെ മുമ്പാകെ ബോധിപ്പിച്ച ആവലാധികൾ തീർത്ത് കല്പിച്ച സാധനം:—

"മെത്രാന്മാർ കാലംചെയ്താൽ കീഴ്മര്യാദപോലെ സുറിയാനിക്കാരു തന്നെ കവറടക്കം ചെയ്തുകൊൾകയേ വേണ്ടൂയെന്നും—പെരുന്നാളുകളിൽ പാദ്രി അച്ചന്മാര് അരുളിക്ക എടുത്തത് കീഴ്മര്യാദപോലെ നിങ്ങൾതന്നെ അരുളിക്ക എടുത്തുകൊള്ളുകയേ വേണ്ടു എന്നും— പട്ടക്കാരെ തല്ലുകയും തല്ലിപ്പിക്കയും വിലങ്ങിടുകയും അതിൽനിന്ന് ആത്മത്തിന്നടുത്ത ക്രിയകൂടാതെ ബഹുമാനമില്ലാത്ത ഇടത്ത് അടക്കുന്നതു ശുദ്ധ: കത്തോലിക്കാപ്പള്ളിയുടെ കല്പനപോലെ കുററത്തിൻെറ പ്രകാരംപോലെ മേല്പട്ടക്കാരനെങ്കിലും മേല്പട്ടക്കാരൻെറ കല്പനയാലെങ്കിലും മുറിയിൽ പൂട്ടുന്നതല്ലാതെ തല്ലുകയും തല്ലിപ്പിക്കയും വിലങ്ങിടുകയും അരുത്—വിശേഷിച്ചും ഉണ്ടായ ദോഷത്തിൻെറ വലിപ്പംകൊണ്ടു ലോകരെ പഠിപ്പിപ്പാനായി അങ്ങനെ ചെയ്വാൻ സംഗതിവന്നു. എഴുന്നൂററി പരിഷയ്ക്കു പട്ടം കൊടുത്തു സുറിയാനി മര്യാദപോലെ ഇനി നടത്തുകയില്ലെന്നും, നിങ്ങളുടെമേൽ വാണിരിക്കുന്ന മെത്രാന്മാര് ഒരുത്തൻെറ പട്ടം അഴിച്ചാൽ വീണ്ടുകൊടുക്കയില്ലെന്നും, പട്ടക്കാർക്കും അൽമേനികൾക്കും ഉണ്ടാകുന്ന കാര്യങ്ങൾക്കു നേരും പരമാർത്ഥവും ബോധിക്കാതെകണ്ട് ശിക്ഷിക്കയും മഹറോൻ ചൊല്ലുകയും ഇല്ലെന്നും, ഇതിൻവണ്ണമല്ലാതെ മേലിൽ ചെയ്കയില്ലെന്നും നാം കല്പിച്ചിരിക്കുന്നു.

ഇതു മിശിഹാ പിറന്നിട്ടു ൧൭൭൩-ാംകാലം കന്നിമാസം പുത്തൻകണക്കിൽ ൨൨-ാംനു-

അങ്കമാലിയിൽ വലിയ പള്ളിക്കൽവച്ചു എഴുതിയ ഈ സാധനത്തിന്മേൽ നമ്മുടെ കയ്യൊപ്പും മുദ്രയും വയ്ക്കയും ചെയ്തു.

"പെരുന്നാളിൽ പാദ്രിമാർ അരുളിക്ക എടുത്തതെന്നു പറഞ്ഞ സംഗതി, പള്ളികളിൽ പെരുന്നാൾകൾ ഉണ്ടാകുമ്പോൾ കർമ്മലീത്താ പാദ്രിമാർ അവിടെ ചെന്ന അവർ മേലധികാരികൾ എന്നുള്ള നിലയിൽ വികാരിമാരുടെ അധികാരത്തോടുകൂടി കവന്ന പ്രദക്ഷിണങ്ങളിൽഅരുളിക്ക എടുത്തു പ്രദക്ഷിണം കഴിക്കയും എല്ലാ സംഗതികളിലും പ്രധാനികളായി കാര്യങ്ങൾ നടത്തുകയും ചെയ്യുന്നതാണ്."

"എഴുനൂററി പരിഷയ്ക്കു പട്ടം കൊടുത്തതും സുറിയാനി കത്തനാരന്മാരെപ്പോലെ നടത്തിയതും" "എന്നു പറയുന്ന സംഗതി, മലയാളത്തിൽ ഹീനജാതികളായ ഈഴവര, പറയര, പുലയര, മുതലായവരെ വരാപ്പുഴ പാതിരിമാർ മാർഗ്ഗംകൂട്ടി പട്ടംകൊടുത്തു സുറിയാനി പട്ടക്കാരുടെ ഉടുഭാവനയിൽ നടത്തിയതാണു".....

ഇതിൽ പറയുന്നവ എല്ലാററിനെപ്പററിയും വിമർശിക്കുക ഈ ചെറുഗ്രന്ഥത്തിന്റെ സ്ഥിതിക്കു ആവശ്യമില്ല. എങ്കിലും ആയിടയ്ക്കു— 1773-നിടയ്ക്കു- എഴുനൂററിക്കാർക്കു വരാപ്പുഴനിന്നും പട്ടം കൊടുത്തു അവരെ വസ്ത്രധാരണാദികളിൽ സുറിയാനിവൈദികരെപ്പോലെ നടത്തി. അതു സുറിയാനിക്കാർക്കു ക്ഷോഭത്തിന്നു കാരണമായി എന്നു പറയുന്നതു വിമർശിക്കാതെതരമില്ലല്ലോ. ഇതിന്റെ സ്ഥിതി മനസ്സിലാകുന്നതിന്നു, 1786 മുതൽ കൊടുങ്ങല്ലൂർ രൂപതയുടെ പെ. ബ. ഗോവർണ്ണദോരായിരുന്ന "പാറേമ്മാക്കിൽ തോമാ കത്തനാർ" എഴുതിയിട്ടുള്ള "വർത്തമാനപ്പുസ്തക"ത്തിൽ അങ്കമാലി യോഗത്തെപ്പററി പറഞ്ഞിരിക്കുന്ന വിവരംകൂടെ വായനക്കാർ കാണേണ്ടതുണ്ടു. അതു ചുവടെ ചേർക്കുന്നു.

"ഇങ്ങനെ യോഗം ലൌറേന്ത്യോസ് യുസ്തിനിയാനി എന്ന പാതിരിക്കു റോമയിൽനിന്നുള്ള മുഷ്കരതപം യോഗം അറിഞ്ഞതിന്റെശേഷം പാതിരിമാരും പള്ളിക്കാറരും തമ്മിൽ നിരപ്പു വരുവാനുള്ളതിന്നു മെലിൽ നടക്കെണ്ടും പ്രകാരത്തിന്നു ചില കൂട്ടം കാര്യങ്ങൾ പാതിരിമാരു യൊഗത്തിന്നു എഴുതിക്കൊടുത്താൽ നിരപ്പിനെ സമ്മതിക്കാമെന്നും ആയതിന്നു ഇന്നു ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്തായും അന്നു ആലങ്ങാട്ടു സിമ്നാരിയിൽ മല്പാനുമാകുന്ന കരിയാട്ടിൽ മാർ യൗസെപ്പെന്ന ശെഹംകൂടെ വരണമെന്നും പള്ളിക്കാറരു പറഞ്ഞാറെ ഉടൻതന്നെ പാതിരിമാരു ആളയച്ചു കരിയാട്ടിൽ മല്പാനെ യൊഗത്തുങ്കൽ വരുത്തുകയും ചെയ്തു. എന്നാൽ കരിയാട്ടിൽ മല്പാൻ വന്നു..............

കാര്യം തന്റെ കൈക്കൽ അമരാത്തവണ്ണം ചെന്നു കലാശമായിരിക്കകൊണ്ടും വിശെഷിച്ചു ഒരു വസ്തു പറയാതെ അടങ്ങി യോഗത്തിന്റെ മനസ്സുപൊലെ കാര്യം വച്ചെയ്ക്കയും ചെയ്തു.

എന്നാറെ മെൽനടപ്പിന്ന എഴുതിത്തരണമെന്നു പാതിരിമാരൊട്ടു യൊഗം ചൊദിച്ച കാൎയ്യങ്ങളാകുന്നതു. ൧-ാമതു മെൽ നാളിൽ മെത്രാൻ കാലം ചെയ്താൽ വിവാദമൊന്നും കൂടാതെ മലങ്കര പള്ളിക്കാൎക്കുതന്നെ കൗറ സാധിപ്പാൻ അനുസരിക്കണമെന്നും ൨-ാമതു പട്ടക്കാറരിലും അമ്മെനികളിലും ആരാനും കഠിനമായ ഒരു കുററം കാട്ടിയാൽ നാലു പള്ളിക്കാറരു കെട്ടു വിധിക്കുന്നതിന്നുമുമ്പിൽ ശിക്ഷയൊന്നും ഉണ്ടാകരുതെന്നും ൩-ാമതു മലങ്കരപള്ളികളിൽ പെരുന്നാൾഘൊഷത്തിന്ന പാതിരിമാരു വന്നാൽ അരുളിക്കഎടുപ്പാൻ പാതിരിമാരു പുറപ്പെടാതെ കുൎബ്ബാനചൊല്ലുന്ന പട്ടക്കാറരുതന്നെ അരുളിക്ക എടുക്കുന്നതിന്ന ഒരു വിഘ്നംവരുത്തിക്കൂടാ എന്നും ൪-ാമതു പല അവകാശങ്ങൾ കൊണ്ടും റൊമായിൽ നിന്നു മൎപ്പാപ്പാ മലങ്കരെ കല്പിച്ച സിമ്നാരി വരാപ്പുഴ ആക്കാതെ ആലങ്ങാട്ടുതന്നെ ആയിരിക്കണമെന്നും മെൽ നടപ്പിന്നു ഇതു നാലുകൂട്ടം കാൎയ്യവും എഴുതി തരണമെന്നും ഇടപ്പള്ളിൽ പള്ളിയുടെ മുടക്കം ഒഴിച്ചു നടപ്പു വരുത്തിക്കൊടുക്കണമെന്നും യൊഗത്തിൽ കൂടിയ പള്ളിക്കാറരിൽ പലരും പറകയും പാതിരിമാരും ഇതൊക്കയും സമ്മതിച്ച ആയതിന്ന ഒരു കടുദാസിൽ ആയതൊക്കയും എഴുതി ലൗറന്ത്യൊസ യുസ്തിനിയാനി എന്ന മെൽവിചാരിപ്പു പാതിരിയും ശെഷം പാതിരിമാരു ഇരുവരും തങ്ങളുടെ കയ്യൊപ്പും മുദ്രികയും യൊഗത്തിന്ന കൊടുക്കയും ഈ എഴുത്തു ഇന്നയൊളം അങ്കമാലി പള്ളിക്കൽ സൂക്ഷിച്ചിരിക്കയും ചെയ്യുന്നു." (220)

"മാർതോമാ ക്രിസ്ത്യാനികളുടെ സത്യവിശ്വാസം" എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതായി ആദ്യം കാണിച്ചവയും ഗോവർണ്ണദോരു പറയുന്നതും തമ്മിൽ പലതിലും വിപരീതമുണ്ട് എന്നു വായനക്കാർക്കു സ്പഷ്ടമായി കാണാവുന്നതാണല്ലൊ.

ഇത്താക്കച്ചനെ പിടിച്ചുകൊണ്ടുവരാൻപോയ സാലെസ് പാദ്രി "എറണാകുളത്തുകാരൻ കണക്കച്ചേരി മത്തായി പാദ്രിയച്ചനേയും വട്ടതല വാഴവേലി അവരാ

(220) പാറേമ്മാക്കിൽ പെ. ബ. ഗൊവണ്ണദോരച്ചൻ എഴുതിയ "വൎത്തമാനപ്പുസ്തകം," പാ. 5—24, 25. പുറങ്ങൾ.

പാദ്രിയച്ചനേയും കൂട്ടായി കൊണ്ടുപോയി എന്നു "സത്യവിശ്വാസം" എന്ന ഗ്രന്ഥത്തിൽ പറയുന്നു; ഗോവണ്ണദോരു എഴുതിയിട്ടുള്ളതിൽ അതു കാണുന്നില്ല.

ഞങ്ങൾ അന്വേഷിച്ചതിൽ പ്രസ്തുത കാലാവധിയിൽ ടി. കുടുംബങ്ങളിൽനിന്നു വൈദികരുണ്ടായിരുന്നതായി കാണുന്നുമില്ല.

കർമ്മലീത്താ പാദ്രിമാരു് എഴുതിക്കൊടുക്കണമെന്നു അങ്കമാലിയിലെ യോഗം അപേക്ഷിച്ചവ എന്തെല്ലാമെന്നു ഗൊവണ്ണദോരു തെളിവായി പറയുന്നുണ്ടു്. "എഴുനൂററിക്കാരുടെ" കാര്യം ഒന്നും അതിൽ ആവശ്യപ്പെട്ടിരുന്നില്ല.

ളൊരെൻസ് യുസ്തിനിയാനി ചെയ്ത തീർമ്മാനത്തിൽ "എഴുനൂററിക്കാർക്കു പട്ടംകൊടുത്തു സുറിയാനി മര്യാദപോലെ നടത്തുകയില്ലെന്നു എഴുതിയിട്ടുള്ളതായി "സത്യവിശ്വാസ"മെന്ന ഗ്രന്ഥത്തിൽ പറയുന്നു.

യോഗം പറഞ്ഞ കാര്യങ്ങൾ സമ്മതിച്ചു ലൗറൻസ്യോസ് യുസ്തിനിയാനി എന്നമേൽവിചാരിപ്പു പാദ്രിയും ശേഷം പാതിരിമാരിരുവരും "കടദാസിൽ എഴുതി" തങ്ങളുടെ കയ്യൊപ്പും മുദ്രികയും യോഗത്തിന്നു കൊടുത്തു; എന്നു ഗോവണ്ണദോരു പറയുന്നു.

"അങ്കമാലിയിൽ വലിയ പള്ളിക്കൽവച്ചു എഴുതിയ ഈ സാധനത്തിന്മേൽ "നമ്മുടെ കയ്യൊപ്പും മുദ്രയും വയ്ക്കുകയും ചെയ്തു" എന്നാണു് "സത്യവിശ്വാസം" എന്ന ഗ്രന്ഥത്തിൽ പറയുന്നതു്.

ളോരെൻസു യുസ്തിനിയാനിയെ "മേൽവിചാരിപ്പു പാദ്രി" എന്നാണു ഗൊവണ്ണദോരു് പറയുന്നതു്.

"കർമ്മലീത്താ ദർശനത്തിൽ ജെനറാൾ മൂപ്പൻ" എന്നാണു "സത്യവിശ്വാസ"മെന്ന ഗ്രന്ഥത്തിൽ പറയുന്നതു്.

പാദുക, നിഷ്പാദുക എന്നീ കർമ്മലീത്താ സഭകളിലൊന്നിലും ളോരെൻസു് യുസ്തിനിയാനി എന്നു നാമധാരിയായ ഒരു ജെനറാൾ ഉണ്ടായിട്ടില്ലാ എന്നാണു

പ്രസ്തുത സഭകളുടെ കേന്ദ്രങ്ങളിൽനിന്നു ഞങ്ങളെ അറിയിച്ചിരിക്കുന്നതു്. (221)

---

(221) കർമ്മലീത്ത നിഷ്പാദുകസഭയിലെ കത്തു്.

In N. S. Ordine nunquam erat Praep. Generalis nomine Laurent. Justiniani (1767—1779 Praep. Genl. R. P. Eusebius a S. Maria) neque quidquam immenitur in libris nostris de visitatione nel dicisione, cui V. Rev. alludit in sua epistola d. d. 8 Augusti,

Romae 28. 9, 1910.

Fr. Clemens Maria.

ഞങ്ങളുടെ വിശുദ്ധ സഭയിൽ ലൌരേൻസ്യൂസ് യുസ്തിയാനി എന്ന നാമധാരിയായി ഒരു ജനറാൾ (പൊതുശ്രേഷ്ഠൻ) ഒരിക്കലും ഉണ്ടായിട്ടില്ല. ൧൭൬൭ മുതൽ ൧൭൭൯ വരെ ഭരിച്ച ജനറാൾ എവുസേബിയൂസ് ആ. സാൻക്ത മരിയ അച്ചനായിരുന്നു. അച്ചന്റെ കഴിഞ്ഞ ആഗസ്റ്റ് ൮-ാംനു-ലെ കത്തിൽ കാണിച്ചിരിക്കും പ്രകാരമുള്ള സന്ദർശനമൊ നിർണ്ണയമൊ സംബന്ധമായി യാതൊന്നും ഞങ്ങളുടെ പുസ്തകങ്ങളിൽ കാണ്മാനില്ല.

കർമ്മലീത്താ പാദുകസഭയിൽനിന്നുള്ള കത്തു്.

Rev. D. Nunquam extitit Prior Generalis nomine Laurentius. Juatiniani, nec unqnam Generalis vel ejus commisarius fuit in India O. Prior Generalis ab anno 1768-1780 fuit Joseph Ximenes; ejus praedecessor Marianus Ventimiglia defunctus est Neapoli. Documentum evidenter est spurium Salutans e. c

Fr. Pius M. Mayen. G. C.

Romae Nov. 11. 1910.

ലൌരേൻസിയൂസ് യുസ്തിനിയാനി എന്ന നാമധാരിയായ ഒരു പ്രിയോർ ജനറാൾ ഞങ്ങൾക്കുണ്ടായിട്ടില്ല. പ്രിയോർ ജനറാളൊ ഇയാളുടെ പ്രതിനിധിയൊ ഒരിക്കലും പൂർവ്വ ഇന്ത്യയിൽ വ-

ഇവയൊക്കയുംകൊണ്ടുതന്നെ എഴുന്നൂററിക്കാരെ പ്പുററിപ്പറയുന്ന രേഖയുടെ സ്ഥിതി എന്താണെന്നു വ്യക്തമാകാതിരിക്കുന്നില്ല. എങ്കിലും ചില കാര്യങ്ങൾക്കൂടെ നമുക്കു പരിശോധിക്കാം.

"എഴുന്നൂററിക്കാർക്കു" "എഴുന്നൂററിപ്പരിഷയ്ക്കു" "പട്ടംകൊടുത്തു സുറിയാനിപ്പട്ടക്കാരുടെ ഉടുഭാവനയിൽ" "വസ്ത്രധാരണാദികളിൽ സുറിയാനി വൈദികരെപ്പോലെ" നടത്തിയതു ക്ഷോഭത്തിന്നു കാരണമായി എന്നാണല്ലൊ പറയുന്നതു്.

"എഴുന്നൂററിപ്പരിഷ" എഴുന്നൂററിക്കാർ" എന്നീ നാമം 19-ാം നൂററാണ്ടിൽ 1832-നടുത്തു — അത്രെ ആവിർഭവിച്ചതെന്നു മുകളിൽ കാണിച്ചിട്ടുണ്ടു്.

അതിന്നുമുമ്പു ഈ നാമം ഉണ്ടായിരുന്നില്ല. എടപ്പിള്ളിപ്പള്ളിയിൽ നടന്ന കലാപാവസരത്തിൽ (1773) "മാർഗ്ഗക്കാർ" എന്നാണു ഇവരെ സംബോധന ചെയ്തിരിക്കുന്നതു്. (222) ഗൊവണ്ണദോർ വരാപ്പുഴ വികാരി അപ്പസ്തോലിക്കയ്ക്കെഴുതിയ ലേഖനത്തിലും ഈ നാമംതന്നെയാണു ഉപയോഗിച്ചിരിക്കുന്നതു്. (223) അങ്ങനെതന്നെ കൊല്ലവർഷം 961-ൽ(ക്രിസ്താബ്ദം 1785) ഇവരുടെ കാര്യം സംബന്ധമായി ഡച്ചുകാരും കൊച്ചീരാജാവും തമ്മിൽ ചെയ്ത നിശ്ചയം, 995 (1819) ലെ പഞ്ചായത്തു വിധി, 999 (1823) ലെ ഹജൂർതീർപ്പു എന്നിവയിലൊന്നിലും എഴുന്നൂററിക്കാർ എന്ന നാമമില്ല.

---

ന്നിട്ടുമില്ല. ൧൬൭൨-ാം കാലം മുതൽ ൧൬൭൭ വരെ യോസേഫ് ക്ലി മേനെസ് പ്രിയോർ ജനരാളായിരുന്നു. ഇദ്ദേഹത്തിൻെറ പുരോഗാമി നെയാപ്പോലിൻ മരിച്ച മത്ഥ്യാന്തൂസ് വെൻതിമീലിയ ആയിരുന്നു.

222 പാറേമ്മാക്കൽ പെ. ബ. ഗോവണ്ണദോരെഴുതിയ വത്തമാനപ്പുസ്തകം. I—4—19.

223 അദ്ധ്യായം 16 നോക്കുക.

ഇങ്ങനെ അന്നില്ലാതിരുന്നതും ഏതാണ്ട് ശതവത്സരാർദ്ധത്തിന്നുശേഷംമാത്രം ആവിർഭവിച്ചതുമായ നാമം പ്രസ്തുത രേഖയിൽ — ലോരൻസ് യുസ്റ്റിനിയാനി കൊടുത്തതായി പറയുന്ന രേഖയിൽ 1773-ൽ—വരുന്നതെങ്ങനെ?

ഇനി എഴുന്നൂററിപ്പരിഷയ്ക്കു 1773- നടുത്തു മാത്രമാണോ പട്ടംകൊടുക്കാൻ തുടങ്ങിയതു് അവരെ സുറിയാനി വൈദികരുടെ ഉട്ടഭാവനയിൽ നടത്തി എന്നു പറയുന്നതു വാസ്തവമാണോ എന്നിവകൂടെ പരിശോധിക്കാം. പൊത്തുഗീസുകാരുടെ കാലത്തു് ലത്തീൻരീതി സ്വീകരിച്ചവരുടെ സന്തതിപരമ്പരകളാണല്ലൊ എഴുന്നൂററിക്കാർ എന്നു പറയപ്പെടുന്നതു്. അവരുടെ റീത്തു് വിവത്തനകാലംമുതൽക്കേ അവരിൽനിന്നു ധാരാളം വൈദികന്മാരുണ്ടായിക്കൊണ്ടിരുന്നു. (224) ഡച്ചുകാരുടെ പ്രവേശനാവസരത്തിൽ അനേകം വൈദികരും വൈദികവിദ്യാത്ഥികളും മരണം കൈവരിക്കാൻ ഇടവന്നിട്ടുണ്ടു്. ഡച്ചുകാരുടെ പ്രവേശനാനന്തരം അവർ പഴയ ക്രൂററുകാരോടു വിരോധം പ്രദർശിപ്പിച്ച അവസരത്തിൽ പഴയ ക്രൂററുകാരുടെ "വൈദികന്മാക്കു വിധിച്ചിട്ടുള്ള തൊപ്പി, കപ്പായം മുതലായവ ധരിച്ചുകൊണ്ടു പട്ടണത്തിൽ പ്രവേശിച്ചുകൂടാ എന്നു വിലക്കി" (225) എന്നിങ്ങനെയുള്ളവകൊണ്ടു പൊത്തുഗീസുകാരുടെ വിഴയാഗാവസരത്തിലും വളരെ വൈദികരുണ്ടായിരുന്നു എന്നതു സ്പഷ്ടമാകുന്നു. കൊച്ചിയിലും കൊടുങ്ങല്ലൂരുമായിരുന്നു ഈ ഭാഗങ്ങളിലെ ലത്തീൻകാരുടെ മതസ്ഥാപനങ്ങൾ സ്ഥിതിചെയ്തിരുന്നതു്. ഡച്ചുകാരുടെ ആക്രമണംകൊണ്ടു അവയെല്ലാം നശിച്ചുപോകയാണുണ്ടായതു്. തൻമൂലം

(224) അദ്ധ്യായം 5 നോക്കുക.
(225) ടി. 6.

ഇവരുടെ കുട്ടികൾക്ക് പഴയ സമ്പ്രദായമനുസരിച്ചു ചെറുപ്പം മുതൽ ലത്തീൻഭാഷയും മററും പഠിക്കുന്നതിന്ന് പ്രയാസം നേരിട്ടു. അനന്തരം വരാപ്പുഴ സെമ്മിനാരി വിസ്തീർണ്ണപ്പെട്ടത്തുന്നതുവരെ വൈദികപദം പ്രാപിച്ചവരിൽ വലിയഭാഗവും ജെസുവിററു സഭാംഗങ്ങൾ നടത്തിയിരുന്ന സെമ്മിനാരിയിലായിരിക്കണം അദ്ധ്യയനം പൂർത്തിയാക്കിയതു്. ആൺകുട്ടികളെ എട്ടാം വയസ്സിൽ കളരികളിൽ അയക്കുകയും ഇരുപത്തഞ്ചുവയസ്സുവരെ അവിടെ ആയുധവിദ്യ പരിശീലിപ്പിക്കയും ചെയ്യണമെന്നും അന്നു നിർബന്ധമുണ്ടായിരുന്നുവല്ലൊ. (സുറിയാനിരീതിക്കാർക്കു പ്രസ്തുത ഘട്ടത്തിൽ ഇതുപോലെയുള്ള പ്രതിബന്ധങ്ങൾ ഒന്നും വൈദികാദ്ധ്യയനത്തിൽ ഉണ്ടായിരുന്നില്ല. പല സെമ്മിനാരികളും അവർക്കു ഏതൽക്കാലത്തുണ്ടായിരുന്നു എന്നതും പ്രസിദ്ധമാണ്.)

ഇങ്ങനെ വൈദിക വിദ്യാഭ്യാസത്തിന്നു ശരിയായ മാർഗ്ഗമില്ലാതെ യുവാക്കന്മാരിൽനിന്നു ആ വിചാരംതന്നെ പൊയ്പ്പോകത്തക്ക സാഹചര്യം, ചെറുപ്പം മുതൽ അങ്കുരിച്ചുവളരുന്ന ആയോധനവാസന,മുതലായവ വൈദിക വർഗ്ഗത്തിൻെറ ക്ഷയത്തെ സഹായിക്കുന്ന കാരണങ്ങളായിരുന്നു. ഇംഗ്ലീഷു ഭാഷാവിജ്ഞാനം (ഗവമ്മേണ്ടു പാസ്സ്) സിദ്ധിച്ചിരുന്നാൽ മാത്രമെ വൈദിക വിദ്യാഭ്യാസത്തിന്നു, യുവാക്കന്മാരെ സ്വീകരിക്കയുള്ളൂ എന്നു നിർബന്ധമുണ്ടാകയും വൈദികജീവിതത്തിന്ന് ആഗ്രഹമുള്ള കുട്ടികളെ ചേർത്തു പഠിപ്പിക്കുന്നതിന്നു പെററിസെമ്മിനാരിയൊ, സൗകര്യമുള്ള സ്ഥലങ്ങളിൽ സ്ക്കൂളുകളൊ ഇല്ലാതിരിക്കയും ചെയ്ത അവസരത്തിൽ വൈദികവിദ്യാർത്ഥികളും വൈദികപദം പ്രാപിക്കുന്നവരും എത്ര വളരെ കുറവായിരുന്നൊന്നുള്ളതു പലർക്കും നേരിട്ടറിവുള്ളതാണല്ലൊ. ആ സ്ഥിതിക്കു, ഇന്നത്തെപ്പോലെ വിദ്യാഭ്യാസമൊ ആദ്ധ്യാത്മികജ്ഞാനം ലഭിക്കു

ന്നതിന്നു മാൎഗ്ഗങ്ങളൊ സുലഭമല്ലാതിരുന്ന അന്നത്തെ കാൎയ്യം പറയാനുണ്ടൊ?

ഈ അസൗകൎയ്യങ്ങളും പ്രതിബന്ധങ്ങളുമെല്ലാം ഉണ്ടായിരുന്നിട്ടും ലത്തീൻരീതിക്കാരിൽനിന്നു ഏറെക്കുറെ വൈദികർ ഉണ്ടാകാതിരുന്നിട്ടില്ല. പലസ്ഥലങ്ങളിലാണു അവർ അദ്ധ്യയനം നടത്തിയിരുന്നതു. കൊച്ചീമെത്രാനും ഗൊവൎണ്ണദോർമാരും മററു സ്ഥലങ്ങളിലിരുന്നു രൂപതയിൽ അധികാരം നടത്തിയിരുന്നല്ലൊ. കർമ്മലീത്താക്കാർ സ്ഥാപിച്ച സെമ്മിനാരിയിൽ വൈദികവിദ്യാഭ്യാസം നടത്തി വൈദികപദം പ്രാപിച്ചവൎക്കു ആരംഭകാലത്തു ഒരു പിശകും പററിപ്പോയിട്ടുണ്ട്. ലത്തീൻരീതിയിലെ വൈദികർ ഓരോ യൂറോപ്യൻ സംജ്ഞ സ്വീകരിച്ചിരുന്ന സമ്പ്രദായമായിരുന്നു ആ പിശകിന്നു കാരണം. ഈ സമ്പ്രദായംനിമിത്തം "പറങ്കി"കളിൽ നിന്നുള്ള വൈദികരേയും നാട്ടുക്രിസ്ത്യാനികളായ ലത്തീൻകാരിൽ നിന്നുള്ള വൈദികരേയും തമ്മിൽ തിരിച്ചറിയാൻ പ്രയാസം നേരിട്ടു. ഈ പിശകു മനസ്സിലായപ്പോൾ ഓരോ വൈദികരുടേയും പേരെഴുതുമ്പോൾ, അവരുടെ സമുദായനാമത്തിന്റെ പ്രഥമാക്ഷരംകൂടെയും ചേൎക്കാൻ തുടങ്ങി എന്നു ചില വൃദ്ധവൈദികരിൽനിന്നു അറിയാനിടയായിട്ടുണ്ട്. ഈ പതിവിനു ശേഷമുണ്ടായ വൈദികരെ അല്ലാതെ അതിന്നു മുമ്പുണ്ടായിരുന്നവരെ ഈ വിദ്യകൊണ്ടു തിരിച്ചറിയാൻ തരമില്ലല്ലൊ. എന്നാൽ മേല്പറഞ്ഞ കാലസന്ധിയിൽ ലത്തീൻരീതിക്കാരായ വൈദികരുണ്ടായിരുന്നെന്നു വേറെ രേഖകൾകൊണ്ട് വെളിവാകുന്നുണ്ട്. ഡച്ചുകാരുടെ ഭരണാരംഭഘട്ടത്തിൽ ചെയ്യേണ്ടതായിവന്ന സത്യം, ഈ ജനവിഭാഗത്തിൽനിന്നു വൈദികപദം നേടി ആത്മികഭരണം നടത്തുന്നവർ ചെയ്യേണമെന്നുണ്ടായിരുന്ന നിയമം (അദ്ധ്യായം 6 നോക്കുക.) ഈ വൈദികർ കൊടുക്കേണ്ടതായി

നിശ്ചയിച്ചിരുന്ന ചുങ്കം (കൊ. രാ. ച. 2-16-607) എന്നിങ്ങനെയുള്ള ചില രേഖകളിൽ ഏതദ്ദേശ്യരായ ലത്തീൻവൈദികരുടെ കാര്യം കാണുന്നുണ്ടു. കൊടുങ്ങല്ലൂർ അതിരൂപതയിൽ പാപസങ്കീർത്തനം കേൾക്കുന്നതിന്നു അനുവാദമുള്ള വൈദികർ ആരെല്ലാമെന്നു പ്രസ്താവിക്കുന്ന ഘട്ടത്തിലും കൊച്ചീരൂപതയിലുള്ള നസ്രാണികളായ പാദ്രിമാരെപ്പററി പറഞ്ഞുകാണുന്നുണ്ടു. (ടി. രൂ. നി. സംഹിത. 11-ാം സഹാ. 1606-ൽ എഴുതിയതു.) ആഞ്ചലൊ ഫ്റൻസീസ്സൊ മെത്രാൻെറ മരണാവസരത്തിലും വൈദികരും ക്ളേരിമാരും കൂടിയിരുന്നതായി പറയുന്നുണ്ടു. (കേ. സ. ചരി. അ: 6-230) 1773-നു 6 വർഷം മുമ്പു—1767-ൽ—ലത്തീൻരീതിക്കാരിൽ പലേ വൈദികരുണ്ടായിരുന്നതായും (226) കാണുന്നുണ്ട്. ഇതിനാൽ 1773-ൽ എഴുന്നൂററിക്കാർക്കു പട്ടംകൊടുത്തപ്പോൾ സുറിയാനിക്കാർ ക്ഷോഭിച്ചു എന്നു പറയുന്നതു തീരെ അസംഗതമായിരിക്കുന്നു.

എഴുന്നൂററിപ്പരിഷയ്ക്കു് പട്ടം കൊടുത്തു് അവരെ സുറിയാനിമര്യാദയിൽ—"ഉടുഭാവനയിൽ സുറിയാനിവൈദികരെപ്പോലെ"—നടത്തിയതു ക്ഷോഭത്തിന്നു കാരണമായി എന്നാണു പറയുന്നതു. ഇതിൻെറ യാഥാർത്ഥ്യം മനസ്സിലാക്കുന്നതിന്നു അക്കാലങ്ങളിൽ, സുറിയാനിരീതിക്കാരായ വൈദികരുടെ ഉടുഭാവനയുടെ സ്വഭാവം എന്തായിരുന്നു? ലത്തീൻരീതിക്കാരായ വൈദികരുടെ ഉടുഭാവനാരീതി എന്തായിരുന്നു? എന്നറിയേണ്ടിയിരിക്കുന്നു.

കേരളീയസീര്യൻ കർമ്മലീത്താ മൂന്നാം സഭയിലെ ഒരു പൂജ്യദേഹവും ടി. സഭയിലെ ഒന്നാമത്തെ പ്രിയോർ ജനരാളുമായിരുന്ന വ. ദി. ശ്രീ ചാവറ കുറിയാക്കോസ്

(226) Status Archidioecesis Verapolitanae pg. 7.

ഏവ്വിയ അച്ചൻ അവർകൾ എഴുതിയതും, പ്രസ്തുത സഭയുടെ സുവർണ്ണജൂബിലിസ്മാരകമായി വൈദികശ്രേഷ്ഠാനുമതിയോടെ 1905-ൽ മാന്നാനം ആശ്രമംവക മുദ്രാലയത്തിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ ചെറുപുസ്തകം, "മലയാളത്തിലെ ക. ദി. മൂ. സഭയുടെ സ്ഥാപകപിതാക്കന്മാർ" എന്ന ഗ്രന്ഥം, വായിച്ചാൽ ഇക്കാര്യം മനസ്സിലാക്കാം. അതിലെ ചില ഘട്ടങ്ങൾ താഴെ ചേർക്കുന്നു.

"സുറിയാനിക്കാരുടെ ക്രമത്തിന്നു തക്കതിൻവണ്ണം അതായത്ു് അവർക്കു......പട്ടം കൊടുക്കുമ്പോൾ ഒന്നുകിൽ ആസ്തപ്പാട്ടം നാലു പട്ടവുംകൂടി ഒരുമിച്ചു ഒരു ദിവസം, അല്ലെങ്കിൽ ഒരിക്കൽ ആസ്തപ്പാട്ടം പിന്നെ നാലു പട്ടവും ഇങ്ങനെ കൊടുക്കുന്നതല്ലാതെ, ചെറിയ പട്ടങ്ങൾ 1-2-3-4. ഇങ്ങനെ വേർതിരിച്ചു കൊടുക്കാറില്ല.

ഇങ്ങനെ ശെമ്മാശ്ശന്മാരായതിൻെറശേഷം മററുള്ള സെമ്മിനാരികളിൽ ശെമ്മാശ്ശന്മാർക്കു പുത്തൻകുർബാന ചൊല്ലുംവരെയും തനിച്ചു ളോവ ഉണ്ടാക്കുക ചട്ടമില്ലായിരുന്നു. എന്നാൽ പെരുന്നാൾ അടിയന്തിരം, ചാവു, മുതലായ സംഗതികൾക്കു ദർമത്തി, കാപ്പ മുതലായതു ഉടുക്കേണ്ടിവരുമ്പോൾ, ആ പള്ളിയിലുള്ള മററു പട്ടക്കാർക്കു കുർബ്ബാന ചൊല്ലുവാനുള്ള അടിയന്തിരത്തിന്നു മാത്രം ഉണ്ടാക്കിയിരിക്കുന്ന ളോവകളെ വാങ്ങിച്ചു ഉടുത്തുംകൊണ്ടു് മേലെഴുതിയ ചിററാഴ്മകൾ നടത്തിവന്നിരുന്നു. എന്നാൽ ഈ ദേഹം വരാപ്പുഴ സെമ്മിനാരിയിൽ മേല്പറഞ്ഞ ചെറിയാൻ മാത്തുമല്പാനച്ചനെ പറഞ്ഞു സമ്മതിപ്പിച്ചതിനാൽ അദ്ദേഹവും പഠിക്കുന്ന ശെമ്മാശ്ശന്മാരും വെളുത്ത നിറത്തിലുള്ള ളോവ ഉണ്ടാക്കിച്ചു ധരിച്ചുവന്നിരുന്നു. ഈ സംഗതി ഇദ്ദേഹത്തിൻെറ നാവാലെതന്നെ പറഞ്ഞു ഞാൻ കേട്ടതാണ്. എങ്ങനെയെന്നാൽ വരാപ്പുഴ സെമ്മിനാരിയിൽ ലത്തീൻകാരരു് കറുത്തനിറത്തിലുള്ള ളോവ ഉടുത്തുകൊണ്ടും സുറിയാ

നിക്കാരു് അവരുടെ പൂൎവ്വന്മാരെപ്പോലെ അധികം വീതിയായിട്ടുള്ള കാൽകുപ്പായവും മുട്ടുകഴിഞ്ഞു ഏകദേശം എട്ടുവിരൽ നീളവും കൈകൾ കാൽകുപ്പായത്തിന്റെ വീതിപോലെ അധികം വീതിയും മണിക്കെട്ടുവരെ നീളവും കഴുത്താരം എട്ടുവിരൽ വീതിയിൽ പുറകോട്ടു മടക്കിയിട്ടും ഉള്ള ഒരു കമ്മീസും ഇട്ടു വയറുവരെ നീളമുള്ള ഒരു കൊന്തയുമിട്ടു തോളിൽ ഒരു നാടൻ മുണ്ടുമായി അത്രെ ശെമ്മാശന്മാരും പട്ടക്കാരും എപ്പോഴും എല്ലായിടത്തും നടക്കുന്നതു്. അപ്രകാരംതന്നെ മേല്പട്ടക്കാരുടെ മുമ്പിലും പോയിരുന്നു. ഇങ്ങനെയിരിക്കയിൽ ഒരു മൂപ്പച്ചൻ യൂറോപ്പിൽനിന്നു പുത്തനായിട്ടു വരാപ്പുഴെ വന്നിറങ്ങിയപ്പോൾ, ലത്തീൻകാരും സുറിയാനിക്കാരുംകൂടി വരാപ്പുഴെ കടവിൽ ചെന്നു. അദ്ദേഹം കരക്കിറങ്ങിയ ഉടൻ, ലത്തീൻകാരെക്കണ്ടു പട്ടക്കാരു എന്നറിഞ്ഞു് തക്ക ആചാരംചെയ്തു. സുറിയാനിക്കാരെക്കണ്ടാറെ അൾമ്മേനികൾ എന്നു വിചാരിച്ചു യാതൊരു ബഹുമാനവും ചെയ്തില്ല. ഇതിന്റെശേഷം (ഇദ്ദേഹം) പെ. ബ. തോമ്മാ മല്പാനച്ചൻ, മേലെഴുതിയ മാത്തുമല്പാനച്ചോടു ഗുണദോഷമായി പറഞ്ഞതായതു്: ഈവണ്ണം നടക്കുന്നതു് പട്ടക്കാൎക്കു ഒട്ടുംതന്നെ മുറയല്ലായ്കയാലത്രെ ഇദ്ദേഹം നമ്മെ അറിയാഞ്ഞതു. ആയതുകൊണ്ടു ഇനിയെങ്കിലും ളോവ ഉടുത്തു നടക്കണം. ആയതിന്നു അച്ചൻ ഒരു മനസ്സുവെച്ചാൽ ഞാൻ ഉത്സാഹിച്ചു നടത്തിക്കൊള്ളാം എന്നു പറഞ്ഞപ്പോൾ ഇവരെപ്പോലെ കറുപ്പുടുത്തു നടക്കാൻ കഴികയില്ലാ എന്നു പറഞ്ഞു.

എന്നാൽ കറുപ്പുവേണ്ടാ വെള്ള ആകട്ടെ എന്നു പറഞ്ഞു സമ്മതിപ്പിച്ചു. ഈ ദേഹവും പിച്ചിപൗലോസ് കത്തനാരച്ചനുംകൂടി കൊച്ചിയിൽപോയി ഏതാനും വെള്ളക്കച്ച വാങ്ങിച്ചു. മല്പാനച്ചനും ശെമ്മാശ്ശ

ന്മാർക്കും, അന്നു വരാപ്പുഴെ പാർത്തിരുന്ന പട്ടക്കാർക്കും ളോവ കുത്തിച്ചു കൊടുക്കുകയുംചെയ്തു. അതിന്റെശേഷം മെത്രാനച്ചനെക്കാണ്മാൻ വരാപ്പുഴെ ചെല്ലുമ്പോൾ ളോവ ഇട്ടുകൊണ്ടേ മെത്രാനച്ചന്റെ മുമ്പിൽ ചെന്നുകൂട എന്നൊരു സ്വരം ഉണ്ടായി. അതിനാൽ ശെമ്മാശ്ശന്മാരും ളോവ കുത്തിക്കണം എന്നുള്ള ഒരു ചട്ടംതുടങ്ങി. ഇങ്ങനെ നടത്തിവരികയിൽ, മേല്പറഞ്ഞവരെ പട്ടമേല്പിക്കാൻ ഭാവിച്ചപ്പോൾ ളോവ, സുർപ്പലേസ്, ഒക്കെയും അവൎക്കുണ്ടായതിൽ പിന്നയത്രെ അനുവദിച്ചതു്.

ഇങ്ങനെ നടന്നുവന്നതിന്റെശേഷം രണ്ടു ശെമ്മാശ്ശന്മാരും ഒരുവാലിഭക്കാരനും മരിച്ചതിനാൽ പലരും കുററംപറഞ്ഞു തുടങ്ങി. അതായതു: വടയാററും കുമരകത്തും മററുമുള്ള മല്പാന്മാരോടുകൂടി പള്ളിയകത്തും മനസ്സുപോലെ നിലത്തും ഇരുന്നും നടന്നും വായിക്കുകയും ചെയ്തുവരുന്നതുപോലെയല്ലാതെ, ളോവ ഉടുത്തുകൊണ്ടു ക്രമമായി അവിടത്തന്നെ ഇരുന്നും സെമ്മിനാരി നടത്തുന്നു. ഇങ്ങനെയുള്ള ഞെരുക്കത്താലത്രെ ശെമ്മാച്ചന്മാരു ചാകുന്നതു എന്നും പറഞ്ഞിരുന്നു......

സുറിയാനിഭാഷയിൽ ശാസ്ത്രപുസ്തകങ്ങളും, തെയൊലോജിയാ, മൊരാൾ ഇങ്ങനെയുള്ള പട്ടക്കാർക്കു ആവശ്യമായ പുസ്തകങ്ങൾ ഇല്ലായ്കനിമിത്തം, ഉണ്ടാകുന്ന നാശങ്ങളെ കാൺകയിൽ ഇദ്ദേഹവും ഏററവും സങ്കടപ്പെട്ടു.

പട്ടക്കാർക്കുടുത്ത അറിവിന്നു തക്കതായ പഠിതമുണ്ടാകേണമെങ്കിൽ, ലത്തീൻഭാഷ പഠിക്കണം എന്നു നിശ്ചയിച്ചു. ചിലരെയെങ്കിലും പഠിപ്പിച്ചാൽ അവരുവഴിയായി ശേഷംപേർക്കും ഉപകാരമുണ്ടാകുമെന്നു വിചാരിച്ചു. ആകയാൽ ഞങ്ങൾ അറിയാതെ മിലേസ്യാ മെത്രാനച്ചനെ ഈ സംഗതി ബോധിപ്പിച്ചു. നിക്കോലാവോസ് മൂപ്പച്ചനു് ഇദ്ദേഹത്തിന്റെനേരെ അധികസ്നേഹമാ

യിരുന്നതിനാൽ, വേണ്ട സഹായങ്ങൾ ചെയ്യാമെന്നു പറഞ്ഞു. അപ്രകാരം ഞങ്ങൾ മൂവരേയും കൂട്ടിക്കൊണ്ടു വരാപ്പുഴെ കൊണ്ടുപോയാക്കി. സിമ്മനാരിക്കു പുറത്തു കിണററിന്റെ പടിഞ്ഞാറുവശമുള്ള മുറിയിൽ ഞങ്ങൾ പാപ്പാനും പഠിതപത്തിന്റെ നേരത്തു് ലത്തീൻകാരുടെ സെമ്മിനാരിയിൽപ്പോയി പഠിച്ചുകൊള്ളണമെന്നും, തീനം കിടപ്പും ഈ മുറിയിൽ കഴിച്ചുകൊള്ളണമെന്നും എന്തൊരാവശ്യം നിങ്ങൾക്കുണ്ടായിരുന്നാൽ ഒക്കെയും മൂപ്പച്ചനോടു പറഞ്ഞാൽ നടത്തിത്തരുമെന്നും പറഞ്ഞു കൊണ്ടു ഇദ്ദേഹം പള്ളിപ്പുറത്തിന്നു പോയി........ ആ കാലങ്ങളിൽ പട്ടക്കാരു് ളോവ ഉടുത്തു നടക്ക മയ്യാദയില്ലായിരുന്നു. എങ്കിലും വരാപ്പുഴെ സെമ്മിനാരിയുടെ മുറയ്ക്കു പട്ടമേററ നാൾമുതൽ താൻ അപ്രകാരം ക്രമത്തോടുകൂടെ നടന്നുവന്നു. ഈ കാലങ്ങളിൽ വരാപ്പുഴെ വികാരി അപ്പസ്തോലിക്ക ആയിട്ടു മിലേസ്യപ്രന്തർ ഗാസ്ത എന്ന ഇംഗ്ലീഷ് മെത്രാനച്ചൻ റോമായിൽനിന്നുതന്നെ വാഴ്ചയും കൈക്കൊണ്ടുവരാപ്പുഴെ വന്നു ........ പള്ളികളിൽ നടന്നു സിമിത്തേരി വേണമെന്നും ആയതിൽ ശവം അടക്കേണമെന്നും കുമ്പസ്സാരക്കൂട്ടു് ഉണ്ടാക്കേണമെന്നും കൊമ്പിരിയ ഉണ്ടാക്കേണമെന്നും മററുമുള്ള ചട്ടം ഇദ്ദേഹം കല്പിച്ചു. അതിനുമുമ്പു പള്ളികളിൽ പ്രത്യേകം സുറിയാനി പള്ളികളിൽ ദർശനവും (കൊമ്പിരിയ എന്നുള്ള ക്രമം) ഉണ്ടായിട്ടില്ല. "സിമിത്തേരിയും കുമ്പസ്സാരക്കൂടും ലത്തീൻപള്ളികളിലും ഇല്ലാഞ്ഞു." (227)

ഇദ്ദേഹത്തിന്റെ അപ്രതിഷേധ്യങ്ങളായ വാക്കുകളിൽനിന്നു ലത്തീൻറീത്തുകാരായ വൈദികരുടേയും സു

(227) മലയാള ക. ദി. മൂ. സഭയുടെ സ്ഥാപകപിതാക്കന്മാർ 3-4-5-8-9-10-19.

റിയാനി റീത്തിലുണ്ടായിരുന്ന വൈദികരുടേയും വേഷവിധാനങ്ങൾ (ഉടുഭാവന) എങ്ങിനെയായിരുന്നു എന്നു വ്യക്തമാവുന്നുണ്ട്.

അങ്കമാലിയിൽ കൂടിയ യോഗത്തിൻെറ ആലോചനയിലൊ, "പാതിരിമാരു" എഴുതിക്കൊടുക്കണമെന്നു യോഗം ആവശ്യപ്പെട്ടകാൎയ്യങ്ങളിലൊ എഴുനൂററിക്കാരുടെ കാൎയ്യം ഉണ്ടായിരുന്നില്ല. ഇങ്ങനെ ആലോചനാവിഷയമാകാത്തതും ആവശ്യപ്പെടാത്തതുമായ കാൎയ്യം "തീൎമ്മാനത്തിൽ" വരുവാൻ ഇടയില്ല. മാത്രമല്ലാ ഇക്കാൎയ്യം തീർമ്മാനത്തിൽ വന്നിട്ടുള്ളതായി ഗൊവൎണ്ണദോരും പറയുന്നുമില്ല. വിശേഷിച്ചും "എഴുനൂററിപ്പരിഷ" എഴുനൂററിക്കാർ എന്ന നാമം ഈ ആലോചനയും തീർമ്മാനവും ഉണ്ടായി ഏകദേശം അര നൂററാണ്ടു കഴിഞ്ഞ ശേഷമാണ് ഉണ്ടായിട്ടുള്ളതു. 1773-നു മുമ്പു, എന്നല്ലാ കൊടുങ്ങല്ലൂർ സെമ്മിനാരി സ്ഥാപിച്ചതുമുതൽ ലത്തീൻരീതിക്കാരിൽ—പിൽക്കാലങ്ങളിൽ "എഴുനൂററിക്കാർ" എന്നു വിളിക്കപ്പെട്ട ലത്തീൻരീതിക്കാരിൽ— പല വൈദികരുണ്ടായിക്കൊണ്ടിരുന്നു.

ഈ തീർമ്മാനം നടന്നു ഏതാണ്ടു അര നൂററാണ്ടു കഴിയുന്നതുവരെ സുറിയാനിരീതിയിലെ വൈദികരുടെ ഉടുഭാവന,—വസ്ത്രധാരണാരീതി- ഇന്നത്തേതിൽ നിന്നു വളരെ വ്യത്യസ്തമായിരുന്നു. ആ ഉടുഭാവന ലത്തീൻരീതിയിലെ വൈദികർ ഒരിക്കലും അനുകരിച്ചിട്ടില്ല; നേരെമറിച്ചു ലത്തീൻരീതിയിലെ വൈദികർക്കു ആരംഭംമുതൽ ഉണ്ടായിരുന്ന വസ്ത്രധാരണാരീതി സുറിയാനീരീതിയിലെ വൈദികർ അനുകരിക്കയാണ് ചെയ്തിട്ടുള്ളതു്. ഇങ്ങനെയുള്ള കാരണങ്ങളാൽ, പ്രസ്തുത രേഖയിൽ "എഴുനൂററിപ്പരിഷ"യിലെ വൈദികരേപ്പററി പറഞ്ഞിരിക്കുന്നതു കൃത്രിമമാണ് എന്നു കരതലാമലകംപോലെ തെളിയുന്നു. ഈ ന്യായത്താൽതന്നെ "മാർതോമാക്രിസ്

ത്യാനികൾ" എന്ന ഗ്രന്ഥത്തിൽ, "എഴുന്നൂററിക്കാക്കു പട്ടംകൊടുത്തു്, അവരെ വസ്ത്രധാരണാദികളിൽ സുറിയാനി വൈദികരെപ്പോലെ നടത്തി, അതു സുറിയാനിക്കാരിൽ ക്ഷോഭത്തിന്നു കാരണമായി." (228) എന്നു പറഞ്ഞിരിക്കുന്നതും ശരിയല്ല, അബദ്ധമാണു എന്നു സ്പഷ്ടം.

ചരിത്രങ്ങൾ മങ്ങിയും മറഞ്ഞും പോകയും ഈവക ക്രിത്രിമരേഖകളും ഊഹാപോഹങ്ങളും പുറപ്പെടുകയും ചെയ്തതിനാലാണു് പ്രസ്തുത ഗ്രന്ഥത്തിൽ ഈ അബദ്ധം വരാനിടയായിട്ടുള്ളതു് എന്നു ന്യായമായി വിചാരിക്കാം.

ഓരോ പ്രസ്താവനകളുടേയും പ്രകൃതം ഇങ്ങനെയൊക്കെയായിരിക്കെ 1924–ഫെബ്രുവരി 12–ാംനു–യിലെ നസ്രാണി ദീപികയിലും ചില ഗ്രന്ഥങ്ങളിലും മററുമുള്ള പ്രസ്താവനകളെ പ്രത്യേകിച്ചു് വിമർശിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

(228) മാർതോമാക്രിസ്ത്യാനികൾ. 2–17–183

# അദ്ധ്യായം ൨൯

**കത്തോലിക്കരും രാഷ്ട്രവും—കേരളീയകത്തോലിക്കരും രാജഭക്തിയും—കേരളീയകത്തോലിക്കരും ബ്രിട്ടീഷ്, കൊച്ചി, തിരുവിതാംകൂർ ഗവർമ്മേണ്ടുകളും.**

**കത്തോലിക്കരും. രാഷ്ട്രവും**

രാഷ്ട്രം നീതിപരവും, അതിന്റെ ശാസനങ്ങൾ ദൈവപ്രമാണങ്ങൾക്കും സ്വന്തം മനസ്സാക്ഷിക്കും വിരുദ്ധവുമല്ലാത്തതായിരിക്കുമ്പോൾ ഒരു യഥാർത്ഥ കത്തോലിക്കൻ ആ രാഷ്ട്രത്തിന്റെ വിശ്വസ്തനായ ആജ്ഞാനുവത്തകനും സവ്വഥാ അതിന്റെ സംരക്ഷകനുമായിരിക്കുമെന്നുള്ളതു നിസ്തക്കമായ സംഗതിയത്രെ.

**കത്തോലിക്കരും സ്വദേശസ്നേഹവും.**

സ്വദേശസ്നേഹം എന്നതു് നീതി എന്ന സാന്മാൎഗ്ഗികതത്വത്തോടു ആപേക്ഷികബന്ധമുള്ളതും പിതൃഭക്തിയെ സംബന്ധിക്കുന്നതുമായ ഒരു കാൎയ്യമായിട്ടാണു് കത്തോലിക്ക് സഭയും തൽസന്താനങ്ങളും കരുതിപ്പോരുന്നതു്. ലോകമഹായുദ്ധം നടന്നുകൊണ്ടിരുന്ന അവസരത്തിൽ യൂറോപ്പിൽ ഇവയ്ക്കെല്ലാം ഉത്തമദൃഷ്ടാന്തങ്ങൾ നാം കണ്ടിട്ടുള്ളതാണല്ലോ. കത്തോലിക്കരുടെ കണ്ണും കൈകളുമെന്നു പറയത്തക്ക ഭാഗങ്ങളായ വൈദികരോടും മതസ്ഥാപനങ്ങളോടും വൈരസ്യം പ്രദർശിപ്പിച്ചും മതസ്ഥാപനങ്ങൾ ഉച്ചാടനം ചെയ്തും കൊണ്ടിരുന്ന ഫ്രാൻസിനു മേല്പറഞ്ഞ വിപൽസന്ധിയിൽ കത്തോലിക്കരും അവരുടെ വൈദികരും മതസ്ഥാപനങ്ങളുമായിരുന്നു കാൎയ്യമായ അവലംബം എന്നുള്ളതു ജഗൽപ്രസിദ്ധമായിട്ടുണ്ടു്. കേരളീയകത്തോലിക്കർ രാജഭക്തിയിലും രാഷ്ട്രസേവനത്തി

ത്തിലും അധികതീയരാണെന്നുള്ളതു് സുപ്രസിദ്ധമായ ഒരു പരമാൎത്ഥം മാത്രമാണല്ലോ.

ലത്തീൻ കത്തോലിക്കരും ബ്രിട്ടീഷ് ഗവൎമ്മെണ്ടും.

എന്നാൽ കേരളത്തിലെ ലത്തീൻകത്തോലിക്കർ പാശ്ചാത്യവും ഏതദ്ദേശീയവുമായ ഗവർമ്മേണ്ടുകളോടു പൂൎവ്വംമുതല്ക്കേ ചില പ്രത്യേകബന്ധങ്ങൾ ഉള്ളവരാണു്. കേരളത്തിൽ, എന്നല്ലാ ഇൻഡ്യയിൽ, അധികാരപൂൎവ്വം ആദ്യം പ്രവേശിച്ച പാശ്ചാത്യർ, പൊത്തുഗീസുകരാണല്ലോ: അവർ ഇവിടെ വന്നപ്പോൾ കേരളത്തിൽ അന്നുണ്ടായിരുന്ന സ്വതന്ത്രമായ ഒരു ക്രിസ്തീയജനവിഭാഗം, അവരെ തങ്ങളുടെ മേൽകോയ്മയായി സ്വീകരിച്ചു്, പുരാതന പെരുമാക്കന്മാരിൽ നിന്നു തങ്ങൾക്കു സിദ്ധിച്ചിരുന്ന അവകാശങ്ങൾ അനുഭവിച്ചുപോന്നിരുന്നു. (229) പൊത്തുഗീസുകാരുടെ വിയോഗാനന്തരം ഡച്ചുകാരുടെകീഴും ഇവയെല്ലാം അവർ അനുഭവിച്ചിരുന്നു. ബ്രിട്ടീഷ്കാർ കൊച്ചി പിടിച്ചപ്പോൾ ഡച്ചുകാരുടെ കീഴ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന അവകാശങ്ങളെല്ലാം തങ്ങളും പരിരക്ഷിക്കുന്നതാണെന്നു ബ്രിട്ടീഷ്കാർ ഉടമ്പടി ചെയ്തിട്ടുണ്ടു്.

ഡച്ചുകാർ ബ്രിട്ടീഷുകാർക്കു കൊച്ചിക്കോട്ട ഒഴിഞ്ഞുകൊടുത്തപ്പോൾ ഉണ്ടായ ഉടമ്പടി.

| ഡച്ചുകാർ ആവശ്യപ്പെട്ടതു്. | അതിന്നുള്ള മറുപടി. |
|---|---|
| ഇംഗ്ലീഷ് രാജാവിന്റെയും 'ഈസ്റ്റിൻഡ്യാ കമ്പനി'യുടെയും വക പട്ടാളങ്ങളുടെ നായകനായ ൭൭-ാം നമ്പ്ര് പട്ടാള | കൊച്ചിയിലെ സൈന്യം തടവുകാരായിരിക്കും. നാളെ ഉച്ചയ്ക്കു ൧൨ മണിക്കു കോട്ടയെ ബ്രിട്ടീഷ് മഹാരാജാവിന്നു ഒഴി |

(229) അദ്ധ്യായങ്ങൾ 3—6—നോക്കുക.

ത്തിലെ മേജർ പെററിയോടു ഇമ്മാസം ൨൦-ാംനു- ഈ സ്ഥലം ഒഴിഞ്ഞു കൊടുക്കാമെന്നും പട നിറുത്തിവെക്കണമെന്നും പറയുന്നു.

൧-ാം വകുപ്പ്.

കൊച്ചിയെ കാത്തുരക്ഷിച്ചിരുന്നു പട്ടാളക്കാരും അവരുടെ നേതാക്കന്മാരും "ബേഗേററിൽ" കൂടി ആയുധങ്ങൾ, പറക്കും കൊടികൾ, കത്തുന്ന തീത്തിരികൾ, സാമാനങ്ങൾ ഇതുകളോടുകൂടി തമ്പോറടിച്ചുംകൊണ്ടു മാന്യാവസ്ഥയോടെ രണ്ടു പീരങ്കികളും അതിന്നുവേണ്ടുന്ന അനുസാരികളുമായി പുറത്തിറങ്ങിപ്പോകുന്നതാണ്.

൨-ാം വകുപ്പ്.

കൊച്ചിസൈന്യത്തിലെ എല്ലാ ഭടന്മാരേയും ഉദ്യോഗസ്ഥന്മാരേയും താമസത്തിന്നു ഇടയാകാതെ കഴിയുന്നതും വേഗത്തിൽ ഇംഗ്ലീഷുകാരുടെ ചിലവിന്മേൽ ഇംഗ്ലീഷു കപ്പലുകളിൽ കയററി ബ:ററവിയായിലേക്കൊ സിലോണിലേക്കോ അയക്കണം.

൩-ാം വകുപ്പ്.

ഉദ്യോഗസ്ഥന്മാരെയും ഭടന്മാ

ഞ്ഞുതരണം. അപ്പോൾ മേജർ പെററി നിയോഗിക്കുന്നതായ സേനാസംഘങ്ങൾക്ക് "ബേഗേററ്" "ന്യൂഗേററ്" എന്ന കോട്ടവാതലുകൾ ഒഴിഞ്ഞു കൈവശം കൊടുക്കണം.

൧-ാം വകുപ്പ്.

പട്ടാളക്കാരെ അപേക്ഷപ്രകാരം പുറത്തു എറങ്ങിപ്പോകുവാൻ അനുവദിക്കാം. എന്നാൽ അവരുടെ ആയുധങ്ങൾ മൈതാനത്തിൽ വെച്ചുംകൊണ്ടു തടവുകാരുടെ നിലയിൽ തിരിയെ വരണം.

൨-ാം വകുപ്പ്.

സമ്മതിക്കുവാൻ പാടില്ല. പട്ടാളങ്ങളെ പ്രധാന സേനാനായകന്നു ശരിയെന്നു തോന്നുന്നതുപോലെ അയയ്ക്കും.

൩-ാം വകുപ്പ്.

സമ്മതിക്കാം. അടിമകളെ

രെയും യാതൊരു പരിശോധനയും കൂടാതെ അവരുവരുടെ സാമാനങ്ങൾ കൊണ്ടുപോകുവാൻ അനുവദിക്കണം. അവരുടെ ശിഷ്യരേയും അടിമകളേയുംകൂടെ അയക്കണം. കല്യാണം കഴിച്ചിട്ടുള്ളവർ കുടുംബങ്ങളെക്കൂടെ കൊണ്ടുപോകുവാൻ സമ്മതിക്കണം.

ഒഴിച്ചു്; അടിമ എന്ന നാമംകൂടി ബ്രിട്ടീഷ്രാജ്യങ്ങളിൽ അറിഞ്ഞിട്ടില്ല;

൪-ാം വകുപ്പ്.

ഗവർണ്ണർ, സഭയിലെ അംഗങ്ങൾ, പൊല്ലീസുദ്യോഗസ്ഥന്മാരു്, കച്ചോടക്കാരു്, വൈദികന്മാരു്, കടൽസൈന്യത്തിലും കരസൈന്യത്തിലും പെട്ടവർ, ഡച്ചുകമ്പനിയുടെ ശമ്പളക്കാരായ ശേഷംപേരു്, വെള്ളക്കാരൊ നാട്ടുകാരൊ ആയ കൊച്ചിയിലെ കുടിയാനവർ, ഇവർക്കു് അവരവരുടെ ദേഹവും സ്ഥാവര ജംഗമസ്വത്തുക്കളുംകച്ചോടസാമാനങ്ങളുംമറ്റും യാതൊരുവൻെറയും തടസ്ഥമൊ നേർച്ചയൊ കൂടാതെ ഉപദ്രവരഹിതമായി ഉപയോഗിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം.

൪-ാം വകുപ്പ്.

എല്ലാ സ്വകാര്യസ്വത്തുക്കളും പരിശുദ്ധ സ്വത്തുക്കളെപ്പോലെ ഗണിക്കുന്നതാണു്.

൫-ാം വകുപ്പ്.

മുൻവകുപ്പിലെ നിശ്ചയങ്ങളിൽ ഇപ്പോൾ ഇവിടെ വന്ന കമ്പനിയുടെ കണക്കുകൾ എഴുതിവരുന്ന പുറക്കാട്ടു പാണ്ടി

൫-ാം വകുപ്പ്.

അയാളുടെ വക ഇവിടെയുള്ള ഏടപാടുകൾ ഒതുക്കുന്നതിനു ന്യായമായ സമയം അനുവദിക്കാം. എന്നാൽ അയാളും ത

കശാല പ്രമാണിയും റസിഡ ണ്ടുമായ ജെ. എ. ഷീററ്സ് എന്നാളും കൂടി ഉൾപ്പെടേണ്ടതും അയാളെ തിരിയേ പോയി അയാളുടെ ഉദ്യോഗത്തിൽ പ്രവേശിപ്പാൻ അനുവദിക്കേണ്ടതുമാകുന്നു.

൬—ാം വകുപ്പ്.

ഗവർണ്ണർ, സഭാംഗങ്ങൾ, പൊല്ലീസ്കാർ, കച്ചോടക്കാർ, വൈദികന്മാർ, മററു ശമ്പളക്കാർ ഇവർക്ക് അവരവരുടെ കുടുംബത്തിലെ സ്ത്രീ പുരുഷന്മാരു് അടിമകൾ അവരുടെ സ്വത്തുക്കൾ കൂടെ കൊണ്ടുപോകുന്നതിന്നും എല്ലാവരേയും ബ്രിട്ടീഷ് ഗവർമ്മേണ്ടു ചിലവിന്മേൽ കൊളമ്പിലേക്കൊ, ബറേറവിയായിലേക്കൊ എത്തിക്കുന്നതിന്നും അതിന്നുവേണ്ട കപ്പലുകൾ കൊടുക്കുന്നതിന്നും അനുവദിക്കണം.

൭—ാം വകുപ്പ്.

അനാഥശാലവകക്കും സാധുജന പരിപാലനത്തിന്നും വച്ചിരിക്കുന്ന പണങ്ങൾ ആ വകയ്ക്കു് പ്രത്യേകം വച്ചിരിക്കുന്നതാകയാൽ അടക്കി എടുക്കരുതു്.

ടവുകാരന്റെ നിലയിൽ നില്ക്കേണ്ടതാണു്.

൬—ാം വകുപ്പ്.

ഇതിന്റെ ഉത്തരം ൨-ാം വകുപ്പിൽ പറഞ്ഞിട്ടുണ്ടു്.

൭—ാം വകുപ്പ്.

ഈ വകുപ്പിൽ പറയുന്ന മുതൽ ബ്രിട്ടീഷ് മഹാരാജാവിന്റെ വകയായിരിക്കും. അതിനെ നിശ്ചയിച്ചുവച്ചിരിക്കുന്ന ആവശ്യങ്ങൾക്കു് വിനിമയം ചെയ്വാൻ മഹാരാജാവു ശരിയായ ഏർപ്പാടുകൾ ചെയ്യുന്നതാണു്.

൮-ാം വകുപ്പ്.

കമ്പനിയുടെ കീഴിൽ രാജ്യഭാരം സംബന്ധിച്ചും മററും ഇപ്പോൾ ഇവിടെത്തന്നെ താമസിക്കുവാൻ ഇഷ്ടപ്പെടുന്നതുമായ എല്ലാ ഉദ്യോഗസ്ഥന്മാരേയും ബ്രിട്ടീഷു കൊടിയുടെ രക്ഷയിൽ വെച്ചിരിക്കണം.

൯-ാം വകുപ്പ്.

കമ്പനിവകയായി ഇവിടെ ഉള്ള എല്ലാ കച്ചോടചരക്കുകൾ, മരുന്ന്, തോക്ക്, ഉണ്ട, ആയുധങ്ങൾ, ഭക്ഷണസാധനങ്ങൾ മററു സാമാനങ്ങൾ മുതലായി എല്ലാത്തിന്റെയും പ്രത്യേകം ഒരു ലിസ്റ്റ് സഹിതം അവയെ ഏററുവാങ്ങുവാൻ നിയമിക്കുന്ന കമ്മിസ്സാരിമാർ പക്കൽ സത്യമായി ഏല്പിച്ചുകൊടുക്കുന്നതും ലിസ്റ്റിന്റെ ശരിയായ ഒരു പ്രതി മേജർ പെററിപ്ക്കൽ കൊടുക്കുന്നതുമാണ്.

൰-ാം വകുപ്പ്.

കമ്പനിവക കോട്ടകൾ, ഗവമ്മേണ്ടുവിട്ട്, എല്ലാ ആയുധശാലകൾ, മററു പൊതുവായുള്ള എടുപ്പുകൾ മുതലായവയെ ഇപ്പോൾ ഇരിക്കുന്നതുപോലെ സൂക്ഷിച്ചുവെയ്ക്കണം. പൊളിച്ചുകളയരുത്.

൮-ാം വകുപ്പ്.

ഇവിടെ ഇരിക്കുവാൻ മനസ്സുള്ളതും ബ്രിട്ടീഷുമഹാരാജാവിന്റെ കീഴമർന്ന് ഇരിക്കാമെന്നു സത്യം ചെയ്യുന്നതുമായ എല്ലാവർക്കും ബ്രിട്ടീഷുകാരുടെ സർവ്വപ്രകാരേണയുള്ള രക്ഷയും കിട്ടുന്നതാണ്.

൯-ാം വകുപ്പ്.

ബ്രിട്ടീഷുമഹാരാജാവിന്റെ കല്പനപ്രകാരം ഉപയോഗിക്കുന്നതിന്നായി ഇതിൽ പറയുന്ന എല്ലാ സാധനങ്ങളും മേജർ പെററി നിയമിക്കുന്ന ആൾ പക്കൽ ഏല്പിച്ചുകൊടുക്കേണ്ടതാകുന്നു.

൰-ാം വകുപ്പ്.

കൊച്ചിയിൽ കോട്ടയേയും മററു പൊതുവായ കെട്ടിടങ്ങളേയും പ്രധാന സേനാനായകനൊ അവിടുന്നു നിയമിക്കുന്ന ആളൊ തക്കസമയത്തു നിശ്ചയിക്കുന്നവിധത്തിൽ വ്യാപരിക്കുന്നതാണ്.

൧൫-ാം വകുപ്പ്.

ഡച്ചുപള്ളിയിൽ നടത്തിവരുന്ന പുത്തൻക്രമം അനുസരിച്ചുള്ള ദേവാരാധന ചെയ്യാൻ അനുവദിക്കണം.

൧൫-ാം വകുപ്പ്.

സമ്മതിക്കുന്നു.

൧൬-ാം വകുപ്പ്.

വരാപ്പുഴ കൊവേന്തയേയും മററു പഴയക്രൂറു പള്ളികളേയും ഹിന്തുക്കളുടെ ക്ഷേത്രങ്ങളേയും ഡച്ചുകമ്പനി രക്ഷിച്ചുവന്നതുപോലെ രക്ഷിക്കണം.

൧൬-ാം വകുപ്പ്.

ബ്രിട്ടീഷുഗവമ്മേണ്ടു് എല്ലാ ഇടത്തും മതനടപടികളെ രക്ഷിക്കുന്നുണ്ടു്.

൧൭-ാം വകുപ്പ്.

സങ്കരജാതിക്കാരായ തൊപ്പാസന്മാര്, ഉൾനാട്ടുക്രിസ്ത്യാനികൾ, ബന്ന്യാന്മാര്, തട്ടാന്മാര്, ചായക്കാര്, വണ്ണാന്മാര്, ചക്കിലിയർ മുതലായവർ ഡച്ചുകമ്പനിക്കു കീഴമർന്ന കുടിപതികൾ ആകയാൽ അവരുടെ സ്വത്തുക്കളെ കമ്പനി കീഴിൽ അവർ കൈവശം വെച്ച് അനുഭവിച്ചുവന്നിരുന്നതുപോലെ കൈവശം വെച്ച് അനുഭവിച്ചുകൊള്ളുവാൻ സമ്മതിക്കണം.

൧൭-ാം വകുപ്പ്.

൮-ം ൯-ം വകുപ്പുകളിൽ ഇതിനുത്തരം പറഞ്ഞിട്ടുണ്ടു്.

൧൮-ാം വകുപ്പ്.

ഗവർണ്ണർ വാൻസ്പാളിനെ എവിടേക്കയക്കുന്നുവൊ അവിടയ്ക്കു കൊണ്ടുപോകുന്നതിന്നായി ഈ ഗവമ്മേണ്ടുവക ആധാരങ്ങൾ, സാക്ഷി എഴുത്തു

൧൮-ാം വകുപ്പ്.

എല്ലാ പൊതുവായ ലക്ക്യങ്ങളും രേഖകളും അതുകളെ കൈവശം വാങ്ങുവാനായി നിയമിക്കപ്പെടുന്നവരെ ഏല്പിച്ചു കൊടുക്കണം. എന്നാൽ മിസ്റ്റർ

കൾ, രേഖാനിശ്ചയങ്ങൾ മുതലായ എല്ലാ ലക്ഷ്യങ്ങളേയും പരിശോധനകൂടാതെ വിട്ടുകൊടുക്കണം.

വാൻസ്പാൾ കൊച്ചിഗവൎണ്ണരായിരുന്ന കാലത്ത് അദ്ദേഹത്തെസംബന്ധിക്കുന്നതായ എല്ലാ രേഖകൾക്കും സാക്ഷിപ്പെടുത്തിയ ലക്ഷ്യം അദ്ദേഹത്തിന്നു കൊടുക്കുന്നതാണ്.

൧൫-ാം വകുപ്പു.

മിസ്റ്റർ വാൻസ്പാൾ കൊച്ചിയിൽ ഇരിക്കുന്ന കാലത്തു ഗവൎമ്മേണ്ടുവീട്ടിൽ ആരും താമസിക്കുവാൻ പാടില്ല. അദ്ദേഹത്തെ യാതൊരുപദ്രവവുംകൂടാതെ അവിടെ താമസിപ്പാൻ അനുവദിക്കണം.

൧൫—ാം വകുപ്പു.

൨-ാം വകുപ്പിൽ ഉത്തരം പറഞ്ഞിട്ടുണ്ടു.

൧൬—ാം വകുപ്പു.

ഇംഗ്ലീഷു പട്ടാളത്തിൽനിന്നു ഓടി ഒളിച്ചതായ വല്ലവരേയും കൊച്ചീ സ്സൈന്യത്തിലുള്ളതായിക്കണ്ടാൽ അവൎക്കു മാപ്പു കൊടുക്കണം.

൧൬-ാം വകുപ്പു.

ഓടി ഒളിച്ചവരായ എല്ലാവരേയും തീരെ വിടുതൽചെയ്യും.

൧൭-ാം വകുപ്പു.

ഈ സ്ഥലത്തെ കുടിയാനവന്മാരുവകയായ വഹകളുടെ രക്ഷയ്ക്കു് ഉപയോഗപ്പെടുന്ന എല്ലാ രേഖകളും ആധാരലക്ഷ്യങ്ങളും ഏതേതു് ഉദ്യോഗസ്ഥന്മാർ വെച്ചുസൂക്ഷിക്കുന്നുവൊ ആവശ്യപെടുന്നസമയം ഉപയോഗപ്പെടുത്തുന്നതിന്നായി അവരുടെ കയ്യിൽ വെച്ചിരിക്കണം.

൧൭-ാം വകുപ്പു.

൧൪-ാം വകുപ്പിൽ ഉത്തരം പറഞ്ഞിട്ടുണ്ടു,

൧൭-ാം വകുപ്പു.

നഗരത്തിലെ ലേലക്കാരൻ, മുതൽ വസൂൽചെയ്യുന്ന ആൾ, മുതൽ രക്ഷകൻ മുതലായവരെക്കൊണ്ടു പിരിവാനുള്ളതു പിരിപ്പിക്കുന്നതിന്നും മററും നീതിന്യായക്കോടതികളിൽനിന്നു വേണ്ടുന്ന സഹായങ്ങൾ ഉണ്ടാകണം.

൧൮-ാം വകുപ്പു.

ഈ പറഞ്ഞുവെച്ച ഉടമ്പടി ഒപ്പിട്ടതിൻെറശേഷം "ബ്ലൂ ഗേററു" എന്ന കോട്ടവാതിൽ ൫൦ പേരുള്ളതായ ഒരു ഇംഗ്ലീഷു സേനാസംഘത്തിന്നു ഏല്പിച്ചുകൊടുക്കപ്പെടും. അവരോടുകൂടെ ൫൦ പേർ ഡച്ചുഭടന്മാരും ഉണ്ടായിരിക്കും. ഇവർ ഒരുഡച്ചുഭടനെങ്കിലും അകത്തുനിന്നു പുറത്തേക്കുപോവുകയൊ ഒരു ഇംഗ്ലീഷുഭടനെങ്കിലും അകത്തേക്കു പാഞ്ഞുകയറുകയൊ ചെയ്യാതെ കാത്തിരിക്കുന്നതാണു്. പിറേറദിവസം എല്ലാ കോട്ടവാതലുകളും ഇംഗ്ലീഷു പട്ടാളക്കാരെ ഏല്പിച്ചുകൊടുത്തിട്ടു ഡച്ചുസൈന്യം പുറത്തിറങ്ങി അതിന്നായി പ്രത്യേകം നിശ്ചയിച്ചിരിക്കുന്ന ഒരു ദിക്കിൽ പോയി ബറേറവിയായിലേക്കൊ സിലോണിലേക്കൊ അയക്കുന്നതുവരെ അവിടെ ഇരിക്കും. പതി

൧൭-ാം വകുപ്പു.

കൊച്ചിയിൽ വസിക്കുന്ന കുടിയാനവന്മാരു് എല്ലാവരും ബ്രിട്ടീഷുനിയമങ്ങൾക്കു് അധീനന്മാരായിരിക്കുന്നതാണു്.

൧൮-ാം വകുപ്പു.

നാളെ ഉച്ചയ്ക്കു് ൧൨ മണിക്കു് കൊച്ചിക്കോട്ടയുടെ വാതലുകളെ ബ്രിട്ടീഷു പട്ടാളത്തിലെ ഒരു സംഘക്കാർ ചെന്നു കൈവശപ്പെടുത്തുന്നതാണു്. തരമുള്ളവിധത്തിൽ സൗകര്യം പോലെ കൊച്ചിപ്പട്ടാളത്തെ ഒരു സ്ഥലത്തു് ൨-ാം വകുപ്പിൽ പറയും പ്രകാരം ചെയ്‌വാൻ സാധിക്കുന്നതുവരെ താമസിപ്പിക്കും. ഉദ്യോഗസ്ഥന്മാർക്കു അവരുടെ വാൾ കൈവശം വച്ചുകൊണ്ടിരിക്കാം.

വിൻപ്രകാരം അവർ ആയുധം വെച്ചുകൊടുക്കും. എന്നാൽ ഉദ്യോഗസ്ഥന്മാർ അവരുടെ വാളുകളെ വിട്ടുകൊടുക്കുന്നതല്ല.

൨൦-ാം വകുപ്പ്.

ബറേറവിയായിലേക്കൊ കുളമ്പിലേക്കൊ ഏതു സ്ഥലത്തേക്കു അയക്കുന്നുവൊ അതുവരെക്കും കമ്പനിവക പൊല്ലീസ്, കരസൈന്യം, കപ്പൽസൈന്യം ഇതുകളിലും മററുമുള്ള ശമ്പളക്കാർക്ക് ഇംഗ്ലീഷുഗവമ്മേണ്ടു ചിലവിന്നുകൊടുത്തു താമസിപ്പിക്കണം.

൨൧-ാം വകുപ്പ്.

ഇപ്പോൾ മുറിവേററും ദീനക്കാരായും മററും ആശുപത്രിയിൽ കിടക്കുന്നവരെ ഇംഗ്ലീഷുഗവമ്മേണ്ടു ചിലവിന്നുകൊടുത്തു ചികിത്സിപ്പിക്കണം.

മേൽ വകുപ്പുകളിലെ നിശ്ചയങ്ങളെ നടത്താമെന്നുള്ളതിന്നും ഏതുവിധമാണ് അതു ചെയ്യുന്നത് എന്നതിന്നും വിശ്വാസത്തോടുകൂടി മേജർ പെററിയും ഗവണ്ണർ വാൻസ്പാളും സഭാംഗങ്ങളും ഒപ്പിടുന്നു.

ക്രി- അ- ൧൭൯൫-ാമത് അക്ടോബർ ൧൯-ാംനു.

(ഒപ്പ്) ജെ. എൻ. വാൻസ്പാൾ.

൨൦-ാം വകുപ്പ്.

ബഹുമാനപ്പെട്ട കമ്പനിക്കുവേണ്ടി ഇതുപോലെ ഒരേർപ്പാടു ചെയ്‌വാൻ മേജർ പെററിയ്ക്കു അധികാരമില്ലെന്നു തോന്നുന്നു. ഒടുവിലത്തെ സംഗതിക്കു ൨-ാം വകുപ്പിൽ ഉത്തരം പറഞ്ഞിട്ടുണ്ടു്.

൨൧-ാം വകുപ്പ്.

സമ്മതിച്ചു.

പുലർച്ച നാലു മണിവരെക്കും ആയുധപ്രയോഗം നിറുത്തിവയ്ക്കാമെന്നു മേജർ പെററിസമ്മതിക്കുന്നു. മുൻപറഞ്ഞ നിശ്ചയങ്ങളെ സമ്മതിക്കുന്നൊ എന്നു ഗവണ്ണർ വാൻസ്പാൾ അപ്പോഴെയ്ക്കും അറിയിക്കണം.

ക്രി- അ- ൧൭൯൫-ാമത് അക്ടോബർമാസം ൧൯-ാംനു രാത്രി ൧൧ൽ മണിക്ക്.

(പ്പ്) ജി. പെററി.

| | |
|---|---|
| പി. ജെ. ഡിക്കാൻ.<br>ഐ. എ. സില്ലെറിയസ്സ്.<br>ഐ. എച്ച്. ഷീൽസ്സ്.<br>എ. ല്യൂണൽ.<br>സി. വാൻസ്വാറം. | മേജർ<br>൬൦-ാം നമ്പ്ര് പട്ടാളം. സേനാനായകൻ. |

ഈ ഉടമ്പടിപ്രകാരം ഇവിടങ്ങളിലെ ലത്തീൻക്രിസ്ത്യാനികളുടെ പ്രത്യേക സംരക്ഷണബാദ്ധ്യത ബ്രിട്ടീഷുകാൎക്കുണ്ട്. (115-ാം പുറം നോക്കുക.)

അന്നുവരെ യോദ്ധാക്കളും ആയുധപാണികളുമായിരുന്ന ഈ ജനസമുദായം ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ നിൎദ്ദേശമനുസരിച്ചും സംരക്ഷണത്തെ ആശ്രയിച്ചുമാണ് ആയുധം ഉപേക്ഷിക്കുകയും സൈനികപരിശീലനം നിറുത്തിവയ്ക്കുകയും ചെയ്തിട്ടുള്ളത്. ആയുധം ഉപേക്ഷിച്ചതിൽപിന്നെ ബ്രിട്ടീഷ്ശക്തി പ്രബലപ്പെടുന്നതിനുമുമ്പു ബ്രിട്ടീഷ് ഗവമ്മെണ്ടിനുവേണ്ടി ഈ ജനം മർദ്ദനം ഏല്ക്കേണ്ടതായും വന്നിട്ടുണ്ട്. (230) ഏതൽക്കാരണങ്ങളാൽ കേരളത്തിലെ ലത്തീൻരീതിക്കാർക്ക് ബ്രിട്ടീഷ് ഗവമ്മെണ്ടിനോട് ഒരു പ്രത്യേകബന്ധവും അവർക്കു ഈ ജനസമൂഹത്തിന്റെ കാര്യത്തിൽ ഒരു പ്രത്യേക കടപ്പാടുമുണ്ടെന്നു വ്യക്തമാകുന്നു.

**ലത്തീൻക്രിസ്ത്യാനികളും കൊച്ചീരാജ്യവും**

കേരളീയലത്തീൻക്രിസ്ത്യാനികൾക്കു, കേരളത്തിൽ കൂടുതൽ ബന്ധമുള്ള മേൽകോയ്മ കൊച്ചീഗവർമ്മെണ്ടാണ്. പൊൎത്തുഗീസുകാർ കൊച്ചിയിൽവന്ന അവസരത്തിൽ കൊച്ചീരാജ്യത്തിന്റെ സ്ഥിതി എന്തായിരുന്നു എന്നു സ്വല്പമായിട്ടെങ്കിലും ഈ ചെറുഗ്രന്ഥത്തിന്റെ ആരംഭത്തിലും മാന്യാവകാശത്തെപ്പററിയുള്ള അ

(230) വെട്ടിക്കൊലപ്പട നോക്കുക. അദ്ധ്യായം 12. 135-ാം പുറം.



നിതാന്തവന്ദ്യ ദിവ്യശ്രീ ഡോക്ടർ വിൻസെൻറു

ഡിരേര ഒ. സി. ഡി.

തിരുവനന്തപുരം രൂപതയുടെ ഒന്നാമത്തെ മെത്രാൻ.

(പെയിജ് 334 നോക്കുക)

ദ്ധ്യായത്തിലും കാണിച്ചിട്ടുണ്ടല്ലോ. കൊച്ചീരാജ്യത്തെ സാമൂതിരിയുടെ കീഴിൽനിന്നുദ്ധരിക്കുന്നതിന്നായി ചെയ്ത യുദ്ധത്തിൽ ക്രിസ്ത്യാനികൾ പ്രത്യേകവിധം സഹകരിച്ചിരുന്നു; (231) സാമൂതിരി വലിയ സൈന്യശേഖരത്തോടുകൂടെവന്നു; കൊച്ചീരാജാവിൻെറ കീഴുണ്ടായിരുന്ന കൈമ്മൾമാർ സാമൂതിരിയുടെ ഭാഗത്തു ചേർന്നു; കൊച്ചീസൈന്യം തോററു; രാജാവു കുടുംബസഹിതം വൈപ്പിലുള്ള സങ്കേതത്തിൽപോയി വസിക്കേണ്ടിവന്നു. തദവസരത്തിൽ എഴുന്നൂറു പേരടങ്ങിയ ഒരു ക്രൈസ്തവ സൈന്യവിഭാഗം (രാജകുടുംബത്തിനു) വിശ്വസ്തരായ കാവൽക്കാരായിരുന്നു എന്നതു ഇതിന്നുപരി കാണിച്ചിട്ടുണ്ടു്. (232) സാമൂതിരി ഏതുവിധമെങ്കിലും കൊച്ചിയെ കീഴടക്കണമെന്നുള്ള ശാഠ്യത്തോടുകൂടെ ശ്രമിച്ചിരുന്നതിനാൽ ഒളിവിൽവന്നു കൊച്ചിയിൽ പ്രവേശിക്കാതിരിക്കാൻ വേണ്ടി യുദ്ധം ചെയ്തും പ്രവേശനത്തിന്നു എളുപ്പമുള്ളതായിരുന്ന മാർഗ്ഗങ്ങളിൽ കുടിപാർത്തും മററും കൊച്ചീരാജ്യത്തിൻെറ സ്വാതന്ത്ര്യസ്ഥിതി നിലനിറുത്തിപ്പോന്നതു് ഇന്നത്തെ ലത്തീൻ ക്രിസ്ത്യാനികളുടെ പൂർവ്വന്മാരായിരുന്നു. (233) ഡച്ചുകാരുടെ കാലത്തും പലേ അവസരങ്ങളിൽ ഈ ജനം കൊച്ചീരാജ്യത്തിന്നുവേണ്ടി സാമൂതിരിയോടു യുദ്ധം ചെയ്തിട്ടുണ്ടു്. അങ്ങനെതന്നെ കൊച്ചീരാജാക്കന്മാർക്കു നേരിട്ട ചില വിഷമസന്ധികളിൽ ഇവർ വിശ്വസ്തതാപൂർവ്വം ആ തമ്പുരാക്കന്മാരെ സംസേവിച്ചിട്ടുമുണ്ടു്. (234)

---

(231) മുകളിൽ അദ്ധ്യായം 3 പുറം20 നോക്കുക.
(232) മുകളിൽ അ. 3. പുറം21 നോക്കുക.
(233) അദ്ധ്യായം 3. നോക്കുക.
(234) അദ്ധ്യായം 7 നോക്കുക.

ഈ ക്രിസ്ത്യാനികൾ വഴിയായി രാജ്യത്തിന്നു സിദ്ധിച്ച ഗുണങ്ങൾ നിമിത്തം 1560-ൽ കൊച്ചീരാജ്യം ഭരിച്ചിരുന്ന ഗാഗൊ മഹാരാജാവും കൊച്ചീരൂപത മെത്രാൻ ദോം ജോർജ്ജ് തെമൂദൊ എന്ന ദേഹവുംതമ്മിൽ ഒരു ഉടമ്പടി ചെയ്കയുണ്ടായി. മതപരിവൎത്തനക്കാൎയ്യത്തിൽ അതുവരെയുണ്ടായിരുന്ന നിയമങ്ങളെല്ലാം പിൻവലിച്ചു മതസ്വാതന്ത്ര്യം അനുവദിക്കയാണു അപ്പോൾ ചെയ്തതു്. ഏതാനും വത്സരങ്ങൾ കഴിഞ്ഞ ശേഷം പുതുവൈപ്പു. 228-ൽ കൊല്ലവൎഷം 744-ൽ (ക്രിസ്തുവർഷം ഏതാണ്ടു 1569-ൽ) വേറൊരുടമ്പടിയും ഉണ്ടായിട്ടുണ്ടു്. അന്നു കൊച്ചീരാജ്യം ഭരിച്ചിരുന്ന രാമവർമ്മമഹാരാജാവും കൊച്ചീരൂപതയെ ഭരിച്ചിരുന്ന ദോം എൻറിക്കൊ ദെ തവോരാ മെത്രാനും തമ്മിൽ ഉണ്ടായിട്ടുള്ള ഈ ഉടമ്പടിയിൽ അതിന്നുമുമ്പുണ്ടായ ഉടമ്പടിയിലെ കാൎയ്യങ്ങളെ ഒന്നുകൂടി സ്ഥിരീകരിക്കയും വിശദീകരിക്കയും ചെയ്തതിന്നും പുറമെ കത്തോലിക്ക വേദത്തിൽ ചേരുന്ന ഹിന്ദുവിന്നു അവൻെറ പൂൎവ്വ അവകാശങ്ങളും സ്ഥാനമാനങ്ങളുമൊന്നും നഷ്ടപ്പെടുന്നതല്ല. മുപ്പതു ക്രൈസ്തവകുടുംബങ്ങളുള്ള ഏതു സ്ഥലത്തും കുരിശും ദേവാലയവും സ്ഥാപിക്കാവുന്നതാണു് എന്നൊക്കെ സമ്മതിക്കയും ചെയ്തിട്ടുണ്ടു്.(235)

പുരാതന പെരുമാക്കന്മാരിൽനിന്നു സിദ്ധിച്ചിരുന്ന അവകാശങ്ങളെ ഈ ക്രൈസ്തവർ സ്വയം പൊൎത്തുഗീസുകാരുടെ സംരക്ഷണയിൽ ഏല്പിച്ചു അനുഭവിച്ചുപോന്നു. അനന്തരം ഡച്ചുകാരുടെ കീഴായി. ഡച്ചുകാർ ബ്രിട്ടീഷ്ക്കാരേല്പിച്ചു. ഈ ക്രിസ്ത്യാനികളെ 1814-ൽ ബ്രിട്ടീഷ്കാർ ചില പ്രത്യേക വ്യവസ്ഥകളോടുകൂടെ (236)

---

(235) Oriente Conquistado 1-108.

(236) അദ്ധ്യായം 8- (117-ാം പുറം) നോക്കുക. ബ്രിട്ടീ

കൊച്ചീരാജാവിന്നു ഏല്പിച്ചു. ഇങ്ങനെ ഏല്പിച്ചപ്പോൾ കൊച്ചീരാജാവു സമ്മതിച്ചിട്ടുള്ള വ്യവസ്ഥകൾക്കും പുറമേ ഇവരുടെ മെത്രാന്മാരുമായി ചെയ്തിട്ടുള്ള ഉടമ്പടികൾമൂലം മതപരമായി മുകളിൽപറഞ്ഞ സ്വാതന്ത്ര്യങ്ങളും ഇവക്കനുവദിക്കപ്പെട്ടിട്ടുണ്ടു്.

ഇങ്ങനെയുള്ള ന്യായങ്ങളാൽ— ലത്തീൻക്രിസ്ത്യാനികൾ രാജ്യത്തിന്റെ ഉദ്ധാരണത്തിന്നായി ചെയ്തിട്ടുള്ള സേവനം, അവരുടെ മെത്രാനും കൊച്ചീരാജാക്കന്മാരുമായി ചെയ്തിട്ടുള്ള ഉടമ്പടികൾ, അവർക്കു പൂൎവ്വസിദ്ധമായുണ്ടായിരുന്ന അവകാശങ്ങളുടെ സംരക്ഷണാഭാരം ക്രമാനുഗതമായവിധം കൊച്ചീരാജാവിൽ ലയിച്ചിരിപ്പുള്ളതു, ബ്രിട്ടീഷ്കാരും കൊച്ചീരാജാവുമായി ഇവരുടെ കാൎയ്യത്തിൽ ചെയ്തിട്ടുള്ള നിശ്ചയങ്ങൾ എന്നീ ന്യായങ്ങളാൽ—ഈ ക്രിസ്ത്യാനികൾക്കു് കൊച്ചീരാജ്യത്തിലുള്ള നിലയും കൊച്ചീരാജാവിന്നു ഇവരുടെ കാൎയ്യത്തിലുള്ള ബാദ്ധ്യതയും ആൎക്കും നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണു്.

തിരുവിതാംകൂറും ലത്തീൻ കത്തോലിക്കരും.

പൊൎത്തുഗീസുകാരുടെ ഭരണകാലത്തു ലത്തീൻ രീതി സ്വീകരിച്ചും മാനസാന്തരപ്പെട്ടും കൊല്ലത്തും തിരുവനന്തപുരത്തും അനേകം ലത്തീൻകാരുണ്ടായിരു

ഷ്കാർ ക്രിസ്ത്യാനികളെ കൊച്ചീരാജാവിന്നേല്പിച്ചു എന്നു പറയുമ്പോൾ ഏതു രീതിയിൽപെട്ടവരേയാണെന്നു പലക്കും മനസ്സിലാകാറില്ല. സുറിയാനി രീതിയിൽപെട്ടവരെ എന്നു ചിലർ മനസ്സിലാക്കാറുമുണ്ടു. എന്നാൽ പൊൎത്തുഗൾ രാജാവിന്റെയും അനന്തരം ഡച്ചുകാരുടെയും മേൽകോയ്മ സ്വീകരിച്ചു സ്വതന്ത്രരായിരുന്ന ജനവിഭാഗമേതോ ആ ജനവിഭാഗത്തെയാണല്ലോ ഡച്ചുകാർ ബ്രിട്ടീഷുകാൎക്കു പ്രത്യേകം ഏല്പിച്ചതു. ഈ ജനവിഭാഗത്തെത്തന്നെയാണു് ബ്രിട്ടീഷുകാർ കൊച്ചീരാജാവിന്നേല്പിച്ചതും. ഇവർ ലത്തീൻകാരായിരുന്നു എന്നുള്ളതു നിസ്തൎക്ക സംഗതിയത്രെ.

ന്നു. ഇവർ പലേ ആനുകൂല്യങ്ങൾ നേടിയും കഴിഞ്ഞുകൂടിയിരുന്നു. തിരുവിതാംകൂർ രാജ്യം പിടിച്ചടക്കുവാനായി വന്ന മധുരനായിക്കന്റെ സൈന്യത്തെ വി. ഫ്രാൻസീസ് സേവ്യർ ദൈവികസഹായത്താൽ അത്ഭുതകരമാംവണ്ണം മടക്കി അയച്ചതിനാൽ, അന്നത്തെ തിരുവിതാംകൂർ മഹാരാജാവു ഈ വിശുദ്ധനു പ്രത്യേക ബഹുമതി നൽകി എന്നിതു സുപ്രസിദ്ധമാണല്ലോ. (കേരളത്തിലെ സത്യവേദചരിത്രം അ. 2, പു. 73) ഇതിന്നു പ്രത്യുപകാരമായി പല പ്രത്യേകാനുകൂല്യങ്ങൾ മഹാരാജാവ് ക്രിസ്ത്യാനികൾക്ക് അനുവദിച്ചുമിരുന്നു.(237) പൊർത്തുഗൽ രാജാവു ഗുണ്ടറ രാജാവിന്നു "സേനാസഹോദര" സ്ഥാനം കൊടുത്തപ്പോൾ ചില നി

(237) കൊല്ലവർഷം 933-ൽ (ക്രി: വ: ൧൭൫൮) നാടുനീങ്ങിയ അനിഴംതിരുനാൾ മാർത്താണ്ഡവർമ്മാ, ദേശിംഗനാടു, ഓടനാട്, ചെമ്പകശ്ശേരി വെമ്പലനാടു മുതലായ രാജ്യങ്ങൾ പിടിച്ചടക്കി ഇന്നത്തെ തിരുവിതാംകൂർ സംസ്ഥാനം സ്ഥാപിക്കുന്നതിന്നു വളരെമുമ്പു ൧൫൪൪-ൽ വിജയനഗര ചക്രവത്തിയുടെ പ്രതിനിധിയായി മധുരയിൽ വാണിരുന്ന രാമരായ വിട്ഠലൻ എന്ന വൈസ്രായി ഒരു വലിയ വടുകസൈന്യത്തോടുകൂടി (ദക്ഷിണതിരുവിതാംകൂറിലുള്ള) തോവാള കടന്നുവന്നു കൊള്ളചെയ്തും കൊള്ളിവെച്ചും കൊണ്ടു കോട്ടാറേറാട്ടു യാത്രയായി. വിജയനഗരക്കാരായ ഈ തെലുങ്കുകാർ ജാത്യാതന്നെ ക്രൂരന്മാരും കള്ളന്മാരും ക്രിസ്ത്യാനികളോടു വിശേഷാൽ വിരോധമുള്ളവരും ആയിരുന്നുവെന്നു ഫാദർ ഡുജാറിക്ക് പറയുന്നു. (Fr. Du Juric's Thesaurus Rerum Indicarum P. 144) അന്നു തിരുവിതാംകൂർ രാജാവിന്നു ഇന്നത്തെ സംസ്ഥാനത്തിന്റെ ദക്ഷിണഭാഗവും (വേണാടു) അതിനെ തൊട്ടുകിഴക്കുവശത്ത് തിരുനൽവേലിയിലുള്ള കുറെ ഭാഗവുമേ ഉണ്ടായിരുന്നുള്ളു. അന്നത്തെ വേണാട്ടടികൾ രാമവർമ്മ (ഉദ്ദേശം കൊല്ലം ൭൧൮ -൭൨൨.) ആയിരുന്നു. എന്നാൽ ഉദ്ദേശം ൭൨൦–ൽ ഒരു കേരളവർമ്മ ഉണ്ടായിരുന്നെന്നും ലിഖിതങ്ങളിൽ കാണുന്നു.

ശ്ചയങ്ങൾ ചെയ്തിട്ടുണ്ട്.

"ക്രിസ്ത്യാനികൾ കുടിപാൎക്കുന്ന പ്രദേശങ്ങളിൽ ക്രിസ്തീയ മതബോധകന്മാൎക്കു ഉചിതമെന്നു തോന്നുന്ന

---

വടുകപ്പട വരുന്നവഴിക്കു, താടി നീട്ടി കറുത്ത കുപ്പായമിട്ട ദീർഘദേഹനായ ഒരു വെളുത്തസ്വരൂപം അവരെ തടഞ്ഞു തിരിച്ചുപോവിൻ എന്നുശാസിച്ചു. (Souza, Oriente conquistado I, 142.) വിട്ഠലനും സേനകൾക്കും ഈ കല്പന ലംഘിക്കുന്നതിന്നു ധൈൎയ്യമുണ്ടായില്ല. ഉടൻതന്നെ, വന്നവഴിക്കു അവർ തിരിച്ചുപോകയും ചെയ്തു.

അത്യത്ഭുതമാംവണ്ണം ഈ വിജയം നേടിയതു മററാരും അല്ലായിരുന്നു. അക്കാലത്തു കോട്ടാർ ആസ്ഥാനമാക്കി മിഷ്യനറിവേല ചെയ്തിരുന്ന ശവെരിയാർ പുണ്യവാളൻതന്നെ. അദ്ദേഹത്തിന്നു സൈന്യങ്ങളോ ആയുധമോ ഇല്ലായിരുന്നു. തൻെറ ബലം എല്ലാം താൻ ആശ്രയിച്ചിരുന്ന ദൈവത്തിൽ തന്നെ ആയിരുന്നു. ഒരു തൂങ്ങപ്പെട്ട രൂപവും ഉയൎത്തിപ്പിടിച്ചുകൊണ്ടാണ് വിശുദ്ധ ശവെരിയാർ വടുകപ്പടയുടെമുമ്പിൽ പ്രത്യക്ഷനായതെന്നു മെക്കൻസിയും (Christianity in Travancore P. 64) നാഗമയ്യായും(Travancore State Manual 2. 98) പറയുന്നു. എന്നാൽ സമകാലിക പൊൎത്തുഗീസു രേഖകളിൽ തൂങ്ങപ്പെട്ട രൂപത്തിൻെറ കാൎയ്യം കാണുന്നില്ലെന്നു റവ: ഫാദർ ഹെറാസ് എസ്സ്. ജെ. അവർകൾ ഇയ്യിടെ പ്രസ്താവിക്കുകയുണ്ടായി.

വടുകരുടെ വരവുകേട്ടു വേണാട്ടടികൾ അന്നത്തെ തലസ്ഥാനമായിരുന്ന കൽക്കുളത്തിനു പടക്കൂട്ടി പുറപ്പെട്ടപ്പോൾ മേല്പറഞ്ഞ അത്ഭുതസംഭവം കണ്ട ഒരു സാക്ഷി ഓടിവന്നു വടുകർ തിരിച്ചുപോയ വിവരം തിരുമനസ്സുണൎത്തിച്ചു. ഏറെനേരം കഴിയുംമുമ്പെ പുണ്യവാനും രാജാവിൻെറ പാളയത്തിൽ വന്നു. തമ്പുരാൻ ഓടിച്ചെന്നു തിരുവടിദേശത്തെ വടുകരിൽനിന്നു രക്ഷിച്ച ആ പുണ്യവാളനെകെട്ടിപ്പിടിച്ചു ഇങ്ങനെ പറഞ്ഞു:—

"എൻെറ പ്രജകൾ എന്നെ വലിയതമ്പുരാൻ എന്നു വിളിക്കുന്നു. എന്നാൽ ഇനിമേൽ എന്നും അവർ നിങ്ങളെ വലിയ പാതിരി എന്നു വിളിക്കും."

ഈ സ്ഥാനദാനം എല്ലാവരും അറിയുന്നതിനായി ഒരു തിരുവെഴുത്തുവിളംബരവും വേണാട്ടടികൾ പ്രസിദ്ധപ്പെടുത്തി.

സ്ഥലത്തു പള്ളികൾ പണിയിക്കുന്നതിന്നു അനുവദിക്കണം. ഏതു സ്ഥിതിയിലും മതത്തിലും ഉള്ളവൎക്കും ഇഷ്ട

---

നാടു വാഴുന്ന തമ്പുരാനാണു വലിയ തമ്പുരാൻ. പ്രധാന പടത്തലവനാണു് വലിയ കപ്പിത്താൻ. ഡിലനോയിക്കു ഈ സ്ഥാനം ഉണ്ടായിരുന്നല്ലൊ. കിരീടാവകാശമുള്ള ആററുങ്ങൽ മൂത്താറാണിയെ പള്ളിക്കെട്ടുകഴിച്ച കോയിൽതമ്പുരാനാണു് വലിയ കോയിൽത്തമ്പുരാൻ. വലിയ സ്ഥാനത്തിന്നു തിരുവിതാംകോട്ടു പണ്ടു ഇങ്ങനെയുള്ള മഹാത്മ്യമാണുണ്ടായിരുന്നതു്. ഇതാണു് വലിയതമ്പുരാൻ പുണ്യവാന്നു കല്പിച്ചുകൊടുത്തതും.

മേല്പറഞ്ഞ മാഹാത്മ്യത്തെപ്പററി സെവ്യാർപുണ്യവാളൻ തന്റെ എഴുത്തുകളിൽ ഒന്നുംതന്നെ പറഞ്ഞിരുന്നില്ല. ആത്മപ്രശംസചെയ്യു അദ്ദേഹത്തിന്നു പതിവില്ലായ്കകൊണ്ടാണു ഇങ്ങനെ വന്നതു. എന്നാൽ മേല്പറഞ്ഞ സംഭവങ്ങൾ—അത്ഭുതപ്രവൃത്തിയും, ആലിംഗനവും, സ്ഥാനദാനവും, വിളംബരവും— യഥാൎത്ഥങ്ങളാണെന്നുള്ളതിന്നു അനപലപനീയങ്ങളായ സമകാലിക രേഖകൾ തെളിവായുണ്ടു്. (Mythic Societys' Journal of January 1925)

അന്നു തിരുവടിദേശം വാണിരുന്ന വലിയ തമ്പുരാനെ സെവ്യാർ പുണ്യവാളൻ തന്റെ എഴുത്തുകളിൽ "Iniquitribirim" എന്നാണു നാമനിർദ്ദേശം ചെയ്തിരിക്കുന്നതു. ഉണ്ണി കേരളവൎമ്മ എന്നതാണു് പുണ്യവാളൻ ഇങ്ങനെ എഴുതിയിരിക്കുന്നതെന്നു ചിലരും, "എനക്കുത്തമ്പിരാൻ" എന്ന തമിഴ് പദമാണു് ഇങ്ങിനെ രൂപാന്തരപ്പെട്ടതെന്നു വേറെ ചിലരും പറയുന്നു. എന്നാൽ 'ഇനിക്കെത്രേമ്പിറിയൻ' (എനിക്കു എത്രയും പ്രിയൻ) എന്നുള്ള ദേശ്യമലയാളപദമാണു് മേൽപ്രകാരം വി. സെവ്യാർ എഴുതിയിരിക്കുന്നതെന്നു എനിക്കു തോന്നുന്നു. വേണാട്ടടികളും വി. സെവ്യാരും തമ്മിൽ അസാധാരണമായ സ്നേഹം ഉണ്ടായിരുന്നുവെന്നു പുണ്യവാളന്റെ എഴുത്തുകൾ സാക്ഷീകരിക്കുന്നുണ്ടു്. (See the above Journal of January, 1925 PP. 180, 181)

By T. K. Joseph B. A. L. T.

"യോഷാഭൂഷണം" ൧൧൦൨-ജനുവരി-ലക്കം ൫.

മുണ്ടെങ്കിൽ ക്രിസ്തുവേദത്തിൽ ചേരാൻ തടസ്സം ഉണ്ടാകരുത്. ഒരുത്തൻ ഇതരമതം ഉപേക്ഷിച്ചു ക്രിസ്തുവേദത്തിൽ ചേന്നാൽ (മതം മാറിയതുകൊണ്ടു) അതിന്നുമുമ്പു അവന്നുണ്ടായിരുന്ന സ്ഥാനമാനങ്ങളൊ ഉദ്യോഗമൊ കുടുംബസ്വത്തിന്മേലുള്ള അവകാശമൊ നഷ്ടപ്പെടരുതു. അവൻെറ ധനം മരണപത്രംവഴിയായി അവകാശികൾക്കു നൽകുവാനും അവക്കനുഭവിക്കാനും സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. അവന്നു സന്താനമൊ ന്യായമായ അവകാശികളൊ ഇല്ലാത്തപക്ഷം ക്രൈസ്തവർ പൊതുവിൽ ആചരിച്ചുവരുന്ന മുറയും നിയമവും അനുസരിച്ചു ആക്കെങ്കിലും ദാനം ചെയ്യാനും സ്വാതന്ത്ര്യമുണ്ടായിരിക്കണം. ഈവക സ്വാതന്ത്ര്യങ്ങൾ എല്ലാംതന്നെ ഈ രാജ്യത്തു വസിക്കുന്ന മാർത്തോമാക്രിസ്ത്യാനികൾക്കും ഉണ്ടായിരിക്കണം. അവരേയും മുകളിൽപറഞ്ഞവിധം എല്ലാക്കാൎയ്യങ്ങളിലും എല്ലാപ്പോഴും സഹായിക്കേണ്ടതാണു്.

ക്രൈസ്തവദേവാലയങ്ങളോടു സമീപിച്ചു ഇതരമതസ്ഥരുടെ ആരാധനസ്ഥലങ്ങളൊ ക്രൈസ്തവരുടെ ദൈവാരാധനയ്ക്കു വിഘ്നം ചെയ്യത്തക്ക മററു എന്തെങ്കിലുമൊ ഉണ്ടാകരുതു്.

ദേവാലയങ്ങളിൽ അഭയംപ്രാപിക്കുന്നവർക്കു അതൊരു അഭയസ്ഥലമായിക്കരുതുകയും അനുവദിക്കയും ചെയ്യണം. യുദ്ധകാലത്തു് തങ്ങളുടെ രാജ്യത്തിലെ ക്രൈസ്തവമതബോധകരുടെ രക്ഷയ്ക്കും വേണ്ട ഏൎപ്പാടുകൾ ചെയ്യണം. വേണ്ടത്ര കാവൽസൈന്യത്തെയൊ പരിചാരകരേയൊ കൊണ്ടുനടക്കുന്നതിന്നു പാദ്രിമാക്കു സ്വാതന്ത്ര്യം നൽകണം. രാജഭോഗമൊ മററു നികുതികളൊ പാദ്രിമാരുടെമേൽ ചുമത്തരുതു്. മതസംബന്ധമായ കാൎയ്യങ്ങളിൽ വൈദികകല്പനകളെ ക്രൈസ്തവർ മനഃപൂൎവ്വം ലംഘിക്കുന്നപക്ഷം അവരെ വേദപ്രമാണങ്ങൾക്കും സഭാ

ചട്ടങ്ങൾക്കും കീഴ്പെടുത്തുന്നതിന്നുവേണ്ടി പാദ്രിമാർക്കു യുക്തമെന്നു തോന്നുന്ന ശിക്ഷകളെ അവരുടെ ഭരണത്തിൽപ്പെട്ട ക്രൈസ്തവർക്കു നൽകുന്നതിൽ അവരെ (പാദ്രിമാരെ) വിരോധിക്കരുതു്. അത്രയുമല്ലാ അവരുടെ അധികാരം ഉപയോഗിക്കുന്നതിൽ സഹായിക്കയും ചെയ്യണം.

പുറക്കാട്ട (അമ്പലപ്പുഴ) രാജാവു പൊത്തുഗീസുകാരുമായി ചെയ്ത ഉടമ്പടിയിലും ക്രിസ്ത്യാനികളുടെകാര്യം പ്രത്യേകവിധം കയ്യേററിട്ടുണ്ട്. (238) ഈ രാജ്യങ്ങൾ ഇപ്പോൾ തിരുവിതാംക്കൂറിൻെറ കീഴാണു. കരപ്പുറം ദേശവും പറവൂരു, ആലങ്ങാട്ട എന്നീ താലൂക്കുകളും കൊച്ചീരാജാവു തിരുവിതാംക്കൂറിന്നു വിട്ടുകൊടുത്തിട്ടുള്ളതാണല്ലൊ. (239) അതിനാൽ അവിടങ്ങളിലുണ്ടായിരുന്ന ക്രിസ്തീയജനവും ഇന്നു തിരുവിതാംക്കൂർ രാജാവിൻെറ പ്രജകളായിത്തീന്നിരിക്കയാണു.

വടക്കൻപള്ളിപ്പുറത്തിൻെറ ഒരു ഭാഗവും കൊടുങ്ങല്ലൂർ കോട്ടയും അതോടു ചേന്നു കുറെ സ്ഥലങ്ങളും ഡച്ചുകാർ തിരുവിതാംക്കൂർ രാജാവിന്നു വിററതിനാൽ അന്നുവരെ ഡച്ചുകാരുടെ അധീനത്തിലായിരുന്ന ക്രിസ്തീയജനവും തിരുവിതാംക്കൂറിൻെറ കീഴിലായി. ഇതിന്നുള്ള ആധാരത്തിൽ ക്രിസ്ത്യാനികളെയും അവരുടെ പള്ളികളേയും പാദ്രിമാരേയും സംബന്ധിച്ചു ചില പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുള്ളതു ഇതിന്നുപരി കാണിച്ചിട്ടുണ്ടല്ലൊ. (240) ഇങ്ങനെ പല കാരണങ്ങളാലും ലത്തീൻ ക്രിസ്ത്യാനികൾക്കു് തിരുവിതാംക്കൂറിലും ചില പ്രത്യേകതകൾക്കു് അർഹതയുള്ളതായിട്ടാണു് കാണുന്നതു്.

---

(238) കൊച്ചീരാജ്യചരിത്രം 1. 21 430. 432.
(239) കൊച്ചീരാജ്യചരിത്രം 2. 14. 532
(240) മുകളിൽ 69-ാം പുറം നോക്കുക.

# അദ്ധ്യായം ൨൦

കേരളവും അതിൻെറ അപ്പോസ്തലന്മാരും—കേരളത്തിലെ രക്തസാക്ഷികൾ— ലത്തീൻ ക്രിസ്ത്യാനികളും വൈദേശിക മിഷ്യനറിമാരും.

കേരളവും അതിൻെറ അപ്പസ്തലന്മാരും

തങ്ങളുടെ രാജ്യത്തിൽ സുവിശേഷം പ്രസംഗിച്ചവരെ— സുവിശേഷവെളിച്ചം തങ്ങളുടെ മദ്ധ്യേ കൊളുത്തിയവരെ—തങ്ങളുടെ ആദ്ധ്യാത്മിക പിതാക്കന്മാരായിക്കരുതി വണങ്ങിയും സ്നേഹിച്ചും വരികയെന്നതു മതാഭിമാനികളായ കത്തോലിക്കരിൽ സൎവ്വത്ര കണ്ടുവരുന്ന ഒരു ഉത്തമ സ്വഭാവമാകുന്നു. ഐർലണ്ട് മുതലായ പാശ്ചാത്യരാജ്യ നിവാസികൾ ഇതിന്നു ദൃഷ്ടാന്തങ്ങളാണല്ലൊ. കുടുംബകാരണവൻ വഴിയായി നേടേണ്ട പല നന്മകളും അഭിവൃദ്ധികളും കുടുംബാംഗങ്ങൾക്കുള്ളതുപോലെ ഓരോ ജനതയ്ക്കും, അവരുടെ സമുദായ കുടുംബത്തിൻെറ പൊതുപിതാവാകുന്ന അപ്പോസ്തലൻ വഴിയായി പല പ്രത്യേക നന്മകളും സംരക്ഷണയും ഉൽകഷവും പ്രാപിക്കുവാനുണ്ട്. കുടുംബകാരണവനെ വകവയ്ക്കാത്ത കുടുംബത്തിന്നു സംഭവിക്കുന്ന ഒരവസ്ഥയായിരിക്കും തങ്ങളുടെ പ്രേഷിതനെ വിസ്മരിച്ചിരിക്കുന്ന ജനതിക്കും അനുഭവപ്പെടുക.

കേരളീയ ലത്തീൻക്രിസ്ത്യാനികളുടെ പൊതുപിതാവു

ഇൻഡ്യയുടെ പ്രത്യേകിച്ചു കേരളത്തിൻെറ പൊതുപിതാവു—ഒന്നാമത്തെ പ്രേഷിതൻ—യേശുക്രീസ്തുവിൻെറ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരുവൻതന്നെയാണ് എന്നുള്ളതു സൎവ്വവിദിതമാണല്ലൊ. അതേ മനുഷ്യാവതാരംചെയ്ത ദൈവസുതനോടുകൂടെ മൂന്നു വത്സരക്കാലം ജീവിച്ചു അവിടത്തെ ദിവ്യോപദേശം

കേൾക്കുകയും, അവിടുന്നു ചെയ്തിരുന്ന അത്ഭുതങ്ങൾ നേരിൽ കാണുകയും തന്റെ പുനരുത്ഥാനത്തിന്നു സാക്ഷിയാകയും ചെയ്തു, അത്രയുമല്ലാ ക്രീസ്തു ഉയിർത്തെഴുന്നേററശേഷം അവിടുത്തെ കൈകകളിൽ ആണിപ്പഴുതുകൾ ദർശിക്കയും മററു ശ്ലീഹന്മാരുടെമദ്ധ്യേവെച്ചു അവിടുത്തെ വിലാവിൽ കരസ്പർശം ചെയ്യാൻ അനുമതി ലഭിക്കയും ചെയ്തു വിശുദ്ധ തോമസ്തന്നെയാണ് ഇൻഡ്യയുടെ — കേരളീയരുടെ പ്രത്യേകിച്ചും — പൊതുപിതാവു. ഈ അപ്പോസ്തലനിൽനിന്നു സുവിശേഷവെളിച്ചം പ്രാപിച്ചവരുടെ സന്തതിപരമ്പരകളിൽ ഒരു ഭാഗം ലത്തീൻരീതി സ്വീകരിച്ചതായി നാം കണ്ടുവല്ലൊ. ആകയാൽ ലത്തീൻരീതിക്കാർക്കു തോമാശ്ലീഹായോടുള്ള ബന്ധം മററു രീതിക്കാർക്കുള്ളതിൽനിന്നു ഭിന്നമല്ല. അതേ നിലയിലുള്ളതുതന്നെയാണ്. തൻമൂലം വിശുദ്ധ തോമാശ്ലീഹായുടെ നേർക്കുള്ള ഭക്തി തങ്ങളുടെ ആത്മികവും ഭൗതികവുമായ ഉൽകർഷങ്ങൾക്കുള്ള മാർഗ്ഗങ്ങളിൽ ഒന്നായിത്തന്നെ ലത്തീൻകത്തോലിക്കർ കരുതി ആചരിച്ചുവരേണ്ടതാണ്. മുൻകാലങ്ങളിൽ ലത്തീൻകത്തോലിക്കർ പ്രബലസമുദായമായിരുന്നു. ഡിസമ്പർ 21-ാംനു-യുള്ള വി. തോമാശ്ലീഹായുടെ പെരുന്നാൾ ഈ ഭാഗങ്ങളിലെ ലത്തീൻകത്തോലിക്കർ ശുദ്ധമായി (കടവുൾ ദിനമായി) ആചരിച്ചിരുന്നതാണ്. അതിനെ "കടവുൾ"ദിനമെന്ന നിലയിലല്ലെങ്കിലും ഒരു പ്രധാന പെരുന്നാളായിട്ടു ഇന്നും ലത്തീൻകാർ ആചരിച്ചുവരുന്നുണ്ടു. എന്നാൽ ഈ ശ്ലീഹായുടെ നേർക്കുള്ള ഭക്തിയും ആശ്രയവും നമ്മിൽ എന്നും സജീവമായിരിക്കണം.

പൊർത്തുഗീസുകാരുടെ ഭരണകാലത്ത് കേരളത്തിന്നു ദൈവം ചെയ്തു വേറൊരു മഹാ നന്മയാണ് വിശുദ്ധ ഫ്റാൻസീസ് സേവ്യറിന്റെസാന്നിദ്ധ്യം. ആ മഹാവിശുദ്ധൻ വഴിയായി അനേകംപേർ സുവിശേഷവെളി

ച്ചത്താൽ ആശ്ലിഷ്ടരായിട്ടുണ്ടല്ലോ. ആ സിദ്ധൻ വഴിയായി ലത്തീൻറീതി കേരളത്തിൽ എന്നല്ലാ ഇൻഡ്യയിൽ പലേ സ്ഥലങ്ങളിലും വ്യാപിക്കയും വികസിക്കയും ചെയ്തിട്ടുണ്ട്; ചെയ്തുപോരുന്നുമുണ്ട്. ആകയാൽ ഈ വിശുദ്ധൻെറനേർക്കും കേരളീയർ, അദ്ദേഹം വഴിയായി സുവിശേഷവെളിച്ചം പ്രാപിച്ചവരുടെ സന്തതിപരമ്പരകൾ പ്രത്യേകിച്ചും, വിശേഷഭക്തിയും ആചാരവും പ്രദർശിപ്പിക്കേണ്ടതാണ്.

കേരളത്തിലെ രക്തസാക്ഷികൾ

തൻെറ അനുയായികൾക്കു ക്രിസ്തു വാഗ്ദാനം ചെയ്തിരിക്കുന്ന നന്മകൾ പ്രതീക്ഷിച്ചുകൊണ്ടു ജീവിക്കുന്നവരാണല്ലോ ക്രൈസ്തവർ. ക്രീസ്തുവിനാൽ സ്ഥാപിതമായിട്ടുള്ള കത്തോലിക്കസഭാ അവളുടെ മക്കൾക്കു നൽകുന്ന പ്രബോധനം അനുസരിച്ചു ജീവിക്കുന്നവർക്കു, അവർ പ്രതീക്ഷിച്ചിരിക്കുന്ന സ്വർഗ്ഗീയ പരമാനന്ദത്തിൻെറ ഏതാണ്ടൊരു മുൻരുചി ഈ ജീവിതത്തിൽവെച്ചുതന്നെ അനുഭവവേദ്യമാകാറുണ്ട്. ഭാവിജീവിതത്തിൽ നമുക്കനുഭവപ്പെടാനിരിക്കുന്ന പരമാനന്ദത്തെ അപേക്ഷിച്ചു ഇഹത്തിലെ കഷ്ടതകൾ നിസ്സാരങ്ങളാണെന്ന ബോധം അപ്പോൾ അവർക്കുണ്ടാകുന്നു. തന്മൂലം ആ പരമ ഭാഗ്യം സുലഭമാക്കാൻവേണ്ടി സങ്കടം, അവമാനം, എന്നിവയെ, അല്ലാ മരണത്തെത്തന്നെയും, അവർ സന്തോഷപൂർവ്വം അഭിമുഖീകരിക്കയും ചെയ്യുന്നു. സാധാരണ മനുഷ്യപ്രകൃതിക്കു വിരുദ്ധമായ ഈദൃശ മനഃസ്ഥിതിയും വർത്തനവും ഒരുത്തനു ലഭിക്കുന്നതു സ്വശക്തികൊണ്ടല്ലാ. കത്തോലിക്കസഭയിൽ അവനു ലഭിക്കുന്ന ദൈവവരപ്രസാദത്തിൻെറ ശക്തിയാലാണ്. ഈ വരപ്രസാദ ബലമുള്ള അവർക്കു മുകളിൽപറഞ്ഞ മനഃസ്ഥിതിയും വർത്തനങ്ങളും ഉണ്ടാകുക അസാധാരണവുമല്ല. ഇങ്ങനെ ദൈവവരപ്രചോദിതരായി പ്രവർത്തിച്ചു ര-

ക്തസാക്ഷികിരീടംപോലും പ്രാപിച്ചിരിക്കുന്ന നിരവധി ആത്മാക്കൾ, അബലകളായ സ്ത്രീകളിലും കുഞ്ഞുങ്ങളിലുംകൂടെ കത്തോലിക്കസഭയിൽ കാണപ്പെടുന്നു.

എന്നാൽ ഇങ്ങനെയുള്ള ഒരുമഹനീയസ്ഥിതി കേരളീയർക്കും സുപ്രാപ്യമാണോ എന്നു സംശയിക്കുന്ന പലരുണ്ട്. പ്രകൃതിശക്തിയാൽ സഹിക്കാൻ സാധിക്കാത്ത പീഡനങ്ങൾ സഹിക്കാനും മരണത്തെപ്പോലും സന്തോഷപൂർവ്വം അഭിമുഖീകരിക്കാനും മനുഷ്യനെ ധൈര്യപ്പെടുത്തുന്ന പ്രസാദവരംകൊണ്ട് അനുഗ്രഹിക്കപ്പെട്ടുന്നവർ ഏതു സ്ഥിതിക്കാരായിരുന്നാലും വിസ്മയകരമാംവിധം ധൈര്യവും സ്ഥൈര്യവുമുള്ളവരായിത്തീരുന്നു. ദൈവവരപ്രസാദം ഇന്നവർക്കേ ലഭിക്കു എന്നില്ല.

പൊർത്തുഗീസുകാരുടെ ഭരണഘട്ടത്തിൽ കേരളത്തിലെ ലത്തീൻരീതിക്കാർക്കു ലഭിച്ച ക്രിസ്തീയ പരിശീലനംകൊണ്ടു ഈ ജനതതിയിൽ ഉണ്ടായ ആത്മികാഭിവൃദ്ധിയുടെ ഏതാണ്ടൊരു ഛായ 13-ാം അദ്ധ്യായത്തിൽ കാണിച്ചിട്ടുണ്ട്. തദവസരത്തിൽ ദൈവവരപ്രസാദത്താൽ പ്രചോദിതരായി ദൈവത്തെപ്രതി പീഡകൾ സഹിക്കയും രക്തം ചിന്തി മരിക്കയുംചെയ്ത ധീരാത്മാക്കളുണ്ടായതായും കാണുന്നുണ്ട്. അവരിൽ ചിലരുടെ പേരുവിവരങ്ങൾ പ്രസ്തുത അദ്ധ്യായത്തിൽത്തന്നെ പറഞ്ഞിട്ടുമുണ്ട്. ഇങ്ങനെ രക്തസാക്ഷ്യം വഹിച്ചവർ നമ്മുടെ പുരോഗാമികളും സമുദായാംഗങ്ങളും സഹോദരന്മാരുമാകുന്നു. ഇവർ ഇപ്പോൾ പരമാനന്ദഭാഗ്യം അനുഭവിക്കയാണെന്നു നമുക്കു സമാശ്വസിക്കാം. ഇവരേയും ഇവരുടെ ധീരകൃത്യങ്ങളേയുംപററി നമ്മുടെയിടയിൽ അധികമാളുകൾക്കും അറിവില്ല. പലർക്കും ഇങ്ങനെ ചിലർ ഉണ്ടായിരുന്നതായി അവരുടെ പേരുകൾ ചരിത്രങ്ങളിൽ കാണുന്നതുകൊണ്ടുള്ള അറിവല്ലാതെ കൂടുതൽ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. പാശ്ചാത്യർ

മററു കാര്യ്യങ്ങൾ വിവരിക്കുന്നതിന്നിടയിൽ ഇങ്ങനെ ചിലരുടെ പേരുകളും അവരുടെ ജന്മഭൂമി, മരണം പ്രാപിച്ചകാലം മുതലായവയും പറയുന്നതുകൊണ്ടു ഇത്രയും നമുക്കറിയാൻ ഇടയായിട്ടുള്ളതാണ്.

ഇവർ നമ്മുടെയിടയിൽനിന്നു മുളച്ചുണ്ടായിട്ടുള്ള സ്വർഗ്ഗീയ പുഷ്പങ്ങളാണെന്നു മനസ്സിലാക്കി നമ്മുടെ സഹോദരരായ ഇവരെപ്പററി കൂടുതൽ അറിവുകൾ ലഭിക്കാനും, തൻെറ മഹത്വത്തിനായി പീഡകൾ സഹിച്ചും രക്തംചിന്തിയും മരണം കൈവരിച്ച ഇവരെ ഈ ലോകത്തിൽകൂടെയും മഹത്വപ്പെടുത്തുവാനും ഇടവരുത്തേണമെന്നു നമുക്കു ദൈവത്തോടു പ്രാൎത്ഥിക്കാം. അങ്ങനെതന്നെ ഇവരെക്കുറിച്ചും മാതൃഭൂമിയെ കടാക്ഷിക്കാനും ഇതിൽ ഇനിയും ദൈവികവെളിച്ചം ലഭിക്കാതെ ജീവിക്കുന്ന ഇത്രവളരെ ആത്മാവുകളെ ആ പരമ വെളിച്ചത്തിലേയ്ക്കാനയിക്കുവാനും നമുക്കു പ്രാൎത്ഥിക്കാം.

വിശേഷിച്ചും കേരളത്തിൽ ഇത്ര വളരെ മർദ്ദനങ്ങളും പ്രതികൂല സാഹചര്യ്യങ്ങളും ഉണ്ടായിട്ടും കത്തോലിക്ക അരൂപിയും ക്രിസ്തീയ ചൈതന്യവും നിലനിന്നും ശക്തിപ്പെട്ടും പോരുകയും അഭിവൃദ്ധിമാർഗ്ഗത്തിലെത്തുകയും ചെയ്തിരിക്കുന്നതിന്നുള്ള പ്രധാന കാരണങ്ങളിൽ ഒന്നു ഇവരുടെ മദ്ധ്യസ്ഥതയാണെന്നു ന്യായപൂൎവ്വം നമുക്കു വിചാരിക്കാവുന്നതാണ്. അതിനാൽ നമ്മുടെ മാതൃഭൂമിക്കും സമുദായത്തിന്നും നമ്മിൽ ഓരോരുത്തൎക്കും ഇനിയും വേണ്ട അനുഗ്രഹങ്ങൾ ലഭിച്ചുതരുവാൻ ഇവരോടും നമുക്കു പ്രാൎത്ഥിക്കാം.

# അദ്ധ്യായം ൨൧

**ലത്തീൻകത്തോലിക്കരും പാശ്ചാത്യരും— കേരളീയരുംഅബ്ദുനാ യാക്കോബു മെത്രാനും — കേരളീയരും പാശ്ചാത്യ മിഷ്യനറിമാരും.**

**ലത്തീൻകത്തോലിക്കരും പാശ്ചാത്യരും**

പൊൎത്തുഗീസുകാർ കേരളത്തിൽവന്ന അവസരത്തിൽ ഇവിടെയുണ്ടായിരുന്ന ക്രൈസ്തവരുടെ സ്ഥിതി എന്തായിരുന്നുവെന്നു ഈ ഗ്രന്ഥത്തിന്റെ ആരംഭഭാഗത്തിൽ തന്നെ സ്വല്പം കാണിച്ചിട്ടുണ്ടല്ലോ. (241) അന്നു ഇങ്ങനെ ഒരു ക്രിസ്തീയശക്തി ഇവിടെ ആഗതമാകയും അവരോടുകൂടെ ഉണ്ടായിരുന്ന മിഷ്യനറിമാർ ഇവിടങ്ങളിലെ ക്രൈസ്തവരുടെ ഇടയിൽ പ്രയത്നിക്കുകയും ചെയ്യാതിരുന്നെങ്കിൽ കാലാന്തരത്തിൽ ഈ ക്രൈസ്തവരുടെസ്ഥിതി എപ്രകാരമായി പരിണമിക്കുമായിരുന്നു എന്നുള്ളതു ആർക്കും നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണു്. ഇങ്ങനെ ആത്മികഭാഗങ്ങൾ നോക്കുന്നതായാൽ അവരുടെ അന്നത്തെ ആഗമനം കേരളീയ ക്രൈസ്തവർക്കു പരമ കാരുണികനായ ദൈവം ചെയ്ത ഒരു അനുഗ്രഹമായി എന്നും അനുസ്മരിക്കേണ്ടതാണു്. ഭൗതികമായും കേരളീയ കത്തോലിക്കർക്കു ഇവർ വഴിയായി പലേ അനുഗ്രഹങ്ങളും ദൈവം നൽകിയിട്ടുണ്ടു്. ദൈവം തന്റെ അനുഗ്രഹങ്ങൾ നൽകുന്നതിന്നു കരുക്കളായി ഉപയോഗിച്ച പൊൎത്തുഗൽ രാജാക്കന്മാരെയും ആ രാജ്യങ്ങളിലെ മററു കത്തോലിക്കരെയും (അവരിൽ

(241) അദ്ധ്യായം 2 നോക്കുക.

കത്തോലിക്കചൈതന്യമുള്ളവർ കേരളീയർക്കു വിശിഷ്യ കേരളീയ ലത്തീൻ ക്രിസ്ത്യാനികൾക്കു, ചെയ്തിട്ടുള്ള സഹായങ്ങളെയും, എന്നു നാം അനുസ്മരിക്കേണ്ടതാണ്.

കേരളീയരും അബൂനാ യാക്കോബുമെത്രാനും

പൊത്തുഗീസുകാരുടെ ആഗമനവേളയിൽ യഥാർത്ഥാവസ്ഥ ഗ്രഹിച്ചു അവരുടെ മിഷ്യനറിമാർക്കു തൻെറ അജസമൂഹത്തെ ഏല്പിച്ചരുളിയ മഹാമനസ്കനായ അബൂനാ യാക്കോബുമെത്രാനെ — ആ ത്യാഗിവയ്യനെ — യും എന്നും നാം ആദരപൂർവ്വം അനുസ്മരിക്കേണ്ടതുണ്ടു്. വി. ഫ്റാൻസീസ് സേവ്യറിൻെറ ലിഖിതത്തിൽ പറഞ്ഞിരിക്കുന്നതു നോക്കിയാൽ അദ്ദേഹം ഇന്നു സ്വർഗ്ഗത്തിൽ നമുക്കായി — കേരളീയ കത്തോലിക്കർക്കു്, വിശിഷ്യാ അതിലെ ലത്തീൻ കത്തോലിക്കർക്കായി — ദൈവത്തിൽനിന്നു അനുഗ്രഹങ്ങൾനേടി തന്നുകൊണ്ടിരിക്കയാണെന്നു വിശ്വസിക്കാൻ ന്യായമുണ്ടു്.

കേരളീയരും പാശ്ചാത്യമിഷ്യനറിമാരും

ഈ പറഞ്ഞവരെക്കഴിഞ്ഞാൽപിന്നെ നാം നന്ദിപൂർവ്വം അനുസ്മരിക്കേണ്ടതു പാശ്ചാത്യരായ മിഷ്യനറിമാരെയാണ്. ഡോമ്മ്നിക്കൻസ്, ഫ്റാൻസീസ്കൻസ് യെസുവിററ്സ്, അഗസ്റ്റീന്യൻസ് എന്നിങ്ങനെയുള്ള സഭാംഗങ്ങളായ മിഷ്യനറിമാരിൽനിന്നു അക്കാലങ്ങളിൽ നിരവധി സഹായങ്ങൾ നമുക്കു്, കേരളീയ ലത്തീൻരീതിക്കാർക്കു പ്രത്യേകിച്ചും ലഭിച്ചിട്ടുണ്ടു്. സ്വദേശവും അവിടത്തെ സാഹചയ്യാനുകൂല്യങ്ങളുംവിട്ടു വിദൂരമായ ഇവിടെ വന്നു സഭയുടെ ജീർണ്ണിച്ച അവശിഷ്ടങ്ങൾ എന്ന നിലയിൽ കിടന്ന ക്രിസ്ത്യാനികളുടെയിടയിൽ ക്ലേശപരമായ ജോലികൾചെയ്തു അവരെ നന്മയിൽ അഭിവൃദ്ധിപ്പെടുത്തുകയും സാമ്പത്തികമായും ആദ്ധ്യാത്മികമായും പരിഷ്കരിക്കുകയുംചെയ്ത ആ ലോകസേവാനിരതന്മാരെ നാം നന്ദിപൂർവ്വം അനുസ്മരിക്കേണ്ടതാണ്.

അന്നു ഈ ജനങ്ങളുടെ ഇടയിൽ അധികജോലി ചെയ്തതും അവരിൽ ഒരു ഭാഗത്തെ ലത്തീൻരീതി പരിചയിപ്പിച്ചും ആശ്രമങ്ങൾ സ്ഥാപിച്ചും മതാത്മകമായ എല്ലാവിധ സഹായങ്ങളും ചെയ്തതും ത്യാഗാദർശവാനായ അബൂനാ യാക്കോബു മെത്രാനെ സർവ്വസ്നേഹ ബഹുമാനങ്ങളോടുംകൂടെ ആദരിച്ചും വന്നിരുന്നതു ഫ്റാൻസീസ്കൻ സന്ന്യാസിമാരായിരുന്നു. ഡൊമ്മ്നീക്കൻ, അഗുസ്തീന്യൻ എന്നീ സഭാംഗങ്ങളിൽനിന്നും കേരളത്തിലെ ലത്തീൻ രീതിക്കാർക്കു പലേ വിലയേറിയ സഹായങ്ങളും ലഭിച്ചിട്ടുണ്ട്. ഈ പറഞ്ഞ സഭകളുടെ ആശ്രമങ്ങൾ കൊച്ചിയിൽ ലത്തീൻരീതിക്കാരുടെ മദ്ധ്യേ സ്ഥാപിതമായിരുന്നുവല്ലൊ. ഫ്റാൻസീസ്കന്മാരുടെ ഒരാശ്രമം കോഴിക്കോട്ടുമുണ്ടായിരുന്നു. (242)

ജെസുവിററു സഭാംഗങ്ങളിൽനിന്നു കേരളീയർക്കു ലഭിച്ചിട്ടുള്ള സഹായവും അല്പമല്ല. വിശുദ്ധ ഫ്റാൻസീസ് സേവ്യർ ഈ സഭാംഗങ്ങളിൽ ഒരുവനാണല്ലൊ.

ഏതു രീതിയൊ ഇഷ്ടം ആ രീതിയിൽ വൈദിക വിദ്യാഭ്യാസവും പരിശീലനവും നടത്തത്തക്കവിധം വൈപ്പിക്കോട്ടയിൽ സെമ്മിനാരി സ്ഥാപിച്ചതു ജെസുവിററു സഭാംഗങ്ങളാണ്.

ഡച്ചുകാരുടെ പ്രവേശനത്തിൽ മതസ്ഥാപനങ്ങളെല്ലാം നശിപ്പിക്കപ്പെട്ടു. കൊച്ചീമെത്രാന്നു ഡച്ചുകാരുടെ സ്വാധീനശക്തി എത്തുന്നേടത്തെങ്ങും പ്രവേശിക്കാനും വൈദികവിദ്യാഭ്യാസത്തിന്നുവേണ്ട ഏർപ്പാടുകൾ ചെയ്യാനും നിവത്തിയില്ലാതെ വരുകയും ചെയ്തുവല്ലൊ. കൊച്ചീരൂപത കർമ്മലീത്താക്കാ

(242) ഈ ആശ്രമക്കെട്ടിടം തട്ടിനിരത്തിയില്ല. ഗവർമ്മേണ്ടു കച്ചേരിയാക്കിയിരിക്കയാണ്. ഈ എഴുത്തുകാരൻ പ്രസ്തുത കെട്ടിടം കണ്ടിട്ടുണ്ട്.

കേരളത്തിലെ ഒന്നാമത്തെ കത്തോലിക്കാ
പത്രപ്രവൎത്തകൻ.



ദിവ്യശ്രീ ഫാദർ ലൂയിസ് ടി. ഒ. സി. ഡി. (വൈപ്പിശ്ശേരി)

(മുഖവുര (pg. vi) നോക്കുക.)

ർക്കു താല്ക്കാലികമായെങ്കിലും ഏല്പിച്ചു് കർമ്മലീത്താ മിഷനറിമാർ വരാപ്പുഴ സെമ്മിനാരി വിസ്തീർണ്ണപ്പെടു ത്തുകയും ചെയ്യുന്നതുവരെ, ലത്തീൻകത്തോലിക്കർക്കു കാര്യമായ അവലംബം ജെസ്യൂവിററു സഭാംഗങ്ങൾ നട ത്തിയിരുന്ന സെമ്മിനാരിയായിരുന്നു.

അത്രയുമല്ലാ, ഈ ക്രൈസ്തവരുടെ ആദ്ധ്യാത്മിക ചൈ തന്യം നിലനിറുത്തുവാനും അഭിവൃദ്ധിപ്പെടുത്തുവാനുംതക്ക പലേ കയ്യെഴുത്തു ഗ്രന്ഥങ്ങളും പ്രസ്തുത സെമ്മിനാരി യിൽനിന്നു ലഭിക്കയും അവ ലത്തീൻകത്തോലിക്കരുടെ യിടയിൽ വലിയ ആത്മികപ്രയോജനം വരുത്തുകയും ചെയ്തിട്ടുണ്ടു്. "പുത്തൻപാന" "പർവ്വം" അഞ്ചും എ ന്നിങ്ങനെയുള്ളവ ഇക്കൂട്ടത്തിൽ പ്രധാനങ്ങളാണ്. മേ ല്പറഞ്ഞ ഗ്രന്ഥങ്ങൾ മുൻകാലങ്ങളിൽ ലത്തീൻകത്തോ ലിക്കരുടെ ഇടയിൽ വളരെയധികം പ്രചരിച്ചിരുന്നു. ക്ലാസ്സ് മുറയ്ക്കു കുട്ടികളെ പഠിപ്പിക്കുക എന്നതു എത്ര ക ണിശമായി ലത്തീൻ ക്രിസ്ത്യാനികൾ അനുസരിച്ചു പോന്നു എന്നിതു പ്രസിദ്ധമാണല്ലൊ.

# അദ്ധ്യായം ൨൨

## കേരളവും കമ്മലീത്താമിഷ്യനറിമാരും.

കർമ്മലീത്താസഭക്കാർ കേരളത്തിൽ വന്നതു പതിനേഴാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിലാണെങ്കിലും അവരോടു കേരളീയകത്തോലിക്കർക്കുള്ള കടപ്പാടു ചെറുതല്ല. പതിനാറാംനൂററാണ്ടിൻെറ ആരംഭഘട്ടത്തിൽ പൊത്തുഗീസുകാരുടെ ആഗമനം കേരളത്തിന്നു ഒരു പ്രത്യേക ദൈവാനുഗ്രഹമായിരുന്നതുപോലെ പതിനേഴാം നൂററാണ്ടിൻെറ മദ്ധ്യഘട്ടത്തിൽ കർമ്മലീത്താസഭക്കാരുടെ ആഗമനവും ഒരു പ്രത്യേകദൈവാനുഗ്രഹംതന്നെയായിരുന്നു എന്നു പറയാം. കർമ്മലീത്താമിഷ്യനറിമാർ 1657 ഫബ്രുവരി 22-ൽ കേരളത്തിൽ വന്നു. അവർ വന്നതു സുറിയാനിക്കാരുടെയിടയിലുണ്ടായ സീസ്മ തീക്കാനാണല്ലൊ. വന്നശേഷം പരിശുദ്ധ പിതാവു തങ്ങളെ ഏല്പിച്ചിരുന്ന ഉദ്യോഗം യഥാശക്തി അവർ നിവ്വഹിച്ചു. ബാക്കിയുള്ളവ സഹജീവികളെ ഏല്പിച്ചുകൊണ്ടു, ഇവിടത്തെ സ്ഥിതിഗതികൾ അറിയിക്കാൻ ജോസഫ് സെബസ്ത്യാനി (കൊമ്മിസ്സാരി) റോമിലേക്കു യാത്രയായി.

കേരളവും കമ്മലീത്താ മിഷ്യനറിമാരും

കേരളീയ സുറിയാനിറീത്തുകാർക്കു കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ കീഴിരിക്കാൻ മനസ്സില്ലാഞ്ഞതിനാൽ പരിശുദ്ധ പിതാവു 1659 ഡിസമ്പർ 3-ൽ ഇദ്ദേഹത്തെ (ജോസഫ് സെബസ്ത്യാനിയെ) യെരാപ്പൊളി എന്ന ദിക്കിൻെറ മെത്രാനും കേരളത്തിൻെറ വികാരി അപ്പസ്തോലിക്കയുമായി നിയമിച്ചു. പരി: പിതാ

വിൻെറ കപ്പേളയിൽവച്ചുതന്നെ അഭിഷേകകർമ്മവും നടത്തപ്പെട്ടു. 1660 മേയ് 14-ൽ കൊച്ചിയിൽ വന്നു ചേർന്നു.

1663 ജനവരി മാസത്തിൽ ഡച്ചുകാർ കൊച്ചി കൈവശപ്പെട്ടുത്തിയ അവസരത്തിൽ യൂറോപ്യന്മാരായ മററാളുകളെല്ലാവരും ഇവിടെനിന്നു പോകണമെന്നു അവർ ആവശ്യപ്പെട്ടു. ടി. ജനവരി 31-ൽ പറമ്പിൽ ചാണ്ടി (അലക്സാണ്ടർ ദെ കാമ്പൊ) എന്ന ദേഹത്തെ മെഗോര എന്ന ദിക്കിൻെറ മെത്രാനും കേരളീയ സുറിയാനിക്കാരുടെ വികാരി അപ്പസ്തോലിക്കയുമായി കടത്തുരുത്തിപ്പള്ളിയിൽവച്ചു ജോസെഫ് സെബസ്ത്യാനിമെത്രാൻ അഭിഷേകം ചെയ്തു.

പ്രസ്തുത മെത്രാൻ വൃദ്ധനായിരുന്നതിനാൽ റാഫയേൽ ദെ ഫിഗരേദോ സൽഗാദൊ എന്ന ദേഹത്തെ സഹായമെത്രാനായി (കൊവാദിത്തോർ) നിയമിച്ചു.

ദോൻ റപ്പേൽ ജീവിച്ചിരിക്കുമ്പോൾത്തന്നെ വി. സിപ്രിയാൻെറ കൊണ്ണ്ല്യ്യോ എന്ന കർമ്മലീത്താസന്യാസിയെ പറമ്പിൽ ചാണ്ടിമെത്രാൻെറ സഹായത്തിന്നായി അയച്ചിരുന്നു. വൃദ്ധനായിരുന്ന അലക്സാണ്ടർ മെത്രാൻ കാലധർമ്മം പ്രാപിച്ചപ്പോൾ കൊറവിലങ്ങാട്ടുപള്ളിയിൽ സംസ്കരിക്കപ്പെട്ടു.

അദ്ദേഹത്തിൻെറ മരണാനന്തരം ദോൻ റപ്പേൽ മെത്രാൻ ഭരണം നടത്തിയിരുന്നു. 1695 ഒക്ടോബർ 12-ൽ ഇദ്ദേഹവും കാലംചെയ്തു. തെക്കൻ പള്ളിപ്പുറംപള്ളിയിൽ സംസ്കരിക്കപ്പെട്ടു. ഇതിന്നുമുമ്പുതന്നെ, വലിയ മെഗോറിൻെറ വികാരി അപ്പസ്തോലിക്കയായിരുന്ന കുസ്തോദ്യോ ദെ പീഞ്ഞൊ എന്ന ദേഹം കേരളത്തിൻെറ വികാരി അപ്പസ്തോലിക്കയാനി നിയമിക്കപ്പെട്ടു. എങ്കിലും ഇവിടെ വന്നെത്തിയില്ല.

1700 ഫെബ്രുവരി 20-ാംനു- ആഞ്ചെലൊ പ്രൻ

സീന്റോ (നിഷ്പാദുക കർമ്മലീത്താ) എന്ന ദേഹം മെത്തലോപ്പൊളി മെത്രാനും കേരളത്തിന്റെ വികാരി അപ്പസ്തോലിക്കയുമായി നിയമിക്കപ്പെട്ടു.

1701 ഡിസമ്പർ 5-ൽ യോഹന്നാൻ റിബേരൊ (ജെസുവിററുസഭാംഗം അമ്പഴക്കാട്ടു സെമ്മിനാരിയുടെ റെക്ററർ) കൊടുങ്ങല്ലൂർമെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടു. സുറിയാനിറീത്തിൽപ്പെട്ടവർ തന്റെ അധികാരത്തിൽ ഇരിക്കേണ്ടതാണെന്നു പ്രസ്തുത മെത്രാപ്പോലീത്താ അൻഞ്ചെലൊ ഫ്രൻസീസ്കൊമെത്രാനെ അറിയിച്ചു. ഇദ്ദേഹം ജനങ്ങളെക്കൂട്ടി വിവരമറിയിച്ചു. അനേകർക്കും അതിന്നു മനസ്സില്ലായിരുന്നു. ഇതിനാൽ പല കുഴപ്പങ്ങളുമുണ്ടായി..................ലന്തക്കാരുടെ വിരോധംനിമിത്തം റിബേയിരൊ മെത്രാപ്പോലീത്തായ്ക്കു് തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും അതൃത്തികളിൽ പ്രവേശിക്കാൻ നിവൃത്തിയില്ലാതായതിനാൽ 1709-ൽ അൻഞ്ചെലൊ ഫ്രൻസീസ്കൊമെത്രാൻ, കൊടുങ്ങല്ലൂർ, കൊച്ചി എന്നീ രൂപതകളുടെ വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. 1712 ഒക്ടോബർ 17-ൽ അൻഞ്ചെലൊ ഫ്രൻസീസ്കൊമെത്രാൻ കാലധർമ്മം പ്രാപിച്ചു.

1714 ജനുവരി 31-ൽ യോഹന്നാൻ ബപ്തീസ്താ മുൽത്തേദൊ (നിഷ്പാദുക കർമ്മലീത്താ) എന്ന ദേഹം ലിമരേൻസുമെത്രാനും കേരളത്തിന്റെ വികാരി അപ്പസ്തോലിക്കയുമായി നിയമിക്കപ്പെട്ടു. 1718-ൽ കേരളത്തിൽ വന്നുചേർന്നു.

1734 ഡിസമ്പർ 11-ൽ സൻ ലെഓപ്പോൾദിന്റെ ഇന്നച്ചേൻസൊ (നിഷ്പാദുക കർമ്മലീത്താ) എന്ന ദേഹം, യോഹന്നാൻ ബപ്തീസ്താ വികാരിഅപ്പസ്തോലിക്കയുടെ സഹായക്കാരനായി നിയമിക്കപ്പെട്ടു. ഇദ്ദേഹം ഈ സ്ഥാനം സ്വീകരിച്ചില്ല.

1746 ജനുവരി 15-ൽ പ്ലോരെൻസ്യൊ (നിഷ്പാദുക) എന്ന ദേഹം അരെ ഓപ്പൊളിമെത്രാനും കേരളത്തിന്റെ വികാരി അപ്പസ്തോലിക്കയുമായി നിയമിക്കപ്പെട്ടു. അടുത്ത വത്സരത്തിൽ അഭിഷേകം നടന്നു.

1756-ൽ സാംവദോർ ദോസറെയിസ് എന്ന ദേഹം (ജെസ്യുവിററുസഭാംഗം) കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടു. അനന്തരം അദ്ദേഹം പരി: സിംഹാസനത്തിൽനിന്നുള്ള തിരുവെഴുത്തു പ്ലോരെൻസുമെത്രാന്നയച്ചുകൊടുത്തു. ആർക്കൊ അദ്ദേഹത്തിന്റെ അധീനതയിൽ ഇരിക്കാൻ ഇഷ്ടം, അവരെ സ്വീകരിക്കയല്ലാതെ നിർബന്ധിച്ചു വഴക്കാൻ പാടില്ലാ എന്നു പ്ലോരെൻസുമെത്രാൻ പറഞ്ഞു. 1773 ജൂലൈ 26-ൽ പ്ലോരെൻസുമെത്രാൻ കാലം ചെയ്തു.

1774-ൽ പ്രാൻസീസ് ദെ സാലേസ് എന്ന ദേഹം (നിഷ്പാദുക കർമ്മലീത്താ) ജെർമ്മനീച്ചെ മെത്രാനും കേരളത്തിന്റെ വികാരി അപ്പസ്തോലിക്കയുമായി നിയമിക്കപ്പെട്ടു. 1775 ഒക്ടോബർ 15-ൽ കേരളത്തിൽ വന്നു. അത്ര കാലദീർഘം ചെല്ലുന്നതിന്നു മുമ്പു അദ്ദേഹം സ്ഥാനത്യാഗംചെയ്തു പലസ്തീനായിൽ പോയി പാർത്തു.

1780 ഡിസമ്പർ 23-ൽ വി. തോമ്മായുടെ യോഹന്നാൻ മറിയം എന്ന ദേഹം (നിഷ്പാദുക കർമ്മലീത്താ) കസ്തരിയേൻസെ മെത്രാനും കേരളത്തിന്റെ വികാരിഅപ്പസ്തോലിക്കയുമായി നിയമിക്കപ്പെട്ടു. അഭിഷേകം നടക്കുന്നതിന്നു മുമ്പുതന്നെ അദേഹം മരണമടഞ്ഞു.

1784 സെപ്റ്റമ്പർ 18-ൽ ളൂയീസ് മറിയം എന്ന ദേഹം (നിഷ്പാദുക കർമ്മലീത്താ) ഉൗർസ്സലമെത്രാനും കേരളത്തിന്റെ വികാരി അപ്പസ്തോലിക്കയുമായി നിയമിക്കപ്പെട്ടു. 1785 സെപ്റ്റമ്പർ 18-ൽ പുതുച്ചേരിയിൽവച്ചു അഭിഷേചിക്കപ്പെട്ടു. 1786 ജനുവരി 15-ൽ അദ്ദേഹം രൂപത ഭരിക്കാൻ തുടങ്ങി.

1786-ൽ ഏതദ്ദേശീയനും സുറിയാനിറീത്തുകാരനു മായ കരിയാററിൽ യൌസേപ്പുമെത്രാപ്പോലീത്താ സഹചാരിയായ പാറേമ്മാക്കൽ തോമാകത്തനാരു് ഒരുമിച്ചു റോമിൽനിന്നു ഗോവയിൽ വന്നു. മെത്രാപ്പോലീത്തായ്ക്കു് അവിടെവച്ചു തുള്ളപ്പനിപിടിപെട്ടു. ഇതു് "മലീഞ്ഞ" എന്നു പറയാറുള്ള പനിയായിത്തീർന്നു. ടി. വത്സരം സെപ്ററമ്പർ 9-ൽ അവിടെവച്ചു കാലംചെയ്തു. ടി. വത്സരം ഡിസമ്പർ 9-ൽ പാറേമ്മാക്കൽ തോമാകത്തനാരു് കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗൊവർണ്ണദോരായി കേരളത്തിൽ വന്നു. ഇദ്ദേഹം 1799-ൽ കാലധർമ്മം പ്രാപിച്ചു.

കേരളമൊക്കയുടേയും വികാരി അപ്പസ്തോലിക്കയായിരുന്ന ളുയീസ് മറിയം മെത്രാൻ 1802 ഏപ്രിൽ 2-ൽ കാലംചെയ്തു. മരിക്കുന്നതിന്നു മുമ്പു, റൈമൂൻദൊ ദെ സൻജൂസെഫ് (നിഷ്പാദുക കർമ്മലീത്താ) എന്ന ദേഹത്തെ വികാരിജനരാളായി നിയമിച്ചിരുന്നു.

1807-ൽ പ്രസ്തുത വികാരിജനറാൾ സൂര എന്ന ദിക്കിൻെറ മെത്രാനും കേരളത്തിൻെറ വികാരിഅപ്പസ്തോലിക്കയുമായി നിയമിക്കപ്പെട്ടു. ബോംബയിൽവച്ചു അഭിഷേചിക്കപ്പെട്ടശേഷം അടുത്ത വത്സരത്തിൽ വരാപ്പുഴ വന്നു ഭരിക്കാൻ തുടങ്ങി. *

സുഖഹീനനായിരുന്ന ഈ മെത്രാന്നു് അത്ര കാല

---

* ഇദ്ദേഹം ഭരണംതുടങ്ങി ഏതാണ്ടു് ഒരു വത്സരമായപ്പോൾ ഫവ്വാൻ—ൻെറ ആരംഭഘട്ടത്തിൽ തോമാനസ്രാണികളിൽ എല്ലാംകൊണ്ടും പ്രഥമഗണനീയനായിരുന്ന ഒരുത്തൻ ബ്രിട്ടീഷുകാരെ ദ്രോഹിക്കാൻ ശ്രമിച്ചു എന്ന കാരണത്താൽ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു. ഇയാൾ റൈമൂന്തുമെത്രാൻെറ പക്കൽചെന്നു സഹായമപേക്ഷിച്ചു. ഈ മനുഷ്യൻ ക്രൈസ്തവരിൽ പലേ കലഹങ്ങൾ ഉണ്ടാക്കിയിരുന്ന ഒരുവനായിരുന്നു. അയാളിൽനിന്നു നന്മയായിട്ടൊന്നും പ്രതീക്ഷിക്കാനുമില്ലായിരുന്നു.

ദൈർഘ്യംചെല്ലുന്നതിന്നുമുമ്പു രോഗങ്ങൾ വർദ്ധിച്ചതിനാൽ സ്വഭാവപ്രകൃതി ഒരു ശിശുവിൻേറതുപോലെ ആയിത്തീർന്നു. 1816 വരെ ജീവിച്ചുവെങ്കിലും സുഖഹീനനായശേഷം ഭരണം നടത്തുവാൻ സാധിച്ചിരുന്നില്ല.

1816-ൽ ഫ്റാൻസീസ് സേവ്യർ എന്ന ദേഹം (നിഷ്പാദുക കർമ്മലീത്താ) കാർമ്മ്യ എന്ന ദിക്കിൻെറ മെത്രാനും കേരളത്തിൻെറ വികാരിഅപ്പസ്തോലിക്കയുമായി നിയമിക്കപ്പെട്ടുവെങ്കിലും, ഈ സ്ഥാനത്തെ സംബന്ധിക്കുന്ന ചുമതലകൾ വഹിക്കാൻ തനിക്കു സാധിക്കയില്ലാ എന്നു പറഞ്ഞു, ബൂള മടക്കുകയയാണു് ചെയ്തതു്. 1821 വരെ പത്രോസ് ദെ അല്ക്കാന്തര എന്ന മെത്രാൻ ബോംബയിൽനിന്നു വന്നു രണ്ടു മൂന്നു അവസരങ്ങളിൽ ഇവിടെ താമസിക്കയും പലർക്കും വൈദികപ്പട്ടം കൊടുക്കുകയും ചെയ്തു.

1818-ൽ മില്ലേസ്യോ പ്രെന്തർഗാസ്റ്റ എന്ന ദേഹം (ഐറിഷ് സ്വദേശി, പാദുക കർമ്മലീത്താസഭ) ചെന്തുരിയേൻസെ മെത്രാനും കേരളത്തിൻെറ വികാരിഅപ്പസ്തോലിക്കയുമായി നിയമിക്കപ്പെട്ടു.

1821 ജനുവരിമാസത്തിൽ കേരളത്തിൽവന്നു ഭരിക്കാൻ തുടങ്ങി.

1828-ൽ മൗരീല്യോസ്സ്തബലീനി എന്ന ദേഹം

---

എങ്കിലും പ്രസ്തുത മെത്രാൻ ക്രിസ്തുവിൻെറ വാക്കോർത്തു അയാൾക്കുവേണ്ടി ബ്രിട്ടീഷ് റെസിഡണ്ടിൻെറപക്കൽ മാദ്ധ്യസ്ഥ്യം പറഞ്ഞു മരണശിക്ഷമാററി പകരം പണപ്രായശ്ചിത്തം നിശ്ചയിച്ചു. (243) ഈ തുകയുടെ പലിശ സെമ്മിനാരി വിദ്യാത്ഥികളുടെ ചിലവിന്നായി ഉപയോഗിക്കാൻ നിശ്ചയിച്ചു എന്നാണു് അറിവു.

---

(243) ഫ്റാൻസീസ് സേവ്യർ മെത്രാ......നാളാഗമം 1809-ലേതു, കേരളത്തിലെ സത്യവേദചരിത്രം അ. 6.

(പാദുക കർമ്മലീത്താസഭ) ഇന്തരീനിയായി നിയമിക്കപ്പെട്ടു. ടി. വത്സരം ഫെബ്രുവരി 2-ാംനു- മില്ലെസ്സ്യോപ്രന്തർഗാസ്റ്റ മെത്രാൻ ബോംബയിലേക്കു പോയി. പത്രോസ് ദെ അല്കാന്തരമെത്രാൻെ അടുത്തു വസിച്ചു.

1831-ൽ മുകളിൽ പറഞ്ഞ ഫ്റാൻസീസ് സേവ്യർ എന്ന ദേഹംതന്നെ അമാത്തെ എന്ന ദിക്കിൻെറ മെത്രാനും കേരളത്തിൻെറ വികാരിഅപ്പസ്തോലിക്കയുമായി നിയമിക്കപ്പെട്ടു.

ഇതുവരെ വിവരിച്ചിട്ടുള്ള ചരിത്രരേഖകളിൽ കാണുന്നതുപോലെ നിഷ്പാദുക കർമ്മലീത്താക്കാരനായ ജോസഫ് സെബസ്ത്യാനി എന്ന ധന്യൻെറ കാലംമുതൽ 1838-വരെ കർമ്മലീത്താ നിഷ്പാദുക സഭക്കാരിൽനിന്നു പലരും വികാരി അപ്പസ്തോലിക്കമൊരായി കേരളത്തിൽ ഭരണം നടത്തിയിരുന്നെങ്കിലും കൊച്ചീ കൊടുങ്ങല്ലൂർ എന്നീ രൂപതകളുമുണ്ടായിരുന്നു. അന്നു അവ പതുവാദയിൽപ്പെട്ടിരുന്നതിനാൽ ഇടക്കിടെ ആ രൂപതകൾക്കു മെത്രാന്മാരായും ഗൊവർണ്ണദോർമാരായും ഓരോരുത്തർ വന്നു മററു സ്ഥലങ്ങളിലിരുന്നു അധികാരം നടത്തിവന്നു. അങ്ങനെയുള്ള അവസരങ്ങളിൽ കർമ്മലീത്താ വികാരിഅപ്പസ്തോലിക്കമാർ ഒഴിഞ്ഞുനില്ക്കുകയാണു ചെയ്തിരുന്നതു്. ഇടയ്ക്കിടെയുള്ള ഈ വ്യതിയാനം പലേ തിന്മകൾക്കും കലഹങ്ങൾക്കും കാരണവുമായിരുന്നു. ഇതിനാൽ പരി: പിതാവു പതിനാറാം ഗ്രെഗോരിയൂസ് തിരുമനസ്സുകൊണ്ടു 1838 ഏപ്രിൽ 24-ാംനു-യിലെ "Multa praeclare" എന്നാരംഭിക്കുന്ന ബൂളയാൽ കൊടുങ്ങല്ലൂർ അതിരൂപതയും കൊച്ചീരൂപതയും തൻെറ അധികാരം പ്രയോഗിച്ചു നിർത്തലാക്കിക്കൊണ്ടു പ്രസ്തുത രൂപതകളിൽപെട്ട രാജ്യങ്ങളിൽ തിരുസ്സഭയ്ക്കുള്ള അധികാരവും കർതൃത്വവും വരാപ്പുഴ സിംഹാസനത്തിൽ അന്നു വാണിരുന്ന അമാത്തെ എന്ന ദിക്കിൻെറ മെത്രാൻ

ഫ്റാൻസീസ് സേവ്യർ എന്ന ദേഹത്തിന്നും അദ്ദേഹത്തിൻെറ അനന്തരഗാമികൾക്കുമായി സ്ഥിരപ്പെടുത്തികൊടുത്തു. പ്രസ്തുത ബൂളയുടെ ഒരു ഭാഗം താഴെ ചേർക്കുന്നു.

"De regionibus vero quae limitibus dioecesis Cranganor_ensis, et Coccinensis continentur, et quae nulli Vicario Apostolico hactenus traditae sunt, eadem ratione jubemus, illas Vicariatui Apostolico in Malabarica regione instituto, cujus sedes in oppido Verapoli est, uniri debere, et jurisdictionem atque auctoritatem totam Ecclesiasticam, ac spiritualem in eas regiones ad Ven· Fr· Franciscum Xaverium Episcopum Amathensem, Vicarium Apostolicum verapoli commorantem, ejusque successores spectare·"

"എന്നാൽ കൊടുങ്ങല്ലൂർ കൊച്ചി എന്നീ രൂപതകളുടെ അതൃത്തികളിൽ ഉൾപ്പെടുന്നവയും ഇതേവരെ യാതൊരു വികാരി അപ്പസ്തോലിക്കായ്ക്കും ഏല്പിക്കപ്പെടാത്തവയുമായ സ്ഥലങ്ങൾ അതേകാരണത്താൽത്തന്നെ വരാപ്പുഴ നഗരത്തിൽ ആസ്ഥാനമുള്ള വികാരി അപ്പസ്തോലിക്കയോടു യോജിപ്പിക്കപ്പെടണമെന്നും ആ സ്ഥലങ്ങളിൽ തിരുസ്സഭയ്ക്കുള്ള സകല അധികാരവും കർത്തൃത്വവും വരാപ്പുഴ അധിവസിക്കുന്ന അമാത്തെയുടെ മെത്രാനും നമ്മുടെ വന്ദ്യ സഹോദരനുമായ ഫ്റാൻസീസ് സവ്യേർ വികാരി അപ്പസ്തോലിക്കായ്ക്കും അദ്ദേഹത്തിൻെറ അനന്തരാഗമികൾക്കും ഉള്ളതായിരിക്കണമെന്നും നാം ആജ്ഞാപിക്കുന്നു." *

---

* ഈയവസരത്തിൽ ഗൊവണ്ണദോർമാർ ഭരിച്ചിരുന്നു. കൊടുങ്ങല്ലൂർ രൂപതയുടെ ഗൊവണ്ണദോരിൽനിന്നു വലിയ വിരോധം വന്നതായി കാണുന്നില്ല. കൊച്ചിയിൽ വസിച്ചിരുന്ന ജനങ്ങളിലും വികടം ഉണ്ടായില്ല. കൊല്ലത്തു പാർത്തിരുന്ന ഗൊ

1839-ൽ ളുദൊവിക്കൂസ് എന്ന ദേഹം (നിഷ്പാദുകർമ്മലീത്താ) ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്തായുടെ സഹായ മെത്രാനായി നിയമിക്കപ്പെട്ടു. 1840-ഏപ്രിൽ മാസത്തിൽ ഫ്രാൻസീസ് സേവ്യർ മെത്രാൻ സർദ്ദ്യായുടെ മെത്രാപ്പോലീത്താ എന്ന സ്ഥാനത്താൽ അലംകൃതനായി.

1844-ഡിസമ്പർ 7-ൽ ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്താ മരണം പ്രാപിച്ചു. ളുദൊവിക്കൂസ് മെത്രാൻ ഭരിക്കാൻ തുടങ്ങി. അടുത്ത വത്സരത്തിൽ ഈ മെത്രാൻ (ളുദൊവിക്കൂസ് മെത്രാൻ) ഫീറ എന്ന ദിക്കിൻെറ മെത്രാപ്പോലീത്താ എന്ന സ്ഥാനത്തേക്കു ഉയർത്തപ്പെട്ടു. 1853-ൽ ബെണ്ണർദ്ദീനോസ് വികാരി അപ്പസ്തോലിക്കയെ തനിക്കുപകരം ആക്കിക്കൊണ്ടു റോമിലേക്കു പോയി. ബെണ്ണർദീനോസ് മെത്രാൻ പ്രൊ വികാരി അപ്പസ്തോലിക്കയായി വരാപ്പുഴ രൂപത ഭരിച്ചു. 1859-ൽ ളുദൊവിക്കൂസ് മെത്രാപ്പോലീത്താ സ്ഥാനം ഒഴിഞ്ഞതിനാൽ ബെണ്ണർദിനോസ് മെത്രാൻ അഡ്മിനിസ്ത്രേയിററായി ഭരിച്ചു. പ്രസ്തുത വത്സരത്തിൽതന്നെ ജൂൺ 20-ാം നു- ബെണ്ണർദിനോസ് മെത്രാൻ പാർസ്സാല്യ എന്ന ദിക്കിൻെറ മെത്രാപ്പോലീത്തായും കേരളത്തിൻെറ വികാരി അപ്പസ്തോലിക്കയുമായി നിയമിക്കപ്പെട്ടു.

1868-ജൂലൈ 24-ൽ ലെഒനാർദ് ദെ സൻ ലൂയിസ് എന്ന ദേഹത്തെ (നിഷ്പാദുകകർമ്മലീത്താ) ഒലിമ്പ്യ എന്ന ദിക്കിൻെറ മെത്രാനും ബെണ്ണാർദീനോസ് മെത്രാപ്പോലീത്തായുടെ സഹായക്കാരനുമായി പരിശുദ്ധ സിംഹാസനത്തിൽനിന്നു നിശ്ചയിച്ചു. പ്രസ്തുത വത്സരം സെപ്ററമ്പർ 5-ൽ ബെണ്ണർദീനോസ് മെത്രാപ്പോ

---

വണ്ണരോരിൽനിന്നു വലിയ വിരോധം നേരിട്ടു. അതിനാൽ അവിടങ്ങളിൽ വലിയ കുഴപ്പവും സീസ്മയും ഉണ്ടായി.

ലീത്താ നിയ്യാതനായി. എട്ടാം ദിവസം ലെഒനാർദ്ദ് മെത്രാപ്പോലീത്തായുടെകൂടെ ബൂളാ വരാപ്പുഴെ വന്നുചേർന്നു. പ്രസ്തുത വത്സരം നവമ്പർ 15-ൽ വരാപ്പുഴവച്ചു അഭിഷിക്തനായി.

1869- ആഗസ്റ്റിൽ പരിശുദ്ധ പിതാവിന്റെ ക്ഷണനമനുസരിച്ചു വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കാൻ റോമിലേക്കു പോയി. അവിടെവച്ചു നിക്കമെദ്യ എന്ന ദിക്കിന്റെ മെത്രാപ്പോലീത്താ എന്ന സ്ഥാനത്താൽ അലംകൃതനായി.

1886 സെപ്റ്റമ്പർ 1-ൽ പരി: പിതാവു പതിമൂന്നാം ലെയൊ തിരുമനസ്സുകൊണ്ടു ഇൻഡ്യയിൽ ഹയരാക്കി സ്ഥാപിച്ചപ്പോൾ വരാപ്പുഴ മെത്രാപ്പോലീത്താ എന്ന സ്ഥാനത്തിലേക്കുയർത്തപ്പെട്ടു. അടുത്തവത്സരം ജനുവരി 25-ൽ ബാങ്ക്ളൂർവെച്ചു ഇതു ഡെലഗാദപ്പസ്തോലിക്കാ പ്രഖ്യാപനം ചെയ്തു. 1877-ൽ പ്രെ. മർസ്സലീനൂസ് ദെ സാന്ത ത്രേസ്യ (നിഷ്പാദുകകർമ്മലീത്താ) എന്ന ദേഹം ലെഒനാർദ് മെത്രാപ്പോലീത്തായുടെ സഹായക്കാരൻ എന്ന നിലയിൽ സുറിയാനിറീത്തുകാർക്കു പ്രത്യേകവിധം നിയമിക്കപ്പെട്ടു. ടി. ഒക്ടോബർ 21-ൽ അഭിഷേചിക്കപ്പെട്ടു. 1887-ൽ പരി: പിതാവു 13-ാം ലെയൊപാപ്പാ തൃശ്ശൂർ കോട്ടയം എന്നു രണ്ടു അപ്പസ്തോലിക്കു വികാരിയാത്തുകൾ സ്ഥാപിച്ചു സുറിയാനിക്കാരെ വരാപ്പുഴമെത്രാപ്പോലീത്തായുടെ കീഴിൽനിന്നു വേർപെടുത്തി പ്രസ്തുതവികാരി അപ്പസ്തോലിക്കമാരുടെ കീഴാക്കി.

(1891- മാർച്ച് 21-ൽ മർസ്സലീൻ മെത്രാൻ കാലം ചെയ്തു.)

1886-ൽ കൊച്ചീരൂപതയ്ക്കു പ്രത്യേകം മെത്രാനെ നിയമിച്ചു അതിന്റെ പരിധി നിശ്ചയിച്ചുകൊടുത്തു. ഈയവസരത്തിൽ കൊച്ചീരൂപതയ്ക്കു നിശ്ചയിക്കപ്പെട്ട പരിധി പണ്ടത്തേതിൽനിന്നു വളരെ വ്യത്യസ്തമാ-

യിരുന്നു. തെക്കുഭാഗത്തു കൊല്ലം ഒരു രൂപതയായിത്തീന്നിരുന്നതിന്നും പുറമെ വടക്കുഭാഗത്തു പലേ പള്ളികളും. വരാപ്പുഴ അതിരൂപതാതൃത്തിയില്ലമായിത്തീൻ.

1896-ൽ പ്രെ. ബെണ്ണാർദ്ദസ് ആയേസു എന്ന ദേഹം (നിഷ്പാദുകകർമ്മലീത്താ) ലെഒനാർദ് മെത്രാപ്പോലീത്തായുടെ കൊവദിത്തോർ മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടു. മഞ്ഞുമ്മെൽ ആശ്രമദേവാലയത്തിൽവച്ചു അഭിഷേചിക്കപ്പെട്ടു. 1897-ആഗസ്റ്റ് 19-ൽ ലെഒനാർദ്ദ് മെല്ലാനൊ മെത്രാപ്പോലീത്താ കാലം ചെയ്തു. അനന്തരം ബെണ്ണാർദ് മെത്രാപ്പോലീത്താ ഭരിക്കാൻ തുടങ്ങി.

1915-ൽ പ്രെ. ആഞ്ചെലൂസ്മരിയ പേരസ് ചെച്ചീലിയ (നിഷ്പാദുകകർമ്മലീത്താ) എന്ന ദേഹം ബെണ്ണാർദ് മെത്രാപ്പോലീത്തായുടെ സഹായമെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടു. പ്രസ്തുത വത്സരം ഒക്ടോബർ 28-ൽ എറണാകുളത്തെ കർമ്മലീത്താ ആശ്രമദേവാലയത്തിൽവച്ചു അഭിഷിക്തനായി. ബെണ്ണാർദ്ദസ് ആയേസു മെത്രാപ്പോലീത്താ 1919-ൽ സ്ഥാനത്യാഗം ചെയ്തതിനാൽ ആഞ്ചെലൂസ്മരിയ മെത്രാപ്പോലീത്താ വരാപ്പുഴ അതിരൂപത ഭരിക്കാൻ തുടങ്ങി. ഇദ്ദേഹത്തിന്റെ ഭരണകാലത്തു (1930-ൽ) പരി: പിതാവു 11-ാം പീയൂസ് പാപ്പാ, വരാപ്പുഴ അതിരൂപതയുടെ തെക്കുകിഴക്കുള്ള ഭാഗത്തെ വിജയപുരം ആസ്ഥാനമാക്കി ഒരു രൂപതയായി തിരിക്കയും ആ രൂപത കർമ്മലീത്താമിഷ്യനറിമാക്കു ഏല്പിച്ചുകൊണ്ടു വരാപ്പുഴ അതിരൂപത ഏതദ്ദേശ്യ വൈദികർക്കേല്പിക്കയും ചെയ്തു. വരാപ്പുഴഅതിരൂപതയുടെ ഒന്നാമത്തെ ഏതദ്ദേശ്യ മേലദ്ധ്യക്ഷനായി കുരിശുങ്കൽപള്ളി എടവക ഡോക്ടർ ജോസെഫ് അട്ടിപ്പേററി 1932-ൽ നിയമിതനായി.

ഈ നിയമനത്തിനുശേഷം 1932-ഡിസമ്പറിൽ എറ

ണാകുളത്തെ അരമനയിൽ വന്നുചേൎന്നു. അടുത്ത വത്സരത്തിൽ പരി: പിതാവു ഇദ്ദേഹത്തെ റോമ്മിലേയ്ക്കു വിളിപ്പിക്കയും ചൈനാ സ്വദേശികളായ മററു നാലുപേരേയും ഇദ്ദേഹത്തേയും ടി. ജൂൺ 11-ൽ സ്വന്തം തൃക്കൈകളാൽ അഭിഷേചിക്കയും ചെയ്തു. അനന്തരം കേരളത്തിൽ വന്നു ആഞ്ചെലൂസ് മരിയ മെത്രാപ്പോലീത്തായുടെ സഹായകനും വികാരിജനറാളുമായി വൎത്തിച്ചുവരവെ, ദേഹാസ്വാസ്ഥ്യംനിമിത്തം 1934-ൽ പ്രസ്തുത മെത്രാപ്പോലീത്താ സ്ഥാനത്യാഗം ചെയ്കതിനാൽ റോമിൽനിന്നുള്ള തീട്ടൂരം അനുസരിച്ചു ടി. വത്സരം ഡിസമ്പർ 21-ൽ വരാപ്പുഴ അതിരൂപതയുടെ ഭരണഭാരം ജോസഫ് അട്ടിപ്പേററി മെത്രാപ്പോലീത്താ സ്വീകരിച്ചു.

ഇദ്ദേഹം വരാപ്പുഴ അതിരൂപതയിലെ പ്രഥമ ഏതദ്ദേശ്യ മെത്രാപ്പോലീത്തായും 1838-ൽ 16-ാം ഗ്രെഗോരിയൂസ് പാപ്പാ നിറുത്തലാക്കിയ കൊച്ചീ കൊടുങ്ങല്ലൂർ രൂപതകളുടെ പരിധികളിൽ പെട്ടിരുന്ന രാജ്യങ്ങളിൽ തിരുസ്സഭയ്ക്കുള്ള ആത്മികാധികാരം സ്ഥിരമായി സ്വീകരിച്ച മെത്രാന്റെ ആറാമത്തെ അനന്തരഗാമിയുമാണു്. (244)

---

(244) മുകളിൽ കാണിച്ചിട്ടുള്ളതുപോലെ ൧൮൩൮-ൽ വരാപ്പുഴ ആസ്ഥാനമായി ഭരിച്ചിരുന്ന ഫ്രാൻസീസ് സേവ്യർ എന്ന ദേഹത്തിന്നും അദ്ദേഹത്തിന്റെ അനന്തരഗാമികൾക്കും ഈ അധികാരം ഇരിക്കേണമെന്നാണല്ലൊ പരി: പിതാവു തീർപ്പുചെയ്തിരിക്കുന്നതു. ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്തായുടെ അനന്തരഗാമി, ളുദോവിക്കോസ് മെത്രാപ്പോലീത്താ—ളുദോവിക്കോസ് മെത്രാപ്പോലീത്തായുടെ അനന്തരഗാമി ബെർണ്ണർദീൻ മെത്രാപ്പോലീത്താ— ബെർണ്ണർദീൻ മെത്രാപ്പോലീത്തായുടെ അനന്തരഗാമി ലെഒനാർദ്ദ് മെത്രാപ്പോലീത്താ—ലെഒനാർദ്ദ് മെത്രാപ്പോലീത്തായുടെ അനന്തരഗാമി ബെർണ്ണാർദ് മെത്രാപ്പോലീത്താ—ബെർണ്ണാർദു മെത്രാപ്പോലീത്തായുടെ അനന്തരഗാമി,

ഒന്നാമത്തെ വികാരി അപ്പസ്തോലിക്കാ കർമ്മലീത്താസഭക്കാരനായിരുന്നുവല്ലോ. അനന്തരം രണ്ടു ഏതദ്ദേശ്യ വികാരി അപ്പസ്തോലിക്കമാർ ഭരിക്കയുണ്ടായി. 1700-ൽ വീണ്ടും കർമ്മലീത്താ വികാരി അപ്പസ്തോലിക്കാ നിയമിക്കപ്പെട്ടു. 1701-ൽ കൊടുങ്ങല്ലൂർ അതിരൂപതയ്ക്കു് മെത്രാപ്പോലീത്താ വന്നതിനാൽ കർമ്മലീത്താ മെത്രാൻ സുറിയാനിക്കാരുടെ ഭരണത്തിൽനിന്നു പിൻമാറി. 1709-ൽ വീണ്ടും കർമ്മലീത്താ വികാരി അപ്പസ്തോലിക്കാ കൊടുങ്ങല്ലൂർ കൊച്ചി രൂപതകളുടെ വികാരി അപ്പസ്തോലിക്കയായിത്തീർന്നു. ലത്തീൻകാരും സുറിയാനിക്കാരും കർമ്മലീത്താ വികാരി അപ്പസ്തോലിക്കാമാരുടെ കീഴായിരുന്നു. കൊടുങ്ങല്ലൂർ കൊച്ചി എന്നീ രൂപതകൾ പദ്രവാദൊ അധികാരത്തിൽ ആയിരുന്നതിനാൽ രണ്ടുകൂട്ടരുടെ കാര്യത്തിലും (സുറിയാനിക്കാരുടെയും ലത്തീൻകാരുടെയും കാര്യത്തിൽ) ഇടയ്ക്കിടെ അന്യാധികാരങ്ങൾ പ്രവേശിച്ചുവന്നു.

17-ാം നൂററാണ്ടിൻെറ ഉത്തരാദ്ധത്തിൽ കർമ്മലീത്താക്കാരുടെ ആഗമനം സുറിയാനിരീതിക്കാരെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക ദൈവാനുഗ്രഹമായിരുന്നു. അനന്തരകാലങ്ങളിൽ പല ഘട്ടങ്ങളിലായുണ്ടായിട്ടുള്ള സംഭവങ്ങൾ നോക്കിയാലും ഇവർ വഴിയായി ദൈവം കേരളത്തിന്നു ചെയ്ത ആദ്ധ്യാത്മിക സഹായങ്ങളുടെ സ്ഥിതി വ്യക്തമായിക്കാണാവുന്നതാണ്.

കേരളത്തിലെ ലത്തീൻരീതിക്കാർക്കു ലഭിച്ച പാശ്ചാത്യസമ്പർക്കവും പാശ്ചാത്യരാൽ സുശിക്ഷിതരായ

---

**ആഞ്ചെലൂസ് മരിയ മെത്രാപ്പോലീത്താ—ആഞ്ചലൂസ് മരിയ മെത്രാപ്പോലീത്തായുടെ അനന്തരഗാമി, ജോസെഫ് അട്ടിപ്പേററി മെത്രാപ്പോലീത്താ.**

ഏതദ്ദേശീയ വൈദികരുടെ ഭരണവും നിമിത്തം അവരുടെ സ്ഥിതി ആശാസ്യമായിരുന്നുവെങ്കിലും പൊത്തുഗീസ്സുകാരുടെ വിയോഗവും മതസ്ഥാപനങ്ങളുടെ മൂലച്ഛേദവും അവരുടെ മെത്രാന്മാർക്കു രൂപതാതിത്തികളിൽപ്രവേശിച്ചുകൂടാ എന്ന നിബന്ധനയും മററും നിമിത്തം ഇവർക്കും വലിയ വികടത നേരിട്ടിരുന്നു. തദവസരങ്ങളിൽ വന്ദ്യരായ കർമ്മലീത്താ മിഷ്യനറിമാരായിരുന്നു ത്യാഗബുദ്ധിയോടുകൂടി സഹായിച്ചിരുന്നത്. ചരിത്രങ്ങൾകൊണ്ടു മനസ്സിലാകുന്നതുപോലെ കർമ്മലീത്താക്കാരായിരുന്ന ഭരണാധികാരികൾക്കു രണ്ടു റീത്തുകാരുടെ കാൎയ്യത്തിലും സ്വാതന്ത്ര്യമായി ഏർപ്പെടുവാൻ വിഷമമായിരുന്ന പലേ സംഭവങ്ങളും സാഹചൎയ്യങ്ങളും വളരെ നാളത്തേയ്ക്കു ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്നു. അവർ പണിതുവരുന്നവ ഇടയ്ക്കുവച്ചു നിറുത്താനും അങ്ങിനെ അതു നിഷ്ഫലമാകാനും പലപ്പോഴും ഇടയായിട്ടുണ്ട്. കിഴക്കും തെക്കും ഭാഗങ്ങളിൽ വസിച്ചിരുന്ന സീറ്യൻ രീതിക്കാരായ ജനങ്ങളുടെയും വൈദികരുടെയും മനസ്ഥിതിയും, ഇന്നത്തേതിൽനിന്നു വളരെ വ്യത്യസ്തമായിരുന്നു അന്ന്. ഇതു സീറ്യൻ ചരിത്രകാരന്മാർതന്നെയും സമ്മതിക്കുന്നുമുണ്ട്.

പിൽക്കാലങ്ങളിൽവന്ന ചില മിഷ്യനറിമാരിൽ മനുഷ്യസഹജമായ ന്യൂനതകൾ ഉണ്ടായിരുന്നിരിക്കാം. ഇതിന്റെ ഫലങ്ങൾ പലർക്കും ഓരോ വിധത്തിൽ അനുഭവപ്പെട്ടിട്ടുണ്ടാവാം. എന്നല്ലാ ഒരു ദർശനകോണിൽനിന്നു നോക്കിക്കണ്ടു ശരിയെന്നു വിധിച്ചു വിശ്വാസത്തോടെ ചെയ്യുന്ന പ്രവൃത്തികൾതന്നെയും മററു ദർശനകോണുകളിൽനിന്നു നോക്കുന്നവരുടെ ദൃഷ്ടിയിൽ കുററകരമായി കാണപ്പെട്ടു എന്നും വരാം. ഇങ്ങനെയായാൽതന്നെയും അവരിൽനിന്നുണ്ടായിട്ടുള്ള മററുപകാരങ്ങളും, ത്യാഗബുദ്ധിയോടുകൂടി അവർ ചെയ്തിട്ടുള്ള ന

ന്മകളും വിസ്മരിക്കത്തക്കതല്ല. അതിനാൽ ത്യാഗിവര്യന്മാരായ ഇവരുടെ എല്ലാവരുടെയും, വിശിഷ്യാ, ഭാഗ്യവാനായ ജോസേപ്പു സെബസ്ത്യാനി, പൊത്തുഗീസുകാരുടെ വിയോഗത്തോടുകൂടെ കേരളീയർക്കു നഷ്ടപ്പെട്ടിരുന്ന സന്യാസം ഏതദ്ദേശിയർക്കായി തുറന്നുതരുവാനും പരിശീലിപ്പിക്കാനും ഇടവരുത്തുകയും, വേദപഠന പദ്ധതി ആദ്ധ്യാത്മികധ്യാനം മുതലായവ ഔദ്യോഗികമായി ഏർപ്പെടുത്തി കേരളീയരുടെ കത്തോലിക്ക ചൈതന്യത്തിന്നു നവീന ജീവൻ നൽകുകയും ചെയ്ത ഡോക്ടർ ബർണ്ണർദ്ദീൻ, അദ്ദേഹം ബീജാവാപം ചെയ്തിരുന്നവയെ നനച്ചു വളത്തിക്കൊണ്ടു സ്തുത്യർഹമായ ഒരു ഭരണം നടത്തിയ ഡോക്ടർ ലെഒനാർദ്ദ് മെല്ലാനൊ, രൂപതാസ്ഥാനം ചിതമായ സ്ഥലത്തേയ്ക്കു മാററുകയും (245) ലത്തീൻ കത്തോലിക്കരുടെ ഭക്തിവർദ്ധനവിന്നും വിദ്യാഭ്യാസകാര്യത്തിൽ കത്തോലിക്കർക്കുള്ള അവകാശങ്ങളുടെ സംരക്ഷണത്തിന്നുംവേണ്ടി അശ്രാന്തം പരിശ്രമിക്കയും ചെയ്ത ഡോക്ടർ ബർണ്ണാർദ്ദ് ആരയെസു, രൂപതയിൽ പുതിയ കാനൻലോ അനുസരിച്ചുള്ള നടപടികൾ പരിചയിപ്പിക്കുകയും, ഏതദ്ദേശീയ വൈദികരുടെ വർദ്ധനവിന്നായി പ്രത്യേക പരിശ്രമം നടത്തുകയും ഏതദ്ദേശീയ ഭരണംവരെ വരാപ്പുഴ അതിരൂപതയെ പ്രശസ്തമാംവണ്ണം നയിക്കയും ചെയ്ത ഡോക്ടർ എയിഞ്ചൽമേറി പേരേസു ·ചെച്ചീലിയ എന്നീ വന്ദ്യതിരുമേനിമാരുടെ ഓർമ്മ പ്രതോ·കിച്ചും നമ്മിൽ എന്നുംനിലനില്ക്കട്ടെ.

---

(245) ലത്തീൻ കത്തോലിക്കർ ഏററമധികമായി വസിക്കുന്നതും ഗതാഗത സൗകര്യമുള്ളതുമായ എറണാകുളത്തേയ്ക്കു ആസ്ഥാനം മാററി. (എറണാകുളത്തു ഇപ്പോൾ ഉള്ള പതിന്നാലായിരം കത്തോലിക്കരിൽ പതിമ്മൂവായിരവും ലത്തീൻ കത്തോലിക്കരാണല്ലൊ.) ഗതാഗത സൗകര്യവും മററു ന്യായങ്ങളും പറയേണ്ടതില്ല.



നിതാന്തവന്ദ്യ ദിവ്യശ്രീ ഡോക്ടർ ബോനവെന്തൂര അരാന ഒ. സി. ഡി.

വിജയപുരം രൂപതയുടെ ഒന്നാമത്തെ മെത്രാൻ.

(333-ാം പേജ് നോക്കുക.)



മഹാവന്ദ്യ ദിവ്യശ്രീ ഡോക്ടർ എയിഞ്ചൽമേറി
പേരേസ് സെസ്സീലിയാ ഒ. സി. ഡി.
വരാപ്പുഴ അതിരൂപതയുടെ ഒടുവിലത്തെ
വിദേശ്യമെത്രാപ്പോലീത്താ.

(പെയിജ് 314 നോക്കുക.)

# അദ്ധ്യായം ൨൩

കൊച്ചീരൂപത—കൊല്ലംരൂപത — മംഗലാപുരവും കോഴിക്കോടും രൂപതകൾ—കോട്ടാർ രൂപത—വിജയപുരം രൂപത—തിരുവനന്തപുരം രൂപത.

കൊച്ചീ രൂപത

അബൂനാ യാക്കോബ് മെത്രാന്റെ കാലത്തു അദ്ദേഹത്തിന്റെ കീഴുണ്ടായിരുന്ന ക്രൈസ്തവരിൽ ഒരു ഗണം ലത്തീൻ രീതിയിലേയ്ക്കു ചേർന്നിരുന്നുവെന്നു മുകളിൽ കാണിച്ചിട്ടുണ്ടല്ലോ. ഇവർ ഗോവ മെത്രാന്റെ കീഴായിരുന്നു. (അദ്ധ്യായം 5 നോക്കുക.) 1533-ൽ തൂത്തുക്കുടിയിൽ മഹമ്മദീയരുടെ ഉപദ്രവമുണ്ടായപ്പോൾ അവർ, പൊത്തുഗീസുകാരുടെ സഹായം അപേക്ഷിക്കയും പൊത്തുഗീസുകാർ അവരെ സഹായിക്കയുമുണ്ടായി. പിന്നീടു പൊത്തുഗീസു മിഷ്യനറിമാർ അവിടെ നടത്തിയ മതപ്രസംഗങ്ങളുടെ ഫലമായി അനേകംപേർ ക്രീസ്തുമതം സ്വീകരിക്കയുണ്ടായിട്ടുണ്ട്.

അനന്തരം ഇവിടങ്ങളിലും കോഴിക്കോട്ട് കൊല്ലം മുതലായ സ്ഥലങ്ങളിലും പലർ സുറിയാനിരീതിയിൽനിന്നു ലത്തീൻരീതിയിലേയ്ക്കു ചേരുകയുണ്ടായി. വിശുദ്ധ ഫ്റാൻസീസ് സേവ്യറിന്റെ ആഗമനാനന്തരം കൊച്ചിവിട്ടു തെക്കോട്ടു കന്യാകുമാരി പര്യന്തമുള്ള തീരപ്രദേശങ്ങളിൽ, അദ്ദേഹത്തിന്റെ പ്രസംഗങ്ങളാലും അത്ഭുതകൃത്യങ്ങളാലും ആകൃഷ്ടരായി അനേകംപേർ ക്രീസ്തുമതത്തെ ആശ്ലേഷിക്കയുംപല ദേവാലയങ്ങൾ സ്ഥാപിക്കപ്പെടുകയും ഉണ്ടായിട്ടുണ്ടല്ലോ.

ഏവംവിധം ക്രൈസ്തവർ വർദ്ധിച്ചുവന്നപ്പോൾ,

പൊർത്തുഗൽ രാജാവു ദോം സെബാസ്ത്യാൻെറ അപേക്ഷയനുസരിച്ച്, 4-ാം പാവുൾ പാപ്പാ, 1557-ൽ "Pro exellenti Praeminentia sedis Apastolo" എന്നാരംഭിക്കുന്ന ബൂളയാൽ കൊച്ചിയിലെ സാന്തക്രൂസ് ദേവാലയത്തെ ഭദ്രാസന ദേവാലയമായി നിശ്ചയിച്ചുകൊണ്ടു, കൊച്ചിയെ ഒരു രൂപതയായി ഉയർത്തുകയും മുകളിൽ പറഞ്ഞ പ്രദേശങ്ങളിലുണ്ടായിരുന്ന ക്രൈസ്തവരെയെല്ലാം കൊച്ചീരൂപതയിൽപെടുത്തുകയും ചെയ്തു.

1. കൊച്ചീരൂപതയുടെ പ്രഥമ മെത്രാൻ, ഡോമ്മ്നിക്കൻ സഭാംഗമായ ദോം ജോർജ്ജിയൂസ് തെമുദൊ ആയിരുന്നു. അടുത്ത വത്സരം ഫെബ്റുവരി 4-ാം നു- യാണ് ഇദ്ദേഹം അഭിഷേചിക്കപ്പെട്ടതു്.

1572-ൽ 13-ാം ഗ്രെഗോരി പാപ്പാ പ്രസിദ്ധീകരിച്ച തിരുവെഴുത്താൽ, ഗോവഅതിരൂപതയിൽ മെത്രാപ്പോലീത്താ ഇല്ലാതെയായി വരുന്നപക്ഷം, കൊച്ചീമെത്രാൻ തൻെറ രൂപതയുടെ കാര്യങ്ങൾ വികാരി ജനറാളിനെ ഏല്പിച്ചുകൊണ്ടു ഗോവ അതിരൂപത ഭരിക്കാൻ അനുവാദം നൽകിയിരുന്നു. തൻമൂലം ദോം ജോർജ്ജിയൂസ് മെത്രാൻ ഗോവ അതിരൂപതയിലേയ്ക്കു പോയി.

2. കൊച്ചീരൂപതയുടെ രണ്ടാമത്തെ മെത്രാൻ ഡോമ്മ്നിക്കൻ സഭയിൽപ്പെട്ട ദോം എൻറീക്കൂസ് ദെ തവോര എന്ന ദേഹമായിരുന്നു. ഇദ്ദേഹം 1576-ൽ ഈ സ്ഥാനത്തിൽ നിയമിതനായി. ഇദ്ദേഹവും പിന്നീടു ഗോവ അതിരൂപതയിലേയ്ക്കു പോകയാണുണ്ടായതു്.

3. മൂന്നാമത്തെ മെത്രാൻ (മിലീസ്സ ക്രീസ്തി സഭാംഗം) ദോം മത്തേവൂസ് ദെ മെദീന എന്ന ദേഹമായിരുന്നു. ഇദ്ദേഹവും പിന്നീട് ഗോവയിലേയ്ക്കു പോയി. 1577-83.

4. നാലാമത്തെ മെത്രാനായി (റെകൊ ളെക്തോരും സൻഫ്രഞ്ചീഷി സഭാംഗം) ദോം അന്ത്രേയാസ് ദെ

സാന്തമരിയ എന്ന ദേഹം 1588-ൽ നിയമിതനായി. ഇദ്ദേഹം 1616 വരെ കൊച്ചീ രൂപത ഭരിച്ചു. ഇദ്ദേഹത്തിൻെറ ഭരണനാളിലാണു് ഗോവ മെത്രാപ്പോലീത്താ, ദോം അലേക്സിയൂസ് മെനേസെസ് ഉദയമ്പേരൂർ സൂനഹദോസ് നടത്തിയതു്.

5. അഞ്ചാമത്തെ മെത്രാനായി (ഡോമ്മിനിക്കൻ സഭാംഗം) അന്തോനിയൊ സെറാവൊ നിയമിതനായി. പക്ഷെ അദ്ദേഹം ഈ സ്ഥാനം സ്വീകരിച്ചില്ല.

6. അനന്തരം (ഫ്റാൻസീസ്കൻ സഭാംഗം) അന്തോനിയൂസ് ബേയാ നിയമിതനായി. ഇദ്ദേഹവും പ്രസ്തുത സ്ഥാനം കൈവരിച്ചില്ല.

7. അതിനാൽ ദോം എമ്മാനുവെൽ ആബ്ഫോത്തൊ (ഫ്റാൻസീസ്കൻ സഭാംഗം) നിയമിതനായി. അദ്ദേഹവും ടി. സ്ഥാനം സ്വീകരിച്ചില്ല.

8. അനന്തരം ദോം സെബസ്ത്യാന്തൂസ് ആ സാന്ത് പേത്രൊ (അഗസ്റ്റീന്യൻ സഭാംഗം.) നിയമിതനായി. മൈലാപ്പൂരു ആയിരുന്ന ഇദ്ദേഹം അവിടെനിന്നു കൊച്ചിയിൽവന്നു. പതിവനുസരിച്ചു ഇദ്ദേഹവും ഗോവയിലേയ്ക്കു മാററപ്പെട്ടു.

9. 1628-ൽ ദോം ലൂദോവിക്കൂസ് ദെ ബ്രിത്തൊ (അഗസ്റ്റിന്യൻ സഭാംഗം) നിയമിതനായി. അടുത്ത വത്സരം ജൂലൈ 29-ൽ ഇദ്ദേഹം കാലധർമ്മം പ്രാപിച്ചു.

10. 1635-ൽ ദോം മൈക്കൾ റൻഗോൾ (ഡൊമ്മ്നിക്കൻ സഭാംഗം) നിയമിതനായി. 1646-ൽ ഇദ്ദേഹം കാലധർമ്മം പ്രാപിച്ചു.

(1663-ൽ ഡച്ചുകാർ കൊച്ചീപ്പട്ടണം കീഴടക്കിയതുമുതൽ കൊച്ചീ മെത്രാന്മാർക്കു കൊച്ചീ രാജ്യാതിർത്തിയിലും പിന്നീടു തിരുവിതാംകൂർ അതിത്തിയിലും പ്രവേശനം നിരോധിക്കപ്പെട്ടു.)

11. 1650-ൽ (നിഷ്പാദുകകർമ്മലീത്താ സഭാം

ഗം.) ദോം യൊവാന്നോസ് ഫേലൊ നിയമിതനായി. അഭിഷേചിക്കപ്പെട്ടില്ല.

12. കുറേക്കഴിഞ്ഞു ഫെട്ടിനാന്തുസ് ആബ് ഇൻകർണ്ണസ്യോനൊ (ഡോമ്മ്നിക്കൻ സഭാംഗം) നിയമിതനായി. ഇദ്ദേഹം കൊച്ചിയിൽ വന്നതായി കാണുന്നില്ല. 1657-ൽ നിര്യാതനാവുകയുമുണ്ടായി.

13. പിന്നീട്, ദോം പ്രൻസീസ്ക്രുസ് ബെരേത്തൊ (ജെസുവിററു സഭാംഗം) നിയമിക്കപ്പെട്ടു. ഇദ്ദേഹവും കൊച്ചിയിൽ വന്നതായി കാണുന്നില്ല. 1663 ഒക്ടോബർ 26-ൽ ഗോവയിൽവച്ചു കാലധർമ്മം പ്രാപിക്കയാണുണ്ടായത്.

14. 1672-ൽ ദോം ബെർണ്ണാർദ്ദൂസ് ആ സാന്തമരിയ (കാനോനിക്കൂസ് റെഗുളാരീസ്) നിയമിതനായി. ഇദ്ദേഹവും ഈ സ്ഥാനം സ്വീകരിച്ചില്ല

15. പ്രസ്തുത വത്സരത്തിൽതന്നെ, ദോം ഫബിയാന്തുസ് ആ റേജിബൂസ് (നിഷ്പാദുക കർമ്മലീത്താ സഭാംഗം) നിയമിതനായി. ഇദ്ദേഹവും കൊച്ചിയിൽ വന്നില്ല.

16. 1687-ൽ, ദോം പേത്രുസ് ദേ സീൽവാ (അഗുസ്തീന്യൻ സഭാംഗം) നിയമിതനായി. ഇദ്ദേഹവും കൊച്ചിയിൽ എത്തിയില്ല.

17. 1694-ൽ, ദോം പേത്രുസ് പച്ചേക്കൊ (ഡോമ്മ്നിക്കൻ സഭാംഗം) നിയമിതനായി. ഇദ്ദേഹവും കൊച്ചിയിൽ വന്നില്ല.

18. 1721-ൽ ദോം പ്രൻസീസ്ക്രുസ് ദെ വാസ് കൊൻചേലൊ (ജെസുവിററു സഭാംഗം) നിയമിതനായി. ഇദ്ദേഹവും കൊച്ചിയിൽ വന്നില്ല.

19. 1745-ൽ ദോം ക്ലമേൻസ് ജോസേപ്പൂസ് (ജെസുവിററു സഭാംഗം) നിയമിതനായി. ഇദ്ദേഹം അഞ്ചുതെങ്ങിൽ വന്നു താമസിച്ചു. മരണാനന്തരം കൊ

ല്പത്തു സംസ്കരിക്കപ്പെട്ടു.

20. 1778 ജൂലൈ 20-ൽ, ദോം എമ്മാനുവേൽ ദെ സാന്തക്കത്തരീനാ) (നിഷ്പാദുക കർമ്മലീത്താ സഭാംഗം) നിയമിതനായി. 1783-ൽ ഗോവയിലേയ്ക്കു മാററപ്പെട്ടു.

21. ദോം എമ്മാനുവേലിൻെറ അനന്തരഗാമിയായി, ദോം ജൊസേപ്പൂസ് ആ സൊളിത്തുദിനെ (നിഷ്പാദുക കർമ്മലീത്താ സഭാംഗം) നിയമിതനായി. കൊല്ലത്തു വിശുദ്ധ തോമായുടെ ദേവാലയത്തിൽ വസിച്ചു.

കൊച്ചീരൂപത 1557-ൽ സ്ഥാപിതമാകയും പലേ മെത്രാന്മാരെയും ഈ രൂപതാഭരണത്തിന്നായി പരിശുദ്ധസിംഹാസനത്തിൽനിന്നു നിയമിക്കുകയും ചെയ്തുവെങ്കിലും വളരെ ചുരുക്കംപേർമാത്രമെ കൊച്ചിയിൽ ശരിയായി താമസിച്ചു ഭരണം നടത്തിയിരുന്നുള്ളുവെന്നതു മുകളിൽ പറഞ്ഞവകൊണ്ടു മനസ്സിലാക്കാമല്ലൊ. 1663-ൽ ഡച്ചുകാർ കൊച്ചീക്കോട്ട പിടിച്ചു മതസ്ഥാപനങ്ങളെല്ലാം നശിപ്പിക്കയും പൊത്തുഗീസുകാരെ ബഹിഷ്കരിക്കയുംചെയ്തശേഷം കൊച്ചിരൂപതയുടെ സ്ഥിതി കൊച്ചിരാജ്യത്തു പ്രത്യേകിച്ചും വളരെ പരിതാപകരമായിത്തീർന്നു.

1709 മുതൽ കൊച്ചിരൂപത കർമ്മലീത്താവികാരി അപ്പസ്തോലിക്കാമാർക്കേല്പിച്ചിരുന്നുവെങ്കിലും കൊച്ചീമെത്രാന്മാരും ഗൊവണ്ണദോർമാരും പലപ്പോഴും ദൂരെയിരുന്നു, ഈ രൂപതയിൽ അധികാരം പ്രയോഗിച്ചിരുന്നതിനാൽ കാര്യങ്ങളിൽ പലേ കുഴപ്പങ്ങളും പ്രയാസങ്ങളും നേരിട്ടുകൊണ്ടിരുന്നു, തൻമൂലം 1838-ൽ പരിശുദ്ധ പിതാവു 16-ാം ഗ്രെഗോരിയൂസ് പാപ്പാ "മൂൽത്തപ്രെക്ളാരെ" എന്ന തിരുവെഴുത്താൽ കൊടുങ്ങല്ലൂർ അതിരൂപതയും കൊച്ചീരൂപതയും നിറുത്തലാക്കിക്കൊണ്ടു

പ്രസ്തുത രൂപതകളുടെ പരിധികളിൽപെട്ടിരുന്ന നാടുകളിൽ തിരുസ്സഭയ്ക്കുള്ള ആത്മികാധികാരത്തെ വരാപ്പുഴ ആസ്ഥാനമാക്കി ഭരിച്ചിരുന്ന അമാത്തയുടെ മെത്രാൻ ഫ്രാൻസീസ് സേവ്യർ വികാരി അപ്പസ്തോലിക്കായ്ക്കും അദ്ദേഹത്തിന്റെ അനന്തരഗാമികൾക്കും അധീനമാക്കിത്തീർത്തു.

പിന്നീട്, പോർത്തുഗൽ രാജാവു ലൂയിസ് പ്രഥമന്റെ അപേക്ഷാനുസരണം പരിശുദ്ധ പിതാവു 13-ാം ലെയൊ പാപ്പാ 1886 ജൂൺ 23-ൽ കൊച്ചീ രൂപത പുനഃസ്ഥാപിച്ചു.

ദോം ജോവൊ ഗോമേസ് പെരേയിര അവർകളായിരുന്നു പ്രഥമ മെത്രാൻ. അദ്ദേഹം അകാലനിര്യാണം പ്രാപിച്ചു. ദോം മത്തേവൂസ് ദെ ഒലിവേർ സേവ്യർ എന്ന ദേഹം അനന്തരഗാമിയായി നിയമിക്കപ്പെട്ടു.

ദോം മത്തേവൂസ് മെത്രാൻ ഗോവയിലേയ്ക്കു മാററപ്പെട്ടപ്പോൾ ദോം ജോസ് ബെന്തോ മാർട്ടിൻ റിബേയിരോ അവർകൾ കൊച്ചീരൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടു

ഇദ്ദേഹത്തിന്റെ മരണാനന്തരം ഡോക്ടർ അബീല്യോ അഗുസ്തൂസ് വാസ്ദാസ് നേവസവർകർകൾ കൊച്ചീരൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടു. ഇദ്ദേഹം ഇപ്പോൾ കൊച്ചീരൂപത ഭരിക്കുന്നു.

കൊച്ചീരൂപതയുടെ പരിധി എവിടംവരെ വ്യാപിച്ചിരുന്നു എന്നും ആ രൂപത നിറുത്തലാക്കിയ വിവരവും ഇതിനുപരി കാണിച്ചുവല്ലൊ.

കൊല്ലം രൂപത

അതു നിറുത്തലാക്കിയ ശേഷം പരിശുദ്ധ പിതാവു ഒമ്പതാം പീയൂസ് തിരുമനസ്സുകൊണ്ടു 1853-ൽ പുറപ്പെടുത്തിയ ഡിഗ്രി വഴിയായി കേരളത്തിന്റെ വികാരി അപ്പസ്തോലിക്കായുടെ കീഴിലിരുന്ന പ്രസ്തുത സ്ഥല

ങ്ങളെ വരാപ്പുഴ, കൊല്ലം, മംഗലാപുരം എന്നിങ്ങനെ മൂന്നു അപ്പസ്തോലിക്കാ വികാരിയാത്തുകളായി തിരിച്ചു. കൊല്ലം വികാരിയാത്തു കർമ്മലീത്താ വികാരി അപ്പസ്തോലിക്കമാരാൽ ഭരിക്കപ്പെട്ടിരുന്നു.

1886-ൽ ഇൻഡ്യയിൽ ഹയറാർക്കി സ്ഥാപിതമായ അവസരത്തിൽ കൊല്ലം ഒരു രൂപതയായി ഉയർത്തപ്പെട്ടു. (കൂടുതൽവിവരം 149-ാം പുറത്തു നോക്കുക.)

കൊല്ലംരൂപതയുടെ പ്രഥമ മെത്രാൻ മോൺസിഞ്ഞോർ ഫെർഡിനാന്റ് ഓസി (നിഷ്പാദുക·കർമ്മലീത്താ സഭാംഗംതന്നെ) ആയിരുന്നു, ഇദ്ദേഹത്തിൻെറ സഹായകമെത്രാനായി മോൺസിഞ്ഞോർ അലോയിഷ്യസ് മരിയ ബെൻസിഗർ തിരുമനസ്സുകൊണ്ടു 1900 ജൂലൈ 17-ൽ നിയമിതനായി. പ്രസ്തുത സംവത്സരം നവമ്പർ 18-ൽ അഭിഷേചിക്കപ്പെട്ടു.

1905 ആഗസ്റ്റ് 16-ൽ മോൺസിഞ്ഞോർ ഓസി കാലംചെയ്കയാൽ മോ: ബെൻസിഗർ തിരുമനസ്സുകൊണ്ടു രൂപത ഭരിക്കാൻ തുടങ്ങി.

ഇദ്ദേഹത്തിൻെറ ഭക്ത്യുജ്ജ്വലവും ത്യാഗപൂർണ്ണവും ഔദാര്യപൂർവ്വകവുമായ ഭരണത്താൽ രൂപതയ്ക്കു അത്ഭുതപൂർവ്വമായ ഉയർച്ചയുണ്ടാകയും ഏതദ്ദേശീയഭരണത്തിനു അനുഗുണമായ പരിപാകത സിദ്ധിക്കയും ചെയ്തു.

ഇതിനാൽ പരിശുദ്ധപിതാവിൻെറ ഡൊമേസ്റ്റിക്കു പ്രിലേയിററു, തിരുസിംഹാസനോപസ്ഥിതൻ, റോമൻ പ്രഭു എന്നിങ്ങനെയുള്ള സ്ഥാനങ്ങളാൽ അദ്ദേഹം സമ്മാനിതനാകാനും ഇടയായി.

1930-ൽ കോട്ടാറിനെ ആസ്ഥാനമാക്കി ഒരു രൂപതാവിഭാഗം ഏർപ്പെടുത്തുകയും അതു ഏതദ്ദേശീയ ഭരണത്തിൽ സമർപ്പിക്കപ്പെടുകയും ചെയ്തു.

ഏറെത്താമസിയാതെ മോൺസിഞ്ഞോർ ബെൻസിഗർ തിരുമനസ്സുകൊണ്ടു സ്ഥാനത്യാഗം ചെയ്കയാൽ

വികാരിജനറാളായിരുന്ന റൈററു റവ. മൊ ബെന്ണ്ണർഡിൻ ഒ. സി. ഡി. അവർകൾ അഡ്മിനിസ്റ്റ്റയിററായി രൂപത ഭരിച്ചുവന്നു.

1935-ൽ മോൺസിഞ്ഞോർ വിൻസെൻറു ഡിരേര (നിഷ്പാദുക കർമ്മലീത്താ സഭാംഗം) തിരുമനസ്സുകൊണ്ടു കൊല്ലാംരൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടു.

1937-ൽ തിരുവനന്തപുരംരൂപത സ്ഥാപിതമായപ്പോൾ മോൺസിഞ്ഞോർ ഡിറേരാ തിരുവനന്തപുരത്തേയ്ക്കു മാററപ്പെട്ടകയും കോയിവിള സ്വദേശിയായ മോൺസിഞ്ഞോർ ജെറോം ഫെർണാണ്ടസ് തിരുമനസ്സുകൊണ്ടു ഇന്നത്തെ കൊല്ലംരൂപതയുടെ ഒന്നാമത്തെ ഏതദ്ദേശീയമെത്രാനായി നിയമിതനാവുകയുമുണ്ടായി.

മോൺസിഞ്ഞോർ ഫെർണാണ്ടസ് അവർകൾ പ്രസ്തുത വത്സരം ഡിസമ്പർ 12-ൽ എറണാകുളത്തു സൻ ഫ്രാൻസീസ് ഭദ്രാസനദേവാലയത്തിൽവെച്ചു മലങ്കര ലത്തീൻ ഹയറാർക്കിയുടെ ഒന്നാമത്തെ ദേശീയ അദ്ധ്യക്ഷനായി അഭിഷേചിക്കപ്പെട്ടു.

മംഗലാപുരം 1853-ൽ ഒരു അപ്പസ്തോലിക്കു വികാരിയാത്തായി തിരിച്ചു.

**മംഗലാപുരം രൂപത**

മിഖയേൽ അന്തോണിയൊ, തോമസ് ദെ കാസ്ട്രോ, മരിയ അഫ്രേം എന്നിങ്ങനെ മൂന്നു വികാരി അപ്പസ്തോലിക്കാമാർ ആദ്യം ഭരിച്ചു. മൊൺസിഞ്ഞോർ ബെന്ണ്ണട്ടീൻ തിരുമനസ്സുകൊണ്ടു പ്രോവികാരി അപ്പസ്തോലിക്കയായി കുറേനാളും, ലെ ഓനാർദ്ദ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു അഡ്മിനിസ്റ്റ്റയിററരായി 5 വത്സരവും മംഗലാപുരം അപ്പസ്തോലിക്കു വികാരിയാത്തു ഭരിച്ചു.

1878-ൽ മംഗലാപുരം അപ്പസ്തോലിക്കു വികാരി

യാത്തു ജെസുവിററു സഭാംഗങ്ങൾക്കേല്പിക്കപ്പെട്ടു. മംഗലാപുരം രൂപതയുടെ ഒന്നാമത്തെ ജെസുവിററു വികാരി അപ്പസ്തോലിക്കാ നിക്കോളാസ് പഗാനി തിരുമനസ്സു കൊണ്ടായിരുന്നു.

ഇൻഡ്യയിൽ ഹയറാർക്കി സ്ഥാപിതമായപ്പോൾ മംഗലാപുരം ഒരു രൂപതയായിത്തീർന്നു. ഒന്നാമത്തെ മെത്രാൻ മൊ. പഗാനി തന്നെയായിരുന്നു. അനന്തരം അബൂൻദിയൂസ് കവതീനി, പോൾ പെരീനി എന്നിങ്ങനെ രണ്ടു ജെസുവിററമെത്രാന്മാർ മംഗലാപുരം രൂപതയിൽ നിയമിതരായി. ഇവരിൽ ഒടുവിൽ പറഞ്ഞ ദേഹത്തിൻെറ,-മൊ. പോൾ പെരീനി തിരുമനസ്സിലെ-ഭരണനാളിൽ 1923-ൽ പരി. പിതാവു പതിനൊന്നാം പീയൂസ്, കോഴിക്കോടിനെ ആസ്ഥാനമാക്കി ഒരു പുതിയ രൂപത സ്ഥാപിക്കയും മൊ. പെരീനിയെ കോഴിക്കോട്ടേയ്ക്കു മാററി മംഗലാപുരം ഏതദ്ദേശ്യവൈദികരുടെ ഭരണത്തിനേല്പിക്കയും ചെയ്തു.

കോഴിക്കോട്ടു രൂപത

കോഴിക്കോടു ആദ്യം പൊത്തുഗീസ് ഭരണത്തിലും പിന്നീടു വരാപ്പുഴ, മംഗലാപുരം മുതലായ രൂപതകളിലും ഉൾപ്പെട്ടിരുന്നു. ഒടുവിൽ മുകളിൽപറഞ്ഞവിധം രൂപതയായി ഉയർത്തപ്പെട്ടുകയും ഈശോസഭക്കാരെ ഏല്പിക്കയുമാണുണ്ടായതു്. കോഴിക്കോട്ടു്,രൂപതബോംബെ ഹയറാർക്കിയുടെ കീഴിലുമാണു്.

കോഴിക്കോട്ടു രൂപതയുടെ പ്രഥമ മെത്രാനായ മൊ. പെരീനി 1932-ൽ നിര്യാതനായി. അനന്തരം 1937-ൽ ഡോക്ടർ പ്രോസേപ്യോ തിരുമേനി കോഴിക്കോട്ടുരൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടിരിക്കുന്നു.

കോട്ടാർ രൂപത

മുകളിൽ കാണിച്ചിട്ടുള്ളതുപോലെ കോട്ടാർ മുമ്പു കൊച്ചീരൂപതയിലാണുൾപ്പെട്ടിരുന്നതു്. വി. ഫ്രാൻസീസ് സേവ്യറിൻെറ പ

രിശ്രമങ്ങളുടെ ആ ഭാഗത്തെ ആസ്ഥാനം വും കോട്ടാറായിരുന്നുവല്ലോ. പിന്നീടു അതു വരാപ്പുഴ വികാരിയാത്തിലും കൊല്ലം രൂപതയിലും പെട്ടു. 1930 മേയ് 26-ൽ കോട്ടാറിനെ ആസ്ഥാനമാക്കി, പരി: പിതാവു 11-ാം പീയൂസ് തിരുമനസ്സുകൊണ്ടു ഒരു രൂപത സ്ഥാപിക്കയും അതു ഏതദ്ദേശ്യവൈദികരുടെ ഭരണത്തിന്നേല്പിക്കയുമുണ്ടായല്ലോ. കോട്ടാർരൂപതയുടെ പ്രഥമമെത്രാൻ റൈററ റവ. ലോറൻസു പെരേയിരയായിരുന്നു. തിരുമനസ്സുകൊണ്ടു 1938 ജനുവരിയിൽ കാലധർമ്മം പ്രാപിച്ചു.

**വിജയപുരം രൂപത**

ക. ഢി. മൂ. സഭാംഗവും ലത്തീൻകാരനുമായ ബ്ര. റോക്കി (പ്രാ. റോക്കൂസ് ആ റെസുറെക്സ്യോനെ ദോമ്മിനി അവർകളുടെ ഭഗീരഥപരിശ്രമഫലമായി കോട്ടയത്തു് ആരംഭിച്ചു സ്ഥിരപ്പെട്ടുകയും ഏഴെട്ടു വത്സരങ്ങളുടെശേഷം ആ ഭാഗങ്ങളിൽ മാനസാന്തരജോലിക്കായി ചെന്ന ദിവ്യശ്രീ ഫാദർ ബെർണ്ണാർദൂസ് ആ യേസു (പിന്നീടു വരാപ്പുഴ മെത്രാപ്പോലീത്ത) അവർകളുടെ നേതൃത്വത്തിൽ പ്രസ്തുത സഹോദരനും പല ഏതദ്ദേശ്യവൈദികരും മിഷ്യനറിമാരും ഉപദേശിമാരും ചെയ്ത പ്രയത്നങ്ങളാൽ വികസിക്കയും ചെയ്തിട്ടാണു വിജയപുരം രൂപതയുണ്ടായിട്ടുള്ളതു്.

ഇതിൻെറ വിത്തു പാകിയതും സ്വന്തം വിയർപ്പുനീരുകൊണ്ടു നനച്ചു മുളപ്പിച്ച് വളരാൻതക്ക നിലയിലാക്കിയതും തൽക്കാല വളർച്ചയ്ക്കുവേണ്ട പോഷകസാധനങ്ങൾ സജ്ജീകരിച്ചുവച്ചതും ബ്ര. റോക്കി അവർകളാകുന്നു. മോ: ബെർണ്ണാർദ്ദവർകൾ ഇടക്കാലത്തു് അതിൻെറഭാരംഏറെറടുത്തുഎല്ലാവിധശുശ്രൂഷകളാലും വികസിപ്പിക്കാൻ ശ്രമിച്ചു. അദ്ദേഹത്തിൻെറ സംരക്ഷകത്വത്തിൻകീഴിലും ആ പ്രയത്നം തുടർന്നവരുടെ പരിശ്ര

മവും ശ്രദ്ധയുംകൊണ്ടു പുഷ്ടിയും സ്ഥിരതയും പ്രാപിച്ച് ഇന്നത്തെ നിലയിലെത്തി. ഒടുവിൽ അതൊരു ശ്രുപതയായിത്തീരുകയും ചെയ്തിരിക്കുന്നു. വായനക്കാർക്കു ഈ വസ്തുത സുഗ്രഹമാകുന്നതിന്നുവേണ്ടി പ്രസ്തുത സഹോദരൻ സ്വന്തം ആത്മികനിയന്താവിൻെറ കല്പനപ്രകാരം എഴുതിയിട്ടുള്ള ആത്മചരിത്രത്തിൽനിന്നു ചിലതെല്ലാം വളരെ സംഗ്രഹമായി താഴെ ചേർക്കുന്നു.

ഞാൻ സന്യാസാശ്രമത്തിൽചേർന്നു കുറേനാൾ കഴിഞ്ഞശേഷം നല്ലയിടയനീശോയ്ക്കു ആത്മാവുകളെ നേടിക്കൊടുക്കാനുള്ള ആഗ്രഹം എന്നിൽ ശക്തിപ്പെട്ടു. എൻെറ ഈ ആഗ്രഹം പെ. ബ. പ്രിയോരച്ചനെ അറിയിച്ചു. അദ്ദേഹം ഹിന്തുക്കളോടു മതോപദേശം ചെയ്യുന്നതിന്നു എനിക്കു അനുവാദം തന്നു. ഞാൻ ഭക്തരായ ഏതാനും ക്രൈസ്തവരെ ചേർത്തു അവരൊരുമിച്ചു എട്ടു ദിവസം ധ്യാനത്തിൽ ചെലവഴിച്ചശേഷം അവരേയുംകൊണ്ടു മതപ്രസംഗത്തിന്നായിറങ്ങി. വളരെപ്പേർ മാനസാന്തരപ്പെട്ടുവന്നിരുന്നു. ഇങ്ങിനെയിരിക്കെ ഈ ജോലി ഒരു തുണസഹോദരന്നു യോജിക്കുന്നതല്ലായെന്നു ആശ്രമത്തിലെ മററച്ചന്മാർ അഭിപ്രായപ്പെട്ടതനുസരിച്ചു എനിക്കു ലഭിച്ചിരുന്ന അനുവാദം പിൻവലിക്കപ്പെട്ടു.

അനന്തരം എൻെറ അപേക്ഷയനുസരിച്ചു എന്നെ വാഴക്കുളം ആശ്രമത്തിലേക്കയച്ചു. അവിടെയും എൻെറ ഈ ആഗ്രഹം ബലപ്പെട്ടിരുന്നു. * വീണ്ടും മാന്നാനത്തുവന്നു 1877-ൽ അവിടെ ഔദ്യോഗിക സന്ദർശനത്തിന്നു വന്ന ഡോക്ടർ മർസ്സലീൻ തിരുമേനിയെ വിവരമെല്ലാം അറിയിച്ചു. അനന്തരം എന്നെ അ

* അവിടെവച്ചു നല്ലയിടയനീശോ ഇദ്ദേഹത്തെ ആശ്വസിപ്പിച്ചു. ഗ്ര. ക.

മ്പഴക്കാട്ടാശ്രമത്തിലേയ്ക്കും എനിക്കു സഹായിയായിരുന്ന ഒരു ഡീക്കനെ പുത്തമ്പള്ളി സെമ്മിനാരിയിലേക്കും അയച്ചു.

കുറേക്കഴിഞ്ഞു ഡോക്ടർമർസ്സലീൻ അവർകഠം മതോപദേശം ചെയ്യാൻ എനിക്കു അനുവാദം തന്നു. 1880-ൽ ഞാൻ ലത്തീൻകാരനെന്ന ന്യായത്താൽ മാന്നാനം കൊവേന്തയിൽനിന്നു എന്നെ വേർപെടുത്തി, എനിക്കു പ്രത്യേക നിയമങ്ങഠംതന്നു കോട്ടയത്തു് മതോപദേശംചെയ്വാൻ ഏല്പിച്ചു.

എനിക്കു പ്രത്യേക സഹായക്കാരനായി അതിരമ്പുഴ സ്വദേശീയായിരുന്ന കുറിയാക്കോസ് എന്നൊരു സിറിയൻ വൈദികനുണ്ടായിരുന്നു. (ഇദ്ദേഹം കുറെക്കഴിഞ്ഞു സ്വമാതാവിൻെറ രോഗംനിമിത്തം അതിരമ്പുഴയ്ക്കുപോകയും അനന്തരം അവിടെ വികാരിയായിത്തീരുകയും അവിടെവച്ചു നിര്യാതനാവുകയുമുണ്ടായി.) ഇദേഹത്തിൻെറ സഹായത്തോടുകൂടെ കോട്ടയത്തു ഒരു കപ്പേള വെച്ചുകെട്ടാൻ ഞാൻ ശ്രമിച്ചു. വളരെ പ്രയാസത്തിലും അപകടത്തിലും അകപ്പെട്ടു. എങ്കിലും ഒടുവിൽ 1881-ൽ "നേട്ടാശ്ശേരി പാട്ടുകളം എന്ന കുന്നിൽ അതു സാധിച്ചു. നല്ലയിടയൻെറ ഒരു ചിത്രവും അതിൽ സ്ഥാപിച്ചു. അനന്തരം ആ കുന്നു കൈവശം വച്ചിരുന്ന ഹിന്ദുക്കളിൽനിന്നും, അവിടെയുണ്ടായിരുന്ന പ്രോട്ടസ്റ്റാണ്ടുകാർ സീസ്മക്കാർ മുതലായവരിൽനിന്നും പലേ ഉപദ്രവങ്ങഠം നേരിട്ടു. ദൈവത്തിൻെറ പ്രത്യേകകരുണയാൽ അവയൊക്കയും ജയിച്ചു. ഇതിന്നിടയിൽ പലേ സ്ഥലങ്ങളിലും നടന്നു ധർമ്മം വാങ്ങി കുർബാനചൊല്ലത്തക്കവിധം ആ കപ്പേള കല്ലുകൊണ്ടു പണിതു.

1882-ൽ സ്ഥലത്തെ ഗവർമ്മേണ്ടുദ്യോഗസ്ഥന്മക്കൂടെയും വിസ്മയം തോന്നത്തക്കവിധം ഗവർമ്മേണ്ടനുവാദവും ലഭിച്ചു. കപ്പേളയുടെ ആശീർവ്വാദകർമ്മം നട

ത്താൻ മർസ്സലീൻ മെത്രാനച്ചൻ നിശ്ചയിച്ചിരുന്നതു ഫാദർ കാന്തിഡ്ഡുസ് വർകളെയായിരുന്നു.

നല്ലയിടന്നു ആത്മാവുകളെ നേടിക്കൊടുക്കാൻ ഉത്സുകതരായിരിക്കുന്നവരുടെ ഒരു ഗണം—ഒരു സഭ—ഉണ്ടാകണമെന്നാഗ്രഹിച്ചു. അവരുടെ ഭക്ഷണച്ചിലവിന്നുപകരിക്കത്തക്കവിധം കുറെ നിലങ്ങളും പുരയിടങ്ങളും വാങ്ങാൻ ശ്രമിച്ചു. മെത്രാനച്ചൻ തന്നതും ധർമ്മപ്പിരിവിൽ കിട്ടിയതുംകൊണ്ടു ചിലതെല്ലാം വാങ്ങി. അതിൽ കുറെ കടം വന്നതു തീർക്കാനും നിശ്ചയിച്ചേടത്തോളം വാങ്ങാനുമായി വീണ്ടും ധർമ്മത്തിന്നിറങ്ങി ആദ്യം തെക്കും കിഴക്കും ഭാഗങ്ങളിലും അനന്തരം സിലോൺ ദ്വീപിലും ഞാൻ സഞ്ചരിച്ചു. രണ്ടായിരത്തോളം ഉറുപ്പിക കിട്ടി. മടങ്ങിവന്നു കുറേനാൾ കഴിഞ്ഞു വടക്കോട്ടിറങ്ങി, ബോംബെവരെ സഞ്ചരിച്ചു; നല്ല ഒരു സംഖ്യ ലഭിച്ചു. മടങ്ങി കോട്ടയത്തുവന്നു കിട്ടിയ തുകകളെല്ലാം പുരയിടങ്ങളിലും നിലങ്ങളിലും സ്ഥാപിച്ചു. ഏഴെട്ടുകൊല്ലത്തെപരിശ്രമംകൊണ്ടു അനേകം ഹിന്തുക്കൾ കത്തോലിക്കവേദത്തിൽ ചേൎന്നു.

ഇങ്ങനെയിരിക്കെ പൂഞ്ഞാർ മുതലായസ്ഥലങ്ങളിൽ മതോപദേശത്തിന്നായി വന്നിരുന്ന ദിവ്യശ്രീ ഫാദർ ബെൎണ്ണാർദ്ദൂസ് അയേസു ആവർകളെ സകലവും ഏല്പിച്ചു അദ്ദേഹത്തിൻെറ നിശ്ചയംപോലെ സകലവും ചെയ്തുകൊള്ളേണമെന്നു ലെഒനാർദ് മെത്രാപ്പോലീത്താ കല്പനയയച്ചു. അങ്ങനെ ചെയ്തു. ഇദ്ദേഹത്തിന്നു അന്നു മററുജോലികൾക്കൂടെ ഉണ്ടായിരുന്നതിനാൽ അവിടെ—കോട്ടയത്തു—എപ്പോഴും താമസിക്കാൻ സാധിച്ചിരുന്നില്ല.

അനന്തരം മഞ്ഞുമ്മേലാശ്രമാംഗമായിരുന്ന ഫാദർ ജോസഫ് ആ സാന്തമരിയ അച്ചനെ(ഔസേപ്പച്ചനെ) കോട്ടയത്തേക്കയച്ചു. അദ്ദേഹംവന്നു കാൎയ്യങ്ങൾ പ

ലത്തും ക്രമീകരിക്കയും ഞാൻ ഒരുക്കിയിരുന്നവരിൽ അനേകരേയും മററു പലരേയും ജ്ഞാനസ്നാനപ്പെടുത്തുകയും പലിയപള്ളിക്കു സ്ഥലം സൗകര്യപ്പെടുത്തുകയുമുണ്ടായി.- ഇതിന്നിടയിൽ മാനസ്സാന്തരപ്പെട്ടു കത്തോലിക്കവേദം സ്വീകരിച്ചവരുടെ ഒരു ഗണം കോട്ടയത്തുണ്ടായിത്തീർന്നു. അങ്ങനെയിരിക്കെ കോട്ടയം ത്രിശ്ശൂർ എന്നിങ്ങനെ രണ്ടു വികാരിയാത്തുകൾ സ്ഥാപിച്ചതിനാൽ സുറിയാനിക്കാർ വരാപ്പുഴ മെത്രാപ്പോലീത്തായുടെ അധികാരത്തിൽനിന്നുവിട്ടു. കോട്ടയം വികാരി അപ്പസ്തോലിക്കയായിരുന്ന ഡോക്ടർ ലവീഞ്ഞു തിരുമനസ്സുകൊണ്ടു, കോട്ടയത്തു ഞാൻ ചെയ്ത വേലയുടെ ഫലമായുണ്ടായിട്ടുള്ളവ സുറിയാനിരീതിക്കാക്കു കിട്ടേണ്ടതാണെന്നു വാദിച്ചു. ഞാൻ അതു സമ്മതിച്ചില്ല. തൻമൂലം വലിയ വിഷമതകൾനേരിട്ടു ലവീഞ്ഞു മെത്രാൻെറയും ഡെലഗാദപ്പസ്തോലിക്കാ മുതലായവരുടെയും അപ്രീതിയും എൻെറനേക്കുണ്ടായി.

ഈ മാനസാന്തരപ്രസ്ഥാനത്തിൻെറ ആരംഭവും അന്നുവരെയുള്ള ചരിത്രവും ഞാൻ ബ: യൗസേപ്പച്ചനെ അറിയിച്ചു. അദ്ദേഹം അവയെല്ലാം ലത്തീൻഭാഷയിൽ സംഗ്രഹിച്ചെഴുതിത്തന്നു. ഞാൻ അതൊപ്പിട്ടു ഡെലഗാദപ്പസ്തോലിക്കായ്ക്കയച്ചു ഡെലഗാദപ്പസ്തോലിക്കാ അതു വായിച്ചുകണ്ടശേഷം അനുഗ്രഹപൂർവ്വകവും അഭിനന്ദനപൂർണ്ണവുമായ ഒരു മറുപടി എനിക്കയച്ചുതരികയും ദൈവത്തെപ്രതി ഞാൻ തുടങ്ങിയവേല സമാധാനപൂർവ്വം മുന്നോക്കം കൊണ്ടുപോവാൻ കല്പിക്കയുമുണ്ടായി. പിന്നീടും ചില തർക്കങ്ങളുണ്ടായി. അതും ഒടുവിൽ തീർന്നു.

ജോസപ്പച്ചൻ മഞ്ഞുമ്മലേക്കു പോന്നശേഷം, ബ: റാഫേൽമന്ത്ര അച്ചൻ കോട്ടയത്തുവന്നു.

അനന്തരം ഫാദർ ബെണ്ണാർദ്വർകൾ ക്ലമൻറുകൊറയ ക്ളേരിയോടുകൂടെകോട്ടയത്തുവന്നു. ക്ളേരി കുർബാ

നചൊല്ലിവരുന്നതുവരെ കാൎയ്യങ്ങാം അന്വേഷിക്കാൻ ബ: തോമസ് റോച്ച പാദ്രിയെ നിശ്ചയിച്ചു. കൊറയ ക്ളേരി വൈദികപദം സ്വീകരിച്ചുശേഷം കോട്ടയത്തു സ്ഥിരതാമസമാക്കി. കുറേനാം‌കഴിഞ്ഞു എന്നോട്ടു മഞ്ഞുമ്മേലാശ്രമത്തിൽവന്നു ഒരുവർഷം താമസിക്കാൻ കല്പിച്ചു. ഞാൻ അങ്ങനെ ചെയ്തു. ഒരുവർഷം കഴിഞ്ഞു വീണ്ടും കോട്ടയത്തേക്കുചെന്നു കുറേനാം‌കഴിഞ്ഞുണ്ടായ ചില അനിഷ്ടസംഭവങ്ങാം നിമിത്തം വീണ്ടും മഞ്ഞുമ്മെലേക്കു പോരേണ്ടിവന്നു. അനന്തരം വീണ്ടും കോട്ടയത്തേക്കുപോയി.

1896-ൽഫാദർബെണ്ണാൎദ്വർകാം വരാപ്പുഴമെത്രാപ്പോലീത്തായുടെ കോവാദിത്തോർആയി നിയമിക്കപ്പെട്ടു. അടുത്തവത്സരത്തിൽ ലെഒനാൎദ് മെല്ലാനൊ മെത്രാപ്പോലീത്താകാലധൎമ്മം പ്രാപിച്ചതിനാൽ ബെണ്ണാൎദ്, മെത്രാപ്പോലീത്താ രൂപത ഭരിക്കാൻ തുടങ്ങി. കോട്ടയത്തെ മാനസ്സാന്തരജോലിതിരുമനസ്സിലെ ഒരുപ്രത്യേകകാൎയ്യമായിത്തീൎന്നു,ആദ്യംഫാദർ ബെണ്ണാൎദ്,ലെഒ എന്നീ മിഷ്യനറിമാരെയും പിന്നീടു തോമസ് റൈസ്ലാണ്ടർ, സെബാസ്ത്യൻവെസ്റ്റർമെയർ, അലക്സാണ്ടർ ലെന്തപ്പറമ്പിൽ ജോസെപ്പുമുണ്ടൻചേരിമുതലായ ഏതദ്ദേശ്യ വൈദികരേയുംഅങ്ങോട്ടയച്ചു. മെത്രാപ്പോലീത്തതന്നെചെന്നു താമസിച്ചുംവന്നു. പിന്നീടു പലേ മിഷ്യനറിമാരും ഏതദ്ദേശ്യവൈദികന്മാരും അവിടെ പ്രയത്നിക്കാൻ തുടങ്ങി."

ബെണ്ണാൎദ്മെത്രാപ്പോലീത്തായുടെ അനന്തരഗാമിയായ എയിഞ്ചൽമേറി മെത്രാപ്പോലീത്താ അവിടത്തെ കാൎയ്യങ്ങളെല്ലാംവിചാരിച്ചും പരിപോഷിപ്പിച്ചുംപോന്നു.ഇദ്ദേഹത്തിൻെറയും, വിശിഷ്യ അക്കാലങ്ങളിൽവികാരിജെനറാളും‌വികാരി പ്രൊവിൻസ്യാളുമായിരുന്നഇന്നത്തെവിജയപുരം മെത്രാൻഡോക്ടർ ബൊനവെൻതുരാ അരാനതിരുമേനിയുടെയും നായകത്വത്തിലും നിയന്ത്രണത്തിലും

മിഷ്യനറിമാർ ഏതദ്ദേശ്യവൈദികർ മുതലായവർ ചെയ്ത പ്രയത്നത്താൽ ടി സ്ഥലം ഇന്നത്തെനിലയിലെത്തുകയാണുണ്ടായതു.

(പ്രോ: റോക്കി ഒടുവിലത്തെപ്രാവശ്യം മഞ്ഞുമ്മെലേക്കു പോന്നതു 1919-ലാണു, അനന്തരം1927-വരെമഞ്ഞുമ്മേലാശ്രമത്തിൽതന്നെ താമസിക്കയും ടി വത്സരം ഒക്ടോബറിൽ ക്രീസ്തുരാജൻെറ തിരുനാൾദിവസം ഭാഗ്യപ്രദമായ മരണം പ്രാപിക്കയും ചെയ്തു.)

**തിരുവനന്തപുരം രൂപത**

മുകളിൽ പറഞ്ഞിട്ടുള്ളതുപോലെ, കൊല്ലം രൂപതയുടെ മെത്രാനായിരുന്ന ബെൻസിഗർ തിരുമേനി സ്ഥാനത്യാഗം ചെയ്തിട്ടു ഏതാനും വത്സരങ്ങൾ കഴിഞ്ഞു 1935-ൽ ആണല്ലൊ മോൺസിഞ്ഞോർ ഡിറേരാ തിരുമേനിയെ കൊല്ലത്തെ മെത്രാനായി നിയമിച്ചതു്. കൊല്ലത്തെ വീണ്ടും വിഭജിച്ചു, തിരുവനന്തപുരത്തെ ആസ്ഥാനമാക്കി ഒരു രൂപത സ്ഥാപിച്ചു ഡോക്ടർ ഡിറേരാ തിരുമേനിയെ ആ രൂപതയുടെ മെത്രാനായി മാററുകയാണു ചെയ്തതു്. തിരുമനസ്സുകൊണ്ടു കഴിഞ്ഞ 1937 ഡിസമ്പർ 4-ൽ പ്രസ്തുത രൂപതാഭരണം സ്വീകരിക്കയുമുണ്ടായി.

മുകളിൽ കാണിച്ചിട്ടുള്ളവകൊണ്ടു മനസ്സിലാക്കാവുന്നതുപോലെ കേരളത്തിൽ ഇപ്പോൾ ലത്തീൻരീതിയിൽപ്പെട്ടവർക്കു ഒരു അതിരൂപതയും, ആറു രൂപതകളുമാണുള്ളതു്.

വരാപ്പുഴ അതിരൂപത എന്ന പേരിലാണു അതിരൂപത സ്ഥിതിചെയ്യുന്നതു. ഇതിൻെറ ആസ്ഥാനം വരാപ്പുഴയായിരുന്നെങ്കിലും കുറെ വത്സരങ്ങൾക്കുമുമ്പു ഡോക്ടർ ബർണ്ണാർഡ് തിരുമനസ്സിലെ ഭരണനാളിൽ പരിശുദ്ധ സിംഹാസനത്തിൽനിന്നുള്ള അനുവാദത്തോടുകൂടെ അതിരൂപതാസ്ഥാനം എറണാകുളത്തേയ്ക്കു മാററുകയുണ്ടായി. വരാപ്പുഴ അതിരൂപതയിലുള്ള സ്ഥലങ്ങ

ളിൽവച്ചു ലത്തീൻരീതിക്കാർ കൂടുതലായി വസിക്കുന്നതു എറണാകുളത്താണല്ലോ. എറണാകുളത്തു ഇപ്പോഴുള്ള പതിനാലായിരം കത്തോലിക്കരിൽ പതിമ്മൂവായിരവും ലത്തീൻകാരാണ്.

കൊല്ലം, കോട്ടാർ, വിജയപുരം, തിരുവനന്തപുരം എന്നീ നാലു രൂപതകൾ വരാപ്പുഴ അതിരൂപതയുടെയും, കൊച്ചി ഗോവ അതിരൂപതയുടെയും, കോഴിക്കോട്ട് ബോംബെ അതിരൂപതയുടെയും സാമന്ത രൂപതകളായി സ്ഥിതിചെയ്യുന്നു.

വരാപ്പുഴ അതിരൂപതയിലും മററു ആറു രൂപതകളിലുമായി ഇപ്പോൾ ആറു ലക്ഷത്തോളം ലത്തീൻകത്തോലിക്കർ കേരളത്തിലുണ്ട്. ഇവർ എങ്ങനെയെല്ലാം ഉള്ളവരാണെന്നു ഇതിനുപരി കാണിച്ചിട്ടുണ്ടല്ലോ. (അ. 12 നോക്കുക.) ഇവരിൽ ചില അവാന്തര വിഭാഗങ്ങളുമുണ്ട്.

# ഉപസംഹാരം

ഇതുവരെ വിവരിച്ചിട്ടുള്ള സംഗതികൾകൊണ്ടു കേരളത്തിലെ ലത്തീൻ ക്രൈസ്തവരുടെ സ്ഥിതി നിഷ്പക്ഷബുദ്ധികൾക്കു ബോദ്ധ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

പൊർത്തുഗീസുകാർ കേരളത്തിൽവന്ന അവസരത്തിൽ ഉണ്ടായിരുന്ന തോമാക്രിസ്ത്യാനികളുടെ സ്ഥിതി എന്തായിരുന്നു? ഈ ക്രൈസ്തവരെ ലത്തീൻകാരാക്കാൻ പൊർത്തുഗീസുകാർ എത്രയധിക പരിശ്രമം ചെയ്തിരുന്നു? ക്രൈസ്തവരുടെ അന്നത്തെ വൈദികാദ്ധ്യക്ഷൻെറ ഉന്നം എന്തായിരുന്നു? തൻമൂലം അദ്ദേഹം എങ്ങനെ ആ വിദേശികളെ അനുകൂലിക്കയും തൻെറ ഭരണീയരായ ക്രൈസ്തവരെ പ്രോത്സാഹിപ്പിക്കയും ചെയ്തിരുന്നു? ഈ പരിശ്രമവും പ്രോത്സാഹനങ്ങളുമൊക്കെ ഫലപ്രദമാകാൻ എത്രയധികം സഹായിക്കുന്ന സാഹചര്യങ്ങളാണ് അന്നുണ്ടായിരുന്നത്? എന്നിവ ഈ ഗ്രന്ഥത്തിൻെറ ആദ്യഭാഗങ്ങൾ നോക്കിയാൽ ആർക്കും മനസ്സിലാക്കാവുന്നതാണ്.

പൊർത്തുഗീസുകാരുടെ പരിശ്രമവും അന്നത്തെ ക്രൈസ്തവരുടെ വൈദികമേലദ്ധ്യക്ഷനുണ്ടായിരുന്ന ഉദ്ദേശ്യവും ഒരു ഗണം ക്രൈസ്തവരിൽ സാധിതമായിട്ടുണ്ടു — ഒരു ഗണം ക്രൈസ്തവർ ലത്തീൻറീത്തിലേയ്ക്കു പരിവർത്തനം ചെയ്തിട്ടുണ്ടു — എന്നുള്ളതു സമകാലീനന്മാരിൽ പ്രാമാണ്യമുള്ളവരുടെ രേഖകൊണ്ടു തെളിയുന്നുണ്ടു്. അത്രയുമല്ലാ, തോമാക്രിസ്ത്യാനികളിൽ ഉണ്ടായിരുന്നതും ആദ്യം പൊർത്തുഗീസുകാരുടെയും അ

നന്തരം ഡച്ചുകാരുടെയും സംരക്ഷണകളിൽ ഏല്പി ച്ചിരുന്നതുമായ സ്വാതന്ത്ര്യനില, പൂർവ്വകാലം മുതൽക്കെ ഉ ണ്ടായിരുന്ന യോധവൃത്തി, ആദ്യം പൊർത്തുഗീസുകാർ നൽകാൻ തുടങ്ങിയതും പിന്നീടു ഡച്ചുകാർ തുടർന്നു നൽകിയിരുന്നതുമായ സ്ഥാനമാനങ്ങൾ, പൊർത്തുഗീസു കാരുടെ ആരംഭകാലത്തിൽ അവരോടു ചേർന്നു കൊ ച്ചിരാജ്യോദ്ധാരണത്തിന്നായി ചെയ്തിട്ടുള്ള യുദ്ധങ്ങൾ ക്കും നടത്തിയിട്ടുള്ള കാവലിന്നും പ്രതിഫലമായി ലഭിച്ച ജന്മവസ്തുക്കൾ, പൂർവ്വക്രൈസ്തവർക്കുണ്ടായിരുന്ന ആചാര മുറകൾ എന്നിവയെല്ലാം ഇവിടങ്ങളിലെ ലത്തീൻരീതി ക്കാരിൽ കാണുന്നതിനാലും തീരപ്രദേശങ്ങളിലെ പൂ ർവ്വപള്ളികളിൽ ഉണ്ടായിട്ടുള്ള പരിവർത്തനവും ഈ ഭാ ഗങ്ങളിൽ സുറിയാനി റീത്തുകാർ വളരെ കുറഞ്ഞും ല ത്തീൻ റീത്തുകാർ വളരെ വർദ്ധിച്ചും കാണുന്നതുകൊ ണ്ടും ലത്തീൻ റീത്തിലേക്കുള്ള പരിവത്തനവും അങ്ങനെ പരിവത്തനം ചെയ്തവർ ആ റീത്തിൽ നിലനിന്നിരുന്നു വെന്നുള്ളതും സ്പഷ്ടമാകുന്നുണ്ട്.

എന്നാൽ ഇങ്ങനെ സുറിയാനി റീത്തിൽനിന്നു പരി വത്തനം ചെയ്തവരുടെ സന്തതിപരമ്പരകൾ മാത്രമ ല്ലാ ഇന്നു ലത്തീൻറീത്തിലുള്ളതു്. ഹിന്തുക്കൾ ജ്ഞാന സ്നാനപ്പെട്ടിട്ടുള്ളവരിലും അനേകർ ലത്തീൻ റീത്തിലു ണ്ട്. ഏതെല്ലാം ഭാഗങ്ങളിലാണ് അധികം മതപരിവ ത്തനം നടന്നിട്ടുള്ളതു്? എന്നു മുതൽക്കു ഓരോ ഭാഗങ്ങ ളിൽ പരിവത്തനം തുടങ്ങി? എന്നിവയും, ഇങ്ങനെ പരി വത്തനം ചെയ്തവർ എല്ലാവരും ലത്തീൻ റീത്തിൽ മാ ത്രമല്ലാ ഒടുവിൽ ലയിച്ചിരിക്കുന്നതു്, ലത്തീൻറീത്തിൽ മാത്രമായിരുന്നെങ്കിൽ ഇന്നു കേരളത്തിലെ ലത്തീൻരീതി ക്കാരുടെ സംഖ്യയും രൂപതകളും വളരെയധികം വർദ്ധി ച്ചുകാണുമായിരുന്നു; അങ്ങനെ കാണാത്തതു പല വഴി ക്കുംഅവർ ചിതറുവാൻതക്ക സാഹചര്യങ്ങൾ ഉണ്ടാകയും ആ സാഹചര്യങ്ങളിൽ അനേകർ ചിതറി ലത്തീൻറീത്തു

വിട്ടുപോകയും ചെയ്തതുകൊണ്ടാണ് എന്നിവയും സംക്ഷേപമായിട്ടെങ്കിലും കാണിച്ചിട്ടുണ്ട്.

അങ്ങനെതന്നെ ഭൂതകാലങ്ങളിൽ ഇത്ര ഉന്നതിയിലിരുന്ന ഈ ജനം അതേ നിലയിലെങ്കിലും പുരോഗമനം പ്രാപിക്കാതിരുന്നതിനുള്ള കാരണങ്ങളുംകൂടെ വിവരിച്ചിട്ടുണ്ട്.

ഈ ക്രൈസ്തവരെപ്പററി ഓരോരുത്തർ ചെയ്തിരിക്കുന്ന പ്രസ്താവനകൾ നിരർത്ഥകവും അബദ്ധപൂർണ്ണവുമാണെന്നു മനസ്സിലാക്കാൻ ഈ പറഞ്ഞവതന്നെ ധാരാളം മതിയാകുന്നതാണെങ്കിലും, ആ പ്രസ്താവനകളിൽ പ്രാധാന്യത്തെ അർഹിക്കുന്ന ഏതാനും സംഗതികളെ കൂടി എടുത്തു അവയുടെ സ്ഥിതിയും വെളിവാക്കിയിരിക്കുന്നതിനാൽ, അങ്ങനെയുള്ള സംശയങ്ങൾക്കും ഇനി മാർഗ്ഗമുണ്ടാകുമെന്നു തോന്നുന്നില്ല.

ഇങ്ങനെയുള്ള കാരണങ്ങളാൽ, കേരളക്രൈസ്തവരുടെയിടയിൽ ഇതുവരെയുണ്ടായിരുന്ന തെററിദ്ധാരണകളും തൽഫലമായി നടന്നുകൊണ്ടിരുന്ന വാദപ്രതിവാദങ്ങളും നിശ്ശേഷം അവസാനിക്കുമെന്നു വിശ്വസിക്കുന്നു.

അതിനാൽ പരമ കാരുണികനായ ദൈവത്തിന്നു സമാധാനത്തിൻെറ രാജ്ഞിയായ പരിശുദ്ധ ദൈവജനനിവഴിയായി ഏററവും വിനയത്തോടെ നന്ദി പ്രകാശിപ്പിച്ചുകൊണ്ടും, ക്രിസ്തു തന്നിൽവിശ്വസിക്കുന്നവരേപ്പററി തൻെറ അവസാന തിരുവത്താഴത്തിൽ ചെയ്ത പ്രാർത്ഥന കേരളക്രൈസ്തവരിൽ അന്വത്ഥമാകട്ടെ എന്നു വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ടും സമാപിച്ചുകൊള്ളുന്നു.

L. D. V. M.

## പാലിയം പ്ലെയിററ്.

### ഒന്നാം പ്ലെയിററ്, ഒന്നാം വശം



### ടി. രണ്ടാം വശം



രണ്ടാം പ്ലെയിററ്, ഒന്നാം വശം



ടി. രണ്ടാം വശം



# അനുബന്ധം.

പതിനാറാം നൂററാണ്ടിൽ സുറിയാനിറീത്തിൽനിന്നു ലത്തീൻറീത്തിലേക്കു ചേർന്ന സന്തോമാക്രിസ്ത്യാനികളിൽ, കൊച്ചീ കൊടുങ്ങല്ലൂർ എന്നീ ഭാഗങ്ങളിലും അവയുടെ പരിസരങ്ങളിലും മററുമായി വസിച്ചിരുന്നവൎക്കു 19-ാം നൂററാണ്ടുമുതൽ എഴുനൂററിക്കാർ എന്ന നാമം നടപ്പായിട്ടുണ്ടല്ലൊ. അതിന്നുമുമ്പു ഈ ജനതതിക്കു ഓരോ കാരണങ്ങളാൽ വേറെ ചില നാമങ്ങൾ ഇതരന്മാർ പറയുകയുണ്ടായിട്ടുണ്ടെങ്കിലും എഴുനൂററിക്കാർ എന്ന നാമം ഉണ്ടായിരുന്നില്ല എന്നു ഈ ഗ്രന്ഥത്തിൽ കാണിച്ചിട്ടുള്ളതു തെററാണെന്നു ഒന്നുരണ്ടു ചരിത്രപണ്ഡിതന്മാർ ഞങ്ങളെ അറിയിക്കയുണ്ടായി.

17-ാം നൂററാണ്ടിൻെറ മദ്ധ്യമഘട്ടത്തിൽ "എഴുനൂററിപ്പരിഷ" എന്ന നാമം ഉപയോഗിച്ചിരുന്നതായി കാണുന്നുണ്ടു എന്നു ഒരാളും, "ഡച്ചുകമ്പനിയുടെ വേലയ്ക്കായി ഒഴിഞ്ഞുകൊടുത്ത എഴുനൂററിപ്പരിഷ" എന്ന രേഖയുണ്ടു എന്നു അപരനും പറഞ്ഞിരിക്കുന്നു.

രണ്ടുപേരും ഉദ്ദേശിക്കുന്ന രേഖ ഒന്നുതന്നെയെന്നാണു കാണുന്നതു. അവർ പ്രസ്തുത രേഖ മുഴുവനും പരിശോധിക്കാതെ തെററിദ്ധരിച്ചിരിക്കയാണു. "എഴുനൂററിക്കാർ" എന്നു ഇന്നു പറയപ്പെടുന്നവരുടെ പൂൎവ്വന്മാരേപ്പററിയല്ലാ അവിടെ പറഞ്ഞിരിക്കുന്നതു. മുദ്രണം ചെയ്തിരിക്കുന്ന രേഖയിൽ "എഴുനൂററിപ്പരിഷ" എന്നല്ലാ "ഏഴുപുറം പരിഷ" എന്നാണു കാണുന്നതു് എന്നും അവരെ ബോദ്ധ്യപ്പെടുത്തിക്കൊടുത്തിട്ടുമുണ്ടു്.

ചരിത്രങ്ങൾ മറഞ്ഞുപോകയും അഭ്യൂഹങ്ങൾ പ്രബലപ്പെട്ടകയും ചെയ്തിരിക്കുന്നതിനാൽ ഇങ്ങനെയുള്ള തെററിദ്ധാരണകളും സംശയങ്ങളുമൊക്കെ ഇനിയും ഉണ്ടാകാൻ ഇടയുള്ളതാണല്ലൊ. അതിനാൽ പ്രസ്തുത രേഖയിൽ പറഞ്ഞിരിക്കുന്നതു ആരെപ്പററിയാണു; എന്തു പദമാണു ഉപയോഗിച്ചിരിക്കുന്നതു, ഇവിടെ പ്രതിപാദിക്കപ്പെട്ടുന്ന ജനവിഭാഗത്തിൻെറ–"എഴുന്നൂററിക്കാർ" എന്നു ഇവിടെ പറയുന്നവരുടെ—സ്ഥിതി അന്നു എന്തായിരുന്നു; എന്നിവ പ്രത്യേകം വിവരിക്കുവാൻ ആവശ്യം നേരിട്ടിരിക്കുന്നതായിട്ടാണ് കാണുന്നതു. ഇവ താഴെ കാണിക്കുന്നു.

1663-ൽ ഡച്ചുകാർ കൊച്ചീക്കോട്ട കീഴടക്കി പൊർത്തുഗീസുകാരെ ബഹിഷ്കരിച്ചശേഷം, അന്നു വാണ കൊച്ചീരാജാവു, ഡച്ചുകാരുമായി ഒരു ഉടമ്പടി ചെയ്തുവല്ലൊ. ആ ഉടമ്പടിയുടെശേഷം, കൊച്ചീരാജാവും പ്രഭുക്കന്മാരും നാട്ടിലെ സജ്ജനങ്ങളുംകൂടി മേലിൽ, നടക്കേണ്ട വിധമെന്തെല്ലാമെന്നു നിശ്ചയിക്കയും ആ നിശ്ചങ്ങൾ ചെമ്പുതകിടിൽ എഴുതിയിട്ടകയുമുണ്ടായി. ഇങ്ങനെ എഴുതിയിട്ടിട്ടുള്ളതിലാണു ഡച്ചുകാരുടെ വേലയ്ക്കായി ഒഴിഞ്ഞുകൊടുത്തവരുടെ കാര്യം പറഞ്ഞിരിക്കുന്നതു. അതിൽ ഉള്ളതു. "കുമ്പഞ്ഞിവേലക്കായി ഒഴിഞ്ഞുകൊടുത്തിരിക്കുന്നഏഴുപുറം പരിഷയോടും, കന്നടരാജ്യത്തുനിന്നു പറങ്കി മാർഗ്ഗംകൂട്ടിക്കൊണ്ടുവന്നവരോടും ഒരു പുരുഷാന്തരം ചോദിക്കയുമരുതു" എന്നാണു. (കൊച്ചീരാജ്യചരിത്രം. 2-4-87 നോക്കുക.) "ഏഴുപുറം പരിഷ" എന്നാണു അവിടെയുള്ളതു; "എഴുന്നൂററിപരിഷ"യെന്നല്ലാ.

"ഏഴുപുറം പരിഷ" എന്നു കൊച്ചീരാജ്യ ചരിത്രകാരൻ പറഞ്ഞിരിക്കുന്നതു തെററാണ്; "എഴുന്നൂററിപ്പരിഷ" എന്നാണു വേണ്ടിയിരുന്നതു എന്നു ചിലർക്കു അ

ഭിമതമുള്ളതായും അറിവുണ്ടു. എന്നാൽ ഡച്ചുകാൎക്ക അ ന്നു ഒഴിഞ്ഞുകൊടുത്തതു എന്തെല്ലാം, ഏതു ജനവിഭാഗത്തെ, എന്നിവ പ്രസ്തുത ചെമ്പുതകിടിൽത്തന്നെ —"ഏഴുപുറം പരിഷ"യെപ്പററി പറഞ്ഞിരിക്കുന്നതിന്റെ അല്പം മുകളിൽ—വ്യക്തമായി പറഞ്ഞിട്ടുണ്ടു. അതു ഇങ്ങനെയാണു: "പറങ്കി ഇട്ടിരുന്ന കൊച്ചിക്കോട്ടയും കൊടുങ്ങല്ലൂർക്കോട്ടയും പള്ളിപ്പുറത്തും പാമ്പായിലുമുള്ള കോട്ടകളും പറങ്കി അനുഭവിച്ചിരുന്ന പാതിരി തുരുത്തും പൊട്ടുതുരുത്തും വെണ്ടുതുരുത്തും ഉല്പത്തികളും പറങ്കിയുടെ വേലക്കാരായിട്ടുള്ള അടിമകളും ബഹുമാനപ്പെട്ട കുമ്പഞ്ഞിക്കായിരിക്കത്തക്കവണ്ണം. .................."

നോക്കുക: ഡച്ചുകാരുടെ വേലക്കായി ഒഴിഞ്ഞുകൊടുത്തതു ആരെയാണെന്നു ഇവിടെ സ്പഷ്ടമാകുന്നില്ലയൊ? പുരുഷാന്തരം കൊടുക്കേണ്ട ബാദ്ധ്യതയിൽനിന്നു ഒഴിവാക്കുന്നവരിൽ ഒരുഗണം ഇങ്ങനെ ഒഴിഞ്ഞുകൊടുക്കപ്പെട്ടവരാണു. "ഏഴുപുറം പരിഷ" എന്നു ഇവിടെ പറയുന്നതു ഇങ്ങനെ ഒഴിഞ്ഞുകൊടുക്കപ്പെട്ടവരെ ഉദ്ദേശിച്ചാണെന്നുള്ളതിൽ ഇനി പക്ഷാന്തരത്തിന്നിടയില്ലെന്നു വിശ്വസിക്കുന്നു.

ഈ പറയുന്ന സംഭവങ്ങൾ നടന്ന ഘട്ടത്തിൽ ലത്തീൻറീത്തുകാരായി വളരെയധികം ആളുകൾ വേറെയും ഇവിടങ്ങളിൽ, കൊച്ചീ കൊടുങ്ങല്ലൂർ എന്നീ ഭാഗങ്ങളിലും അവയുടെ പരിസരങ്ങളിലും, ഉണ്ടായിരുന്നു. ഡച്ചുകാരുടെ പ്രവേശനാവസരത്തിൽ കപ്പേളകൾ ഉൾപ്പടെ പതിമ്മൂന്നു ദേവാലയങ്ങൾ അവർ നശിപ്പിച്ചിട്ടുണ്ട്. കൊച്ചീ കൊടുങ്ങല്ലൂർ എന്നീ ഭാഗങ്ങളിലും അവയുടെ പരിസരങ്ങളിലുമായി വേറെയും പല ദേവാലയങ്ങളുണ്ടായിരുന്നു. പതിനാറാം നൂററാണ്ടിൽ സുറിയാനിറീത്തിൽനിന്നു ലത്തീൻറീത്തിലേക്കു ചേർന്നു തങ്ങളുടെ സ്വാതന്ത്ര്യനില സംരക്ഷിച്ചും സൈന്യസേവനംചെയ്തും

സ്ഥാനമാനങ്ങൾ പ്രാപിച്ചും വന്നവരുടേയും (നായന്മാർ, ബ്രാഹ്മണർ, പ്രഭുക്കന്മാർ എന്നിവരുൾപ്പെടെ) ഹിന്ദുക്കളിൽനിന്നു മതപരിവർത്തനപ്പെട്ടു ചേർന്നവരുടേയും സന്തതികളായിരുന്നു ഈ പള്ളികളിൽ ചേർന്നിരുന്നവർ. ഡച്ചുകാരുടെ പ്രവേശനാവസരത്തിൽ മതപരമായ കാര്യങ്ങൾനിമിത്തം അവരോടു ഭിന്നിക്കയും പിന്നീടു രാജിയാവുകയും ചെയ്ത "പഴയക്രൂററുകാരായ റോമൻ കത്തോലിക്കർ" ഇവരാകുന്നു. പൊർത്തുഗീസുകാരുടെ പ്രവേശനത്തിന്റെ ആരംഭഘട്ടത്തിൽ സ്വതന്ത്രരായിരുന്ന—പുരാതനപെരുമാക്കന്മാരിൽനിന്നു സിദ്ധിച്ചിരുന്ന അവകാശങ്ങൾ അനുഭവിച്ചിരുന്ന—ക്രൈസ്തവരുണ്ടായിരുന്നു. പുരാതനപെരുമാക്കന്മാരിൽനിന്നു ലഭിച്ചിരുന്ന ആധാരവും ചെങ്കോലും സമർപ്പിച്ചുകൊണ്ടു അവർ പൊർത്തുഗീസുരാജാവിനെ തങ്ങളുടെ രാജാവായി—മേൽക്കോയ്മയായി—സ്വീകരിച്ചു. ഒരു ഗണം ക്രൈസ്തവർ അവരുടെ—പൊർത്തുഗീസുകാരുടെ—കീഴ ഈ അവകാശം നിർബാധം അനുഭവിച്ചുപോന്നിരുന്നു. അങ്ങനെ അനുഭവിച്ചുപോന്ന ജനതതിതന്നെയാണു ഡച്ചുകാർ കൊച്ചി പിടിച്ച അവസരത്തിൽ അവരോടുഭിന്നിക്കയും പിന്നീടു രാജിയാവുകയും ചെയ്തതെന്നു അന്നത്തെ സംഭവംകൊണ്ടു, പൊർത്തുഗൾരാജാവിനെ ഉപേക്ഷിക്കണമെന്നു ഡച്ചുകാർ ഈ ജനതതിയോടാവശ്യപ്പെട്ടതിൽനിന്നും മനസ്സിലാക്കാം.

ഇന്നു് "എഴുന്നൂററിക്കാർ" എന്നു പറയുന്നതു ഡച്ചുകാരുടെ പ്രവേശനാവസരത്തിൽ ഭിന്നിക്കയും രാജിയാവുകയും ചെയ്തവരും കൊച്ചി കൊടുങ്ങല്ലൂർ ഭാഗങ്ങളിലും അവയുടെ പരിസരങ്ങളിലുമായിഅന്നുണ്ടായിരുന്നപള്ളികളിൽ ചേർന്നിരുന്നവരും പ്രസ്തുത പള്ളികളിൽനിന്നു പിരിഞ്ഞിട്ടുള്ളവരുമായ ജനവിഭാഗത്തെയാണു്. ഡച്ചുകാരുടെ പ്രവേശനാവസരത്തിൽ അവർ ആവശ്യപ്പെട്ട

കാൎയ്യവും ഈ ജനത്തിന്നു പൂൎവ്വകാലം മുതൽക്കുണ്ടായിരുന്ന സ്വതന്ത്രനില സൈന്യസേവനം എന്നിവയും പൊൎത്തുഗീസുകാരിൽനിന്നു ലഭിച്ചു പരമ്പരയാ തുടൎന്നുപോന്ന സൈനികോദ്യോഗങ്ങളും നിലനിന്നിരുന്നതു ഈ "എഴുന്നൂററിക്കാരി"ലത്രെ എന്നിതാണ് അതിലേയ്ക്കുള്ള തെളിവു. "പൊൎത്തുഗൽ രാജാവിൻെറ ഭൗതികാധികാരവും അദ്ദേഹത്തിൻെറ കീഴുള്ള മെത്രാന്മാരുടെ ആത്മികാധികാരവും ത്യജിക്കുക." പട്ടണത്തെ സംരക്ഷിക്കുക, ഡച്ചുകാർ ആവശ്യപ്പെട്ടപ്പോൾ ആയുധം ധരിച്ചു യുദ്ധത്തിന്നു പോവുക എന്നിങ്ങനെയുള്ളവ ചെയ്തുകൊള്ളാം എന്നൊക്കെ ജനങ്ങളുടെപേൎക്കു പാരക്രൂസുമാർ സത്യം ചെയ്യുന്ന പതിവു ഈ "എഴുന്നൂററിക്കാരി"ൽ നിലനിന്നിരുന്നു. (78-ം 79-ം പുറങ്ങൾ നോക്കുക) ഇതുകൊണ്ടു ഡച്ചുകമ്പനിയുടെ വേലക്കായി കൊച്ചിരാജാവു ഒഴിഞ്ഞുകൊടുത്തതും "ഏഴുപുറം പരിഷ" എന്നു പറയുന്നതും ഈ എഴുന്നൂററിക്കാരുടെ പൂൎവ്വന്മാരെയല്ലായെന്നു സ്പഷ്ടമാകുന്നുണ്ടു.

ഇന്നു എഴുന്നൂററിക്കാർ എന്നു പറയുന്നവരുടെ പൂൎവ്വന്മാരെ, പലേ പള്ളികളിൽ ചേൎന്നു കൊച്ചീ കൊടുങ്ങല്ലൂർ ഭാഗങ്ങളിൽ വസിച്ചിരുന്നവരെ അന്നു ഡച്ചുകാരുടെ വേലയ്ക്കായിഒഴിഞ്ഞുകൊടുത്തു എന്നു പറഞ്ഞാൽ അതു സാമാന്യബുദ്ധിക്കുതന്നെയും യുക്തിയുക്തമായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ ഇവർ സ്വതന്ത്രരായിരുന്നു. കൊച്ചീരാജാവിൻെറ അധീനത്തിൽപ്പെട്ടവരല്ലായിരുന്നു. ഇങ്ങനെ സ്വന്തം അധീനത്തിൽപ്പെടാത്തവരെ ഒഴിഞ്ഞുകൊടുക്കാൻ കൊച്ചീരാജാവിന്നു അന്നു സാധിക്കുന്നതെങ്ങിനെ? മാത്രമല്ലാ പറങ്കിയുടെ വേലക്കാരായിരുന്ന അടിമകളെയാണ് അന്നു ഒഴിഞ്ഞുകൊടുത്തതെന്നു സ്പഷ്ടമായി പറയുന്നുണ്ടു. ഇതുവരെ പള്ളികളിൽ ചേൎന്നിരുന്നവരും എത്രയോ

ഔന്നത്യാവസ്ഥയിൽ ഇരുന്നവരും പറങ്കിയുടെ വേല ക്കാരും അടിമകളുമായിരുന്നോ? വിശേഷിച്ചും ഡച്ചു കാർക്കു അന്നു ഒഴിഞ്ഞുകൊടുത്തവരോടു ഒരു പുഷാ ന്തരം ചോദിക്കരുത്, എന്നുകൂടെ പറയുന്നുണ്ട്. മുകളിൽ പറഞ്ഞ ജനം യുദ്ധത്തിന്നും കാവലിന്നുമുള്ള പ്രതിഫല മായി ജന്മവസ്തുക്കൾ അനുഭവിച്ചിരുന്നവരാണല്ലോ. ജ ന്മക്കാരോടു പുരുഷാന്തരം ചോദിക്കുക പതിവില്ലായിരു ന്നു. (റവ. എച്ച് ഗുണ്ടർട്ട് Pg. 679) ഈ പറയുന്ന ജന തതിയായിരുന്നു അതെങ്കിൽ ഇങ്ങനെ പുരുഷാന്തര ത്തിൽനിന്നു പ്രത്യേകാൽ ഒഴിവാക്കേണ്ടതുമില്ലായിരുന്നു വല്ലോ.

ഡച്ചുകാർക്കു അന്നു ഒഴിഞ്ഞു കൊടുത്ത ജനവിഭാ ഗത്തിന്റെ അനന്തരസ്ഥിതി എങ്ങനെ? എന്നുള്ള ഒരു ചോദ്യമാണ് ഇനി ശേഷിക്കുക. അവർ ഒരു പ്രത്യേക ജനവിഭാഗമായിനിന്നിരുന്നു. "ഇരുന്തുററുകാർ" എന്നാ യിരുന്നു ആ ജനവിഭാഗത്തിനുണ്ടായിരുന്ന നാമം എന്നു കാണുന്നുണ്ട്. (റവ. എച്ച്. ഗുണ്ടർട്ട് 110)

വേറെയും ചില കാര്യങ്ങളിൽ അഭിപ്രായവ്യത്യാ സമുണ്ടു എന്നു ചിലർ പറയുന്നുണ്ട്. എന്തെല്ലാം കാര്യ ങ്ങളിലാണു അഭിപ്രായവ്യത്യാസം, അവരുടെ അഭിപ്രാ യവ്യത്യാസത്തിനുള്ള അടിസ്ഥാനം എന്തു് എന്നിവ അ റിയാതെ അതിനെപ്പററി ഒന്നും പറയാൻ നിവൃത്തിയി ല്ല.

ഇവിടങ്ങളിലുള്ള ക്രൈസ്തവ ജനവിഭാഗങ്ങളിൽ ഓരോന്നിന്റെയും പൂർവ്വസ്ഥിതികൾ കാണിക്കുന്ന പലല ക്ഷ്യങ്ങളും റവ. ഫാദർ ലൂയിസവർകൾ ശേഖരിച്ചിട്ടുള്ള ഗ്രന്ഥങ്ങളിലും മററുമുണ്ട്. "കൊടുങ്ങല്ലൂർ കട്ടളൈ" എ ന്ന പേരിൽ അറിയപ്പെട്ടുന്നതും സത്യനാദകാഹളത്തിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിവന്നതുമായ പുരാതന ക യ്യെഴുത്തു ഗ്രന്ഥം — കൊടുങ്ങല്ലൂർ അതിരൂപതയിൽ

പ്പെട്ടവർക്കായി ഫ്റാൻസീസ് റോസ് മെത്രാൻ 1606-ൽ കൊടുത്ത നിയമസംഹിത — ഡച്ചുകാരുടെ ഭരണകാലത്തെ ചില വിവരണങ്ങൾ, സീയ്യൻ റീത്തുകാരിൽ ചിലരുടെ ചില പ്രസിദ്ധീകരണങ്ങൾ, സീയ്യൻ റീത്തുകാരായ ചില വന്ദ്യവൈദികരുടെ കത്തുകൾ മുതലായവ അങ്ങനെയുള്ളവയിൽ പ്രാധാന്യത്തെ അർഹിക്കുന്നവയാണ്. അവകൂടെ കണ്ടാൽ അത്രയധികം കാര്യങ്ങളിൽ അഭിപ്രായവ്യത്യാസം വരുമെന്നു തോന്നുന്നില്ല. ഇതര സമുദായങ്ങളെ സ്പർശിക്കുന്നതും വിസ്മൃതിയിൽപ്പെട്ടു പുതഞ്ഞുകിടക്കുന്നതുമായ കാര്യങ്ങൾ പുറത്തുകൊണ്ടുവരുന്നതിലുള്ള വൈമനസ്യംകൊണ്ടാണു അവയെപ്പററി മൗനം ദീക്ഷിക്കുന്നതു്.

# അനുബന്ധം II

കേരളത്തിലെ കത്തോലിക്കർ തമ്മിൽ നടത്തിവന്നിരുന്ന വാദപ്രതിവാദങ്ങൾ അവസാനിച്ച്, അവരിൽ ഐക്യം ബലപ്പെടുക എന്നതു ഈ ഗ്രന്ഥത്തിന്റെ പ്രത്യേക ഉദ്ദേശ്യങ്ങളിൽ ഒന്നാണല്ലോ. ശരിയായ ചരിത്രവിവരങ്ങൾ പുറത്തു വരാതെ വാദപ്രതിവാദങ്ങൾ അവസാനിക്കയില്ല. വാദപ്രതിവാദങ്ങൾ അവസാനിക്കാതെ ഐക്യം നിലനിറുത്തുവാനും സാധിക്കയില്ല എന്നാണ അനുഭവം പഠിപ്പിച്ചിട്ടുള്ളതു്.

കേരളകത്തോലിക്കരുടെ യഥാർത്ഥ സ്ഥിതി വെളിവാക്കുന്ന ചരിത്രങ്ങൾ ഉണ്ടു് എന്നതു അനിഷേധ്യമായ സംഗതിയാണ. എങ്കിലും അനന്തരകാലങ്ങളിൽ ഉണ്ടായ അഭ്യൂഹങ്ങൾ, തെററിദ്ധാരണകൾ, പക്ഷപാതമനഃസ്ഥിതി മുതലായവ നിമിത്തം പലേ കുഴപ്പങ്ങളും പടലപിണക്കങ്ങളും വന്നുവശായതിന്നും പുറമെ യഥാർത്ഥചരിത്രങ്ങളിൽ പലതും മറഞ്ഞുപോകക്കൂടെയുണ്ടായിട്ടുണ്ടു്. ഇതിനാൽ പൂർവ്വരേഖകളെ ആസ്പദമാക്കി അന്വേഷണം നടത്തുകയേ നിവൃത്തിയുള്ളൂ എന്നു കണ്ടു അങ്ങനെ ചെയ്കയും ഒരു ശൃംഖലയുടെ കണ്ണികൾ എന്നോണം അവയോടു യോജിക്കുന്നതായിക്കണ്ട ലക്ഷ്യങ്ങൾ ചേർക്കയും ചെയ്താണ കേരളത്തിലെ ലത്തീൻ കത്തോലിക്കരെ സംബന്ധിക്കുന്ന ഈ ഗ്രന്ഥം രചിച്ചിട്ടുള്ളതു്. അത്രയുമല്ലാ ഇതു മുദ്രണം ചെയ്തശേഷം ചരിത്രകാരന്മാരിൽ പലർക്കും അയച്ചുകൊടുക്കയുമുണ്ടായി. ഇതിലെ ചില കാര്യങ്ങൾ തെററാണ, പൂർവ്വരേഖയ്ക്കു വിരുദ്ധമാണു്, എ

ന്നു ഒന്നുരണ്ടുപേർ സദയം ഞങ്ങൾക്കെഴുതിയിരുന്നതു സാദരം സ്വീകരിക്കയും ഞങ്ങൾ കാണിച്ചിട്ടുള്ളതു ചരിത്രദൃഷ്ട്യാ സാധുവാണെന്നു തെളിയിച്ചു അവർക്കെഴുതി അയക്കയും ചെയ്തു. ഇതുപോലെയുള്ള സംശയം മററാളുകൾക്കും ഉണ്ടായേക്കുമെന്നു കണ്ടു പ്രസ്തുത ചരിത്രപടുക്കളുടെ അഭിപ്രായങ്ങളുടെ സാരവും അതിന്നുള്ള സമാധാനവും അനുബന്ധമായി ഞങ്ങൾ ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുമുണ്ട്.

ഇങ്ങനെ എല്ലാം ചെയ്തു ഈ പുസ്തകം പുറത്തു വിടാറായപ്പോൾ The Syrian Church of Malabar "കേരളത്തിലെ സുറിയാനി സഭാ" എന്ന പേരിൽ ഒരു ഇംഗ്ലീഷ് ഗ്രന്ഥം റവ. ഡോക്ടർ പ്ലാസിഡ് ടി. ഒ. സി. ഡി, മിസ്റ്റർ കെ. ഈ. ജോബ് എം. എ. എൽ. ടി. എന്നിവർകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി കേട്ടു.

ലത്തീൻകത്തോലിക്കരേപ്പററി വിവരിക്കുന്ന ഈ ഗ്രന്ഥം ഞങ്ങൾ റവ. ഡോക്ടർ പ്ലാസിഡ് അവർകൾക്കു അയച്ചുകൊടുക്കയും, അതിൽ പൂർവ്വരേഖയ്ക്കു വിരുദ്ധമെന്നു അദ്ദേഹം ഞങ്ങളെ അറിയിച്ചതിന്റെ വാസ്തവസ്ഥിതി അദ്ദേഹം വിചാരിക്കുന്നവിധത്തിലല്ലാ എന്നു ഞങ്ങൾ മറുപടി അയക്കയും ചെയ്തിരുന്നതിനാൽ പ്രസ്തുത ഗ്രന്ഥം കാണേണ്ട ആവശ്യമില്ലാ എന്നാണു ഞങ്ങൾ വിചാരിച്ചിരുന്നതു.

എന്നാൽ ഈയിടെ യാദൃച്ഛികമായി ആ ഗ്രന്ഥം വായിക്കാൻ ഇടയായി. ഞങ്ങളുടെ അറിവിന്നും പ്രതീക്ഷയ്ക്കും എതിരായി ലത്തീൻ കത്തോലിക്കരേപ്പററിയും അതിൽ പലതും പ്രസ്താവിച്ചിരിക്കുന്നതായിട്ടാണു കാണുന്നതു. മാത്രമല്ലാ, ഞങ്ങൾ എഴുതി അയച്ചിരുന്ന വിവരങ്ങൾ സമ്മതിച്ചിട്ടുള്ളതായും കാണുന്നില്ല. അതിനാൽ ആ ഗ്രന്ഥത്തിലെ പ്രസ്താവനകളേപ്പററിയും അല്പം പറയേണ്ടതായി വന്നിരിക്കുന്നു. (ടി. ഗ്രന്ഥത്തേപ്പററി

"മദ്രാസ് മെയിൽ" 1938 സെപ്ററമ്പർ 17-ൽ പ്രസിദ്ധപ്പെടുത്തിയിരുന്ന നിരൂപണവും വായിച്ചു.)

ടി. ഗ്രന്ഥത്തിൻെറ 26-ാം പുറത്തു പറയുന്നു:...... "പൊത്തുഗീസുകാർ സുറിയാനിക്കുട്ടികളെ ജ്ഞാനസ്നാനപ്പെടുത്തുവാനും ലത്തീൻകാരാക്കുവാനും ശ്രമിച്ചു...... പൊത്തുഗീസുകാരെ സമീപിച്ച സുറിയാനിക്കാർ റീത്തുമാറുവാൻ നിർബന്ധിതരായപ്പോശ മലകളിലേക്കു ഓടിപ്പോയി"......

സുറിയാനിക്കുട്ടികളേയല്ലാ പ്രായംചെന്നവരേയാണു ജ്ഞാനസ്നാനപ്പെടുത്തിയിരുന്നതു. അന്നത്തെ ക്രൈസ്തവരുടെ സ്ഥിതി ഞങ്ങശ ചരിത്രരേഖകളോടുകൂടെ കാണിച്ചിട്ടുണ്ട്. (അ 2. പു. 9. നോക്കുക.) ചരിത്രകാരന്മാർ വിവരിച്ചിരിക്കുന്നതു അതിശയോക്തിയൊ അതിവർണ്ണനമൊ ഒന്നുമല്ല എന്നു പിൽക്കാലങ്ങളിലെ സ്ഥിതികൊണ്ടു മനസ്സിലാക്കാം. കൊടുങ്ങല്ലൂർമെത്രാപ്പോലീത്താ മഹാ വന്ദ്യ ദിവ്യശ്രീ ഡോക്ടർ ഫ്റാൻസീസ് റോസ് എന്ന ദേഹം സുറിയാനിക്കാർക്കായി 1606 ഇടവത്തിൽ (മേയ്) നിർമ്മിച്ച നിയമസംഹിതയിൽ പറയുന്നു: "നമ്മുടെ ഈ എടവകയിലെ...നസ്രാണികളിൽ ചിലർ കുടികളിൽ ഇരിക്കുന്നവർ ഒട്ടേറെയും (മാമ്മോദീസാ) മുങ്ങീട്ടില്ലെന്നു വരും......ഇതിനേക്കൊണ്ടു മുങ്ങിയൊ ഇല്ലയൊ എന്നതുമ്മൽ സംശയമുള്ളവർ ചങ്കകൂടാതെ വികാരിമാരോടു എങ്കിലും മററ പട്ടക്കാരരോടു എങ്കിലും തങ്ങടെ സംകടം പറഞ്ഞുകൊള്ളണം. അടക്കത്തിൽ (മാമ്മോദീസാ) മുങ്ങുകയും വേണം......"

"വിശേഷാൽ വയസ്സുകാലമുള്ളവരെ കുമ്പസ്സാരിപ്പിക്കുംപോശ ഏതു പ്രകാരത്തിൽ (മാമ്മോദീസാ) മുങ്ങി എന്നും ഏതു കാലത്തെന്നും ആരുടെ കയ്യാൽ എന്നും വേണ്ടുവോളം തെരഞ്ഞു ചോദിച്ച സംശയമുള്ളവരെ അടക്കത്തിൽ സംശയം തീത്തു മുക്കിയെക്കണം." (ടി. നി

യമസംഹിത. രണ്ടാം സെപ്രാ. മൂന്നാം നാഥാ.)

പൊൎത്തുഗീസുകാരുടെ ഒരു ശതവർഷത്തെ പരിശ്രമങ്ങൾ കഴിഞ്ഞതിന്റെശേഷമുള്ള സ്ഥിതി ഇതാണെങ്കിൽ അതിന്നുമുമ്പിലത്തെ സ്ഥിതി എന്തായിരുന്നു എന്നു ഊഹിക്കാൻ പ്രയാസമില്ല. ഈ സ്ഥിതിയിൽ അവരുടെ അന്നത്തെ മേലദ്ധ്യക്ഷനോടു കൂടുതൽ അടുപ്പവും അനുസരണവുമുണ്ടായിരുന്നവർ അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചു പൊൎത്തുഗീസുവൈദികരിൽനിന്നു ജ്ഞാനസ്നാനം സ്വീകരിക്കയും പ്രസ്തുത മെത്രാന്റെ ആഗ്രഹത്തിന്നു തക്കവിധം ലത്തീൻകാരാകയും-പൊൎത്തുഗീസുകാർ സ്ഥാപിച്ച പള്ളികളിൽ ചേരുകയും—ചെയ്യുക എന്നിതു സംഭാവ്യമല്ലേ? "മലകളിലേക്കു ഓടിപ്പോയ"തായി "ഒരിയേന്തെ കൊങ്കിസ്താദൊ" എന്ന ഗ്രന്ഥം രണ്ടാംഭാഗ 71-ാംപുറത്തു പറഞ്ഞിട്ടുണ്ടു എന്നാണു കാണിച്ചിരിക്കുന്നതു.

കൊച്ചീക്കു പുറമെയുള്ള ചില സ്ഥലങ്ങളിൽ പൊൎത്തുഗീസുകാൎക്കു അധികാരം കിട്ടിയശേഷം ആരംഭത്തിൽ നടന്ന ചില സംഭവങ്ങൾ അവിടെ വിവരിച്ചിട്ടുള്ളതു ഞങ്ങളും കണ്ടിട്ടുണ്ടു്. മലകളിലേക്കു ഓടിപ്പോയി എന്നു അവിടെ പറഞ്ഞുകാണുന്നില്ല അക്കാൎയ്യം എങ്ങനെയുമാകട്ടെ. കൊച്ചീ വിട്ടുള്ള ഭാഗങ്ങളിലെ ശരിയായ വിവരങ്ങൾ ഇനിയും വെളിക്കു വരേണ്ടതായിട്ടാണിരിക്കുന്നതു. കൊച്ചിയിലെ സ്ഥിതി അങ്ങനെയല്ലായിരുന്നു എന്നു ഞങ്ങൾ രേഖാമൂലം കാണിച്ചിട്ടുണ്ടല്ലോ.

വീണ്ടും പറയുന്നു: "സുറിയാനിക്കാരിൽ ചിലർ പൊൎത്തുഗീസുകാരുടെ നിർബന്ധങ്ങൾക്കു വഴിപ്പെട്ടിട്ടുണ്ടാകുമെന്നും മാർ യാക്കോബു അവർക്കു ഒത്താശ നിന്നെന്നും കരുതേണ്ടതാണു്. അങ്ങനെ വല്ലവരും ചേൎന്നിട്ടുണ്ടെങ്കിൽത്തന്നെ സംഖ്യാബലമുള്ള ലത്തീൻ സമുദായത്തിൽ ലയിച്ചുപോകയും കൊച്ചീരൂപത സ്ഥാപിക്കുന്ന

തുവരെ ഗോവമെത്രാൻെറ കീഴ ഇരിക്കേണ്ടിവരുകയും, യാഥാസ്ഥിതികന്മാരായ സുറിയാനിക്കാരാൽ വെറുപ്പോടെ പുച്ഛരിക്കപ്പെടുകയും ചെയ്തുവന്നു....

ഒരു പ്രസിദ്ധ പണ്ഡിതനായ റവ. ജോർജ്ജ് സ്കർമ്മർ എസ്. ജെ. ഈയിടെ കണ്ടുകിട്ടിയ ചില രേഖകളും ആ രേഖകൾ ആധാരമാക്കി മററു ചരിത്രങ്ങൾ പരിശോധിച്ചുകിട്ടിയ തെളിവുകളും ആസ്പദമാക്കി എഴുതിയിട്ടുള്ളതും റവ. ഡാക്ടർ പ്ലാസിഡ് അവർകൾതന്നെ 1934-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ വിവരങ്ങൾക്കും മററു രേഖകൾക്കും കടക വിരുദ്ധമാണ് അദ്ദേഹം ഇപ്പോൾ പറയുന്നത്. റവ. ജോർജ്ജ് സ്കർമ്മർ ഇതര കാര്യങ്ങളെപ്പററി പ്രതിപാദിക്കുന്ന ക്രുട്ടത്തിൽ പറയുന്നതു നോക്കുക:

"Nam probant eum (Episcopum Jacobum) a primo momento, quo in Indiam venit, usque ad mortem semper cum Catholicis in sacris communicasse, Domincanos, Franciscanos et sacerdotes saeculares lusitanos apud christianos suos syro-malabaricos introduxisse eosque tum ad sacramenta administranda, tum ad docendos christianos adhibuisse, christianorum filios eis educandos dedisse, immo multos Syro-Malabares ad acceptandum ritum latinum et mores Ecclesiae Romanae adduxisse hocque suo exemplo ipso in fine vitae ritui Romano sese adaptando alios docuisse, quae omnia etiam, testimonio S. Francisci Xaverii aliorumque testium ejus temporis confirmantur."

"മാർ അബൂനാ യാക്കോബ് ഇന്ത്യയിൽ വന്ന പ്രഥമ ക്ഷണം മുതൽ മരണംവരെ എപ്പോഴും കത്തോലിക്കരുമായി ദിവ്യകർമ്മങ്ങളിൽ അന്യോന്യസമ്പർക്കം നടത്തിയിരുന്നു എന്നും, ദോമിനിക്കൻസിനേയും, ഫ്റാൻ

സീസ്സൻസിനേയും പൊർത്തുഗീസുകാരായ അൽമായ വൈദികരേയും തന്റെ സീറൊ മലബാറിയൻ ക്രിസ്ത്യാനികളുമായി പരിചയപ്പെടുത്തിയെന്നും അവരെ കൂദാശകൾ നൽകുന്നതിന്നും ക്രിസ്ത്യാനികളെ പഠിപ്പിക്കുന്നതിന്നുമായി ഉപയോഗിച്ചുവെന്നും, എന്നല്ലാ അനേകം സീറൊ മലബാറിയൻസിനെ ലത്തീൻ റീത്തും റോമാസഭയുടെ ആചാരങ്ങളും സ്വീകരിക്കുന്നതിന്ന പ്രേരിപ്പിച്ചുവെന്നും ഇതു തന്റെ അന്ത്യത്തിൽ തന്നെത്തന്നെ റോമൻ റീത്തിന്ന അനുയോജ്യമാക്കിക്കൊണ്ട്, ഇതരന്മാരെ പഠിപ്പിച്ചുവെന്നും ഇവ തെളിയിക്കുകയും, ഇവയെല്ലാം വിശുദ്ധ ഫ്റാൻസീസ് സേവ്യറിന്റേയും അക്കാലത്തെ മററു സാക്ഷികളുടെയും സാക്ഷ്യംകൊണ്ടു സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു." (The Malabar Church and Rome P. 1.)

പ്രസ്തുത ഗ്രന്ഥത്തിന്റെ മററു ഭാഗങ്ങളിൽ പറഞ്ഞിട്ടുള്ളവ ഞങ്ങൾ ഈ ഗ്രന്ഥത്തിൽ കാണിച്ചിട്ടുണ്ടല്ലൊ. (അദ്ധ്യായം 5- 53 മുതൽ 57 വരെയുള്ള പുറങ്ങൾ നോക്കുക)

വായനക്കാർ ഇവിടെ ഒന്നുകൂടി ആലോചിക്കുക. ഒരു ഗണം ക്രൈസ്തവർ ലത്തീൻ റീത്തിലേയ്ക്കു ചേർന്നുവെന്നു അങ്കമാലിയിലെ റോസ് മെത്രാനിൽനിന്നു അറിയുന്നുവെന്നു റവ. ജോർജ്ജ് സ്റ്റർമ്മർ ചരിത്രരേഖകളോടുകൂടെ പറയുന്നുണ്ട്. സുറിയാനി റീത്തു ശോഷിച്ചു പോകത്തക്കവിധം ആ റീത്തുകാർ ലത്തീൻ റീത്തിലേയ്ക്കു ചേർന്നിട്ടുണ്ട് എന്നു സിറിയൻ റീത്തിലെ വന്ദ്യവൈദികർ ഒന്നുചേർന്നു പരിശുദ്ധ പിതാവിനോടും കർദ്ദിനാൾമാരോടും സങ്കടം പറഞ്ഞിട്ടുണ്ട്.

പലേ പള്ളികളേയും അവയിലെ ജനങ്ങളേയും ലത്തീൻ റീത്തിലേയ്ക്കു ചേർത്തിട്ടുണ്ടു എന്നു സിറിയൻ റീതിക്കാരായ ചരിത്രകാരന്മാർ ഇതര കാര്യങ്ങളെപ്പററി

പറയുമ്പോൾ പ്രസ്താവിച്ചിട്ടുണ്ട്.

മതസ്വാതന്ത്ര്യം ലഭിക്കുന്നതിന്നുമുമ്പു കൊച്ചിയിൽ ലത്തീൻ രീതിക്കാരായ ക്രൈസ്തവരുണ്ടായിരുന്നു. അവർ തോമാക്രിസ്ത്യാനികളായിരുന്നു. ലത്തീൻ പഠനത്തിനായി വളരെ വിദ്യാർത്ഥികൾ ചേർന്നിരുന്നു. വിദ്യാലയങ്ങൾ, ദേവാലയങ്ങൾ, കൊവേന്ത മുതലായവയുണ്ടായിരുന്നു. ഇവയെല്ലാം ആലോചിച്ചാൽ ആ ക്രൈസ്തവരുടെ സംഖ്യ ചുരുക്കമല്ലായിരുന്നു എന്നു പ്രത്യക്ഷപ്പെടുന്നു. ഇങ്ങനെയൊക്കെയായിരിക്കെ "ചുരുക്കം ചിലർ" എന്നു ഇപ്പോൾ പറയുന്നതു എങ്ങനെ ശരിയാകും? അതു ശരിയാകണമെങ്കിൽ അബൂനായാക്കോബു മെത്രാന്റെ കത്തിലുള്ള വിവരം; അങ്കമാലിയിലെ റോസ് മെത്രാനിൽനിന്നുള്ള അറിവു; റവ. ജോർജ്ജ് സ്കർമ്മർ ചരിത്രപരിശോധന നടത്തിക്കൊണ്ടു പറഞ്ഞിട്ടുള്ളതു; സുറിയാനി റീത്തുകാരായ വൈദികർ ഒന്നുചേർന്നു പരിശുദ്ധപിതാവിന്നും കർദ്ദിനാൾമാർക്കും സമർപ്പിച്ച ചെറുഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതു്; പ്രസ്തുത റീത്തിൽപ്പെട്ടവർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചരിത്രങ്ങൾ എന്നിവയെല്ലാം കള്ളമാണെന്നുതന്നെ വരണം. അങ്ങനെവരാവുന്നതാണോ എന്നു അനുവാചകന്മാർതന്നെ വിധിക്കേണ്ടതാണ്.

അങ്ങനെതന്നെ ചുരുക്കം ചിലരും അപ്രധാനന്മാരും ആയിരുന്നു, അവർ ഇതരന്മാരിൽ ലയിച്ചുപോയി എന്നായിരുന്നെങ്കിൽ അവരുടെ പൂർവ്വസ്വാതന്ത്ര്യങ്ങൾ, ആചാരമര്യാദകൾ മുതലായവ നില നിറുത്തിപ്പോരുവാനും സാധിക്കുമായിരുന്നോ എന്നിതും ചിന്തിക്കേണ്ടതാണ്. അതു സാധിച്ചിട്ടുണ്ടു എന്നു കാണുന്നതും ലത്തീൻ റീത്തിലേയ്ക്കു ചേർന്നവർ പ്രാധാന്യതയും സംഖ്യാബലവുമുള്ളവരായിരുന്നു എന്നു സ്പഷ്ടമാക്കുന്നുണ്ട്.

പുതിയ കൃതിയിൽ.........വീണ്ടും പറയുന്നു: യാഥാസ്ഥിതികന്മാരായ സുറിയാനിക്കാരുടെ ദൃഷ്ടിയിൽ റീത്തുമാററം ഒട്ടും സ്തുത്യർഹമായിരുന്നില്ലെന്നു തന്നെയല്ല അവരുടെ ഉയർന്ന ശ്രേഷ്ഠതയ്ക്കു അപഹാസ്യവുമായിരുന്നു. കേരളത്തിലെ സുറിയാനിക്കാർ "തങ്ങൾ സുറിയാനിക്കാരും സെയിൻറു തോമാ ക്രിസ്ത്യാനികളുമാകുന്നു എന്നതിൽ അതിരററു അഭിമാനിക്കുന്നവരാണു എന്നുള്ളത് ഇവിടെ സമ്മതിച്ചുകൊള്ളുന്നു. ഇതിനാലാണ് നവീന ക്രൈസ്തവരോടും, ലത്തീൻ റീത്തിലുള്ളവരോടും അവർക്കു വിവേകശൂന്യവും ഭോഷത്വവും ആയ വെറുപ്പുണ്ടായിട്ടുള്ളത്. അതിനാൽത്തന്നെയാണ് കേരളത്തിലെ ചില ലത്തീൻകാർക്കു, ലത്തീൻ സമ്മർദ്ദംമൂലം ലത്തീൻറീത്തു സ്വീകരിച്ചവരായ സുറിയാനിക്കാരുടെ പിൻഗാമികളാണു തങ്ങൾ എന്നു കാണപ്പെട്ടുവാൻ ഒരു മാതിരി 'ഭ്രമ'മുള്ളത്. (The Syrian Church of Malabar P. 54.)

ലത്തീൻ റീത്തിൽ ചേർന്നവർ പ്രാധാന്യമുള്ളവരും. വലിയ സ്ഥാനമാനങ്ങൾ പ്രാപിച്ചവരുമായിരുന്നിട്ടും ഹിന്തുക്കളിൽനിന്നു ക്രീസ്തുമതത്തിൽ ചേർന്നിരുന്നവരോടു വലിയ ഔദാര്യവും സമഭാവനയും പ്രദർശിപ്പിച്ചാണു പോന്നതു. (അ. 8-111. അ 14, 174 എന്നീഭാഗങ്ങൾ നോക്കുക.) ഇപ്പോൾ പ്രദർശിപ്പിച്ചുവരുന്നുമുണ്ടു. സുറിയാനി റീത്തിലുള്ളവരും ലത്തീൻ റീത്തിലുള്ളവരും തമ്മിലുള്ള വർത്തനത്തെപ്പററി പറയുകയാണെങ്കിൽ അവരുടെ സ്ഥിതിഗതികൾ ഇന്നു പലരും വിചാരിക്കുന്നതുപോലെയും ഇന്നത്തെ ദർശനകോണിൽനിന്ന് നോക്കിയിട്ടു കാണുന്നതായി തോന്നുന്നതുപോലെയുമല്ലായിരുന്നു എന്നു ചുരുക്കി പറഞ്ഞുകൊള്ളട്ടെ.

ലത്തീൻ റീത്തിലേയ്ക്കു ചേർന്നവർ, തങ്ങൾക്കു പൊർത്തുഗീസു വൈദികരുടേയും അവരാൽ പരിശീലി

പ്പിക്കപ്പെട്ട ഏതദ്ദേശ്യ വൈദികരുടേയും ശിക്ഷണവും നിയന്ത്രണവും വഴിയായി ലഭിച്ച ആദ്ധ്യാത്മിക ഉയർച്ചകണ്ടു തങ്ങളുടെ സഹോദരങ്ങളായ സുറിയാനിറീത്തുകാരെയും അതിന്നു ഭാഗഭാക്കുകളാക്കാൻ ആഗ്രഹിച്ചിരുന്നു. ആദ്യകാലങ്ങളിൽ അതിന്നായി ഭഗീരഥ പരിശ്രമവും ചെയ്തിരുന്നു. എങ്കിലും അങ്കമാലി, മുളന്തുരുത്തി, കടുത്തുരുത്തി മുതലായ സ്ഥലങ്ങളിൽ ഉണ്ടായ ചില അനിഷ്ട സംഭവങ്ങൾ നിമിത്തം ക്രമേണ അകന്നുപോകയാണു ചെയ്തതു്. ഈ അകൽചയും അനന്തരകാലങ്ങളിൽ സുറിയാനി രീതിക്കാരിൽ ഒന്നിനുശേഷമൊന്നായി ഉണ്ടായിക്കൊണ്ടിരുന്ന സംഭവങ്ങളും നിമിത്തം മുകളിൽ പറഞ്ഞ മനഃസ്ഥിതി ലത്തീൻ റീത്തിൽ പെട്ടവരിൽ വന്നു വശായിപ്പോയി. ഇതിൻെറ ചില ലക്ഷ്യങ്ങൾ "ക. ദി. മൂ സഭയുടെ സ്ഥാപക പിതാക്കന്മാർ" എന്ന ചെറുഗ്രന്ഥത്തിൽ തന്നെയും കാണാം. വേറെയും പലതുണ്ടു്. അവ തല്ക്കാലം എടുത്തു കാണിക്കുന്നില്ല. സമുദായങ്ങൾ തമ്മിൽ സ്ഥായിയായ സമാധാനവും ഐക്യവും ഉണ്ടാകണമെന്നു ഞങ്ങൾക്കു അതീവതാല്പര്യമുള്ളതിനാലാണു ഈ ദുരുദ്ദേശമില്ലാത്തതു. കേരളകത്തോലിക്കർ തമ്മിലുള്ള ഐക്യത്തിന്നു വിഘ്നമാകത്തക്കവെമേലിലെങ്കിലും ഉണ്ടാകാതിരിക്കട്ടെ എന്നാണു ഞങ്ങളുടെ അഭ്യർത്ഥന.

ലത്തീൻകാർ ഇപ്പോൾ അവരുടെ ആവിർഭാവത്തിൻെറ വിവരം പറയുന്നതു ചരിത്രമുറയ്ക്കു സത്യപ്രകാശനം ആവശ്യമായിത്തീർന്നതുകൊണ്ടാണു്. വ്യാമോഹംകൊണ്ടും "ഭ്രമം" കൊണ്ടുമല്ല.

ലത്തീൻ റീത്തിൽപ്പെട്ടവരായ എഴുന്നൂററിക്കാർ 1663-ൽ ഡച്ചു കമ്പനിയുടെ വേലയ്ക്കായി ഒഴിഞ്ഞുകൊടുക്കപ്പെട്ടവരുടെ സന്തതിപരമ്പരകളാകുന്നു, എന്നു കാണിക്കുവാൻവേണ്ടി, ടി. അവസരത്തിൽ എഴുതി

യിട്ടുള്ള ഒരു ചെമ്പേടിലെ (Copper plate) വാചകങ്ങൾ മിസ്റ്റർ ടി. കെ. ജോസഫ്, ബി. എ. എൽ. ടി. കേരള സൊസൈററി പെയിപ്പറിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും പുതിയ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. (The Syrian Church of Malabar. page 25)

ഇന്നു "എഴുന്നൂററിക്കാർ" എന്നു പറയുന്നവരുടെ പൂർവ്വന്മാരെയല്ല അന്നു ഡച്ചു കമ്പനിക്ക് ഒഴിഞ്ഞുകൊടുത്തതെന്ന് മനസ്സിലാകത്തക്ക തെളിവുകൾ ഞങ്ങൾ 1-ാം അനുബന്ധത്തിൽ കാണിച്ചിട്ടുണ്ടല്ലൊ. ടി. വിവരങ്ങൾ മി: ജോസഫിനെയും ഞങ്ങൾ അറിയിച്ചു. അദ്ദേഹം ആദ്യം വിരോധം പറഞ്ഞുവെങ്കിലും രണ്ടാമതു കൂടുതൽ വിവരങ്ങൾ അറിയിച്ചശേഷം മറുപടി ഒന്നും അയക്കാതിരുന്നതിനാൽ, ഒരു ചരിത്രകാരന് അവശ്യാവശ്യമായ നിഷ്പക്ഷബുദ്ധിയോടും മഹാമനസ്കതയോടുംകൂടെ അദ്ദേഹം യഥാർത്ഥസ്ഥിതി സമ്മതിച്ചിട്ടുണ്ട് എന്നാണു ഞങ്ങൾ വിചാരിക്കുന്നതു്.

ഇനി വേറെ ചില കാര്യങ്ങൾകൂടെ വായനക്കാർ അറിയേണ്ടതുണ്ട്. ടി. പ്ലെയിററിലെ വാചകം തിരുവിതാംകൂർ ഗവമ്മെണ്ടുവക അർക്കിയോളജി സൂപ്രണ്ടായിരുന്ന മി: ഗോപിനാഥറാവു എം. എ വായിച്ചു 1910-ൽ തിരുവിതാംകൂർ ഗവമ്മെൻറിൻെറ ആജ്ഞാനുസരണം തമിഴ് അക്ഷരത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു. അതിൽ പറഞ്ഞിട്ടുള്ളതു് "ഏഴുപുറം പരിഷ" എന്നാണ്. "എഴുന്നൂററിപ്പരിഷ" എന്നല്ല.

കൊല്ലം 1089-ൽ മി. കെ. പി. പത്മനാഭമേനോൻ ബി. എ. ബി. എൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കൊച്ചീരാജ്യ ചരിത്രത്തിലും "കമ്പഞ്ഞി വേലക്കായി ഒഴിഞ്ഞുകൊടുത്തിരിക്കുന്ന ഏഴുപുറം പരിഷ" എന്നാണു പറഞ്ഞിരിക്കുന്നതു. (ടി ചരിത്രത്തിലേതു തഴിമിൻെറ തർജ്ജിമയാണെന്നു തോന്നുന്നില്ല. തമിഴിൽ സ്പഷ്ടമാ

യി പറയുന്ന ചില കാൎയ്യങ്ങൾ മി. മേനോൻ അസ്പഷ്ടമായും തമിഴിൽ അസ്പഷ്ടമായി പറയുന്ന ചില ഭാഗങ്ങൾ മേനോൻ സ്പഷ്ടമായും പറയുന്നുണ്ടു.

മി. ഗോപിനാഥ റാവു വട്ടെഴുത്തു പരിചയമുള്ളവനെന്ന് തിരുവിതാംകൂർ ഗവൎമ്മെണ്ടിനു ബോദ്ധ്യമില്ലാതെ, അദ്ദേഹത്തിന്റെ തൎജ്ജിമ സ്വീകരിക്കുവാനും പ്രസിദ്ധപ്പെടുത്തുവാൻ ഓർഡർ കൊടുക്കാനും ഇടയില്ലല്ലോ. നമുക്ക പ്ലേയിററിലെ വാചകങ്ങൾ ഒന്നുകൂടി പരിശോധിക്കാം

## പാലിയം ഒന്നാം പ്ലെയിറ്റ് ഒന്നാംവശം.

൧. അരുളിച്ചെയ്ക [*] നമ്മുടെ അനന്തരവര് മേല്പട്ട് ബഹുമാനപ്പെട്ട കുമ്പഞ്ഞി
൨. യേ വിശ്വസിച്ചു നമ്മുടെ സ്വരൂപത്തെ രക്ഷിച്ചുചെല്ലേണ്ടും പ്രകാരത്തിന്ന്
൩. അങ്ങോട്ടു മിങ്ങോട്ടും വിശ്വസിച്ചു ഒടമ്പടികൾ എഴുതി വച്ചിരിക്കുന്ന
൪. പ്രകാരത്തിനും മെല്പട്ട അനന്തരവര് നട [*] ക്കേണ്ടും പ്രകാരത്തിനും
൫. പുതുവയ്പു ൩൨൨-ാമതു മേടമാസം പഴയന്നൂര് ഭഗവതിയുടെ നടയിൽ കാഞ്ഞി
൬. ര [പൊ] ഴയാൽ തെക്കും [വടക്കും] ഒള്ള പ്രഭുക്കന്മാരും വേങ്ങനാട്ടു ഗ്രാമത്തിൽ
൭. സജ്ജനങ്ങളിൽ യാഴെപോം ആവണ നമ്പൂരിയേയും തിക്കിയായി(സാക്ഷിയായി)വച്ചും
൮. കൊണ്ടു എഴുതിവച്ചു വെപ്പു ആകുന്നതു (II *) നമ്മുടെ സ്വരൂപത്തിലേയ്ക്കു അഞ്ചു താവഴി
൯. യും തമ്മിൽ മത്സരംകൊണ്ടു അനേകം കൂട്ടം ആപത്തുകൾ ഉണ്ടായതി

## ഒന്നാം പ്ലെയിറ്റ് രണ്ടാം വശം.

൧൦. ന്റെ ദോഷം പറുങ്കിക്കൂട്ടു നമ്മുടെ ശത്രുക്കൾക്കു സഹായമായി ഇപ്പോൾ ന
൧൧. മ്മുടെ സ്വരൂപത്തിങ്കലേക്കു ഏറിയ അനത്ഥങ്ങൾ അനുഭവിച്ചാറെ നാം
൧൨. ബഹുമാനപ്പെട്ട ലന്തക്കുമ്പഞ്ഞിയെ വിശ്വസിച്ചുകൊണ്ടു
൧൩. പറുങ്കിയേയും കളഞ്ഞു ശത്രുക്കളേയും ഗോവയൊഴിച്ചു കൊച്ചിയിൽ അടിയാ
൧൪. യിട്ടു പറുങ്കി ഇട്ടിരുന്ന കോട്ടകളും ബഹുമാനപ്പെട്ട ലന്തക്കു
൧൫. മ്പഞ്ഞി കൈവശമാക്കി മേല്പട്ടു കുമ്പഞ്ഞിയും നാമുമായിട്ട് മേ

ഫന്ത. ല്പട്ട ചെല്ലേണ്ടും പ്രകാരത്തിന്ന പുതുവയ്പ്പ നവവ-ാമതു മീനമാസം ഫവ-ാംനു-
ഫൈ. അഞ്ചുമിണ്ടും എഴുതിവക്കയും ചെയ്തു. ആയ
ഫവ്വ. തിൽ പറുങ്കി ഇട്ടിരുന്ന കൊച്ചീക്കോട്ടയും കൊടുങ്ങല്ലൂർ കോട്ടയും
ഫൻ. പള്ളിപ്പുറത്തും പാമ്പായിലുമുള്ള കോട്ടകളും പറുങ്കിഞ

(രണ്ടാം പ്ലെയിററ് ഒന്നാം വശം.)

വ൦. നടവിച്ചിരുന്ന പാതിരി തുരുത്തും പൊട്ടതുരുത്തും വെണ്ടുതുരുത്തും
വഫ. ഉൽപത്തികളും പറുങ്കിയുടെ വേലക്കാരായിട്ടുള്ള അടിമക
വവ. ളും ബഹുമാനപ്പെട്ട കുമ്പഞ്ഞിക്ക ആയിരിക്കത്തക്കവണ്ണം എഴുതി വ
വന്ന. ച്ചിരിക്കുന്നതും കൊച്ചീക്കോട്ടക്ക പുറത്തു വെട്ടി വെളുപ്പിച്ച പറമ്പു നി
വർ. ലത്തിന്റെ അതിത്തി തന്നിപാകത്തിന്ന വടക്ക്
വ൭. ഇതിന്ന........കോയിലകത്തിന്നും ഇതിന്ന വടക്ക നടുതല പറമ്പിന്റെ
വന്ത. പടിഞ്ഞാറെ അതിത്തിക്കും ഇതിന്നും വടക്ക് ഭഗവതി ഇരി
വൈ. ക്കുന്നതിന്നും പടിഞ്ഞാറ ഇതിന്നും വടക്ക കിഴക്ക തിരുമങ്ങ
വവ്വ. ലത്തു പറമ്പിന്നും ചക്കാലക്കപ്പറമ്പിന്നും വടക്ക ഇ
വൻ. രുവേലിക്കും കൽവത്തിക്കും പടിഞ്ഞാറ ഇതി

### രണ്ടാം പ്ലെയിററു രണ്ടാംവശം.

൩൦. ന്നകത്തു ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെ അനുവാദം
൩൧. കൂടാതെ ഒരുത്തരും ഒരു തയ്യും മാവുകളും ന
൩൨. ട്ടുണ്ടാക്കയുമരുത കുമ്പഞ്ഞി ആളുകളും നമ്മുടെ ആ
൩൩. ളുകളും തമ്മിൽ ഒരു കയ്യേററം ചെയ്താൽ അങ്ങുമിങ്ങുമു
൩൪. ള്ളവരെ അങ്ങുമിങ്ങും ബോധിപ്പിച്ച് അവരവരുടെ ആളുകളെ
൩൫. അവരവർ ശിക്ഷിച്ചുകൊള്ളുകയുംവേണം. കുമ്പഞ്ഞിവേലക്കാ
൩൬. യിട്ടു ഒഴിഞ്ഞുകൊടുത്തിരിക്കുന്ന ഏഴുപുറം പരിഷയോടും കന്നട രാ
൩൭. ജ്യത്തുനിന്നു പറുങ്കി മാർഗ്ഗംകൂട്ടി കൊണ്ടുവന്ന ആളുകളോടും ഒരു പു
൩൮. രുഷാന്തരം ചോദിക്കയുമരുതു. ശരീരംപ്രതി ഒപ്പുചെയ്കയുമരുതു. നമ്മുടെ
൩൯. രാജ്യത്തുള്ള മുളകു പുറവഴിക്കു പോകാതെ തൂക്കിച്ചു കുമ്പഞ്ഞിക്കു

### മൂന്നാം പ്ലെയിററു ഒന്നാംവശം.

൪൦. കൊടുക്കണം....................

രണ്ടാം പ്ലേയിററിന്റെ രണ്ടാമത്തെ വശത്തു 36-ാം നമ്പറിൽ ഇടത്തുവശത്തു് നിന്നു എണ്ണിയാൽ 17-ാമതായി വരുന്നേടത്താണ ടി. വാക്ക് ആരംഭിക്കുന്നതു്. ഈ 17-ാമത്തെ അക്ഷരം 'എ' ആണ്. അതിനെപ്പററി സംശയമില്ല. അതു ദീർഘമായും ഹ്രസ്വമായും വായിക്കാം. 'എ' കഴിഞ്ഞിട്ടുള്ളതു 'ഴ' ആകുന്നു. അതിനെപ്പററിയും തർക്കമില്ല. അനന്തരം വരുന്ന — മേല്പടി വാക്കിൽ മൂന്നാമതായി വരുന്ന—അക്ഷരം 'പു' 'നു' 'യു' 'വു' എന്നിങ്ങനെ നാലു വിധത്തിൽ വായിക്കാമെന്നാണ കാണുന്നതു്. മി: ഗോപിനാഥറാവുവും ഇതു പറഞ്ഞിട്ടുണ്ടു്. ഇവിടെ അതു് എന്തക്ഷരമായി എടുക്കണം? എന്നതാണ് തീർച്ചപ്പെടേണ്ടതു്. 'വു' 'യു' എന്നിങ്ങിനെ വിചാരിക്കാൻ തരമില്ല 'എഴുന്നൂറ്' എന്നതിലെ 'ന്നൂ' ആയിക്കരുതുന്നതിലും യുക്തിഭംഗമുണ്ടു്. കാരണം 'ന്നൂ' ദ്വിത്വമാണല്ലൊ. ടി പ്ലേയിററിൽ ദ്വിത്വം വേണ്ടിടത്തെല്ലാം രണ്ടക്ഷരങ്ങളാണ് എഴുതിയിരിക്കുന്നതു്. ടി. നമ്പറിൽത്തന്നെ നമ്മൾ ഇപ്പോൾ പരിശോധിക്കുന്ന വാക്കിനോടു് തൊട്ടുതന്നെയുള്ള 'ഒഴിഞ്ഞുകൊടുത്തിരിക്കുന്ന' എന്നതിലെ 'ന്ന' 37-ാം നമ്പറിൽ 'മാർഗ്ഗം കൂട്ടിക്കൊണ്ടു വന്ന' എന്നതിലെ 'ന്ന' മുതലായവ നോക്കുക. ഇതുപോലെ വേറെയും പലതുണ്ടു്. നമ്മൾ പറയുന്നിടത്തു 'ന്നൂ' ആയിരുന്നെങ്കിൽ അവിടെയും ദ്വിത്വം, രണ്ടക്ഷരങ്ങൾകൊണ്ടു എഴുതുമായിരുന്നു. അങ്ങനെ ചെയ്തിട്ടില്ല. അതിനാൽ 'പു' എന്നു വിചാരിക്കാനേ നിവൃത്തിയുള്ളു. 4-ാമത്തേതു 'റ' ആകുന്നു എന്നതിൽ സംശയമില്ല. അതുകഴിഞ്ഞു വരുന്നതു — അ ഞ്ചാ മ താ യി ക്കാ ണു ന്ന എഴുത്തു — സംശയം ജനിപ്പിക്കാൻ ഇടയുണ്ടു്. കാരണം, പ്രഥമ വീക്ഷണത്തിൽ അതു വട്ടെഴുത്തിലെ 'റി' ആണെന്നു തോന്നിപ്പോകും. അങ്ങിനെ അതു 'റി' എന്നു

സങ്കല്പിച്ചാൽ അതിനു മുമ്പു കിടക്കുന്ന 'റ' യും, ഇതും കൂടെ ചേരുമ്പോൾ 'ററി' എന്നു ശബ്ദിക്കാം. എന്നാൽ അതു 'റി' അല്ല. 'റി' ക്കു വേണ്ട ഇകാരചിഹ്നം തുടങ്ങുന്നതു 'റ' അവസാനിക്കുന്നതിന്നു അല്പം മുകളിലായിട്ടാണ്. (പാലിയം പ്ലെയിററിനെപ്പററിയുള്ള വിവരണം (Travancore Archaeological Series 4-ാംനമ്പർ രണ്ടാംപേജ്, അക്ഷരമാലയിലെ 'റി' നോക്കുക) 'ഏഴുപുറം' എന്നാകുമ്പോൾ അവിടെ വരേണ്ടതു അനുസ്വാരം ആകുന്നു. വട്ടെഴുത്തിൽ അനുസ്വാരത്തിനു പകരം "മ" എഴുതുകയാണു പതിവു. "മ" തന്നെയാണു അവിടെയുള്ളതു്. അക്ഷരമാലയിലെ "മ" നോക്കുക. "ഏഴുപുറം പരിഷയോടും" എന്നതിലെ 'ട' 37-ാം നമ്പറിൽ 'പറങ്കി മാർഗ്ഗം കൂട്ടിക്കൊണ്ടുവന്ന ആളുകളോടും' എന്നതിലെ 'ട' 1-ാം പ്ലെയിററു 9-ാം നമ്പറിൽ അനേകം, കൂട്ടം, എന്നതിലെ 'ക' 'ട്ട' മുതലായവ കഴിഞ്ഞിട്ടു അനുസ്വാരം വേണ്ടതാണ്. നമ്മൾ പരിശോധിക്കുന്ന സ്ഥലത്തെ 'റ' കഴിഞ്ഞിട്ടു കിടക്കുന്ന അക്ഷരത്തോടു ഒക്കുന്നില്ലേ ടി സ്ഥലങ്ങളിലുള്ളവ എന്നു നോക്കുക. എഴുതുമ്പോൾ അല്പസ്വല്പ വ്യത്യാസങ്ങൾ എവിടെയും വരാം. ഈ വ്യത്യാസം പ്ലെയിററിൻെറ മററു സ്ഥലങ്ങളിൽ എഴുതിയിട്ടുള്ള 'മ'യിൽ ചിലതുകളിലും വന്നിട്ടുള്ളതായി കാണുന്നുണ്ടു. ഇവിടെപ്പറയുന്ന വാക്കിലെ മൂന്നാമത്തെ അക്ഷരം 'ന്തു' അല്ലാത്ത സ്ഥിതിക്കു ഈ ഒട്ടവിലത്തേതു് "മ" അനുസ്വാരത്തിന്നു പകരം അന്നു എഴുതിവന്നിരുന്ന അക്ഷരം തന്നെയാണ്. ആ സ്ഥിതിക്കു് "ഏഴുപുറം പരിഷ" എന്നു മിസ്റ്റർ റാവു പറഞ്ഞിരിക്കുന്നതു തെററല്ല എന്നു സിദ്ധം. 'എഴുന്തുററിപ്പരിഷ' എന്ന വിചാരത്തോടെ ആ വാക്കു നോക്കിയാൽ ടി. "മ" 'റി' യായും 'പു' കിടക്കുന്നിടത്തു "ന്തു" ആകണമെങ്കിൽ ചിത്രം വേണ്ടതാണെന്നു ഓർക്കാതെ അതു 'ന്തു' ആ

യും സങ്കല്പിച്ചു 'എഴുന്തൂററി പരിഷ' എന്നു വായിച്ചു പോകും. അങ്ങനെയായിരിക്കാം അബദ്ധം പററിയിട്ടുള്ളതു്.

ഇനി മററു ചില സംഗതികൾകൂടെ ആലോചിക്കാം. അന്നു ഡച്ചുകാർക്കു ഒഴിഞ്ഞു കൊടുത്തതു പറങ്കിയുടെ വേലക്കാരായിരുന്ന അടിമകളെയാണല്ലോ. (നമ്പർ 21, 22 നോക്കുക) ഇവരെ എഴുന്തൂററിപ്പരിഷ എന്നു പറയാൻ ന്യായമെന്തു്? അങ്ങിനെ പറഞ്ഞാൽ വല്ല അൎത്ഥവുമുണ്ടാകുമോ? ഇല്ല. ഏഴുപുറംപരിഷ എന്നതു അവരുടെ ജോലിയെ ദ്യോതിപ്പിക്കുന്ന വാക്കാണു്. അവർ പറങ്കിയുടെ വേലക്കാരായിരുന്നല്ലോ. പറങ്കികളുടെ ഭവനങ്ങളിൽ—ഭവനങ്ങളുടെ വിവിധ പുറങ്ങളിൽ—ഈ പരിഷകൾ ചെയ്തിരുന്ന വേലകൾ എല്ലാവർക്കും അറിയപ്പെട്ടതായിരുന്നു. അങ്ങനെയുള്ള വേലകൾ പറങ്കിക്കു ചെയ്തിരുന്നവർ മേലിൽ 'കുമ്പഞ്ഞി'ക്കായിരിക്കത്തക്ക വിധമാണു് അന്നു നിശ്ചയിച്ചതു്. ഈ പറഞ്ഞ തരത്തിലുള്ള വേലകൾതന്നെ ഡച്ചുകാരുടെ ഭവനങ്ങളിലും ഇവർ ചെയ്തിരുന്നു. ഡച്ചുകാരുടെ ഭരണകാലത്തു് കൊച്ചിയിൽ വന്നിട്ടുള്ള ദേശസഞ്ചാരികളിൽ ചിലർ ഇതു രേഖപ്പെടുത്തിയിട്ടുള്ളതായി കൊച്ചീരാജ്യ ചരിത്രകാരൻ പറയുന്നുണ്ടു്. (ടി. ചരിത്രം 2. 15. 581, 582.) ചിലർ ഇവരെപ്പററി "കാപ്പിരികൾ" എന്നും പറഞ്ഞിട്ടുണ്ടു്. കറുത്ത മനുഷ്യരെ കാപ്പിരികൾ എന്നു യൂറോപ്യന്മാർ പറയാറുണ്ടു. ഡച്ചുകാരുടെ വിയോഗാവസരത്തിൽ ഇവരെയും കൊണ്ടുപോകുന്നതിനായി അവർ ശ്രമിച്ചിട്ടു ബ്രിട്ടീഷ്കാർ സമ്മതിച്ചില്ല.

ഇങ്ങനെ പ്ലെയിററിലെ അക്ഷരങ്ങൾ പരിശോധിച്ചാൽ 'ഏഴുപുറം പരിഷ' എന്നു കാണുന്നു. കാൎയ്യസ്ഥിതി നോക്കിയാൽ അതു ശരിയാണെന്നും വരുന്നു.

വട്ടെഴുത്തു വായിക്കുവാൻ എല്ലാവർക്കും സാധിക്കയില്ലെങ്കിലും ഞങ്ങൾ മുകളിൽ കാണിച്ചിട്ടുള്ളവ പരിശോധിക്കാൻ സാധിക്കാത്തവർ അധികമുണ്ടാകയില്ലല്ലൊ. പരിശോധിച്ചു നോക്കുക. ഇന്നു 'എഴുന്നൂററിക്കാർ' എന്നു വിളിക്കപ്പെട്ടുന്നവർക്കു് ഈ നാമം എന്തു്? എങ്ങിനെ? വന്നുവശായി എന്നുള്ളതു ഞങ്ങൾ മുകളിൽ കാണിച്ചിട്ടുണ്ടു്. (209, 210. പുറങ്ങൾ നോക്കുക.) ഡച്ചുകമ്പനിക്കു് അന്നു ഒഴിഞ്ഞുകൊട്ടക്കപ്പെട്ടവർ ഏതു ഭാഗത്തു വസിച്ചിരുന്നു എന്നു പ്ലേയിററിലെ വാചകങ്ങൾകൊണ്ടു മനസ്സിലാക്കാം. (നമ്പർ 23 മുതൽ 35 വരെ നോക്കുക) ഇന്നു "എഴുന്നൂററിക്കാരെ"ന്ന പേരിൽ അറിയപ്പെട്ടുന്നവർ അന്നു പലേ പള്ളികളിലായി മററു ഭാഗങ്ങളിൽ വസിച്ചിരുന്നു എന്നു ഒന്നാം അനുബന്ധത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. ആ പള്ളികളിൽ ചിലതുകളുടെ പേരും സ്ഥലവും താഴെ കുറിക്കുന്നു.

കൊച്ചിയിൽ: വി. തോമാശ്ലീഹായുടെ.
മട്ടാഞ്ചേരി: പരിശുദ്ധ ദൈവജനനിയുടെ.
കൊച്ചീക്കു തെക്കു: ,, ദൈവജനനിയുടെ.
,, വി. യാക്കോശ്ലീഹായുടെ.
,, വി. അന്ത്രയാസ്ശ്ലീഹായുടെ.

തെക്കുകിഴക്കു,:
എടക്കൊച്ചി: ജ്യോതിഷവിദ്വാന്മാരുടെ. പിന്നീട്ടു് വി. ലോറൻസ്:
വെണ്ടുരുത്തി: പ. ദൈവജനനിയുടെ.

വടക്കു.
വല്ലാർപാടം: പരി: ദൈവജനനിയുടെ.
ഓച്ചംതുരുത്തു്: വി. കുരിശിൻെറ.
പള്ളിപ്പുറം: പരി: ദൈവജനനിയുടെ.
തുരുത്തിപ്പുറം: വി. ഫ്റാൻസിസ് അസ്സീസിയുടെ.

• ഡച്ചുകാർ നശിപ്പിച്ച പള്ളികളുടെ വിവരം ഒന്നാം

അനുബന്ധത്തിലും മററും പറഞ്ഞിട്ടുണ്ട്.

ഈ പള്ളികൾ സ്ഥിതിചെയ്തിരുന്ന ഭാഗങ്ങളിൽ വസിക്കുന്നവൎക്ക് 1663-നു മുമ്പൊ, അതിനുശേഷമുള്ള ഒന്നര ശതവൎഷത്തിനുള്ളിലൊ 'എഴുന്നൂററിക്കാർ' എന്ന നാമം ഒരിടത്തും പറയുന്നില്ല. പൊൎത്തുഗീസുകാർ കൊച്ചി വിട്ടുപോയ അവസരത്തിൽ ഡച്ചുകാരുമായി ചെയ്ത നിശ്ചയം; ഡച്ചുകാർ കൊച്ചിരാജാവുമായിച്ചെയ്ത ഉടമ്പടി; ഡച്ചുകാർ കൊച്ചി വിട്ടുപോയപ്പോൾ ബ്രിട്ടീഷുകാരുമായിച്ചെയ്ത ഉടമ്പടി മുതലായവ നോക്കുക. 18-ാം നൂററാണ്ടിൽ, ശക്തൻതമ്പുരാൻെറ ഭരണകാലത്തു പ്രത്യേകിച്ചും, ഇവരുടെ കാൎയ്യത്തിൽ വലിയ തൎക്കങ്ങളും, പരിശോധനകളും ഒക്കെ നടന്നിട്ടുണ്ട്. കൊച്ചിരാജ്യചരിത്രത്തിൽ ഇതിൻെറ പല ലക്ഷ്യങ്ങളും കാണാം. (ടി. ചരിത്രം, 2. 14. 540, 541. അദ്ധ്യായം 13. 476, 477. എന്നീ പുറങ്ങൾ നോക്കുക.) അന്നത്തെ രേഖകളിൽ ഒന്നിലും "എഴുന്നൂററിക്കാർ" എന്ന നാമമില്ല. 1663-ൽ എഴുന്നൂററിപ്പരിഷ എന്ന പേരിൽ ഒരു ജനവിഭാഗം അറിയപ്പെട്ടിരുന്നെങ്കിൽ മുകളിൽ പറഞ്ഞ അവസരത്തിൽ അതു പൊയ്പ്പോകാൻ ഇടയുണ്ടോ? പ്ലെയിററിലുള്ളതു് എഴുന്നൂററിപ്പരിഷ എന്നായിരുന്നെങ്കിൽ മുകളിൽ പറഞ്ഞ അവസരത്തിലെ തൎക്കം തീൎപ്പാൻ മററു മാൎഗ്ഗങ്ങൾ തേടേണ്ടതുണ്ടായിരുന്നൊ? എഴുന്നൂററിക്കാർ എന്ന നാമം 1832-നു അടുത്തു് വന്നുവശായ ഒരു സാങ്കേതികനാമമാണെന്ന് ഞങ്ങൾ പറഞ്ഞിട്ടുള്ളതു് ചരിത്രങ്ങൾ പരിശോധിക്കാതെയൊ കാൎയ്യസ്ഥിതി മനസ്സിലാക്കാതെയൊ അല്ല.

ഇങ്ങിനെ ഒക്കെ ആയിരിക്കയിൽ 1663-ൽ ഡച്ചുകമ്പനിയുടെ വേലയ്ക്കായി ഒഴിഞ്ഞുകൊടുത്തവരുടെ സന്തതിപരമ്പരകളാണ് ഇന്നത്തെ എഴുന്നൂററിക്കാർ എന്ന് പൊതുജനത്തെ ധരിപ്പിക്കാൻ ഇത്ര ബദ്ധപ്പെടേ

ണ്ടതില്ലായിരുന്നു. ഞങ്ങൾ അറിയിച്ചതു് സമ്മതിക്കാൻ ഇഷ്ടമുണ്ടായില്ലെങ്കിൽ കാര്യം മുമ്പും പിമ്പും ഒന്നു പരിശോധിക്കയും ഏതു ജനത്തെപ്പററി പറവാൻപോകുന്നുവോ, ആ ജനവിഭാഗത്തിൽ ഉത്തരവാദിത്വമുള്ളവരുടെ ഇടയിൽ ഒന്നന്വേഷണം നടത്തുകയും ചെയ്യാമായിരുന്നു. അതല്ലേ ചരിത്രകാരന്മാരുടെ ധർമ്മം?

"കേരളക്രൈസ്തവരുടെ ചരിത്രം അനാസ്ഥയിൽ കിടന്നിരുന്നു. ബ്രിട്ടീഷ് അധികാരം പ്രബലപ്പെട്ടശേഷം ചരിത്രകാര്യത്തിൽ ഉണർവ്വും ശ്രദ്ധയുമൊക്കെ ഉണ്ടായെങ്കിലും കത്തോലിക്കരെ സംബന്ധിക്കുന്നവയിൽ, ലത്തീൻകത്തോലിക്കരെ സംബന്ധിക്കുന്നവയിൽ പ്രത്യേകിച്ചും, മുൻവിധിയോടും പക്ഷപാതമനസ്ഥിതിയോടും കൂടെ ഏർപ്പെട്ടിട്ടുള്ളതായിട്ടാണു് കാണുന്നതു്. ഇവിടെ പ്രതിപാദിക്കപ്പെടുന്ന 'എഴുന്തുററിക്കാർ' എന്ന വിഭാഗത്തെ സംബന്ധിക്കുന്ന ചരിത്രത്തിൽ മുകളിൽ പറഞ്ഞ വൈകല്യത്തിന്നും പുറമെ അവരുടെ സ്ഥിതി ചരിത്രകാരന്മാരേയും ഇതരന്മാരേയും തെററിദ്ധരിപ്പിക്കുവാനുള്ള ശ്രമംകൂടെയും പിൽക്കാലങ്ങളിൽ നടന്നിട്ടുണ്ടു് എന്നിവയെല്ലാം കേരളകത്തോലിക്കരുടെ ചരിത്രകാര്യങ്ങളിൽ ഏർപ്പെടുന്നവർ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ടു്. "Historia est testis temporum, lux veritatis, vitae memoria, magistra vitaea nuntia vetustatis" ചരിത്രം കാലങ്ങളുടെ സാക്ഷിയും സത്യത്തിൻെറ വെളിച്ചവും ആയുസ്സിൻെറ സ്മരണയും ജീവിതത്തിൻെറ ഉപാദ്ധ്യായിനിയും പൂർവ്വകാര്യങ്ങളുടെ നിവേദകയുമാകുന്നു എന്നാണല്ലോ വിശ്രുത റോമൻ പണ്ഡിതനായ സിസ്സെറൊ പറയുന്നതു്. പൂർവ്വകാര്യങ്ങളുടെ സ്മരണ പരമ്പരയാ നിലനിന്നുപോരും. അതിനെ ആസ്പദമാക്കി നിഷ്പക്ഷബുദ്ധ്യാ അന്വേഷണം നടത്തുന്നവർക്കു് സത്യം പ്രത്യക്ഷപ്പെടാതിരിക്കയില്ല. സത്യത്തിൻെറ വെളിച്ച

ത്തിൽ അയഥാൎത്ഥ അനുമാനങ്ങളും അഭ്യൂഹങ്ങളും നിലനില്ക്കാനും തരമില്ല.

## ശുദ്ധിപത്രം.

| പെയിജ്. | വരി. | അബദ്ധം | സുബദ്ധം. |
|---|---|---|---|
| 90 | | 09 | 90 |
| ,, | 9 | പ്രകൃതവിഷയി | പ്രകൃതവിഷയ |
| 127 | 1 | യത്ു്. | യത്ു് |
| 145 | 25 | fduo | du |
| ,, | 27 | amiliae | familia |
| ,, | 29 | Matilacma | Matilacam |
| ,, | 30 | circaca | circa |
| 149 | 28-29 | സെവവരാക്രൂസ് | സെവരാക്രൂസ് |
| 151 | 1 | പറയപ്പെട്ടിരു | പറയപ്പെട്ടിരുന്ന |
| 161 | 12 | അന്നുണ്ടായിരുവെന്നു | അന്നുണ്ടായിരുന്നുവെന്നു് |
| 162 | 4 | ഇവൎക്കുണ്ടായിരുന്നു | ഇവൎക്കുണ്ടായിരുന്ന |
| 163 | 8 | ഇവരെല്ലാവടേയും | ഇവരെല്ലാവരുടേയും |
| ,, | 24 | കൊച്ചീനാട്ടുകാരൻ. | കൊച്ചീനാട്ടുകാരൻ |
| 175 | 11-12 | കണ്ടമനം | കണ്ടമാനം. |
| 181 | 29 | 922 | 973 |
| 188 | 7 | അവൎക്കു | അവർ |
| 215 | 23 | (177) | (174) |
| 218 | 13 | അധിഷേധ്യമാണു് | അനിഷേധ്യമാണു്. |
| 328 | 9 | ജനുവരിയിൽ | ഫെബ്രുവരിയിൽ |



ഒ തെനേന്തെ സ്ഥാനികളിൽ ഒരുവനായിരുന്ന പാറമ്മേൽ മാണി എന്നയാളിനു ലഭിച്ച അധികാരപത്രം.

# KOTTAYAM PUBLIC LIBRARY

KOTTAYAM.

Cl. No. 270 Leo K. ......... Acc. No. 195572

This book should be returned on or before the date last stamped below.

| | |
|---|---|
| 11 OCT 1986 | 19 DEC 1999 |
| 18 MAY 1987 | 6 JUL 2000 |
| 3 JUL 1987 | 27 DEC 2000 |
| 1 SEP 1987 | 21 MAR 2001 |
| 31 MAR 1988 | 20 DEC 2001 |
| 11 APR 1989 | 5 SEP 2003 |
| 21 JAN 1991 | 10 JUL 2004 |
| 31 DEC [illegible] | 14 JUL 2006 |
| 5 MAR 1994 | 12 MAR 2013 |
| 31 MAR [illegible] | 16 JAN [illegible] |
| 13 JUL 1991 | |
| 21 AUG 1999 | |
| 13 OCT 1999 | |

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

270. 19572.

Leo. K.

ലിയോപോൾഡ്

കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ

KOTTAYAM PUBLIC LIBRARY

Call No.............. Acc. No.........

Author..............................

Title...............................